# കണ്ടെത്തുക



# നമുക്ക് ദൈവത്തിൽ വിശ്വസിക്കാം

**ദൈ**വം ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട് എന്നുള്ള ചിന്ത എപ്പോഴെങ്കിലും തന്നെ ഭരിച്ചിട്ടുണ്ടോ എന്നു ജിം ഒരിക്കൽ ഒരു നിരീശ്വരവാദിയോടു ചോദിച്ചു.

''തീർച്ചയായും'' എന്ന് ആ നിരീശ്വരവാദി മറുപടി പറഞ്ഞു. "വർഷങ്ങൾക്കുമുമ്പ് ഞങ്ങളുടെ ആദ്യ കുഞ്ഞു പിറന്നപ്പോൾ ഞാൻ ഏകദേശം ഒരു ദൈവവിശ്വാസിയായിമാറി.ഏറ്റവും ചെറുതും എന്നാൽ പൂർണ്ണ രൂപത്തിലുമായിരുന്ന ആ മനുഷ്യരൂപത്തെ കാണുകയും അതിന്റെ ചെറിയ വിരലുകൾ ശ്രദ്ധിക്കുകയും ആ ചെറു കണ്ണുകളിൽ തിരിച്ചറിവിന്റെ ചലനങ്ങൾ ദർശിക്കുകയും ചെയ്തപ്പോൾ ഒരു നിരീശ്വരവാദി ആയിരിക്കുന്നതിനു അനേക മാസങ്ങളോളം എനിക്കു സാധിച്ചില്ല. ആ കുഞ്ഞിനെ കാണുമ്പോഴൊക്കെ തീർച്ചയായും ഒരു ദൈവം ഉണ്ട് എന്ന് എന്റെ മനസ്സ് എന്നെ ബോദ്ധ്യമാക്കിക്കൊണ്ടിരുന്നു."

## *1. സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനെല്ലാം ഒരു സൃഷ്ടിതാവുണ്ട്.*

മനുഷ്യ ശരീരത്തിന്റെ സൃഷ്ടിതന്നെ അതിനൊരു സൃഷ്ടികർത്താവുണ്ടെന്നു വ്യക്തമാക്കുന്നു.ആയിരക്കണക്കായ മാനസിക പ്രതിബിംബങ്ങൾ സൂക്ഷിക്കുന്നതിനും ഓർമ്മിക്കുന്നതിനും സൗന്ദര്യത്തെ അഭിനന്ദിക്കുന്നതിനും തന്നെത്താൻ മനസ്സിലാക്കുന്നതിനും ഓരോ വ്യക്തിയിലെയും ഏറ്റവും നല്ലതിനെ വളർത്തിയെടുക്കുന്നതിനും തലച്ചോറിനു സാധിക്കുന്നു എന്നും ശാസ്ത്രജ്ഞന്മാർ പറയുന്നു. മസ്തിഷ്ക്കത്തിൽനിന്ന് ഉത്ഭവിക്കുന്ന വൈദ്യുത തരംഗങ്ങൾ ശരീരത്തിലെ പേശികളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.

വൈദ്യുതതരംഗങ്ങൾ കൊണ്ടുതന്നെയാണ് കമ്പ്യൂട്ടറുകളും പ്രവർത്തിക്കുന്നത്. എന്നാൽ ഒരു കമ്പ്യൂട്ടർ കണ്ടുപിടിക്കുന്നതിനും അതിനെ നിർമ്മിച്ച് അത് എന്താണ് ചെയ്യേണ്ടതെന്ന് അതിനോടു പറയുന്നതിനും ഒരു മനുഷ്യ മനസ്സ് ആവശ്യമാണ്.

അത്ഭുതവാനായ ഒരു സൃഷ്ടിതാവിനെ മനുഷ്യശരീരം ഘോഷിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

***"ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു; നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു; അത് എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു" സങ്കീർത്തനങ്ങൾ 139:14.***

ദൈവത്തിന്റെ പ്രവൃത്തികൾ കാണേണ്ടതിനു നാം വിദൂരതയിലേക്കു പോകേണ്ടതില്ല. സങ്കീർണ്ണത നിറഞ്ഞ മനുഷ്യമസ്തിഷ്ക്കവും മറ്റു ശരീരഭാഗങ്ങളും വിദഗ്ധനും നിത്യനുമായ ഒരു ശ്രേഷ്ഠ ശില്പിയെ നമുക്ക് ചൂണ്ടിക്കാണിക്കുന്നു.

മനുഷ്യ നിർമ്മിതമായ ഏതൊരു പമ്പിനേയും മനുഷ്യ ഹൃദയവുമായി തുലനം ചെയ്യാനാവില്ല. കമ്പ്യൂട്ടർ ശൃംഖല ഒന്നുംതന്നെ നമ്മുടെ നാഡീവ്യൂഹത്തോടു തുല്യമാകയില്ല.മനുഷ്യശബ്ദം, കണ്ണ്, ചെവി എന്നിവയോടു ഒരു ടെലിവിഷനും കിടപിടിക്കുകയില്ല. നമ്മുടെ മൂക്ക്, ശ്വാസകോശം, ത്വക്ക് എന്നിവയുടെ പ്രവർത്തനത്തോടു ഒരു എയർകണ്ടീഷനറോ താപനിയന്ത്രണയന്ത്രമോ കിടനിൽക്കുകയില്ല. ഏതോ ഒരു ശില്പി പിന്നിലുണ്ടെന്നു മനുഷ്യ ശരീരത്തിന്റെ സങ്കീർണ്ണാവസ്ഥ വെളിപ്പെടുത്തുന്നു. ആ ശില്പിയാണ് ദൈവം.

പരസ്പരം ബന്ധപ്പെട്ടും ഭംഗിയായി രൂപകല്പന ചെയ്തുമിരിക്കുന്ന ഒരു സമ്പൂർണ്ണ വ്യൂഹമാണ് മനുഷ്യ ശരീരം. ശ്വാസകോശങ്ങൾ, ഹൃദയം, ഞരമ്പുകൾ മാംസപേശികൾ എന്നിവ അവിശ്വസനീയമാംവിധം സങ്കീർണ്ണമായ പ്രവൃത്തി ചെയ്യുകയാണ്. ഇവയെല്ലാം അപ്രകാരം തന്നെ അവിശ്വസനീയമാംവിധം സങ്കീർണ്ണത നിറഞ്ഞ മറ്റു പ്രവർത്തനങ്ങളിൽ ആശ്രയിച്ചുമിരിക്കുന്നു.

നിങ്ങൾ പത്തു നാണയത്തുട്ടുകളെടുത്തു അവയെ ഒന്നുമുതൽ പത്തുവരെയുള്ള അക്കങ്ങൾകൊണ്ട് ഒന്നൊന്നായി അടയാളപ്പെടുത്തി പോക്കറ്റിൽ നിക്ഷേപിച്ചശേഷം നന്നായി കുലുക്കിയിട്ട് വീണ്ടും തിരിച്ചെടുത്ത് ഒന്നൊന്നായി പിന്നെയും പോക്കറ്റിൽ ഇടുന്നു എന്ന് വിചാരിക്കുക. ആദ്യം ഇട്ട പ്രകാരം അക്കങ്ങളുടെ ക്രമമനുസരിച്ച് ഒന്നേ രണ്ടേ എന്ന ക്രമത്തിൽത്തന്നെ വീഴുമോ? ഗണിതശാസ്ത്രനിയമമനുസരിച്ച് ഒന്നുമുതൽ പത്തുവരെ ക്രമത്തിൽ വീണ്ടും വീഴുവാൻ പത്തുകോടിയിൽ ഒന്നു എന്ന വിധം മാത്രമേ അവസരം ഉണ്ടാകയുള്ളൂ.

എന്നാൽ ആമാശയം, മസ്തിഷ്ക്കം, ഹൃദയം, കരൾ, ധമനികൾ, സിരകൾ, വൃക്കകൾ, ചെവികൾ, കണ്ണുകൾ,പല്ലുകൾ തുടങ്ങിയവയെല്ലാം ഒന്നിച്ചു വളർച്ച പ്രാപിക്കുകയും ഒരേനിമിഷംതന്നെ ഒരുമിച്ചു പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുന്നു.

മനുഷ്യ ശരീരത്തിന്റെ നിർമ്മാണകലയിലെ ഏറ്റവും ന്യായയുക്തമായ വിശദീകരണം എന്താണ്?.

***"അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ***

***നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക...............ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു,ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു" ഉല്പത്തി 1:26,27.***

ആദ്യം സ്ത്രീയും പുരുഷനും യാദൃഛികമായി ഉണ്ടായതല്ല. ദൈവം തന്റെ സ്വരൂപത്തിൽ നമ്മെ നിർമ്മിച്ചു എന്നു ബൈബിൾ പ്രസ്താവിക്കുന്നു.അവൻ നമ്മെ രൂപകല്പന ചെയ്യുകയും വളർത്തിക്കൊണ്ടുവരികയും ചെയ്തു.

## 2. നിർമ്മിക്കപ്പെട്ടിരിക്കുന്ന സകലത്തിനും നിർമ്മാതാവുണ്ട്.

ദൈവം ഉണ്ടെന്നുള്ളതിന്റെ തെളിവ് നമ്മുടെ ശരീരത്തിന്റെ സൃഷ്ടിയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല.അത് ആകാശമെങ്ങും വ്യാപിച്ചിരിക്കുന്നു. പട്ടണത്തിന്റെ വെളിച്ചത്തിൽനിന്നും കണ്ണു മേലോട്ടുയർത്തി രാത്രിയിൽ ആകാശത്തിലേക്കു നോക്കുക. നക്ഷത്രങ്ങൾക്കപ്പുറമുള്ളതും ആകാശഗംഗയെന്നു നാം വിളിക്കുന്നതുമായ പാൽനിറമുള്ള മേഘപടലം നമ്മുടെ സൂര്യനെപ്പോലെ കത്തി ജ്വലിച്ചു നിൽക്കുന്ന ആയിരം കോടിയിലധികം സൂര്യന്മാരടങ്ങുന്ന വലിയൊരു നക്ഷത്രമണ്ഡലമാണ്. ഭൂമിയിൽ സ്ഥാപിച്ചിരിക്കുന്ന ഭീമാകാരങ്ങളായ ദൂരദർശിനികളിൽക്കൂടെയും ബാഹ്യകാശത്തു നിലയുറപ്പിച്ചിരിക്കുന്ന ഹബ്ബ്ൾ എന്ന ദൂരദർശിനിയിലൂടെയും നോക്കുമ്പോൾ കാണപ്പെടുന്ന നൂറായിരം കോടി നക്ഷത്രമണ്ഡലങ്ങളിൽ ഒന്നുമാത്രമാണ് നമ്മുടെ നക്ഷത്രമണ്ഡലമായ ആകാശഗംഗ.

നക്ഷത്രമണ്ഡലങ്ങൾ അതിന്റെ സൃഷ്ടികർത്താവായ മഹാദൈവത്തെപ്പറ്റി പറയുന്നു എന്ന് സങ്കീർത്തനക്കാരൻ പാടിയതിൽ അത്ഭുതമില്ല.

***"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു". സങ്കീർത്തനങ്ങൾ:19:1-3.***

പ്രപഞ്ചത്തിന്റെ സങ്കീർണ്ണതയേറിയ ശില്പചാതുരിയും അതിന്റെ അനന്തവിശാലതയും കാണുമ്പോൾ ന്യായമായി നാം ഏതു അനുമാനത്തിൽ എത്തിച്ചേരുന്നു?

***"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു". ഉല്പത്തി 1:1.***

***"അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ" അവൻ സകലത്തിനും ആധാരമായിരിക്കുന്നു". കൊലൊസ്സ്യർ 1:17.***

അതിശ്രേഷ്ഠ ശില്പിയും ആദിയും അന്തവും ഇല്ലാത്തവനുമായ ദൈവത്തെ സകല സൃഷ്ടിയും സാക്ഷീകരിക്കുന്നു. "ആദിയിൽ ദൈവം" എന്നുള്ള ലളിതമായ വാക്കുകളിൽ ജീവന്റെ മർമ്മം എന്താണെന്നതിന്റെ ഉത്തരം നാം കാണുന്നു. സകലവും സൃഷ്ടിച്ച ഒരു ദൈവം തീർച്ചയായും ഉണ്ട്.

മഹാന്മാരായ അനേകം ശാസ്ത്രജ്ഞന്മാർ ഇന്നു ദൈവവിശ്വാസികളാണ്. ഊർജ്ജതന്ത്രത്തിൽ നൊബേൽ സമ്മാനം നേടിയ ശാസ്ത്രജ്ഞനായ ഡോക്ടർ ആർതർ കോംപ്ടൺ ഈ തിരുവചന ഭാഗത്തെക്കുറിച്ച് ഒരിക്കൽ ഇങ്ങനെ പറഞ്ഞു:

"എന്നെ സംബന്ധിച്ചടത്തോളം സർവ്വജ്ഞാനിയായ ഒരുവൻ പ്രപഞ്ചസൃഷ്ടിക്കുപിന്നിലുണ്ടെന്നും അവനാണ് മനുഷ്യനെ സൃഷ്ടിച്ചതെന്നുമുള്ള വസ്തുത ഗ്രഹിക്കുന്നതിൽ ക്കൂടെയുമാണ് വിശ്വാസം ഉത്ഭവിക്കുന്നത്. ഈ വിശ്വാസം കാത്തുസൂക്ഷിക്കുന്നതിന് എനിക്കു പ്രയാസമില്ല. കാരണം എവിടെയെല്ലാം കൃത്യമായ രൂപരേഖയുണ്ടോ അവിടെയെല്ലാം ദിവ്യമായ ബുദ്ധിവൈഭവവും കാണപ്പെടുന്നു എന്നുള്ളതുതന്നെയാണ്. കൃത്യത നിറഞ്ഞതും അനന്തവിദൂരതയിൽ വ്യാപരിക്കുന്നതുമായ പ്രപഞ്ചം "ആദിയിൽ ദൈവം " എന്നുള്ള മഹത്വമേറിയ പ്രസ്താവനയുടെ സത്യാവസ്ഥയ്ക്കു സാക്ഷ്യം വഹിക്കുന്നു".

ദൈവം ഉണ്ടെന്നു തെളിയിക്കുവാൻ വേദപുസ്തകം തുനിയുന്നില്ല. പകരം ദൈവത്തിന്റെ അസ്ഥിത്വത്തെ അത് പ്രഖ്യാപിക്കുന്നു.ഡോക്ടർ ആർതർ കോങ്ക്ളിൻ എന്ന പ്രശസ്തനായ ജീവശാസ്ത്രജ്ഞൻ ഒരിക്കൽ ഇങ്ങനെ എഴുതി: "യാദൃഛികമായി ജീവൻ ഉത്ഭവിച്ചു എന്നുപറയുന്നത് ഒരു അച്ചടിശാലയിൽ പൊട്ടിത്തെറി ഉണ്ടായപ്പോൾ ബൃഹത്തായ ഒരു ശബ്ദതാരാവലി രൂപംകൊണ്ടു എന്നു പറയന്നതുപോലെ മാത്രമാണ്".

ഒന്നുമില്ലായ്മയിൽ നിന്നു എന്തെങ്കിലും നിർമ്മിച്ചെടുക്കുവാൻ ഒരു മനുഷ്യനും സാധിക്കുകയില്ല. നമ്മൾ പലതും പണിതുണ്ടാക്കുന്നു; കണ്ടുപിടിത്തങ്ങൾ നടത്തുന്നു; ഒന്നോടൊന്നു ചേർത്തുവെയ്ക്കുന്നു; എന്നാൽ ഇന്നെയോളം ഒരു തവളക്കുഞ്ഞിനേയോ നിസ്സാരമായൊരു പുഷ്പത്തേയോ നാം സൃഷ്ടിച്ചിട്ടില്ല. ദൈവം രൂപകല്പന ചെയ്തു എന്നും ദൈവം സൃഷ്ടിച്ചു എന്നും ദൈവം നിലനിർത്തുന്നു എന്നും നമുക്കുചുറ്റുമുള്ളവയെല്ലാം വിളിച്ചുപറയുന്നു. പ്രപഞ്ചോല്പത്തിയെയും ഈ ഭൂമിയെയും മനുഷ്യവംശത്തെയും സംബന്ധിച്ചുള്ള വിശ്വസനീയമായ ഉത്തരം ദൈവം മാത്രമാണ്.

## 3.ദൈവം മനുഷ്യരോടു വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നു.

നക്ഷത്രമണ്ഡലങ്ങളെയും പ്രപഞ്ചത്തെ ആകമാനവും സൃഷ്ടിച്ച ദൈവം നാമുമായി വ്യക്തിഗത ബന്ധം ആഗ്രഹിക്കുന്നു. അവനു മോശെയുമായി ഒരു വ്യക്തിബന്ധമുണ്ടായിരുന്നു. ''ഒരുത്തൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ യഹോവ മോശെയോട് അഭിമുഖമായി സംസാരിച്ചു"പുറപ്പാട് 33:11. നിങ്ങളുമായും ഒരു വ്യകതിബന്ധം സ്ഥാപിക്കുന്നതിനും നിങ്ങളുടെ സ്നേഹിതനാകുന്നതിനും ദൈവം ആഗ്രഹിക്കുന്നു.

തന്നെ അനുഗമിക്കുന്നവർക്ക് യേശു കൊടുക്കുന്ന വാഗ്ദത്തം ഇതാണ്. “നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നേ”. യോഹന്നാൻ 15:14

മനുഷ്യർ സ്വാഭാവികമായ ദൈവീക ചിന്തയുള്ളവരാകയാൽ നാം ദൈവം എന്ന ആശയവുമായി മല്ലിടുന്നു. യാതൊരു മൃഗവും ഒരു ആരാധനാസ്ഥലം ക്രമീകരിക്കുന്നില്ല. സ്ത്രീപുരുഷന്മാർ എവിടെയെല്ലാം ഉണ്ടോ,അവരെല്ലാവരും ആരാധിക്കുന്നതായി നാം കാണുന്നു. ആരാധിക്കുന്നതിനുള്ള ആഴമായ അഭിവാഞ്ഛയും ഒരു ദൈവീക പരിജ്ഞാനവും ദൈവത്തിന്റെ സ്നേഹിതനായിത്തീരുന്നതിനുള്ള ആഗ്രഹവും ഒരോ മനുഷ്യഹൃദയത്തിലും അലിഞ്ഞുചേർന്നിരിക്കുന്നു.നമ്മുടെ ഹൃദയവാഞ്ഛയോടു നാം യോഗ്യമായി പ്രതികരിക്കുകയും ദൈവത്തെ കണ്ടുമുട്ടുകയും ചെയ്യുമ്പോൾ നമ്മുടെ ആവശ്യത്തിലും ദൈവത്തിന്റെ അസ്ഥിത്വത്തിലും നാം ഒരിക്കലും സംശയിക്കുകയില്ല.

1990-കളിൽ ലക്ഷക്കണക്കായ നിരീശ്വരവാദികൾ റഷ്യയിൽ ദൈവപക്ഷത്തേക്കു തിരിഞ്ഞുവന്നു. സെയിന്റ് പീറ്റേഴ്സ് ബർഗിലെ ഒരു സർവ്വകലാശാലാ പ്രൊഫസ്സറുടെ പ്രസ്താവന പഴയ സോവിയറ്റു യൂണിയനിൽ നിരീശ്വരവാദികളായിരിക്കുകയും പിന്നെ മാനസാന്തരപ്പെടുകയും ചെയ്ത അനേകരുടെ വികാരത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു.

‘‘എന്റെ ശാസ്ത്രീയ ഗവേഷണത്തിൽ ജീവിതത്തിന്റെ അർത്ഥം എന്തെന്നു കണ്ടെത്തുന്നതിനു ഞാൻ ധാരാളം അന്വേഷണങ്ങൾ നടത്തി, പക്ഷെ വിശ്വസനീയമായ ഒരർത്ഥവും കണ്ടെത്തിയില്ല. എനിക്കു ചുറ്റുമുണ്ടായിരുന്ന എല്ലാ ശാസ്ത്രജ്ഞന്മാരിലും ഇപ്രകാരമുള്ള ശൂന്യതാബോധം തന്നെയായിരുന്നു. എന്റെ വാനശാസ്ത്രപഠനത്തിൽ പ്രപഞ്ചത്തിന്റെ അനന്തവിശാലതയെക്കുറിച്ചും എന്നിലെ ഒന്നുമില്ലായ്മയേക്കുറിച്ചും ഗ്രഹിച്ചപ്പോൾ അതിൽ എന്തോ അർത്ഥമുണ്ടെന്നും എനിക്കു ബോദ്ധ്യം വന്നു. ഒടുവിൽ നിങ്ങൾ തന്ന വേദപുസ്തകം വായിച്ചുതുടങ്ങിയപ്പോൾ എന്നിലെ ശൂന്യത നിറഞ്ഞുതുടങ്ങി. എന്റെ ദേഹിക്കു ആത്മവിശ്വാസം ലഭ്യമാക്കുന്ന എക ഉറവ ബൈബിളിൽ ഞാൻ കണ്ടു. യേശുവിനെ എന്റെ രക്ഷിതാവായി ഞാൻ സ്വീകരിച്ചപ്പോൾ എന്റെ ജീവിതത്തിൽ യഥാർത്ഥ സമാധാനവും സംതൃപ്തിയും കടന്നുവന്നു.”

ഒരുവൻ ദൈവത്തെ കണ്ടെത്തി അവനിൽ വിശ്വസിക്കുമ്പോൾ തന്റെ ഹൃദയാന്തർഭാഗത്തിലെ ആഗ്രഹങ്ങളെ ദൈവം തൃപ്തിപ്പെടുത്തുന്നതായി അവൻ കാണും. അവർ ആനന്ദത്തോടെ കണ്ടത്തുന്ന ദൈവം അവർക്കു ജീവിതത്തിൽ പുതിയൊരു കാഴ്ചപ്പാടും പുതിയ അർത്ഥവും പുതിയ ലക്ഷ്യങ്ങളും പുതിയ സന്തോഷവും പ്രദാനം ചെയ്യും.

പ്രതിസന്ധികളും പ്രയാസങ്ങളും ഇല്ലാത്ത ഒരു ജീവിതം ദൈവം വാഗ്ദത്തം ചെയ്യുന്നില്ല. എന്നാൽ നാം ദൈവവുമായി ഒരു വ്യക്തിബന്ധത്തിൽ എത്തിച്ചേരുകയാണെങ്കിൽ അവൻ നമ്മെ നിയന്ത്രിക്കുകയും നിലനിർത്തുകയും ചെയ്യും. ദൈവം ഇല്ലാത്ത ഒരു ജീവിതത്തിൽ ചെന്നെത്തുന്നതിനേക്കാൾ നല്ലത് സർവ്വവും ഉപേക്ഷിച്ചുകളയുന്നതാണെന്ന് ലക്ഷോപലക്ഷം ക്രിസ്ത്യാനികൾ സാക്ഷിക്കും.

ഇതാണ് ഏറ്റവും വലിയ അത്ഭുതം- സകല പ്രപഞ്ചങ്ങളും രൂപകല്പന ചെയ്തു സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവം ഓരോ സ്ത്രീയും പുരുഷനും ആൺകുട്ടിയും പെൺകുട്ടിയും തന്നോടൊത്തു ഒരു വ്യക്തിബന്ധം സ്ഥാപിക്കണമെന്നു ആഗ്രഹിക്കുന്നു.

ഇതിനെപ്പറ്റി ദാവീദ് അത്ഭുതപ്പെടുന്നതു ശ്രദ്ധിക്കുക:

***“നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിനു അവൻ എന്തു?” സങ്കീർത്തനങ്ങൾ 8:3,4***

നമ്മുടെ സ്രഷ്ടാവ് നമ്മെ ഓരോരുത്തരെക്കുറിച്ചും ശ്രദ്ധാലുവാണ്. അവൻ സൃഷ്ടിച്ച ഏക വ്യക്തി നിങ്ങൾ ഓരോരുത്തരും മാത്രം ആണെന്നവണ്ണം ദൈവം നിങ്ങളിൽ വ്യക്തിപരമായി തല്പരനാണ്.

(1) അവന്റെ സകല സൃഷ്ടിയിലും നമ്മിലും കാണപ്പെടുന്ന ശില്പചാതുരിയും സങ്കീർണ്ണതയും (2) നാം അവനിൽ വിശ്രമം കണ്ടെത്തുംവരെ നമ്മൾ വിശ്രമരഹിതരായി കഴിയേണ്ടിവരുന്നതിനു നമ്മിൽ നിലനില്ക്കുന്ന ഹൃദയവാഞ്ഛ (3)നാം ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുമ്പോൾ നമ്മുടെ ആവശ്യങ്ങളെയും അഭിവാഞ്ഛയെയും ദൈവം പൂർണ്ണമായി തൃപ്തിപ്പെടുത്തുന്നു എന്നിവ കാരണം നമുക്ക് ദൈവത്തിൽ വിശ്വസിക്കാം.

## 4. അവൻ ഏപ്രകാരമുള്ള ദൈവമാണ്?

മക്കൾ തന്നെ അറിയണമെന്നു ഒരു പിതാവ് ആഗ്രഹിക്കുന്നതുപോലെ വ്യക്തിത്വമുള്ള ഒരു ദൈവം മാത്രമേ തന്നെത്താൻ തന്റെ സൃഷ്ടികൾക്കു വെളിപ്പെടുത്തിക്കൊടുക്കുവാൻ ആഗ്രഹിക്കുകയുള്ളൂ.

ദൈവം ആരാണെന്നും എപ്രകാരമുള്ളവനാണെന്നും ബൈബിൾ പ്രസ്താവിക്കുന്നു. സ്ത്രീപുരുഷന്മാരെ സൃഷ്ടിക്കുന്നതിനു ദൈവം എന്തു മാതൃക ഉപയോഗിച്ചു?

***“ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു,ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു”. ഉല്പത്തി 1:27.***

നാം ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാകയാൽ ചിന്തിക്കുന്നതിനും പ്രതിഫലിപ്പിക്കുന്നതിനും ഓർമ്മിക്കുന്നതിനും പ്രത്യാശിക്കുന്നതിനും ധ്യാനിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും എല്ലാം ഉള്ള നമ്മുടെ കഴിവുകൾ

നമുക്കു സിദ്ധിച്ചിരിക്കുന്നത് ദൈവത്തിൽ നിന്നു തന്നെ യാണ്.

ദൈവത്തിന്റെ പരമപ്രധാന ഗുണവിശേഷം എന്താണ്? ***"ദൈവം സ്നേഹം തന്നെ" 1 യോഹന്നാനൻ 4:8.***

സ്നേഹസമ്പന്നമായ തന്റെ ഹൃദയത്തിൽനിന്നു ദൈവം മനുഷ്യരുമായി ബന്ധപ്പെടുന്നു. സ്വാർത്ഥരഹിതവും ത്യാഗനിർഭരവുമായ സ്നേഹത്താൽ നിറയപ്പെട്ടിട്ടല്ലാത ദൈവം ഒരിക്കലും ഒന്നുംതന്നെ ഇന്നേവരെ പ്രവർത്തിക്കുകയോ ഇനി പ്രവർത്തിക്കാതിരിക്കുകയോ ചെയ്യുന്നില്ല.

## *5.ദൈവം എപ്രകാരമുള്ളവനെന്ന് യേശു വെളിപ്പെടുത്തുന്നു?*

ദൈവം ഒരു പിതാവെന്നു വേദപുസ്തകം ആവർത്തിച്ചു പറയുന്നു.

***"നമുക്കെല്ലാവർക്കും ഒരു പിതാവല്ലോ ഉള്ളതു: ഒരു ദൈവം തന്നേയല്ലോ നമ്മെ സൃഷ്ടിച്ചതു" മലാഖി 2:10.***

ഇന്നു നാം കാണുന്ന ചില പിതാക്കന്മാരുടെ സ്വരൂപങ്ങൾ ആഗ്രഹിക്കാവുന്നതല്ല. ഉപേക്ഷിച്ചുപോകുന്ന പിതാക്കന്മാരുണ്ട്.പീഡിപ്പിക്കുന്ന പിതാക്കന്മാരുമുണ്ട്. തന്റെ മകനോടോ മകളോടോ ചേർന്നു കളികളിൽ ഏർപ്പെടുവാൻ ഇഷ്ടപ്പെടുന്ന ഒരു പിതാവിനെപ്പോലെയോ,കുട്ടികളെ കഥകൾ പറഞ്ഞു രസിപ്പിച്ചു ഉറക്കിക്കിടത്തുന്ന ഒരു പിതാവിനെപ്പോലെയോ ഉളളവനാണ് ദൈവം.

തിരുവെഴുത്തിലെ വാക്യങ്ങളിൽ തന്നെത്താൻ വെളിപ്പെടുത്തിയിരിക്കുന്നതിലും അധികമായി ചെയ്യുവാൻ നമ്മുടെ സ്നേഹനിധിയായ പിതാവ് ആഗ്രഹിച്ചു. നമുക്ക് കേട്ടുകേൾവി മാത്രമുള്ളതും പുസ്തകങ്ങളിൽ വായിച്ചറിഞ്ഞിരിക്കുന്നതുമായ ഒരു മനുഷ്യനെക്കാളും നമ്മോടുകൂടെ സഹവസിക്കുന്ന ഒരു മനുഷ്യൻ നമുക്കു അധികം യാഥാർത്ഥ്യമുള്ളവനായിരിക്കുമെന്ന് പിതാവിന് അറിയാമായിരുന്നു.അതുകൊണ്ട് ആ ദൈവം ഒരു യഥാർത്ഥ വ്യക്തിയായി - യേശു എന്ന വ്യക്തിയായി ഈ ലോകത്തിൽ വന്നു.

***"അവൻ (യേശു) അദൃശ്യനായ ദൈവത്തിന്റെ പ്രതിമ....ആകുന്നു."കൊലൊസ്സ്യർ 1:15.***

ആകയാൽ നിങ്ങൾ യേശുവിനെ കണ്ടിട്ടുണ്ടെങ്കിൽ ദൈവത്തെയും കണ്ടിട്ടുണ്ട്. നമ്മുടെ നിലയിലേക്കു അവൻ താണിറങ്ങിവന്നു.നമ്മെപ്പോലെ അവൻ ആയിത്തീർന്നു. എപ്രകാരം സന്തോഷപ്രദമായി ജീവിക്കാമെന്നും അവൻ കാണിച്ചുതന്നു. അങ്ങനെ ദൈവം എപ്രകാരമുള്ളവനെന്നു നാം മനസ്സിലാക്കുന്നു. ദൃശ്യരൂപത്തിൽ വന്ന ദൈവമാണ് യേശു. "എന്നെക്കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്നു യേശുതന്നെ പറഞ്ഞിരിക്കുന്നു (യോഹന്നാൻ 14:9)

പുതിയ നിയമത്തിലെ ആദ്യ പുസ്തകങ്ങളായ നാലു സുവിശേഷ പുസ്തകങ്ങളിൽനിന്നു യേശുവിന്റെ കഥ നാം വായിക്കുമ്പോൾ നമ്മുടെ സ്വർഗ്ഗീയ പിതാവിന്റെ അത്ഭുതകരമായ ചിത്രീകരണം നാം കാണുന്നു. മെരുങ്ങാത്ത സ്വഭാവമുള്ള മീൻ പിടിത്തക്കാർ വള്ളവും വലകളുമുപേക്ഷിച്ചു യേശുവിനെ പിൻചെന്നു. അവനിൽ നിന്നു അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനു കൊച്ചുകുട്ടികൾ ചുറ്റും തടിച്ചുകൂടി. പാപത്തിന്റെ ആഴത്തിൽ വീണുപോയ കൊടുംപാപിയെ ആശ്വസിപ്പിക്കുവാൻ അവനു കഴിഞ്ഞു.സ്വയം നീതീകരിച്ച കപടനാട്യക്കാരനെ അവൻ നിരായുധനാക്കി. കുരുടനെ മുതൽ കുഷ്ഠരോഗിയെ വരെ അവൻ സൗഖ്യമാക്കി. തന്റെ സകല പ്രവൃത്തികളിലും കൂടെ ദൈവം സ്നേഹമാകുന്നു എന്നു യേശു വെളിപ്പെടുത്തി! അവന്റെ കാലത്തിനുമുമ്പോ അതിനുശേഷമോ ആരുംതന്നെ ചെയ്യാത്തവിധം അവൻ മനുഷ്യരുടെ ആവശ്യങ്ങൾക്കു പരിഹാരം കണ്ടു.

ദൈവം എപ്രകാരമുള്ളവനാണെന്നുള്ള യേശുവിന്റെ അന്തിമവും അതിമഹത്വമേറിയതുമായ വെളിപ്പാട് ക്രൂശിൽ സംഭവിച്ചു.

***"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" യോഹന്നാൻ 3:16.***

യേശു മരിച്ചത് ഇപ്പോൾ നമുക്കു ഒരു സന്തോഷജീവിതം നല്കുന്നതിനുവേണ്ടി മാത്രമല്ല, നമുക്കു നിത്യജീവൻ തരുന്നതിനും കൂടെയാണ്. യുഗങ്ങളായി മനുഷ്യർ ദൈവത്തെക്കുറിച്ച് അത്ഭുതപ്പെട്ടും പ്രത്യാശിച്ചും ദർശനങ്ങൾ കണ്ടും കഴിഞ്ഞിരുന്നു. ആകാശവിതാനത്തിലും പ്രകൃതിഭംഗിയിലും അവർ ദൈവത്തിന്റെ കൈവേലയെ ദർശിച്ചു.യുഗങ്ങളായി നിലനിന്നിരുന്ന നിശ്ശബ്ദതയെ യേശു ക്രൂശിൽ ഭേദിച്ചു. ദൈവത്തിന്റെ തിരുമുഖത്തേയ്ക്കുറ്റു നോക്കിക്കൊണ്ട് അവൻ യഥാർത്ഥത്തിൽ നിത്യവും അനശ്വരവുമായ സ്നേഹത്തെ അവൻ ആയിരിക്കുന്ന അവസ്ഥയിൽ അവർ കണ്ടു.

യേശു ദൈവത്തെ വെളിപ്പെടുത്തുംവിധം നിങ്ങൾക്കും ദൈവത്തെ കണ്ടെത്താം. ആ കണ്ടെത്തൽ "സ്വർഗ്ഗീയ പിതാവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു!" എന്നുള്ള വ്യക്തിപരമായ സ്ഥിരീകരണത്തിലേക്കു നിങ്ങളെ വഴിനടത്തും.

# കണ്ടെത്തുക

ഉത്തരക്കടലാസ് 1

## നമുക്ക് ദൈവത്തിൽ വിശ്വസിക്കാം

1. *X എന്ന അടയാളം ശരിയായ ഓരോ പ്രസ്താവനയ്ക്കും ഇടുക. രണ്ടു പ്രസ്താവനകൾ ശരിയാണ്.*

_______ മനുഷ്യശരീരത്തിന്റെ രൂപകല്പന ഒരു സൃഷ്ടിതാവ് ഉണ്ടെന്നുള്ളതിന് തെളിവാണ്

_______ കോടാനുകോടി വർഷങ്ങളായുള്ള പരിണാമഫലമാണ് മനുഷ്യശരീരം.

_______ മനുഷ്യശരീരത്തിന്റെ രൂപകല്പന ഒരു വിദഗ്ധ ശില്പിയെ ചൂണ്ടിക്കാണിക്കുന്നു.

***ചുവടെ ചേർത്തിരിക്കുന്ന പ്രസ്താവനകൾ ശരിയായിട്ടുള്ളതാണെങ്കിൽ "ശരി"ക്കു ചുറ്റും വൃത്തമിടുക. തെറ്റാണെങ്കിൽ "തെറ്റ്" എന്നതിനുചുറ്റും വൃത്തമിടുക.***

2. ശരി തെറ്റ് ആകാശമണ്ഡലം ദൈവത്തിന്റെ കൈവേലയാണ്.

ശരി തെറ്റ് യാദൃച്ഛികമായ ഒരു സ്ഫോടനത്തിന്റെ ഫലമാണ് പ്രപഞ്ചം

ശരി തെറ്റ് പ്രപഞ്ചശില്പിയും സൃഷ്ടിതാവും ദൈവമാണ്.

ശരി തെറ്റ് മഹാന്മാരായ അനേകം ശാസ്ത്രജ്ഞന്മാർ ദൈവത്തിൽ വിശ്വസിക്കുന്നു.

3. ശരി തെറ്റ് ദൈവം നാമുമായി വ്യക്തിബന്ധം സ്ഥാപിക്കുന്നതിനു കടന്നുവരുന്നു.

4. ശരി തെറ്റ് ദൈവം മനുഷ്യരെ തന്റെ സ്വന്ത സാദൃശ്യത്തിൽ സ്രഷ്ടിച്ചു.

ശരി തെറ്റ് ദൈവത്തിൽ അടങ്ങിയിരിക്കുന്നു അതിശ്രേഷ്ഠ ഗുണവിശേഷം സ്നേഹം എന്നതാണ്.

5. ശരി തെറ്റ് ശ്രദ്ധാലുവും ചേതനയുള്ളവനുമായ പിതാവാണ് ദൈവം.

ശരി തെറ്റ് ഒരു വ്യക്തിയായി ദൈവം നമ്മുടെ ലോകത്തിൽ വന്നു.

ശരി തെറ്റ് യേശു ദൈവമല്ല, വെറും ഒരു മനുഷ്യനായിരുന്നു.

ശരി തെറ്റ് മനുഷ്യരൂപം പൂണ്ട ദൈവമായിരുന്നു യേശു.

ശരി തെറ്റ് നമുക്കു നിത്യജീവൻ നല്കുന്നതിനു യേശു മരിച്ചു.

**ചിന്താവിഷയം :** ***കണ്ടെത്തുക എന്ന ഈപഠനസഹായി ദൈവത്തെ മനസ്സിലാക്കി അവനിൽ വിശ്വസിക്കുന്നതിനു നിങ്ങളെ സഹായിച്ചുവോ?***

# കണ്ടെത്തുക

പഠനസഹായി 2

## നമുക്ക് ബൈബിളിൽ വിശ്വസിക്കാം

ബ്രിട്ടീഷ് കപ്പലായ ബൗണ്ടി മുക്കിയ വിപ്ലവ കാരികൾ ദക്ഷിണ പസഫിക്കിലുള്ള പിറ്റ്കേറിൻ ദ്വീപിലെ സ്ത്രീകളുമായി താമസമായതോടെ ആ പ്രശ്നം ഒത്തു തീർപ്പിലായി. ഈ കപ്പൽസംഘത്തിൽ ഒൻപത് ബ്രിട്ടീഷ് യാത്രക്കാരും ആറ് റ്റഹറ്റീയൻ പുരുഷന്മാരും പത്ത് റ്റഹറ്റീയൻ സ്ത്രീകളും പതിനഞ്ച് വയസ്സുള്ള പെൺകുട്ടിയും ഉണ്ടായിരുന്നു. പിന്നീട് ഇതിൽ ഒരു നാവികൻ ചാരായം എങ്ങനെ വാറ്റി എടുക്കാമെന്ന് കണ്ടുപിടിച്ചു. അധികം വൈകാതെ കുടിച്ച് ഉൻമത്തരാകുന്ന രീതി ആ ദ്വീപിൽ സാർവ്വത്രികമായി. തുടർന്ന് ഈ സ്ത്രീപുരുഷന്മാരുടെ ഇടയിൽ ബലാൽക്കാരവും വഴക്കും സർവ്വ സാധാരണമായിത്തീർന്നു.

കുറെക്കാലം കഴിഞ്ഞ്, അവിടെ എത്തിയവരിൽ ഒരാൾ മാത്രം ആ ദ്വീപിൽ ശേഷിച്ചു. അലക്സാണ്ടർ സ്മിത്ത് എന്ന അദ്ദേഹത്തിന് കപ്പലിൽ നിന്ന് കിട്ടിയ ഒരു പെട്ടിയിൽനിന്ന് ഒരു ബൈബിൾ ലഭിച്ചു. അദ്ദേഹം ഈ ബൈബിൾ വായിച്ചു പഠിക്കുകയും അതിൽ പറയുന്നത് മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി തന്റെ ജീവിതത്തിൽ മാത്രമല്ല ആ ദ്വീപിലുള്ള എല്ലാവരുടെയും ജീവിതത്തിൽ വ്യതിയാനം ഉണ്ടാകുവാൻ ഇടയായി.

1808- ൽ അമേരിക്കയിൽ നിന്നുള്ള ടോപ്സ് എന്ന കപ്പൽ അവിടെ വരുന്നതുവരെ ആ ദ്വീപുവാസികൾ ബാഹ്യ ലോകവുമായി യാതൊരു ബന്ധവുമില്ലാതെ ഒറ്റപ്പെട്ട ജീവിതമായിരുന്നു നയിച്ചിരുന്നത്. ഈ കപ്പലിലെ ജോലിക്കാർ ഇവിടെ വന്നപ്പോൾ ചാരായമോ ജയിലോ കുറ്റകൃത്യമോ ഇല്ലാത്ത ഒരു ദ്വീപായി ഇതിനെ കണ്ടു. വേദപുസ്തകം ഈ ദ്വീപിന് അത്രമാത്രം മാറ്റം വരുത്തിയിരുന്നു. ലോകത്തിൽ ഒരു നരകം എന്നതിൽ നിന്ന് ദൈവം ലോകത്തെ എന്ത് ആക്കാൻ ഉദ്ദേശിക്കുന്നുവെന്നുള്ളതിന് ഒരുദാഹരണമായി ഈ ദ്വീപിനെ അവർക്ക് ദർശിപ്പാൻ കഴിഞ്ഞു. അത് ഇന്നും അങ്ങനെതന്നെ നിലനിൽക്കുന്നു.

ദൈവം ഇന്നും വേദപുസ്തകത്തിന്റെ താളുകളിൽക്കൂടെ മനുഷ്യനോടു സംസാരിക്കുന്നുവോ? തീർച്ചയായും അവൻ അപ്രകാരം ചെയ്യുന്നു. ഞാൻ ഇതു എഴുതുമ്പോൾ ബൈബിൾ പഠനത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു കുട്ടി അയച്ചു തന്ന ഒരു ഉത്തരക്കടലാസ്സിൽ നോക്കുകയാണ്. അതിന്റെ ചുവട്ടിലുള്ള ഒരു കുറിപ്പ് ഇപ്രകാരം വായിക്കുന്നു:"ഞാൻ ഇപ്പോൾ ജയിലിലാണ്, മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു. ഒരു കുറ്റത്തിന് എന്നെ മരണശിക്ഷയ്ക്ക് വിധിച്ചിരിക്കുകയാണ്. ഈ ബൈബിൾ പാഠ്യപദ്ധതിയിൽ ചേരുന്നതിനുമുമ്പ് ഞാൻ നഷ്ടപ്പെട്ടവനായിരുന്നു. എന്നാൽ ഇപ്പോൾ എനിക്ക് മുമ്പിലേക്ക് ഏതോ നോക്കുവാനുണ്ട്. ജീവിതത്തിൽ ഞാൻ ഒരു പുതിയ സ്നേഹം കണ്ടെത്തിയിരിക്കുന്നു."

വേദപുസ്തകത്തിന് മനുഷ്യന്റെ ജീവിത്തിൽ ആകെക്കൂടി ഒരു രൂപാന്തരം വരുത്തുവാനുള്ള ശക്തിയുണ്ട്. മനുഷ്യൻ വേദപുസ്തകം യഥാർത്ഥത്തിൽ പഠിക്കുവാൻ തുടങ്ങുമ്പോൾ അവന്റെ ജീവിതത്തിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കും.

### *1. ദൈവം എങ്ങനെ തിരുവചത്തിൽക്കൂടെ നമ്മോടു സംസാരിക്കുന്നു?*

ദൈവം ആദ്യമനുഷ്യരായ ആദാമിനേയും ഹവ്വയേയും സൃഷ്ടിച്ചശേഷം അവരോടു മുഖാമുഖമായി സംസാരിച്ചു. എന്നാൽ പാപം ചെയ്തതിനുശേഷം ദൈവം അവരോടു സംസാരിക്കുവാൻ വന്നപ്പോൾ ആ ദമ്പതികൾ എന്താണ് ചെയ്തത്?

***"വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു; മനുഷ്യനും ഭാര്യയും യഹോവയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു" ഉല്പത്തി 3:8.***

ദൈവവുമായി മുഖാമുഖമായുള്ള സമ്പർക്കത്തെ പാപം തടഞ്ഞു. പാപം നമ്മുടെ ലോകത്തിൽ വന്നതിനു ശേഷം ദൈവം എപ്രകാരം മനുഷ്യനുമായി ഇടപെട്ടു?

***"യഹോവയായ കർത്താവു പ്രവാചകന്മാരായ തന്റെ ദാസന്മാർക്കു രഹസ്യം വെളിപ്പെടുത്താതെ ഒരു കാര്യവും ചെയ്കയില്ല."(ആമോസ് 3:7)***

ജീവിതത്തെയും അതിന്റെ അർത്ഥത്തെയുംപറ്റി ദൈവം നമുക്ക് വെളിപ്പെടുത്താതെയിരിക്കുന്നില്ല. അവന്റെ പ്രവാചവന്മാരിൽക്കൂടെ ദൈവത്തിനുവേണ്ടി സംസാരിക്കുവാനും എഴുതുവാനും നിയോഗിക്കപ്പെട്ടവർ-ജീവിതപ്രശ്നങ്ങൾ അവൻ വെളിപ്പെടുത്തിത്തന്നിരിക്കുന്നു.

### *2. വേദപുസ്തകം ആരെഴുതി?*

പ്രവാചകന്മാർ ജീവിച്ചിരുന്നപ്പോൾ ദൈവത്തിന്റെ സന്ദേശം വാമൊഴിയായും വരമൊഴിയായും കൊടുത്തു. അവർ മരിച്ചപ്പോൾ അവരുടെ ലേഖനങ്ങൾ അവർക്കു ശേഷം ജീവിച്ചു. ഈ പ്രവാചക സന്ദേശങ്ങൾ

ദൈവനിയോഗത്താൽ ശേഖരിച്ച് ഒരു പുസ്തകമാക്കി. അതിനെ സത്യവേദപുസ്തകമെന്നു പറയുന്നു.

***“തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്ന് ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ” 2 പത്രൊസ് 1:20, 21.***

വേദപുസ്തക എഴുത്തുകാർ അത് അവരുടെ ഇഷ്ടത്താലും ആഗ്രഹത്താലും എഴുതിയതല്ല. പിന്നെയോ ദൈവത്തിന്റെ പരിശുദ്ധാത്മനിയോഗത്താലും പ്രേരണയാലും അത്രേ അത് എഴുതപ്പെട്ടത്. വേദപുസ്തകം ദൈവത്തിന്റെ സ്വന്ത പുസ്തകമാകുന്നു.

ദൈവം വേദപുസ്തകത്തിൽ തന്നെക്കുറിച്ചും മനുഷ്യവർഗ്ഗത്തെക്കുറിച്ചുള്ള തന്റെ ഉദ്ദേശത്തെക്കുറിച്ചും വെളിപ്പെടുത്തുന്നു. ഇതിൽ ദൈവം കഴിഞ്ഞകാലങ്ങളെക്കുറിച്ചും സാത്താൻ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ എങ്ങനെ പരിഹരിക്കാമെന്നതിനെപ്പറ്റിയും അവസാനം സമാധാനം ഈ ലോകത്തിൽ എങ്ങനെ വരുമെന്നുള്ള ഭാവി പദ്ധതിയെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു. വേദപുസ്തകം ആകമാനം ദൈവത്തിൽ നിന്നുള്ള ഒരു സന്ദേശമല്ലേ?

***“എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു.” 2 തിമൊ. 3:16.17.***

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും ദൈവപ്രേരണയാലുമുള്ള പ്രമാണം ആയതിനാൽ ഇതു മനുഷ്യന് വളരെ ആത്മീയ പ്രേരണയും പ്രചോദനവും നൽകുന്ന ഒന്നാകുന്നു. പ്രവാചകന്മാർ ദൈവീക ദർശനത്തിൽ കണ്ടത് മനുഷ്യഭാഷയിൽ വെളിപ്പെടുത്തിയിരിക്കുന്നു. അത് അവർക്ക് ദൈവത്തിൽനിന്നും നേരിട്ടു ലഭിച്ച ദൂതുകളാണ്. അതുകൊണ്ട് ജീവിതം എന്താണെന്ന് നിങ്ങൾക്ക് അറിയണമെങ്കിൽ വിശുദ്ധ വേദപുസ്തകം വായിക്കുക. വേദപുസ്തകവചനം നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തും. പ്രാർത്ഥനയോടുകൂടിയുള്ള വായന നിങ്ങൾക്ക് വളരെ സമാധാനം നൽകും.

നിങ്ങൾ തിരുവചനം പഠിക്കുമ്പോൾ പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ പ്രവാചകന്മാരുടെമേൽ പ്രേരണ നൽകിയ അതേ ആത്മാവ് ബൈബിൾ പഠിക്കുന്നതിനും സുവിശേഷം ഗ്രഹിക്കുന്നതിനും അതിൽക്കൂടെ ജീവിതത്തിൽ ഒരു രൂപാന്തരം സാധിക്കുന്നതിനും നിങ്ങളെ സഹായിക്കും.

## *3. വേദപുസ്തകത്തിന്റെ ഐക്യത*

തിരുവെഴുത്തു യഥാർത്ഥത്തിൽ 66 പുസ്തകങ്ങളുള്ള ഒരു ഗ്രന്ഥശാലയാണ്. 39 പുസ്തകങ്ങളടങ്ങിയ പഴയനിയമം ബി.സി. 1450-നും 400-നും മദ്ധ്യേ എഴുതപ്പെട്ടതാണ്. 27 പുസ്തകങ്ങളടങ്ങിയ പുതിയനിയമം ഏ.ഡി. 50-നും 100-നും ഇടയ്ക്ക് എഴുതിയതുമാണ്.

പ്രവാചകനായ മോശെ വേദപുസ്തകത്തിലെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ ഏകദേശം ബി. സി. 1400-നു മുമ്പ് എഴുതുവാൻ ആരംഭിച്ചു. അവസാനത്തെ പുസ്തകമായ വെളിപ്പാട്, അപ്പൊസ്തലനായ യോഹന്നാൻ ഏതാണ്ട് എ.ഡി. 95-ൽ എഴുതി. ആദ്യത്തേയും അവസാനത്തേയും പുസ്തകങ്ങൾ എഴുതുന്നതിനിടയിലുള്ള 1500 വർഷംകൊണ്ട് 38 ആത്മ പ്രേരിത എഴുത്തുകാർ അവരുടെ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവരിൽ ചിലർ കച്ചവടക്കാർ, ആട്ടിടയന്മാർ, മീൻപിടിത്തക്കാർ, യോദ്ധാക്കൾ, വൈദ്യന്മാർ, ഉപദേഷ്ടാക്കൾ, രാജാക്കന്മാർ മുതലായി ജീവിതത്തിന്റെ പല തുറകളിലുമുള്ളവർ ആയിരുന്നു. ഇവരിൽ പലരും വൈവിധ്യമാർന്ന സംസ്ക്കാരത്തിലും തത്വങ്ങളിലും നിന്നുള്ളവർ ആയിരുന്നു.

എന്നാൽ അദ്ഭുതം ഇവിടെയാണ്: വേദപുസ്തകത്തിലെ 66 പുസ്തകങ്ങളിലുമുള്ള 1189 അദ്ധ്യായങ്ങളിലും 31,173 വാക്യങ്ങളിലും അവ കൊണ്ടുവരുന്ന സന്ദേശങ്ങളിലും പൂർണ്ണയോജിപ്പും പൊരുത്തവും കാണുന്നു.

ഒരാൾ നിങ്ങളുടെ കതകിൽ വന്നു മുട്ടി എന്നു കരുതുക. അയാളെ അകത്തേക്കു ക്ഷണിച്ചപ്പോൾ, അയാൾ ഒന്നും സംസാരിക്കാതെ ഒരു മാർബിൾ കഷണം നിങ്ങളുടെ മുറിയിലെ തറയിൽ വച്ചിട്ട് കടന്നു പോകുന്നു. അതിന്റെ പിന്നാലെ ഇതുപോലെ 40 സന്ദർശകർ കടന്നു വന്ന് മാർബിൾ കഷണങ്ങൾ തറയിൽ വയ്ക്കുന്നു. അവസാനത്തെ ആൾ കടന്നുപോയപ്പോൾ മനോഹരമായ ഒരു പ്രതിമ തീർന്നതായി നിങ്ങൾ അദ്ഭുതത്തോടെ കാണുന്നു. നിങ്ങൾ മനസ്സിലാക്കുന്നത് ഈ കൊത്തുപണിക്കാരിൽ ആർക്കുംതന്നെ അന്യോന്യം മുൻപരിചയമില്ലെന്നും അവർ ലോകത്തിന്റെ വിവിധ ഭാഗങ്ങളായ തെക്കേ അമേരിക്ക, ചൈന, റഷ്യ, ആഫ്രിക്ക എന്നീ രാജ്യങ്ങളിൽനിന്നു വന്നവർ എന്നുമാണ്. ഇതിൽനിന്നും എന്തായിരിക്കും നിങ്ങളുടെ തീരുമാനം. ആരോ ഒരാൾ ഈ പ്രതിമ നിർമ്മിക്കുന്നതിനെക്കുറിച്ച് പ്ലാൻ ചെയ്തു എന്നും അതിന്റെ ആവശ്യത്തിലേക്കുള്ള കൃത്യമായ മാർബിൾ ഈ ആളുകളുടെ കൈകളിൽ കൊടുത്തുവിട്ടു എന്നും അല്ലേ?

വേദപുസ്തകം സമ്പൂർണ്ണവും അർത്ഥവത്തുമായ സന്ദേശം നൽകുന്നു. പൂർണ്ണമായ ഒരു മാർബിൾ പ്രതിമ

പോലെ തന്നെ ഒരു മനസ്സ് ഇതെല്ലാം രൂപകല്പന ചെയ്തു. അത് ദൈവത്തിന്റെ മനസ്സാണ്. പല ആളുകളാൽ ഇത് എഴുതപ്പെട്ടെങ്കിലും തിരുവചനത്തിന്റെ ആ ഐക്യം ദൈവത്തിന്റെ പ്രേരണയാലാണെന്ന് സാക്ഷ്യം വഹിക്കുന്നു.

## *4. നിങ്ങൾക്ക് വേദപുസ്തകം വിശ്വസിക്കാമോ?*

1. വേദപുസ്തകം സംരക്ഷണം ചെയ്തിരിക്കുന്നത് ശ്രദ്ധേയമായ രീതിയിലാണ്. ബൈബിളിന്റെ ആദ്യകാല രേഖകൾ അച്ചടിയന്ത്രം കണ്ടുപിടിക്കുന്നതിനുമുമ്പ് കൈകൊണ്ട് എഴുതി സൂക്ഷിച്ചിരുന്നു. ശാസ്ത്രിമാർ ഈ മുഖ്യകൈയ്യെഴുത്തു പ്രതികൾ തയ്യാറാക്കി വിതരണം ചെയ്തിരുന്നു. ഈ കൈയ്യെഴുത്തുപ്രതികളുടേയോ അതിന്റെ ഭാഗങ്ങളുടേയോ ആയിരക്കണക്കായ പ്രതികൾ ഇന്നും നിലനിൽക്കുന്നുണ്ട്. 1947-ൽ ചാവുകടലിന്റെ സമീപത്തുനിന്നും ലഭിച്ച പഴയനിയമത്തിന്റെ എബ്രായ കയ്യെഴുത്തു പ്രതികൾക്ക് ക്രിസ്തുവിനുമുമ്പ് 150-200 വർഷത്തെ പഴക്കമുണ്ട്. രണ്ടായിരം വർഷം പഴക്കമുള്ള ഈ ചുരുളുകളിൽ ഇന്നു നാം പഠിക്കുന്ന പഴയനിയമത്തിൽ ഉള്ള അതേ സത്യം തന്നെ കാണുന്നു. ഇത് ദൈവത്തിന്റെ വചനത്തിൽ നമുക്ക് എത്രമാത്രം ആശ്രയിക്കാം എന്നുള്ളതിന് ഒരു ശക്തിയേറിയ തെളിവാകുന്നു.

പുതിയനിയമം, അപ്പൊസ്തലന്മാർ ആദ്യം ക്രിസ്തീയ സഭകൾക്ക് അയച്ച ഓരോ കത്തുകളാണ്. അമേരിക്കയിലും യൂറോപ്പിലും ഉള്ള വലിയ ലൈബ്രറികളിലും മ്യൂസിയങ്ങളിലുമെല്ലാം പുതിയനിയമത്തിന്റേയോ അതിന്റെ ഭാഗങ്ങളുടേയോ 4500-ൽ പരം കയ്യെഴുത്തു പ്രതികൾ ഉള്ളത് നാം പഠിക്കുമ്പോൾ മനസ്സിലാകുന്നത് പുതിയനിയമവും ഇന്നുവരെ ഒരുമാറ്റവും കൂടാതെ നിലനിൽക്കുന്നു എന്നതാണ്.

ഇന്ന് വേദപുസ്തകമെന്നതിന്റെ ഭാഗം ഏതാണ്ട് 2060 ഭാഷകളിലും ഉപഭാഷകളിലുമായി തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നു. ലോകത്ത് ഏറ്റവും അധികം വിറ്റഴിക്കപ്പെടുന്ന പുസ്തകം ബൈബിളാണ്. ആയിരത്തി അഞ്ഞൂറു ലക്ഷത്തിലധികം വേദപുസ്തകമോ അതിന്റെ ഭാഗമോ ഓരോ വർഷവും വിറ്റഴിക്കപ്പെടുന്നു.

2. ചരിത്രപരമായ വേദപുസ്തക കൃത്യത ശ്രദ്ധേയമാണ്. പുരാവസ്തു സംബന്ധമായ കണ്ടുപിടിത്തങ്ങൾ വേദപുസ്തകത്തിന്റെ കൃത്യത കൂടുതൽ ദൃഢപ്പെടുത്തുന്നു. ചരിത്രകാരന്മാർ കണ്ടുപിടിച്ച പുരാതന കളിമൺ ഉപകരണങ്ങളിലും കൽപ്രതിമകളിലും കണ്ട പേരുകൾ, സ്ഥലങ്ങൾ, സംഭവരേഖകൾ എന്നിവ ഇതിനുമുമ്പ് വേദപുസ്തകത്തിൽ മാത്രമേ കണ്ടിട്ടുള്ളൂ. ഉദാഹരണമായി ഉല്പത്തി. 11:31 -ൽ അബ്രഹാമും അവന്റെ കുടുംബവും "കൽദയരുടെ പട്ടണമായ ഊരിൽനിന്നും കനാൻ ദേശത്തേക്കു പോകുവാൻ പുറപ്പെട്ടു" എന്ന് പറയുന്നു. ചില പണ്ഡിതന്മാർ പറയുന്നത് ബൈബിൾ മാത്രമേ ഊർ എന്ന സ്ഥലത്തെപ്പറ്റി പറയുന്നുള്ളൂ എന്നും അങ്ങനെ ഒരു സ്ഥലം നിലനിന്നിരുന്നില്ല എന്നുമാണ്. എന്നാൽ ഭൂഗർഭശാസ്ത്രജ്ഞന്മാർ ഇറാഖിൽ കണ്ടെടുത്ത ഒരു സ്തംഭത്തിൽ ഊർ എന്ന പേർ എഴുതിയിരിക്കുന്നതായി കണ്ടു. പിൽക്കാലത്ത് ഊർ ഒരു പ്രാചീന സംസ്ക്കാരത്തിന്റെ തലസ്ഥാനമായിരുന്നു എന്ന് കണ്ടുപിടിക്കാൻ സാധിച്ചു. ക്രമേണ ഈ പേർ ഇല്ലാതാകുകയായിരുന്നു. എന്നാൽ ബൈബിൾ മാത്രം അത് നിലനിർത്തി. ബൈബിളിന്റെ കൃത്യതയ്ക്കുള്ള തെളിവുകളിൽ ഒന്നുമാത്രമാണ് ഇത്.

3. ബൈബിളിൽ പറഞ്ഞിരിക്കുന്ന പ്രവചനങ്ങൾ കൃത്യമായി നിറവേറിയതിനാൽ വേദപുസ്തകം നമുക്ക് വിശ്വസിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു. തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങൾ നമ്മുടെ കൺമുമ്പിൽ നിറവേറപ്പെട്ടിരിക്കുന്നു. ഈ പ്രവചനങ്ങളെക്കുറിച്ച് പിന്നീട് നാം പരിശോധിക്കുന്നതായിരിക്കും.

## *5. വേദപുസ്തകം എങ്ങനെ മനസ്സിലാക്കാൻ സാധിക്കും?*

തിരുവചനം ആരാഞ്ഞറിയാൻ ശ്രമിക്കുമ്പോൾ ഈ തത്വങ്ങൾ മനസ്സിൽ വെയ്ക്കുക.

1. തിരുവചനം പ്രാർത്ഥനയുടെ ഹൃദയവുമായി പഠിക്കുക. ഒരു തുറന്ന മനസ്സോടും ഹൃദത്തോടും പ്രാർത്ഥനയോടും കൂടെ തിരുവചനത്തെ സമീപിച്ചാൽ അത് കർത്താവുമായുള്ള ഒരു വ്യക്തിപരമായ സമ്പർക്കത്തിൽ നിങ്ങളെ കൊണ്ടെത്തിക്കുന്നു. യോഹന്നാൻ 16:13,14

2. തിരുവചനം ദിവസേന വായിക്കുക. ദിവസേനയുള്ള തിരുവചന പഠനം നമ്മുടെ ജീവിതത്തിൽ ശക്തിക്കുവേണ്ടിയുള്ള താക്കോലാകുന്നു. അത് ദൈവത്തിന്റെ മനസ്സുമായി ഒരു സംസർഗ്ഗം നൽകുന്നു. റോമർ 1:16

3. നാം അത് വായിക്കുമ്പോൾ തിരുവചനം സ്വയമേ നമ്മോടു സംസാരിക്കുന്നു. വേദപുസ്തക എഴുത്തുകാർ എന്തു പറയുന്നു എന്ന് സ്വയം ചോദിക്കുക. ഒരു വാക്യം എന്താണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കിയാൽ അത് നമ്മുടെ ജീവിതത്തിൽ ബുദ്ധിപരമായി പ്രയോഗിക്കാൻ സാധിക്കും.

4. തിരുവചനം വിഷയാധിഷ്ഠിതമായി പഠിക്കുക. ഒരു വാക്യം മറ്റൊരു വാക്യവുമായി ഒത്തുചേർത്തു പഠിക്കുക. കർത്താവായ യേശുക്രിസ്തു താൻ മശീഹാ ആണെന്ന് തെളിയിക്കുവാൻ ഈ മാതൃക സ്വീകരിച്ചിരിക്കുന്നു.

***"മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും***

***എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു" ലൂക്കൊസ് 24:27.***

ഒരു വിഷയത്തെക്കുറിച്ച് വേദപുസ്തകത്തിൽ പറയുന്നതെല്ലാം ഒന്നിച്ചു ചേർക്കുമ്പോൾ നമുക്ക് ഒരു പ്രത്യേക കാഴ്ചപ്പാട് ലഭിക്കുന്നു.

5. കർത്താവിനുവേണ്ടി ജീവിക്കുവാൻ ശക്തി ലഭിക്കുന്നതിന് വേദപുസ്തകം പഠിക്കുക. എബ്രായർ 4:12 –ൽ തിരുവചനത്തെ "ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയത്" എന്ന് വിവരിച്ചിരിക്കുന്നു. താളുകളിൽ കാണുന്ന വാക്യങ്ങൾക്ക് ഉപരി പാപം ചെയ്യാൻ പ്രേരിപ്പിക്കുന്ന പരീക്ഷകളെ നേരിടുവാൻ മൂർച്ചയും ജീവനുള്ളതുമായ ആയുധമായി അതിനെ നമുക്ക് കാണാൻ സാധിക്കും.

6. അവന്റെ വചനത്തിലൂടെ ദൈവം നിങ്ങളോടു സംസാരിക്കുന്നത് ശ്രദ്ധിക്കുക. ബൈബിൾ സത്യങ്ങളെ ഒരു വ്യക്തി അറിയാൻ ആഗ്രഹിക്കുന്നു എങ്കിൽ തിരുവചനം പറയുന്നത് അനുസരിപ്പാൻ സ്ത്രീയായാലും പുരുഷനായാലും തയ്യാറാകണം (യോഹന്നാൻ. 17:17). അല്ലാതെ ഒരു വ്യക്തി ചിന്തിക്കുന്നതോ ഒരു സഭ പഠിപ്പിക്കുന്നതോ അല്ല നാം അനുസരിക്കേണ്ടത്.

## *6. വേദപുസ്തകത്തിന് നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്താൻ സാധിക്കും.*

***"നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു: അത് അല്പബുദ്ധികളെ ബുദ്ധിമാന്മാരാക്കുന്നു."സങ്കീർത്തനങ്ങൾ 119:130.***

തിരുവചനപഠനം നമ്മുടെ ഗ്രഹണശക്തിയെ വർദ്ധിപ്പിക്കുന്നു. നശീകരണ ശക്തിയെ ജയിക്കുവാൻ അത് സഹായിക്കുന്നു. നമ്മെ ശാരീരികമായും മാനസീകമായും ധാർമ്മീകമായും ആത്മീകമായും വളരുവാൻ അത് സഹായിക്കുന്നു.

തിരുവചനം നമ്മുടെ ഹൃദയത്തോടു സംസാരിക്കുന്നു. മനുഷ്യവർഗ്ഗം നേരിടുന്ന ഓരോ അനുഭവത്തേയും അത് കൈകാര്യം ചെയ്യുന്നു. ജനനം, സ്നേഹം, വിവാഹം, പിതൃത്വം, മരണം മുതലായവ എല്ലാം അതിൽ ഉൾപ്പെടുന്നു. മനുഷ്യ പ്രകൃതിയിൽ ഉണ്ടാകുന്ന അഗാധമുറിവുകളായ പാപത്തെയും അതിന്റെ പരിണതഫലങ്ങളേയും അത് സൗഖ്യമാക്കുന്നു.

ദൈവവചനം എന്നു പറയുന്നത് ഒരു വംശത്തിന്റേയോ ഒരു കാലത്തിന്റേയോ ഒരു രാജ്യത്തിന്റേയോ ഒരു സംസ്ക്കാരത്തിന്റേയോ പുസ്തകമല്ല. പൗരസ്ത്യ രാജ്യങ്ങളിൽ വച്ച് എഴുതപ്പെട്ടെങ്കിലും പാശ്ചാത്യ രാജ്യങ്ങളിലുള്ള സ്ത്രീപുരുഷന്മാർക്കും വേണ്ടിയാണ്. വേദപുസ്തകം ദരിദ്രന്റെ കുടിലിലും ധനവാന്റെ മാളികയിലും കയറുന്നു. പ്രചോദിപ്പിക്കുന്ന അതിന്റെ കഥകളെ കുട്ടികൾ ഇഷ്ടപ്പെടുന്നു. അതുപോലെ യുവജനങ്ങൾക്ക് ഇതിലെ വീരനായകന്മാർ ഉൾപ്രേരണ നൽകുന്നു. രോഗികൾക്കും പുറംതള്ളപ്പെട്ടവർക്കും വാർദ്ധക്യത്തിൽ എത്തിയവർക്കും ആശ്രയവും പ്രത്യാശയും തിരുവചനത്തിൽ ഉണ്ട്.

ദൈവം തിരുവചനത്തിൽക്കൂടെ പ്രവർത്തിക്കുന്നതുകൊണ്ട് അതിനു വളരെ ശക്തിയുണ്ട്. വികാരങ്ങൾക്ക് പ്രതികരിക്കാത്ത ഏതൊരു ഹൃദയത്തേയും ഭേദിക്കാൻ ഇതിനു കഴിയും. ആ ഹൃദയത്തെ മൃദുവാക്കാനും സ്നേഹംകൊണ്ട് നിറയ്ക്കാനും ഇത് സഹായിക്കുന്നു. ഒരു ഭീകരനും മയക്കുമരുന്നിന് അടിമയുമായ ഒരാൾ പ്രസംഗകൻ ആയത് നമുക്കറിയാം. ഒരു ചതിയനെയും വഞ്ചകനെയും ഒരു നല്ല അദ്ധ്യാപകൻ ആക്കിയതും നമുക്കറിയാം. അത് ആത്മഹത്യയുടെ വക്കുവരെ എത്തിയ അനേകരെ പ്രത്യാശയുള്ളവരാക്കിത്തീർക്കുന്നതും നാം കാണുന്നു. ശത്രുക്കളെ സ്നേഹിക്കണമെന്നുള്ള ആശയവും പ്രേരണയും വേദപുസ്തകം എപ്പോഴും എടുത്തു കാട്ടുന്നു. ഇത് അഹങ്കാരികളെ സൗമ്യന്മാരും സ്വാർത്ഥരെ പരോപകാരികളും ആക്കുന്നു. തിരുവചനം ബലഹീനർക്ക് ശക്തിയും ദുഃഖത്തിലാണ്ടിരിക്കുന്നവർക്ക് സന്തോഷവും വിഷമത്തിലിരിക്കുന്നവർക്ക് ആശ്വാസവും അനിശ്ചിതത്വത്തിൽ ഇരിക്കുന്നവർക്കു മാർഗ്ഗദർശനവും നൽകുന്നു. ഇത് ധൈര്യമായി ജീവിപ്പാനും ഭയമില്ലാതെ മരിപ്പാനും പഠിപ്പിച്ചുതരുന്നു.

ദൈവത്തിന്റെ പുസ്തകമായ വേദപുസ്തകത്തിനു നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തുവാൻ സാധിക്കും. നിങ്ങൾ കൂടുതൽ കൂടുതൽ തിരുവചനം പഠിക്കുമ്പോൾ നിങ്ങളെ നയിക്കുന്ന ആ വഴികാട്ടിയെ കണ്ടുപിടിക്കാൻ കഴിയും.

തിരുവചനം എന്തിനാണ് നമുക്കുവേണ്ടി എഴുതപ്പെട്ടിരിക്കുന്നത്?

***"എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു." (യോഹന്നാൻ 20:31).***

നാം തിരുവചനം പഠിക്കേണ്ടതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം അതിൽ കർത്താവായ യേശുക്രിസ്തു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു എന്നതും നമുക്ക് നിത്യജീവൻ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു എന്നതും തന്നെയാണ്. നാം തിരുവചനത്തിൽക്കൂടെ കർത്താവിനെ കാണുമ്പോൾ നമുക്ക് മാറ്റം സംഭവിക്കുകയും നാം അവന്റേത് ആയിത്തീരുകയും ചെയ്യും. അതുകൊണ്ട് ഇപ്പോൾത്തന്നെ തിരുവചനത്തിലുള്ള ദൈവശക്തി കണ്ടുപിടിക്കുവാൻ ശ്രമിക്കുക. നമുക്ക് അവനെപ്പോലെ ആയിത്തീരുവാൻ ശ്രമിച്ചുകൂടേ?

# കണ്ടെത്തുക



## നമുക്ക് ബൈബിളിൽ വിശ്വസിക്കാം

***ചുവടെ ചേർത്തിരിക്കുന്ന ശരി ഉത്തരങ്ങൾക്കു നേരെ ശരി എന്നും തെറ്റായവയ്ക്ക് തെറ്റ് എന്നും എഴുതുക.***

1. ______ പാപം കടന്നുവരുന്നതിനുമുമ്പ് ദൈവം മുഖാമുഖം ആദാമിനോടും ഹവ്വയോടും സംസാരിച്ചിരുന്നു.

   ______ പാപം കടന്നുവന്നശേഷം ദൈവം പ്രവാചകന്മാരിൽക്കൂടെ സംസാരിച്ചു

2. ______ പ്രവാചകന്മാരിൽക്കൂടെ ദൈവം സംസാരിച്ച ദൂതുകൾ പുസ്തകരൂപത്തിൽ ആയിരിക്കുന്നതാണ് ബൈബിൾ

   ______ ബൈബിൾ എഴുത്തുകാരായിരുന്ന പ്രവാചകന്മാർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചവരായിരുന്നു.

   ______ ബൈബിളിലെ ചുരുക്കം ചില ഭാഗങ്ങൾ മാത്രമാണ് ദൈവശ്വാസീയമായിട്ടുള്ളത്.

   ______ ബൈബിളിന്റെ ശക്തി എന്നതു അതിന്റെ പഴക്കം ഒന്നുമാത്രമാണ്.

3. ______ എ.ഡി. 200–നും എ.ഡി. 1500–നും മദ്ധ്യേ ആണ് ബൈബിൾ എഴുതപ്പെട്ടിരിക്കുന്നത്.

   ______ ബൈബിളിന്റെ ഐക്യത അതു എഴുതിയ പ്രവാചകന്മാർ ദൈവാത്മനിയോഗം പ്രാപിച്ചവരാണെന്നുള്ളതിന്റെ തെളിവാണ്.

4. ______ ബൈബിൾ ചരിത്രം കൃത്യമായതല്ല.

   ______ നിറവേറപ്പെട്ട ബൈബിൾ പ്രവചനങ്ങൾ അതിന്റെ കൃത്യതയുടെ തെളിവാണ്.

5. ***ശരിയായ പ്രസ്താവനകൾക്കു നേരെ X എന്ന അടയാളമിടുക.***

   ______ ബൈബിൾ മനസ്സിലാക്കണമെങ്കിൽ നാം പ്രാർത്ഥനയോടു കൂടെ അതു പഠിക്കണം.

   ______ ഒരു വിഷയത്തെപ്പറ്റി ബൈബിൾ പ്രതിപാദിക്കുന്ന എല്ലാ പ്രസ്താവനകളും താരതമ്യപ്പെടുത്തുമ്പോൾ നമുക്ക് വ്യക്തമായ ഒരു കാഴ്ചപ്പാട് ലഭിക്കുന്നു.

   ______ നാം ബൈബിൾ പഠിക്കുമ്പോൾ അതുതന്നെ നമ്മോടു സംസാരിക്കുവാൻ അനുവദിക്കണം

   ______ പാപത്തിനും പരീക്ഷകൾക്കും എതിരേയുള്ള നമ്മുടെ പ്രതിരോധം തിരുവചനപഠനം ഒന്നു മാത്രമാണ്.

   ______ തിരുവചനത്തിനു വിപരീതമാണ് നമ്മുടെ വിശ്വാസമെങ്കിലും നമ്മുടെ വിശ്വാസംതന്നെ നാം പിടിച്ചു കൊള്ളണം.

**ചിന്താവിഷയം : മനുഷ്യരുടെ ജീവിതത്തിനു ബൈബിൾ മാറ്റം വരുത്തുകയും അത് സന്തോഷം, ആശ്വാസം, ദിവ്യനടത്തിപ്പ്, രക്ഷ, യേശുക്രിസ്തു മൂലമുള്ള നിത്യജീവൻ എന്നിവ നൽകുകയും ചെയ്യുന്നതിനാൽ ബൈബിൾ പഠനം മൂലം ലഭ്യമാകുന്ന പുതുജീവൻ കണ്ടെത്തുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?**

# കണ്ടെത്തുക

**പഠനസഹായി 3**

## എന്റെ ജീവിതം യഥാർത്ഥത്തിൽ ദൈവത്തിനു വിലയേറിയതാണോ?

**ചി**ല പ്രഭാതങ്ങളിൽ ലോകം ഒരു പറുദീസയ്ക്ക് സമമായി കാണപ്പെടുന്നു. നിങ്ങൾ എഴുന്നേറ്റ് വാതായനത്തിലൂടെ പ്രവഹിക്കുന്ന മന്ദമാരുതനിൽ അഗാധമായൊന്നു നിശ്വസിച്ചു. വൃക്ഷലതാദികളുടെ ഓരോ ദളങ്ങളിൽ നിന്നും പ്രതിഫലിക്കുന്ന സുവർണ്ണ സൂര്യരശ്മികൾ കൺകുളിർക്കെ കാണുന്നു. നിങ്ങൾ വിട പറയുമ്പോഴുള്ള നിങ്ങളുടെ ആത്മസുഹൃത്തിന്റെ വന്ദനം, നിങ്ങളുടെ മനോഗതിക്കിണങ്ങിയ അനന്യസാധാരണമായ ഒരു ഗാനശകലത്തിന്റെ ശ്രുതി, നിഷ്കളങ്കമായ ഒരു ശിശുവിന്റെ അപ്രതീക്ഷിതമായ സ്നേഹപ്രകടനം ഇങ്ങനെയുള്ള ചില നിമിഷങ്ങൾ ജീവിതത്തെ അത്യന്തം വിലയേറിയതാക്കുന്നു.

എന്നാൽ മറ്റുചില പ്രഭാതങ്ങൾ ഈ ലോകത്തെ ഭീതിയുടെ ആസ്ഥാനമായി പ്രദർശിപ്പിക്കുന്നു. നിങ്ങൾ ഉണർന്നു വർത്തമാനപത്രങ്ങളിലേക്ക് കണ്ണോടിക്കുമ്പോൾ; ഒരു തീവ്രവാദിയുടെ ബോംബേറിൽ അംഗവൈകല്യമോ അന്ധനോ ആയ ഒരു കുട്ടി, പത്താമത്തെ ഇരയേയും അരിഞ്ഞുവീഴ്ത്തിയ കൊലയാളിയുടെ അവകാശവാദം, ക്ഷാമം, വെള്ളപ്പൊക്കം, യുദ്ധം, ഭൂകമ്പം തുടങ്ങി വിവിധങ്ങളായ സംഭവങ്ങളുടെ ദയനീയ വിലാപങ്ങളുടെ തലവാചകങ്ങൾ കാണുന്നു. അനീതിയുടേയും അർത്ഥശൂന്യതയുടേയും നിമിഷങ്ങളാണ് ഇവ പ്രകടമാക്കുന്നത്.

ഇവയെല്ലാം എന്താണർത്ഥമാക്കുന്നത്? അദ്ഭുതകരവും അതേ സമയം, ഭയാനകവുമായ നമ്മുടെ ഈ ലോകത്തിൽ നമുക്കെന്തെങ്കിലും മൂല്യം കണ്ടെത്താനാകുമോ? നാം എന്തുകൊണ്ട് ഇവിടെ ഇങ്ങനെയുള്ള ഈ ലോകത്തിലായിരിക്കുന്നു? യഥാർത്ഥത്തിൽ എന്റെ ജീവിതം ദൈവത്തിനു പ്രധാനപ്പെട്ടതാകുന്നുവോ? അതോ ബ്രഹ്മാണ്ഡമാകുന്ന ഭീമാകാരമായ യന്ത്രത്തിന്റെ ഒരു കണ്ണിമാത്രമായിരിക്കുന്നുവോ?

### *1. ദൈവം ഒരു കുറ്റമറ്റ ലോകം സൃഷ്ടിച്ചു*

ഭീമാകാരമായ നക്ഷത്രങ്ങൾ മുതൽ ചിത്രശലഭത്തിന്റെ ചിറകുകൾ വരെയുള്ള സകലത്തിന്റെയും സൃഷ്ടിതാവും ശില്പിയും രചയിതാവുമാണ് ദൈവം.

***"യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി. അവൻ സമുദ്രത്തിലെ വെള്ളത്തെ കുമ്പാരമായി കൂട്ടുന്നു; അവൻ ആഴികളെ ഭണ്ഡാരഗൃഹങ്ങളിൽ സംഗ്രഹിക്കുന്നു.... അവൻ അരുളിച്ചെയ്തു അങ്ങനെ സംഭവിച്ചു; അവൻ കല്പിച്ചു അങ്ങനെ സ്ഥാപിതമായി" (സങ്കീർത്തനങ്ങൾ 33:6-9).***

ദൈവം അരുളിച്ചെയ്യുക മാത്രമേ വേണ്ടൂ, സകലതും തന്റെ അഭീഷ്ടപ്രകാരം തന്നെ അനുസരിക്കുന്നു.

### *2. നമ്മുടെ ലോകത്തെ നിർമ്മിക്കുന്നതിനായി ആറുദിനങ്ങൾ*

***"ആറു ദിവസംകൊണ്ടു യഹോവാ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ട് യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു." (പുറപ്പാട് 20:11).***

"തന്റെ വായിലെ ശ്വാസത്താൽ" ഒരു നിമിഷാർദ്ധത്തിൽത്തന്നെ നിത്യനും സർവ്വശക്തനുമായ സ്രഷ്ടാവിനു സമസ്തലോകത്തെയും നിർമ്മിക്കാൻ കഴിയുമായിരുന്നു. ആറു മിനിട്ടുകളോ ആറു സെക്കന്റുകളോ മതിയാകുമായിരുന്നിടത്ത് ദൈവം ആറു ദിവസങ്ങൾ ഇതിനായി എടുത്തു. സൃഷ്ടിപ്പിൻ വാരത്തിൽ ഓരോ ദിവസവും ദൈവം എന്തു സൃഷ്ടിച്ചുവെന്ന് വേദപുസ്തകത്തിലെ ആദ്യ അദ്ധ്യായമായ ഉല്പത്തി ഒന്നിൽ വിശദീകരിക്കുന്നു.

ആറാം ദിവസത്തിൽ സൃഷ്ടിപ്പിന്റെ മകുടം ചാർത്തലായി ദൈവം എന്തു സൃഷ്ടിച്ചു?

***"ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു; ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു." (ഉല്പത്തി 1:27).***

**<u>സൃഷ്ടിപ്പിൻ വാരം</u>**

| | | |
|---|---|---|
| **ഒന്നാം ദിവസം** | : | വെളിച്ചം, വെളിച്ചവും ഇരുളും തമ്മിൽ വേർതിരിവ് |
| **രണ്ടാം ദിവസം** | : | വിതാനം (അന്തരീക്ഷ വലയം) |
| **മൂന്നാം ദിവസം** | : | ഉണങ്ങിയ നിലവും സസ്യജാലങ്ങളും |
| **നാലാം ദിവസം** | : | സൂര്യനും ചന്ദ്രനും |
| **അഞ്ചാം ദിവസം** | : | പറവകളും മത്സ്യങ്ങളും |
| **ആറാം ദിസം** | : | ഭൂചരജന്തുക്കളും മനുഷ്യനും |
| **ഏഴാം ദിവസം** | : | വിശുദ്ധ ശബ്ബത്ത് |

തന്നേപ്പോലെ ചിന്തിക്കാനും അനുഭവമാക്കാനും സ്നേഹിക്കാനും കഴിവുള്ള വ്യക്തികളെ സൃഷ്ടിക്കുവാൻ ദൈവം തീരുമാനിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ എല്ലാ വ്യക്തികളും സൃഷ്ടിക്കപ്പെടുന്നു.

ആറു ദിവസംകൊണ്ടു ഭൂമി മുഴുവൻ സസ്യജാലങ്ങളാലും മൃഗങ്ങളാലും നിറഞ്ഞു. അതിനുശേഷം ദൈവം തന്റെ സൃഷ്ടിപ്പിന്റെയെല്ലാം ഉദാത്തമായതിനെ സൃഷ്ടിച്ചു. ഉല്പത്തി. 2:7-ൽ പരാമർശിച്ചിരിക്കുന്നതുപോലെ സർവ്വശക്തൻ നിലത്തെ പൊടിയിൽ നിന്നും ആദാമിന്റെ ശരീരം മെനഞ്ഞെടുത്തു. ദൈവം അവന്റെ മൂക്കിൽ "ജീവശ്വാസം" ഊതിയപ്പോൾ മനുഷ്യൻ ഒരു ജീവനുള്ള ദേഹിയായിത്തീർന്നു. അതായത് അവൻ ജീവനുള്ളവനായി. തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചതായ ആദ്യ മനുഷ്യനു "മനുഷ്യൻ" എന്നർത്ഥമുള്ള ആദാം എന്നും, ആദ്യത്തെ സ്ത്രീക്ക് ''ജീവനുള്ളവൾ"(ഉല്പത്തി 2:20;3:20) എന്നർത്ഥമുള്ള ഹവ്വാ എന്നും പേരിട്ടു. മാനുഷിക സഖിത്വത്തിനുവേണ്ടിയുള്ള ആവശ്യകത സ്നേഹനിധിയായ സ്രഷ്ടാവ് കണ്ടു.

ദൈവകരങ്ങളിൽ നിന്നും പുതുതായി ഉടലെടുത്തതായ ആദാമും ഹവ്വയും ഇരുവരും ദൈവത്തിന്റെ പ്രതിരൂപങ്ങളായി പ്രതിഫലിച്ചു. ഏദെൻ തോട്ടത്തിൽ സംതൃപ്തിയോടെ സഞ്ചരിക്കുവാനും തങ്ങളുടെ ശബ്ദമുയർത്തി ദൈവത്തെ ആരാധിക്കുവാനും കഴിയുന്ന യന്ത്രമനുഷ്യനെപ്പോലെയുള്ള ജീവികളെ ഉരുവാക്കുവാനും ദൈവത്തിനു സാധിക്കുമായിരുന്നു. എന്നാൽ അതിൽപ്പരമായൊരു യഥാർത്ഥ ബന്ധമായിരുന്നു ദൈവം ആഗ്രഹിച്ചത്. ചിരിക്കുവാനും സംസാരിക്കുവാനും കൂടാതെ മറ്റു പലതും ചെയ്യുവാനും യന്ത്രമനുഷ്യർക്കു കഴിയും. എന്നാൽ യഥാർത്ഥമായി അവയ്ക്ക് സ്നേഹിക്കാനാവില്ല.

ചിന്തിക്കുവാനും തിരഞ്ഞെടുക്കുവാനും സ്മരിക്കുവാനും വിവേചിച്ചറിയാനും സ്നേഹിക്കാനും കഴിവുള്ള തന്റെ സാദൃശ്യത്താൽ ദൈവം നമ്മെ സൃഷ്ടിച്ചു. ആദാമും ഹവ്വയും ദൈവത്തിന്റെ മക്കളായിരുന്നു. മാത്രമല്ല, പ്രത്യക്ഷമായും തന്റെ പ്രിയരുമായിരുന്നു.

## 3.ഒരു പരിപൂർണ്ണതയുടെ ലോകത്തേക്കുള്ള സാത്താന്റെ രംഗപ്രവേശം

തങ്ങളെ സന്തുഷ്ടരാക്കുന്നതെല്ലാം ആദാമിനും ഹവ്വയ്ക്കും ഉണ്ടായിരുന്നു. ശാരീരികവും മാനസീകവുമായ ആരോഗ്യത്തിന്റെ പൂർണ്ണതയിൽ അവർ സന്തോഷിക്കുകയും ന്യൂനതയില്ലാത്ത ഒരു ലോകത്തിൽ മനോഹരമായ ഒരു ഉദ്യാനത്തിൽ അവർ ജീവിക്കുകയും ചെയ്തു (ഉല്പത്തി 2:8; 1:28 -31).സൃഷ്ടിപരമായി ചിന്തിച്ചു കാര്യങ്ങൾ നിർവഹിക്കുവാനുള്ള കഴിവുകൂടാതെ തങ്ങളുടെ കൈകളുടെ അദ്ധ്വാനഫലത്തിൽ സംതൃപ്തി കണ്ടെത്തുവാനുംകൂടെ ദൈവം മക്കളായ അവരോട് വാഗ്ദത്തം ചെയ്തു (ഉല്പത്തി 1:28;2:15). വലിയവനായ അവരുടെ യജമാനനോടൊപ്പം അഭിമുഖമായൊരു കൂട്ടായ്മ അവർ അനുഭവിച്ചു. ആകുലത, ഭയം, രോഗം ഇത്യാദികളുടെ ഒരു ലാഞ്ഛനപോലും അനുഗ്രഹിക്കപ്പെട്ട ആ നാളുകളിൽ അവരെ തീണ്ടിയിരുന്നില്ല. എപ്രകാരമാണ് ഇത്രമാത്രം യാതനയും വേദനയും ശോകപൂർണ്ണവുമായ അവസ്ഥയിലേക്ക് ലോകം മാറ്റപ്പെട്ടത്? പാപം എപ്രകാരം നമ്മുടെ ലോകത്തിൽ പ്രവേശിച്ചു എന്നുള്ളതിന്റെ പൂർണ്ണവിവരം ഉല്പത്തി രണ്ടും മൂന്നും അദ്ധ്യായങ്ങൾ സവിസ്തരം നമ്മോടു പറയുന്നു. ഇടവേളകളിൽ നിങ്ങളതു വായിക്കുക. അതിന്റെ ഉള്ളടക്കത്തിന്റെ ഒരു രത്നച്ചുരുക്കം ഇവിടെ നൽകുന്നു.

പൂർണ്ണതയോടുകൂടെ ഒരു ലോകം ദൈവം സ്ഥാപിച്ചു. അല്പനാളുകൾക്കുശേഷം തങ്ങളുടെ സ്രഷ്ടവിനോട് അനുസരണക്കേടുള്ളവരായിത്തീർക്കുന്നതിനുവേണ്ടി സാത്താൻ ആദാമിനേയും ഹവ്വയേയും പരീക്ഷിക്കുന്നതിനായി ഏദെൻ തോട്ടത്തിൽ ആഗതനായി. വൃക്ഷങ്ങളിലൊന്നായ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷപരിധിയിൽ സാത്താന്റെ സ്വാധീനം ദൈവം പരിമിതപ്പെടുത്തിയിരുന്നു. (സാത്താന്റെ സ്വാധീനത, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷപരിധിക്കുള്ളിൽ ദൈവം പരിമിതപ്പെടുത്തിയിരുന്നു.) ഈ വൃക്ഷത്തെക്കുറിച്ച് വളരെയേറെ ബോധവാന്മാരായിരിക്കണമെന്നും, ആ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുതെന്നും, ആ വിലക്കപ്പെട്ട കനി ഭക്ഷിച്ചാൽ മരണം നിശ്ചയമാണെന്നും ആദ്യ ദമ്പതികൾക്ക് ദൈവം മുന്നറിയിപ്പു നല്കിയിരുന്നു.

എന്നാൽ ഒരു ദിവസം ഹവ്വ ചുറ്റി സഞ്ചരിച്ച് വിലക്കപ്പെട്ട കനിയുടെ വൃക്ഷത്തിനരികെ എത്തി. സാത്താൻ അതിവേഗം അവന്റെ വക്രവ്യാപാരവുമായി അവിടെ പ്രത്യക്ഷപ്പെട്ടു. ദൈവം അവളോടു കള്ളം പറഞ്ഞതാണെന്നും, ആ വൃക്ഷഫലം അവൾ കഴിച്ചാൽ മരിക്കയില്ലെന്നും നന്മതിന്മകളെക്കുറിച്ചു അറിവുള്ളവളായിത്തീരുമെന്നും സാത്താൻ അവകാശപ്പെട്ടു. ദുഃഖകരമെന്നേ പറയേണ്ടൂ, നന്മമാത്രം അറിയാമായിരുന്ന ഹവ്വയും പിന്നീട് ആദാമും സാത്താനാൽ വഞ്ചിക്കപ്പെടുന്നതിനായി തങ്ങളെത്തന്നെ അനുവദിച്ചുകൊടുക്കുകയും വിലക്കപ്പെട്ട കനി ഭക്ഷിക്കുകയും ഇങ്ങനെ ദൈവത്തോടു ബന്ധിക്കപ്പെട്ടിരുന്ന അവരുടെ ആശ്രയവും ദൈവത്തോടുള്ള അനുസരണവും വിച്ഛേദിക്കപ്പെട്ടുപോവുകയും ചെയ്തു.

ദൈവത്തിന്റെ സൃഷ്ടികളുടെയെല്ലാം കാര്യവിചാരകന്മാരായി നമ്മുടെ ലോകത്തെ ഭരിപ്പാൻ ദൈവം ആദാമിനേയും ഹവ്വയേയും കുറിച്ചുദ്ദേശിച്ചു (ഉല്പത്തി. 1:26). എന്നാൽ ദൈവത്തിലുള്ള അവരുടെ വിശ്വാസം ഭഞ്ജിക്കയാലും സാത്താനെ അവരുടെ പുതിയ നായകനായി സ്വീകരിക്കയാലും ഈ ആദ്യ ദമ്പതികൾ അവരുടെ അധികാരപരിധി നഷ്ടമാക്കി. ഇന്നീ ലോകം തന്റേതാണെന്നു സാത്താൻ അവകാശപ്പെടുകയും ഭൂമിയിലെ മനുഷ്യരെയെല്ലാം അവന്റെ അടിമകളാക്കുന്നതിന് കഴിവിന്റെ പരമാവധി അവൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

പലപ്പോഴും നാം ചെയ്യരുതെന്നാഗ്രഹിക്കുന്നതിനു വിപരീതമായി സ്വാർത്ഥതയോടെ, അല്ലെങ്കിൽ വളരെ ക്രൂരമായി പ്രവർത്തിക്കാറുണ്ട്. എന്തുകൊണ്ട്? കാരണം, മനുഷ്യർ സാന്മാർഗ്ഗികമായി അധഃപതിക്കുന്നതിനുവേണ്ടി അദൃശ്യശത്രുവായ സാത്താൻ പ്രവർത്തിക്കുന്നു. ഉല്പത്തി 3-ാം അദ്ധ്യായം നിങ്ങൾ വായിക്കുമ്പോൾ, ഭയത്തോടുകൂടി ദൈവത്തിൽനിന്നും മറഞ്ഞിരിക്കുവാൻ ആദാമിനും ഹവ്വയ്ക്കും പാപം ഇടവരുത്തിയതായി നാം ഗ്രഹിക്കും. സൃഷ്ടികളെയെല്ലാം പാപം സ്പർശിച്ചു. പുഷ്പങ്ങളോടൊപ്പം തന്നെ മുള്ളുകളും പ്രത്യക്ഷമായി. വരൾച്ചകൊണ്ട് നിലം തരിശായി, അതിനാൽ അതിലുള്ള അദ്ധ്വാനം ക്ലേശപൂരിതമായി. അസൂയ, വിദ്വേഷം, ആർത്തി എന്നിവ മനുഷ്യന്റെ ദുഃഖം വർദ്ധിപ്പിച്ചു. എല്ലാറ്റിനേക്കാളുമുപരി ഏറ്റവും ഭയാനകമായി പാപത്തോടൊപ്പം മരണവും രംഗപ്രവേശം ചെയ്തു.

## 4. നമ്മുടെ ലോകത്തെ പാപത്താൽ മലീമസമാക്കിയ ഈ സാത്താൻ ആരാകുന്നു?

***"അവൻ ആദി മുതൽ കുലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നിൽക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തുപറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനുമാകുന്നു" യോഹന്നാൻ 8:44.***

ഈ പ്രപഞ്ചത്തിൽ പാപത്തിന്റെ ആരംഭകർത്താവ് പാപത്തിന്റെ ഉല്പാദകനും, ഭോഷ്കിന്റേയും കൊലപാതകത്തിന്റെയും കാരണക്കാരനുമായ സാത്താനാകുന്നു എന്നു യേശുക്രിസ്തു വെളിപ്പെടുത്തുന്നു.

ഒരിക്കൽ മഹാനായ ആംഗ്ലേയ തത്വചിന്തകൻ തോമസ് കാരിൾ, റാൽഫ് വാൾഡോ എമേഴ്സനെ ലണ്ടൻ പട്ടണത്തിന്റെ കിഴക്കെ കോണിലുള്ള വൃത്തികെട്ട തെരുവിലൂടെ കൊണ്ടുപോകുകയുണ്ടായി. അവർ അതിലേ നടന്നു പോകുമ്പോൾ ഹീനവും പൈശാചികവുമായ കൃത്യങ്ങൾ അവർക്കവിടെ വീക്ഷിക്കാൻ സാധിച്ചു. ഇതു കണ്ട കാരിൾ, നിനക്കിപ്പോൾ പൈശാചികനുണ്ടെന്നു വിശ്വസിക്കാനാകുമോ എന്നു എമേഴ്സനോട് ചോദിക്കുകയുണ്ടായി.

## 5. ദൈവം പിശാചിനെ സൃഷ്ടിച്ചുവോ?

ഇല്ല. നല്ലവനായ ഒരു ദൈവം ഒരു പൈശാചികനെ സൃഷ്ടിക്കുകയില്ല. എന്നാൽ വേദപുസ്തകം പ്രസ്താവിക്കുന്നത് സാത്താനും അവനാൽ വഞ്ചിക്കപ്പെട്ട ദൂതന്മാർക്കും സ്വർഗ്ഗത്തിലെ അവരുടെ സ്ഥാനം നഷ്ടമാകുകയും നമ്മുടെ ഭൂമിയിലേക്ക് ഇറങ്ങിവരികയും ചെയ്തിരിക്കുന്നു എന്നാണ്.

***"പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖായേലും അവന്റെ ദൂതന്മരും, മഹാസർപ്പത്തോടു പടവെട്ടി; തന്റെ ദൂതന്മാരമായി മഹാസർപ്പവും പടവെട്ടി. ജയിച്ചില്ലതാനും. സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള ളിക്കളഞ്ഞു; അവന്റെ ദൂതന്മാരേയും അവനോടൊപ്പം തള്ളിക്കളഞ്ഞു"വെളിപ്പാട് 12:7-9.***

സാത്താനെങ്ങനെ സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം ലഭിച്ചു?

***"നീ ചിറകു വിടർത്തു മറെക്കുന്ന കെരുബ് ആകുന്നു; ഞാൻ നിന്നെ വിശുദ്ധദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു; നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചു പോന്നു. നിന്നെ സൃഷ്ടിച്ച നാൾ മുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു" യെഹെസ്കേൽ 28:14,15.***

ദൈസിംഹാസനത്തിനടുത്ത് നിൽക്കുന്നതായി, സ്വർഗ്ഗീയ ദൂതന്മാരിൽ നേതൃത്വനിരയിലുള്ളവരിൽ ഒരുവനായ ലൂസിഫർ എന്ന, സർവ്വതികവോടും കൂടിയ ഒരു ദൂതനെയാണു ദൈവം സൃഷ്ടിച്ചത്. സാത്താനെ ദൈവം സൃഷ്ടിച്ചില്ല. പക്ഷെ പിന്നീടവൻ പാപം ചെയ്തു. "നീതികേട് അവനിൽ കണ്ടു" സ്വർഗ്ഗത്തിൽ നിന്നും നിഷ്കാസിതനാക്കി, പിന്നീടവൻ ആദാമിന്റേയും ഹവ്വയുടേയും സ്നേഹിതനെന്ന ഭാവേന മനുഷ്യവർഗ്ഗത്തിന്റെ മാരക ശത്രുവായിത്തീർന്നു.

## 6. ലൂസിഫർ എന്ന തികവുറ്റ ഈ ദൂതൻ എന്തുകൊണ്ട് പാപം ചെയ്തു?

***"അരുണോദയ പുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തു നിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമ പർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോട് സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്" യെശയ്യാവ് 14: 12-14.***

സാത്താനായി പരിണമിച്ച ഇവൻ ആരംഭത്തിൽ, "ഉദയനക്ഷത്രം" അല്ലെങ്കിൽ "ശോഭിക്കുന്നവൻ" എന്നർത്ഥമുള്ള "ലൂസിഫർ" എന്നു വിളിക്കപ്പെട്ടിരുന്നു. ഈ ദൂതന്റെ അന്തരംഗത്തിൽ ആരാധനയ്ക്കുപകരം ദുരാഗ്രഹവും അർത്ഥശൂന്യതയും സ്ഥാനം പിടിച്ചു. അഹങ്കാരത്തിന്റെ വിത്തു വളർന്ന് ദൈവത്തിന്റെ പദവിയിലെത്താനായി വ്യാമോഹിച്ചു.

മറ്റു സ്വർഗ്ഗീയ ജീവികളേയും തന്റെ വശത്താക്കുന്നതിനു ലൂസിഫർ വളരെ കഠിനമായി യത്നിച്ചുകാണും. തങ്ങൾക്കു നല്കാത്ത ഏതാനും ചിലത് ദൈവം കയ്യടക്കി വെച്ചിരിക്കുന്നെന്നും, ദൈവീകനിയമങ്ങളെല്ലാം അവരെ പലതിൽ നിന്നും വിലക്കുകയാണെന്നും അതുകൊണ്ട് ദൈവം ശ്രദ്ധയില്ലാത്ത സർവ്വ സ്വേച്ഛാധിപതിയാണെന്നും സാത്താന് ആരോപിക്കുവാൻ വളരെ എളുപ്പമായി തോന്നി. സാക്ഷാൽ സ്നേഹം എന്താകുന്നു എന്ന് വിശദീകരിക്കുന്ന സ്വഭാവമുള്ള ആ വലിയവനെക്കുറിച്ചു അവൻ ദുഷ്പ്രചരണം നടത്തി.

സ്വർഗ്ഗത്തിലെ ഈ പോരാട്ടം എപ്രകാരം പരിഹരിക്കപ്പെട്ടു?

***"നിന്റെ സൌന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു, നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി; ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു.."യെഹെസ്കേൽ 28:17.***

അഹങ്കാരം ദൂതന്മാരിൽ പ്രധാനിയായവനെ പിശാച് അല്ലെങ്കിൽ സാത്താനാക്കി മാറ്റി. സമാധാനവും സ്വർഗ്ഗീയ ഐക്യതയും പരിരക്ഷിക്കുന്നതിനുവേണ്ടി അവനേയും അവനോടൊപ്പം മത്സരത്തിൽ പങ്കാളികളായ സ്വർഗ്ഗത്തിലെ മൂന്നിലൊന്നു ദൂതന്മാരേയും പുറംതള്ളേണ്ടതായി വന്നു. വെളിപ്പാട് 12:4, 7-9.

## 7. ആരാകുന്നു പാപത്തിനുത്തരവാദി?

പാപം ചെയ്യാൻ കഴിവില്ലാത്തവരെ ദൈവം സൃഷ്ടിക്കാത്തതെന്തുകൊണ്ട്? അപ്രകാരം ദൈവം ചെയ്തിരുന്നുവെങ്കിൽ, നമ്മുടെ ലോകത്തിൽ പാപത്താലുള്ള പ്രശ്നം ഉണ്ടാകുമായിരുന്നില്ല. അർത്ഥവത്തായ ഒരു ബന്ധം ഉണ്ടാക്കിത്തീർക്കാൻ കഴിവുള്ള മനുഷ്യരെയാണ് ദൈവത്തിനാവശ്യം. അതുകൊണ്ട് "ദൈവം തന്റെ സ്വന്ത സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു" ഉല്പത്തി 1:27. ഇതിന്റെ അർത്ഥമെന്തെന്നാൽ നാം സ്വതന്ത്രരും ഉത്തരവാദിത്വമുള്ളവരുമാകുന്നു എന്നാണ്. ദൈവത്തെ സ്നേഹിക്കുവാനും അവനിൽ നിന്നും പിൻതിരിഞ്ഞു പോകുന്നതിനുമുള്ള പൂർണ്ണ തീരുമാനമെടുക്കാൻ നമുക്കു കഴിയും.

ദൂതൻന്മാർക്കും എല്ലാ തലമുറയിലുള്ള മനുഷ്യജീവികൾക്കും,ഒരാത്മീക പ്രകൃതിയും യഥാർത്ഥ തിരഞ്ഞെടുപ്പിനുള്ള കഴിവും ദൈവം കൊടുത്തു.

***"നിങ്ങൾ ആരെ സേവിക്കുമെന്ന് നിങ്ങൾ തന്നെ സ്വയം തീരുമാനിച്ചുകൊൾവിൻ" യോശുവ 24:15.***

"ദൈവത്തിന്റെ മാർഗ്ഗം അത്യുന്നതമാകുന്നു" എന്ന് ശോധന ചെയ്തറിയാനുള്ള കഴിവ് അവർക്കുള്ളതുകൊണ്ട് നന്മ ചെയ്യുന്നത് തിരഞ്ഞെടുക്കുന്നതിനു തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചവരെ ദൈവം ആഹ്വാനം ചെയ്യുന്നു. അനുസരണക്കേടിന്റേയും പാപത്തിന്റേയും അനന്തര ഫലമെന്തായിരിക്കുമെന്ന് ചിന്തിക്കുവാനുള്ള കഴിവുകൾ അവർക്കു മുന്നറിയിപ്പ് നൽകുന്നതുകൊണ്ട് തെറ്റിൽ നിന്നും അവർ അകന്നു മാറുന്നു.

ചിന്തിക്കുവാനും തിരഞ്ഞെടുക്കുവാനും കഴിവുള്ളവർക്കു മാത്രമേ യഥാർത്ഥ സ്നേഹം അനുഭവമാക്കാൻ കഴിയൂ. ദൈവത്തിന്റെ സ്വഭാവത്തെ പ്രകീർത്തിക്കുന്നതിനും, അതിൽ കേന്ദ്രീകരിക്കുന്നതിനും, സ്നേഹത്തോടുകൂടി സ്വതന്ത്രമായി പ്രതികരിക്കുന്നതിനും മറ്റുള്ളവർക്കായുള്ള സ്നേഹത്താൽ നിറയപ്പെടാനും കഴിവുള്ള വ്യക്തികളെ സൃഷ്ടിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. തന്റെ സ്നേഹം അത്യധികം നൽകുന്നതിനുവേണ്ടിയാണു തിരഞ്ഞെടുക്കുവാൻ കഴിവുള്ള മാലാഖമാരെയും മനുഷ്യരേയും സൃഷ്ടിക്കുക എന്ന പരമമായ ഒരു ക്രിയയ്ക്കായി ദൈവം ആഗ്രഹിച്ചത്. തന്നെ സേവിക്കുന്നത് ഉപേക്ഷിക്കുകയായിരിക്കും തന്റെ സൃഷ്ടികളിലൊരാൾ തിരഞ്ഞെടുക്കാൻ സാദ്ധ്യതയെന്ന് താൻ അറിഞ്ഞിരിന്നു. ആ ഭയാനകമായ തിരഞ്ഞെടുപ്പ് പ്രപഞ്ചത്തിലാദ്യമായി എടുത്തത് പിശാചായിരുന്നു. അവനോടൊപ്പം പാപത്തിന്റെ

ദാരുണാവസ്ഥ ആരംഭിച്ചു (യോഹ. 8:44; 1 യോഹ.3:8).

## 8. കുരിശ് പാപത്തിനറുതി സാദ്ധ്യമാക്കുന്നു

എന്തുകൊണ്ട് ദൈവം ലൂസിഫറിനെ അവന്റെ പാപ രോഗം പടരുന്നതിനുമുമ്പ് നശിപ്പിച്ചില്ല? ദൈവീക ഭരണകൂടത്തിന്റെ നീതീയെപ്പറ്റി ലൂസിഫർ വെല്ലുവിളിച്ചിരുന്നു. ദൈവത്തെക്കുറിച്ച് അനേകം കുപ്രചരണങ്ങൾ അവൻ നടത്തി. ലൂസിഫറിനെ ഉടൻ നശിപ്പിച്ചിരുന്നെങ്കിൽ ദൂതന്മാർ ദൈവത്തെ സ്നേഹിക്കുന്നതിനേക്കാൾ ഉപരിയായി ഭയചികിതരായി സേവിക്കുമായിരുന്നു. ഇതുകൊണ്ട് ദൈവം ആരംഭത്തിൽ തന്റെ സൃഷ്ടികളെ തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യത്തോടെ സൃഷ്ടിച്ചതിലുള്ള ഉദ്ദേശത്തെ പരാജയപ്പെടുത്തുമായിരുന്നു.

ദൈവത്തിന്റെ വഴി അതിശ്രേഷ്ഠമെന്നു ഒരാൾ യഥാർത്ഥത്തിൽ മനസ്സിലാക്കുന്നതെങ്ങനെ? സാത്താന്റെ വിക്രിയ വെളിപ്പെടുത്തുന്നതിനൊരവസരം ദൈവം അവനു നല്കി. അതുകൊണ്ടാണ് ആദാമിനേയും ഹവ്വയേയും പരീക്ഷിക്കുന്നതിനുള്ള ഒരു സന്ദർഭം നൽകിയത്. സാത്താന്റെ സ്വഭാവവും അവന്റെ സാമ്രാജ്യത്തിന്റെ രീതിയും, ദൈവത്തിന്റെ സ്വഭാവത്തോടും തന്റെ സ്വർഗ്ഗീയ ഭരണത്തോടും കടകവിരുദ്ധമാണെന്നു പരീക്ഷിച്ചറിയുന്നതിനുള്ള ഒരു മത്സരക്കളമായി ഈ ഭൂഗോളം തീർന്നിരിക്കുന്നു. സത്യം ആരിൽ കുടികൊള്ളുന്നു? ആത്യന്തികമായി നമുക്കാരിൽ ആശ്രയിക്കാനാകും? ലൂസിഫർ ഏറെ കൗശല പൂർണ്ണനായിരിക്കയാൽ, യഥാർത്ഥത്തിൽ അവന്റെ ഇതര മാർഗ്ഗങ്ങൾ എത്ര മാത്രം ആപൽക്കരമാണെന്നു പ്രപഞ്ചസൃഷ്ടികൾക്കു ബോദ്ധ്യമാകാൻ വളരെക്കാലമെടുക്കേണ്ടിവരുന്നു. എന്നാൽ ഒടുവിൽ സകലരും "പാപത്തിന്റെ ശമ്പളം മരണമാണെന്നും" ക്രിസ്തുയേശുവിൽ ദൈവത്തിന്റെ ദാനം "നിത്യജീവനാണെന്നും" കാണും. റോമർ 6:23.

***"അവർ ദൈവത്തിന്റെ ദാസനായ മോശയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാടി ചൊല്ലിയത്: സർവ്വ ശക്തിയുള്ള ദൈവമായ കർത്താവേ, നിന്റെ പ്രവൃത്തികൾ വലുതും അത്ഭുതവുമായവ; സർവ്വ ജാതികളുടേയും രാജാവേ, നിന്റെ വഴികൾ നീതീയും സത്യവുമുള്ളവ. കർത്താവേ, ആർ നിന്റെ നാമത്തെ ഭയപ്പെടാതെയും മഹത്വപ്പെടുത്താതെയും ഇരിക്കും? നീയല്ലോ ഏക പരിശുദ്ധൻ; നിന്റെ ന്യായവിധികൾ വിളങ്ങിവന്നതിനാൽ സകല ജാതികളും വന്ന് തിരു സന്നിധിയിൽ നമസ്കരിക്കും" വെളിപ്പാട് 15:3,4*** എന്നു സൃഷ്ടികളെല്ലാം അപ്പോൾ ഒരുപോലെ സമ്മതിക്കും.

പാപത്തിന്റെ ഭയാനകമായ മാരകത്വത്തേയും നശീകരണ പ്രകൃതത്തോടുകൂടിയ സാത്താന്റെ തത്വശാസ്ത്രത്തേയും കുറിച്ച് സകലർക്കും ഉത്തമബോദ്ധ്യമായതിനു ശേഷം ദൈവത്തിനു സാത്താനേയും പാപത്തേയും നിർമ്മൂലമാക്കാനാകും. ദൈവത്തിന്റെ കൃപയ്ക്കെതിരേ മത്സരിച്ചവരേയും സാത്താന്റെ വക്രതയ്ക്കനുകൂലമായി നിന്നവരേയുംകൂടെ തനിക്ക് നിർമ്മൂലമാക്കേണ്ടതായിട്ടുണ്ട്.

പാപത്തിന്റെ പ്രശ്നങ്ങളും കഷ്ടതകളും പരിഹരിക്കുന്നതിനായി ദൈവം പ്രവർത്തിക്കണമെന്ന് നാം അത്യന്തം അഭിലഷിച്ചതുപോലെ ദൈവം നീതി നടത്തുകതന്നെ ചെയ്യുന്നവനാണ്. എന്നാൽ തനിക്കതു എന്നെന്നേക്കുമായി സാദ്ധ്യമാകുന്നതുവരെ നമ്മുടെ മനസ്സാക്ഷി സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനും ഇനി ഒരിക്കലും പാപം വീണ്ടും പ്രത്യക്ഷമാകാതിരിക്കുന്നതിനുമായി ദൈവം കാത്തിരിക്കുന്നു.

ആകാശവും ഭൂമിയും അഗ്നിയാൽ ശുദ്ധീകരിച്ചുകൊണ്ട് പാപത്തെ എന്നെന്നേക്കുമായി തുടച്ചു മാറ്റുമെന്നു ദൈവം വാഗ്ദത്തം ചെയ്തിട്ടുണ്ട്...."എന്നാൽ നാം അവന്റെ വാഗ്ദത്തെപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു." 2 പത്രൊസ് 3:10,13. പിന്നീടൊരിക്കലും പാപം ഈ പ്രപഞ്ചത്തെ സ്പർശിക്കുകയില്ല. പാപത്തിന്റെ തിക്തഫലം വളരെ വ്യക്തമാകുന്നതുകൊണ്ട് ദൈവത്തോടുള്ള അനുസരണക്കേട് നിത്യതയോളം വെറുപ്പുളവാക്കുന്നതായിരിക്കും. പിശചിന്റേയും പാപത്തിന്റേയും പരിപൂർണ്ണ നാശം ആരാൽ സാദ്ധ്യമാകും?

***"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു." എബ്രായർ 2:14,15.***

ഒരു വഞ്ചകനും, കള്ളനും കൊലപാതകനുമായിരുന്നു സാത്താൻ എന്ന യാഥാർത്ഥ്യം സകല ദൂതന്മാരും, വീഴ്ച ഭവിച്ച ലോകവും ക്രൂശിൽ കണ്ടു. നിർദ്ദോഷിയായ ദൈവപുത്രനെ തകർക്കുവാൻ മനുഷ്യവർഗ്ഗത്തെ പ്രേരിപ്പിച്ചുകൊണ്ട് അവന്റെ തനിസ്വഭാവം അവനവിടെ വെളിപ്പെടുത്തി. എത്രമാത്രം നിഷ്ഠൂരവും ബുദ്ധിശൂന്യവുമാണ് പാപമെന്ന് പ്രപഞ്ചവാസികളെല്ലാം കണ്ടു. കാൽവരിക്കുരിശ് സാത്താന്യലക്ഷ്യങ്ങൾ അനാവരണം ചെയ്തു. പാപത്തിൽ അഴിഞ്ഞാടുന്നവരെയും പിശാചിനേയും ദൈവം നശിപ്പിക്കുമ്പോൾ സകലരും അവൻ നീതിമാനാണെന്ന് സാക്ഷ്യപ്പെടുത്തും.

യേശുവിന്റെ കുരിശിലെ മരണം സാത്താന്റെ യഥാർത്ഥ ഉദ്ദേശം സകല സൃഷ്ടികളുടെയും മുമ്പിൽ തുറന്നുകാട്ടി (യോഹന്നാൻ 12:31,32). ക്രിസ്തു എന്താകുന്നു എന്നും ക്രൂശ് വെളിപ്പെടുത്തി - അവൻ ലോകരക്ഷകൻ. അധികാരമോഹത്തിനെതിരേയുള്ള തികഞ്ഞ വൈപരീത്യമായി സ്നേഹത്തിന്റെ ശക്തി ഗൊൽഗോഥായിൽ നിലകൊണ്ടു. സാത്താനോടും പാപത്തോടും പാപത്തിനധീനരായ സ്ത്രീപുരുഷന്മാരോടുമുള്ള ദൈവത്തിന്റെ എല്ലാ ഇടപാടുകളും സ്വയത്യാഗസ്നേഹത്താൽ പ്രേരിതമാണെന്ന് കുരിശ് എല്ലാ സംശയങ്ങൾക്കും അപ്പുറമായി വെളിപ്പെടുത്തി.

ക്രിസ്തു ക്രൂശിൽ അഭംഗുരം വെളിപ്പെടുത്തിയ ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹം പിശാചിനെ പരിതാപകരമായി പരാജയപ്പെടുത്തി. ക്രിസ്തുവോ അതോ സാത്താനോ ആർ ഈ ലോകത്തെ ഭരിക്കും എന്ന പോരാട്ടം അവസാനിച്ചിരിക്കുന്നു. എന്നെന്നേക്കുമായി കുരിശ് അത് പരിഹരിച്ചു. എല്ലാറ്റിനും മീതെ ക്രിസ്തുതന്നെ. "തന്റെ അവർണ്ണനീയവും അനശ്വരവുമായ സ്നേഹം വെളിപ്പെടുത്തുവാനായി മരിച്ചവനായ രക്ഷിതാവിനോടുള്ള ഒരു ബന്ധം നിങ്ങൾ കണ്ടെത്തിയോ? പാപത്തിന്റെ അനന്തരഫലത്തിൽ നിന്നും നമ്മെ രക്ഷിക്കുന്നതിന്, നമ്മുടെ ഭൂമിയിൽ ഒരു മർത്യനായി കടന്നു വന്നു. നാം മരിക്കേണ്ട സ്ഥാനത്ത് നമുക്കായി മരിച്ചവനെക്കുറിച്ച് നിങ്ങൾക്കെന്തു തോന്നുന്നു? ഈ അവസരത്തിൽത്തന്നെ നിങ്ങളുടെ തലകുനിച്ച് യേശുവിനു നന്ദിയർപ്പിച്ച്, നിങ്ങളുടെ ജീവിതത്തിൽ അവൻ കർത്തൃത്വം എടുക്കുന്നതിനായി തന്നോടപേക്ഷിക്കുമോ?"

# കണ്ടെത്തുക



## എന്റെ ജീവിതം യഥാർത്ഥത്തിൽ ദൈവത്തിനു വിലയേറിയതാണോ?

***ശരിയായ പ്രസ്താവനകൾക്കു നേരെ ശരി എന്നും തെറ്റാണെങ്കിൽ തെറ്റ് എന്നും എഴുതുക***

1. _______ സൃഷ്ടിപ്പിൻ സമയത്ത് ഉളവാകട്ടെ എന്നു ദൈവം കല്പിക്കുകയും അങ്ങനെ സംഭവിക്കുകയും ചെയ്തു.

***ശരിയായ പ്രസ്താവനകൾക്കു നേരെ X എന്ന അടയാളമിടുക***

2. _______ സൃഷ്ടിപ്പിൻ വാരത്തിന്റെ 6-ാം ദിവസം ദൈവം ആദാമിനേയും ഹവ്വയേയും സൃഷ്ടിച്ചു.

_______ ഓരോ മനുഷ്യനും ദൈവത്തിന്റെ സ്വരുപത്തിലും സാദൃശ്യപ്രകാരവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

_______ വെള്ളംകൊണ്ടു ദൈവം ആദാമിന്റെ ശരീരം നിർമ്മിച്ചു.

3. _______ സമ്പൂർണ്ണതയുള്ള ഒരു ലോകത്തിൽ ദൈവം ആദാമിനേയും ഹവ്വയേയും പാർപ്പിച്ചു.

_______ നന്മതിന്മകളുടെ വൃക്ഷഫലം തിന്നാൽ നിങ്ങൾ ബുദ്ധിയുള്ളവരാകുമെന്ന് ദൈവം ആദാം-ഹവ്വമാരോടു പറഞ്ഞു.

_______ ദൈവസന്നിധിയിൽ നിന്ന് തങ്ങളുടെ പാപം നിമിത്തം അവർ ഒളിച്ചു കളഞ്ഞു.

_______ തങ്ങളുടെ സൃഷ്ടിതാവിനോട് അനുസരണക്കേടു കാണിക്കുന്നതിനു പിശാചു ആദാമിനേയും ഹവ്വയേയും പരീക്ഷിച്ചു.

_______ വിലക്കപ്പെട്ട കനി ആദാം തിന്നശേഷം ഹവ്വയ്ക്കും കൊടുത്തു.

_______ ആദാമിനേയും ഹവ്വയേയും പരീക്ഷിച്ചു പാപത്തിൽ വീഴ്ത്തിയശേഷം പിശാച് ഈ ലോകത്തിന്റെ നിയന്ത്രണം അവരിൽ നിന്നെടുത്തു തന്റേതാക്കിത്തീർത്തു.

**ശരി/തെറ്റ്**

_______ പാപത്തിന്റെ ഉത്ഭവം പിശാചിൽ നിന്നാണ്

_______ ഒരു ദുഷ്ടലോകത്തെ ദൈവം സൃഷ്ടിച്ചു.

_______ പൂർണ്ണതയുള്ള മാലാഖയായ ലൂസിഫറിനെ ദൈവം സൃഷ്ടിച്ചു. ദൈവത്തോടു അസൂയപ്പെട്ട അവൻ തന്നെത്താൻ പിശാച് ആയി മാറി.

_______ സ്വർഗ്ഗത്തിൽ നിന്നും തള്ളപ്പെട്ട പിശാച് പുതുതായി സൃഷ്ടിക്കപ്പെട്ടിരുന്ന നമ്മുടെ ലോകത്തിൽ വന്നു.

_______ പാപം ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ ഉള്ള തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യത്തോടുകൂടെ ദൈവം മനുഷ്യനെ സൃഷ്ടിച്ചു.

_______ ദൈവത്തിന്റെ സ്നേഹസ്വഭാവം ക്രൂശിൽ ക്രിസ്തു പ്രകടമാക്കി.

**ചിന്താവിഷയം : *ഇപ്പോൾ നിങ്ങളുടെ ജീവിതത്തെ ആര് ഭരിക്കുന്നു? ----- സമാധാനപ്രഭുവായ ക്രിസ്തുവോ, കഷ്ടപ്പാട്, കലഹം, മരണം എന്നിവയുടെ ഉടമയായ സാത്താനോ?***

# കണ്ടെത്തുക

## പഠനസഹായി 4

# നിങ്ങൾക്കുള്ള ജീവിത പദ്ധതി

**ഞാ**ൻ എന്തുകൊണ്ട് യേശുവിൽ വിശ്വസിക്കുന്നു എന്ന വിഷയത്തെക്കുറിച്ച് ഒരു സുവിശേഷകൻ പ്രസംഗിച്ചുകഴിഞ്ഞപ്പോൾ മാന്യമായി വസ്ത്രം ധരിച്ചിരുന്ന ഒരു മനുഷ്യൻ സുവിശേഷകന്റെ പഠന ക്ലാസ്സിൽ കടന്നുചെന്ന് ഇങ്ങനെ പ്രസ്താവിച്ചു: ''നിങ്ങളുടെ ഇന്നത്തെ പ്രസംഗം വളരെ രസകരമായിരുന്നു. എന്നാൽ ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾ പറഞ്ഞതെല്ലാം വേദപുസ്തകത്തിൽ നിന്നുമായിരുന്നല്ലോ. എപ്പോഴെങ്കിലും യേശു ഈ ഭൂമിയിൽ ജീവിച്ചിട്ടുണ്ടോ? എന്തുകൊണ്ട് ചരിത്രം അവനെക്കുറിച്ച് പരാമർശിക്കുന്നില്ല?"

സുവിശേഷകൻ തിരിഞ്ഞ് ചില പുസ്തകങ്ങൾ എടുത്തതിനോടൊപ്പം,"അത് ഒരു നല്ല ചോദ്യമാണ്," "എന്നാൽ വസ്തുനിഷ്ഠമായി ചരിത്രം ക്രിസ്തുവിനെക്കുറിച്ച് പറയുന്നല്ലോ" എന്ന് മറുപടി പറഞ്ഞു.

"എനിക്ക് അത് കാണണം"എന്ന് ആ യുവാവ് മറുപടിയായി പറഞ്ഞു. അതിന് സുവിശേഷകൻ ഇപ്രകാരം പറഞ്ഞു:

"പഴയ ഏഷ്യാമൈനറിലെ ഒരു പ്രവിശ്യയായ ബിഥിന്യയിൽ ഭരണാധികാരിയായിരുന്ന പ്ലീനി ദിയംഗറിന്റെ കത്തുകളുടെ പത്താം പുസ്തകത്തിൽ 97-ാം കത്തിൽ നോക്കുക. പ്ലീനി റോമാ ചക്രവർത്തിയായ ട്രാജന് തന്റെ പ്രവിശ്യയിലെ സംഭവങ്ങളെക്കുറിച്ച് എഴുതിയതാണ് ഈ കത്ത്. ഇവിടെ, ഒരു പുതിയ വിഭാഗക്കാരായ ഈ ക്രിസ്ത്യാനികളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഉപദേശം ചോദിക്കുന്നു. അവരുടെ പെട്ടെന്നുള്ള വളർച്ചയേയും നേതാവായ ക്രിസ്തുവിനെക്കുറിച്ചുള്ള പാട്ടുകൾ എങ്ങനെ രചിക്കുകയും പാടുകയും ചെയ്യുന്നു എന്നതിനെക്കുറിച്ചും പറയുന്നു. ഏകദേശം എ.ഡി.110-ലാണ് പ്ലീനി തന്റെ കത്തയച്ചത്. ക്രിസ്തു എന്ന ഈ മനുഷ്യനെക്കുറിച്ചുള്ള തെളിവുകളും അവന്റെ ശിഷ്യന്മാരുടെകാലത്ത് അവനിലുള്ള വിശ്വാസം എങ്ങനെ വ്യാപിച്ചു എന്നതും പ്ലീനി വിശദീകരിക്കുന്നു."

"എനിക്ക് കൂടുതലായി പറഞ്ഞു തരിക" എന്ന് ആ യുവാവ് ആശ്ചര്യത്തോടെ പറഞ്ഞു.

സുവിശേഷകൻ മറ്റൊരു പുസ്തകം നോക്കുന്നതിനിടയിൽ ടാസിറ്റസ് (Tacitus) പ്ലീനിയുടെ സമകാലികനായിരുന്നു എന്നുകൂടെ പറഞ്ഞു. അദ്ദേഹത്തിന്റെ എഴുത്തുകളിൽ (പുസ്തകം 15, അദ്ധ്യായം 44), റോം എരിഞ്ഞുകൊണ്ടിരുന്ന സമയത്ത് ക്രിസ്ത്യാനികളുടെമേലുള്ള നീറോ ചക്രവർത്തിയുടെ വെറുപ്പിനേയും പീഡനത്തേയുംകുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു."ക്രിസ്തു" എന്ന പേരിൽ നിന്നുമാണ് "ക്രിസ്ത്യാനി" എന്ന പദം ഉണ്ടായതെന്ന് ടാസിറ്റസ് വിശദമാക്കുന്നു. തിബര്യാസ് ചക്രവർത്തിയുടെ കാലത്ത് യെഹൂദ്യയിലെ ദേശാധിപതിയായിരുന്ന പൊന്തിയസ് പീലാത്തൊസ് ക്രിസ്തീയ മതസ്ഥാപകനായിരുന്ന ക്രിസ്തുവിനെ കൊല ചെയ്തു യെന്ന് അദ്ദേഹം പരാമർശിച്ചിരിക്കുന്നു. ടാസിറ്റസ് കൊടുക്കുന്ന ഈ വിശദീകരണങ്ങളെല്ലാംതന്നെ വേദപുസ്തകത്തിൽ കൊടുത്തിരിക്കുന്ന സംഭവങ്ങൾ, പേരുകൾ,സ്ഥലങ്ങൾ എന്നിവയുമായി ഒത്തുവരുന്നു.

"പാസ്റ്ററേ, അങ്ങനെയുള്ള കാര്യങ്ങൾ ലോകചരിത്രത്തിലുണ്ടെന്നുള്ളത് ഞാൻ അറിഞ്ഞിരിന്നതേയില്ല" എന്ന് സന്ദർശകൻ ആശ്ചര്യത്തോടെ പറഞ്ഞു.

അപ്പോഴേക്കും ക്രിസ്ത്യാനിത്വം ഒരു നിർബ്ബന്ധമതമായി കരുതപ്പെട്ടിരുന്നുയെന്ന് ക്രിസ്ത്യാനികളെ പരാമർശിച്ചു കൊണ്ട് എ.ഡി.180-ൽ സെൽസസ് എഴുതിയെന്ന് മനസ്സിലാക്കണമെന്നും ശുശ്രൂഷകൻ കൂട്ടിച്ചേർത്തു.

ഇപ്പോഴും നിങ്ങൾക്ക് സംശയമെങ്കിൽ ഈ മതേതര പുസ്തകങ്ങൾ പോലെതന്നെയാണ് നാല് സുവിശേഷങ്ങളുമെന്ന് ഓർക്കുക.

തിരുവെഴുത്തുകളും മതേതര ചരിത്രരേഖകളും യേശു ഒരു മനുഷ്യനായി ലോകത്തിൽ ജീവിച്ചു എന്ന് സമ്മതിക്കുന്നതുകൊണ്ട് ക്രിസ്തു ഒരു യാഥാർത്ഥ്യവും ചരിത്രപുരുഷനുമാണെന്ന് ആ സന്ദർശകന് ബോധ്യമായതിനുശേഷമാണ് മടങ്ങിയത്.

### *1. ക്രിസ്തു നിത്യനാണ്*

വെറും ഒരു നല്ല മനുഷ്യനല്ല യേശു; അവൻ ദൈവവും കൂടിയാണ്. അവന്റെ ദിവ്യത്വത്തെക്കുറിച്ച് അവൻ തന്നെ എന്ത് അവകാശവാദമാണ് ഉന്നയിച്ചിരിക്കുന്നത് എന്ന് നോക്കാം.

***"നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടുമിരിക്കുന്നു..... എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു." യോഹ.14:7-9.***

ദൈവം ആരാണ്? അവൻ എന്തിനെപ്പോലെയിരിക്കുന്നു? എന്നീ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കണമെങ്കിൽ ***"ഞാനും പിതാവും ഒന്നാകുന്നു"*** (യോഹ.10:30) എന്നു

പ്രഖ്യാപിച്ച യേശുവിനെ നോക്കുക.

പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും നിത്യത മുതൽ ഒരുമിച്ചുള്ളവരാണ് (എബ്രാ. 1:8). യേശു പിതാവിനോടൊത്തൊരുമിച്ച് അല്ലാതിരുന്ന സമയം ഉണ്ടായിട്ടില്ല, യേശു ഭൂമിയിലായിരുന്നപ്പോൾ ഓരോരുത്തരുടെമേലും താൻ പ്രദർശിപ്പിച്ച അതേ സ്നേഹവും കരുതലും പിതാവ് പങ്കുവെയ്ക്കുന്നു.

## *2. ചരിത്രത്തിന്റേയും പ്രവചനത്തിന്റേയും കേന്ദ്രം ക്രിസ്തുവാണ്*

ക്രിസ്തുവിന്റെ ജീവചരിത്രം പ്രവചന നിറവേറലായതുകൊണ്ട് അവന്റെ ജീവചരിത്രം തന്റെ ജനനത്തിനു മുമ്പേ എഴുതപ്പെട്ടു. ക്രിസ്തുവിന്റെ ജീവിതം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ചുള്ള ഒരു പൂർണ്ണരേഖ പഴയനിയമ പ്രവചനങ്ങൾ മുൻകൂട്ടിത്തന്നിരിക്കുന്നു. അവന്റെ ജീവചരിത്രം ഒരു നിറവേറലായി പറയപ്പെട്ടിരിക്കുന്നതാണ് പുതിയ നിയമം.

ക്രിസ്തുവിന്റെ ജനനത്തിനു മുമ്പ് അഞ്ഞൂറുമുതൽ ആയിരത്തി അഞ്ഞൂറ് വർഷങ്ങൾവരെ ജീവിച്ചിരുന്ന പഴയനിയമ പ്രവാചകന്മാർ മശീഹയുടെ ജീവിതത്തെക്കുറിച്ച് വ്യക്തമായ അനേക പ്രവചനങ്ങൾ നൽകിയിട്ടുണ്ട്. ക്രിസ്തുവിന്റെ ഭൗമിക ശുശ്രൂഷയുടെ ആരംഭത്തിൽ തന്റെ ശുശ്രൂഷയുടെ പഴയനിയമ പ്രവചനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയപ്പോൾ അവർ എന്ത് നിഗമനത്തിലാണെത്തിയത്?

***"ന്യാപ്രമാണത്തിൽ മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരിക്കുന്നു; അവൻ യോസേഫിന്റെ പുത്രനായ യേശു എന്ന നസറെത്തുകാരൻ തന്നെ" യോഹ. 1:45***

നമ്മുടെ രക്ഷകൻ തന്റെ അടയാളം സ്ഥിരീകരിക്കുവാൻ നിറവേറിയ പ്രവചനങ്ങളാണ് ഉദ്ധരിച്ചത്.

***......"മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു" ലൂക്കൊ. 24:25-27.***

യേശു വാഗ്ദത്ത മശീഹയാണെന്നുള്ളതിന് തക്കതായ തെളിവ് നിറവേറിയ പ്രവചനങ്ങൾ നൽകുന്നു.

## *3. ക്രിസ്തുവിന്റെ ജീവിതം ഒരു പ്രവചന നിറവേറൽ*

പഴയനിയമത്തിലുള്ള ഈ ചില പ്രവചനങ്ങൾ പുതിയ നിയമത്തിൽ നിറവേറിയത് നമുക്ക് പരിശോധിക്കാം.

**അവന്റെ ജനനസ്ഥലം**

പഴയനിയമ പ്രവചനം:

***"നീയോ ബേത്ത്ലേഹം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിനു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽ നിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ." മീഖാ. 5:2.***

പുതിയ നിയമ നിറവേൽ:

***"യേശു യെഹൂദ്യയിലെ <u>ബേത്ത്ലേഹെമിൽ ജനിച്ചു."</u> മത്തായി. 2:1***

**കന്യകയിലുള്ള അവന്റെ ജനനം**

പഴയനിയമ പ്രവചനം:

***"<u>കന്യക</u> ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ (ദൈവം നമ്മോടുകൂടെ) എന്നു പേർവിളിക്കും." യെശ. 7:14.***

പുതിയനിയമ നിറവേറൽ:

***"ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ടാ; <u>അവളിൽ ഉല്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു.</u> അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ട് നീ അവന്നു യേശു (കർത്താവു രക്ഷിക്കുന്നു) എന്നു പേർ ഇടേണം." മത്താ. 1:20-23.***

**യെഹൂദയുടെ ഗോത്രത്തിൽ നിന്നുമുള്ള അവന്റെ വംശപരമ്പര**

പഴയനിയമ പ്രവചനം:

***"അവകാശമുള്ളവൻ വരുവോളം <u>ചെങ്കോൽ യെഹൂദയിൽ നിന്നും .....നീങ്ങിപ്പോകയില്ല"</u>***

**ഉല്പ. 49:10.**

പുതിയനിയമ നിറവേറൽ:

***<u>"യെഹൂദയിൽ നിന്നു നമ്മുടെ കർത്താവ് ഉദിച്ചു</u> എന്നു സ്പഷ്ടമല്ലോ" എബ്രാ 7:14***

**അവന്റെ പരിത്യജിക്കപ്പെടൽ**

പഴയനിയമ പ്രവചനം:

***"അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും <u>ത്യജിക്കപ്പെട്ടും ഇരുന്നു"</u> യെശ. 53:3***

പുതിയനിയമ നിറവേറൽ:

***"അവൻ സ്വന്തത്തിലേക്കു വന്നു; <u>സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല"</u> യോഹ. 1:11***

**അവന്റെ ഒറ്റിക്കൊടുക്കലും കൂലിയും**

പഴയനിയമ പ്രവചനം:

***"ഞാൻ വിശ്വസിച്ചവനും എന്റെ അപ്പം തിന്നവനുമായ <u>എന്റെ പ്രാണസ്നേഹിതൻ</u> പോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു" സങ്കീ. 41:9.***

***''നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ എന്റെ കൂലി തരുവിൻ; ഇല്ലെന്നുവരികിൽ തരേണ്ട; അങ്ങനെ അവർ എന്റെ കൂലിയായി <u>മുപ്പതു വെള്ളിക്കാശ് തൂക്കിത്തന്നു</u>" സെഖ. 11:12.***

പുതിയനിയമ നിറവേറൽ:

***''അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഈസ്കര്യോത്താവു മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്നു: നിങ്ങൾ എന്തു തരും? ഞാൻ അവനെ കാണിച്ചു തരാം. അവർ അവന്നു <u>മുപ്പതു വെള്ളിക്കാശു</u> തൂക്കികൊടുത്തു" മത്തായി. 26:14,15.***

**അവന്റെ മരണം ഒരു കുരിശിൽ**

പഴയനിയമ പ്രവചനം:

***"അവർ എന്റെ <u>കൈകളെയും കാലുകളെയും തുളെച്ചു</u>" സങ്കീ. 22:16.***

പുതിയനിയമ നിറവേറൽ:

***"തലയോടിടം എന്ന സ്ഥലത്തു എത്തിയപ്പോൾ അവർ അവിടെ <u>അവനെ ക്രൂശിച്ചു"</u> ലൂക്കൊ.23:33 (യോഹ.20:25 കൂടെ കാണുക).***

**കല്ലറിയിൽ നിന്നുള്ള അവന്റെ വിടുതൽ**

പഴയനിയമ പ്രവചനം:

***<u>"നീ എന്റെ പ്രണനെ പാതാളത്തിൽ വിടുകയില്ല;</u>***

***നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കയുമില്ല. സങ്കീ. 16:10.***

പുതിയനിയമ നിറവേറൽ :

***''അവനെ പാതാളത്തിൽ വിട്ട്കളഞ്ഞില്ല'' അവന്റെ ജഡം ദ്രവത്വം കണ്ടതുമില്ല എന്ന് ക്രിസ്തുവിന്റെ പുനരുത്ഥാനം മുമ്പുകൂട്ടി കണ്ടു പ്രസ്താവിച്ചു" അപ്പൊ.പ്ര.2:31,32..***

മുൻകൂട്ടി പറയപ്പെട്ടിരിക്കുന്ന ഏതാനും ചില കാര്യങ്ങൾ ഒത്തുവരത്തക്കവിധം യേശു വെറുതേ ഉണ്ടായതല്ലെന്നതിനു തെളിവുകൾ ശക്തമാണ്. അമാനുഷിക മാധ്യമങ്ങളാൽ മുൻകൂട്ടി എഴുതപ്പെട്ടതാണ് അവന്റെ ജീവചരിത്രം. സത്യമായും യേശു ദൈവപുത്രനാണ്.

ഈ തെളിവുകൾ കണ്ടതിനുശേഷം നമ്മുടെ ജീവിതത്തിൽ കർത്താവ് ആരാകുവാൻ പോകുന്നു എന്ന ഒരു തീരുമാനം പ്രാർത്ഥനയോടെ എടുക്കേണ്ടതാണ്. അങ്ങനെ ഒരു തീരുമാനം നിങ്ങൾ ഇതുവരെ എടുത്തിട്ടില്ലെങ്കിൽ, നിങ്ങളുടെ ജീവിതത്തെ യേശുവിന്റെ കരങ്ങളിൽ സമർപ്പിക്കുമോ?

## *4. ദൈവം രൂപം കൊടുത്ത ഒരു ജീവിതം*

ദൈവം തന്നെ രൂപം കൊടുത്ത ഒരു പദ്ധതിയനുസരിച്ചാണ് യേശു ജീവിച്ചത്. അത് അവന്റെ ജനനത്തിനു നൂറ്റാണ്ടുകൾക്കു മുമ്പ് രൂപം ചെയ്യപ്പെട്ടതുമാണ്. ദൈവനടത്തിപ്പിന്മേൽ അവൻ എപ്പോഴും ബോധവാനായിരുന്നു.

ക്രിസ്തു പറഞ്ഞു:

***"ഞാൻ സ്വയമായിട്ടൊന്നും ചെയ്യാതെ പിതാവു എനിക്കു ഉപദേശിച്ചുതന്നതുപോലെ ഇതു സംസാരിക്കുന്നു... ഞാൻ എല്ലായ്പോഴും ഉപദേശിച്ചുതന്നതുപോലെ അവനു പ്രസാദമുള്ളതു ചെയ്യുന്നു" യോഹ. 8:28,29.***

യേശുവിന്റെ ജനനത്തിനുമുമ്പുതന്നെ അവന്റെ ഇഹലോകജീവിതത്തിന് ദൈവം രൂപം കൊടുത്തതുപോലെ ഓരോ മനുഷ്യന്റെമേലും ദൈവത്തിന് ഒരു പദ്ധതിയുണ്ട്. എങ്ങനെ നമ്മുടെ ആഗ്രഹങ്ങളെ സഫലീകരിക്കാമെന്നും ജീവൻ സമൃദ്ധിയായി പ്രാപിക്കമെന്നും ദൈവത്തിനറിയാം.

റോയി എല്ലായ്പോഴും ഒരു ഉറച്ച മനസ്സുള്ളവനായിരുന്നില്ല. അവൻ ദൈവത്തിന്റെ പദ്ധതികൾക്ക് കീഴ്പെടുവാൻ ആഗ്രഹിച്ചു. എന്നാൽ ഏത് കോളജിൽ പഠിക്കണമെന്നുള്ള ഒരു വലിയ തീരുമാനമെടുക്കേണ്ട സമയം വന്നപ്പോൾ ആ വിഷയത്തിന്മേൽ ഒരു ദിവ്യനടത്തിപ്പിനുവേണ്ടി ജീവിതത്തിൽ ആദ്യമായി തീരുമാനിച്ചു. അവൻ പലദിവസങ്ങൾ പ്രാർത്ഥിക്കുകയും എന്തെങ്കിലും ഉത്തരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തു. കുറേക്കഴിഞ്ഞശേഷം ചിലവു കുറഞ്ഞതും എന്നാൽ വലുതും ശ്രേഷ്ഠവുമായ ഒരു സർവ്വകലാശാല തിരഞ്ഞെടുത്തത് എന്തുകൊണ്ടെന്നു അവനു മനസ്സിലായി. ക്ലാസ്സുകൾ തുടങ്ങിയ ഉടൻതന്നെ ക്യാമ്പസ് ക്രൂസേഡുമായി ബന്ധപ്പെട്ട നല്ല ചില ക്രിസ്ത്യാനികളെ പരിചയപ്പെട്ടു. അവരുമായുള്ള രണ്ടു വർഷത്തെ ഉറ്റ പരിചയം അവന്റെ ജീവിതത്തിൽ വലിയ മാറ്റം ഉളവാക്കി.

ഇന്ന് റോയി തന്റെ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ ഓരോ സമയവും വലിയ തീരുമാനങ്ങൾ എടുക്കേണ്ടിവന്നപ്പോഴെല്ലാം ദിവ്യ സഹായം അന്വേഷിച്ചതും "ദൈവം തികച്ചും ജീവിതത്തിൽ പുതിയ മേഖലകൾ തുറന്നു കൊടുത്തതും കാണുന്നു."

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദിവ്യപദ്ധതികളെ എങ്ങനെ മനസ്സിലാക്കാം?

ദൈവം പല വഴികളിൽ നടത്തുന്നു:

**(i).വേദപുസ്തകം**

ജീവിതത്തിൽ വഴികാട്ടുന്ന പുസ്തകമേതെന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്?

*"നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു" സങ്കീ. 119:105.*

ദൈവവചനം നമ്മുടെ മനസ്സുകളെ പുതുക്കുകയും നമുക്കൊരു ഉൾക്കാഴ്ച നൽകുകയും ചെയ്യുന്നു. (റോമ. 12:2; സങ്കീ. 119:99). നമ്മുടെ മുൻഗണനകൾ നേരെയാക്കുന്നതിന് കൃത്യസമയത്തുള്ള വചന പഠനവും പ്രാർത്ഥനയുമാണ് ഉത്തമം.

### (ii) ദൈവാധീനമായ സാഹചര്യങ്ങൾ

ദിവ്യനടത്തിപ്പോടുകൂടിയ സാഹചര്യങ്ങളാൽ പോലും ദൈവം നമ്മെ നടത്തുന്നു. 23-ാം സങ്കീർത്തനം യേശുവിനെ നല്ല ഇടയനായി ചിത്രീകരിക്കുന്നു. ഒരു ആട്ടിടയൻ തന്റെ ആടുകളെ സമൃദ്ധമായ താഴ്‌വരകളിലൂടെയും പാറകൾ നിറഞ്ഞ മലയിടുക്കുകളിലൂടെയും നടത്തുന്നു. അവന്റെ ചുമതലയിലുള്ളവർ ഓരോ അനുഭവത്തിൽ നിന്നും പഠിക്കുകയും പ്രയോജനമുള്ളവരായിത്തീരുകയും ചെയ്യത്തക്കവിധം അവരെ സഹായിക്കുവാൻ അവൻ കഴിവുള്ളവനാണ്. നമ്മോടൊപ്പമുള്ള ഒരു ഇടയൻ നമുക്കുണ്ട്.

### (iii) ഹൃദയത്തോടു നേരിട്ടുള്ള ദൈവത്തിന്റെ ബന്ധം

നമ്മുടെ മനസ്സാക്ഷിയോട് സംസാരിച്ചുകൊണ്ടും ദൈവം നമ്മെ നടത്തുന്നു. ആത്മാവിന് നിങ്ങളുടെ ഹൃദയ കണ്ണുകളെ പ്രകാശിപ്പിക്കുവാൻ കഴിയും (എഫെ 1:18). ദൈവവുമായി കൂടുതൽ സംസർഗ്ഗം ചെയ്യുമ്പോൾ അവന് നമ്മെ കൂടുതലായി നടത്തുവാൻ കഴിയും. നാം എടുക്കേണ്ട അടുത്ത ചുവട് വ്യക്തമായി കാണത്തക്കവിധം നമ്മുടെ ആന്തരിക ചിന്തകളെയും യുക്തിവിചാരങ്ങളെയും കണക്കുകൂട്ടലുകളെയും അവൻ രൂപാന്തരപ്പെടുത്തുന്നു.

## *5. നടത്തിപ്പുകാർ യോജിപ്പുള്ളവരായിരിക്കണം*

നിങ്ങളുടെ സ്വന്തം ആവേശങ്ങളെയും ഇംഗിതങ്ങളെയും വെറുതെ പിന്തുടരുകയാണെങ്കിൽ നിങ്ങൾ ദിവ്യനടത്തിപ്പോടുകൂടിയ ഒരു ജീവിതമാണ് നയിക്കുന്നതെന്നു അനുമാനിച്ചുപോകാൻ സാധ്യതയുണ്ട്.(സദൃശ. 16:25). നമ്മുടെ ചിന്തകൾ വേദപുസ്തക ഉപദേശവുമായി യോജിക്കണം. മൂന്ന് നടത്തിപ്പുകാരും (മാർഗ്ഗദർശികളും) യോജിക്കാത്തിടത്തോളം ദൈവം നടത്തുന്നു എന്ന് അനുമാനിക്കുന്നത് സുരക്ഷിതമല്ല.

ഉദാഹരണമായി ജേക്കിനെ എടുക്കുക. അവന് സുന്ദരിയായ ഒരു ഭാര്യയും രണ്ട് മക്കളുമുണ്ട്. എന്നാൽ മറ്റൊരു സ്ത്രീയുമായി ഒരു അവിഹിത ബന്ധവുമുണ്ട്. "ഞാൻ ഇതിനെച്ചൊല്ലി പ്രാർത്ഥിച്ചു, ഇത് ദൈവഹിതമാണെന്ന് എനിക്കു തോന്നുന്നു" എന്ന് തന്റെ സ്നേഹിതന്മാരോട് അവൻ പറഞ്ഞു.

ജേക്കിന്റെ വികാരങ്ങളും ആന്തരിക ചിന്തകളും അവനെ തെറ്റായ ദിശയിലേക്ക് നടത്തി. ഈ മറ്റേ സ്ത്രീയെ കണ്ടുമുട്ടിയത് ദിവ്യനടത്തിപ്പാണെന്ന് അവൻ സങ്കല്പിച്ചു. ഇതു "വ്യഭിചാരം ചെയ്യരുത്" എന്ന കല്പനയുടെ ലംഘനമാണെന്നു മനസ്സിലാക്കുവാൻ വേദപുസ്തകം നോക്കുന്നതിന് തുനിഞ്ഞില്ല. വേദവചന ഉപദേശവും (കല്പന) സാക്ഷ്യവും ആണ് അന്ത്യ ന്യായവിധിയിൽ ശരിയായ പ്രവൃത്തിയെ കാണിക്കുന്ന ആധികാരികമായ വഴികാട്ടികൾ (യെശ. 8:20). വേദപുസ്തക സത്യത്തിൽ നിന്നും അകറ്റുവാൻ മതിയായ ഒരു സാഹചര്യവും ചിന്തയും ഉണ്ടാകുവാൻ പാടില്ല.

## *6. ദൈവിക പദ്ധതിക്കു കീഴ്പെടുക*

സാത്താൻ മരുഭൂമിയിൽ യേശുവിനെ പരീക്ഷിക്കുവാൻ വന്നപ്പോൾ,"നിന്റെ പിതാവ് നിനക്കുവേണ്ടി ഒരുക്കിയിരിക്കുന്ന വേദനാജനകമായ യാഗം നീ ഉപേക്ഷിക്കുക മാത്രം ചെയ്താൽ, സുഖകരമായ ജീവിതം, ഭാഗ്യം, കീർത്തി എന്നിവ അടങ്ങിയ ഈ ലോകം മുഴുവനും ഞാൻ നിന്റെ കയ്യിൽ തരും" എന്ന് അവൻ പറഞ്ഞു. യേശുവിനെ അകറ്റുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി വചനം പോലും അവൻ ഉദ്ധരിച്ചു. എന്നാൽ "ഇപ്രകാരം എഴുതിയിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് ഓരോ പ്രാവശ്യവും യേശു സാത്താനെ നേരിട്ടു (മത്തായി 4:1 -11).

പിതാവിന്റെ ഹിതത്തിനു കീഴ്പെട്ടതാണ് യേശുവിന്റെ ജീവിതത്തിൽ നിന്നും നമുക്ക് പഠിക്കുവാൻ കഴിയുന്ന ഒരു ശക്തമായ പാഠം. ഗെത്ത്ശെമനയിലെ അതികഠിനമായ മനോവ്യഥയുടെ മദ്ധ്യത്തിലും "പിതാവേ, കഴിയും എങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീങ്ങിപ്പോകണമേ; എങ്കിലും ഞാൻ ഇച്ഛിക്കും പോലെ അല്ല, നീ ഇച്ഛിക്കും പോലെ ആകട്ടെ" എന്ന് പ്രാർത്ഥിച്ചു. മത്താ. 26:39. മൂന്നു വർഷക്കാലത്തെ തന്റെ പരസ്യ ശുശ്രൂഷയ്ക്കുശേഷം, പിതാവിന്റെ ആലോചനകൾക്കൊത്തവണ്ണം ഓരോ ദിവസവും ജീവിച്ചതിനുശേഷം, തന്റെ മരണ സമയത്തെ വാക്ക് "നിവൃത്തിയായി" എന്നതായിരുന്നു. (യോഹ. 19:30). "ദൈവം ആസൂത്രണം ചെയ്ത തന്റെ ജീവിതം ഇപ്പോൾ പൂർത്തിയാകുകയും നിവൃത്തിയാകുകയും ചെയ്തു" എന്ന് യേശു പറയുകയായിരുന്നു.

അവന്റെ വചനത്തിൽക്കൂടെയും ദിവ്യനടത്തിപ്പായ സാഹചര്യങ്ങളിൽക്കൂടെയും നേരിട്ടുള്ള ചിന്തകളിൽക്കൂടെയും ദൈവസ്വരം യുക്തിയുക്തമായി കേൾക്കുവാൻ തുടങ്ങുമ്പോൾ അവന്റെ നടത്തിപ്പ് പൂർണ്ണ ഹൃദയത്തോടെ സ്വീകരിക്കുക. ദൈവം തന്നെ ആസൂത്രണം ചെയ്തതും ദിവ്യനടത്തിപ്പോടു കൂടിയതുമായ ഒരു ജീവിതത്തിന്റെ സന്തോഷം നിങ്ങൾക്കും ആസ്വദിക്കാൻ കഴിയും.

# കണ്ടെത്തുക

## ഉത്തരക്കടലാസ് 4

## നിങ്ങൾക്കുള്ള ജീവിത പദ്ധതി

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക***

0. **യേശു ആയിരുന്നു**

_______ ഒരു യഥാർത്ഥ ചരിത്രപുരുഷൻ

_______ സഭാചരിത്രകാരന്മാർ കണ്ടുപിടിച്ച ഒരു സങ്കല്പ വ്യക്തി.

1. **യേശു ആയിരുന്നു**

_______ എക ദൈവം

_______ ദൈവവും മനുഷ്യനും

പിതാവായ ദൈവവും പുത്രനായ യേശുവും ഒരുമിച്ചുള്ളവരാണ്

_______ നിത്യത മുതൽ

_______ പിതാവ് പുത്രനെ സൃഷ്ടിച്ചതു മുതൽ

2. **ബൈബിൾ പ്രവചനങ്ങൾ**

_______ ക്രിസ്തുവിനെക്കുറിച്ചുള്ളത് അവിശ്വസനീയമായി തെളിയിച്ചിരിക്കുന്നു.

_______ ക്രിസ്തുവിന്റെ ജീവിതം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ചുള്ള ഒരു രൂപരേഖ പ്രദാനം ചെയ്യുന്നു

3. **ക്രിസ്തു ബേത്ത്ലേഹെമിൽ ജനിച്ചു**

_______ കന്യകയായ മറിയയിൽ

_______ അതിനു മുമ്പുതന്നെ പല മക്കളുണ്ടായിരുന്ന ഒരു സ്ത്രീയിൽ

**യേശുവിനെ**

_______ യിസ്രായേൽ ജനം വേഗത്തിൽ മശീഹയായി അംഗീകരിച്ചിരുന്നു.

_______ സ്വന്തം ജനം തിരസ്കരിക്കുകയും ഒരു സ്നേഹിതൻ ഒറ്റിക്കൊടുക്കുകയും ചെയ്തു.

**ഇത് സംഭവിക്കുന്നതിനു നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ പ്രവാചകന്മാർ പ്രവചിച്ചു.**

_______ യേശു ക്രൂശിൽ മരിക്കുമെന്നും പുനരുത്ഥാനം ചെയ്യുമെന്നും

_______ യേശു ക്രൂശിൽ മരിക്കുമെന്നും കല്ലറയിൽ തന്നെ ഇരിക്കുമെന്നും

4. നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവിക പദ്ധതി നമുക്കറിയാൻ കഴിയും

_______ നമ്മുടെ സ്വപ്ന രീതികൾ പരിശോധിക്കുന്നതിൽക്കൂടെ

_______ വേദപഠനത്തിൽക്കൂടെയും ദിവ്യ നടത്തിപ്പോടുകൂടിയ സാഹചര്യങ്ങളിൽക്കൂടെയും ദൈവം നേരിട്ട് നമ്മുടെ ഹൃദയങ്ങളോട് സംസാരിക്കുന്നതിൽക്കൂടെയും.

5. **ആന്തരിക ചിന്തകളിൽക്കൂടെ ദൈവം നമ്മെ നടത്തുന്നു**

_______ തിരുവചന സത്യവുമായി ഒത്തുപോകുന്നതിൽക്കൂടെ

_______ ഒറ്റയ്ക്ക്

6. **ഹൃദയംഗമമായ ചോദ്യം :** ***ക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ജീവിതത്തെ ദൈവം നടത്തിയതു പോലെ നിങ്ങളുടെ ജീവിതത്തെയും നടത്താമെന്നുള്ള ദൈവത്തിന്റെ കരുണയോടുകൂടിയ ക്ഷണം നിങ്ങൾ അംഗീകരിക്കുമോ?***

# കണ്ടെത്തുക

## പഠനസഹായി 5

# സംതൃപ്തി നിറഞ്ഞ ജീവിതത്തിലേക്കുള്ള പാലം

മദ്ധ്യ അറ്റ്ലാന്റിക്കിലെ ജനവാസമില്ലാത്ത ഒരു ദ്വീപിൽ എടുത്തുമാറ്റാവുന്ന ഒരു കൂരയ്ക്കു സമീപം അവർ അവന്റെ അസ്ഥികൂടം കണ്ടെത്തി. പേരയറിയാത്ത ആ സമുദ്രസഞ്ചാരി സൂക്ഷിച്ചിരുന്ന ഡയറിക്കുറിപ്പിൽ നാലുമാസം നീണ്ട അവന്റെ അഗ്നിപരീക്ഷയുടെ വിവരണം ഉണ്ടായിരുന്നു. അതിൽ വെളിപ്പെടുത്തിയിട്ടില്ലായിരുന്ന ഏതോ കുറ്റകൃത്യത്തിനു 1725-ൽ അവനെ ഒരു ഡച്ചു കപ്പലിൽ അസെൻഷൻ ദ്വീപിൽ എത്തിക്കുകയായിരുന്നു. അവിടെ അവനു ആമയുടെ രക്തം കുടിച്ചു ദാഹം തീർക്കേണ്ട സ്ഥിതി ആയിരുന്നു. അവന്റെ ശാരീരിക കഷ്ടപ്പാടുകൾ അതിദാരുണമായിരുന്നെങ്കിലും അതിനെക്കാളും അതിഭയങ്കരമായ വേദന അവൻ അനുഭവിച്ചിരുന്നതായി ഡയറിക്കുറിപ്പിൽ കാണമായിരുന്നു. അവനെ ഞെരിച്ചു അമർത്തിക്കൊണ്ടിരുന്ന കുറ്റബോധമായിരുന്നു അത്.

ആ പീഡാനുഭവത്തെ ഇപ്രകാരമവൻ രേഖപ്പെടുത്തി "നീതിപാത വിട്ടുകളയുകയും നാശത്തിന്റെ വഴിയിൽ ആണ്ടുപോകുകയും ചെയ്യുന്ന അരിഷ്ട മർത്യന്റെ കഠിന വേദന എത്ര ഭീകരമാണ്! ആ വിജന ദ്വീപിൽ അകപ്പെട്ടുപോയ സമുദ്രസഞ്ചാരിയുടെ ഏകാന്തതാബോധം ദൈവത്തിൽ നിന്നു അന്യപ്പെട്ടുപോയതിൽ നിന്നുണ്ടയതാണ്. അവസാനം അതു അവനു അസഹ്യമായിത്തീർന്നു.

ആദാമും ഹവ്വയും വിലക്കപ്പെട്ട വൃക്ഷഫലം ഭക്ഷിച്ച ശേഷം "യഹോവയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ച നാൾ മുതൽ മാനവരാശി ഹൃദയത്തിലെ ഏകാന്തതയിൽ വീർപ്പുമുട്ടുകയാണ്" (ഉല്പത്തി 3:8). ദൈവം അവരെ വിളിച്ചുകൊണ്ടു കടന്നുവന്നപ്പോൾ ലജ്ജ, കുറ്റബോധം, ഭയം എന്നീ വികാരങ്ങൾ ആ പുരാതന ദമ്പതികളെ ഓടി ഒളിക്കുന്നതിനു പ്രേരിപ്പിച്ചു. നിർഭാഗ്യവശാൽ ഈ വികാരങ്ങൾ ഇന്നു നമുക്കും ചിരപരിചിതങ്ങൾ തന്നെയാണ്.

നമ്മേയും ദൈവത്തേയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത് എന്താണ്?

***"നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്. നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെയ്ക്കുമാറാക്കിയത്" യെശ. 59:2.***

പാപികളായ മനുഷ്യരെ ദൈവത്തിൽ നിന്നകറ്റുന്ന പിളർപ്പ് ദൈവത്തിന്റെ പണിയായി ഉണ്ടായതല്ല. ആദാമിന്റെയും ഹവ്വയുടെയും അടുക്കൽ നിന്നു ദൈവം ഓടി അകന്നില്ല - അവർ ദൈവത്തിൽ നിന്ന് ഓടി മറയുകയാണു ചെയതത്.

### *1. നിഗൂഢമായ നമ്മുടെ വിശപ്പിനു സംതൃപ്തി*

പാപം അവരെ നശിപ്പിച്ചുകളയുന്നതിനുമുമ്പ് ഏദെനിലെ മനോഹരമായ ഉദ്യാനഭവനത്തിൽവെച്ച് സൃഷ്ടിതാവിനോടുള്ള സാമീപ്യത്തിൽ ആദാമും ഹവ്വയും ആനന്ദപുളകിതരായിരുന്നു. അബദ്ധവശാൽ ദൈവത്തെപ്പോലെ ആയിത്തീരാമെന്നുള്ള സാത്താന്റെ ഭോഷ്കിലവർ പിടിക്കപ്പെടുകയും തങ്ങളുടെ സൃഷ്ടിതാവിനോടുള്ള വിശ്വസ്തതയെന്ന ബന്ധം വിച്ഛേദിക്കപ്പെട്ടുപോകയും ചെയ്തു (ഉല്പത്തി 3).

ഏദെൻ തോട്ടത്തിൽനിന്നു നിഷ്ക്കാസിതരായ ആദാം ഹവ്വമാർ പുറത്തു യാതന നിറഞ്ഞ ജീവിതം കണ്ടെത്തി. ഗർഭധാരണവും ഭൂമിയിലെ അത്യദ്ധ്വാനവും രക്തം, വിയർപ്പ്, കണ്ണുനീർ എന്നിവയോടൊത്ത് കടന്നുവന്നു. ദൈവവുമായുള്ള അവരുടെ ഉറ്റ ബന്ധം അറ്റുപോയി. സംതൃപ്തി നല്കാനാകാത്ത ആഗ്രഹങ്ങൾക്കും വേദന നിറഞ്ഞ അത്യാശങ്കകൾക്കും അവർ അടിമപ്പെട്ടു. പാപത്തിന്റെ ഏകാന്തത അവരെ കീഴടക്കി.

ആദാം ഹവ്വമാരുടെ ആദ്യമത്സരത്തോടുകൂടെത്തന്നെ മനുഷ്യവർഗ്ഗം മുഴുവൻ പാപത്തിനും അതിന്റെ അനന്തരഫലമായ മരണത്തിനും കീഴ്പെട്ടുപോയി.

***"അതുകൊണ്ട് ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു " റോമർ 5:12.***

ദൈവത്തിനു മാത്രം തരുവാൻ സാധിക്കുന്നതും നമുക്കു നഷ്ടമായിപ്പോയതുമായ ആ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള വിശപ്പ് നമ്മളെല്ലാവരും അനുഭവിക്കുന്നു. ആ വിശപ്പിനെ തൃപ്തിപ്പെടുത്തുന്നതിനും നാം പലപ്പോഴും സാധനസാമഗ്രികൾ വാങ്ങിക്കൂട്ടുകയോ, നമ്മുടെ വേലയിൽ പ്രൊമോഷനുവേണ്ടി നെട്ടോട്ടം ഓടുകയോ, മദ്യത്തിനും മയക്കമരുന്നുകൾക്കും അടിമപ്പെട്ടുപോകയോ, ക്രമരഹിതമായ കാമവികാര പ്രവൃത്തികളിൽ ചെന്നു വീഴുകയോ ഒക്കെ ചെയ്യുന്നു.

ഈ ആഗ്രഹങ്ങളെല്ലാം ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ അഭിവാഞ്ഛ പൂർണ്ണമാകാതെ വരുന്നതിൽ നിന്നുളവാകുന്ന ഏകാന്തതയുടെ അടയാളങ്ങളാണ്. ആ ദൈവസ്നേഹം നമ്മുടെ ജീവിതത്തിൽ അനുഭവിക്കുന്നതല്ലാതെ ഇതിനൊന്നും ശമന മാർഗ്ഗമില്ല.

***"ജീവന്റെ വഴി നീ എനിക്കു കാണിച്ചുതരും; നിന്റെ സന്നിധിയിൽ സന്തോഷ പൂർണ്ണതയും നിന്റെ വലത്തു ഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ട്."സങ്കീ.16:11.***

ദൈവത്തിനും നമുക്കും മദ്ധ്യേയുള്ള വിടവ് നികന്നുവരികയും അവന്റെ സന്നിധിയിൽ നാം ചെന്നെത്തുകയും

ചെയ്യാറാകുമ്പോൾ മാത്രം യഥാർത്ഥ സംതൃപ്തി ലഭ്യമാകുന്നു.

## 2. പാപവും മരണവും എന്ന ഗർത്തത്തിനു മീതെയുള്ള പാലം

പാപം നിമിത്തം ഏകാന്തത അനുഭവിക്കുന്നതു മനുഷ്യർ മാത്രമല്ല ആദാമും ഹവ്വയും ദൈവത്തിനുനേരെ പുറം തിരിഞ്ഞപ്പോൾ ദൈവഹൃദയം വേദനിച്ചു. മനുഷ്യന്റെ വേദനകളും ശോകാന്ത്യവും കണ്ടു ഇന്നും ദൈവം നൊമ്പരപ്പെടുന്നു. നമ്മുടെ വൈകാരിക വ്രണങ്ങൾക്കു ശമനം വരുത്തുന്നതിനും നിഗൂഢമായ നമ്മുടെ ആഗ്രഹങ്ങളെ സംതൃപ്തിപ്പെടുത്തുന്നതിനും ദൈവം ഇന്നും ആകാംക്ഷയുള്ളവനാണ്. ദൈവത്തിൽനിന്നും നമ്മെ അകറ്റിയിരിക്കുന്ന ഗർത്തം അനുകമ്പയോടെ വീക്ഷിക്കുന്നതിൽ മാത്രം അവൻ തൃപ്തിപ്പെടുന്നില്ല. പാപവും മരണവുമെന്ന ഗർത്തത്തിന്മേൽ ഒരു പാലം ആയിത്തീരുവാൻ ദൈവം തന്നെത്താൻ തീരുമാനിച്ചു.

***"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ." യോഹന്നാൻ 3:16,17.***

ദൈവം തന്റെ പുത്രനെ അയയ്ക്കുകയും പാപയാഗമായി യേശു തന്റെ ജീവനെ കൊടുക്കുകയും ചെയ്തതു അവൻ മരണത്തിന്റെ വില തന്നെത്താൻ കൊടുക്കുന്നതിനായിരുന്നു. അവന്റെ ജീവിതം, മരണം, ഉയിർപ്പ് ഇവയെല്ലാം പാപത്തെ നിസ്സാരമായി കാണാതെതന്നെ പാപിക്കു ക്ഷമയും വീണ്ടെടുപ്പും നല്കികൊണ്ട് ക്രിസ്തുവിന്റെയും സാത്താന്റെയും യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തുന്നു. തകർന്നു രക്തം ഒഴുകുന്ന ക്രിസ്തുവിന്റെ ശരീരമെന്ന പാലം മനുഷ്യനെ പാപത്തിന്റെ ചതിക്കുഴിയിൽ നിന്നു കരകയറ്റുന്നു. ക്രിസ്തുവിനെ വിശ്വാസത്താൽ കർത്താവും രക്ഷിതാവുമായി ഏറ്റുകൊള്ളുന്ന എല്ലാവരും നിത്യജീവങ്കലേക്കു കടക്കുന്നതിനു ദൈവസ്നേഹം പാപമെന്ന വിടവിങ്കൽ പാലമായിത്തീർന്നു.

## 3. യേശുവിനെക്കുറിച്ചു നിങ്ങൾ അറിയേണ്ടതായ ഏഴു പ്രധാന വസ്തുതകൾ

യേശുവിനെക്കുറിച്ചുള്ള ഈ ഏഴു പ്രധാന വസ്തുതകൾ ലോകത്തിൽ ഇതുവരെയും ജീവിച്ചിട്ടുള്ള ഏതൊരു വ്യക്തിക്കും ബാധകമാകുന്നില്ല.

**1. യേശു സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിൽ വന്നു.**

എത്രനാൾ മുമ്പെ യേശു ഉണ്ടായിരുന്നതായി അവൻ തന്നെ അവകാശപ്പെടുന്നു?

***"അബ്രാഹാം ജനിച്ചതിനുമുമ്പെ ഞാൻ ഉണ്ട്" യോഹ. 8:58***

"ഞാൻ ആകുന്നവൻ " ( I AM) എന്നു യേശു പ്രത്യേകം പറയുന്നു. "ഞാൻ" എല്ലാക്കാലത്തും ഉണ്ടായിരുന്നു. എല്ലാക്കാലത്തും ഉണ്ടായിരിക്കുകയും ചെയ്യും. ഒരു മാനുഷീക മാതാവിൽ യേശു പിറന്നെങ്കിലും അവൻ ദൈവവും ദൈവം മനുഷ്യശരീരത്തിൽ വെളിപ്പെട്ടവനുമാണ്. മത്താ 1:22,23.

19-ാം നൂറ്റാണ്ടിലെ ബില്ലിഗ്രഹാം എന്നറിയപ്പെടുന്ന ഡി.എൽ. മൂഡി യേശുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "ഒരു വെള്ളിത്തൊട്ടിലിൽ താരാട്ടുപാടി ഉറക്കിയും മാലാഖമാരാൽ പരിചരിക്കപ്പെട്ടും സ്വർണ്ണക്കരണ്ടിയിൽ തീറ്റിപ്പോറ്റിയും കൊണ്ടുള്ള മനുഷ്യജന്മം ആയിരുന്നെങ്കിൽത്തന്നെയും യേശുവിനു അതു വമ്പിച്ച ത്യാഗം തന്നെ ആകുമായിരുന്നു. എന്നാൽ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ സൃഷ്ടിതാവ് നിർദ്ധന മാതാപിതാക്കളിൽ പ്രതികൂല പരിത:സ്ഥിതിയിൽ കാലിത്തൊഴുത്തിൽ മനുഷ്യനായി പിറക്കുകയാണുണ്ടായത്."

യേശുവിന്റെ ജനനസമയത്ത് ഒരു ദൈവദൂതൻ യോസേഫിനോടു ഇങ്ങനെ പറഞ്ഞു:

***"അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം." മത്തായി 1:21.***

പാപത്തിലും മരണത്തിലും നിന്നു നമ്മെ വീണ്ടെടുക്കുന്നതിനു സകല ലോകങ്ങളുടെയും സൃഷ്ടിതാവായ യേശു നമ്മുടെ ലോകത്തിലേക്കു കടന്നുവരുവാൻ താൽപര്യപ്പെട്ടു (യോഹന്നാൻ 1:1-3,14)

**2. പാപരഹിതമായ ഒരു ജീവിതം യേശു നയിച്ചു**

***"ആകയാൽ ദൈവപുത്രനായ യേശു.... പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ" എബ്രായർ 4:14,15.***

പാപജീവിതത്തിൽ നിന്നു നമ്മെ വിടുവിക്കുന്നതിനു ദൈവം പരിശ്രമിക്കുക മാത്രമല്ല അതിലുപരിയായി പ്രവർത്തിച്ചുകഴിഞ്ഞിരിക്കുന്നു. ഏതൊരു പ്രസംഗത്തെക്കാളും ആകർഷകമായി പാപരഹിതമായ ജീവിതം കാഴ്ച്ച വച്ചുകൊണ്ടു യേശു ഇവിടെ മനുഷ്യനായി ജീവിച്ചു.

എതിരാളിയായ സാത്താൻ യേശുവിനെ വഞ്ചിച്ചു പാപത്തിൽ വീഴ്ത്തുന്നതിനു അവന്റെ ഇഹലോക ജീവിതത്തിലുടനീളം പരിശ്രമിച്ചുകൊണ്ടിരുന്നു. മരുഭൂമിയിലെ പരീക്ഷകളിൽ പിശാച് അവന്റെ വിശ്വസ്തതയെ ആക്രമിക്കുന്നതിനു തീവ്രശ്രമം നടത്തിനോക്കി (മത്തായി 4:1-11). ക്രൂശീകരണത്തിനുമുമ്പ് ഗെത്ത്ശെമന തോട്ടത്തിൽ വച്ചുള്ള പരീക്ഷകൾ അതിന്റെ പാരമ്യത്തിൽ അവന്റെ മേൽ വന്നതുനിമിത്തം യേശുവിന്റെ വിയർപ്പ് രക്തത്തുള്ളികളായി നിലത്തുവീണു. (ലൂക്കൊ.22:44).

പിശാചു അവന്റെ നേരെ വാരിച്ചൊരിഞ്ഞ സകലത്തിനുമെതിരെ യേശു ഉറച്ചു നിന്നു. അതെല്ലാം"പാപം ഒഴികെ" ആയിരുന്നു. മാനുഷിക പ്രശ്നങ്ങളും പരീക്ഷകളും അതിന്റെ പൂർണ്ണതയിൽ യേശു അനുഭവിച്ചതുകൊണ്ട് നമുക്കുള്ള പോരാട്ടങ്ങളെല്ലാം അവന് അറിവുള്ളതാണ്."നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ അവനു കഴിയുന്നു" (എബ്രായർ 4:15).

പാപമില്ലാത്ത ജീവിതം നയിക്കേണ്ടതു യേശുവിനു അത്യാവശ്യമായിരുന്നത് എന്തുകൊണ്ട്?

***"പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു അവൻ നമുക്കുവേണ്ടി***

*പാപം ആക്കി." 2 കൊരി.5:21.*

യേശു പാപമില്ലാത്ത ജീവിതം നയിച്ചു പരീക്ഷകളുടെ മേൽ വിജയം വരിച്ചതുകൊണ്ടു പാപം നിറഞ്ഞ നമ്മുടെ ജീവിതത്തിന്റെ സ്ഥാനത്തു അതു നമുക്കു വേണ്ടി അവൻ തരുന്നു.

**3. പാപം ദൂരീകരിക്കുന്നതിനു യേശു മരിച്ചു**

എത്ര പേരാണ് പാപം ചെയ്തിരിക്കുന്നത്?

''എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു" റോമർ 3:23.

പാപത്തിന്റെ ശമ്പളം എന്താണ്?

***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ." റോമർ 6:23.***

യേശു മരിച്ചതു എന്തിനുവേണ്ടിയാണ്?

"ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്." യോഹന്നാൻ 1:29.

നാമെല്ലാവരും പാപം ചെയ്തു നിത്യമരണത്തിനു അധീനരായിരുന്നു. എന്നാൽ നമ്മുടെ സ്ഥാനത്തു യേശു മരിച്ചു. നമുക്കുവേണ്ടി പാപമായി. പാപത്തിന്റെ പിഴ നമുക്കുവേണ്ടി അവൻ കൊടുത്തു. അവന്റെ മരണം നമുക്കു വേണ്ടിയുള്ള ഒരു വരദാനമാണ്; "ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ" റോമർ 6:23.

തന്റെ പൂർണ്ണവും നീതി നിറഞ്ഞതുമായ ജീവിതം സ്നേഹത്തിന്റെ ദാനമായി യേശു നമുക്കുവേണ്ടി മാറ്റിവച്ചു. ഇപ്രകാരമുള്ള സ്നേഹം മനുഷ്യനു ഗ്രഹിക്കാവുന്നതിലും വലുതാണ്. അവന്റെ മരണത്താൽ "നമുക്കു ദൈവത്തോടു സമാധാനമുണ്ട്" റോമർ 5:1.

**4. യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു**

യേശുവിന്റെ അത്ഭുതകഥയുടെ അവസാനം ക്രൂശുമരണം ആയിരുന്നില്ല. മരിച്ചവനായിത്തന്നെ ഇരുന്നുകൊണ്ടു നമ്മുടെ രക്ഷകനായിത്തീരുവാൻ അവനു സാധിക്കുകയില്ല.

***''ക്രിസ്തു ഉയർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി" 1 കൊരിന്ത്യർ 15:17,18.***

മുഹമ്മദും ബുദ്ധനും മഹത്തായ താത്വികസത്യങ്ങൾ ലോകത്തിനു നല്കി. ലക്ഷക്കണക്കായ ജനങ്ങളുടെ ജീവിതങ്ങളിൽ അവർ പ്രചോദനം പകർന്നു. എന്നാൽ ജീവൻ കൊടുക്കുന്നതിനുള്ള അമാനുഷിക ശക്തി അവർക്കില്ല; കാരണം അവർ ഇന്നും തങ്ങളുടെ കല്ലറകളിൽ കഴിയുന്നു.

മൂന്നാം നാൾ യേശു കല്ലറ വിട്ടു ഉയിർത്തെഴുന്നേറ്റതുകൊണ്ട് എന്തു വാഗ്ദത്തം നല്കുന്നതിനു അവനു കഴിയുന്നു?

***''ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും" യോഹന്നാൻ 14:19.***

യേശു ജീവിക്കുന്നു! മരണത്തിന്മേൽ അവനു അധികാരമുള്ളതുകൊണ്ടു നമ്മെ മരണത്തിൽ നിന്നു രക്ഷിക്കുന്നതിനും അനന്തവും സമൃദ്ധവുമായ നിത്യജീവൻ നമുക്കു തരുന്നതിനും അവനു സാധിക്കുന്നു. നാം അവനെ ക്ഷണിക്കുകയാണെങ്കിൽ അവൻ വന്നു നമ്മുടെ ഹൃദയങ്ങളിൽ വാസം ചെയ്യും. ഇന്നു നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ഉയിർത്തെഴുന്നേറ്റ ക്രിസ്തു കൂടെയുണ്ട്.

***"ഞാനോ ലോകവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്" മത്തായി 28:20.***

അധമമായ ദുശ്ശീലങ്ങളിലും വൈകാരിക പിരിമുറുക്കങ്ങളിലും നിന്നു ക്രിസ്തു എങ്ങനെ അവരെ വിടുവിച്ചു എന്നു ലോകമെങ്ങുമുള്ള അനേകം സ്ത്രീപുരുഷന്മാർ സാക്ഷ്യം പറഞ്ഞുകൊണ്ടിരിക്കുന്നു.

ഞങ്ങളുടെ ഒരു പഴയ വിദ്യാർത്ഥി തന്റെ ഉത്തരക്കടലാസ്സിൽ ഇപ്രകാരം നന്ദി നിറഞ്ഞ വാക്കുകൾ എഴുതുകയുണ്ടായി "ഞാനൊരു മദ്യപാനിയായിരുന്നു. ഒരു ദിവസം കുടിച്ചുകൊണ്ടിരുന്നപ്പോൾ വേദപഠനം അറിയിച്ചുകൊണ്ടുള്ള നിങ്ങളുടെ ഒരു കാർഡ് ഓടയിൽ കിടക്കുന്നതു ഞാൻ കണ്ടു. ഞാനതെടുത്തു പൂരിപ്പിച്ചയച്ചപ്പോൾ ക്രിസ്തുവിനെപ്പറ്റിയുള്ള അറിവിന്റെ ആദ്യപാഠങ്ങൾ എനിക്കു ലഭിക്കുകയുണ്ടായി. ബൈബിൾ പഠനം ലഭിച്ചയുടൻതന്നെ എന്റെ ഹൃദയം ഞാൻ ദൈവത്തിനു സമർപ്പിക്കുകയും മദ്യത്തിന്റെ രുചി എന്നെ വിട്ടുപോകുകയും ചെയ്തു."

ഈ മനുഷ്യന്റെ ജീവിതത്തിൽ യേശു കടന്നുവന്നപ്പോൾ മദ്യപാനശീലം ഉപേക്ഷിക്കുന്നതിനുള്ള ഒരു പുതുശക്തി അവനു ലഭിച്ചു. ക്രിസ്തു ഉയിർത്തെഴുന്നേറ്റ രക്ഷകനായതുകൊണ്ടു സഹായത്തിനുവേണ്ടി അവനെ സമീപിക്കുന്നവർക്കെല്ലാം രക്ഷ ദാനം ചെയ്യുന്നതിനു അവനു സാധിക്കുന്നു.

**5. യേശു സ്വർഗ്ഗാരോഹണം ചെയ്തു**

ഉയിർത്തെഴുന്നേറ്റ യേശു സ്വർഗ്ഗാരോഹണത്തിനു മുമ്പ് തന്റെ ശിഷ്യന്മാർക്കുള്ള ഈ വാഗ്ദത്തം കൊടുത്തു:

***"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്;... ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു... ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." യോഹന്നാൻ 14:1–3.***

**6. സ്വർഗ്ഗീയ പുരോഹിതനായി യേശു ശുശ്രൂഷ ചെയ്യുന്നു**

നമുക്കുവേണ്ടി സ്ഥലം ഒരുക്കുന്നതിനു യേശു തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

***"അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത മഹാപുരാഹിതനും ആകേണ്ടതിനും സകലത്തിനും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു. താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു." എബ്രായർ 2:17,18.***

"ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാനും" പാപത്തിന്റെ അടിമത്വമെന്ന കഷ്ടപ്പാടിൽ നിന്നു നമ്മെ രക്ഷിപ്പാനും യേശു ഈ ലോകത്തിൽ കടന്നു വന്നു. നമ്മെ വീണ്ടെടുപ്പാൻ അവൻ മരണം വരിച്ചതുകൊണ്ടു അന്തിമമായി അവൻ പാപത്തിന്റെയും കഷ്ടതയുടെയും മരണത്തിന്റെയും കാരണക്കാരനായ പിശാചിനെ എന്നെന്നേക്കുമായി നശിപ്പിക്കുവാനിരിക്കുന്നു.

നമ്മുടെ മഹാപുരോഹിതനായ യേശു "സകലത്തിനും തന്റെ സഹോദരന്മാരോടു സദൃശനായി"ത്തീർന്നു. ഇപ്പോൾ അവൻ നമ്മുടെ മദ്ധ്യസ്ഥനായി പിതാവിന്റെ മുമ്പിൽ ദിനം തോറും ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു. കുട്ടികളെ അനുഗ്രഹിക്കുകയും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ പുനരധിവസിപ്പിക്കുകയും ക്രൂശിൽ മരിച്ചുകൊണ്ടിരുന്ന കള്ളനു പാപക്ഷമ നല്കുകയും ചെയ്ത അതേ യേശു ഇന്നു "പരീക്ഷിക്കപ്പെടുന്നവരെ സഹായിപ്പാൻ" കഴിവുള്ളനായി സ്വർഗ്ഗത്തിൽ നമ്മുടെ ആവശ്യങ്ങളിൽ ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നു.

**7. യേശു വീണ്ടും വരും**

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പ് എന്തു വാഗ്ദത്തം നല്കി?

***"ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും." യോഹന്നാൻ.14:3.***

ഭൂമിയെന്ന നമ്മുടെ ഈ ഗ്രഹത്തെ ബാധിച്ചിരിക്കുന്ന പാപം, രോഗം, ദുരന്തം, മരണം എന്നിവയിൽ നിന്നെല്ലാം നമ്മെ തന്റെ വീണ്ടും വരവിങ്കൽ യേശു മോചിപ്പിക്കും. നിത്യ സന്തോഷവും അമർത്യതയും നിറഞ്ഞു നല്ക്കുന്ന പുതിയ ഭൂമിയിലേക്കവൻ നമ്മെ സ്വാഗതം ചെയ്യും.

## *4. മാറ്റമില്ലാത്ത സ്നേഹം*

തായ്വാനിൽ യൂലോംഗ് എന്ന യുവാവും "ഗോൾഡൻ ഫ്ളവർ " എന്ന യുവതിയും തമ്മിൽ മാതാപിതാക്കളാൽ ക്രമീകരിച്ചു നടത്തപ്പെട്ട വിവാഹത്തെ സംബന്ധിച്ചുള്ള ഒരു കഥയുണ്ട്. ശുശ്രൂഷകൾക്കുശേഷം വധുവിന്റെ മുഖത്തുനിന്ന് മൂടു പടം മാറ്റിയപ്പോൾ യൂലോംഗ് സ്തംഭിച്ചു പോയി. വസൂരി രോഗം വന്നുണ്ടായ പാടുകൾകൊണ്ടു മുഖം നിറഞ്ഞിരുന്നു.

അതിനുശേഷം യൂലോംഗ് ഭാര്യയിൽ നിന്ന് കഴിയുന്നിടത്തോളം അകന്നു നിന്നിരുന്നു. അയാളെ സന്തോഷിപ്പിക്കുന്നതിന് അവൾ തന്നാൽ ആവോളം പരിശ്രമിച്ചു. ഭർത്താവ് അവളെ സന്തോഷത്തോടെ സ്വീകരിക്കുമെന്നാശിച്ച് അവൾ വീട്ടിൽ വളരെ അദ്ധ്വാനിച്ചു. പക്ഷെ അവളുടെ സ്നേഹപ്രകടനങ്ങൾക്കെല്ലാം തണുപ്പൻ പ്രതികരണമാണ് ഭർത്താവിൽ നിന്ന് ഉണ്ടായിക്കൊണ്ടിരുന്നത്.

പന്ത്രണ്ടു വർഷം കഴിഞ്ഞപ്പോൾ യൂലോംഗിന്റെ കാഴ്ച മങ്ങിത്തുടങ്ങി. നേത്രപടലം മാറ്റിവയ്ക്കുന്നില്ലെങ്കിൽ കാഴ്ച പൂർണ്ണമായി നഷ്ടപ്പെടുമെന്നു ഒരു ഡോക്ടർ പറഞ്ഞു. എന്നാൽ അതിന് വളരെ നാൾ കാത്തിരിക്കുകയും ധാരാളം പണം ചിലവാക്കുകയും വേണമായിരുന്നു.

ഗോൾഡൻ ഫ്ളവർ ഇതിനുവേണ്ടി പണമുണ്ടാക്കുന്നതിനായി അനേക മണിക്കൂറുകൾ കൂടുതൽ അദ്ധ്വാനിച്ച് തൊപ്പി നിർമ്മാണ വേല ചെയ്തു. അപകടപ്പെട്ട ഒരാളുടെ നേത്രപടലം ലഭ്യമാണെന്ന് ഒരു ദിവസം യൂലോംഗിന് അറിയപ്പുണ്ടായി. ശസ്ത്രക്രിയയ്ക്കായി അയാൾ വേഗം ആശുപത്രിയിലേക്കു പോയി.

ഭാര്യ കഠിനദ്ധ്വാനം ചെയ്തു പണം ഉണ്ടാക്കിയതുകൊണ്ട് സൗഖ്യം പ്രാപിച്ചപ്പോൾ പിറുപിറുപ്പോടെയാണെങ്കിലും അവളുടെ മുഖം കാണുവാനും നന്ദി പറയുവാനും അയാൾ തീരുമാനിച്ചു. ഭാര്യയുടെ നമ്ര ശിരസ്സ് പിടിച്ചുയർത്തിയ യൂലോംഗ് നിശ്ചലനായി നിന്നുപോയി. നേത്രപടലം നഷ്ടപ്പെട്ടു കാഴ്ചയില്ലാത്ത കണ്ണുകളുമായി അവൾ അവന്റെ മുമ്പിൽ നിന്നു.വികാരപരവശനായ അയാൾ അവളുടെ കാൽക്കൽ വീണു തേങ്ങിക്കരഞ്ഞു. ജീവിതത്തിൽ ആദ്യമായി അയാൾ ഭാര്യയുടെ പേരു ഉരുവിട്ടു: "ഗോൾഡൻ ഫ്ളവർ"

ഇത്രയും കാലം തന്നോടു താൽപര്യരഹിതമായി കഴിഞ്ഞിരുന്നവരോട് ബന്ധം സ്ഥാപിക്കുവാൻ യേശു ആഗ്രഹിക്കുന്നു. അവസാനമായി രക്ഷിതാവെന്ന അവന്റെ നാമം അവർ ഉച്ചരിച്ചു കേൾക്കുന്നതിനു കർത്താവ് കാംക്ഷിക്കുന്നു. മാറ്റമില്ലാത്ത തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിന് കണ്ണുകൾ മാത്രമല്ല, മുഴു ശരീരവും അവൻ യാഗമായി അർപ്പിച്ചുകഴിഞ്ഞു. ആ സ്നേഹം ശക്തിയേറിയതാകകൊണ്ട് ക്രിസ്തു"പാപികളെ രക്ഷിപ്പാൻ ഈ ലോകത്തിലേക്കു കടന്നുവന്നു" (1 തിമൊഥെയോസ് 1:15).

ദൈവത്തിൽ നിന്നുള്ള നമ്മുടെ അകൽച്ചയേയും അശ്രദ്ധയേയും അകറ്റി നമ്മെ സ്വർഗ്ഗത്തോടു നിരപ്പിക്കുന്ന ഒരു പാലമായി ക്രിസ്തുവിന്റെ യാഗം പരിലസിക്കുന്നു. നിങ്ങളെ മഹാഗർഗത്തിൽ നിന്നു വീണ്ടെടുത്ത് തന്റെ കരത്തിൽ വഹിക്കുന്നതിനു ക്രിസ്തു കാത്തിരിക്കുന്നതു നിങ്ങൾ വ്യക്തിപരമായിത്തന്നെ കണ്ടെത്തിയോ? അതിനു പ്രത്യുത്തരമായി ഇപ്രകാരം നിങ്ങൾ പ്രാർത്ഥിക്കുമോ? "പ്രിയ കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ അവർണ്ണനീയ യാഗത്തിനായി ഞാൻ നന്ദി അർപ്പിക്കുന്നു. നീ എന്റെ ഹൃദയത്തിൽ കടന്നു വന്നു എന്നെ സമ്പൂർണ്ണമായും നിത്യമായും രക്ഷിക്കേണമേ."

**യേശു**

ദൈവം മനുഷ്യരൂപത്തിൽ **വന്നു.**

നമുക്കായി പാപം കൂടാതെ **ജീവിച്ചു.**

നമ്മുടെ പാപങ്ങൾക്കുവേണ്ടി **മരിച്ചു.**

മരണത്തിൽ നിന്നു നമ്മെ രക്ഷിപ്പാനായി **ഉയിർത്തു.**

നമുക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ **സ്വർഗ്ഗാരോഹണം ചെയ്തു.**

നമ്മുടെ മഹാപുരോഹിതനായി ദിനംതോറും **ശുശ്രൂഷ ചെയ്യുന്നു.**

എന്നെന്നും നാം അവനോടൊത്തായിരിക്കേണ്ടതിനു നമ്മെ ചേർത്തുകൊൾവാൻ **വേഗത്തിൽ വരുന്നു.**

# കണ്ടെത്തുക



## സംതൃപ്തി നിറഞ്ഞ ജീവിതത്തിലേക്കുള്ള പാലം

***ശരിയായ ഉത്തരത്തിനു നേരേ X എന്ന് അടയാളമിടുക***

1. _______ പാപം ദൈവത്തിൽ നിന്നു നമ്മെ അകറ്റിക്കളഞ്ഞു.

_______ പാപത്തിന്റെ ഫലമായി മരണം എല്ലാവരിലും കടന്നുവന്നു.

_______ നമ്മുടെ ജീവിതത്തിൽ ദൈവസാന്നിദ്ധ്യം ക്ഷണിച്ചുവരുത്തിക്കൊണ്ട് പാപം മൂലമുണ്ടായ ഹൃദയ ദാഹം യേശു ശമിപ്പിക്കുന്നു.

2 _______ നമ്മുടെ പാപം നിമിത്തമുണ്ടായ മരണത്തിനു മറുവില നല്കിക്കൊണ്ടു നമുക്കും ദൈവത്തിനും മദ്ധ്യേ പാലമായിത്തീരുന്നതിനും നമുക്കു നിത്യജീവൻ തരുന്നതിനും യേശു കടന്നുവന്നു.

3. **യേശു നമ്മുടെ ലോകത്തിൽ വന്നതു**

_______ നിത്യ ദൈവമായിരുന്ന അവൻ നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുന്നതിനു വേണ്ടി.

_______ അവൻ സൃഷ്ടികർത്താവ് ആയതിനാലും നമ്മെ സൃഷ്ടിച്ചവൻ എന്ന കടപ്പാട് ഉള്ളതിനാലും

**യേശു നമ്മുടെ ലോകത്തിൽ ജീവിച്ചു.**

_______ നമ്മുക്കുവേണ്ടി പാപരഹിതനായി.

_______ പാപം ചെയ്യുന്നതിനു സാത്താൻ പരീക്ഷിച്ചു എങ്കിലും ഏകദേശം പൂർണ്ണതയിൽ.

**യേശു മരിച്ചു.**

_______ സകല ഭൂവാസികൾക്കും വേണ്ടി

_______ നീതിമാന്മാരായിത്തീർന്നവരുടെ പാപങ്ങൾക്കുവേണ്ടിമാത്രം.

**മൂന്നാം നാൾ യേശു കല്ലറ വിട്ടു ഉയിർത്തെഴുന്നേറ്റു**

_______ മൂഹമ്മദിനെയും ബുദ്ധനെയും പോലെ മാത്രം

_______ നമുക്കു ഒരു പുതുജീവൻ തരുവാൻ അവനു സാധിക്കുന്നു.

**യേശു സ്വർഗ്ഗാരോഹണം ചെയ്തു.**

_______ നമുക്കുവേണ്ടി സ്വർഗ്ഗത്തിൽ സ്ഥലം ഒരുക്കുന്നതിന്.

_______ നാം ഇനി അവനെ ഒരിക്കലും കാണുകയില്ല.

**യേശു അതിവേഗം വീണ്ടും വരുന്നു; ഇപ്പോൾ അവൻ നമ്മുടെ മഹാപുരോഹിതനായി ശുശ്രൂഷ ചെയ്തു കൊണ്ടിരിക്കുന്നു.**

_______ പാപത്തിനു നാം അടിമകളായിത്തീരാതിരിക്കുന്നതിന്.

_______ നമ്മെ പാപത്തിൽ നിന്നും വിടുവിപ്പാൻ മൃഗയാഗം വീണ്ടും അർപ്പിച്ചുകൊണ്ട്.

**ഹൃദയംഗമമായ ചോദ്യം: യേശു നമുക്കുവേണ്ടി ഇത്രമാത്രം ചെയ്യുകയും ചെയ്തുകൊണ്ടിരിക്കുകയും ആകയാൽ നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ചു തരുന്നതിനും നിങ്ങളുടെ ഹൃദയത്തിൽ അവൻ കടന്നുവന്നു നിങ്ങളെ രക്ഷിക്കുന്നതിനും നിങ്ങൾ ഹൃദയംഗമമായി ആവശ്യപ്പെടുന്നുണ്ടോ?**

# ജീവിതത്തിൽ ഒരു രണ്ടാം അവസരം

**ജീ**വിതത്തിന്റെ ഭൂരിഭാഗവും ബുദ്ധമതവിശ്വാസിയായി ജീവിച്ചശേഷം ക്രിസ്ത്യാനിയായിത്തീർന്ന സിങ്കപ്പൂരിലെ പ്രായം ചെന്ന ഒരു മനുഷ്യനോട് ഒരു ചോദ്യം ചോദിച്ചു, "മിസ്റ്റർ ലിൻ, ഒരു ബുദ്ധമതാനുയായി ആയിരിക്കുന്നതും ക്രിസ്ത്യാനിയായിരിക്കുന്നതും തമ്മിൽ എന്തു വ്യത്യാസമാണ് നിങ്ങൾ കാണുന്നത്?"

അദ്ദേഹം പറഞ്ഞു, "അതു വളരെ ലളിതമാണ്. യേശുവിനെ കണ്ടെത്തിയതു മുതലാണ് ഹൃദയത്തിൽ ഇതുപോലെ ഒരു സമാധാനം എനിക്കുണ്ടായത്".

യേശുക്രിസ്തുവിനെ നമ്മുടെ ജീവിതകേന്ദ്രമാക്കുമ്പോൾ അതാണ് സംഭവിക്കുന്നത്.

***"സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു." യെശയ്യാവ് 26:3.***

ക്രിസ്തീയ ജീവിതം നയിക്കുന്നതിന്റെ ഫലം സമ്പൂർണ്ണ സമാധാനമാണ് - സമ്പൂർണ്ണ സുരക്ഷിതത്വവും സന്തോഷ പരിപൂർണ്ണതയുമാണ് അത്.

ഈ കണ്ടെത്തൽ നടത്തുന്നവർ മാത്രമേ ജീവിതത്തിൽ ഒരു രണ്ടാം അവസരത്തിലേക്കുള്ള ഏക വഴി യേശുവാണെന്നറിയൂ!

## *1. നഷ്ടപ്പെട്ടുപോയവർക്ക് രക്ഷിക്കപ്പെടുക എന്നാൽ എന്താണർത്ഥം*

പ്രകൃത്യാ ജീവനുള്ള ഒരു വ്യക്തിക്ക്, നന്നായിരിക്കുന്നു എന്ന് മറ്റുള്ളവർ പറയുമെങ്കിലും മൃതാവസ്ഥയിലായിരിക്കാനും കഴിയും - അതായത് ആത്മീകമായി മരിച്ചവർ.

***"അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയിർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിനും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിനും അധിപതിയായവനെയും അനുസരിച്ചു നടന്നു" എഫെസ്യർ 2:1,2.***

ആത്മീകമായി മരിച്ച ഒരു വ്യക്തിയെ പാപത്തിലേക്കും അനുസരണക്കേടിലേക്കും ആഴ്ന്നിറങ്ങുന്നതിനു നിയന്ത്രിപ്പാൻ സാത്താനു കഴിയും. ദൈവം ഇത്തരം നാശോന്മുഖരെ സ്നേഹിക്കുന്നു എന്നതാണ് സുവിശേഷത്തിന്റെ വിസ്മയകരമായ സത്യം. അവർ തങ്ങളുടെ പാപങ്ങളിൽ മരിച്ചവരായിരുന്നപ്പോഴും ദൈവം അവരെ സ്നേഹിക്കുകയും അവരുടെ ദുരവസ്ഥയിൽ നിന്നും പൂർണ്ണവും സൗജന്യവുമായ വിടുതൽ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

***"കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും - കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു - ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിനു യേശുക്രിസതുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു." എഫെസ്യർ 2:4-7***

നമ്മിൽ സ്നേഹയോഗ്യമായ യാതൊന്നുമില്ലാതിരുന്നിട്ടും ദൈവം നമ്മെ സ്നേഹിച്ചു. ദൈവകൃപയാൽ ക്രിസ്തുവിൽ നമുക്കൊരു പുതുജീവിതം ലഭിച്ചു. നമുക്കു നമ്മിൽത്തന്നെ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല. എന്നാൽ ദൈവത്തിനു സാധിക്കും. വിശ്വാസത്തോടും സമർപ്പണത്തോടും നാം ദൈവസന്നിധിയിൽ വരുമ്പോൾ ദൈവം നമുക്ക് ജീവിത്തിൽ ഒരു രണ്ടാം അവസരം സൗജന്യദാനമായി തരുന്നു.

## *2. എന്തിൽ നിന്നാണ് നമുക്ക് രക്ഷ ആവശ്യമായിരിക്കുന്നത്?*

**1. പാപത്തിൽ നിന്നും നമുക്ക് രക്ഷ ആവശ്യമാണ്.**

***"എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി" റോമർ 3:23***

തുറന്നു പറഞ്ഞാൽ : ശരിയാണെന്നു നമുക്കറിയാവുന്നതിൽ നാം ജീവിക്കുന്നില്ല. ഒരു രക്ഷകർത്താവ് ക്ഷോഭിച്ച് വികാരാവേശത്താൽ ഒരു കുട്ടിയെ അടിച്ച് ക്ഷതമേല്പിച്ചേക്കാം. ഒരു ഡ്രൈവർ വാഹനമോടിക്കുന്ന മറ്റൊരുവനോടു കോപിച്ച് അപകടത്തിന്റെ വക്കിൽ എത്തിയേക്കാം. ഒരു വിദ്യാർത്ഥിക്ക് മറ്റൊരു വിദ്യാർത്ഥിയെപ്പറ്റി മോശമായ കാര്യങ്ങൾ പറഞ്ഞ് വിരോധം വളർത്തുവാൻ കഴിഞ്ഞേക്കാം. നികുതി കൊടുക്കേണ്ട സന്ദർഭം വരുമ്പോൾ ഒരു വ്യാപാരി മനഃപൂർവ്വം ചില വരുമാന മാർഗ്ഗങ്ങൾ "മറന്നു" പോയി എന്ന നിലപാടെടുത്തേക്കാം. "എല്ലാവരും പാപം ചെയ്തു"; ഇതാണ് മനുഷ്യാവസ്ഥ.

വേദപുസ്തകം പാപത്തെ എങ്ങനെ നിർവ്വചിക്കുന്നു?

***"എല്ലാ ദുഷ്പ്രവൃത്തിയും പാപമാകുന്നു" 1 യോഹ. 5:17.***

എല്ലാവിധമായ ഹീനസ്വാഭാവങ്ങളിൽ നിന്നും നമുക്കൊരു വിടുതൽ ആവശ്യമാണ്. കള്ളം പറയൽ, കഠിന കോപം, ഇന്ദ്രിയാസക്തി, വിദ്വേഷം ഇവയിൽ നിന്നുള്ള വിടുതൽ.

***"പാപം ചെയ്യുന്നവൻ എല്ലാം കല്പന ലംഘിക്കുന്നു; പാപം കല്പനാലംഘനമാകുന്നു" 1 യോഹന്നാൻ 3:4.***

അതുകൊണ്ട് ദൈവകല്പനാലംഘനമായ പാപത്തിൽ നിന്നും നമുക്ക് രക്ഷ ആവശ്യമാണ്.

**(2)ദൈവത്തിൽ നിന്ന് വിച്ഛേദിക്കപ്പെട്ടുപോയതിൽ നിന്നും നാം രക്ഷിക്കപ്പെടണം**

***"നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെ ദൈവത്തിൽ നിന്ന് അകറ്റിയത്; നിങ്ങളുടെ പാപങ്ങളത്രേ***

***അവന്റെ മുഖത്തെ നിങ്ങളിൽ നിന്നും മറച്ചത്" യെശയ്യാവ് 59:2.***

മോചിക്കപ്പെടാത്ത പാപം ദൈവവുമായുള്ള നമ്മുടെ ബന്ധം വിഛേദിച്ചു. സാത്താൻ തുരങ്കം വെച്ചു നശിപ്പിച്ചുകളഞ്ഞതായ ദൈവത്തിലുള്ള ആശ്രയം പുനഃസ്ഥാപിക്കാനാണ് കർത്താവു വന്നത്.

**(3) പാപത്തിന്റെ പിഴയായ നിത്യമരണത്തിൽ നിന്നുള്ള രക്ഷ നമുക്കാവശ്യമാണ്.**

***"ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പ്രവേശിച്ചു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം എല്ലാവരിലും വന്നു."റോമർ 5:12.***

**(4) പാപം നിറഞ്ഞ, സന്തോഷമില്ലാത്ത, നിരർത്ഥകമായ ജീവിതത്തിൽ നിന്നു നമുക്കു രക്ഷ ആവശ്യമാണ്.**

ഒരു പാപിക്ക് മുമ്പോട്ടുപോകാനാകാതെ ഒരറ്റം അടച്ചുകെട്ടിയ വഴിപോലെയാണ് ജീവിതം.

**(5) പാപം നിറഞ്ഞ ഒരു ലോകത്തിൽ നിന്നും നമുക്ക് രക്ഷ ആവശ്യമാണ്**

പാപത്താലും അതിന്റെ അനന്തരഫലങ്ങളായ കഷ്ടപ്പാട്, ഹൃദയവേദന, ഏകാന്തത, മത്സരം, രോഗം, മരണം ഇവയാലും നിറഞ്ഞതായ ഈ ലോകത്തിൽ നിന്നും നാം മോചിക്കപ്പെടണം.

## *3. നമ്മെ രക്ഷിക്കാൻ ആർക്കു സാധിക്കും?*

യേശുവിനു മാത്രമേ നമ്മെ രക്ഷിക്കുവാൻ സാധിക്കൂ.

**(1) യേശുവിനു നമ്മെ പാപത്തിൽ നിന്നും വിടുവിക്കുവാൻ സാധിക്കും.**

***"അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു"മത്തായി. 1:21.***

ഹൈന്ദവ സഹോദരൻ തന്റെ ക്രൈസ്തവ സ്നേഹിതനോടുപറഞ്ഞു, "ക്രിസ്തുമതത്തിൽ കാണാൻ കഴിയാത്ത ധാരാളം കാര്യങ്ങൾ ഞാൻ ഹിന്ദുമതത്തിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഹിന്ദുമതത്തിൽ ഇല്ലാത്ത ഒരു കാര്യം ക്രിസ്തുമതത്തിലുണ്ട്- ഒരു രക്ഷകൻ." ജനങ്ങൾക്ക് ഒരു രക്ഷകനെ വാഗ്ദാനം ചെയ്യുന്ന ഒരേ ഒരു മതം ക്രിസ്തുമതം മാത്രമാണ്.

**(2)ദൈവത്തിൽ നിന്ന് വിഛേദിക്കപ്പെട്ടുപോയ ബന്ധത്തിൽ നിന്നും നമ്മെ രക്ഷിക്കുവാൻ യേശുവിനു സാധിക്കും.**

***"അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൌരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർന്നു." എഫെസ്യർ 2:12,13.***

ഒരു നല്ല ബന്ധം സ്ഥാപിക്കാവുന്ന ഉത്തമ സുഹൃത്താണ് യേശു. നമ്മിലുള്ള എറ്റവും നല്ലതിനെ പുറത്തുകൊണ്ടുവരാൻ ഞങ്ങൾ ഇഷ്ടപ്പെടുന്നു. "ക്രിസ്തുവിന്റെ രക്തത്താൽ" നമ്മുടെ കഴിഞ്ഞകാല ജീവിതപാപം ക്ഷമിക്കപ്പെടുകയും ദിനംതോറും തന്റെ സ്വീകാരം പാപത്തെ കീഴടക്കാനുള്ള ശക്തി തരികയും നമുക്ക് കുറ്റമറ്റ ജീവിതം നല്കുകയും ചെയ്യുന്നു. നാം വീഴുമ്പോഴെല്ലാം കൈപിടിച്ച് ഉയർത്താൻ താൻ അവിടുണ്ടെന്നു നമുക്കറിയാം. അവനോടുള്ള നമ്മുടെ സ്നേഹത്തിലൂടെ അവനു പ്രസാദകരമായ വിധം ജീവിക്കുവാനുള്ള ആഗ്രഹം നമ്മിൽ ഉളവാകുന്നു.

**(3) പാപത്തിന്റെ ശിക്ഷയായ നിത്യമരണത്തിൽ നിന്നും നമ്മെ രക്ഷിക്കാൻ യേശുവിനു സാധിക്കും.**

***"പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ" റോമർ 6:23.***

***"ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" റോമർ 5:8.***

തന്റെ തീരാത്ത (അക്ഷയ) സ്നേഹം നിമിത്തം യേശു "നമുക്കുവേണ്ടി മരിച്ചു." അവൻ നമുക്കുവേണ്ടി പാപത്തിന്റെ ഫലം മുഴുവൻ അനുഭവിക്കയും മരിക്കയും ചെയ്തതിനാൽ പാപത്തെ ലഘൂകരിക്കാതെതന്നെ ദൈവത്തിന് ഇപ്പോൾ പാപികളോടു ക്ഷമിക്കാനും അവരെ സ്വീകാരിക്കാനും സാധിക്കുന്നു.

(4)പാപം നിറഞ്ഞതും സന്തോഷ രഹിതവുമായ ജീവിതത്തിൽ നിന്നും യേശുവിനു നമ്മെ രക്ഷിക്കാൻ സാധിക്കും.

***"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ, അതു പുതുതായിത്തീർന്നിരിക്കുന്നു" 2 കൊരിന്ത്യർ 5:17.***

ഒരു സിംഹം കുഞ്ഞാടായിത്തീരാൻ തീരുമാനിച്ചാലും സാധിക്കാത്തതുപോലെ നമുക്കു സ്വയമായി നമ്മെത്തന്നെ പാപത്തിൽ നിന്നും രക്ഷിക്കാനോ, നമ്മുടെ പാപപ്രകൃതിക്കു വ്യതിയാനം വരുത്തുവാനോ സാധിക്കയില്ല (റോമർ 7:18). പാപം നമ്മുടെ ഇച്ഛാശക്തിയേക്കാൾ ശക്തമാണ്. എന്നാൽ തന്റെ "ആത്മാവിനാൽ നിങ്ങളിലുള്ള ആന്തരിക മനുഷ്യനെ ശക്തിയോടെ ബലപ്പെടുത്താൻ യേശുവിനു കഴിയും" (എഫെസ്യർ 3:16). നമ്മിലുള്ള ദുഃസ്വഭാവങ്ങളെ മാറ്റി തൽസ്ഥാനത്ത് തന്റെ സൽഗുണങ്ങളായ സ്നേഹം, സമാധാനം, സന്തോഷം, ദയ, ഇന്ദ്രിയജയം (ഗലാത്യർ 5:22,23) ഇവ പുനഃസ്ഥാപിക്കാൻ അവർ പ്രവർത്തിക്കുന്നു. നമ്മിലൂടെ ക്രിസ്തു ജീവിക്കുകയും നാം ആത്മീക സൗഖ്യവും പുതുക്കവും പുതുജീവിതവും സ്വീകരിക്കുകയും ചെയ്യും.

തന്റെ ജീവിതത്തിന് രൂപാന്തരം വരുമെന്നുള്ള പ്രത്യാശ ഹാരോൾഡ് ഹഗ്സ് ഉപേക്ഷിച്ചു. മടി കൂടാതെ തന്റെ മദ്യപാനം നിർത്തുവാൻ അദ്ദേഹം പല പ്രാവശ്യം ശ്രമിച്ചു. കുപ്പികളുമായുള്ള തന്റെ പോരാട്ടം ഭാര്യയേയും രണ്ടു പെൺമക്കളേയും പത്തുവർഷം നരകത്തിൽ തള്ളിയിട്ടിരുന്നു എന്ന കാര്യം മാത്രം അദ്ദേഹം നന്നായറിഞ്ഞു. അതുകൊണ്ട് അദ്ദേഹം ഒരു തണുപ്പുള്ള പ്രഭാതത്തിൽ തന്റെ കുളിമുറിയിലെ കുളിത്തൊട്ടിയിൽ കിടന്നുകൊണ്ട് ഒരു കൈത്തോക്ക് തന്റെ വായിലേക്ക് ചൂണ്ടിപ്പിടിച്ചു: കാഞ്ചിവലിക്കുന്നതിനു മുമ്പെ ദൈവത്തോട് എല്ലാക്കാര്യങ്ങളും തുറന്നുപറയണമെന്നു തീരുമാനിച്ചു. ആ പ്രാർത്ഥന വളരെ ദീർഘമായ തേങ്ങലോടുകൂടിയ സഹായത്തിനായുള്ള ഒരു യാചനയായി പരിണമിച്ചു.

അങ്ങനെ ദൈവം ഇടപെട്ടു. ഹാരോൾഡ് ഹഗ്ഗ്സ് ക്രിസ്തുവിനായി സമർപ്പണം ചെയ്യുകയും തളർന്നുപോകാതിരിക്കുന്നതിനുള്ള ആത്മീകശക്തി പ്രാപിക്കുകയും ചെയ്തു. തന്റെ നന്മയ്ക്കായി മദ്യപാനം ഉപേക്ഷിക്കുകയും സ്നേഹമുള്ള പിതാവും ആശ്രയിക്കാവുന്ന ഭർത്താവും ആയിത്തീരുകയും, പിന്നീട് അദ്ദേഹം അമേരിക്കൻ സെനറ്റിൽ ഒരു സ്ഥാനം നേടുകയും ചെയ്തു. ഈ ലോകത്തിൽ രൂപാന്തരപ്പെടുത്തുന്ന മഹനീയ ശക്തിയാണ് യേശുക്രിസ്തു എന്ന് ഹാരോൾഡ് ഹഗ്ഗ്സ് കണ്ടെത്തി.

**(5) പാപം നിറഞ്ഞ ലോകത്തിൽ നിന്നു നമ്മെ രക്ഷിക്കാൻ യേശുവിനു സാധിക്കും**

അടുത്ത നാലു പാഠങ്ങൾ അതെങ്ങനെയെന്നു വിശദീകരിക്കും.

## *4. ലളിതമായ മൂന്നു പടികൾ എടുക്കുന്നതിലൂടെ നാം രക്ഷിക്കപ്പെടും.*

**ഒന്നാമത്തെ പടി: നമ്മുടെ ജീവിതത്തിലെ പാപത്തെ കൈകാര്യം ചെയ്യാൻ ക്രിസ്തുവിനോടാവശ്യപ്പെടുക.**

പാപം നിറഞ്ഞ ജീവിതം ഉപേക്ഷിക്കാൻ നമ്മുടെ ഭാഗത്തുനിന്നും നാം എന്തു ചെയ്യണം?

***"ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ" അപ്പൊ.പ്ര 3:19.***

ഒരുവനെ മാനസാന്തരത്തിലേക്കു നയിക്കുന്നതെന്താണ്?

***"ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നയിക്കുന്നു" റോമർ 2:4***

***"നിങ്ങളുടെ ദുഃഖം അനുതാപത്തിലേക്കു നയിക്കുന്നു" 2 കൊരി.7:9***

കഴിഞ്ഞകാല പാപജീവിതമോർത്തു പശ്ചാത്തപിക്കുന്നതും തുടർന്നു പാപവഴികൾ വിട്ടകലുന്നതും പഴയ സ്വഭാവങ്ങൾ, ജീവിതരീതികൾ, മനോഭാവങ്ങൾ ഇവ മാറ്റുന്നതുമാണ് മാനസാന്തരം. ശിക്ഷയെ പേടിച്ചുള്ള കേവലം ഖേദപ്രകടനമല്ല, മറിച്ച് നമ്മുടെ ദുഷ്ടത കാരണം നാം മരിക്കേണ്ടിയിരുന്ന സ്ഥാനത്തു യേശുവിനെ മരണത്തിലേക്കു നയിച്ച "ദൈവത്തിന്റെ ദയയോടുള്ള" നമ്മുടെ പ്രതികരണമായിരിക്കണം മാനസാന്തരം. ദൈവത്തെ മുറിവേല്പിക്കുമെന്നതിനാൽ നാം പാപത്തെ ഉപേക്ഷിക്കണം.

നാം ക്രിസ്തുവിൽ ഒരു പുതുജീവിതം അനുഭവമാക്കുമ്പോൾ ഇതുവരെയുണ്ടായിരുന്ന നമ്മുടെ ദുഷിച്ച പഴയ സ്വഭാവങ്ങൾ ഉപേക്ഷിച്ച് നല്ലതു പ്രവർത്തിക്കും. (യെഹെസ്കേൽ 33:14-16).

നമ്മുടെ പഴയകാല ജീവിതത്തെ ഉപേക്ഷിക്കുന്നതിൽ ദൈവത്തിന്റെ ഭാഗം എന്താണ്?

മാനസാന്തരവും ക്ഷമ ലഭിക്കുന്നതും ദൈവത്തിൽ നിന്നും നമുക്കുള്ള ദാനങ്ങളാണ്.

***"യിസ്രായേലിന്നു മാനസാന്തരവും പാപമോചനവും നല്കുവാൻ ദൈവം അവനെ പ്രഭുവായും രക്ഷിതാവായും തന്റെ വലങ്കയ്യാൽ ഉയർത്തിയിരിക്കുന്നു." അപ്പൊ. പ്രവൃ. 5:31.***

നാം മാനസാന്തരപ്പെടുമ്പോൾ സ്നേഹവാനായ രക്ഷകൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും ശുദ്ധീകരിക്കുകയും പാപങ്ങൾ ഇനി പൊങ്ങിവരാത്തവണ്ണം ആഴിയുടെ അടിത്തട്ടിലേക്കെറിഞ്ഞുകളയുകയും ചെയ്യുന്നു.

***"നമ്മുടെ പാപങ്ങൾ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കാൻ തക്കവിധം വിശ്വസ്തനും നീതിമാനുമാകുന്നു." 1 യോഹന്നാൻ 1:9 (മീഖാ. 7:18,19 കാണുക)***

നമ്മുടെ രക്ഷകൻ കാൽവരി കുരിശിൽ മരിച്ചതിനാൽ ക്ഷമിക്കപ്പെടാൻ സാധിക്കാത്തതായ യാതൊരു കഠോരപാപവും ശേഷിക്കുന്നില്ല. യേശുവിൽ ആശ്രയിക്കുന്ന ഒരു വ്യക്തി തന്റെ ക്ഷമയ്ക്കായി ആവശ്യപ്പെടുക മാത്രമേ വേണ്ടൂ. ക്ഷമയ്ക്കായി നാം യാചിച്ചില്ലെങ്കിൽ ക്രിസ്തുവിന്റെ മരണത്താലുള്ള പാപമോചനം നമുക്കു ലഭിക്കില്ല. ക്രിസ്തുവിന്റെ കൈകാലുകളിൽ ആണികൾ അടിച്ചിറക്കാൻ ഇടയാക്കിയത് നമ്മുടെ പാപമാണെന്നതു തെളിയിക്കപ്പെട്ട ഒരു വസ്തുതയാണ്. തന്റെ ക്ഷമാദാനവും നിരപ്പും നാം സ്വീകരിക്കേണ്ടതിന് ഇപ്പോഴും നമുക്കായി നമ്മുടെ ഭാവനയ്ക്കപ്പുറമായ ആകാംക്ഷ യേശുവിനുണ്ട്.

വീട്ടിൽ നിന്നും ഓടിപ്പോയ ഒരു മകന് തന്റെ അമ്മ മരണാസന്നയായിരിക്കുന്നു എന്ന വാർത്ത ലഭിച്ചു. ഈ വാർത്ത തന്റെ മാതാവുമായി അറ്റുപോയ ബന്ധത്തെക്കുറിച്ച് അവന് അത്യധികമായ വേദനയുണ്ടാക്കി. വളരെ ശീഘ്രത്തിൽ വീട്ടിലെത്തി മുറിയിലേയ്ക്കോടിക്കയറി അമ്മയുടെ കിടക്കയിലേക്കവൻ വീണു. കണ്ണീർ പ്രളയത്തോടെ അമ്മയോട് അവൻ മാപ്പപേക്ഷിച്ചു.

മാതാവ് അവനെ തന്നിലേയ്ക്കു വലിച്ചടുപ്പിച്ച് ചെവിയിൽ പതുക്കെ മന്ത്രിച്ചു- "മകനേ, നീ ചോദിച്ചിരുന്നെങ്കിൽ എത്രയോനാൾ മുമ്പേ ഞാൻ നിന്നോടു ക്ഷമിക്കുമായിരുന്നല്ലോ."

നിങ്ങൾ ദൈവത്തിൽ നിന്ന് അകലേയ്ക്കു പോയെങ്കിൽ അല്ലെങ്കിൽ നിങ്ങൾ ഇപ്പോഴും ദൈവത്തെ അറിഞ്ഞിട്ടില്ലെങ്കിൽ നിങ്ങളെ സ്നേഹിക്കുന്ന സ്വർഗ്ഗീയ പിതാവ് നിങ്ങളെ തന്റെ ഭവനത്തിലേക്ക് സ്വാഗതം ചെയ്യാൻ എത്ര ആകാംക്ഷയുള്ളവനാണെന്നതിനെപ്പറ്റി ദയവായി ചിന്തിക്കൂ. മറ്റെന്തിനേക്കാളുമുപരിയായി തന്റെ ക്ഷമാവാഗ്ദാനം നിങ്ങൾ സ്വീകരിക്കണമെന്ന് ദൈവം ഇച്ഛിക്കുന്നു. യേശു നിങ്ങളെ സ്നേഹിക്കുന്നു. അവൻ നിങ്ങൾക്കായി മരിച്ചു. നമ്മോടു ക്ഷമിക്കാൻ ദൈവം എക്കാലത്തും ആഗ്രഹിക്കുന്നു. അതുകൊണ്ട് മാനസാന്തരപ്പെടാനുള്ള ദയാപൂരിതമായ ദൈവത്തിന്റെ ക്ഷണത്തിന് പ്രത്യുത്തരം കൊടുക്കുക. നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുക. ദൈവം ക്ഷമിക്കുന്നു എന്നു സ്വതവെ വിശ്വസിക്കുക. അവൻ ക്ഷമിക്കുക തന്നെ ചെയ്യും. തന്നിൽ ആശ്രയിക്ക! അവന്റെ വാഗ്ദത്തങ്ങളിൽ ആശ്രയിക്ക!

**രണ്ടാമത്തെ പടി: യേശുവിൽ നിന്നും ഒരു പുതുജീവിതം സ്വീകരിക്കുക.**

യേശുവിൽ നിന്നും ഒരു പുതുജീവിതം സ്വീകരിക്കുന്നതിന് നിങ്ങളുടെ ഭാഗം യേശു നിങ്ങളെ വാസ്തവമായി രക്ഷിച്ചു എന്നു വിശ്വസിക്കുക എന്നതാണ്. താൻ നിങ്ങളോടു ക്ഷമിക്കയും നിങ്ങളെ ശുദ്ധീകരിക്കയും ചെയ്തു എന്നും നിങ്ങളുടെ കഴിഞ്ഞ കാല പാപജീവിതത്തെ മാറ്റി തൽസ്ഥാനത്ത് നവീനവും രൂപാന്തരപ്പെടുത്തിയതുമായ ജീവിതം നല്കിയെന്നുമുള്ള വസ്തുത ചോദ്യം ചെയ്യാതെ അംഗീകരിക്കുക.

***"തന്റെ നാമത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും***

***ദൈവമക്കൾ ആകുവാൻ അവൻ (ശക്തി, അധികാരം, അവസരം) അവകാശം നല്കിയിരിക്കുന്നു" യോഹന്നാൻ 1:12.***

ഒരു ദൈവപൈതൽ എന്ന നിലയിൽ യേശുവിൽ നിന്നും ഒരു പുതിയ ജീവിതം സ്വീകരിക്കുവാൻ നിങ്ങൾക്ക് "അവകാശം''ഉണ്ട്. എന്നാലത് സ്വയമായി സമ്പാദിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല. അത് നിങ്ങളുടെ സ്വർഗ്ഗീയ പിതാവിൽ നിന്നുള്ള ഒരു ദാനമാണ്. നമ്മുടെ അസ്ഥിരതയും സംശയവും ദൂരികരിക്കുവാൻ കർത്താവ് ഇപ്രകാരം നിരുപാധികമായൊരു വാഗ്ദത്തം നല്കിയിരിക്കുന്നു.

നമുക്കൊരു പുതു ജീവിതം നല്കുന്നതിൽ ദൈവത്തിനുള്ള പങ്കെന്താണ്?

***"പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല" യോഹ.3:3.***

വിശ്വസിക്കുകയും അനുതപിക്കുകയും ചെയ്യുന്ന ഒരുവൻ പുതുജീവൻ പ്രാപിച്ചവനാണെന്ന് യേശു പറയുന്നു. ഇത് ദൈവത്തിനുമാത്രം ചെയ്യുവാൻ കഴിയുന്ന ഒരത്ഭുതമാണ്

***"ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും" യെഹെസ്കേൽ 36:26.***

യേശു നമ്മുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്തി, നമ്മുടെ വേദനകളും ശീലങ്ങളും മാറ്റി നമ്മിൽ വസിക്കും (കൊലൊസ്സ്യർ 1:27). ഈ പുതിയ ജീവിതം ഒരു മൃദുലമായ ആത്മീയാശയമല്ല. ഇത് പ്രയാസമുള്ള സുദൃഢമായ വസ്തുതയും ആത്മീക മരണത്തിൽ നിന്നും വ്യത്യസ്തമായ ഒരു പുതിയ ജീവിതത്തിലേയ്ക്കും നിലനില്പിലേക്കുമുള്ള ഉയിർത്തെഴുന്നേല്പുമാണ്.

**മൂന്നാമത്തെ പടി: എല്ലാദിവസവും യേശുവിനായി ജീവിക്കുക.**

ക്രിസ്തീയ ജീവിതം സ്വാർത്ഥതയിൽ നിന്നും ദിനന്തോറും വിട്ടൊഴിയുന്നതും നമ്മുടെ നല്ല സ്നേഹിതനായ യേശുവുമായുള്ള ഈടാർന്ന ബന്ധം ഉൾക്കൊള്ളുന്നതുമാണ്. യേശുവുമായുള്ള ഈ ബന്ധത്തിന്റെ ദൃഢമാക്കലിലൂടെ നാം ഈപുതിയ ജീവിതത്തിൽ വളരണം. ഇതിനർത്ഥം അവനുമായി കൂടുതൽ സമയം ചിലവഴിക്കയും സത്യസന്ധവും യഥാർത്ഥവുമായ ആശയവിനിമയം സ്ഥാപിക്കയും വേണം എന്നാണ്. ദൈവം നമ്മുടെ ആത്മീക വളർച്ചയ്ക്കു സഹായകമായി അഞ്ചു ദൈവിക ശുശ്രൂഷകൾ തന്നിരിക്കുന്നു- വേദപഠനം, പ്രാർത്ഥന, ധ്യാനം, മറ്റു ക്രിസ്ത്യാനികളുമായുള്ള കൂട്ടായ്മ, നമ്മുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കൽ എന്നിവ.

ക്രിസ്തുവിൽ ജീവിക്കുന്നതിനാൽ നാം ഒരിക്കലും തെറ്റുകൾ ചെയ്യില്ല എന്നർത്ഥമില്ല. എന്നാൽ നാം തെറ്റിലകപ്പെട്ട് പാപം ചെയ്താൽ ക്രിസ്തുവിന്റെ പാപക്ഷമ അവകാശപ്പെട്ട് (കരസ്ഥമാക്കി) മുമ്പോട്ടുപോകും. നാം ഒരു പ്രത്യേക ദിശയിലേയ്ക്കു നയിക്കപ്പെടുകയും ക്രിസ്തു ഒരു ജീവിക്കുന്ന സാന്നിദ്ധ്യമായി നമ്മുടെ ഹൃദയത്തിൽ കൂടികൊള്ളുകയും ചെയ്യുന്നു എന്നു നമുക്കറിയാം.

## *5. രണ്ടാം അവസരത്തിൽ ആനന്ദം*

ഹാരോൾഡ് ഹഗ്ഗ്സിന് അമേരിക്കൻ സെനറ്റർ എന്ന നിലയിലുള്ള വിശിഷ്ട സേവനത്തിനിടയിൽ ധാരാളം വിശിഷ്ട ബഹുമതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കിപ്പെട്ടശേഷം ലഭിച്ചതാണ് അവയേക്കാൾ ശ്രേഷ്ഠമായ ബഹുമതി.

ഒരു വൈകുന്നേരം ഹാരോൾഡ് തന്റെ മുറിയിൽ തനിച്ചിരുന്ന് ബൈബിൾ പഠിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ തോളത്ത് ഒരു മൃദുസ്പർശനം അനുഭവപ്പെട്ടു. അദ്ദേഹം മുഖമുയർത്തി നോക്കി. ശാന്തരായി തങ്ങളുടെ നിശാവേഷത്തിൽ അടുത്തെത്തിയ തന്റെ കുഞ്ഞു പെൺമക്കൾ രണ്ടുപേരുമായിരുന്നു അത്. ആശ്ചര്യത്തോടെ ഒരു നിമിഷം അദ്ദേഹം അവരെ നോക്കി. അവർ വളരെയധികം മാറിപ്പോയിരുന്നു. മദ്യക്കുപ്പികളുമായുള്ള പോരാട്ടക്കാലത്ത് അദ്ദേഹത്തിന് ഇതൊന്നും ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല.

ഇളയവളായ കാരൾ പറഞ്ഞു: "ഡാഡീ, ഞങ്ങൾ വന്നത് അങ്ങേയ്ക്ക് സ്നേഹചുംബനം നല്കാനും ശുഭരാത്രി നേരാനുമാണ്."

ആ പിതാവിന്റെ കണ്ണുകൾ മങ്ങി. കുട്ടികൾ തന്റെ ആശ്ലേഷത്തിനായി വന്നിട്ട് ഇതിനോടകം കാലം കുറേയായി. എന്നാലിപ്പോൾ അവരുടെ മനോഹരമായ കണ്ണുകളിൽ ഭയലാഞ്ഛന തീരെയില്ല. അവസാനം ഡാഡി ഭവനത്തിലെത്തി.

യേശു തീർച്ചയായും ജനത്തിന് ഒരു രണ്ടാം അവസരം നല്കും. യാതൊരു പ്രത്യാശയുമില്ലാത്തവരെ കൈക്കൊള്ളുകയും അവരിൽ ഒരു പുതിയ തുടക്കം സൃഷ്ടിക്കുകയും ചെയ്യും.

നാമോരോരുത്തരും അവസാനം ഭവനത്തിലെത്തുവാൻ രക്ഷകൻ കാത്തിരിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹമസൃണമായ ക്ഷണം നിങ്ങൾ സ്വീകരിക്കുമോ? ഒരു കുഞ്ഞിന്റെ ആശ്ലേഷത്തിനായി നിങ്ങളുടെ കൈകൾ വിടരുന്നതുപോലെ ലളിതമാണ് ദൈവത്തിന്റെ പാപക്ഷമയും വിശുദ്ധീകരണവും സ്വീകരിക്കുന്നത്. ഇതുവരെ നിങ്ങൾ ക്രിസ്തുവിനെ നിങ്ങളുടെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചിട്ടില്ലെങ്കിൽ ഇപ്രകാരമൊരു പ്രാർത്ഥനയോടെ ഇപ്പോൾത്തന്നെ അവനെ സ്വീകരിക്കുക.

"പിതാവേ, എന്റെ മുൻകാല പാപജീവിതത്തെയോർത്ത് ഞാൻ ദുഃഖിക്കുന്നു. എന്റെ സ്ഥാനത്തു മരിക്കുന്നതിനായി അവിടത്തെ പുത്രനെ ഈ ലോകത്തിലേക്കയച്ചതിന് ഞാൻ അങ്ങേയ്ക്കു നന്ദിയർപ്പിക്കുന്നു. യേശുവേ, അവിടുന്ന് ദയവായി എന്റെ പാപങ്ങൾ ക്ഷമിച്ച് എന്റെ ജീവിതത്തിലേക്കു കടന്നുവന്ന് എന്നെ രക്ഷിക്കേണമേ. ജീവിതത്തിൽ ഒരു രണ്ടാം അവസരം എനിക്കാവശ്യമാണ്- എനിക്ക് വീണ്ടും ജനനം ആവശ്യമാണ്. അതുമാത്രമല്ല, അങ്ങയുമായി ഒരു ദൈനംദിന ബന്ധം എനിക്കു സ്ഥാപിക്കണം. എന്നിൽ ഈ അത്ഭുതം പ്രവർത്തിച്ചതിനായി ഞാൻ നന്ദിയർപ്പിക്കുന്നു. യേശുവിന്റെ നാമത്തിൽത്തന്നെ, ആമേൻ."

ഈ മഹനീയമായ കണ്ടെത്തൽ നടത്തുക: നാം യേശുവിനോടടുത്തുവരുമ്പോൾ അവൻ നമ്മെ രക്ഷിക്കും.

# കണ്ടെത്തുക



## ജീവിതത്തിൽ ഒരു രണ്ടാം അവസരം

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക***

**1. ഒരു വ്യക്തിക്കു സാധിക്കും**

_______ ശാരീരികമായി ജീവനുണ്ട്, എന്നാൽ ആത്മീകമായി പാപത്തിൽ മരിച്ച അവസ്ഥയിലായിരിക്കാൻ

_______ ആത്മീകമായി മരിച്ചു; എന്നാൽ ബുദ്ധനിലുള്ള വിശ്വാസത്താൽ ജീവിക്കാൻ

**2. നാം രക്ഷിക്കപ്പെടണം**

_______ ദൈവത്തിന്റെ ദാനമായി ക്രിസ്തുവിലുള്ള വിശ്വാസത്താൽ

_______ കല്പനാലംഘനമാകുന്ന പാപത്തിൽ നിന്നും

_______ പാപത്താൽ ദൈവത്തിൽനിന്ന് വിഛേദിക്കപ്പെട്ടു പോയതുകൊണ്ട്

_______ പാപത്തിന്റെ ശിക്ഷയായ നിത്യമരണത്തിൽ നിന്നും

_______ മറ്റുള്ളവർക്കായി നന്മ ചെയ്യുന്നതിലൂടെ

**3. യേശു നമ്മുടെ പാപങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുന്നു.**

_______ ദൈവവുമായുള്ള ബന്ധം പുനഃസ്ഥാപിക്കുന്നു.

_______ പാപത്തിന്റെ ശിക്ഷയായ നിത്യമരണത്തിൽ നിന്നും വിടുവിക്കുന്നു.

_______ സൗഖ്യവും പുനരുദ്ധാരണവും പുതുജീവിതവും സ്വീകരിക്കുന്നു.

_______ എന്തെന്നാൽ നമ്മുടെ ശക്തമായ മനഃശക്തികൊണ്ട് നമുക്ക് പാപത്തെ കീഴടക്കുവാൻ സാധിക്കും.

_______ ഒരു പുതിയ വ്യക്തിയായി നമ്മെ രൂപാന്തരപ്പെടുത്തുന്നതിനാൽ

**4. രക്ഷ കരസ്ഥമാക്കുന്നതിന് നമ്മുടെ ഭാഗം**

_______ മാനസാന്തരപ്പെട്ട് പാപമോചനത്തിനായി ദൈവത്തിങ്കലേക്കു തിരിയുക.

_______ മുൻകാല ജീവിതത്തിലെ പാപങ്ങൾ ഏറ്റുപറയുകയും ഉപേക്ഷിക്കയും ചെയ്യുക.

_______ നന്നായി ജീവിക്കാൻ സാധിക്കേണ്ടതിന് ആത്മാർത്ഥമായ കഠിന പ്രയത്നം ചെയ്യുക.

_______ കഴിയുന്നിടത്തോളം കഴിഞ്ഞ കാല തെറ്റുകളെ തിരുത്തുക.

**നാം രക്ഷ കരസ്ഥമാക്കുന്നതിൽ ദൈവത്തിന്റെ പങ്ക്**

_______ നമ്മുടെ പാപങ്ങൾക്കുവേണ്ടി മാനസാന്തരവും ക്ഷമയും ദാനമായി നല്കുക.

_______ നാം ആവശ്യപ്പെട്ടില്ലെങ്കിലും ദൈവം നമുക്കു രക്ഷ നല്കുന്നു.

**ദൈവത്തിൽ നിന്നും ഒരു പുതുജീവിതം സ്വീകരിക്കുന്നതിന് നമ്മുടെ ഭാഗം**

_______ ദൈവം നമ്മോടു ക്ഷമിച്ചു, മുൻകാല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിച്ചു, നമുക്കൊരു പുതു ജീവിതംതരുന്നു എന്ന വസ്തുത അംഗീകരിക്കുകയാണ്.

_______ ഈ പുതുജീവിതം നമ്മുടെ സ്വപ്രയത്നത്താൽ നമുക്കു നേടാൻ സാധിക്കുന്നു എന്ന് അംഗീകരിക്കുകയാണ്.

**നാം ഒരു പുതുജീവിതം തേടുന്നതിൽ ദൈവത്തിന്റെ ഭാഗം**

_______ ഒരു പുതുജീവിതമെന്ന അത്ഭുതം നമ്മിൽ നടത്തുക, ഒരു പുതു ഹൃദയം നമുക്കു നല്കുക, നമ്മിൽ വസിക്കുക, നമ്മുടെ പെരുമാറ്റത്തെ രൂപാന്തരപ്പെടുത്തുക.

_______ തന്റെ കൃപയാൽ നമ്മെ കീഴടക്കുകയും നല്ലവരായിരിക്കാൻ നമ്മെ നിർബ്ബന്ധിക്കുകയും ചെയ്യുക.

***രക്ഷിക്കപ്പെടാനും ഒരു പുതുജീവിതം സ്വീകരിക്കാനും ഉള്ള അവസരം ക്രിസ്തു ഓരോരുത്തർക്കും വാഗ്ദാനം ചെയ്യുന്നു.***

***യേശുവിൽ ഈ പുതുജീവിതം നിങ്ങൾ കണ്ടെത്തിയോ?*** _______

***ഇല്ലെങ്കിൽ ഇപ്പോൾത്തന്നെ ഒരു നല്ല ജീവിതം നിങ്ങൾക്കു നല്കേണമേ എന്ന് ക്രിസ്തുവിനോടാവശ്യപ്പെടാൻ നിങ്ങളാഗ്രഹിക്കുന്നോ?*** _______

***ഈ പുതുജീവിതം നയിക്കേണ്ടതിന് പ്രത്യേക പ്രാർത്ഥനയിലൂടെയുള്ള സഹായം ആവശ്യപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?*** _______

# കണ്ടെത്തുക

പഠനസഹായി 7

## നിങ്ങളുടെ ഭാവിയെ സംബന്ധിച്ച്

**ഡോ**ക്ടർമായ പട്രീഷ്യയ്ക്കും ഡേവിഡ് മ്രാസെക്കിനും അവരുടെ പ്രവർത്തന മണ്ഡലത്തിൽ ഹൃദയഭേദകമായ പല രംഗങ്ങളും കാണുവാൻ ഇടയായിട്ടുണ്ട്. ശിശുരോഗ വിദഗ്ദ്ധരായ അവർ അനേകം കുഞ്ഞുങ്ങളുടെ രോഗവിവരങ്ങൾ പഠിക്കുകയുണ്ടായി. ചില കുട്ടികൾ അത്യാഹിതങ്ങളിൽ നിന്നു വിടുതൽ പ്രാപിക്കുന്നതും പലരും അതിൽ തകർന്നുപോകുന്നതും അവർ കണ്ടു. എന്താണ് കാരണം? ഉദാഹരണമായി ഒരു കുട്ടി മയക്കുമരുന്നിനു അടിമപ്പെടുമ്പോൾ മറ്റൊന്നു കോളേജിൽ പഠനം തുടരുന്നു. ബാല്യത്തിൽ തന്നെ പീഡനത്തിൽ പെട്ടുപോയ ചില കുട്ടികൾ മറ്റുള്ളവരെ പീഡിപ്പിക്കുന്നവരായി വളർന്നുവരുമ്പോൾ ചിലർ ഉത്തമ മാതാപിതാക്കളായും തീരുന്നു. എന്താണ് കാരണം?

ഈ പ്രശ്നങ്ങൾക്കുത്തരം ലഭിക്കാൻ മ്രാസെക്ക് വിപുലമായ ഒരു ഗവേഷണം തന്നെ നടത്തി. പ്രതികൂലങ്ങളെ അതിജീവിച്ച് ആരോഗ്യകരമായ ജീവിതം പടുത്തുയർത്തിയ കുട്ടികളിൽ ഒരു സവിശേഷത പ്രകടമായിരുന്നു. എന്താണ് ആ രഹസ്യം? "ശുഭാപ്തി വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഒരു അടിസ്ഥാന കാഴ്ചപ്പാട് അവരിൽ ദൃശ്യമായിരുന്നു."

ഈ വ്യത്യാസത്തിനു കാരണം പ്രത്യാശയായിരുന്നു. പ്രതികൂലങ്ങൾ നമ്മെ വലയം ചെയ്യുമ്പോൾ അവതരണം ചെയ്യുന്നതിന് സകലത്തിനുമുപരിയായി പ്രത്യാശ നമ്മെ സഹായിക്കുന്നു.

മനുഷ്യനു പ്രത്യാശ അത്യന്താപേക്ഷിതമാണ്. പക്ഷെ അതു നമുക്കെങ്ങനെ പ്രാപിക്കാം? നമ്മുടെ ലോകത്തിൽ അതു കണ്ടെത്തുക പ്രയാസമാണ്. വേദപുസ്തകത്തിലെ പ്രവചന ദൃഷ്ടിയിൽക്കൂടെ നോക്കുന്നതുവരെയും അതു കാണപ്പെടുകയില്ല. ജീവനുള്ള പ്രത്യാശയിലേക്കു എണ്ണമില്ലാത്ത മനുഷ്യരെ വഴി നടത്തിയ ഒരു വിലയേറിയ പ്രവചനം നാം ഇന്നു കണ്ടെത്തുന്നു.

### *1. ആശ്ചര്യകരമായ ഒരു വേദപുസ്തക പ്രവചനം*

ക്രിസ്തുവിന്റെ ജനനത്തിനു ഏകദേശം അഞ്ഞൂറു വർഷം മുമ്പ് ഭാവിയെ സംബന്ധിച്ചുള്ള ഒരു അത്ഭുതദൃശ്യം ദാനീയേൽ പ്രവാചകനിൽക്കൂടെ ദൈവം ലോകത്തിനു നല്കി. ദാനീയേലിന്റെ കാലം മുതൽ നമ്മുടെ കാലഘട്ടം വരെയുള്ള 2500 വർഷത്തെ ലോക ചരിത്രം ദൈവം അന്നുതന്നെ വെളിപ്പെടുത്തിക്കൊടുത്തു.

ഏകദേശം 2500 വർഷം മുമ്പ് ബാബിലോണിലെ രാജാവായിരുന്ന നെബൂഖദ്നേസറിനു ദൈവം കാണിച്ചുകൊടുത്ത ഒരു സ്വപ്നവുമായി ബന്ധപ്പെട്ട് ഈ പ്രവചനം ആരംഭിക്കുന്നു. ആ സ്വപ്നം ചക്രവർത്തിയെ പരിഭ്രാന്തനാക്കിയെങ്കിലും ഉണർന്നപ്പോൾ അവനതു മറന്നുപോയി! സ്വപ്നം പറഞ്ഞുകൊടുക്കുന്നതിലും വ്യാഖ്യാനിക്കുന്നതിലും ബാബിലോണിലെ സകല ബുദ്ധിമാന്മാരും പരാജയപ്പെട്ടപ്പോൾ സ്വർഗ്ഗത്തിലെ ദൈവം സകല രഹസ്യങ്ങളും വെളിപ്പെടുത്തുന്നു എന്നു പ്രസ്താവിച്ചുകൊണ്ട് എബ്രായ അടിമകളിൽ ഒരുവനായിരുന്ന ദാനീയേൽ എന്ന ചെറുപ്പക്കാരൻ മുമ്പോട്ടു വന്നു.

രാജസന്നിധിയിൽ ധൈര്യസമേതം നിന്നുകൊണ്ടു ദാനീയേൽ ഇപ്രകാരം പ്രഖ്യാപിച്ചു:

***"രാജാവു കണ്ട ദർശനമോ: വലിയൊരു ബിംബം; വലിപ്പമേറിയതും വിശേഷശോഭയുള്ളതുമായ ആ ബിംബം തിരുമുമ്പിൽ നിന്നു; അതിന്റെ രൂപം ഭയങ്കരമായിരുന്നു. ബിംബത്തിന്റെ തല തങ്കം കൊണ്ടും നെഞ്ചും കയ്യും വെള്ളികൊണ്ടും വയറും അരയും താമ്രം കൊണ്ടും തുട ഇരിമ്പു കൊണ്ടും കാൽ പാതി ഇരിമ്പു കൊണ്ടും പാതി കളിമണ്ണു കൊണ്ടും ആയിരുന്നു. തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈതൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണും കൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു."***

***"ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരു പോലെ തകർന്നു വേനല്ക്കാലത്തു കളത്തിലെ പതിർപോലെ ആയിത്തീർന്നു; ഒരിടത്തും തങ്ങാതവണ്ണം കാറ്റു അവയെ പറപ്പിച്ചുകൊണ്ടുപോയി; ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവ്വതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു." ദാനീയേൽ 2:31–35.***

ഈ ബിംബത്തിൽ നിന്നു ലഭ്യമാകുന്ന പ്രത്യാശ എന്തെന്നു ഒറ്റ നോട്ടത്തിൽ മനസ്സിലാകയില്ല. ക്ഷമയോടെ കാത്തിരിക്കുക

### *2. പ്രവചന വ്യാഖ്യാനം*

സ്വപ്നത്തിൽ നെബൂഖദ്നേസർ കണ്ടതെന്താണെന്നു വിവരിച്ചുകൊണ്ട് ദാനീയേൽ വീണ്ടും അത് വ്യാഖ്യാനിക്കുന്നു:

***"ഇതത്രേ സ്വപ്നം; അർത്ഥവും അടിയങ്ങൾ തിരുമനസ്സ് അറിയിക്കാം" ദാനീയേൽ 2:36***

**തങ്കം കൊണ്ടുള്ള തല:** തങ്കം കൊണ്ടുള്ള തല ഏതു ലോക സമ്രാജ്യത്തെ സൂചിപ്പിക്കുന്നു എന്നു ദാനീയേൽ പറഞ്ഞു?

***"രാജാവേ, തിരുമനസ്സുകൊണ്ടു രാജാധിരാജാവാകുന്നു; സ്വർഗ്ഗസ്ഥനായ ദൈവം തിരുമനസ്സിലേക്കു രാജത്വവും ഐശ്വര്യവും ശക്തിയും മഹത്വവും നല്കിയിരിക്കുന്നു..... പൊന്നുകൊണ്ടുള്ള തല തിരുമനസ്സുകൊണ്ടു തന്നേ,"ദാനീയേൽ 2: 37,38.***

ലോകത്തിലെ വലിയ സാമ്രാജ്യാധിപതിയോടു ദാനീയേൽ ഇപ്രകാരം പറഞ്ഞു: "നെബൂഖദ്നേസരേ, ബിംബത്തിന്റെ പൊന്നുകൊണ്ടുള്ള തല നിന്റെ സാമ്രാജ്യം തന്നേ എന്നു ദൈവം അരുളിച്ചെയ്യുന്നു."

**വെള്ളികൊണ്ടുള്ള നെഞ്ചും കയ്യും :** എന്നെന്നും നിലനില്ക്കുന്ന ഒരു സാമ്രാജ്യമായി ബാബിലോൺ മാനുഷിക ദൃഷ്ടിയിൽ തോന്നുമായിരുന്നു. എന്നാൽ അടുത്ത് എന്തുസംഭവിക്കുമെന്നു പ്രവചനം പറയുന്നു?

***"തിരുമനസ്സിലെ ശേഷം തിരുമേനിയെക്കാൾ താണതായ മറ്റൊരു രാജത്വം.... ഉത്ഭവിക്കും" വാക്യം 39.***

പേർഷ്യൻ സേനാപതി ആയിരുന്ന സൈറസ് ബി.സി. 539-ൽ ബാബിലോൺ സാമ്രാജ്യത്തെ കീഴടക്കിയപ്പോൾ ഈ പ്രവചന നിവൃത്തി എന്ന വണ്ണം നെബൂഖദ്നേസറിന്റെ രാജ്യം നാമാമവശേഷമായി. അപ്രകാരം വെള്ളി കൊണ്ടുള്ള നെഞ്ചും കയ്യും സൂചിപ്പിച്ചിരുന്ന മേദ്യ പേർഷ്യാ സാമ്രാജ്യം നിലവിൽ വന്നു.

**താമ്രം കൊണ്ടുള്ള വയറും അരയും :** ബിംബത്തിന്റെ ഈ ഭാഗം എന്തിനെ സൂചിപ്പിച്ചു?

***"സർവ്വഭൂമിയിലും വാഴുവാനിരിക്കുന്നതായി താമ്രം കൊണ്ടുള്ള മൂന്നാമതൊരു രാജത്വവും ഉത്ഭവിക്കും." വാക്യം 39.***

ബിംബത്തിന്റെ താമ്രം കൊണ്ടുള്ള വയറും അരയും ഗ്രീക്കു സാമ്രാജ്യത്തെ സൂചിപ്പിച്ചു. മേദ്യരെയും പേർഷ്യക്കാരേയും കീഴടക്കിക്കൊണ്ട് മഹാനായ അലക്സാണ്ടർ ചക്രവർത്തി മൂന്നാമത്തെ ലോക മഹാസാമ്രാജ്യമായ ഗ്രീക്കു സാമ്രാജ്യം സ്ഥാപിച്ചു. ബി.സി. 331 മുതൽ 168 വരെ അത് ലോകത്തെ ഭരിച്ചു.

**ഇരിമ്പുകൊണ്ടുള്ള കാൽ:** "നാലാമത്തെ രാജത്വം ഇരിമ്പുപോലെ ബലമുള്ളതായിരിക്കും, ഇരിമ്പു സകലത്തെയും തകർത്തു കീഴടക്കുന്നുവല്ലോ." വാക്യം 40.

അലക്സാണ്ടറുടെ മരണശേഷം ഗ്രീക്കു സാമ്രാജ്യത്തിന്റെ ശക്തി ക്ഷയിക്കുകയും പലതായി വിഭജിക്കപ്പെട്ടു പോകയും ഒടുവിൽ ബി.സി. 168-ൽ പിട്നാ യുദ്ധത്തോടുകൂടെ "ഇരിമ്പു സാമ്രാജ്യമായ" റോം ഗ്രീസിനെ തകർത്തുകളകയും ചെയ്തു.

ഏകദേശം രണ്ടായിരം വർഷങ്ങൾക്കുമുമ്പ് യേശു ഈ ഭൂമിയിൽ ജാതനായപ്പോൾ ഔഗുസ്തോസ് കൈസർ റോമാസാമ്രാജ്യം ഭരിക്കുകയായിരുന്നു. (ലൂക്കൊസ്2:1)

ബിംബത്തിന്റെ ഇരിമ്പുകൊണ്ടുള്ള കാൽ സൂചിപ്പിച്ചിരുന്ന കാലഘട്ടത്തിലാണ് ക്രിസ്തുവും ശിഷ്യന്മാരും ജീവിച്ചിരുന്നത്. 18-ാം നൂറ്റാണ്ടിലെ ചരിത്രകാരനായിരുന്ന ഗിബ്ബൺ ഇപ്രകാരം എഴുതിയപ്പോൾ ദാനീയേൽ പ്രവചനം തന്റെ മനസ്സിലുണ്ടായിരുന്നു എന്നതിനു തർക്കമില്ല: "സാമ്രാജ്യങ്ങളെയും ചക്രവർത്തിമാരെയും പ്രതിനിധീകരിച്ചിരുന്ന സ്വർണ്ണം, വെള്ളി, താമ്രം എന്നിവ കൊണ്ടുള്ള ബിംബങ്ങളെയെല്ലാംതന്നെ ഒന്നൊന്നായി ഇരിമ്പു സാമ്രാജ്യമായ റോമാ സാമ്രാജ്യം തകർത്തുകളഞ്ഞു." Edward Gibbon; The History of the Decline and Fall of the Roman Empire (John D. Morris and Company),Vol. 4, P.89.

ഈ പ്രവചനത്തെക്കുറിച്ച് മാനുഷീക കാഴ്ചപ്പാടിൽ അല്പസമയം ചിന്തിക്കുക. ഭാവിയിൽ നൂറ്റാണ്ടുകളോളം ഓരോന്നായി എത്രയെത്ര സാമ്രാജ്യങ്ങൾ ഉടലെടുക്കുന്നു എന്ന് ബാബിലോൺ സാമ്രാജ്യത്തിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന ദാനീയേലിന് എങ്ങനെ പറയുവാൻ സാധിക്കും? അടുത്ത ആഴ്ചയിലെ ഓഹരി വില്പന എപ്രകാരമായിരിക്കുമെന്നുപോലും പറയുവാൻ നമുക്കു സാധിക്കുന്നില്ല! എന്നിട്ടും അനുസരണയുള്ള സ്ക്കൂൾ കുട്ടികൾ നിരനിരയായി നില്ക്കുന്നതുപോലെ ബാബിലോൺ, മേദ്യാ-പേർഷ്യ, ഗ്രീസ്, റോം എന്നീ സാമ്രാജ്യങ്ങൾ പ്രവചനപ്രകാരംതന്നെ ഓന്നൊന്നായി കടന്നുവന്നു.

ഭാവി ദൈവത്തിന്റെ നിയന്ത്രണത്തിലാണോ? ദൈവത്തിന്റെ വലിയ പദ്ധതിപ്രകാരം നമുക്കു പ്രത്യാശയ്ക്കു വകയുണ്ടോ? ഈ ചോദ്യങ്ങൾക്കെല്ലാം അതെ! എന്ന ഉത്തരം മറ്റൊലിക്കൊണ്ടുകൊണ്ടിരിക്കുന്നു.

**ഇരിമ്പും കളിമണ്ണും ഇടകലർന്നുള്ള കാലും വിരലുകളും :** അഞ്ചാമതൊരു ലോക മഹാസാമ്രാജ്യം റോമയ്ക്കുശേഷം ഉണ്ടാകുമോ?

***"കാലും കാൽ വിരലും പാതി കളിമണ്ണും പാതി ഇരിമ്പും കൊണ്ടുള്ളതായി കണ്ടതിന്റെ താല്പര്യമോ: അതു ഒരു ഭിന്നരാജത്വം ആയിരിക്കും; ഏങ്കിലും ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ടതുപോലെ അതിൽ ഇരിമ്പിന്നുള്ള ബലം കുറെ ഉണ്ടായിരിക്കും. കാൽവിരൽ പാതി ഇരിമ്പും പാതി കളിമണ്ണുംകൊണ്ടു ആയിരുന്നതുപോലെ രാജത്വം ഒട്ടു ബലമുള്ളതും ഒട്ടു ഉടഞ്ഞുപോകുന്നതും ആയിരിക്കും." ദാനീയേൽ 2:41,42.***

അഞ്ചാമതൊരു ലോകസാമ്രാജ്യത്തെക്കുറിച്ച് പറയാതെ ഇരിമ്പു സാമ്രാജ്യമായ റോമയുടെ ഭിന്ന രാജത്വത്തെക്കുറിച്ച് പ്രവാചകൻ പ്രവചിക്കുന്നു. ബിംബത്തിന്റെ കാൽവിരൽ സൂചിപ്പിക്കുന്നതുപോലെ റോമാ സാമ്രാജ്യം പത്തായി വിഭജിക്കപ്പെട്ടു പോകുമെന്നു പ്രവചനം സാക്ഷിക്കുന്നു

ഇതു യഥാർത്ഥമായി സംഭവിച്ചുവോ? തീർച്ചയായും

സംഭവിച്ചു. ക്രിസ്താബ്ദം നാലും അഞ്ചും നൂറ്റാണ്ടുക ളിൽ വടക്കുനിന്നുള്ള ബർബ്ബരന്മാർ നശിച്ചുകൊണ്ടിരുന്ന റോമാസാമ്രാജ്യത്തെ നിരന്തരം ആക്രമിച്ചു തുടങ്ങി. അവ സാനം പത്തു വർഗ്ഗക്കാർ പടിഞ്ഞാറൻ റോമാസാമ്രജ്യ ത്തിന്റെ സിംഹഭാഗവും കീഴടക്കിക്കൊണ്ട് യൂറോപ്പിന്റെ അതിർത്തിക്കുള്ളിൽ പത്തു സ്വതന്ത്ര രാഷ്ട്രങ്ങൾക്കു രൂപം നൽകി. ഇപ്രകാരം ബിംബത്തിന്റെ കാൽവിരലുകൾ ഇന്നത്തെ യൂറോപ്പിലെ രാജ്യങ്ങളെ പ്രതിനിധീകരിക്കു ന്നു.

## *3. പ്രവചന വെളിച്ചത്തിൽ നമ്മുടെ കാലം*

**യൂറോപ്പിലെ രാഷ്ട്രങ്ങളെ ഒരു ഭരണാധി കാരിയുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടക്കുമെന്നു ദാനീയേൽ പ്രവചനം പറയു ന്നുണ്ടോ?**

***"ഇരിമ്പും കളിമണ്ണും ഇടകലർന്നതായി കണ്ട തിന്റെ താല്പര്യമോ: അവർ മനുഷ്യ ബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും ഇരിമ്പും കളിമണ്ണും തമ്മിൽ ചേരാതിരിക്കുന്നതുപോലെ അവർ തമ്മിൽ ചേരുക യില്ല" ദാനീയേൽ 2:43.***

യൂറോപ്പിന്റെ ഏകീകരണത്തിനു ശക്തന്മാരായ മനു ഷ്യർ പലപ്പോഴും ശ്രമിച്ചു എങ്കിലും ഓരോ തവണയും തോറ്റുപോവുകയാണ് ചെയ്തത്. വിഭാഗിക്കപ്പെട്ടുപോയ യൂറോപ്പിനെ ഒന്നിച്ചു ചേർക്കുന്നതിനു മറ്റെല്ലാവരെക്കാളും നെപ്പോളിയൻ അധികം മുന്നോട്ടുപോയെങ്കിലും വാട്ടർലൂ യുദ്ധത്തിൽ തോറ്റോടിയപ്പോൾ ഈ പ്രവചനം ഓർമ്മി ച്ചിട്ടാവണം അവൻ ഇപ്രകാരം പറഞ്ഞു: "സർവ്വശക്ത നായ ദൈവം എനിക്കു അജയ്യനാണ്!"

കാൽവിരലുകൾ പത്ത്- പടിഞ്ഞാറൻ റോമാ സ്രാമ്രാ ജ്യത്തിലെ പത്തു പ്രധാന വർഗ്ഗക്കാർ

| | |
|---|---|
| ആംഗ്ലോസാക്സൺസ് | (ഇംഗ്ലണ്ട്) |
| ഫ്രാങ്ക്സ് | (ഫ്രാൻസ്) |
| അലമന്നി | (ജർമ്മനി) |
| ലൊംബാർഡ്സ് | (ഇറ്റലി) |
| ഓസ്ട്രഗോത്ത്സ് | (പിൽക്കാലത്തു നശിപ്പിക്ക പ്പെട്ടു) |
| വിസിഗോത്ത്സ് | (സ്പെയിൻ) |
| ബർഗണ്ടിയൻസ് | (സ്വിറ്റ്സർലാന്റ്) |
| വാൻഡൽസ് | (വടക്കേആഫ്രിക്ക-പിൽക്കാ ലത്തു നശിപ്പിക്കപ്പെട്ടു) |
| സ്യൂവി | (പോർട്ടുഗൽ) |
| ഹെറൂലി | (ചില നൂറ്റാണ്ടുകൾ കഴിഞ്ഞ പ്പോൾ അപ്രത്യക്ഷമായി) |

കൈസർ വില്യം രണ്ടാമനും അഡോൾഫ് ഹിറ്റ്ലറും അവരുടെ കാലഘട്ടത്തിൽ അതിശക്തമായ സൈന്യ ബലമുള്ളവരായിരുന്നു. പക്ഷെ യൂറോപ്പിനെ ഏകീകരിച്ചു കൊണ്ടുവരുന്നതിന് അവർക്കും സാധിച്ചില്ല. എന്തു കൊണ്ട്? കാരണം തിരുവെഴുത്തിനു നീക്കം വന്നുകൂടാ എന്നുള്ളതുതന്നെയാണ്. "അവർ മനുഷ്യ ബീജത്താൽ തമ്മിൽ ഇടകലരുമെങ്കിലും... അവർ തമ്മിൽ ചേരുകയില്ല." ഭാവിയെ ദൈവം തന്റെ കരങ്ങളിൽ കാക്കുന്നു എന്നു രണ്ടു ലോകമഹായുദ്ധങ്ങളുടെയും ഫലം വിളിച്ചറിയിക്കുന്നു. അന്തിമമായി സർവ്വവും അവന്റെ നിയന്ത്രണത്തിലാണ്. നമുക്കു പ്രത്യാശയും മനസ്സമാധാനവും നമ്മുടെ ജീവിത ത്തെക്കുറിച്ചുള്ള അവന്റെ പദ്ധതിയിൽ ധൈര്യവും ഉണ്ടാ കേണ്ടതിനു അതുമാത്രം മതിയാകുന്നതാണ്.

## *4. ഭാവിയിലേക്കൊരു നോട്ടം*

**ദാനീയേൽ പ്രവചനത്തിലെ ഒരു ഭാഗം മാത്രം നിറ വേറാതിരിക്കുന്നു. ബിംബത്തിന്റെ കാലിൽ കൈതൊ ടാതെ വന്നടിച്ചു അതിനെ ധൂളിപ്പിച്ചശേഷം ഭൂമിയെങ്ങും നിറഞ്ഞു ഒരു മഹാപർവ്വതമായിത്തീർന്ന കല്ലിന്റെ അർത്ഥം എന്താണ്?**

***"ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറെ ഒരു ജാതിക്കു ഏല്പി ക്കപ്പെടുകയില്ല; അതു ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനില്ക്കയും ചെയ്യും" ദാനീയേൽ 2:44.***

"ഈ രാജാക്കന്മാർ" എന്നു പറയുന്നത് ബിംബ ത്തിന്റെ കാലും വിരലുകളും പ്രതിനിധാനം ചെയ്യുന്ന ആധുനിക യൂറോപ്പും നമ്മുടെ കാലഘട്ടവും തന്നെയാ ണ്. കൈതൊടാതെ പർവ്വതത്തിൽ നിന്നു വെട്ടിയെടുത്ത കല്ലു ബിംബത്തിന്റെ കാലിൽ അടിച്ചു അതിനെ തകർത്തശേഷം സർവ്വഭൂമിയും നിറഞ്ഞു (വാക്യങ്ങൾ 34,35,45). തന്റെ രാജ്യം സ്ഥാപിക്കുന്നതിനു അതിവേഗം യേശു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരും. സമാധാനവും സന്തോഷവും നിറഞ്ഞ അവന്റെ രാജ്യം സ്ഥാപിക്കപ്പെ ടും. നിത്യകാലപാറയും രാജാധിരാജാവും ആയ ക്രിസ്തു നിത്യകാലം വാഴും!

കല്ലു വന്നു ബിംബത്തിന്റെ കാലിൽ അടിക്കുകയെന്ന അവസാന ഭാഗമൊഴികെ ഈ പ്രവചനത്തിലെ സകലവും നിവൃത്തിയായിക്കഴിഞ്ഞു. ദൈവത്തിന്റെ സമയപ്പട്ടിക അനുസരിച്ച് ക്രിസ്തുവിന്റെ വീണ്ടും വരവെന്ന അന്തിമ ഘട്ടത്തിലേക്കു നാം അടുത്തുകൊണ്ടിരിക്കുന്നു. മാനവചരിത്രത്തിൽ നീണ്ടകാലങ്ങളായി നാം കണ്ടുകൊ ണ്ടിരിക്കുന്ന രക്തച്ചൊരിച്ചിലും യുദ്ധങ്ങളും ദൈവപുത്ര നായ യേശുക്രിസ്തു അവസാനിപ്പിക്കുകയും സ്നേഹവും കൃപയും നിറഞ്ഞ അവന്റെ നിത്യരാജ്യം സ്ഥാപിക്കുകയും ചെയ്യും.

## *5. രാജാവിന്റെ സ്വപ്നവും നിങ്ങളും*

രാഷ്ട്രങ്ങളുടെ ഉയർച്ചയിലും താഴ്ചയിലും ഉള്ള ദൈവകരം ഈ പ്രവചനത്തിൽ വെളിപ്പെടുന്നു. ദൈവത്തിന് കഴിഞ്ഞകാലങ്ങൾ ഓർമ്മയുണ്ടെന്നും ഭാവിയും അതുപോലെ അറിയുമെന്നും ബൈബിൾ പ്രവചനം വ്യക്തമായി പ്രതിപാദിക്കുന്നു.

രാഷ്ട്രങ്ങളുടെ നീക്കത്തെ ദൈവം ഇത്ര കൃത്യമായി നിയന്ത്രിക്കുന്നെങ്കിൽ തീർച്ചയായും ഓരോ വ്യക്തിയുടേയും ജീവിതത്തിൽ വഴികാട്ടിയാകുവാനും അവനു സാധിക്കും. "എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട" എന്ന് യേശു ഉറപ്പു തരുന്നു. (മത്തായി 10:30,31). നമ്മുടെ എല്ലാവിധ ഭയങ്ങൾക്കും വ്യാകുലതകൾക്കും മറുമരുന്നാണ് വിശ്വാസമെന്ന ദൈവിക ദാനം. നമ്മുടെ ആത്മാവിന്റെ നങ്കൂരമായി ദൈവം തരുന്ന ഈ പ്രത്യാശ പ്രവർത്തിച്ചുകൊണ്ടിരിക്കും.(എബ്രായർ 6:19)

ജീവിതകാലം മുഴുവൻ തന്നിൽ നിന്നു മായാതെ നിന്നിരുന്ന ഒരു കപ്പൽയാത്രാനുഭവത്തെപ്പറ്റി 16–ാം നൂറ്റാണ്ടിലെ പണ്ഡിതനായിരുന്ന എറാസ്മസ് വിവരിക്കുന്നു. അദ്ദേഹം യാത്ര ചെയ്തിരുന്ന കപ്പൽ കൊടുങ്കാറ്റിൽപ്പെട്ടു ആടിയുലഞ്ഞു. വീശിയടിക്കുന്ന തിരമാലകളിൽപ്പെട്ടു കപ്പൽ ഉടയുമെന്ന നിലയിലായി. നാവികരെല്ലാം ഭയന്നു വിറച്ചു. യാത്രക്കാരെല്ലാം മാനസീക പിരിമുറുക്കത്തിലായി. പലരും തങ്ങളുടെ ഇഷ്ടദേവന്മാരോടും മദ്ധ്യസ്ഥന്മാരായ വിശുദ്ധന്മാരോടും സഹായമഭ്യർത്ഥിച്ചു നിലവിളിച്ചു. പാട്ടുകൾ പാടുകയും ഉച്ചത്തിൽ പ്രാർത്ഥിക്കുകയും ചെയ്തു.

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന ഒരു വ്യക്തിയെ എറാസ്മസ് ശ്രദ്ധിച്ചു. അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു: "ഞങ്ങളിൽ എല്ലാവരിലും വ്യത്യസ്തയായി ഒരു യുവതി തന്റെ കൈക്കുഞ്ഞുമൊത്ത് കപ്പലിൽ ഉണ്ടായിരുന്നു. നിലവിളിക്കുകയോ കരയുകയോ സ്വർഗ്ഗവുമായി വിലപേശുകയോ ചെയ്യാതെ അവൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തന്റെ കുഞ്ഞിനെ മാറോടണച്ചുകൊണ്ട് അവൾ നിശ്ശബ്ദയായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു."

അവളുടെ നിത്യേനയുള്ള പ്രാർത്ഥനാ ജീവിതത്തിന്റെ ഭാഗമാണ് ഈ പ്രാർത്ഥനയുമെന്നു എറാസ്മസ് മനസ്സിലാക്കി. അവൾ തന്നെത്താൻ ദൈവത്തിനു ഏല്പിച്ചുകൊടുത്തിരിക്കുന്നതായി കാണപ്പെട്ടു.

കപ്പൽ മുങ്ങിത്താഴുവാൻ തുടങ്ങിയപ്പോൾ യുവതിയായ ഈ അമ്മയെ ഒരു പലകക്കഷണത്തിലിരുത്തി ഒരു ചെറിയ തുഴയും കയ്യിൽ കൊടുത്ത് തിരകളിലേക്ക് തള്ളിവിട്ടു. അവൾ ഒരു കരംകൊണ്ട് തന്റെ കുഞ്ഞിനെ പിടിക്കുകയും മറ്റെ കരംകൊണ്ട് തുഴയുകയും വേണമായിരുന്നു. അലറുന്ന തിരമാലകളിൽ നിന്നു അവൾ രക്ഷനേടുമെന്നു ആരും ചിന്തിച്ചില്ല.

പക്ഷെ അവളുടെ വിശ്വാസവും ആത്മനിയന്ത്രണവും അവളെ നിലയ്ക്കുനിറുത്തി. ആദ്യമായി കരയിൽ അടുത്തത് അവളും അവളുടെ കുഞ്ഞും ആയിരുന്നു.

വിശ്വസ്തനായ ദൈവത്തിങ്കലുള്ള പ്രത്യാശയ്ക്കു മുന്നിൽ എല്ലാം സാദ്ധ്യമായിത്തീരുന്നു. ലോകം നമുക്കു ചുറ്റും പൊട്ടിത്തകരുന്നു എന്നു തോന്നുമ്പോഴും അതു അപ്രകാരം തന്നെയാണ്. നാം ഒറ്റയ്ക്കല്ല തുഴയുന്നത്. മഹത്തായൊരു കരം നമ്മെ പിടിച്ചിരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കുകയാണെങ്കിൽ കൊടുങ്കാറ്റിൽക്കൂടെയാണെങ്കിൽത്തന്നെയും നിങ്ങളെ വഴിനടത്തുന്ന വിശ്വാസം അവൻ നിങ്ങൾക്കു തരുന്നു. യേശു വാഗ്ദാനം ചെയ്തിരിക്കുന്ന അമാനുഷിക സമാധാനം കണ്ടെത്തുക.

***"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; ....നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കുകയും അരുത്." യോഹന്നാൻ 14:27.***

ആ സമാധാനം നിങ്ങൾക്കുണ്ടോ? നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങളുടെ രക്ഷനായ യേശുവിനു നന്ദിയർപ്പിക്കുക. നിങ്ങൾക്കു അതില്ലായെങ്കിൽ ഇന്നുതന്നെ അവനെ നിങ്ങളുടെ ജീവിതത്തിലേക്കു ക്ഷണിക്കുകയില്ലേ?

# കണ്ടെത്തുക

## ഉത്തരക്കടലാസ് 7

## നിങ്ങളുടെ ഭാവിയെ സംബന്ധിച്ച്

**ശരിയായ ഉത്തരത്തിനു നേരേ *X* എന്ന അടയാളമിടുക**

1. **ദാനീയേൽ രണ്ടാം അദ്ധ്യായത്തിലെ വലിപ്പമേറിയ ബിംബത്തിന്റെ പ്രവചനം**

_______ 2500 വർഷത്തെ ലോകചരിത്രം മുന്നറിയിക്കുന്നു.

_______ ലോകചരിത്രത്തിന്റെ ആദ്യത്തെ 2500 വർഷത്തെ ചരിത്രം പുനരവലോകനം ചെയ്യുന്നു.

2. **ബിംബത്തിന്റെ തങ്കം കൊണ്ടുള്ള തല ലോകസാമ്രാജ്യത്തെ പ്രതിനിധീകരിക്കുന്നു.**

_______ നെബൊപൊളാസ്സർ രാജാവു ഭരിച്ചിരുന്ന അസ്സീറിയയെ

_______ നെബൂഖദ്നേസർ രാജാവ് ഭരിച്ച ബാബിലോണിനെ

**ബിംബത്തിന്റെ വെള്ളി കൊണ്ടുള്ള നെഞ്ചും കയ്യും**

_______ ലോകസാമ്രാജ്യമായിരുന്ന മേദ്യ-പേർഷ്യാ (ബി.സി. 539-331)

_______ ലോകസാമ്രാജ്യമായിരുന്ന ഈജിപ്റ്റ് (ബി.സി. 539-331)

**താമ്രംകൊണ്ടുള്ള വയറും അരയും ലോകസാമ്രാജ്യമായ**

_______ ഗ്രീസ് (ബി.സി. 331- 168)

_______ റോം (ബി.സി. 168-എ.ഡി.476)

**ഇരിമ്പു കാലുകൾ**

_______ മാസിഡോണിയ (ബി. സി. 168- എ. ഡി. 476)

_______ റോമാ (ബി. സി. 168- എ. ഡി. 476)

**ഇരിമ്പും കളിമണ്ണും കൊണ്ടുള്ള പാദങ്ങളും വിരലുകളും**

_______ റോമാ സാമ്രാജ്യത്തിന്റെ ഭിന്നരാജത്വങ്ങൾ (എ.ഡി.476 മുതൽ ഇന്നുവരെയുള്ളത്)

_______ ഇനി വരാനിരിക്കുന്നതും പേരു പറഞ്ഞിട്ടില്ലാത്തതുമായ അഞ്ചാമത്തെ സാമ്രാജ്യം.

3. **ഇരിമ്പും കളിമണ്ണും കൊണ്ടുള്ള പാദങ്ങളും വിരലുകളും അർത്ഥമാക്കുന്നത്**

_______ യൂറോപ്പു വീണ്ടും യോജിച്ച് ഒരു ലോക ശക്തിയാകും.

_______ ആധുനിക യൂറോപ്പ് ഐക്യതയിൽ വരികയില്ല.

4. **കാലിൽ വന്നടിച്ചു ബിംബത്തെ തകർത്തു പൊടിയാക്കിക്കളഞ്ഞ കല്ല്**

_______ തന്റെ രാജ്യം സ്ഥാപിക്കുന്നതിനു വേഗം വീണ്ടും വരുന്ന ക്രിസ്തുവിനെ സൂചിപ്പിക്കുന്നു.

_______ മൂന്നാം ലോക മഹായുദ്ധത്തെ സൂചിപ്പിക്കുന്നു.

ശരിയോ/തെറ്റോ

ഇത്ര കൃത്യമായി ലോകരാഷ്ട്രങ്ങളുടെ ഗതിയെ നിയന്ത്രിപ്പാൻ ദൈവത്തിന് സാദ്ധ്യമെങ്കിൽ തീർച്ചയായും നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തെ നിയന്ത്രിപ്പാനും അവനു സാധിക്കും.

**ഹൃദയംഗമമായ ചോദ്യം : വളരെ വേഗം ക്രിസ്തു സ്ഥാപിക്കാനിരിക്കുന്ന രാജ്യത്തിൽ ഒരു പൗരനായി ത്തീരുന്നതിനു നിങ്ങളുടെ ജീവിതത്തെ നിയന്ത്രിപ്പാൻ അവനോടു ആവശ്യപ്പെടുക എന്നുള്ളതു നിങ്ങളുടെ വ്യക്തിപരമായ ആഗ്രഹമാണോ?**

# നിങ്ങൾക്കായി യേശുവരുമ്പോൾ

**വ**ർഷങ്ങളോളം നീണ്ടുനിന്ന കഠിന തടവുനിമിത്തം അർമാന്റോ വലഡാറസിന്റെ ശാരീരികാവസ്ഥ അവന്റെ പഴയ ശരീരത്തിന്റെ ഒരു നിഴൽ മാത്രമായിത്തീർന്നു. ഒരു ക്രിസ്തുമസ് ദിവസം പള്ളിയിൽ പ്രാർത്ഥിച്ചു എന്ന കുറ്റം ചുമത്തി അവനെ കാസ്ട്രോയുടെ ഒരു ജയിലിൽ 30 വർഷത്തെ തടവിനു വിധിച്ചിരുന്നു. ജയിൽ അധികാരികൾ അവനെ പട്ടിണിക്കിടുകയും പീഡിപ്പിക്കുകയും പരിഹസിക്കുകയും ചെയ്തെങ്കിലും അവൻ വിശ്വാസം കൈവിട്ടില്ല.

എന്തോ ഒന്ന് അവനെ മുന്നോട്ട് നയിച്ചുകൊണ്ടിരുന്നു. മാർത്ത എന്നു പേരുള്ള ഒരു യുവതിക്കു അവൻ കൊടുത്തിരുന്ന വാഗ്ദത്തം ആയിരുന്നു അത്. അവൻ ജയിലിൽ ആയിരുന്നപ്പോഴാണ് അവർ തമ്മിൽ കണ്ടുമുട്ടിയതും സ്നേഹത്തിലായതും. അമിതാവേശമുള്ള അവന്റെ വിശ്വാസത്തിൽ അവൾ ആകൃഷ്ടയായി. ജയിൽ മുറ്റത്തുതന്നെ നടന്ന ഒരു ചടങ്ങിൽ അവർ വിവാഹിതരായി. പക്ഷേ ഉടൻ തന്നെ അധികാരികൾ മാർത്തയെ ബലം പ്രയോഗിച്ച് മിയാമി എന്ന രാജ്യത്തിലേക്ക് കുടിയേറുവാൻ ഇടയാക്കി.

അവരുടെ വേർപാട് വേദനാജനകമായിരുന്നു. പക്ഷേ അർമാന്റോ തന്റെ പ്രണയിനിക്കു രഹസ്യമായി ഒരു വാഗ്ദാനം എത്തിച്ചുകൊടുത്തു. പുറത്തു എറിഞ്ഞിരുന്ന ഒരു ചെറിയ കടലാസ്സ് കഷണത്തിൽ അവൻ ഇങ്ങനെ എഴുതി: “ഞാൻ നിന്റെ അടുക്കൽ വരും. എന്റെ പിന്നിൽ ചക്രവാളത്തിലുള്ള തോക്കിൻമുന ഒരു വിഷയമേ അല്ല.”

മാർത്തയുമായുള്ള വിവാഹഉടമ്പടി ഒരു ദൈവാലയത്തിൽ വെച്ചുതന്നെ നടത്തണമെന്ന് ആ ജയിൽപ്പുള്ളി തീരുമാനിച്ചിരുന്നു. എന്നെങ്കിലും ഒരു ദിവസം അവരുടെ കൂടിച്ചേരൽ പൂർണ്ണമാകും.“നീ എല്ലായ്പോഴും എന്നോടൊപ്പം ആയിരിക്കും” എന്ന് അവൻ അവളോടു പറഞ്ഞു.

അനേകരുടെ മനസ്സിനെ നിർവീര്യമാക്കിയതും ദൈർഘ്യമേറിയതുമായ ആ കാരാഗൃഹപീഡനത്തെ അതിജീവിക്കുന്നതിന് ഈ വാഗ്ദാനം അർമാന്റോയെ മുന്നോട്ടു നടത്തി. അതു മാർത്തയേയും ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. ഭർത്താവിന്റെ മോചനം സാധ്യമാക്കുവാൻ പൊതുജനശ്രദ്ധ പിടിച്ചുപറ്റുന്നതിനു അക്ഷീണം അവൾ പ്രയത്നിച്ചു. ഒരിക്കലും അവൾ പ്രത്യാശ കൈവടിഞ്ഞില്ല.

## *1. വാഗ്ദത്തം*

നമ്മെ ചേർത്തുകൊള്ളുവാൻ നമുക്കു മുകളിലുള്ള നീലാകാശത്തുനിന്നും എന്നെങ്കിലും ഒരിക്കൽ ക്രിസ്തു വാസ്തവമായും വരുമോ എന്നുള്ള ചിന്ത ചിലപ്പോഴെങ്കിലും നമ്മെ പരീക്ഷിക്കാറുണ്ടോ? അത്രമാത്രം നാം യുഗങ്ങളോളം ദൈവത്തിൽ നിന്ന് അകന്ന് പോയിരിക്കുകയാണ്. ഈ ഭൂമിയിൽ ബഹുകാലമായുള്ള ശോക ചരിത്രത്തിന് ഇപ്രകാരമൊരു സന്തോഷകരമായ അന്ത്യം ഉണ്ടെന്നുള്ളതു അത്രമാത്രം നല്ല കാര്യമാകയാൽ അതു വാസ്തവമാണെന്നു ചിന്തിക്കുവാൻ പ്രയാസം തോന്നും. എന്നാൽ നമ്മുടെ ഹൃദയങ്ങളിൽ വിശ്വാസം സജീവമായി നിലനിർത്തുന്നതിന് ഒരു കാര്യം സഹായിക്കുന്നു. അത് യേശു വീണ്ടും വരുമെന്നുള്ള അവന്റെ വാഗ്ദത്തം തന്നെയാണ്. ശിഷ്യന്മാരെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ യേശു ഈ വാഗ്ദത്തം കൊടുത്തു:

***“നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും.“ യോഹന്നാൻ 14:1-3.***

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പുതന്നെ “ഞാൻ വീണ്ടും വരും.” എന്നുള്ള ഉറപ്പ് ശിഷ്യന്മാർക്ക് കൊടുത്തു. തന്നിൽ വിശ്വസിക്കുന്നവരെ ചേർത്തുകൊണ്ട് അവർക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിക്കുന്നതിനു അവൻ വീണ്ടും വരുമെന്നു വാഗ്ദത്തം ചെയ്തു. തിരുവെഴുത്തിൽ 2500-ൽ പരം പരാമർശങ്ങൾ വീണ്ടും വരവിനെക്കുറിച്ചുണ്ട്. രണ്ടായിരം വർഷത്തിനുമുമ്പ് അവൻ ഈ ലോകത്തിൽ ജീവിച്ചിരുന്നതു ഒരു സത്യമായ വസ്തുത ആയിരിക്കുന്നതുപോലെതന്നെ തീർച്ചയായ ഒരു കാര്യമാണ് അവൻ വീണ്ടും വരും എന്നുള്ളത്.

നമ്മുടെ അതിക്രമങ്ങൾ തന്റെ മേൽ വഹിക്കുന്നതിനും മാനവരാശിയുടെ പാപത്തിനു മോചനം നല്കുന്നതിനും ഒരു വീണ്ടെടുപ്പുകാരനായി മശീഹ വരുമെന്ന് ദൈവം വളരെ മുമ്പുതന്നെ വാഗ്ദത്തം ചെയ്തിരുന്നു. ആ വാഗ്ദത്തം പുരാതന ലോകത്ത് ജീവിതത്തിൽ കഷ്ടതയനുഭവിച്ചിരുന്നവർക്ക് വിശ്വസ്തരായിരിക്കുവാൻ വളരെ പ്രചോദനമായി. എന്നാൽ യേശു വരികയും ക്രൂശിൽ മരിക്കുകയും ചെയ്തു. മനുഷ്യർ വിഭാവന ചെയ്തിരുന്നതിലും മഹത്വകരമായി ആ വാഗ്ദത്തം നിറവേറപ്പെട്ടു. വീണ്ടും വരുമെന്നുള്ള വാഗ്ദത്തവും യഥാർത്ഥ്യമായിത്തീരും. അവൻ നമ്മെ സ്നേഹിക്കുന്നതുകൊണ്ട് നമ്മുടെ വീണ്ടെടുപ്പിനു അമൂല്യമായ വില നല്കിയിരിക്കയാൽ അവൻ വീണ്ടും വരുമെന്നുള്ള വാഗ്ദത്ത

ത്തിൽ നമുക്കു പൂർണ്ണമായി ആശ്രയിക്കാം.

അർമാൻഡൊ തടവിലായിരുന്ന കാലത്തെല്ലാം കവിതകൾ, സന്ദേശങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ രഹസ്യമായി മാർത്തയ്ക്ക് അയച്ചുകൊടുത്തുകൊണ്ടിരുന്നു. ഈ എഴുത്തുകളിൽ ചിലത് അവൾ പരസ്യപ്പെടുത്തുകയും ചെയ്തു. അത് ലോകശ്രദ്ധ പിടിച്ചുപറ്റി. മനഃസാക്ഷി സ്വാതന്ത്ര്യത്തിനാഗ്രഹിച്ചു തടവിലായവരെ മോചിപ്പിക്കണമെന്നു ആവശ്യപ്പെട്ടു ലോകഭരണകൂടങ്ങൾ കാസ്ട്രോയുടെ മേൽ സമ്മർദ്ദം ചെലുത്തി. ഫ്രാൻസിന്റെ പ്രസിഡന്റ് ഇടപെട്ട് അവസാനം അർമാൻഡൊയെ പാരീസിലെത്തിച്ചു. വിമാനം നിലത്തിറങ്ങിയപ്പോഴും താൻ മോചിതനാണെന്നു വിശ്വസിപ്പാൻ അവനു പ്രയാസമായിരുന്നു. രണ്ടു പതിറ്റാണ്ടു കാലത്തെ കഷ്ടപ്പാടിനും കാത്തിരിപ്പിനും ശേഷം അർമാൻഡൊ മാർത്തയുടെ കരവലയത്തിൽ ഓടിയെത്തി.

ചില മാസങ്ങൾക്കുശേഷം ആ സന്തുഷ്ട ഇണകൾ മിയാമിയിലെ സെയിന്റ് കിരൺ പള്ളിയിൽ തങ്ങളുടെ വിവാഹപ്രതിജ്ഞ പുതുക്കി. അന്തിമമായി അവരുടെ കൂടിച്ചേരൽ പൂർണ്ണതയിലെത്തി. "ഞാൻ നിന്റെ അടുക്കൽ വരും" എന്നുള്ള വാഗ്ദത്തം നിറവേറ്റി.

അവസാനം നമ്മൾ ക്രിസ്തുവിനെ മുഖാമുഖം കാണുന്ന ആ ദിവസത്തിലെ അത്ഭുതകരമായ കൂടിച്ചേരൽ നിങ്ങൾക്കു ഊഹിക്കാമോ? നമ്മുടെ ഹൃദയങ്ങളിൽ ഒളിഞ്ഞിരിക്കുന്ന ദുഃഖങ്ങളും വേദനകളും കഷ്ടപ്പാടുകളും അവന്റെ മഹത്വപ്രത്യക്ഷതയിൽ മാഞ്ഞുപോകും. നമ്മുടെ ഉള്ളിലെ ആഴമേറിയ അഭിവാഞ്ഛയും പ്രതീക്ഷയും യേശു വീണ്ടും വരുമ്പോൾ നിറവേറപ്പെടും. സകല പ്രപഞ്ചങ്ങളിലേയും അതിശ്രേഷ്ഠ വ്യക്തിയുമായുള്ള കൂടിച്ചേരലിനെത്തുടർന്നുള്ള നിത്യതയുടെ തുറമുഖത്തു നാം അന്ന് എത്തിച്ചേരും.

യേശു അതിവേഗം വീണ്ടും വരുന്നു! അവനെ എതിരേല്പാൻ നിങ്ങൾക്കു അത്യാകാംക്ഷയുണ്ടോ?

## 2. യേശു വരുന്നത് എപ്രകാരമാണ്?

A. യേശു രഹസ്യമായി വരുമോ?

***"ഓർത്തുകൊൾവിൻ; ഞാൻ മുമ്പുകൂട്ടി നിങ്ങളോടു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങളോടു: അതാ അവൻ മരുഭൂമിയിൽ എന്നു പറഞ്ഞാൽ പുറപ്പെടരുത്; ഇതാ, അറകളിൽ എന്നുപറഞ്ഞാൽ വിശ്വസിക്കരുത്. മിന്നൽ കിഴക്കുനിന്നു പുറപ്പെട്ടു പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും" മത്തായി 24:25–27.***

മിന്നൽ അതിദൂരം പ്രകാശം പരത്തുന്നതും ദൃശ്യമായിരിക്കുന്നതുംപോലെ യേശുവിന്റെ വരവ് ആയിരിക്കും. അത് രഹസ്യത്തിൽ അല്ല.

B. യേശു എന്ന വ്യക്തിതന്നെ വീണ്ടും വരുമോ?

***"അവൻ പോകുന്നേരം അവർ ആകാശത്തിലേക്കു ഉറ്റുനോക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷന്മാർ അവരുടെ അടുക്കൽ നിന്നു; ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും എന്നു പറഞ്ഞു" അപ്പൊ. പ്ര. 1:10, 11.***

അവനെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത അതേ യേശുതന്നെ രാജാധിരാജാവായി വീണ്ടും വരുമെന്നു സ്വർഗ്ഗാരോഹണ സമയത്തു ദൂതന്മാർ അവർക്കു ഉറപ്പുകൊടുത്തു. രോഗികളെ സൗഖ്യമാക്കുകയും കുരുടരുടെ കണ്ണുകൾ തുറക്കുകും ചെയ്ത അതേ യേശു, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടു മന്ദസ്വരത്തിൽ സംസാരിച്ച അതേ യേശു, കരയുന്നവരുടെ കണ്ണീരൊപ്പുകയും കുഞ്ഞുങ്ങളെ തന്റെ അടുക്കൽ അണയ്ക്കുകയും ചെയ്ത അതേ യേശു, കാൽവരിക്രൂശിൽ മരിക്കുകയും കല്ലറയിൽ വിശ്രമിക്കുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്ത അതേ യേശുതന്നെ വീണ്ടും വരും.

C. അവൻ വരുമ്പോൾ നാം അവനെ കാണുമോ?

***"ഇതാ, അവൻ മേഘാരൂഢനായിവരുന്നു; ഏതു കണ്ണും...... അവനെ കാണും" വെളിപ്പാട് 1:7.***

അവൻ വരുമ്പോൾ ജീവനോടിരിക്കുന്ന വിശുദ്ധന്മാരും ദുഷ്ടന്മാരും അതു കാണും.

അവന്റെ വരവ് എത്രപേർ കാണുമെന്നു യേശുതന്നെ പറഞ്ഞിരിക്കുന്നു?

***"അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചും കൊണ്ടു മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും. മത്തായി 24:30.***

ഭൂഗോളത്തിൽ ജീവനോടെയുള്ള എല്ലാ വ്യക്തികളും യേശു വരുന്നതു കാണും.

D. യേശുവിനോടു കൂടെ ആരെല്ലാം വരും?

മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും" മത്തായി 25:31.

സകല വിശുദ്ധ ദൂതന്മാരുമായി തേജസ്സോടും മഹിമയോടും കൂടെ യേശു വരുന്ന ആ സമയം സങ്കല്പിച്ചു നോക്കുക.

E. യേശു വരുന്ന കൃത്യമായ സമയം നമുക്കു പ്രവചിക്കാമോ?

***"ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവുമാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല... അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ." മത്തായി 24:36,44.***

യേശു വരുമ്പോൾ എല്ലാവരും കാണുമെങ്കിലും പലരും അന്ന് ഒരുക്കമില്ലാതെ ആയിരിക്കും. യേശുവിന്റെ വരവിനു വ്യക്തിപരമായി നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?

## *3. വീണ്ടും വരവിൽ യേശു എന്തു ചെയ്യും?*

A. വിശുദ്ധന്മാരെ യേശു കൂട്ടിച്ചേർക്കും.

***"അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതിവരെയും നാലു ദിക്കിൽ നിന്നും കൂട്ടിചേർക്കും." മത്തായി 24:31.***

നിങ്ങളുടെ ഹൃദയത്തിലും ജീവിതത്തിലും കടന്നു വന്നു നിങ്ങളെ ഒരുക്കുന്നതിനു യേശുവിനെ നിങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവനെ നിങ്ങൾ ആനന്ദത്തോടെ സ്വാഗതം ചെയ്യും.

B. മരിച്ച വിശുദ്ധന്മാരെ യേശു ഉയിർപ്പിക്കും.

***"കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും." 1 തെസ്സലോനിക്യർ 4:16.***

ഗംഭീരനാദത്തോടുകൂടെ യേശു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരും. അവന്റെ ഗംഭീരശബ്ദം ഭൂലോകമെങ്ങും മുഴങ്ങും. അപ്പോൾ സകല കല്ലറകളും തുറക്കുകയും യുഗങ്ങളായി ക്രിസ്തുവിൽ നിദ്രകൊണ്ടിരിക്കുന്നവർ ഉയിർക്കുകയും ചെയ്യും. ആ അത്ഭുത ദിവസത്തെ വർണ്ണിക്കുവാൻ വാക്കുകൾക്കു സാധ്യമല്ല.

C. തന്റെ വരവിങ്കൽ യേശു നീതിമാൻമാരെയെല്ലാം രൂപാന്തരപ്പെടുത്തും - മരിച്ച നീതിമാൻമാരെ മാത്രമല്ല, ജീവനോടെ ഇരിക്കുന്നവരെയും കൂടെ.

***"പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും." വാക്യം 17.***

നിത്യതയ്ക്കുവേണ്ടി നമ്മെ ഒരുക്കുന്നതിനു ക്രിസ്തു നമ്മുടെ മർത്യശരീരങ്ങളെ അമർത്യതയിലേക്കു രൂപാന്തരപ്പെടുത്തും.

***"ഞാനൊരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടന്നു കണ്ണിമെക്കുന്നതിന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തേയും ഈ മർത്ത്യമായതു അമർത്യത്വത്തേയും ധരിക്കേണം. 1 കൊരി 15:51-53.***

യേശു വരുമ്പോൾ "നാം എല്ലാവരും രൂപാന്തരപ്പെടും. ചിന്തിച്ചുനോക്കുക; തളർവാതമോ, അർബ്ബുദമോ യാതൊന്നുമില്ല. ശവസംസ്ക്കാര ഗൃഹങ്ങളും ആശുപത്രികളും ആവശ്യമില്ല. ക്രിസ്തു വന്നുകഴിഞ്ഞു!

**D. നീതിമാന്മാരെയെല്ലാം യേശു സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നു.**

"ഞാൻ വീണ്ടും വന്നു നിങ്ങളെ എന്റെ അടുക്കൽ പിതാവിന്റെ ഭവനത്തിൽ ചേർത്തുകൊള്ളും" എന്നുള്ള വാഗ്ദത്തം യേശു തന്നെ തന്നിരിക്കുന്നു. (യോഹന്നാൻ 14:1-3). "നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന പ്രതിഫലത്തെപ്പറ്റി വിശുദ്ധ പത്രൊസ് പറയുന്നു. (1 പത്രൊസ് 1:4). പുതിയ യെരൂശലേമെന്ന വിശുദ്ധ നഗരത്തിന്റെ അത്ഭുതങ്ങളെ മനസ്സിലാക്കുന്നതിനും നമ്മുടെ സ്വർഗ്ഗീയ പിതാവിനെ അടുത്തറിയുന്നതിനും നമുക്ക് കാത്തിരിക്കാം.

**E. എന്നെന്നേക്കുമായി യേശു എല്ലാവിധ തിന്മയേയും കഷ്ടപ്പാടുകളെയും അവസാനിപ്പിക്കും**

യേശു നല്കിയിരിക്കുന്ന കൃപാധനത്തെ തുടർച്ചയായി നിഷേധിച്ചുകളഞ്ഞ ദുഷ്ടന്മാർ വാസ്തവത്തിൽ തങ്ങളുടെ മേൽ ന്യായവിധി നടത്തുകയായിരുന്നു. ആകാശമേഘങ്ങളിന്മേൽ ഇരുന്നുകൊണ്ടു തങ്ങളുടെ അടുത്തേക്കു വരുന്ന യേശുവിന്റെ മുഖം അവർ കാണുമ്പോൾ അവരിലുണ്ടാകുന്ന പാപബോധം അവർക്കു അസഹനീയമായിരിക്കും. കുന്നുകളോടും പാറകളോടും അവർ ഇങ്ങനെ നിലവിളിക്കും: "ഞങ്ങളുടെ മേൽ വീഴുവിൻ; സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ!" (വെളിപ്പാട് 6:16). സർവ്വവും കാണുന്ന യേശുവിന്റെ നോട്ടത്തിനു മുമ്പിൽ നില്ക്കുന്നതിനേക്കാൾ അവർ മരണം ഇഷ്ടപ്പെടുന്നു.

ഇപ്പോൾ ആകാശത്തിൽ നിന്നു ഗർജ്ജിക്കുന്ന ഇടിനാദം ഒരിക്കൽ ദൈവകൃപ സ്വീകരിക്കുന്നതിനു അവരെ മന്ദമായി ക്ഷണിച്ചതു അവർക്കു ഓർമ്മ വരുന്നു. ധനം, ആഹ്ലാദം, സ്ഥാനമാനങ്ങൾ എന്നിവയുടെ പിറകെ അവർ നടത്തിയ ഭ്രാന്തമായ ഓട്ടം നിമിത്തം ജീവിതത്തിൽ വിലയേറിയതിനെ അവർ ത്യജിച്ചുകളയുകയാണ് ചെയ്തത്.

അത് അവരെ തകർക്കുന്ന ഒരു വെളിപ്പാടാണ്. വാസ്തവത്തിൽ അവരാരുംതന്നെ നാശത്തിൽ പതിക്കേണ്ടതായിരുന്നില്ല. "ദുഷ്ടന്മാരുടെ മരണത്തിൽ" അശേഷം താല്പര്യം ദൈവത്തിനില്ല. (യെഹെസ്ക്കേൽ 33.11). "ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ" ദൈവം ഇച്ഛിക്കുന്നു (2 പത്രൊസ് 3:9). "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നു യേശു ക്ഷണിക്കുന്നു (മത്തായി 11:28).

## *4. യേശുവിന്റെ വരവിനു നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?*

തന്റെ പിതാവിന്റെ ഭവനത്തിൽ നമുക്കൊരു മഹത്വകരമായ ഭാവി വാഗ്ദത്തം ചെയ്യുന്നതിനു യേശു വലിയ വിലകൊടുക്കേണ്ടിവന്നു. അവന്റെ ജീവൻ വിലയായി അർപ്പിച്ചു!

***"ക്രിസ്തുവും അങ്ങനെതന്നെ അനേകരുടെ പാപ***

***ങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും" എബ്രായർ 9:28.***

നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ക്രൂശിൽ മരിച്ച രക്ഷകൻ തനിക്കായി കാത്തുനില്ക്കുന്നവർക്കു വേണ്ടി രക്ഷയുമായി രണ്ടാമതും വരുന്നു. നമുക്കെല്ലാവർക്കും രക്ഷ ദാനം ചെയ്യുന്നതിനു ക്രിസ്തു യാഗമായി. വീണ്ടുംവരവു കൂടാതെ ക്രൂശ് ഒരു തോൽവിയാണ്. അവനോടൊത്തൊരു നിത്യഭവനം ക്രിസ്തു നമുക്കു തരുന്നു. അതു സംഭവിക്കണമെങ്കിൽ അവൻ കർത്താവും രക്ഷിതാവുമായി നമ്മുടെ ഹൃദയങ്ങളിൽ വാഴുവാൻ നാം ഇപ്പോൾത്തന്നെ അവനെ അനുവദിക്കണം.

1945 ആഗസ്റ്റ് 16 രാവിലെ ഒരു വിമാനം പറക്കുന്നതു കണ്ടു എന്നു പറഞ്ഞു കൊണ്ട് ഒരു കുട്ടി വടക്കൻ ചൈനയിലെ ഷാൻതൂംഗ് കോമ്പൗണ്ടിൽക്കൂടെ ഓടുകുയായിരുന്നു. ആരോഗ്യം ശേഷിച്ചിരുന്നവരെല്ലാം അതു കാണുന്നതിനു പുറത്തേയ്ക്കോടി. ശത്രുരാജ്യങ്ങളുടെ പൗരന്മാരെന്നതുകൊണ്ടു ഈ സ്ത്രീപുരുഷന്മാരെ അനേക വർഷം ജപ്പാൻകാർ തടവിലാക്കി ഏകാന്തതയിലും കഷ്ടപ്പാടിലും പാർപ്പിച്ചിരിക്കുകയായിരുന്നു. ഒരു കാര്യം മാത്രം അവരെ ആത്മാവിൽ ബലപ്പെടുത്തിക്കൊണ്ടിരുന്നു: എന്നെങ്കിലും ഒരിക്കൽ യുദ്ധം അവസാനിക്കുമെന്നവർ പ്രത്യാശിച്ചിരുന്നു.

ആ വിമാനം തങ്ങൾക്കുവേണ്ടി വരുന്നു എന്നു മനസ്സിലാക്കിയപ്പോൾ 1500-ൽ അധികമുള്ള അവിടത്തെ അന്തേവാസികളിൽ ഒരു വൈദ്യുതതരംഗം കടന്നുപോയതുപോലെയായിരുന്നു. വിമാനം അടുത്തുവന്നപ്പോൾ ആരോ വിളിച്ചു പറഞ്ഞു: "നോക്കൂ, അതിന്റെ വശത്തു അമേരിക്കൻ പതാക വരച്ചിരിക്കുന്നു." അവരിൽ നിന്നു വീണ്ടും ഇപ്രകാരമുള്ള ശബ്ദങ്ങൾ പുറത്തുവന്നു : "നോക്കൂ, അവർ നമ്മുടെ നേരെ കൈ വീശുന്നു! നമ്മൾ ആരെന്നു അവർ അറിഞ്ഞുകഴിഞ്ഞു. നമ്മെ കൊണ്ടുപോകാൻ അവർ വരുന്നു." തളർന്നു ക്ഷീണിച്ച് ജീവൻ മാത്രം അവശേഷിച്ചിരുന്ന അവരുടെ ഉത്സാഹവും ജിജ്ഞാസയും പ്രതീക്ഷിക്കാവുന്നതിലും പതിന്മടങ്ങായിരുന്നു. അവരുടെ പാതാള ബന്ധനങ്ങൾ അറ്റുപോയി.

വൃത്താകാരത്തിൽ ഓടിക്കൂടിയ അവർ അത്യുച്ചത്തിൽ വിളിക്കുകയും കരയുകയും കൈവീശുകയും ചെയ്തുകൊണ്ടിരുന്നു.

ഉടൻതന്നെ ആ കൂട്ടം നിശ്ശബ്ദരായി ആകാശത്തിലേക്കു നോക്കി നിന്നു. വിമാനത്തിന്റെ അടിഭാഗം തുറന്നു മനുഷ്യർ പാരച്ച്യൂട്ടിൽ ഇറങ്ങുവാൻ തുടങ്ങി. അവരെ രക്ഷിക്കുന്നതിനു നിയോഗിക്കപ്പെട്ടവർ എന്നെങ്കിലും വരികയല്ല, അന്നുതന്നെ, അപ്പോൾതന്നെ അവരുടെ മുമ്പിൽ വന്നുകഴിഞ്ഞിരിക്കുന്നു.

ആ കൂട്ടമെല്ലാം ഗേറ്റിന്റെ സമീപത്തേക്കോടി, തങ്ങൾക്കു നേരെ നീട്ടിയിരുന്ന യന്ത്രത്തോക്കുകളെ ആരും ശ്രദ്ധിച്ചില്ല. വർഷങ്ങൾ നീണ്ട ഏകാന്തതയും ഭേദിച്ചുകൊണ്ട് അവർ ഗേറ്റു തകർത്ത് പാരച്ച്യൂട്ടുഭടന്മാർ ഇറങ്ങിയ സ്ഥലത്തു പാഞ്ഞെത്തി.

പട്ടാളക്കാരെ ചുമലിലേറ്റിക്കൊണ്ട് അവർ തങ്ങളുടെ ക്യാമ്പിലേക്കു തിരിച്ചുവന്നു. ക്യാമ്പിന്റെ ക്യാപ്റ്റൻ ചെറുത്തുനിൽക്കാതെ തോൽവി സമ്മതിച്ചു. യുദ്ധം അവസാനിച്ചുകഴിഞ്ഞു. സ്വാതന്ത്ര്യം വന്നു കഴിഞ്ഞു. ലോകം വീണ്ടും പുതുതായിരിക്കുന്നു.

നമ്മെ രക്ഷിക്കുന്നതിനു നമ്മുടെ ദൈവവും രക്ഷകനുമായവൻ മേഘങ്ങളിൽ വേഗം വരുന്നു. മനുഷ്യനോടുള്ള മനുഷ്യന്റെ ക്രൂരതയുടെ ചരിത്രം വേഗം അവസാനിക്കുന്നു. "അവനിതാ അടുത്തുവരുന്നു: ദൂതന്മാർ കാഹളം മുഴക്കുന്നതു എനിക്കു കാണുവാൻ സാധിക്കുന്നു" എന്നു നാം മനസ്സിലാക്കുമ്പോൾ അവിടെ ആനന്ദവും ജയഘോഷവും ഉണ്ടാകും. നമുക്കു സഹിക്കുവാൻ കഴിയുന്നിടത്തോളം ശബ്ദം അധികരിക്കുകയും മേഘത്തിന്റെ ശോഭ വർദ്ധിക്കുകയും ചെയ്തു. പക്ഷെ നമുക്കതു നോക്കാതിരിപ്പാൻ സാദ്ധ്യമല്ല. കാരണം, മേഘത്തിൽ ഇരിക്കുന്നവൻ "എന്നെ കാണുന്നു. ഞാൻ ആരെന്നു അവനറിയാം. ഇതാ, എന്റെ ദൈവം. അവൻ എനിക്കായി വരുന്നു, എന്നെങ്കിലുമല്ല, ഇന്നുതന്നെ, ഇപ്പോൾതന്നെ."

രാജാവിനെ അവന്റെ സർവ്വമഹത്വത്തിലും എതിരേല്പാൻ നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോൾതന്നെ യേശുവിനെ വ്യക്തിപരമായി നിങ്ങളുടെ ജീവിതത്തിലേക്കു ക്ഷണിക്കുക. യേശുവിന്റെ വീണ്ടും വരവു ഈ ലോകത്തിന്റെ സർവ്വ പ്രശ്നങ്ങൾക്കും പരിഹാരമായിരിക്കുന്നതുപോലെ യേശു നിങ്ങളുടെ ഹൃദയങ്ങളിൽ വരുമ്പോൾ നിങ്ങൾ ദൈനംദിനം നേരിടുന്ന സകലപ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ അവൻ നിങ്ങളെ സഹായിക്കും. അതിശ്രേഷ്ഠ പ്രശ്നപരിഹാരകനായ അവൻ നിങ്ങളെ പാപഭാരത്തിൽ നിന്നു വിടുവിക്കയും നിങ്ങൾക്കു നിത്യജീവൻ നല്കുകയും ചെയ്യും.

ഈ ലോകത്തിലേക്കു ക്രിസ്തു വീണ്ടും വന്നു അതിന് സമൂലമാറ്റം വരുത്തുന്നതുപോലെ നിങ്ങളുടെ ജീവിത്തിലേക്കു അവൻ കടന്നുവരുമ്പോൾ അവിടെയും പരിപൂർണ്ണമാറ്റം വരുന്നു. നിങ്ങൾക്കു യേശുവിൽ പൂർണ്ണമായ ആശ്രയം വയ്ക്കാം. അവൻ നിങ്ങളെ തന്റെ വരവിനായി ഒരുക്കുകയും നിത്യമായ സന്തോഷജീവിതം ഉറപ്പു തരികയും ചെയ്യും.

# കണ്ടെത്തുക

ഉത്തരക്കടലാസ് 8

## നിങ്ങൾക്കായി യേശു വരുമ്പോൾ

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക***

1. ______"ഞാൻ വീണ്ടും വരും" എന്ന് സ്വർഗ്ഗാരോഹണത്തിനുമുമ്പ് യേശു വാഗ്ദത്തം ചെയ്തു.

______ 2500 പ്രാവശ്യമെങ്കിലും യേശുവിന്റെ വീണ്ടും വരവിനെപ്പറ്റി തിരുവെഴുത്തിൽ പറഞ്ഞിട്ടുണ്ട്.

______ യേശുവിന്റെ ഒന്നാം വരവിനെക്കുറിച്ചുള്ള പ്രവചനം നിറവേറിയതിനാൽ വീണ്ടും വരുമെന്നുള്ള പ്രവചനവും നിറവേറുമെന്നു നമുക്കു ഉറപ്പുണ്ട്.

2. ______ യേശുവിന്റെ രണ്ടാം വരവ് രഹസ്യമായിട്ടല്ല.

______ വ്യക്തിയായിത്തന്നെ യേശു വീണ്ടും വരും

______ യേശു മടങ്ങി വരുമ്പോൾ ജീവനോടിരിക്കുന്ന ഓരോ വ്യക്തിയും അതു കാണും.

______ സ്വർഗ്ഗീയ ദൂതന്മാർ വീണ്ടുംവരവിൽ യേശുവിനെ അനുഗമിക്കും.

______ യേശുവിന്റെ വീണ്ടും വരവിനുള്ള കൃത്യസമയം ബൈബിൾ നമുക്കു തരുന്നു.

3. യേശു വീണ്ടും വരുമ്പോൾ

______ അവനുവേണ്ടി കാത്തിരിക്കുന്ന എല്ലാവരേയും അവൻ ചേർത്തുകൊള്ളും.

______ കല്ലറകളിൽ ഉറങ്ങുന്ന വിശുദ്ധന്മാരെയെല്ലാം യേശു ഉയിർപ്പിക്കും.

______ ഒരിക്കലും രോഗമോ മരണമോ സംഭവിക്കാത്തവിധം നീതിമാന്മാരുടെ ശരീരങ്ങളെ യേശു രൂപാന്തരപ്പെടുത്തും

______ നീതിമാന്മാരെ കൂട്ടിച്ചേർത്ത് അവൻ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകും.

______ ഭൂമിയിൽ ജീവനോടിരിക്കുന്ന ദുഷ്ടന്മാർ നശിപ്പിക്കപ്പെടും.

**ഹൃദയംഗമമായ ചോദ്യം :** ***ക്രിസ്തു അതിവേഗം വീണ്ടും വരും എന്നതിനെപ്പറ്റി നിങ്ങൾക്കു എന്തു തോന്നുന്നു.***

................................................................................

................................................................................

................................................................................

# കണ്ടെത്തുക

പഠനസഹായി **9**

# നിങ്ങളുടെ ഭവനം സ്വർഗ്ഗത്തിൽ

**അ**നേകവർഷം കിഴക്കൻ രാജ്യങ്ങളിൽ സഞ്ചാരി യായിരുന്നശേഷം മാർക്കോപോളോ സ്വന്ത പട്ടണമായ വെനീസിൽ തിരിച്ചെത്തിയപ്പോൾ നീണ്ട യാത്ര അദ്ദേഹത്തെ ഭ്രാന്തനാക്കിയെന്നു കൂട്ടുകാരെല്ലാം ചിന്തിച്ചു. അവർക്കു അത്രമാത്രം അവിശ്വസനീയമായി തോന്നിയിരുന്ന കഥകൾ അദ്ദേഹത്തിനു പറയാനുണ്ടായിരുന്നു.

സ്വർണ്ണവും വെള്ളിയും നിറഞ്ഞ ഒരു പട്ടണത്തിൽ മാർക്കോ സഞ്ചരിച്ചു. കത്തിയ കറുത്ത കല്ലുകൾ അദ്ദേഹം കണ്ടു, പക്ഷെ കൽക്കരിയെപ്പറ്റി ആരും അന്നു കേട്ടിട്ടുണ്ടായിരുന്നില്ല. തീയിൽ എറിഞ്ഞിട്ടും കത്താതിരുന്ന ഒരു തുണി അദ്ദേഹം കണ്ടു. പക്ഷെ ആസ്ബസ്റ്റോസിനെക്കുറിച്ചും ആരും അന്നു കേട്ടിരുന്നില്ല. പത്തു ചുവടു നീളമുള്ളതും ഒരു മനുഷ്യനെ വിഴുങ്ങുവാൻ തക്ക വലിപ്പമേറിയ വായുള്ളതുമായ സർപ്പങ്ങളെപ്പറ്റിയും മനുഷ്യന്റെ തലയോളം വലിപ്പമുള്ളതും അകത്തു വെള്ളനിറമുള്ള പാൽ നിറഞ്ഞിരിക്കുന്നതുമായ അണ്ടി വർഗ്ഗത്തിൽപ്പെട്ട ഒരു കായയെ സംബന്ധിച്ചും ഭൂമിയിൽ നിന്നു നുരഞ്ഞു പൊങ്ങുന്നതും വിളക്കു കത്തിക്കാൻ ഉപയോഗിക്കുന്നതുമായ ഒരു വസ്തുവിനെക്കുറിച്ചും ഒക്കെ അദ്ദേഹം പറഞ്ഞു. പക്ഷെ അവിടെ ആരും മുതലയെ കണ്ടിട്ടുണ്ടായിരുന്നില്ല. അതുപോലെതന്നെ തേങ്ങ, അസംസ്കൃത എണ്ണ (**Crude Oil**) എന്നിവയും; ഇങ്ങനെയുള്ള കഥകൾ കേട്ടു അവർ പരിഹസിച്ചു ചിരിച്ചു. വർഷങ്ങൾക്കു ശേഷം മാർക്കോപോളോയുടെ മരണക്കിടക്കയ്ക്കരികിൽ നിന്നിരുന്ന ഒരു മാന്യനായ മനുഷ്യൻ പഴയ കഥകൾ ആവർത്തിക്കുന്നതിന് അദ്ദേഹത്തോടു ആവശ്യപ്പെട്ടു. എന്നാൽ മാർക്കോപോളോ അതു ചെവിക്കൊണ്ടില്ല. "അതെല്ലാം സത്യമാണ് – വള്ളി പുള്ളി വ്യത്യാസമില്ലാതെ എല്ലാം നേരുതന്നെ. ഞാൻ കണ്ടതിൽ പകുതി പോലും ഞാൻ പറഞ്ഞിരുന്നില്ല," അദ്ദേഹം അവസാനമായി പറഞ്ഞു.

അപ്രകാരംതന്നെ വേദപുസ്തക എഴുത്തുകാർ സ്വർഗ്ഗത്തിന്റെ ഒരു അൽപദർശനം മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ദർശനത്തിൽ അവർ കണ്ട സ്ഥലത്തിന്റെ അത്ഭുതമഹത്വം മഹാതേജസ്സ് എന്നിവയുടെ ചുരുക്കം ചില ഭാഗങ്ങൾമാത്രം അവർ വിവരിച്ചിരിക്കുന്നു. മാർക്കോപോളോയുടെ സ്നേഹിതരെപ്പോലെ ഒരു വെല്ലുവിളി ഇന്നു നാമും നേരിടുന്നുണ്ട്. അവർ കണ്ടിട്ടില്ലായിരുന്ന മുതലയേയും തേങ്ങയേയുമൊക്കെ സങ്കല്പിക്കുവാൻ നാം ശ്രമിക്കണം. മേഘങ്ങളിലിരുന്നു വീണ വായിക്കുന്നതിനേക്കാളും അതിമഹത്തതായതാണ് സ്വർഗ്ഗമെന്നു തിരുവെഴുത്തു പറയുന്നു.

### *1. സ്വർഗ്ഗം യാഥാർത്ഥ്യമാണോ?*

യഥാർത്ഥമായ സ്വർഗ്ഗമെന്ന സ്ഥലത്തു യേശു ഇന്നു നമുക്കുവേണ്ടി സ്ഥലം ഒരുക്കിക്കൊണ്ടിരിക്കുന്നു.

***"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" യോഹന്നാൻ 14:1–3.***

നമ്മുടെ സ്വപ്നത്തിൽപ്പോലും കാണുവാൻ സാദ്ധ്യമല്ലാത്ത മഹത്വകരമായ തേജസ്സ് നിറഞ്ഞിരിക്കുന്ന സ്വർഗ്ഗീയ നഗരത്തിൽ നമുക്കുവേണ്ടിയുള്ള മന്ദിരത്തിൽ നമ്മെ കൊണ്ടുപോകുന്നതിനു യേശു മടങ്ങിവരുന്നു. ആ പട്ടണമാണ് പുതിയ യെരൂശലേം.

ആയിരം വർഷം അവിടെ വസിച്ചശേഷം ക്രിസ്തു ആ നഗരത്തെ ഈ ഭൂമിയിൽ കൊണ്ടുവരും. പുതിയ യെരൂശലേം ഇറങ്ങിവരുമ്പോൾ ഈ ലോകം മുഴുവൻ അഗ്നി കൊണ്ടു ശുദ്ധീകരിക്കപ്പെടും. പുതുതാക്കപ്പെട്ട ഈ ഭൂമി പിന്നെ വിശുദ്ധന്മാരുടെ സ്ഥിരമായ ഭവനമായിരിക്കും (വെളിപ്പാട് 20:7–15)

**യോഹന്നാൻ പിന്നെ എന്താണ് കണ്ടത്?**

***"ഞാൻ പുതിയ ആകാശവും പുതിയഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽ നിന്നുതന്നെ, ഇറങ്ങുന്നതും ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നു ഒരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടതു: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റ കൂടാരം, അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും : ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും" (വെളിപ്പാട് 21:1–3).***

അഗ്നി കൊണ്ടു ശുദ്ധീകരിക്കപ്പെടുന്ന പുതിയ ഭൂമിയെ ആര് അവകാശമാക്കുമെന്നു ക്രിസ്തു വാഗ്ദത്തം ചെയ്തു?

***"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും" മത്തായി 5:5.*** (വെളിപ്പാട് 21:7 ).

ഒരിക്കൽ മനോഹരമായിരുന്ന ഈ ഭൂമിയെ അതിന്റെ ഏദെന്യ സൗന്ദര്യത്തിൽ പുനഃസൃഷ്ടിച്ചശേഷം "സൗമ്യതയുള്ളവർക്കു" അതിനെ അവകാശമായിക്കൊടുക്കുമെന്നു ക്രിസ്തു വാഗ്ദത്തം ചെയ്തിരിക്കുന്നു.

## *2.. സ്വർഗ്ഗത്തിൽ നമുക്കു യഥാർത്ഥ ശരീരം ഉണ്ടായിരിക്കുമോ?*

**ഉയിർത്തെഴുന്നേറ്റു മഹത്വമേറിയ ശരീരത്തോടു കൂടെ ശിഷ്യന്മാർക്കു പ്രത്യക്ഷനായ ക്രിസ്തു അതിനെ എങ്ങനെ വിശദീകരിച്ചു?**

***"ഞാൻ തന്നേ ആകുന്നു എന്നു എന്റെ കയ്യും കാലും നോക്കി അറിവിൻ; എന്നെ തൊട്ടു നോക്കുവിൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിനും മാംസവും അസ്ഥിയും ഇല്ലല്ലോ എന്നു പറഞ്ഞു" ലൂക്കോസ് 24:39.***

ഒരു യഥാർത്ഥ ശരീരം യേശുവിനുണ്ട്. അവനെ തൊട്ടുനോക്കുവാൻ തോമാസിനെ ക്ഷണിച്ചു (യോഹന്നാൻ 20:27). ഈ അവസരം യേശു ഒരു യഥാർത്ഥ വീട്ടിലേക്കു നടന്നുപോയി. യഥാർത്ഥ മനുഷ്യരോട് അവൻ സംസാരിച്ചു. അവൻ യഥാർത്ഥ ആഹാരം ഭക്ഷിച്ചു (ലൂക്കൊസ് 24:43).

സ്വർഗ്ഗം ഭൂതാത്മാക്കൾക്കുള്ളതല്ല. ആത്മീയജീവിതം നയിക്കുന്നവരും മഹത്വീകരിക്കപ്പെട്ട ശരീരമുള്ളവരുമായ യഥാർത്ഥ മനുഷ്യർക്കു അതു ഒതുക്കിയിരിക്കുന്നു.

***"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്ക് കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ടു നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും" ഫലിപ്പിയർ 3. 20 : 21.***

നമ്മുടെ സ്വർഗ്ഗീയ ശരീരങ്ങൾ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേറ്റ ശരീരം പോലെ യഥാർത്ഥവും വ്യക്തവും ആയിരിക്കുമെന്നു നമുക്കു ഉറപ്പുനല്കിയിരിക്കുന്നു.

**നമ്മുടെ ഭവനക്കാരെയും സ്നേഹിതരെയും നാം അവിടെ തിരിച്ചറിയുമോ?**

***ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു: അപ്പോൾ മുഖാമുഖമായി കാണും; ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെടുന്നതുപോലെതന്നെ അറിയും" (1 കൊരിന്ത്യർ 13:12).***

സ്വർഗ്ഗത്തിൽ നാം "അറിയപ്പെട്ടതുപോലെ തന്നെ അറിയും. ഈ ലോകത്തിലേതിനെക്കാളും അധികം നാം അവിടെ പരസ്പരം അറിയുകയും അഭിനന്ദിക്കുയും ചെയ്യും. ക്രിസ്തുവിന്റെ പരിചിത സ്വഭാവ സവിശേഷതകൾ നിമിത്തം അവനെ അവന്റെ സ്വർഗ്ഗീയശരീരത്തിൽ ശിഷ്യന്മാർ തിരിച്ചറിഞ്ഞു" (ലൂക്കോസ് 24:36-43). മറിയയെ പേർ പറഞ്ഞു വിളിച്ചപ്പോൾ ആ ശബ്ദത്തിന്റെ പരിചയം നിമിത്തം അവനെ അവൾ വേഗം തിരിച്ചറിഞ്ഞു (യോഹന്നാൻ 20:14-16). എമ്മവുസ്സിലേക്കുപോയ ശിഷ്യന്മാർ അവന്റെ ചില പരിചിത ചേഷ്ടകൾകൊണ്ടു വേഗം തിരിച്ചറിഞ്ഞു. അവൻ ഭക്ഷണം എടുത്തു വാഴ്ത്തി നുറുക്കുന്നതു കണ്ടയുടൻ അവർ തങ്ങളുടെ കർത്താവിനെ മനസ്സിലാക്കി (ലൂക്കോസ് 24:13-35).

വീണ്ടെടുക്കപ്പെട്ടവർ സ്വർഗ്ഗത്തിൽ മുഖാമുഖം ഒന്നിച്ചുചേർക്കപ്പെടുന്നു. നിങ്ങളുടെ ഭാര്യയുടെ പ്രത്യേകമായ മന്ദഹാസം, കുട്ടിയുടെ പ്രത്യേകമായ ശബ്ദം, അടുത്ത സ്നേഹിതന്റെ പരിചിത ശരീരചേഷ്ട എന്നിവ ഇവിടെ കണ്ടു മനസ്സിലാക്കുമ്പോഴുണ്ടാകുന്ന സന്തോഷം സങ്കല്പിച്ചു നോക്കുക. ജീവിതത്തിന്റെ വിലയേറിയ ബന്ധങ്ങൾ ഉറപ്പിക്കുന്ന ഒരു നിത്യത നമുക്കുണ്ട്. അപ്രകാരം സകല ലോകങ്ങളിലുമുള്ള അത്ഭുത വ്യക്തികളുമായി അടുത്ത സൗഹൃദബന്ധം വളർത്തിയെടുക്കുന്നതിനുള്ള അവസരവും.

## *3. സ്വർഗ്ഗത്തിൽ നാം എന്തുചെയ്യും?*

സ്വർഗ്ഗത്തിൽ അനവധിയായ പ്രവർത്തനങ്ങളിൽ നാം ഏർപ്പെടും. നിങ്ങളുടെ ഭാവനയിലെ വീടിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനെപ്പറ്റി എങ്ങനെ?

***"ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു..... ഞാൻ യെരൂശലേമിനെക്കുറിച്ചു സന്തോഷിക്കുകയും എന്റെ ജനത്തെക്കുറിച്ചു ആനന്ദിക്കുകയും ചെയ്യും..... അവർ വീടുകളെ പണിതു പാർക്കും; അവർ മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കി അവയിലെ ഫലം അനുഭവിക്കും" യെശയ്യാവു 65:17-22.***

പുതിയ യെരൂശലേം എന്ന വിശുദ്ധനഗരത്തിൽ യേശു നമുക്കു ഓരോരുത്തർക്കും വേണ്ടി പ്രത്യേകമായ ഭവനങ്ങൾ നിർമ്മിക്കുന്നുണ്ട് (യോഹന്നാൻ 14:1-3; വെളിപ്പാട് 21). വൈവിധ്യമാർന്ന സ്വർഗ്ഗീയ സൗന്ദര്യമുള്ള സസ്യജാലങ്ങൾ കൊണ്ട് മോടിപിടിപ്പിച്ച ചുറ്റുപാടോടുകൂടിയ മനോഹരവീടുകൾ ചിലപ്പോൾ പണിയുമെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. ദൈവം ആഗ്രഹിക്കുന്ന നവ്യമായ സംസ്ക്കാരത്തിനു യോജിച്ച വാസ്തുശില്പവിദ്യകൾ ആരൊക്കെ അവിടെ ചെയ്യാനിരിക്കുന്നു എന്ന് ആരു കണ്ടു? നമ്മുടെ പിതാവിന്റെ ഭവനത്തിൽ ആയിരിക്കുമ്പോൾ ഇന്നു നാം ഈ ഭൂമിയിൽ കാണുന്ന ആധുനിക കണ്ടുപിടുത്തങ്ങളൊക്കെ വെറും കുട്ടിക്കളികൾ മാത്രമായി തോന്നും.

***"യഹോവ സീയോനെ ആശ്വസിപ്പിക്കുന്നു; അവൻ അതിന്റെ സകല ശൂന്യസ്ഥലങ്ങളെയും ആശ്വസിപ്പിച്ചു, അതിന്റെ മരുഭൂമിയെ ഏദെനെപ്പോലെയും അതിന്റെ നിർജ്ജനപ്രദേശത്തെ യഹോവയുടെ തോട്ടത്തെപ്പോലെയും ആക്കുന്നു; ആനന്ദവും സന്തോഷവും സ്തോത്രവും സംഗീതഘോഷവും അതിൽ ഉണ്ടാകും" യെശ. 51:3.***

ഈ ഭൂമിയെ ദൈവം വിശുദ്ധി നഷ്ടപ്പെടാത്ത ഏദെൻ തോട്ടം പോലെ രൂപാന്തരപ്പെടുത്തും. എണ്ണക്കിണറുകളോ, പുകപടലമോ വരൾച്ചയോ ഇനി കാണുക

യില്ല. തടാകങ്ങൾ സ്ഫടികം പോലെ പരിശുദ്ധമായതും വൃക്ഷങ്ങൾ മഹത്വമേറിയതും ആയിരിക്കും. പർവ്വതസാനുക്കൾ മനുഷ്യസ്പർശമേൽക്കാത്തതായിരിക്കും.

പ്രകൃതിഭംഗി മാത്രമല്ല, അതിനെ ഉൾക്കൊള്ളുന്നതിനുള്ള നമ്മുടെ കഴിവും അത്യധികം വർദ്ധിച്ചിരിക്കും. അനേകം നാളത്തെ രോഗക്കിടക്ക വിട്ടെഴുന്നേറ്റു ആദ്യമായി പ്രകൃതിഭംഗി ആസ്വദിച്ചു നടക്കുന്നതുപോലെ അവിടെ നമുക്കു തോന്നിയേക്കാം. ആദ്യനിമിഷങ്ങളിൽ അനുഭവപ്പെടുന്ന യാഥാർത്ഥ്യം മാസ്മര ശക്തിയുള്ള നിത്യതയിലേക്കുള്ളതായിരിക്കും.

പുതിയ പുതിയ അനുഭവങ്ങളിൽ നിങ്ങൾ ആനന്ദം കണ്ടെത്തുന്ന വ്യക്തിയാണോ? പുതിയ കാര്യങ്ങൾ പഠിക്കുന്നതിൽ? പുതിയവ നിർമ്മിച്ചെടുക്കുന്നതിൽ ?

"സൃഷ്ടിപ്പിൻ ശക്തിയുടെ അത്ഭുതങ്ങളേയും വീണ്ടെടുപ്പിൻസ്നേഹത്തിന്റെ രഹസ്യങ്ങളേയും കുറിച്ച് ഒരിക്കലും മങ്ങാത്ത സന്തോഷത്തോടെ അവിടെയുള്ള ശാശ്വതമനസ്സുകൾ ധ്യാനിക്കും.... ബുദ്ധിശക്തിയും കഴിവുകളും വർദ്ധിച്ചുകൊണ്ടിരിക്കും. ജ്ഞാനസമ്പാദനം മനസ്സുകളെ തളർത്തുകയോ, ഊർജ്ജം നഷ്ടമാക്കുയോ ചെയ്തില്ല. അവിടെ ഏറ്റവും ബൃഹത്തായ സംരംഭങ്ങൾ നടക്കും. ഏറ്റവും ഉയർന്നു അഭിലാഷങ്ങൾ യാഥാർത്ഥ്യമാകും, എറ്റവും വലിയ ഉൽക്കർഷേച്ഛ സഫലീകരിക്കപ്പെടും എങ്കിലും കീഴടക്കാൻ വീണ്ടും വിജ്ഞാനത്തിന്റെ കൊടുമുടികൾ കണ്ടെത്തും. പ്രശംസാർഹമായ പുതിയ അത്ഭുതങ്ങളും ഉൾകൊള്ളേണ്ട പുതിയ സത്യങ്ങളും ശരീരത്തിന്റേയും മനസ്സിന്റേയും ആത്മാവിന്റേയും ശക്തി ഉണർത്തുന്ന പുതിയ വിഷയങ്ങൾ ഉണ്ടാകും. വീണ്ടെടുക്കപ്പെട്ടവർക്കു പഠിക്കുന്നതിനു വേണ്ടി പ്രപഞ്ചത്തിലെ മുഴു നിക്ഷേപങ്ങളേയും തുറന്നു കൊടുക്കും." **Ellen G. White, The Great Controversy (Nampa, Idaho; Pacific Press Publishing Association 1950) Page 677.** ("വൻപോരാട്ടം" - പുറം 783)

### *4. സ്വർഗ്ഗത്തിൽ വീണ്ടും ദുഷ്ടത ഒരു ഭീഷണി ആകുമോ?*

***"കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ളേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവർ ആരും അതിൽ കടക്കുകയില്ല. വെളിപ്പാട് 21:27***

പാപത്തെയും ഭയാനകമായ അതിന്റെ പരിണതഫലത്തെയും സമ്പൂർണ്ണമായി ദൈവം തുടച്ചുമാറ്റുവാൻ പോകുന്നു. യേശു വീണ്ടും വരുമ്പോൾ "നാം അവനോടു സദൃശന്മാർ ആകും" (1 യോഹന്നാൻ 3:2). കൊല്ലുവാനും മോഷ്ടിക്കുവാനും കള്ളം പറയുവാനും ബലാൽസംഗം ചെയ്യുവാനും ഉള്ള പ്രവണതകളോട് എതിർത്തു നിൽക്കുന്നതിനു പകരം സ്വർഗ്ഗീയ കൃപകളെ നാം പിൻതുടരും.

***"അവൻ അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി. വെളിപ്പാട് 21: 4,5.***

ഒടുക്കത്തെ ശത്രുവായി മരണം നീങ്ങിപ്പോകും. നിത്യയൗവ്വനത്തിന്റെ നാടായ സ്വർഗ്ഗത്തിൽ വീണ്ടെടുക്കപ്പെട്ടവരെല്ലാം "അമർത്യത" പ്രാപിച്ചിരിക്കും (1 കൊരിന്ത്യർ 15:53). വാർദ്ധക്യത്തിന്റെ കെടുതി ആരിലും ഉണ്ടാകുന്നില്ല.

പാപത്തിന്റെ അനന്തരഫലത്തെ സ്വർഗ്ഗം നശിപ്പിച്ചുകളയുക മാത്രമല്ല അതിനെയെല്ലാം തകിടം മറിക്കുകകൂടെ അതു ചെയ്യുന്നു. ഈ ഭൗമിക ജീവിതത്തിലുട നീളം അംഗവൈകല്യത്താൽ കഷ്ടപ്പെട്ടിരുന്നവരുടെ സ്ഥിതി എന്തായിരിക്കുമെന്നു സങ്കൽപിച്ചു നോക്കുക.

***"അന്നു കുരുടന്മാരുടെ കണ്ണു തുറന്നു വരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുകയുമില്ല; അന്നു മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും." യെശയ്യാവു 35: 5,6.***

### *5. സ്വർഗ്ഗത്തിൽ ഏറ്റവും അധികം നമ്മെ പുളകം കൊള്ളിക്കുന്നതു എന്താണ്?*

സർവ്വലോകങ്ങളുടെയും കർത്താവിനെ മുഖാമുഖം കാണുന്നതു സങ്കല്പിച്ചു നോക്കുക!

***"ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും." വെളിപ്പാട് 21:3.***

ദൈവം താൻ നമ്മുടെ ഗുരുവും സ്നേഹിതനും ആയിത്തീരാമെന്നു വാഗ്ദത്തം ചെയ്തിരിക്കുന്നു. അവന്റെ കാൽക്കൽ ഇരിക്കുന്നതു എത്ര ആനന്ദ പ്രദമാണ്! ബിഥോവനോടോ മൊസാർട്ടിനോടോ കൂടെ ചിലനിമിഷങ്ങൾ ചിലവിടാൻ അവസരം കിട്ടുന്ന ഒരു സംഗീതജ്ഞന്റെ മാനസികാവസ്ഥ എന്തായിരിക്കുമെന്ന് ഊഹിച്ചു നോക്കുക. ആൽബർട്ട് ഐൻസ്റ്റീനോടുകൂടെ ഇരിക്കുന്നതിനു അവസരം ലഭിക്കുന്ന ഒരു ഊർജ്ജതന്ത്രജ്ഞനോ, മൈക്കലാഞ്ചലോയോടു സംസാരിക്കുവാൻ അവസരം കിട്ടുന്നു ഒരു ചിത്രമെഴുത്തുകാരനോ അതിനെ എന്തു മാത്രം വിലമതിക്കും!

അനന്തമായ അവസരങ്ങൾ വീണ്ടെടുക്കപ്പെട്ടവർക്കു ലഭിക്കുന്നു. സർവ്വവിധ സംഗീതത്തിന്റേയും ശാസ്ത്രത്തിന്റേയും കലയുടേയും ഉറവിടമായവനോടു അവർ സംസാരിക്കുന്നു. സർവ്വലോകങ്ങളിലെയും അത്യുന്നതമനസ്സും ആഴമളക്കുവാനാവാത്ത ഹൃദയവുമുള്ളവനോടു അവർ ഏറ്റവും അടുത്തിടപഴകുന്നു. ഈ സൗഹൃദബന്ധം ആരാധനയിലേയ്ക്കു ഒഴുകിയെത്തുന്നു.

***"പിന്നെ അമാവാസി തോറും ശബ്ബത്ത് തോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്കരിപ്പാൻ വരും എന്നു യഹോവ അരുളിച്ചെയ്യുന്നു" യെശയാവു 66:23.***

സ്വർഗ്ഗീയ നഗരത്തിന്റെ മദ്ധ്യത്തിൽ ദൈവത്തിന്റെ

അതിശ്രേഷ്ഠമായ വെള്ള സിംഹാസനം സ്ഥിതി ചെയ്യുന്നു. മരതകത്തോടു സദൃശമായ പച്ച വില്ലിനാൽ ചുറ്റപ്പെട്ടിരിക്കുന്ന അതിൽ നിന്ന് ദൈവമുഖം സൂര്യനെപ്പോലെ ഉജ്ജ്വലമായി പ്രകാശിക്കുന്നു. പളുങ്കിനൊത്ത കണ്ണാടിക്കടൽ അവന്റെ കാൽച്ചുവട്ടിൽനിന്ന് നാനാഭാഗത്തേയ്ക്കും വ്യാപിച്ചുകിടക്കുന്നു. ദൈവമഹത്വം പ്രതിഫലിപ്പിക്കുന്ന ഈ പളുങ്കു പ്രതലത്തിൽ വീണ്ടെടുക്കപ്പെട്ടവർ വിജയാഹ്ലാദസ്തോത്രം അർപ്പിക്കുന്നതിന് ഒരുമിച്ചു കൂടുന്നു.

"അങ്ങനെ യഹോവയാൽ വീണ്ടെടുക്കപ്പെട്ടവർ മടങ്ങി ഉല്ലാസഘോഷത്തോടെ സീയോനിലേക്കു വരും; നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദുഃഖവും നെടുവീർപ്പും ഓടിപ്പോകും" യെശയ്യാവു 35:10.

അവന്റെ നന്മ ഒരു നൊടിനേരത്തേക്കുപോലും നഷ്ടമാകുന്നില്ല. അവന്റെ കൃപയും വിശ്വസ്തതയും മഹാദയയും നിത്യതയോളം തുടർന്നുകൊണ്ടിരിക്കും. അവന്റെ വിശുദ്ധ നാമത്തിനു സ്തോത്രം!

## *6. നാമും അവിടെ ഉണ്ടായിരിക്കണം!*

ആ മുഖാമുഖ സംഗമത്തിനായി യേശു കാത്തിരിക്കുന്നു. ഇത്രയും വലിയ വില കൊടുത്തു നിങ്ങളെ അവൻ വീണ്ടെടുത്തത് അതിനുവേണ്ടിയാണ്. ഈ മഹാദാനം നിങ്ങൾക്കു പ്രയോജനപ്പെടുത്തുന്നതിനു നിങ്ങൾ ശ്രദ്ധാലുവായിരിക്കണം. കർത്താവും രക്ഷിതാവുമായ ക്രിസ്തുവിൽ നിങ്ങൾ അർപ്പിക്കപ്പെടണം. ക്രൂശിൽ യാഗമായിത്തീർന്ന അവന്റെ പാപക്ഷമ നിങ്ങൾക്കു ആവശ്യമാണ്, കാരണം:

***"കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ളേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല. വെളിപ്പാട് 21:27.***

പാപത്തിൽ അല്ല, പാപത്തിൽ നിന്നാണ് യേശു നമ്മെ വീണ്ടെടുക്കുന്നത്. അശുദ്ധവും മ്ളേച്ഛവും ആയവയിൽ നിന്ന് വേർപിരിഞ്ഞിരിക്കുന്നതിനുവേണ്ടി അവന്റെ ശക്തി നമ്മിൽ വ്യാപരിക്കുന്നതിനും നാം അവന്റെ അടുക്കൽ വരണം. വേഗം വരുന്ന അവന്റെ രാജ്യത്തിലേയ്ക്കുള്ള പ്രവേശനകവാടം യേശു മാത്രമാണ്.

ആ രാജ്യത്തിന്റെ ആരംഭം ഇപ്പോൾത്തന്നെ നിങ്ങളുടെ ഹൃദയത്തിൽ അങ്കുരിക്കും. പാപത്തിൽനിന്നു യേശു നമ്മെ മോചിപ്പിക്കുമ്പോൾ സ്വർഗ്ഗത്തിന്റെ ഒരു ചെറിയ പ്രതിരൂപം അവൻ നമ്മിൽ സൃഷ്ടിക്കുന്നു. നമ്മെ ബാധിക്കുന്ന ഉൽക്കണ്ഠ, കോപം, അത്യാഹിതം, ഭയം, കുറ്റബോധം എന്നിവയെല്ലാം നേരിടുന്നതിന് അവൻ നമ്മെ സഹായിക്കുന്നു. ജീവിത പ്രശ്നങ്ങളിൽ നിന്നുള്ള ഒരു ഒളിച്ചോട്ടമല്ല സ്വർഗ്ഗീയ പ്രത്യാശ. സ്വർഗ്ഗം കൂടുതലായി ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നതിനു അതു സഹായിക്കുന്നു. "മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നവർ സന്തുഷ്ട ജീവിതം നയിക്കുന്നു എന്നും കൂടുതലായി അവർ മനുഷ്യരെ വിശ്വസിക്കുന്നു എന്നും" ഈ അടുത്ത കാലത്തുള്ള ഒരു സർവ്വേ വെളിപ്പെടുത്തുന്നു.

യേശുക്രിസ്തുവിനോടുള്ള ഒരു വിശ്വസ്തബന്ധം സ്ഥാപിക്കുകയെന്നതല്ലാതെ മറ്റൊന്നും നിങ്ങളുടെ ജീവിതത്തെ നാടകീയമാം വിധം സ്വാധീനിക്കുന്നതായി ഇപ്പോൾ ഇല്ല. ജീവനുള്ള വിശ്വാസത്തിന്റെ സ്വാധീന ശക്തിയെപ്പറ്റി പത്രൊസ് വിവരിക്കുന്നതു ശ്രദ്ധിക്കുക:

***"അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു; ഇപ്പോൾ കാണാതെ വിശ്വസിച്ചുംകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ അന്തമായ ആത്മരക്ഷ പ്രാപിക്കയും പറഞ്ഞുതീരാത്തതും മഹിമയുള്ളതുമായ സന്തോഷത്തോടെ ആനന്ദിക്കുകയും ചെയ്യുന്നു" 1 പത്രൊസ് 1:8,9.***

ഇതിനെല്ലാം ഉപരി സ്വർഗ്ഗവും നിങ്ങൾക്കുള്ളതാണ്. നിങ്ങൾ അനുഭവിക്കണമെന്നു ക്രിസ്തു ആഗ്രഹിക്കുന്ന സമൃദ്ധമായ ജീവിതം നിങ്ങൾ കണ്ടെത്തിയോ? അവന്റെ കൃപയുടെ ക്ഷണത്തിൽനിന്ന് ഒഴിഞ്ഞുമാറരുത്.

***"വരിക എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ." വെളിപ്പാട് 22:17.***

ഈ വാക്യങ്ങൾ നിങ്ങൾ വായിക്കുമ്പോൾ യേശു നിങ്ങൾക്കരികിൽ നിന്നുകൊണ്ടു നിങ്ങളുടെ ഹൃദയത്തോടു സംസാരിക്കുന്നു. "വരിക!" "വരിക!" "വരിക!" എന്നു അവൻ ക്ഷണിക്കുന്നു. ഇതിലധികം നിർബ്ബന്ധവും ആവേശവും കാണിക്കുവാൻ അവന് എങ്ങനെ സാധിക്കും? ഇതുവരെയും നിങ്ങൾ അവന്റെ ക്ഷണം സ്വീകരിച്ചിട്ടില്ലായെങ്കിൽ ഇപ്പോഴാണ് അതിനുള്ള സുപ്രസാദ അവസരം.

ഈ മഹാകൃപയുടെ ദാനം നിങ്ങൾ സ്വീകരിക്കുന്നുവെന്നും അവനോടൊത്തു നിത്യമായി വസിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും നിങ്ങൾ അവനോടു പറയുകയില്ലേ? അവൻ നിങ്ങൾക്കുവേണ്ടി ചെയ്ത സകലത്തിനും നന്ദി അർപ്പിക്കുക. നിങ്ങൾക്കും ദൈവത്തിനും മദ്ധ്യേ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അതു മറികടക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നു എന്നു പറയുക. ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുകയും നിങ്ങളുടെ ഹൃദയം പ്രതികരിക്കുകയും ചെയ്യുമ്പോൾത്തന്നെ പൂർണ്ണമായി നിങ്ങളെ അവനു സമർപ്പിക്കുക. "കർത്താവായ യേശുവേ, ഞാൻ ഇതാ വരുന്നു. എന്റെ സർവ്വവും പൂർണ്ണമായി നിനക്കു ഏല്പിക്കുന്നു. എന്നെന്നേയ്ക്കും ഞാൻ നിന്റേത് ആയിരിക്കും" എന്നു നിങ്ങൾ പ്രാർത്ഥിക്കുക.

# കണ്ടെത്തുക

ഉത്തരക്കടലാസ് 9

## നിങ്ങളുടെ ഭവനം സ്വർഗ്ഗത്തിൽ

***ശരിയായ പ്രസ്താവനയ്ക്കു നേരെ ശരി എന്നും തെറ്റായതിന്റെ നേരെ തെറ്റ് എന്നും എഴുതുക***

1. ______ ഒരു യഥാർത്ഥമായ സ്വർഗ്ഗത്തിൽ യേശു ഇന്നുനമുക്കായി സ്ഥലം ഒരുക്കിയിരിക്കുന്നു.

______ യേശു വീണ്ടും വരുമ്പോൾ അവൻ നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകും.

______ അവസാനം പുതിയ ഭൂമിയിലെ പുതിയ യെരൂശലേമിൽ വിശുദ്ധന്മാർ വന്നു ചേരും.

2. ______ ഉയിർത്തെഴുന്നേറ്റ യേശുവിന്റെ ശരീരംപോലെ നമുക്കും സ്വർഗ്ഗത്തിൽ യഥാർത്ഥ ശരീരം ഉണ്ടായിരിക്കും.

______ ഉയിർത്തെഴുന്നേറ്റ യേശുവിനു ഒരു യഥാർത്ഥ ശരീരം ഉണ്ടായിരുന്നില്ല.

______ യേശുവിന്റെ പരിചിത പെരുമാറ്റങ്ങൾ, ശബ്ദം, സ്വഭാവരീതികൾ എന്നിവ കണ്ട് ഉയിർത്തെഴുന്നേറ്റ യേശുവിനെ ശിഷ്യന്മാർ തിരിച്ചറിഞ്ഞു.

______ നമ്മുടെ കുടുംബാംഗങ്ങളോടും സ്നേഹിതരോടും സ്വർഗ്ഗത്തിൽ നാം ദൃഢമായ സ്നേഹബന്ധം സ്ഥാപിക്കും.

**വീണ്ടെടുക്കപ്പെട്ടവർ സ്വർഗ്ഗത്തിൽ ചെയ്യുന്നതെന്താണെന്നുള്ള ശരിയായ ബൈബിൾ പ്രസ്താവനയ്ക്കു നേരെ $X$ എന്ന അടയാളമിടുക.**

3 ______ വീടുകൾ പണിയും

______ യഥാർത്ഥ ഭക്ഷണം കഴിക്കും

______ മൃഗങ്ങളെ കൊന്നു തിന്നും

______ മരുഭൂമിയിൽ ജീവിക്കും

______ മുന്തിരിത്തോട്ടങ്ങൾ നട്ടുണ്ടാക്കും

______ ജീവിതം ആസ്വദിക്കും

______ സൗന്ദര്യം ആസ്വദിക്കും

______ പുതിയ കാര്യങ്ങൾ അനുഭവിക്കും

**സ്വർഗ്ഗം എപ്രകാരമുള്ളതായിരിക്കും എന്നുപറയുന്ന യഥാർത്ഥ വേദപുസ്തക വസ്തുതയക്ക് നേരേ $X$ എന്ന അടയാളമിടുക**

4. ______ പാപം അവിടെ ഇല്ല

______ രോഗം ഇല്ല

______ കഷ്ടപ്പാടുകൾ ഇല്ല

______ വല്ലപ്പോഴും വേദന ഉണ്ടാകും

5. ദൈവസിംഹാസനത്തിൻ മുമ്പിൽ ആരാധിക്കും

______ ഹൃദയസ്പൃക്കായ പാട്ടുകൾ പാടും

______ യേശു നമ്മുടെ സ്നേഹിതൻ

______ മ്ലേച്ഛതകൾ കുറെയൊക്കെ ഉണ്ടായിരിക്കും

6. **ഹൃദയംഗമമായ ചോദ്യം:** ***ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ സ്വർഗ്ഗം അനുഭവവേദ്യമാകുന്നതിനും ക്രിസ്തു ഒരുക്കുന്ന നിത്യഭവനത്തിൽ എത്തിച്ചേരുന്നതിനും അവൻ നിങ്ങളുടെ ജീവിതത്തിൽ കടന്നുവരുന്നതിനും അപേക്ഷിപ്പാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?***

# കണ്ടെത്തുക

പഠനസഹായി 10

## എത്രവേഗം കർത്താവ് തിരിച്ചുവരും?

**ന**മുക്ക് ഏവർക്കും ഭാവി അറിയുവാനുള്ള ആഗ്രഹമുണ്ട്. ചക്രവാളത്തിന് അപ്പുറമുള്ള കാര്യങ്ങൾ അറിയുവാൻ നാം വ്യഗ്രത കാട്ടുന്നു. എന്നാൽ യഥാർത്ഥത്തിലുള്ള പ്രവചനംപോലും നമുക്കു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. നാളത്തെ കാലാവസ്ഥ പ്രവചിക്കുന്നതുതന്നെയും വളരെ പ്രയാസമുള്ള ഒന്നാണ്. പ്രവചിച്ചതെല്ലാം വളരെ ശരിയായി വന്ന ഒരു വ്യക്തിയുണ്ട്. കർത്താവായ യേശുക്രിസ്തു. തന്റെ വചനത്തിൽക്കൂടെ നമ്മെ ഭാവിയിലേക്കു അവൻ നയിക്കുന്നു. അവൻ വിശ്വസിക്കാവുന്ന ഒരു തുണയാകുന്നു. ഈ ലോകത്തെ സൃഷ്ടിച്ച കർത്താവിന് അല്ലാതെ ആർക്കാണ് ലോകാവസാനത്തെക്കുറിച്ച് കൂടുതൽ അറിയാൻ സാധിക്കുന്നത്?

### *1. കർത്താവ് നമ്മുടെ കാലത്ത് വരുമെന്നതിനുള്ള അടയാളങ്ങൾ*

**കർത്താവ് തന്റെ ശിഷ്യന്മാരോട് താൻ രണ്ടാമതും നമ്മുടെ ലോകത്തിലേക്ക് മടങ്ങിവരുമെന്ന് പറഞ്ഞപ്പോൾ, ശിഷ്യന്മാർ അവനോട് എന്തു ചോദിച്ചു? (മത്തായി. 23:39)**

***"അത് എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരേണം എന്ന് അപേക്ഷിച്ചു." മത്തായി 24:3.***

യേശു വ്യക്തമായും അനുകൂലമായും മറുപടി പറഞ്ഞു. മത്തായിയുടെ സുവിശേഷം 24–ാം അദ്ധ്യായത്തിൽക്കൂടെയും ലൂക്കൊസിന്റെ സുവിശേഷം 21–ാം അദ്ധ്യായത്തിൽക്കൂടെയും അവന്റെ വരവ് എത്ര അടുത്തിരിക്കുന്നു എന്നു മനസ്സിലാക്കത്തക്കവിധമുള്ള അടയാളങ്ങൾ അവൻ വ്യക്തിപരമായി നല്കി. മറ്റു വേദപുസ്തക പ്രവചനങ്ങൾ അവന്റെ വരവിന്റെ തൊട്ടുമുമ്പുള്ള ലോകത്തിന്റെ അവസ്ഥയെ വിവരിച്ച് ഈ ചിത്രം കൂടുതൽ പൂർത്തീകരിക്കുന്നു. നാം കാണുന്നതുപോലെ ഈ പ്രവചനങ്ങളൊക്കെ നമ്മുടെ കൺമുമ്പിൽ നിറവേറപ്പെടുന്നു. അപ്പോൾ അവന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയാണ്.

സ്വർഗ്ഗത്തിലേക്കുള്ള വീഥിയിൽ കാണുന്ന 10 ചൂണ്ടുപലകകൾ നമുക്കു പരിശോധിക്കാം. ഈ ആധുനിക യുഗത്തിലെ യാത്രക്കാർ ഈ പലകകളിൽ കാണുന്ന വേദപുസ്തക പ്രവചനങ്ങൾ വായിക്കുമ്പോൾ എന്തു ചോദ്യങ്ങൾ ഉയർത്തും?

**1. വ്യഥ, ഭീതി, പരിഭ്രമം**

ഏതാണ്ട് ആയിരത്തിത്തൊള്ളായിരം വർഷങ്ങൾക്കു മുമ്പ് യേശു തന്റെ ജീവിത ചുറ്റുപാടുകളെ ആസ്പദമാക്കി വിവരിച്ചുകൊടുത്ത പ്രവചന വിവരങ്ങൾ വായിച്ചാൽ കഴിഞ്ഞ ദിവസത്തെ സായാഹ്ന പത്രത്തിൽ നിന്ന് എടുത്തതാണെന്നേ ചിന്തിക്കുകയുള്ളൂ.

***"സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും ലക്ഷ്യങ്ങൾ ഉണ്ടാകും; കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും. ആകാശത്തിന്റെ ശക്തികൾ ഇളകിപ്പോകുന്നതിനാൽ ഭൂലോകത്തിനു എന്തു ഭവിക്കാൻ പോകുന്നു എന്നു പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും. അപ്പോൾ മനുഷ്യപുത്രൻ ശക്തിയോടും മഹാതേജസ്സോടും കൂടെ മേഘത്തിൽ വരുന്നതു അവർ കാണും. ഇത് സംഭവിച്ചു തുടങ്ങുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പു അടുത്തുവരുന്നതുകൊണ്ട് നിവിർന്നു തലപൊക്കുവിൻ" ലൂക്കൊസ് 21:25–28***

ഭൂലോകത്തിനു എന്തു ഭവിപ്പാൻ പോകുന്നു എന്ന് പേടിച്ചും നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാർ ആകും. ഇതിൽക്കൂടുതൽ ഈ ലോകത്തെക്കുറിച്ചുള്ള ഒരു വിവരണം എഴുതുവാൻ ആർക്കും സാദ്ധ്യമല്ല. ഇവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ആയുധങ്ങൾ ഈ ഉപഗ്രഹത്തെ മുഴുവൻ നശിപ്പിക്കാൻ കഴിവുള്ളവയാണ്. അങ്ങനെയാണെങ്കിൽ ഒരു ഭീകര പ്രവർത്തകൻ അണ്വായുധ യുദ്ധത്തെക്കുറിച്ച് ചിന്തിക്കുന്നതിൽ അത്ഭുതപ്പെടാനില്ല.

കലാപം നിറഞ്ഞ ഈ യുഗത്തിൽ പ്രത്യാശയ്ക്കു യേശു ഒരു അടിസ്ഥാനം നല്കുന്നു. ആഗോളമായുള്ള ഭീതിയും പരിഭ്രാന്തിയും കാണുമ്പോൾ കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന സത്യമാണ് വെളിപ്പെടുത്തുന്നത്. നിരാശയോടെ ജനങ്ങൾ ഇന്ന് ഞരങ്ങുന്നത്,"നോക്കൂ, ലോകം എവിടേക്ക് എത്തിച്ചേർന്നിരിക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ്. എന്നാൽ പ്രവചനം പഠിക്കുന്ന ഒരു ബൈബിൾ വിദ്യാർത്ഥി പ്രത്യാശയോടെ അവകാശപ്പെടുന്നത്, "നോക്കൂ, ആര് നമ്മുടെ ലോകത്തിലേക്ക് വരുന്നു" എന്നാണ്.

**2. ലോകദുരന്തങ്ങൾ**

**പ്രകൃതിയിലുള്ള അനർത്ഥങ്ങൾ അന്ത്യകാലലക്ഷണങ്ങളുമായി എങ്ങനെ യോജിക്കുന്നു?**

***"വലിയ ഭൂകമ്പവും ക്ഷാമവും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും; ഭയങ്കര കാഴ്ചകളും ആകാശത്തിൽ മഹാലക്ഷ്യങ്ങളും ഉണ്ടാകും." "അവ്വണ്ണം തന്നേ ഇതു സംഭവിക്കുന്നതു കാണുമ്പോൾ ദൈവരാജ്യം അടുത്തിരിക്കുന്നു എന്ന് ഗ്രഹിപ്പിൻ." ലൂക്കൊസ് 21:11,31.***

ക്ഷാമത്തെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കാം. ഒട്ടിയ വയറുമായി കുട്ടികളുടെ ചിത്രം വാർത്തകളിൽ വരാറുണ്ട്. ചന്ദ്രനിൽവരെ മനുഷ്യരെ അയയ്ക്കാൻ പ്രാപ്തിയുള്ള ലോകത്തിന് അതിന്റെ ജനങ്ങൾക്ക് ആഹാരം കൊടുക്കാൻ കഴിയുന്നില്ല എന്നുള്ളത് ദയനീയമായ ഒന്നല്ലേ?. സ്വാർത്ഥത നിറഞ്ഞ ആളുകൾ അന്ത്യനാളുകളിൽ പെരുകുമെന്നും അതിന്റെ ഫലമായി ക്ഷാമം ഉണ്ടാകുമെന്നും യേശു അറിഞ്ഞിരുന്നു.

**എന്നാൽ ഭൂകമ്പം എങ്ങനെ ഉണ്ടാകുന്നു?**

1999 -ലെ ലോക ജ്യോതിശാസ്ത്രക്കലണ്ടർ പ്രകാരം ഓരോ ശതാബ്ദത്തിലും ഭൂകമ്പത്തിന്റെ കണക്ക് കൂടിക്കൊണ്ടിരിക്കുന്നു. 18-ാം നൂറ്റാണ്ടിൽ ആറും 19-ാം നൂറ്റാണ്ടിൽ ഏഴും 20-ാം നൂറ്റാണ്ടിൽ ഇരുപതും ഭൂകമ്പങ്ങൾ ഉണ്ടായി. അപ്രകാരം ഓരോ തെളിവുകൾ പരിശോധിക്കുമ്പോഴും വർത്തമാനകാലത്തേക്ക് വരുമ്പോൾ കണക്ക് കൂടുന്നതായി കാണുന്നു.

ഈ കണക്കുകൾ കർത്താവിന്റെ പ്രവചനത്തെസാധൂകരിക്കുന്നു. ക്ഷാമവും ഭൂകമ്പവും ക്രമാനുക്രമമായി ആരോഹണം ചെയ്യുന്നതായി കാണുന്നു എന്നു പറഞ്ഞാൽ "ദൈവരാജ്യം സമീപിച്ചിരിക്കുന്നു" എന്നു തന്നെയാണ്. ഈ 21-ാം നൂറ്റാണ്ടിൽ നാം നൂറു കണക്കിനു വൻ ഭൂകമ്പങ്ങളേയോ അതോ രാജാധിരാജാവിന്റെ വരവിനേയോ കൊണ്ടുവരുന്നത്?

**3. ധനം സ്വരൂപിക്കൽ**

**വളരെ ജനങ്ങൾ ദാരിദ്ര്യത്തിൽ കഴിയുമ്പോൾ ധനം കുറച്ചു ആളുകളുടെ മാത്രം കൈകളിൽ സ്വരൂപിച്ചു വയ്ക്കുന്നതിന്റെ അർത്ഥമെന്ത്?**

***"അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു."യാക്കോബ് 5:3.***

നമ്മുടെ സാമ്പത്തിക കണക്കുകൂട്ടലുകൾക്കൊക്കെ അപ്പുറമായി ധനവാൻ ധനവാനായും പാവപ്പെട്ടവൻ പാവപ്പെട്ടവനായും തുടരുന്നു. കോടീശ്വരന്മാർ ആകാനുള്ള വ്യഗ്രത മറ്റൊരു ലക്ഷണമാണ്.

**4. ആഭ്യന്തര അരക്ഷിതാവസ്ഥ**

**എന്തുകൊണ്ടാണ് അതൃപ്തിയും അരക്ഷിതാവസ്ഥയും തൊഴിലാളികളുടെ ഇടയിൽ നാടകീയമായി വളർന്നത്?**

***"നിങ്ങളുടെ നിലങ്ങളെ കൊയ്ത വേലക്കാരുടെ കൂലി നിങ്ങൾ പിടിച്ചുവല്ലോ; അതു നിങ്ങളുടെ അടുക്കൽനിന്നു നിലവിളിക്കുന്നു. കൊയ്തവരുടെ മുറവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നു. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ, നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു" യാക്കോബ് 5:4,8.***

നമ്മുടെ നാളുകളിൽ ധനധ്രുവീകരണം ഉണ്ടാകുമെന്ന് യാക്കോബ് പ്രവചിച്ചശേഷം, അതൃപ്തരായ തൊഴിലാളികളിൽ നിന്ന് ഒരു ആഭ്യന്തര കലാപമുണ്ടാകുമെന്നും അദ്ദേഹം പറയുന്നു. ധനം ഉള്ളവരുടെയും ഇല്ലാത്തവരുടെയും അന്തരം വളരെ കൂടുമെന്നും അത് ഒരു പ്രശ്നമായിത്തീരുമെന്നും മുന്നറിയിപ്പു നല്കുന്നു. ഇത് കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു എന്നതിന്റെ മുന്നറിയിപ്പ് ആകുന്നു.

**5.ധാർമ്മിക അധഃപതനം**

**സമൂഹത്തിന്റെ ധാർമ്മികത പിച്ചിച്ചീന്തപ്പെടുന്നു എന്ന് തോന്നുന്നത് എന്തുകൊണ്ടാണ്?**

***"അന്ത്യകാലത്തു ദുർഘട സമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക... ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും കൊണ്ട് മേല്ക്കുമേൽ ദോഷത്തിൽ മുതിർന്നുവരും." 2 തിമൊ 3:1-5,13.***

ലോകത്തെക്കുറിച്ച് ഇതിൽക്കൂടുതൽ കൃത്യമായുള്ള ഒരു വിവരണം പ്രതീക്ഷിക്കാമോ? ഈ കാലത്ത് നിങ്ങളുടെ ക്യാമറ ഏതു ദിശയിലേക്ക് തിരിച്ചാലും അക്രമാസക്തമായ ഒരു ചിത്രം നിങ്ങൾക്ക് ലഭിക്കും. ശിശുപീഡനത്തിന്റെയും സ്ത്രീപീഡനത്തിന്റെയും ക്രൂരമായ ഒരു ദർശനം നിങ്ങൾക്കു ലഭിക്കും. യുവജനങ്ങളുടെ നിയന്ത്രണം വിട്ടുള്ള രംഗങ്ങളും കൗമാരപ്രായക്കാരുടെ കൊലയും കൊള്ളിവെയ്പും നിങ്ങൾക്ക് പകർത്താം. നിങ്ങൾ നിരത്തിവെക്കുന്ന ഈ ചിത്രങ്ങളൊക്കെ വിളിച്ചു പറയുന്നത് യേശുവിന്റെ വരവ് അടുത്തിരിക്കുന്നു എന്നാണ്.

**6. ഭൂതാത്മാ പ്രതിഭാസങ്ങളുടെ പ്രചാരം**

**ഭൂതാത്മ ശാസ്ത്രങ്ങൾക്ക് താൽപര്യവും പ്രചാരവും ലഭിക്കുന്നത് എന്തുകൊണ്ട്?**

***"കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും എഴുന്നേറ്റു കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിപ്പാനായി വലിയ അടയാങ്ങളും അത്ഭുതങ്ങളും കാണിക്കും." മത്തായി 24:24.***

ഈ വാക്യങ്ങൾ പറയുന്നത് അന്ത്യനാളുകളിൽ ദൈവനാമം വ്യാജമാണെന്നു വരുത്തുവാൻ വലിയ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുമെന്നാണ്. മന്ത്രവാദികളും ഇന്ദ്രജാലക്കാരും പല വിദ്യകളും പ്രദർശിപ്പിക്കും. പുതിയ തലമുറ ജാലവിദ്യയോടും പ്രേതങ്ങളോടുമുള്ള സംസാരത്തിലും വളരെ താൽപര്യമുള്ളവരാണ്. വ്യാജ അടയാളങ്ങളും അത്ഭുതം പ്രവർത്തിക്കുന്നതും

ഇന്ന് പെരുകി വരുന്നു. ഇതെല്ലാം വ്യക്തമാക്കുന്നത് യേശു പ്രവചിച്ചതുപോലെ നാം മനുഷ്യപുത്രന്റെ വരവിനോടു അടുത്തു ജീവിക്കുന്നു എന്ന സത്യമാണ്.

**7. ഉണർവ്വുകിട്ടിയ ലോകം**

**ലോക മനഃസാക്ഷിയിലേക്കു ആഫ്രിക്കയും മദ്ധ്യ പൗരസ്ത്യ രാജ്യങ്ങളും കിഴക്കൻ യൂറോപ്പും പൗരസ്ത്യ രാജ്യങ്ങളും ഉണരുന്നതിന്റെ അർത്ഥം എന്താണ്?**

***"ജാതികൾ ഉണർന്ന്..... അരിവാൾ ഇടുവിൻ; കൊയ്ത്തിനു വിളഞ്ഞിരിക്കുന്നു.... അവരുടെ ദുഷ്ടത വലുതല്ലോ. വിധിയുടെ താഴ്‌വരയിൽ അസംഖ്യസമൂഹങ്ങളെ കാണുന്നു; വിധിയുടെ താഴ്‌വരയിൽ യഹോവയുടെ ദിവസം അടുത്തിരിക്കുന്നു." യോവേൽ 3:12-14.***

ഇന്ന് ഏഷ്യയിലും ആഫ്രിക്കയിലും കിഴക്കൻ യൂറോപ്പിലും പഴയ സോവിയറ്റ് യൂണിയനിലും മദ്ധ്യ പൗരസ്ത്യ രാജ്യങ്ങളിലും നാം കാണുന്നത് ലോകചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ സ്വതന്ത്രചിന്താഗതി ഉളവാകുന്നതാണ്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ദിവസം ഏറ്റവും അടുത്തിരിക്കുന്നു എന്നതുതന്നെ.

**8.സമാധാന പദ്ധതികളും യുദ്ധസന്നാസഹങ്ങളും**

നാം വൈരുദ്ധ്യങ്ങൾ നിറഞ്ഞ ലോകത്തിൽ ജീവിക്കുന്നു. സമാധാനത്തിനു ഒരു അവസരം ഉണ്ടാകണമെന്ന് എല്ലാവരും ആഗ്രഹിക്കുന്നു. നാം സമാധാനത്തെക്കുറിച്ച് സംസാരിക്കുകയും വൈരാഗ്യത്തിൽ കഴിയുകയും ചെയ്യുന്നു. നൂറ്റാണ്ടുകളായി തുറന്ന യുദ്ധത്തിൽ കഴിയുന്നു. മീഖാ പ്രവാചകനും യോവേൽ പ്രവാചകനും ഇപ്രകാരം പ്രവചിച്ചിരിക്കുന്നു. സമാധാനത്തിനുള്ള ആഗ്രഹത്തെക്കുറിച്ച് അവർ സംസാരിക്കുകയും എന്നാൽ അയൽ രാജ്യത്തെക്കുറിച്ചുള്ള അവിശ്വസ്തത നിമിത്തം യുദ്ധസന്നാഹങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. മീഖാ. 4:1-3, യോവേൽ 3:9-13.

തിരുവചനം വളരെ മുൻകൂട്ടിത്തന്നെ ഈ സമാധാന-യുദ്ധദ്വിപക്ഷത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. എന്നാൽ ശാശ്വത സമാധാനം ഈ ഭൂമിയിൽ കർത്താവിന്റെ വരവോടുകൂടി മാത്രമേ സാദ്ധ്യമാകയുള്ളൂ.

**9. ആധുനിക പുരോഗതി**

**സഹസ്രാബ്ദങ്ങളുടെ മനുഷ്യ ചരിത്രത്തിനു ശേഷം എന്തുകൊണ്ടാണ് ഗതാഗതവും വാർത്താവിനിമയ മാദ്ധ്യമങ്ങളും ഇന്നു ലോകത്തെ ഇത്രയധികം കോർത്തിണക്കിയിരിക്കുന്നത്?**

***"അന്ത്യകാലംവരെ ഈ വചനങ്ങളെ അടെച്ചു പുസ്തകത്തിനു മുദ്രയിടുക; പലരും അതിനെ പരിശോധിക്കുകയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും" ദാനീ. 12:4.***

ദാനീയേൽ ഇവിടെ സൂചിപ്പിക്കുന്നത് അന്ത്യകാലത്തിൽ അഥവാ അന്ത്യകാലംവരെ അവന്റെ പ്രവചനപ്രകാരം ജ്ഞാനം വർദ്ധിക്കുമെന്നാകുന്നു. എന്നാൽ അവന്റെ പ്രവചനം ഈ കമ്പ്യൂട്ടർ യുഗത്തിലേക്കും വിരൽ ചൂണ്ടുന്നതായി കാണുന്നു. എല്ലാത്തരത്തിലുമുള്ള ജ്ഞാനവും ഈ അടുത്ത ചില വർഷങ്ങളായി വളരെ പെട്ടന്ന് വർദ്ധിച്ചു. കഴിഞ്ഞ അൻപതു വർഷത്തെ വളർച്ച കഴിഞ്ഞ രണ്ടായിരം വർഷത്തെക്കാൾ പെട്ടെന്നായിരുന്നു. ജ്ഞാനവർദ്ധനയ്ക്കായി പലരും അവിടെയും ഇവിടെയും ഓടിനടക്കുന്നു. 1850-ാമാണ്ടിനു മുമ്പ് ആളുകൾ കുതിരപ്പുറത്തും കിതിരവണ്ടികളിലും സഞ്ചരിച്ചിരുന്നു. അത് ലോകാരംഭം മുതലുള്ള മനുഷ്യരെക്കാളും സൗകര്യപ്രദമായിട്ടായിരുന്നു. എന്നാൽ ഇന്ന് ശബ്ദം സഞ്ചരിക്കുന്നതിലും വേഗത്തിൽ സ്പേസ് ഷട്ടിലിലും കോൺകോഡ് വിമാനത്തിലും യാത്ര ചെയ്യുന്നു. ഇന്നത്തെ യാത്രാസൗകര്യങ്ങളും കണ്ടുപിടിത്തങ്ങളും നാം അവസാനകാലത്തു ജീവിക്കുന്നു എന്നുള്ളതിന്റെ മറ്റൊരു തെളിവാകുന്നു.

**10. സർവ്വലോകത്തിനുമുള്ള സുവിശേഷം**

***അവന്റെ വരവിനുമുമ്പ് ലോകമൊട്ടുക്കും സുവിശേഷം എത്തണമെന്ന് യേശു പ്രവചിച്ചു. "രാജ്യത്തിന്റെ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും, അപ്പോൾ അവസാനം വരും." മത്തായി 24:14.***

ദശകങ്ങളായി ഭൂഗോളത്തിന്റെ പകുതി ഭാഗം സുവിശേഷത്തിൽ നിന്നും ഇരുമ്പു മറകളാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഒരു സുപ്രഭാതത്തിൽ കമ്മ്യൂണിസത്തിന്റെ കൈകളിൽനിന്നും കിഴക്കൻ യൂറോപ്പ് തെന്നിമാറി. ബർളിൻ മതിൽ ഇടിക്കപ്പെട്ടു. സോവിയറ്റ് സാമ്രാജ്യം തകർന്നു. തുടർന്ന് ഈ ഗ്രഹത്തിന്റെ ഏതാണ്ട് പകുതിയോളം ജനങ്ങൾ സുവിശേഷത്തിനു വേണ്ടി കൈകൾ നീട്ടി.

മുമ്പ് ഒരിക്കലും ഇല്ലാത്തതുപോലെ ഇന്ന് ലോകം മുഴുവൻ സുവിശേഷം ചെന്നെത്തുന്നു. കൃത്രിമോപഗ്രഹം ഉപയോഗിച്ചു ക്രിസ്തീയ ദൂത് എല്ലാ രാജ്യങ്ങളിലും ഒരേ സമയത്ത് എത്തിക്കുന്നു. രാജ്യത്തിന്റെ സുവിശേഷം ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടും അപ്പോൾ അവസാനം വരും എന്ന് യേശു പ്രഖ്യാപിച്ച ആ കാലയളവിൽ നാം എത്തിച്ചേർന്നിരിക്കുന്നു.

## *2. എത്രവേഗം യേശു വരും?*

കർത്താവിന്റെ വരവിന്റെ തൊട്ടുമുമ്പ് നടക്കേണ്ടുന്ന സംഭവങ്ങളെ വിവരിച്ച ശേഷം അവൻ ഇപ്രകാരം അവസാനിപ്പിക്കുന്നു:

***"ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" മത്തായി 24:34.***

അവസാനമായി ഒരു കാര്യം വ്യക്തമാണ്. പ്രവചനത്തിന്റെ ഈ ചൂണ്ടുപലകകളിൽ കാണിച്ചിരിക്കുന്ന കാര്യങ്ങളിലൂടെ കടന്നുപോകുന്ന തലമുറ തീർച്ചയായും കർത്താവു രണ്ടാമതായി ലോകത്തിലേക്ക് വരുന്നത്

കാണും. അതോടുകൂടി കർത്താവ് പാപത്തെയും കഷ്ട തയെയും തുടച്ചുമാറ്റുകയും തന്റെ നിത്യരാജ്യം സ്ഥാപി ക്കുകയും ചെയ്യും. ക്രിസ്തു മുന്നറിയിപ്പു നൽകുന്നത്, ആ നാളും നാഴികയും.... മറ്റാരും അറിയുന്നില്ല എന്നാണ്. കർത്താവ് ഇപ്രകാരം തുടരുന്നു:

"അങ്ങനെ നിങ്ങൾ നിനെക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ" മത്തായി 24:44.

## 3. ക്രിസ്തു, ലോകത്തിന്റെ ഏക പ്രത്യാശ

ഏറ്റവും അവസാനത്തേതും നല്ലതുമായ പ്രത്യാശ ക്രിസ്തു ആകുന്നു, എന്തെന്നാൽ ഈ ലോകത്തെ നശിപ്പിക്കുന്ന പാപത്തെ കൈകാര്യം ചെയ്യാൻ അവനു മാത്രമേ സാധിക്കുകയുള്ളൂ. ദുഷ്ടതയെ തോല്പിക്കുവാനും അവന്റെ വിളികേൾക്കുന്നവർക്ക് രക്ഷ നല്കുവാനുമായി ക്രിസ്തു കാൽവരിയിൽ മരിച്ചു.

***"പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാചു ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി" 1 യോഹന്നാൻ 3:8.***

ഈ നശിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽനിന്നു വെളിയിൽ വരുവാൻ ഒരു മാർഗ്ഗമായി നമ്മുടെ രക്ഷിതാവ് തന്റെ മാംസവും രക്തവും നമുക്കു യാഗമാക്കിത്തീർത്തു. ഇതേ യേശുക്രിസ്തു ലോകത്തിന്റെ എല്ലാ രോഗത്തെയും പാപത്തെയും ഒരു ദിവസം നശിപ്പിച്ച് സുഖപ്പെടുത്തും. അങ്ങനെ നിങ്ങളുടെ പാപങ്ങളെ തുടച്ചുകളയുവാൻ സാധിക്കും. നിങ്ങളുടെ കുറ്റങ്ങളെയും ആകാംക്ഷയെയും നശീകരണ പ്രവണതയെയും നീക്കുവാൻ കർത്താവിന്റെ രണ്ടാം വരവുവരെ കാത്തിരിക്കേണ്ടതില്ല. ഇവയിൽ നിന്നൊക്കെയും സമാധാനം നല്കുവാൻ കർത്താവ് ഈ നിമിഷം തയ്യാറാണ്.

ഒരിക്കൽ ഒരു പ്രസംഗം ശ്രദ്ധിച്ചുകൊണ്ടിരുന്ന യുവതിക്ക് സുവിശേഷത്തോടു വളരെ താൽപര്യം ഉണ്ടായി. കർത്താവിന്റെ വീണ്ടുംവരവ് അറിഞ്ഞപ്പോൾ അവൾക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെ കിട്ടുന്ന അനുഭവം ഉണ്ടായി ഇത് അവളെ ബോധവതിയാക്കി. അവൾ തെറ്റായ സ്ഥലത്ത് സ്നേഹവും സന്തോഷവും സമാധാനവും അന്വേഷിക്കുകയാണെന്ന് മനസ്സിലാക്കി. യേശുക്രിസ്തുവിൽ അതിന്റെ ഉത്തരം ഉണ്ടെന്ന് അറിഞ്ഞു.

അടുത്ത ദിവസം ഉപദേഷ്ടാക്കളും സഹപ്രവർത്തകരും അവളെ സന്ദർശിച്ചപ്പോൾ അവളുടെ കയ്പേറിയതും തകർന്നതുമായ ജീവിതകഥകൾ അറിഞ്ഞു. അവൾ ചാരായത്തിനു അടിമയും അവളുടെ ജീവിതം വേശ്യാവൃത്തിയിലൂടെയുള്ളതും ആയിരുന്നു. അവളുടെ പ്രശ്നങ്ങൾ വിശദീകരിച്ചതിന്റെ ശേഷം അവൾ ഇങ്ങനെ വിതുമ്പി: "കഴിഞ്ഞ രാത്രിയിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്നോടു എന്തിനായിരുന്നു സംസാരിച്ചത്?

വാസ്തവതത്തിൽ അത് അവളുടെ ഹൃദയത്തിൽ എത്തിയ ദൈവശബ്ദമായിരുന്നു. മൃദുവായി അത് അവളോടു സംസാരിച്ചു. അവളുടെ എല്ലാ സ്വഭാവരീതിയും പ്രവർത്തനവും ഉപേക്ഷിക്കുവാൻ അവൾ തീരുമാനിച്ചു. അവൾ കർത്താവിനെ തന്റെ രക്ഷിതാവായി സ്വീകരിക്കുകയും തന്റെ രണ്ടാം വരവിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നു.

തുടർന്നുള്ള ആഴ്ചകളിൽ ഒരു കാര്യം അവൾക്ക് വ്യക്തമായി. ഭീതിയും സുരക്ഷിതത്വമില്ല എന്ന തോന്നലും നിമിത്തം തന്റെ ജീവിതം ലഹരി പദാർത്ഥങ്ങൾക്ക് അടിമയാക്കുകയായിരുന്നു. എന്നാൽ കർത്താവുമായി സംമ്പർക്കം പുലർത്തിയപ്പോൾ ആശ്വാസം ലഭിച്ചു. അവളുടെ ജീവിതം നശിപ്പിച്ച എല്ലാ പ്രേരണയിൽ നിന്നും അവൾക്ക് മോചനം ലഭിച്ചു.

അവൾ അഭിമാനിക്കാത്ത പല കാര്യങ്ങളും അവൾ ചെയ്തു. കർത്താവിന്റെ കൃപയും ക്ഷമയും അവളുടെ നാണക്കേടിനെക്കാൾ വലുതായി അവൾ കണ്ടു. കർത്താവിനോടുകൂടെ ക്രൂശിച്ച ആ കള്ളന്റെ അനുഭവം അവൾക്ക് എല്ലാമായി. അവസാനത്തെ നിരാശയുടെ നിമിഷത്തിൽ അവൻ ഇങ്ങനെ പറഞ്ഞു, "യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളണമേ" ലൂക്കൊസ് 23:42.

കർത്താവു പെട്ടെന്ന് ആ കള്ളന് പറുദീസയിൽ ഒരു സ്ഥലം വാഗ്ദാനം ചെയ്തുകൊണ്ട് മറുപടി നല്കി (വാക്യം. 43). മരണത്തെ നേരിടുന്ന ആ കള്ളന് സന്തോഷപൂർവ്വം പാപം ക്ഷമിച്ചുകൊടുത്ത ആ യേശു നിങ്ങൾക്കും രക്ഷ വാഗ്ദാനം ചെയ്യുന്നു. പരിപൂർണ്ണമായ ക്ഷമയും മനസ്സമാധാനവും; അത് നിങ്ങൾ ഇന്ന് കണ്ടെത്തുക.

ആ കള്ളനെപ്പോലെ നിങ്ങളും പ്രാർത്ഥിക്കുക: "നിന്റെ രാജ്യത്തിലേക്കു വരുമ്പോൾ എന്നെയും ഓർക്കേണമേ." യേശു നിങ്ങൾക്ക് മറുപടി നല്കും. "ഞാൻ വീണ്ടും വരും, നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും."

# കണ്ടെത്തുക

## ഉത്തരക്കടലാസ് 10

## എത്രവേഗം കർത്താവ് തിരിച്ചു വരും?

1. പാഠത്തിൽ ഒന്നാം ഭാഗം വായിച്ചതിനുശേഷം ഈ ചോദ്യത്തിലെ ശരിയായ എട്ട് ഉത്തരങ്ങൾക്ക് മുമ്പിൽ X എന്ന അടയാളമിടുക.

**ലോകാവസാനം സമീപമായിരിക്കുന്നു എന്നും യേശുവിന്റെ വരവ് എപ്പോൾ ആയിരിക്കുമെന്നും ജനം അറിയുവാൻ എന്ത് അടയാളങ്ങളാണ് യേശു കൊടുത്തത്?**

_______ ക്ഷാമവും ഭൂകമ്പവും പട്ടിണിയും കാരണം ജനം പരിഭ്രാന്തരാകും

_______ ലോകം നല്ലതായിക്കൊണ്ടിരിക്കുന്നു എന്ന ഒരു സാങ്കല്പിക അനുഭവത്തിൽ എത്തിച്ചേരുന്നു

_______ ജനം ധനം സ്വരൂപിക്കുന്നു

_______ തൊഴിലാളികളുടെ ഇടയിൽ അസ്വസ്ഥതയും അസംതൃപ്തിയും ഉണ്ടാകും

_______ ഒരു കുറ്റകൃത്യവുമില്ലാത്ത അവസ്ഥ

_______ സമൂഹം അസാന്മാർഗ്ഗികത്വത്തിലേക്ക് നീങ്ങുന്നു

_______ പുതുയുഗം മാന്ത്രിക വിദ്യപോലുള്ള വ്യാജ അടയാളങ്ങളും അത്ഭുതങ്ങളും

_______ ലോക പ്രബുദ്ധതയിലേക്കുള്ള ഏഷ്യയുടെയും ആഫ്രിക്കയുടെയും ഉണർവ്വ്

_______ ജ്ഞാന വർദ്ധനവ് ലോകത്തെല്ലായിടവും സുവിശേഷം വ്യാപിക്കുന്നതിന് കാരണമാകുന്നു

2. **വീണ്ടും പാഠത്തിൽ രണ്ടാം ഭാഗം വായിച്ചതിനുശേഷം ഈ ചോദ്യത്തിൽ ശരിയായ ഒരുത്തരത്തിനു മുമ്പിൽ X എന്ന അടയാളമിടുക.**

_______ ക്രിസ്തുവിന്റെ വരവ് എത്ര ആസന്നമായിരിക്കുന്നു

_______ അല്പം ചിന്ത പോലും ഉണ്ടാകുക അസാദ്ധ്യമാണ്

_______ യേശുവിന്റെ വരവ് അടുത്തിരിക്കുന്നു എന്ന് ബൈബിളിൽ മുൻകൂട്ടി കൊടുത്തിരിക്കുന്ന അടയാളങ്ങൾ പറയുന്നു

3. **പാഠത്തിൽ മൂന്നാം ഭാഗം വായിക്കുക. ബൈബിളിലെ വലിയ അടയാളങ്ങളുടെ നമ്മുടെ കാലത്തുള്ള നിറവേറൽ യേശുവിന്റെ വരവ് അടുത്തിരിക്കുന്നു എന്നും നിങ്ങളെ അവന്റെ വരവിനുവേണ്ടി ഒരുക്കുന്നതിനു വേണ്ടിയാണ് അവൻ നിങ്ങൾക്കുവേണ്ടി മരിച്ചത് എന്നും പ്രഖ്യാപിക്കുന്നു.**

യേശുവിന്റെ വരവിനുവേണ്ടി ഒരുങ്ങുകയും അവനോടൊപ്പം സ്വർഗ്ഗത്തിൽ പോകുക എന്നതും നിങ്ങളുടെ ആത്മാർത്ഥമായ ഉദ്ദേശമാണോ?............

**സുപ്രധാനം :** ***നിങ്ങൾക്ക് അങ്ങനെ ചെയ്യണമെന്ന് തോന്നുന്നു എങ്കിൽ കൊടുത്തിരിക്കുന്ന കടലാസ്സിൽ നിങ്ങളുടെ പേര്, മേൽവിലാസം, ടെലിഫോൺ നമ്പർ എന്നിവ എഴുതുക. നിങ്ങൾ അപ്രകാരം ചെയ്യുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, നിങ്ങളെക്കുറിച്ചുള്ള ചെറുവിവരണം ഞങ്ങൾക്കു തരിക. ഞങ്ങളോടൊപ്പം വചനം പഠിക്കുന്ന എല്ലാവരേയും വ്യക്തിപരമായി പരിചയപ്പെടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.***

# കണ്ടെത്തുക

## പഠനസഹായി 11

# എന്റെ ജീവിതത്തിലെ നിഗൂഢ ശക്തി

**1929**-ൽ ഫ്രാങ്ക് മോറിസ് സ്വിറ്റ്സർലണ്ടിലേക്കുള്ള ഒരു കപ്പലിൽ കയറി. ചില നാളുകളായി അവൻ ഈ യാത്രയ്ക്കു വേണ്ടി ആകാംക്ഷയോടെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. എന്നാൽ അത് ഒരു ലജ്ജാകരമായ അനുഭവമായി കലാശിച്ചു. തന്നെ ശ്രദ്ധിക്കാനായി ചുമതലപ്പെടുത്തിയിരുന്ന കാര്യസ്ഥൻ ഓരോ രാത്രിയിലും ഫ്രാങ്കിനെ കാബിനകത്തു പൂട്ടിയിട്ടു. തിടുക്കത്തിലുള്ള പ്രഭാത ഭക്ഷണത്തിനു ശേഷം അല്പസമയം വ്യായാമം ചെയ്യുവാൻ ഫ്രാങ്കിനു കഴിഞ്ഞു. എങ്കിലും, ബന്ധിക്കപ്പെട്ട ഒരു മൃഗത്തിന്റെ അവസ്ഥപോലെ തനിക്കതു അനുഭവപ്പെട്ടു. അതിനുശേഷം ആ കാര്യസ്ഥൻ ഫ്രാങ്കിനെ ഒരു ആവിക്കസേരയിൽ ഉപവിഷ്ഠനാക്കുമായിരുന്നു. ഒന്നു ചുറ്റിക്കറങ്ങുന്നതിനുവേണ്ടി സ്നേഹനിർഭരമായി തന്നെ ക്ഷണിക്കുന്ന ഒരു സഹയാത്രികനെ താൻ കണ്ടുമുട്ടുമ്പോഴെല്ലാം, അവന്റെ മേൽ ഒരു നോട്ടമുണ്ടായിരിക്കണമെന്നു പറഞ്ഞു ആ കാര്യസ്ഥൻ എതിർപ്പു പ്രകടിപ്പിച്ചു.

പ്രായപൂർത്തിയായ ഒരുവനിലുണ്ടാകുന്ന തരത്തിലുള്ള ജിജ്ഞാസകളും ആഗ്രഹങ്ങളുമെല്ലാമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു ഫ്രാങ്ക്. എന്നാൽ അവനൊരു അന്ധനായിരുന്നു. അവനു സ്വയം അവനെത്തന്നെ കരുതുവാൻ കഴിയില്ലെന്നാണ് ആ കാര്യസ്ഥൻ സങ്കല്പിച്ചത്. ഭദ്രമായി കെട്ടിവെച്ച ഒരു പാഴ്സൽ പോലെയാണ് ഫ്രാങ്ക് പരിചരിക്കപ്പെട്ടത്.

എന്നാൽ സ്വിറ്റ്സർലണ്ടിൽ ഫ്രാങ്കിന്റെ ജീവിതത്തിൽ നാടകീയമായ മാറ്റങ്ങൾ സംഭവിച്ചു. അവനവിടെ ആയിരുന്നപ്പോൾ അന്ധന്മാരെ വഴികാട്ടുവാൻ പ്രത്യേക പരിശീലനം ലഭിച്ച നായ്ക്കളെക്കുറിച്ച് പഠിക്കുവാൻ കഴിഞ്ഞു. അമേരിക്കയിലേയ്ക്കുള്ള മടക്കയാത്രയിൽ ജർമ്മൻ ഷെപ്പേഡ് ഇനത്തിൽപ്പെട്ട ബഡ്ഡി എന്നു പേരുള്ള ഒരു നായയെ കൊണ്ടുവന്നു; ഫ്രാങ്ക് 'സീയിംഗ് ഐ' തുടങ്ങി. ഇന്ന് അതൊരു ലോകവ്യാപക സംഘടനതന്നെയാകുന്നു.

ഇപ്പോൾ അവന്റെ ഒരു വശത്ത് ബഡ്ഡിയോടൊപ്പം, ഫ്രാങ്കിനു എവിടേയും, ഏതു സമയത്തും ആരോടൊപ്പം വേണമെങ്കിലും പോകാനാകുന്നു. അവസാനം അവൻ സ്വതന്ത്രനായതുപോലെ തോന്നി. ഒരു കൂട്ടം റിപ്പോർട്ടർമാരുടെ മുമ്പിൽ വെച്ചുള്ള പ്രദർശനവേളയിൽ, ബഡ്ഡി അവന്റെ യജമാനനെ ന്യൂയോർക്ക് സിറ്റിയിലെ തിരക്കേറിയ ഒരു തെരുവിൽക്കൂടി കാറുകൾ ചീറിപ്പായുമ്പോൾ റോഡിന്റെ ഒരു വശത്തുനിന്നും മറുവശത്തേക്ക് വളരെ നൈപുണ്യത്തോടെ വഴി നടത്തി. ഫ്രാങ്ക് പരിപൂർണ്ണമായി ബഡ്ഡിയെ വിശ്വസിച്ചതുകൊണ്ട് എളുപ്പത്തിൽ കുറുകെ കടക്കുവാൻ കഴിഞ്ഞു. നിയോഗിതരായ റിപ്പോർട്ടർമാർക്കുതന്നെ അതു വലിയൊരു ബുദ്ധിമുട്ടായിരുന്നു; വാസ്തവത്തിൽ അതിലൊരാൾക്ക് മറുവശത്തെത്തുവാൻ ഒരു വാടകവണ്ടി തന്നെ എടുക്കേണ്ടതായി വന്നു.

നമ്മുടെ ജീവിതങ്ങളെ സമൂലം തന്റെ കരങ്ങളിൽ സമർപ്പിക്കാനാഗ്രഹിക്കുന്ന ഉത്തമ വഴികാട്ടിയായ പരിശുദ്ധാത്മാവിനെക്കുറിച്ചാണ് അടുത്ത ഏതാനും ചില താളുകളിൽ നാം പഠിക്കാനുദ്ദേശിക്കുന്നത്. വാസ്തവത്തിൽ അതിപ്രധാനമായത് എന്താണെന്നുള്ളതിൽ നാമെല്ലാവരും മാനുഷിക പ്രകൃതിയിൽ വികലരും അന്ധരുമാണ്. തിരക്കേറിയ ചുവടുവെയ്പ്പുകളാൽ നമ്മുടെ ജീവിതം മുന്നോട്ടു കുതിക്കുന്നതുകൊണ്ട് മറ്റിടങ്ങളിലെത്തുന്നതിനുപകരം പലപ്പോഴും നമ്മുടെ ജീവിതം മുന്നോട്ടു കുതിക്കുന്നതുകൊണ്ട് മറ്റിടങ്ങളിലെത്തുന്നതിനു പകരം പലപ്പോഴും നമ്മുടെ ജീവിതം അനുകരണങ്ങളായി കാണുന്നു. എന്നിട്ടും ഈ വഴികാട്ടിയെ പൂർണ്ണമായി ആശ്രയിക്കുന്നതിനു നാം ശങ്കിക്കുന്നു. ജീവിതത്തിലുടനീളം നമുക്കു മാർഗ്ഗനിർദ്ദേശം നല്കുന്നതിനുവേണ്ടിയുള്ള സ്വാതന്ത്ര്യവും ശക്തിയും ലഭിക്കുന്നതിനു പരിശുദ്ധാത്മാവിൽ നാം ആശ്രയിച്ചാൽ മതിയെന്നു കണ്ടെത്തുവാൻ ഈ പഠനം നമുക്കോരോരുത്തർക്കുമായി കാത്തിരിക്കുന്നു.

## *1. ലോകത്തിൽ ക്രിസ്തുവിന്റെ പ്രതിനിധി*

ക്രിസ്തു സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിനു തൊട്ടുമുമ്പ് തന്റെ ശിഷ്യന്മാർക്ക് താൻ വിലമതിക്കാനാവാത്ത ഒരു ദാനം വാഗ്ദാനം ചെയ്തു.

***"എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കയും വരുവാനുള്ളത് നിങ്ങൾക്കു അറിയിച്ചുതരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നു എടുത്തു നിങ്ങൾക്കു അറിയിച്ചുതരുന്നതുകൊണ്ടു എന്നെ മഹത്വപ്പെടുത്തും" യോഹന്നാൻ 16:7,13,14.***

ദൈവിക പദ്ധതിയിൽ, യേശു ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നമ്മുടെ പ്രതിനിധിയായി നില്ക്കുന്നതിനുവേണ്ടി സ്വർഗ്ഗത്തിലേക്ക് തിരിച്ചു പോകേണ്ടതു ആവശ്യമായിരുന്നു. കൂടാതെ "ദൈവസന്നിധിയിൽ നമുക്കു വേണ്ടി പ്രത്യക്ഷനാകേണ്ടിയിരുന്നു" (എബ്രായർ 9:24).

ക്രൂശിക്കപ്പെട്ട കർത്താവ് സ്വർഗ്ഗത്തിൽ നമ്മുടെ പ്രതിനിധിയായിരിക്കുമ്പോൾത്തന്നെ ഇവിടെ ഭൂമിയിൽ പരിശുദ്ധാത്മാവ് നമ്മുടെ ആലോചനക്കാരനായും വഴികാട്ടിയായും നമുക്കുണ്ട്. അവൻ യേശുവിന്റെ നേരിട്ടുള്ള പ്രതിനിധിയാണ്.

ഒരു മനുഷ്യശരീര പരിധിക്കുള്ളിൽ ആയിരുന്നുകൊണ്ടു ഇവിടെ യേശു ശുശ്രൂഷ ചെയ്തിരുന്നതിനാൽ എല്ലായിടത്തും ആയിരിപ്പാൻ തനിക്ക് കഴിഞ്ഞില്ല. എന്നാൽ പരിശുദ്ധാത്മാവിനു അപ്രകാരമുള്ള പരിമിതികളൊന്നുമില്ല. വ്യക്തിപരമായ ആലോചകനും വഴികാട്ടിയുമായി അസംഖ്യം വ്യക്തികളിൽ അനേകമിടങ്ങളിൽ ഒരേ സമയം ശുശ്രൂഷ ചെയ്യുവാൻ അവനു സാധിക്കുന്നു. ക്രിസ്തു നമ്മുടെ ആവശ്യങ്ങളെല്ലാം

പരിശുദ്ധാത്മാവിലൂടെ സാദ്ധ്യമാക്കുന്നു.

## 2. ആരാകുന്നു പരിശുദ്ധാത്മാവ്?

നാമറിഞ്ഞിട്ടുള്ളതിൽവെച്ച് അത്യന്തം കരുതുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന മാതാപിതാക്കളെ നാം സങ്കല്പിക്കുന്നുവെങ്കിൽ നമ്മിൽ അനേകർക്കും പിതാവായ ദൈവത്തോട് ബന്ധം പുലർത്താനാകും. പുത്രനായ യേശു ഒരു വ്യക്തിയായി നമ്മുടെ ഇടയിൽ ജീവിച്ചിരുന്നതുകൊണ്ട് നമുക്കവനെ ഗ്രഹിപ്പാനാകും. എന്നാൽ പരിശുദ്ധാത്മാവിനെ ചിത്രീകരിക്കാനോ അവനുമായി ബന്ധപ്പെടുവാനോ വൈഷമ്യമാണ്. എളുപ്പത്തിലുള്ള മാനുഷീക താരതമ്യവും അതിനായി നമുക്കില്ല. എങ്കിലും, സത്യവേദപുസ്തകം പരിശുദ്ധാത്മാവിനെക്കുറിച്ച് സുവ്യക്തമായ വിശദീകരണങ്ങൾ നമുക്കു നല്കുന്നുണ്ട്.

**ഒരു വ്യക്തിത്വം :** ദൈവത്വത്തിലെ ഒരംഗമെന്നപോലെയും പിതാവാം ദൈവം, പുത്രനാം ദൈവം ഇവരോടൊപ്പം പരിശുദ്ധാത്മാവിനെ ഒരു വ്യക്തിയായിട്ടാണ് യേശു വിശദീകരിക്കുന്നത്.

***"ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ" മത്തായി 28:19.***

ആത്മാവിന് വ്യക്തിപരമായ സ്വഭാവ സവിശേഷതകൾ ഉണ്ട്. ഒരു മനസ്സ് (റോമർ 8:27), വിവേകം (1 കൊരിന്ത്യർ 2:10), നമ്മോടുള്ള സ്നേഹവികാരം (റോമർ 15:30), നാം പാപം ചെയ്യുമ്പോൾ അവൻ ദുഃഖിതനാകുന്നു (എഫെസ്യർ 4:30), നമ്മെ പഠിപ്പിക്കുന്നതിനുള്ള കഴിവ്, (നെഹെമ്യവു. 9:20) നമ്മെ നയിക്കാനുള്ള ശക്തി, എന്നിവ അവനുണ്ട്.

**സൃഷ്ടിപ്പിലുള്ള പങ്കാളിത്വം :** നമ്മുടെ ഈ ലോക സൃഷ്ടിപ്പിൽ പിതാവിനോടും പുത്രനോടുമൊപ്പം പരിശുദ്ധാത്മാവ് ഭാഗഭാക്കാകുകയുണ്ടായി.

***"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.... ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു" ഉല്പത്തി 1:1,2.***

## 3. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ

**1. മനുഷ്യഹൃദയത്തിനു പരിവർത്തനം വരുത്തുന്നു:** നിക്കോദേമോസുമായുള്ള തന്റെ കൂടിക്കാഴ്ചയിൽ മനുഷ്യഹൃദയത്തിനു പരിവർത്തനം വരുത്തുന്നതിലുള്ള പരിശുദ്ധാത്മാവിന്റെ പങ്കിനെക്കുറിച്ചു യേശു ഊന്നിപ്പറഞ്ഞു.

***"ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല" യോഹ. 3:5.***

"ആത്മാവിനാൽ ജനിക്കുക" എന്നാൽ ആത്മാവ് നമുക്കു പുതിയൊരു ആരംഭം നല്കുന്നു എന്നാണർത്ഥമാക്കുന്നത്. നമ്മുടെ സ്വഭാവത്തിനല്പമൊരു പരിഷ്ക്കാരം വരുത്തിത്തീർക്കുക എന്നുള്ളതിനേക്കാൾ ഏറ്റവും ഉപരിയാകുന്നു ഇത്. ആത്മാവ് നമ്മെ ആന്തരീകമായി മാറ്റം വരുത്തി "ഞാൻ നിങ്ങൾക്കു പുതിയൊരു ഹൃദയം തരും" (യെഹെസ്ക്കേൽ 36:26) എന്നുള്ള വാഗ്ദത്തം നിവർത്തിക്കുകയും ചെയ്യും.

**2. പാപത്തെക്കുറിച്ചു നമ്മിലൊരു ബോധം വരുത്തുകയും വിശുദ്ധീകരണത്തിനുവേണ്ടിയുള്ള ഒരാഗ്രഹം നമ്മിൽ നല്കുകയും ചെയ്യുന്നു.**

***"അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും." യോഹന്നാൻ 16:8.***

ആരെങ്കിലും തങ്ങളുടെ അസാന്മാർഗ്ഗിക ജീവിതശൈലിയിൽ നിന്നും ദൈവത്തിങ്കലേക്ക് തിരിഞ്ഞു ഒരു വിശ്വസ്ത സഖിയും, പരിപോഷിപ്പിക്കുന്ന രക്ഷിതാവുമായിത്തീർന്നു എന്നുള്ള നാടകീയ അനുഭവകഥ നിങ്ങൾ കേൾക്കുമ്പോൾ ഓർക്കുക; പൂർണ്ണതയിലേക്കുള്ള ഓരോ പടിയും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിന്റെ ഫലമാണ്.

**3. ക്രിസ്തു ജീവിതത്തിൽ നമ്മെ വഴി നടത്തുന്നു**

ആത്മാവിന്റെ മന്ദസ്വരത്തിലൂടെ ക്രിസ്തു നമ്മോടു നേരിട്ടു സംസാരിക്കുന്നു.

***"നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും." യെശയ്യാവു 30:21.***

ഉപഗ്രഹ സംപ്രേഷണത്തിലൂടെ മറ്റൊരു ഭൂഖണ്ഡത്തിലെ ചിത്രങ്ങളും രൂപങ്ങളും ടെലിവിഷനിൽ നാം താമസിക്കുന്ന വീടിന്റെ മുറിക്കകത്തെത്തിക്കുന്നു. ഏകദേശം, ദൈവത്തിന്റെ ഒരു ഉപഗ്രഹമെന്നപോലെ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു. നമുക്കെപ്പോൾ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നുവോ അപ്പോഴെല്ലാം സ്വർഗ്ഗത്തിൽനിന്നും തന്റെ സാന്നിദ്ധ്യം പരിശുദ്ധാത്മാവെത്തിക്കുന്നു. "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും അവൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും. ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിനു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും. കുറെഞ്ഞോന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല; നിങ്ങളോ എന്നെ കാണും; ഞാൻ ജീവിക്കുന്നതുകൊണ്ടു നിങ്ങളും ജീവിക്കും. ഞാൻ എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്നു നിങ്ങൾ അന്നു അറിയും" യോഹ. 14:15-20.

**4. നമ്മുടെ പ്രാർത്ഥനാ ജീവിതത്തെ സഹായിക്കുന്നു**

"വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. എന്നാൽ ആത്മാവു വിശുദ്ധന്മാർക്കു വേണ്ടി ദൈവഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാവിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കുന്നവൻ അറിയുന്നു" റോമർ 8:26,27.

വാക്കുകൾ കണ്ടെത്താനായി നാം വിമ്മിഷ്ടപ്പെടുമ്പോൾ, ആത്മാവ് നമുക്കായി പ്രാർത്ഥിക്കുന്നു. നാം വളരെ നിരുത്സാഹകരായിത്തീരുമ്പോൾ ദൈവത്തെ നോക്കി ഞര

ങ്ങുവാൻ മാത്രമേ നമുക്കു കഴിയുകയുള്ളൂ, പരിശുദ്ധാത്മാവ് നമ്മുടെ തളർന്ന നിലവിളിയുടെ ശബ്ദത്തെ ശക്തമായ പ്രാർത്ഥനയാക്കി യേശു ഇപ്പോൾ നമുക്കുവേണ്ടി ശുശ്രൂഷിക്കുന്ന ദൈവസിംഹാസനത്തിനു മുമ്പാകെ എത്തിക്കുന്നു.

**5. ക്രിസ്തീയ ഗുണങ്ങളെയും സ്വഭാവത്തെയും വളർത്തുന്നു**

ആത്മീകമായി നിർജ്ജീവമായ അവസ്ഥയിൽ തരിശായിക്കിടക്കുന്ന വ്യക്തികളെ പരിശുദ്ധാത്മാവ് എല്ലാവിധ നല്ല ഫലങ്ങളും കായ്ക്കുന്ന ഒരു വൃക്ഷംപോലെ ആക്കിത്തീർക്കുന്നു.

***"ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം; ഈ വകയ്ക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല" ഗലാത്യർ 5:22,23.***

ലഭ്യമായ ആത്മാവിന്റെ ഫലങ്ങൾ നാം പ്രകടമാക്കുന്നത് ക്രിസ്തുവാകുന്ന സാക്ഷാൽ മുന്തിരിവള്ളിയോടു ഒട്ടിച്ചു ചേർക്കപ്പെട്ടവരാണ് നാം എന്നു വെളിവാക്കുന്നു.(യോഹന്നാൻ 15:5). യഥാർത്ഥത്തിൽ യേശുവിനു തന്റെ സമ്പുഷ്ട ജീവിതം നമ്മിൽ വളർത്തുവാൻ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കഴിയുന്നതാണ്.

**6. നമ്മെ അവന്റെ സാക്ഷികളായി ഒരുക്കുന്നു.**

യേശു വാഗ്ദത്തം ചെയ്യുന്നു:

***"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" അപ്പൊ. പ്ര. 1:8.***

ആഗ്രഹിക്കുന്ന ഏവർക്കും പരിശുദ്ധാത്മാവിനാൽ സാക്ഷികളാകുവാൻ കഴിയുന്നതാണ്. എല്ലാറ്റിന്റേയും ഉത്തരങ്ങൾ ഒരു പക്ഷെ നമുക്കില്ലായിരിക്കാം. എന്നാൽ ഹൃദയങ്ങളേയും മനസ്സുകളേയും ചലിപ്പിക്കാൻ പര്യാപ്തമായ ഒരു കഥ പറയുവാനായി നമുക്ക് നൽകുവാൻ പരിശുദ്ധാത്മാവിനു കഴിയും. പെന്തെകൊസ്തിനുമുമ്പ് പ്രസംഗിക്കുവാനും ആശയവിനിമയം ചെയ്യുവാനും അപ്പൊസ്തലന്മാർക്ക് ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ ആത്മാവു വന്നതിനു ശേഷം "ലോകത്തെ കീഴ്മേൽ മറിക്കുമാറ്" ശക്തിയോടു കൂടി അവർ ക്രിസ്തുവിനെക്കുറിച്ചു പ്രഘോഷിച്ചു (അപ്പൊ. പ്ര.17:6)

## 4. ആത്മാവിന്റെ വരങ്ങൾ

ഓരോ വിശ്വാസിയുടെയും വിജയകരമായ ക്രിസ്തീയ ജീവിതത്തിന് ദൈവം ദാനമായി കൊടുക്കുന്ന പരിശുദ്ധാത്മാവും, ശക്തമായ ശുശ്രൂഷ വ്യത്യസ്ത രീതിയിൽ ഓരോ വിശ്വാസിയും ചെയ്യുന്നതിനുവേണ്ടി നല്കപ്പെടുന്ന ആത്മാവിന്റെ വിവിധ വരങ്ങളും തമ്മിലുള്ള ഒരു വ്യത്യാസം തിരുവെഴുത്തു വ്യക്തമാക്കുന്നു."അവൻ ബദ്ധന്മാരെ പിടിച്ചു കൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു."

***അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും, ഉപദേഷ്ടാക്കന്മാരായും നിയമച്ചിരിക്കുന്നു; അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർദ്ധനയ്ക്കും ആകുന്നു." എഫെസ്യർ 4:8,11,12.***

ഓരോ ക്രിസ്ത്യാനിക്കും എല്ലാ വരങ്ങളും ലഭിക്കുന്നതല്ല. ചിലർക്കു മറ്റുള്ളവരെക്കാൾ അധികം ദാനം ലഭിച്ചേക്കാം. "ആത്മാവു താൻ ഇച്ഛിക്കും പോലെ അവനവന്നു അതതുവരം ഭാഗിച്ചു നൽകുന്നു" (1കൊരി 12:11). ദൈവീക പദ്ധതിയിൽ ഓരോ വിശ്വാസിയേയും അവനോ അവളോ താന്താന്റെ പ്രത്യക പങ്ക് വഹിക്കുവാൻ ആത്മാവ് ഉപയുക്തമാക്കുന്നു. തന്റെ സഭയ്ക്കും തന്റെ ജനത്തിനും ഏറ്റവും നല്ല അനുഗ്രഹമാകുവാൻ എപ്പോൾ, എവിടെവെച്ച് ഈ ദാനങ്ങൾ നൽകണമെന്ന് ദൈവം അറിയുന്നു.

1 കൊരി 12:8-10 വരെയുള്ള ഭാഗങ്ങളിൽ ആത്മികവരങ്ങളുടെ മറ്റൊരു പട്ടിക കാണുന്നു. അതിൽ ജ്ഞാനം, അറിവ്, വിശ്വാസം, രോഗശാന്തി, പ്രവചനം, വിവിധ തരത്തിലുള്ള ഭാഷ, അവയുടെ വ്യാഖ്യാനം എന്നിവ ഉൾപ്പെടുന്നു.

"ശ്രേഷ്ഠമായ ദാനങ്ങളെ വാഞ്ഛിപ്പിൻ" എന്ന് വി. പൗലൊസ് നമ്മെ ആഹ്വാനം ചെയ്യുന്നു. പിന്നീട് അതിനോടു താൻ കൂട്ടിച്ചേർത്തു പറയുന്നു, "ഇപ്പോൾ ഞാൻ ഇവയിൽ വെച്ചേറ്റവും ശ്രേഷ്ഠമായ മാർഗ്ഗം കാണിക്കാം" (1 കൊരി.12:31). സ്നേഹത്തിന്റെ അദ്ധ്യായം (1 കൊരി13), അതിനെത്തുടർന്നു "അതിശ്രേഷ്ഠമായ മാർഗ്ഗം,സ്നേഹത്തിന്റെ വഴിയാണെന്നു ആ വാക്യത്തിൽ ഊന്നിപ്പറയുന്നു. കൂടാതെ സ്നേഹം ആത്മാവിന്റെ ഫലമാകുന്നു" ഗലാത്യർ 5:22.

നമ്മുടെ മുഖ്യലക്ഷ്യം ആത്മാവിന്റെ ഫലങ്ങളെ അന്വേഷിക്കുക എന്നുള്ളതായിരിക്കണം. കൂടാതെ താൻ ഇച്ഛിക്കുംപോലെ തന്റെ ദാനങ്ങളെ നല്കുന്നതിനായി ആത്മാവിനെ അനുവദിക്കുകയും ചെയ്യുക.

## 5. പെന്തെകൊസ്തിലെ ആത്മിക നിറവ്

യേശുവിന്റെ വാഗ്ദത്ത നിവൃത്തിയായി പെന്തെകൊസ്തു ദിനത്തിൽ അളവറ്റ രീതിയിൽ ആത്മാവിന്റെ പകരൽ ഉണ്ടായി.

***"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" അപ്പൊ. പ്ര. 1:8.***

ഭൂമിയിലുള്ള സകല ജനത്തോടും അവരവരുടെ ഭാഷയിൽ വ്യക്തമായി സുവിശേഷം അറിയിക്കുവാൻ പെന്തെകൊസ്തു ദിനത്തിൽ ആത്മാവ് അപ്പൊസ്തലന്മാരെ ശക്തരാക്കി. അപ്പൊ. പ്ര. 2:3-6.

ചില വേദപഠിതാക്കാൾ പരിശുദ്ധാത്മ പകർച്ചയെ പലസ്തീനിലെ ശരത്കാലത്തെ മുൻമഴയോടും വസന്തകാലത്തെ പിൻമഴയോടും താരതമ്യം ചെയ്തിരിക്കുന്നു (യോവേൽ 2:23). പെന്തെകൊസ്തു നാളിലെ ആത്മവർഷം ശരത്കാലത്തിലെ മുൻമഴപോലെ ആയിരുന്നു. അതു വിത്തു

കൾ മുളയ്ക്കുന്നതിന് കാരണമാകുകയും ശൈശവാവസ്ഥയിലുള്ള ക്രിസ്തീയ സഭയുടെ പരിപോഷണത്തിനു വഴിതെളിക്കുകയും ചെയ്തു.

## 6. പരിശുദ്ധാത്മാവിന്റെ പിൻമഴ

പരിശുദ്ധാത്മാവ് മാരിപോലെ സഭയുടെ മേൽ ചൊരിയപ്പെട്ടു. സഭാംഗങ്ങളെ സാക്ഷികളായിത്തീരാൻ ശക്തീകരിക്കുന്ന ഒരു ദിനം വരുന്നതിനെക്കുറിച്ച് വേദപുസ്തക പ്രവചനങ്ങൾ പറയുന്നു (യോവേൽ 2:28,29). നൂറ്റാണ്ടുകൾ ഇപ്പോൾ പിന്നിട്ടു രക്ഷയുടെ ദൂത് ഭൂമണ്ഡലത്തിൽ ഭൂരിഭാഗത്തും പ്രചരിക്കപ്പെട്ടു, ധാന്യം വിളഞ്ഞു, കൊയ്ത്തിനു പാകമാകുന്നതിനുള്ള "പിൻമഴയുടെ" സമയമാണിപ്പോൾ.

ക്രിസ്തുവിന്റെ രണ്ടാംവരവിനു തൊട്ടുമുമ്പ്, ചരിത്രം അതിന്റെ സമാപ്തിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ ദൈവം എല്ലാ സത്യവിശ്വാസികളിലും തന്റെ ആത്മാവിനെ പകർന്നുകൊണ്ട് അവരെ സ്വർഗ്ഗത്തിനായി ഒരുക്കും. ആത്മാവിന്റെ "പിൻമഴയ്ക്കു"വേണ്ടി സഭയെ ഒരുക്കുന്ന "മുൻമഴ" അനുഭവിക്കുന്ന വ്യക്തിയാണോ നിങ്ങൾ? ആത്മനിറവുള്ള ഒരു ജീവിതമാണോ ഇപ്പോൾ നിങ്ങൾ നയിക്കുന്നത്? നിങ്ങൾ ആത്മാവിനാൽ ശക്തിപ്പെട്ടുകൊണ്ട് തന്റെ അപാരമായ സ്നേഹത്തിന്റെയും വേഗത്തിലുള്ള തന്റെ ആഗമനത്തിന്റെയും സന്ദേശം മറ്റുള്ളവരിൽ എത്തിക്കുവാൻ ദൈവം നിങ്ങളെ ഉപയോഗിക്കുന്നതിനായി നിങ്ങളെത്തന്നെ അനുവദിക്കുമോ?

## 7. പരിശുദ്ധാത്മാവ് പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

പെന്തെകൊസ്തു ദിനത്തിൽ "സഹോദരന്മാരേ, രക്ഷ പ്രാപിപ്പാൻ ഞങ്ങൾ എന്തു ചെയ്യേണ്ടൂ"എന്ന്, സുവിശേഷം കേട്ട് നിലവിളിച്ചവരിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു (അപ്പൊ. പ്ര.2:37)

***"പത്രൊസ് അവരോട്: മാനസാന്തരപ്പെട്ടു ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ, എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (അപ്പൊ.പ്ര.2:38) എന്നു പറഞ്ഞു.***

മാനസാന്തരം - ജീവിതത്തിലെ പാപവഴികളിൽ നിന്നെല്ലാം വിട്ടകന്നു ക്രിസ്തുവിങ്കലേക്ക് തിരിയുക - എന്നത് ആത്മാവിന്റെ ദാനം പ്രാപിക്കുന്നതിനുള്ള ഒരു വ്യവസ്ഥയാകുന്നു. ആത്മാവ് നമ്മുടെമേൽ പകരണമെങ്കിൽ ആദ്യം നാം മാനസാന്തരപ്പെടുകയും നമ്മുടെ ജീവിതം ക്രിസ്തുവിനു സമർപ്പിക്കുകയും ചെയ്യണം. കൂടാതെ പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി തന്നെ അനുഗമിക്കുവാനും അനുസരിക്കുവാനുമുള്ള സന്മനസ്സും ആവശ്യമാണെന്നു യേശു ഊന്നിപ്പറയുകയുണ്ടായി. (യോഹ. 14:15-17)

## 8.ആത്മനിറവുള്ള ജീവിതം

യേശു ഈ ലോകം വിട്ടുപോകുന്നതിനുമുമ്പ് തന്റെ ശിഷ്യന്മാരോട് ഇപ്രകാരം നിർദ്ദേശിക്കുകയുണ്ടായി:

"നിങ്ങൾ യെരൂശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം; യോഹന്നാൻ വെള്ളംകൊണ്ടു സ്നാനം കഴിപ്പിച്ചു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയും മുമ്പെ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും എന്നു കല്പിച്ചു" അപ്പൊ. പ്ര.1:4,5.

ഒരു ക്രിസ്ത്യാനി "പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവനായിരിക്കണം"എന്ന് തിരുവെഴുത്ത് വീണ്ടും വീണ്ടും ചൂണ്ടിക്കാണിക്കുന്നു. (അപ്പൊ. പ്ര. 2:4; 4:8,31; 6:3,5; 7:55; 9:17; 13:9,52; 19:6). പരിശുദ്ധാത്മാവ് ഒരു ക്രിസ്ത്യാനിയുടെ ജീവിതം പൂർണ്ണതയും മനോഹരവുമാക്കുന്നതിന്റെ കാരണം ആത്മനിറവുള്ള ഒരു ജീവിതം ക്രിസ്തുവിന്റെ മാതൃകയായി നമുക്കുവേണ്ടി നേടിത്തരുന്നതുകൊണ്ടാണ്.

ആത്മനിറവുള്ള ഒരു ക്രിസ്തീയ ജീവിതത്തെ വിശദീകരിക്കുമ്പോൾ എല്ലാ വിശ്വാസിക്കുംവേണ്ടി പൌലൊസ് ഈ പ്രാർത്ഥന നടത്തുന്നു:

"അവൻ തന്റെ മഹത്വത്തിന്റെ ധനത്തിനു ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ചു ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി... എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു. എന്നാൽ നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വമുണ്ടാകട്ടെ" എഫെസ്യർ 3:16,17,20.

തന്റെ വിശ്വസ്ത വഴികാട്ടി ബഡ്ഡി എന്ന നായയോടൊത്ത് ഫ്രാങ്ക് മോറിസ് ചെയ്തതുപോലെ നമ്മുടെ ഉള്ളിൽ പരിശുദ്ധാത്മാവ് വസിക്കുന്നതുകൊണ്ട്, മുമ്പ് നമുക്കു ചെയ്യാൻ കഴിഞ്ഞതിനേക്കാൾ അത്യധികം ചെയ്യുവാൻ കഴിയുന്നതാണ്. ജീവിതത്തിലെ പ്രശ്നങ്ങളോടു ഇഴുകിച്ചേരുന്നതിനേക്കാൾ പുതിയ ആഗ്രഹങ്ങളോടും പുതിയ കഴിവുകളോടുംകൂടെ ഉറപ്പുള്ളവരായി ജീവിതത്തിൽ നമുക്ക് മുമ്പോട്ട് നീങ്ങാവുന്നതാണ്.

പ്രാർത്ഥനയിലൂടെയും വേദപഠനത്തിലൂടെയും ആത്മനിറവിന്റെ ഈ അനുഭവം ഒരോ ദിവസവും പുതുക്കാവുന്നതാണ്. പ്രാർത്ഥന നമ്മെ ക്രിസ്തുവിനോട് ഈടാർന്ന ബന്ധം പുലർത്തുവാൻ സഹായിക്കുന്നു. വേദപഠനം നമ്മെ ദൈവത്തിങ്കൽ നിന്നും ലഭിക്കാവുന്ന ഉറവുകളിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. ദൈവത്തിനു തന്റെ വിലയേറിയ ആത്മാവിന്റെ ദാനത്തെ പകരുന്നതിന് തടസ്സമായി നമുക്കും ക്രിസ്തുവിനും മദ്ധ്യേയുള്ള ഏതു പ്രതിബന്ധങ്ങളെയും ഇവ തകർത്തുകളയുന്നു. ഇങ്ങനെയാണ് നാം നമ്മുടെ ജീവിതത്തിലെ ചീത്ത സ്വഭാവങ്ങളെയും രീതികളേയും മാറ്റി നല്ല ഗുണഗണങ്ങളിൽ വളർച്ച പ്രാപിക്കുന്നത്.

റോമർ എട്ടാം അദ്ധ്യായം ആത്മനിറവുള്ള ജീവിതത്തിന്റെ പ്രചോദിതമായ വിശദീകരണങ്ങൾ നൽകുന്നു. സാദ്ധ്യമാകുമ്പോഴെല്ലാം അതു വായിക്കുക. ക്രിസ്തീയ ജീവിതത്തിനു പിന്നിലെ ശക്തിയായി "ആത്മാവിനെ" എത്ര തവണയാണു പൌലൊസ് ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്ന് ശ്രദ്ധിക്കുക.

ആത്മനിറവുള്ള ജീവിതത്തിന്റെ വിസ്മയകരമായ കണ്ടുപിടുത്തം നിങ്ങൾ നടത്തിയോ? നിങ്ങളുടെ ജീവിതത്തിലുള്ള ആത്മാവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാകുന്നുവോ? തന്റെ ജീവദായക ശക്തി നിങ്ങൾ അനുഭവമാക്കുന്നുവോ? പ്രപഞ്ചത്തിലെ അത്യന്തം പരമായ ശക്തിയിലേക്ക് നിങ്ങളുടെ ജീവിതത്തെ തുറക്കുക.

# കണ്ടെത്തുക

ഉത്തരക്കടലാസ് 11

## എന്റെ ജീവിതത്തിലെ നിഗൂഢ ശക്തി

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക.***

1. പരിശുദ്ധാത്മാവ് വന്നത്

   ______ ഭൂമിയിൽ യേശുവിനെ പ്രതിനിധീകരിക്കുന്നതിന്, ______ ഒരു ഭൗമീക സാമ്രാജ്യം സ്ഥാപിക്കുന്നതിന്.

2. പരിശുദ്ധാത്മാവ്

   ______ ദൈവത്തിന്റെ ഒരു മാലാഖയാണ്.

   ______ ദൈവത്വത്തിലെ ഒരു വ്യക്തി ആണ്.

   ദൈവാത്മാവ്

   ______ സൃഷ്ടിപ്പിൻ സമയത്ത് ഉണ്ടായിരുന്നില്ല.

   ______ സൃഷ്ടിപ്പിൽ ഭാഗഭാക്കായിരുന്നു.

3. പരിശുദ്ധാത്മാവിന്റെ പ്രവൃത്തി എന്താണ്?

   ______ ഒരു പുതുജനന അനുഭവത്തിൽക്കൂടെ മനുഷ്യഹൃദയത്തിനു മാറ്റം വരുത്തുന്നു.

   ______ സത്യത്തിലേക്കു വഴിനടത്തുന്നു.

   ______ സ്നേഹം, ക്ഷമ, ആത്മനിയന്ത്രണം എന്നിവയുടെ ഫലങ്ങൾ നമ്മിൽ ഉളവാക്കുന്നു.

   ______ സാക്ഷീകരണത്തിനുള്ള ശക്തി നമുക്കു നല്കുന്നു.

   ______ പാപത്തെക്കുറിച്ചു നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

   ______ യേശുവുമായുള്ള നിരന്തര ബന്ധത്തിൽ നമ്മെ സൂക്ഷിക്കുന്നു.

   ______ പ്രാർത്ഥനയിൽ നമ്മെ സഹായിക്കുന്നു.

4. ആത്മദാനങ്ങൾ എന്തൊക്കെയാണ്?

   ______ സുവിശേഷകർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവർക്കുള്ള കഴിവുകൾ

   ______ സ്നേഹം, സന്തോഷം, സമാധാനം എന്നിങ്ങനെയുള്ള സ്വഭാവമഹിമകൾ.

5. ഒരു ക്രിസ്ത്യാനിക്കു ലഭിക്കുന്ന ആത്മീക ദാനങ്ങൾ എന്തൊക്കെയാണ്?

   ______ എല്ലാവിധ ആത്മീക ദാനങ്ങളും

   ______ ആവശ്യമെന്നു ആത്മാവു തീരുമാനിക്കുന്ന ദാനങ്ങൾ മാത്രം.

6. ആത്മവർഷം എപ്പോൾ ഉണ്ടാകുന്നു?

   ______ അന്ത്യകാലത്തു ക്രിസ്തുവിന്റെ വരവിനുവേണ്ടി ഒരുകൂട്ടം ജനത്തെ ഒരുക്കുന്നതിന്

   ______ അപ്പൊസ്തലിക കാലത്ത് പെന്തെകൊസ്തിൻ നാളിൽ മാത്രം.

7. ഒരു ദാനമായി നാമെങ്ങനെ പരിശുദ്ധാത്മാവിനെ പ്രാപിക്കും?

   ______ നമ്മൾ പരമാവധി നന്മ ചെയ്യുവാൻ പരിശ്രമിക്കുമ്പോൾ

   ______മാനസാന്തരപ്പെട്ടു നമ്മുടെ ജീവിതത്തെ ക്രിസ്തുവിനു സമർപ്പിച്ചു സ്നാനപ്പെടുമ്പോൾ

**ഹൃദയംഗമമായ ചോദ്യം : *പരിശുദ്ധാത്മാവിന്റെ ശക്തി നമ്മുടെ ഉള്ളിൽ പ്രവർത്തിച്ച് നമ്മെ ശക്തീകരിക്കുകയും നമ്മുടെ ജീവിതത്തെ മനോഹരവും ഫലപൂർണ്ണവും ആക്കുകയും ചെയ്യുന്നതിനാൽ നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ഫലം കാണപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ?***

# കണ്ടെത്തുക

## പഠനസഹായി 12

# എപ്പോഴും നമ്മോടൊപ്പമുള്ള ഒരു രക്ഷകൻ

**പീ**റ്റർ എന്ന ഒരു സ്കോട്ടിഷ് ബാലൻ കൂരിരുട്ടു നിറഞ്ഞ ഒരു രാത്രിയിൽ ഒരു മൈതാനത്ത് നഷ്ടപ്പെട്ടു പോയപ്പോൾ ദൈവം അവനെ "പീറ്റർ" എന്നു വിളിച്ചു. സ്വർഗ്ഗീയ ശബ്ദം അവനെ വീണ്ടും വിളിച്ചപ്പോൾ അവൻ താഴേക്കു നോക്കുകയും ഒരു കല്ലുവെട്ടുകുഴിയിൽ വീഴുന്നതിൽ നിന്നും ഒരടി അകലെ ആയിരിക്കുന്നു എന്ന് മനസ്സിലാക്കുകയും ചെയ്തു.

നമ്മെ ദൈവം പേർ ചൊല്ലി വിളിക്കുകയാണെങ്കിൽ അത് ഒരു അത്ഭുതമല്ലയോ? നമ്മുടെ ബദ്ധപ്പാടുകളെയും സ്വപ്നങ്ങളെയുമെല്ലാം അവനോടൊപ്പമിരുന്ന് അവനെ അറിയിക്കുകയാണെങ്കിൽ, അവൻ നമ്മുടെ സന്തത സഹചാരിയാണെങ്കിൽ അത് ശ്രേഷ്ഠമല്ലയോ?

### *1. യേശുവുമായുള്ള അതിരില്ലാത്ത ബന്ധം*

വിശ്വസിച്ചാലുമില്ലെങ്കിലും, യേശുക്രിസ്തു നമുക്ക് ദൃശ്യമാകത്തക്കവണ്ണം ഒരു വ്യക്തിയായി നമ്മോടൊപ്പം വാസ്തവമായി വസിച്ചിരുന്നു എങ്കിൽ അതിനേക്കാളും അധികമായി നമുക്ക് അവനോട് അടുത്തുവരുവാൻ കഴിയുമായിരുന്നു. ക്രിസ്തു ജഡത്തിൽ നമ്മുടെ പട്ടണത്തിൽ ആയിരിക്കുന്നത് തീർച്ചയായും ഒരു അത്ഭുതംതന്നെ, എന്നാൽ അവനെ ഒന്നു കാണുവാൻ വേണ്ടി തടിച്ചുകൂടുന്ന വൻ ജനക്കൂട്ടത്തെക്കുറിച്ച് ചിന്തിച്ചുനോക്കുക. നമ്മുടെ ജീവിതകാലത്ത് കർത്താവുമായി ഏതാനും നിമിഷങ്ങൾ നേരിട്ട് സമ്പർക്കം പുലർത്തുന്നതിന് നാം എന്തു ചെയ്യാനും ഒരുക്കമുള്ളവരായിരിക്കും.

നമ്മൾ ഓരോരുത്തരുമായി ഒരു വ്യക്തിഗത ബന്ധം വളർത്തുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു. അതുകാരണമാണ് ഓരോ ദിവസവും നമ്മെ അവനോട് അടുപ്പിക്കത്തക്ക ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി ഈ ഭൂമി വിട്ട് അവൻ സ്വർഗ്ഗത്തിലേക്കു പോയത്. അവൻ ഭൂമിയിൽ ആയിരുന്നപ്പോഴുണ്ടായിരുന്നതുപോലെ അവന്റെ സാന്നിദ്ധ്യം ഒരു പ്രത്യേക സ്ഥലത്തു മാത്രം പരിമിതപ്പെടുത്താത്തതുകൊണ്ട് പരിശുദ്ധാത്മാവിൽക്കൂടെ, താല്പര്യമുള്ള ഓരോരുത്തർക്കും വ്യക്തിപരമായി അവൻ സമീപസ്ഥനാണ്.

**യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നതിന് അല്പം മുമ്പ് എന്തു പ്രേരണ നൽകുന്ന വാഗ്ദത്തമാണ് അവൻ നമുക്ക് നല്കിയത്?**

**"ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്" മത്തായി 28:20.**

**നിങ്ങളോടുകൂടെ എല്ലാനാളും ആയിരിക്കുന്നതിന് സാദ്ധ്യമാകത്തക്ക എന്തു വേലയാണ് ക്രിസ്തു സ്വർഗ്ഗത്തിൽ ചെയ്യുന്നത്?**

***"ആകയാൽ <u>ദൈവപുത്രനായ യേശു</u> ആകാശത്തിൽക്കൂടി കടന്ന് പോയൊരു <u>ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്കു ഉള്ളതുകൊണ്ട്</u> നാം നമ്മുടെ സ്വീകാരം മുറുകെ പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക" എബ്രായർ 4:14–16.***

വ്യക്തിപരമായി ഒരു പ്രതിനിധി എന്ന നിലയിൽ നമുക്ക് യേശു ഉള്ളത് നോക്കുക: "സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടു." "നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കുന്നു." "ആവശ്യവേളകളിൽ നമ്മെ സഹായിക്കുന്നു." ക്രിസ്തുവായ മഹാപുരോഹിതൻ നമുക്കുള്ളതുകൊണ്ട് നാം ഒരിക്കലും അകലെയുള്ള ഒരു സ്വർഗ്ഗത്തിൽനിന്നും ഛേദിക്കപ്പെട്ടവരല്ല; ദൈവത്തിന്റെ സന്നിധിയിലേക്കു ക്രിസ്തുവിനു നമ്മെ ആനയിപ്പാൻ കഴിയും. "വിശ്വാസത്തോടുകൂടി കൃപാസനത്തോടടുത്തു വരുവാനുള്ള" ആഹ്വാനമുള്ളതുകൊണ്ട് അതിശയോക്തിയില്ല.

**എന്തു സ്ഥാനമാണ് ക്രിസ്തു സ്വർഗ്ഗത്തിൽ അലങ്കരിക്കുന്നത്?**

***"യേശുവോ പാപങ്ങൾക്കുവേണ്ടി ഏകയാഗം കഴിച്ചിട്ട് എന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നുകൊണ്ട്....." എബ്രായർ 10:12.***

ജീവിച്ചിരിക്കുന്നവനും എല്ലാം അറിയുന്നവനുമായ ക്രിസ്തുവാണ് നമ്മുടെ പ്രതിനിധിയായി സ്വർഗ്ഗസിംഹാസനത്തിൽ "ദൈവത്തിന്റെ വലത്തുഭാഗത്ത്" നമുക്കുവേണ്ടി ഉള്ളത്.

**നമ്മുടെ മഹാപുരോഹിതനാകുവാൻ യേശുവിന്റെ ജീവിതം എങ്ങനെയാണ് അവനെ ഒരുക്കിയത്?**

***"ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും ദൈവകാര്യത്തിൽ വിശ്വസ്തമഹാപുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായിത്തീരുവാൻ ആവശ്യമായിരുന്നു. താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു" എബ്രായർ 2:17,18.***

നമ്മെപ്പോലെ "പരീക്ഷിക്കപ്പെട്ടവനും" മനുഷ്യപ്രകൃതിയെ പങ്കുവെയ്ക്കുന്നവനുമായ നമ്മുടെ സഹോദരൻ നമ്മുടെ മഹാപുരോഹിതനായി പിതാവിന്റെ വലത്തുഭാ

ഗത്തുണ്ട്. നമ്മൾ എന്തിൽക്കൂടിയാണ് കടന്നുപോകുന്നതെന്ന് "നമ്മെപ്പോലെ ആക്കപ്പെട്ടവന്" അറിയാം. അവൻ വിശക്കുന്നവനും ദാഹിച്ചവനും പരീക്ഷിക്കപ്പെട്ടവനും ക്ഷീണിച്ചവനും ആയിരുന്നു. അവൻ അറിവിന്റെയും സഹതാപത്തിന്റെയും ആവശ്യകതയെ അനുഭവിച്ചവനാണ്.

എല്ലാറ്റിലുമുപരി നമ്മുടെ പാപങ്ങൾക്ക് "പരിഹാരമുണ്ടാക്കുവാൻ" വേണ്ടി യേശു മരിച്ചതുകൊണ്ട് നമ്മുടെ മഹാപുരോഹിതനാകുവാൻ അവൻ യോഗ്യതയുള്ളവനാണ്! നമ്മുടെ സ്ഥാനത്തു അവൻ മരിച്ചതിൽക്കൂടെ നമ്മുടെ പാപങ്ങൾക്ക് അവൻ മറുവില കൊടുത്തു. ഇതാണ് എക്കാലത്തും എവിടേയുമുള്ള മാനവവർഗ്ഗത്തിനു സദ്വർത്തമാനവും സുവിശേഷവും.

നമ്മുടെ സെമിനാരി ഡയറക്ടർമാരിലൊരാൾ ഒരു അനുഭവം ഇപ്രാകാരം പങ്കുവെയ്ക്കുന്നു: "ഞങ്ങളുടെ ഇളയ പുത്രിക്ക് മൂന്നു വയസ്സ് പ്രായമുണ്ടായിരുന്നപ്പോൾ അവളുടെ കൈവിരൽ ഒരു മടക്കു കസേരയിൽ കുടുങ്ങി, എല്ല് ഒടിയുകയുണ്ടായി. അവളെ ഞങ്ങൾ ഒരു ഡോക്ടറുടെ അടുത്തേക്കു കൊണ്ടുപോകുന്ന വഴിമദ്ധ്യേ അവളുടെ ഉച്ചത്തിലുള്ള കരച്ചിൽ ഞങ്ങളുടെ ഹൃദയത്തെ തകർത്തു. അഞ്ചുവയസ്സ് പ്രായമുണ്ടായിരുന്ന ഞങ്ങളുടെ മൂത്ത മകളെ ഇത് ഒരു പ്രത്യേക രീതിയിൽ സ്പർശിച്ചു. ഡോക്ടർ അവളുടെ സഹോദരിയുടെ മുറിവ് വെച്ചുകെട്ടിയതിനുശേഷം അവൾ പറഞ്ഞ വാക്കുകൾ ഞാൻ ഒരിക്കലും മറക്കുകയില്ല. "ഓ, അപ്പച്ചാ, ഇത് എന്റെ വിരലായിരുന്നുവെങ്കിൽ കൊള്ളമായിരുന്നു!" എന്ന് തേങ്ങലോടെ പറഞ്ഞു.

മനുഷ്യവർഗ്ഗം മുഴുവൻ പാപത്താൽ തകരുകയും നിത്യമരണത്തിനായി വിധിക്കപ്പെടുകയും ചെയ്തപ്പോൾ, "ഓ, പിതാവേ, ഇത് ഞാനായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു" എന്ന് യേശു പറഞ്ഞു. യേശുവിന്റെ ആഗ്രഹത്തെ പിതാവ് കാൽവരി ക്രൂശിൽ കൊടുത്തു. നമ്മൾ അനുഭവിച്ചിട്ടുള്ളതിലുമധികം കഠിന വേദന അവൻ അനുഭവിച്ചിട്ടുണ്ട്.

## 2. സുവിശേഷം പഴയനിയമത്തിൽ

യിസ്രായേൽ മക്കൾ സീനായ് മലയുടെ താഴ്വരയിൽ പാളയമിറങ്ങിയപ്പോൾ ദൈവത്തെ ആരാധിക്കാനായി ചുമന്നുകൊണ്ട് പോകാവുന്ന ഒരു സമാഗമനകൂടാരം പണിയുവാൻ ദൈവം മോശെയോടു പറഞ്ഞു. മോശെയ്ക്ക് "പർവ്വതത്തിൽവെച്ചു കാണിച്ചുകൊടുത്ത മാതൃകപ്രകാരം" ഉണ്ടാക്കേണമെന്ന് ആവശ്യപ്പെട്ടു (പുറ. 25:40). ഏകദേശം അഞ്ഞൂറ് വർഷങ്ങൾക്കുശേഷം ശലോമോൻ രാജാവ് പണിത ദൈവാലയം ഇതിന്റെ സ്ഥാനമെടുത്തു. ചുമന്നുകൊണ്ട് പോകത്തക്ക രീതിയിൽ പണിത സമാഗമനകൂടാരത്തിന്റെ കൃത്യമായ മാതൃകയിൽത്തന്നെയാണ് ദൈവാലയം പണിതത്.

**സമാഗമന കൂടാരം പണിയുവാനുള്ള നിർദ്ദേശങ്ങൾ ദൈവം മോശെയ്ക്കു കൊടുത്തപ്പോൾ ദൈവത്തിന് എന്തു പ്രത്യേക ഉദ്ദേശമാണ് ഉണ്ടായിരുന്നത്?**

*"<u>ഞാൻ അവരുടെ നടുവിൽ വസിപ്പാൻ</u> അവർ എനിക്ക് ഒരു വിശുദ്ധ മന്ദിരം ഉണ്ടാക്കേണം" പുറ.25:8.*

മനുഷ്യരും അവരുടെ സ്രഷ്ടാവും തമ്മിൽ ഒരു ദാരുണമായ വേർപാട് ഉണ്ടാകുവാൻ പാപം കാരണമായി. ദൈവത്തിന് അവരുടെ മദ്ധ്യേ വീണ്ടും എപ്രകാരം ജീവിക്കുവാൻ കഴിയുമെന്നു കാണിക്കുന്ന ദൈവീകമാർഗ്ഗമാണ് സമാഗമനകൂടാരം. പിന്നീട് നിലവിൽ വന്ന ദൈവാലയം ആരാധനയുടെയും ആത്മീയ ജീവിതത്തിന്റെയും കേന്ദ്രമായിത്തീർന്നു. ഓരോ ഉഷസ്സിലും സന്ധ്യയ്ക്കും ജനം സമാഗമന കൂടാരത്തിനു ചുറ്റും കൂടുകയും പ്രാർത്ഥനയിൽ ദൈവവുമായുള്ള ബന്ധം സ്ഥാപിക്കുകയും (ലൂക്കൊ. 1:9,10) "ഞാൻ നിനക്കു വെളിപ്പെടും" (പുറ. 30:6) എന്നുള്ള ദൈവിക വാഗ്ദത്തം പ്രാപിക്കുകയും ചെയ്തിരുന്നു.

പുതിയനിയമം പഠിപ്പിക്കുന്ന അതേ രക്ഷയിൻ സുവിശേഷം തന്നെയാണ് പഴയനിയമവും പഠിപ്പിക്കുന്നത്. കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി മരിക്കുന്നതിനെയും സ്വർഗ്ഗീയ മന്ദിരത്തിൽ മഹാപുരോഹിതനായി ശുശ്രൂഷ ചെയ്യുന്നതിനേയുമാണ് രണ്ടും ചിത്രീകരിക്കുന്നത്.

## 3. നമുക്കുവേണ്ടിയുള്ള യേശുവിന്റെ ശുശ്രൂഷ സമാഗമനകൂടാരത്തിൽ വെളിപ്പെട്ടിരിക്കുന്നു

സ്വർഗ്ഗീയ മന്ദിരത്തിൽ ഇപ്പോൾ യേശു എന്തു ചെയ്യുന്നു എന്നുള്ളതും നമ്മുടെ ഓരോരുത്തരുടെയും ദൈനംദിന ജീവിതത്തിൽ നമ്മെ പോഷിപ്പിക്കുന്നതിനും വഴിനടത്തുന്നതിനും അവൻ എന്താണ് ഈ ഭൂമിയിൽ ചെയ്യുന്നത് എന്നുള്ളതും സമാഗമനകൂടാരവും അതിന്റെ ശുശ്രൂഷകളും വെളിപ്പെടുത്തുന്നു.

സ്വർഗ്ഗീയ മന്ദിരത്തിന്റെ മാതൃകയിൽ ഭൗമിക മന്ദിരം പണിതതുകൊണ്ട് ക്രിസ്തു ഇപ്പോൾ ശുശ്രൂഷ ചെയ്യുന്ന സ്വർഗ്ഗീയ മന്ദിരത്തെ അതു പ്രതിബിംബിപ്പിക്കുന്നു. പുറപ്പാട് 25-40 വരെയുള്ള അദ്ധ്യായങ്ങളിൽ മരുഭൂമിയിലെ കൂടാരത്തിൽ നടന്ന ആഘോഷങ്ങളെയും ശുശ്രൂഷകളെയും വളരെ വിശദമായി ചിത്രീകരിക്കുന്നു. സമാഗമന കൂടാരത്തിലെ സജ്ജീകരണങ്ങളെക്കുറിച്ച് ചുരുക്കമായി പുതിയ നിയമം പറയുന്നു:

***"എന്നാൽ ആദ്യനിയമത്തിനും ആരാധനയ്ക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു. ഒരു കൂടാരം ചമെച്ചു; അതിന്റെ ആദ്യഭാഗത്ത് നിലവിളക്കും മേശയും കാഴ്ചയപ്പവും ഉണ്ടായിരുന്നു. അതിനു വിശുദ്ധ സ്ഥലം എന്നു പേർ. രണ്ടാം തിരശ്ശീലയ്ക്കു പിന്നിലോ അതിവിശുദ്ധം എന്ന കൂടാരം ഉണ്ടായിരുന്നു. അതിൽ പൊന്നുകൊണ്ടുള്ള ധൂപകലശവും മുഴുവനും പൊന്നുപൊതിഞ്ഞ നിയമ പെട്ടകവും അതിനകത്ത് മന്ന ഇട്ടു വെച്ച പൊൻ പാത്രവും അഹരോന്റെ തളിർത്ത വടിയും നിയമത്തിന്റെ കല്പലകകളും (ആ. വ. 10:1-5) അതിനുമീതെ കൃപാസനത്തെ മൂടുന്ന തേജസ്സിന്റെ കെരൂബുകളും ഉണ്ടാ***

*യിരുന്നു.” എബ്രായർ 9:1-5.*

സമാഗമന കൂടാരത്തിന് വിശുദ്ധ സ്ഥലമെന്നും അതിപരിശുദ്ധ സ്ഥലമെന്നുമുള്ള രണ്ടു ഭാഗങ്ങളുണ്ടായിരുന്നു. കൂടാരത്തിന്റെ മുൻഭാഗത്തായി പ്രാകാരമുണ്ടായിരുന്നു. പ്രാകാരത്തിൽ പുരോഹിതൻ യാഗം കഴിക്കുന്ന താമ്രം കൊണ്ടുള്ള ഹോമയാഗപീഠവും അവർ കഴുകുന്ന തൊട്ടിയും ഉണ്ടായിരുന്നു.

കാൽവരി ക്രൂശിലെ മരണത്തിൽക്കൂടെ യാഗമായിത്തീർന്നവനും ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടുമായ യേശുവിനെയാണ് ഹോമയാഗപീഠത്തിൽ നടന്നിരുന്ന യാഗം സൂചിപ്പിച്ചത് (യോഹന്നാൻ 1:29).

അനുതപിച്ച പാപി തന്റെ യാഗ വസ്തുവുമായി യാഗപീഠത്തിനരികെ വന്ന് പാപം ഏറ്റുപറയുമ്പോൾ അവൻ പാപക്ഷമയും ശുദ്ധീകരണവും പ്രാപിക്കുന്നു. അതേ രീതിയിൽ യേശുവിന്റെ രക്തത്തിൽക്കൂടെ പാപി ഇന്ന്പാപക്ഷമയും ശുദ്ധീകരണവും പ്രാപിക്കുന്നു. (1 യോഹന്നാൻ 1:9).

ആദ്യ ഭാഗത്ത് അഥവാ വിശുദ്ധ സ്ഥലത്ത് എപ്പോഴും എരിഞ്ഞുകൊണ്ടിരുന്ന ഏഴു ശാഖകളുള്ള പൊൻവിളക്ക് ഒരിക്കലും അണഞ്ഞുപോകാത്ത “ലോകത്തിന്റെ വെളിച്ചമായ” യേശുവിനെ സൂചിപ്പിക്കുന്നു (യോഹന്നാൻ 8:12). മേശയിൽ വെച്ചിരുന്ന കാഴ്ചയപ്പം എപ്പോഴും നമ്മോടു കൂടെയുള്ളതും നമുക്ക് തൃപ്തിവരുത്തുന്നതും നമ്മുടെ ശാരീരികവും ആത്മീയവുമായ വിശപ്പടക്കുന്നതുമായ “ജീവന്റെ അപ്പ”മെന്ന ക്രിസ്തുവിനെ സൂചിപ്പിക്കുന്നു (യോഹന്നാൻ 6:35). നമുക്കുവേണ്ടിയുള്ള യേശുക്രിസ്തുവിന്റെ പ്രാർത്ഥനാശുശ്രൂഷയെയാണ് ധൂപപീഠം സൂചിപ്പിച്ചത്. (വെളി. 8:3-4).

രണ്ടാമത്തെ ഭാഗത്ത് അഥവാ അതിപരിശുദ്ധസ്ഥലത്ത്, തങ്കം കൊണ്ടു പൊതിഞ്ഞ സാക്ഷ്യപെട്ടകം ഉണ്ടായിരുന്നു. ഇത് ദൈവത്തിന്റെ സിംഹാസനത്തെ സൂചിപ്പിച്ചു. ദൈവത്തിന്റെ സന്മാർഗ്ഗീക ന്യായപ്രമാണത്തിന്റെ ലംഘനം മൂലം പാപികളായിത്തീർന്ന മനുഷ്യർക്കുവേണ്ടി പക്ഷവാദം ചെയ്യുന്ന മഹാപുരോഹിതനായ ക്രിസ്തുവിന്റെ മദ്ധ്യസ്ഥതയെയാണ് കൃപാസനം സൂചിപ്പിച്ചത്. ദൈവം തന്റെ പത്തു കല്പനകൾ എഴുതിയ രണ്ടു കല്പലകകൾ കൃപാസനത്തിന്റെ കീഴെ വെച്ചിരുന്നു. സാക്ഷ്യപ്പെട്ടകത്തിന്റെ രണ്ടറ്റത്തും പൊന്നുകൊണ്ടു രണ്ടു കെരൂബുകളെ ഉണ്ടാക്കി വെച്ചിരുന്നു. കെരൂബുകൾ മേലോട്ട് ചിറകുവിടർത്തി, ചിറകുകൊണ്ട് കൃപാസന്നത്തെ മൂടുകയും തമ്മിൽ അഭിമുഖമായിരിക്കുകയും ചെയ്യത്തക്ക രീതിയിൽ വെച്ചിരുന്നു. കെരൂബുകളുടെ മുഖം കൃപാസന്നത്തിനു നേരെ ഇരുന്നു. ഈ രണ്ടു കെരൂബുകളുടെയും ഇടയ്ക്കുള്ള തേജസ്സ് ദൈവീകസാന്നിദ്ധ്യത്തെ സൂചിപ്പിച്ചിരുന്നു.

ജനത്തിനുവേണ്ടി പുരോഹിതൻ പ്രാകാരത്തിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുമ്പോൾ വിശുദ്ധസ്ഥലം ദൃശ്യമാകാതിരിക്കാൻ വേണ്ടി വിശുദ്ധസ്ഥലത്തെ ഒരു തിരശ്ശീലകൊണ്ട് മറച്ചിരുന്നു. പുരോഹിതൻ വിശുദ്ധ സ്ഥലത്തു കടക്കുമ്പോൾ അതി പരിശുദ്ധ സ്ഥലം ദൃശ്യമാകാതിരിക്കാൻ വേറൊരു തിരശ്ശീലകൊണ്ട് അതിനെയും മറച്ചിരുന്നു.

**യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ തിരശ്ശീലയ്ക്കു എന്തു സംഭവിച്ചു?**

***“അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി” മത്തായി. 27:51.***

യേശു മരിച്ചപ്പോൾ അതിപരിശുദ്ധ സ്ഥലം തുറക്കപ്പെട്ടു. യേശുവിന്റെ മരണത്തിനുശേഷം ഒരു യഥാർത്ഥ വിശ്വാസിക്കും പരിശുദ്ധനായ ദൈവത്തിനും തമ്മിൽ ഒരു തിരശ്ശീലയും വരുവാൻ പറ്റുകയില്ല; മഹാപുരോഹിതനായ ക്രിസ്തു നമ്മെ ദൈവസന്നിധിയിലേക്ക് ആനയിക്കുന്നു. (എബ്രാ. 10:19-22). യേശു നമ്മുടെ മഹാപുരോഹിതനായി പിതാവിന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് സ്വർഗ്ഗീയ സിംഹാസനത്തിലേക്ക് നമുക്കും അടുപ്പമുണ്ട്. നമ്മൾ ദൈവത്തിന്റെ സന്നിധിയിലേക്ക്, പിതാവിന്റെ സ്നേഹ നിർഭരമായ ഹൃദയത്തിലേക്ക് അടുത്തുവരുവാൻ യേശു നമ്മെ പ്രാപ്തരാക്കുന്നു. അതുകൊണ്ട് “നമുക്ക് അടുത്തുവരാം.”

## *4. നമ്മെ രക്ഷിക്കുവാൻ ക്രിസ്തു മരിക്കുന്നതിന്റെ ഒരു വെളിപ്പാട്*

യേശു ഇപ്പോൾ നമുക്കുവേണ്ടി ശുശ്രൂഷ ചെയ്യുന്ന സ്വർഗ്ഗീയ മന്ദിരത്തിന്റെ ഒരു ഹ്രസ്വ രൂപമായി ഭൗമിക കൂടാരം നിലനിന്നതുപോലെ, സ്വർഗ്ഗത്തിൽ ഉള്ളതിന്റെ ഒരു പകർപ്പും നിഴലുമായിരുന്നു ഭൗമിക കൂടാരത്തിൽ നടന്നിരുന്ന ശുശ്രൂഷ. (എബ്രാ.8:5). എന്നാൽ അതിൽ ഒരു വലിയ വ്യത്യാസമുണ്ട്; ഭൗമിക കൂടാരത്തിൽ ശുശ്രൂഷ ചെയ്തിരുന്ന പുരോഹിതന്മാർക്ക് പാപത്തെ ക്ഷമിച്ചുകൊടുക്കുവാൻ കഴിഞ്ഞിരുന്നില്ല. “എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്ത യാഗംകൊണ്ട് പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി” എബ്രാ. 9:26.

സമാഗമന കൂടാരത്തിൽ നടന്നിരുന്ന ശുശ്രൂഷകളെപ്പറ്റി പഴയനിയമത്തിൽ ലേവ്യപുസ്തകം വിശദമായി പ്രതിപാദിക്കുന്നു. ആചാരാനുഷ്ഠാനങ്ങളെ ദിവസവുമുള്ള ശുശ്രൂഷകളെന്നും വാർഷിക ശുശ്രൂഷകളെന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. (13-ാമത്തെ പാഠം വാർഷിക ശുശ്രൂഷകളെക്കുറിച്ചുള്ളതാണ്).

ദിവസവുമുള്ള ശുശ്രൂഷകളിൽ പുരോഹിതൻതനിക്കും ജനത്തിനുംവേണ്ടി യാഗം കഴിച്ചിരുന്നു. ഒരു വ്യക്തി പാപം ചെയ്യുമ്പോൾ അവൻ ഊനമില്ലാത്ത ഒരു മൃഗത്തെ പാപയാഗമായി കൊണ്ടുവരികയും അതിന്റെ തലയിൽ അവൻ കൈവച്ചിട്ട് ഹോമയാഗത്തിന്റെസ്ഥലത്തുവച്ച് പാപയാഗമൃഗത്തെ അറുക്കുകയുംചെയ്യുന്നു (ലേവ്യ. 4:29). പാപം ഏറ്റുപറയുന്നതിൽ ക്കൂടെയും കൈവയ്ക്കുന്നതിൽക്കൂടെയും പാപിയുടെ കുറ്റം കുറ്റമില്ലാത്ത മൃഗത്തിലേക്ക് മാറ്റപ്പെടുന്നു. കാൽവരിയിൽവെച്ച് ക്രിസ്തു നമ്മുടെ പാപങ്ങളെതന്റെമേൽ വഹിച്ചതിനെയാണ് ഇത് സൂചി

പ്പിച്ചിരുന്നത്; പാപരഹിതൻ നമുക്കുവേണ്ടി പാപമായി ത്തീർന്നു. (2 കൊരി. 5:21). ക്രിസ്തു ക്രൂശിൽ സഹിച്ച കഷ്ടം എന്ന പരമോന്നത പ്രായശ്ചിത്തത്തെ ഇത് സൂചി പ്പിച്ചിരിക്കുന്നതുകൊണ്ട് ഈ യാഗമൃഗത്തെ കൊല്ലുകയും രക്തം ചൊരിയുകയും ചെയ്യണമായിരുന്നു.

### *5. രക്തം എന്തുകൊണ്ട്?*

''രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല'' (എബ്രാ. 9:22). പഴയനിയമത്തിലെ സമാഗമനകൂടാര ത്തിൽ സംഭവിച്ചിരുന്നവയെല്ലാം ക്രിസ്തുവിന്റെ രക്ഷണ്യ വേലയിലേക്കു വിരൽ ചൂണ്ടുകയായിരുന്നു. അവൻ നമ്മുടെ പാപങ്ങൾക്കായി മരിച്ചുകൊണ്ട് "ഒരിക്കലായിട്ട് വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളോരു വീണ്ടെടുപ്പ് സാധിപ്പിച്ചു." (വാക്യം 12). നമ്മുടെ പാപ ങ്ങൾക്കായി ക്രൂശിൽ യേശുവിന്റെ രക്തം ചൊരിഞ്ഞ പ്പോൾ "മന്ദിരത്തിലെ (യെരുശലേം ദൈവാലയത്തിലെ) തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോ യി" (മത്തായി 27:51). യേശുവിന്റെ ക്രൂശിലെ യാഗം കാരണം മൃഗയാഗങ്ങൾ പിന്നീട് ആവശ്യമില്ലതായി.

ക്രൂശിൽ കിടന്നുകൊണ്ട് യേശു രക്തം ചിന്തിയ പ്പോൾ, നമ്മുടെ പരാജയങ്ങൾക്കു പകരമായി അവൻ തന്റെ പരിപൂർണ്ണ അനുസരണം അർപ്പിക്കുകയായിരുന്നു. പിതാവും പുത്രനും കാൽവരിയിൽ അകന്നു മാറിയപ്പോൾ പിതാവ് തന്റെ തീവ്രവ്യഥയിൽ മുഖം മറയ്ക്കുകയും പുത്രൻ ഹൃദയം നുറുങ്ങി മരിക്കുകയും ചെയ്തു. പാപ ത്തിന്റെ അനന്തരഫലം പൂർണ്ണമായി തന്റെമേൽ വഹി ക്കുന്നതിനും തെറ്റുചെയ്യുക എന്നത് എത്ര പരിതാപകര മായ ഒന്നാണ് എന്നു പ്രകടനമാക്കുന്നതിനുമായി ദൈവ പുത്രൻ ചരിത്രത്തിലേക്കു കടന്നു. പാപത്തെ നിസ്സാര മാക്കാതെ പാപികളോട് ക്ഷമിച്ചുകൊടുക്കുവാൻ കഴി ഞ്ഞു. ''അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ട് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി"(കൊലൊ.1:20).

## *6.നമ്മെ രക്ഷിക്കുവാൻവേണ്ടി ജീവി ക്കുന്ന യേശുവിന്റെ ഒരു വെളിപ്പാട്*

സ്വർഗ്ഗീയ മന്ദിരത്തിലെ യേശുവിന്റെ ദിവസവുമുള്ള വേല എന്താണ്?

***''അതുകൊണ്ട് താൻ മുഖാന്തരമായി ദൈവ ത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ സദാ ജീവിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു" എബ്രാ. 7:25.***

യേശു ഇപ്പോൾ ജീവിക്കുന്നത് അവന്റെ രക്ത ത്തെയും യാഗത്തെയും നമുക്കു പരിചയപ്പെടുത്തുന്നതി നുവേണ്ടിയാണ്. പാപത്തിന്റെ ദുരന്തത്തിൽ നിന്നും ഓരോ വ്യക്തിയെയും രക്ഷിക്കുന്നതിന് യേശു ശുഷ്കാ ന്തിയോടെ ഇന്ന് പ്രവർത്തിക്കുന്നു. നമുക്കുവേണ്ടി യേശു സ്വർഗ്ഗത്തിൽ പക്ഷവാദം ചെയ്യുന്നു എന്നുവച്ചാൽ, നമ്മോടു ക്ഷമിക്കുവാൻ ദൈവം വൈമനസ്യമുള്ളവനാ യതുകൊണ്ട് അവൻ ദൈവത്തോടു യാചിക്കുകയാണ് എന്ന് തെറ്റിദ്ധരിക്കുന്നവരുമുണ്ട്. വാസ്തവത്തിൽ നമു ക്കുവേണ്ടിയുള്ള അവന്റെ പുത്രന്റെ യാഗത്തെ സന്തോ ഷത്തോടുകൂടെ സ്വീകരിക്കുന്നവനാണ് ദൈവം.

നമ്മുടെ മഹാപുരോഹിതൻ എന്ന നിലയിൽ ക്രിസ്തു നമുക്കുവേണ്ടി അപേക്ഷിക്കുകയുംകൂടെ ചെയ്യു ന്നു. ഉദാസീനർ കൃപയെ ഒന്നുകൂടെ നോക്കുവാൻ സഹാ യിക്കപ്പെടുന്നതിനും ആശ വെടിഞ്ഞ പാപികൾ സുവി ശേഷത്തിൽ പ്രത്യാശവെയ്ക്കുന്നതിനും വിശ്വാസികൾ ദൈവവചനത്തിൽ കൂടുതൽ സമ്പന്നരാകുന്നതിനും പ്രാർത്ഥനയിൽ കൂടുതൽ ശക്തി പ്രാപിക്കുന്നതിനും വേണ്ടി യേശു പ്രവർത്തിക്കുന്നു. ദൈവികകല്പനകൾ അനുസരിച്ച് നമ്മുടെ ജീവിതത്തെ യേശു രൂപപ്പെടുത്തു കയും കഷ്ടകാലങ്ങളിൽ നമ്മൾ ഉറച്ചു നിൽക്കുവാൻ മതിയായ രീതിയിൽ സ്വഭാവത്തെ വളർത്തുന്നതിന് അവൻ സഹായിക്കുകയും ചെയ്യുന്നു.

ഈ ഭൂമിയിൽ ജീവിച്ചതും ജീവിക്കുന്നതുമായ ഓരോ വ്യക്തിക്കും വേണ്ടിയാണ് ക്രിസ്തു മരിച്ചത്. മഹാപുരോ ഹിതനും മദ്ധ്യസ്ഥനും എന്ന നിലയിൽ മനുഷ്യരെ, അവ രുടെ പാപങ്ങൾക്കുവേണ്ടിയുള്ള തന്റെ മരണത്തെ അംഗീകരിക്കുവാൻ നയിക്കുന്നതിനുവേണ്ടി അവൻ ജീവി ക്കുന്നു. വീഴ്ചഭവിച്ച മുഴുലോകത്തെയും അവൻ ക്രൂശിൽ തന്നോട് നിരപ്പിച്ചു എങ്കിലും നമ്മൾ അവന്റെ കൃപയെ സ്വീകരിക്കാത്തിടത്തോളം അവന് നമ്മെ രക്ഷി പ്പാൻ കഴിയുകയില്ല. മനുഷ്യർ പാപികളായതുകൊണ്ട് അവർ നഷ്ടപ്പെട്ടുപോകയില്ല. എന്നാൽ യേശു നല്കുന്ന സൗജന്യ രക്ഷയെ സ്വീകരിക്കാതിരിക്കുന്നതുകൊണ്ടാണ് അവർ നഷ്ടപ്പെടുന്നത്.

ദൈവത്തോടൊത്ത് ആദാമും ഹവ്വയും ഒരിക്കൽ അനുഭവിച്ചിരുന്ന ഈടാർന്ന ബന്ധത്തെ പാപം നശിപ്പി ച്ചു. എന്നാൽ യേശു ദൈവത്തിന്റെ കുഞ്ഞാട് എന്ന നില യിൽ , മനുഷ്യവർഗ്ഗത്തെ മുഴുവനും പാപത്തിൽ നിന്നും സ്വതന്ത്രരാക്കുവാനും നഷ്ടപ്പെട്ട ഈ ബന്ധം വീണ്ടെ ടുക്കുന്നതിനുംവേണ്ടി മരിച്ചു. ഈ ബന്ധം ഈടാർന്നതും മുഴങ്ങുന്നതും ആകുന്നതിന് എന്നും ജീവിക്കുന്നവനായ നിങ്ങളുടെ ശ്രേഷ്ഠ മഹപുരോഹിതനെ നിങ്ങൾ കണ്ടെ ത്തിയിട്ടുണ്ടോ?

യേശുവിന്റെ യാഗമരണം തികച്ചും അതുല്യമാണ്. ഒന്നിനോടും ഉപമിക്കുവാൻ കഴിയാത്തതാണ് അവന്റെ സ്വർഗ്ഗീയശുശ്രൂഷ. ക്രിസ്തു മാത്രമാണ് ദൈവത്തെ നമ്മുടെ അരികിൽ കൊണ്ടുവന്നത്. ദിവ്യാത്മാവ് നമ്മുടെ ഹൃദയത്തിൽ യഥാർത്ഥമായി വസിക്കുവാൻ സാദ്ധ്യമാ ക്കുന്നത് ക്രിസ്തു മാത്രമാണ്. നമ്മെ തികവുള്ളവരാക്കു ന്നതിന് അവൻ തന്നെത്താൻ ഏതുമല്ലാത്തവനായി. നമ്മിൽനിന്നു അതിനു തുല്യമായ ഒരു സമർപ്പണം അവൻ അർഹിക്കുന്നു. അവനെ പൂർണ്ണമായും നമ്മുടെ രക്ഷകനും യജമാനനുമായി നമുക്ക് സ്വീകരിക്കാം.

# കണ്ടെത്തുക

## ഉത്തരക്കടലാസ് 12

## എപ്പോഴും നമ്മോടൊപ്പമുള്ള ഒരു രക്ഷകൻ

***ശരിയായ ഉത്തരത്തിനു നേരെ X എന്ന് അടയാളമിടുക.***

1. _____ യേശു ഭൂമിയിൽ വസിച്ചിരുന്നു എങ്കിൽ ഉള്ളതിനേക്കാളും അധികമായി പരിശുദ്ധാത്മാവിൽക്കൂടെ നമുക്ക് അവനോട് അടുത്തുവരുവാൻ കഴിയും.

_____ താല്പര്യമുള്ള ഓരോരുത്തർക്കും വ്യക്തിപരമായി അവൻ സമീപസ്ഥനാണ്.

_____ യേശു നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് നമ്മുടെ പ്രതിനിധിയായി നിൽക്കുന്നു.

_____ ഒരു മനുഷ്യനെപ്പോലെ അവൻ പരീക്ഷിക്കപ്പെട്ടതുകൊണ്ട് നമ്മെ സഹായിപ്പാൻ അവൻ പ്രാപ്തനാണ്.

_____ തിരഞ്ഞെടുക്കപ്പെട്ട ഒരു ചെറു കൂട്ടത്തിനുവേണ്ടിയാണ് യേശു മരിച്ചത്.

2. _____ ദൈവം യിസ്രായേൽ ജനത്തെ സന്ധിച്ച സ്ഥലമായിരുന്നു പഴയനിയമത്തിലെ സമാഗമനകൂടാരം.

_____ പഴയനിയകൂടാരത്തിന് ആരാധനയുമായി വളരെ കുറച്ചു ബന്ധം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

_____ പുതിയ നിയമം പഠിപ്പിക്കുന്ന അതേ സുവിശേഷം തന്നെയാണ് പഴയനിയമ സമാഗമന കൂടാരവും പഠിപ്പിച്ചത്.

3. _____ സമാഗമനകൂടാരത്തിൽ നടന്നിരുന്ന ശുശ്രൂഷ നമ്മുടെ പാപങ്ങൾക്കു വേണ്ടിയുള്ള അവന്റെ മരണത്തെയും നമ്മുടെ മഹാപുരോഹിതനെന്നുള്ള നിലയിൽ അവന്റെ ശുശ്രൂഷയെയും പഠിപ്പിക്കുന്നു.

_____ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സമാഗമനകൂടാരശുശ്രൂഷയ്ക്ക് ഒരർത്ഥവും ഇല്ല.

4. _____ സമാഗമനകൂടാരത്തിൽ നടന്നിരുന്ന ശുശ്രൂഷ ക്രൂശിനെ ചൂണ്ടികാണിക്കുന്നു.

_____ യിസ്രായേൽ ജനത്തിന് അവരുടെ പാപങ്ങൾക്ക് ക്ഷമ കണ്ടെത്തുവാൻ സമാഗമനകൂടാരം ഒരു മാർഗ്ഗവുമുണ്ടാക്കിയിരുന്നില്ല.

_____ സ്വർഗ്ഗീയ മന്ദിരത്തിന്റെ മാതൃകപ്രകാരമായിരുന്നു യിസ്രായേലിന്റെ കൂടാരം പണിതിരുന്നത്.

5, 6. _____ ക്രിസ്തുവിന്റെ കാലം മുതൽ യെരൂശലേം ദൈവാലയത്തിൽ ഇന്നും തിരശ്ശീലയുണ്ട്.

_____ നമുക്കുവേണ്ടി ക്രിസ്തു ഇന്നു ചെയ്യുന്ന വേലയെയാണ് ദൈവാലയത്തിൽ പുരോഹിതൻ ചെയ്ത വേല സൂചിപ്പിച്ചത്.

_____ ഒരു മഹാപുരോഹിതൻ എന്ന നിലയിൽ യേശു തന്റെ രക്തത്താൽ നമ്മുടെ പാപത്തിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

**ഹൃദയംഗമമായ ചോദ്യം : *ദൈവത്തിന്റെ കുഞ്ഞാട് എന്ന നിലയിൽ യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു; നമ്മുടെ മഹാപുരോഹിതനെന്ന നിലയിൽ നമ്മെ ദൈവവുമായുള്ള ഒരു ഊടാർന്ന ബന്ധത്തിലേക്കു ആനയിക്കുന്നു. യേശുക്രിസ്തു ചെയ്തതും ഇന്നു നമുക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നതും കാരണം, യേശുവിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു?* _____**

# കണ്ടെത്തുക



## കുറ്റബോധമുള്ള പാപിയിൽനിന്നും ക്ഷമ ലഭിച്ച വിശുദ്ധനിലേക്ക്

**വി**രലടയാളങ്ങളൊന്നും കാണാനുണ്ടായിരുന്നില്ല. ഒരു ആയുധവും കണ്ടെത്തിയില്ല. ഡോക്ടറുടെ മുറിയിൽ കൊലയാളി കടന്നുവന്നത് ആരും കണ്ടില്ല. വെടിയുടെ ശബ്ദവും ആരും കേട്ടില്ല. തന്റെ മേശയുടെ പിന്നിൽ ഡോക്ടർ കൈകാലുകൾ നിവർത്തി കിടക്കുന്നതാണ് കണ്ടത്. അഞ്ചു വെടിയുണ്ടകൾ തന്റെ കുപ്പായം തുളച്ചു പോയിരുന്നു.

ശരിക്കും ഒരു കുറ്റകൃത്യം തന്നെയായിരുന്നു അത്. ആരംഭത്തിൽ പോലീസിന് ഒരു വിവരവും ലഭിച്ചില്ല. അവസാനം ഡോക്ടറുടെ മേശമേൽ ഒരു ചെറിയ കമ്പി ഒരു പെൻസിൽ ഹോൾഡറിനോടു ബന്ധിപ്പിച്ചിരിക്കുന്നത് അവർ കണ്ടു. അത് മേശവലിപ്പിനുള്ളിലെ ഒരു ടേപ് റിക്കാർഡറിനോടു ചേർത്തിരുന്നു. ഡോക്ടർ തന്റെ രോഗികളോടു സംസാരിക്കുന്ന വാക്കുകൾ റിക്കാർഡ് ചെയ്യുന്നതിനുള്ള മൈക്രോഫോൺ ആയിരുന്നു പെൻസിൽ ഹോൾഡറിനുള്ളിൽ ഉണ്ടായിരുന്നത്.

കേസ് പരിശോധകർ ആ ടേപ് പരിശോധിച്ചപ്പോൾ കുറ്റകൃത്യത്തിന്റെ സത്യാവസ്ഥ മനസ്സിലായിത്തുടങ്ങി. ആന്റണി എന്നു പേരുള്ള ഒരാൾ ഡോക്ടറുടെ മുറിയിൽ കടന്ന് രൂക്ഷമായ വാദപ്രതിവാദം തുടങ്ങി. പിന്നീട് വെടിയുണ്ടകൾ ഉതിർത്തു. പരവതാനിയിൽ വീണു പുളയുന്ന ഡോക്ടറുടെ ദീനരോദനത്തോടെ ആ ടേപ് അവസാനിച്ചു.

ഇതിന്റെ ഭയാനകമായ സകല വിശദീകരണങ്ങളും രേഖപ്പെടുത്തിക്കഴിഞ്ഞിരുന്നു. തന്റെ ഹീനകൃത്യം എന്നെന്നേക്കും രഹസ്യമായിരിക്കുമെന്നു കൊലയാളി ചിന്തിച്ചിരിക്കാം. തെളിവുകൾ നശിപ്പിക്കുന്നതിലും അവൻ ശ്രദ്ധാലു ആയിരുന്നു. പക്ഷെ കഥ മുഴുവൻ ആ ടേപ് പറഞ്ഞു കേൾപിച്ചു.

“പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്നു ഒത്തവണ്ണം..... അവരവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി” ഉണ്ടായതിനെക്കുറിച്ചു ഈ പാഠം വിശദീകരിക്കുന്നു. വെളിപ്പാട് 20:12. ക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിക്കാത്തവർക്കു അതു ദുഃഖവാർത്തയാണ്. എന്നാൽ ക്രിസ്തുവിൽ സുരക്ഷിതത്വം കണ്ടെത്തിയവർക്കു അതു അതിശയകരമാംവിധം സുവാർത്ത തന്നെയായിരിക്കും.

### *1. ഭയരഹിതമായി നിങ്ങൾ ന്യായവിധിയെ നേരിടുന്നതെങ്ങനെ? ലോകത്തെ വിധിക്കുന്നത് ആരാണ്?*

***“പിതാവു ആരെയും ന്യായം വിധിക്കാതെ ന്യായവിധി എല്ലാം പുത്രനു കൊടുത്തിരിക്കുന്നു.” യോഹന്നാൻ 5:22.***

***“വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം....... തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതികരിക്കുന്നവനും ആകേണ്ടതിനു ഇക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ അങ്ങനെ ചെയ്തത്.” റോമർ 3:25,26.***

അനുതപിക്കുന്ന പാപിയെ നീതീകരിക്കുന്ന കൃപാലുവായ ന്യായാധിപതി ആകത്തക്കവിധം മനുഷ്യൻ മരിക്കേണ്ട മരണം ക്രിസ്തു തന്റെമേൽ എടുത്തു. “നിഷ്പക്ഷവാനായ ഒരു ന്യായാധിപതി ഒരു കുറ്റവാളിയെ എങ്ങനെ കുറ്റവിമുക്തനെന്നു പ്രഖ്യാപിക്കും” എന്നുള്ള ചോദ്യം ഭൂമിയെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന സകല ലോകങ്ങളും ചോദിക്കുന്നു. തന്റെ കരങ്ങളിലെ ആണിപ്പാടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അതിനുത്തരം കൊടുപ്പാൻ ക്രിസ്തുവിനു സാധിക്കും. നമ്മുടെ പാപങ്ങൾക്കുള്ള തക്കതായ ശിക്ഷ തന്റെ ശരീരത്തിൽത്തന്നെ അവനു ലഭിച്ചു കഴിഞ്ഞു.

ഓരോ വ്യക്തിജീവിതത്തിന്റെയും കൃത്യമായ രേഖ സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതു ന്യായവിധിയിൽ ഹാജരാക്കും. (വെളിപ്പാട് 20:12). തങ്ങളുടെ രഹസ്യപാപങ്ങളും ഹീനകൃത്യങ്ങളും ഒരു കാലവും പുറത്തുവരികയില്ലെന്നു ചിന്തിക്കുന്നവർക്കു ഇതൊരു ദുഃഖവാർത്തയായിരിക്കും. എന്നാൽ സ്വർഗ്ഗത്തിൽ തങ്ങളുടെ മദ്ധ്യസ്ഥനായി ക്രിസ്തുവിനെ സ്വീകരിച്ചിരിക്കുന്നവർക്കു അതിശയകരമായ സുവാർത്തയാണുള്ളത്. “യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.” 1 യോഹന്നാൻ 1:7.

നമ്മുടെ പാപജീവിതത്തിനുപകരം യേശു നമുക്കു എന്തു തരുന്നു?

***“പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി.” 2 കൊരി. 5:21.***

നമ്മുടെ പാപജീവിതത്തിന്റെ സ്ഥാനത്തു ക്രിസ്തുവിന്റെ സമ്പൂർണ്ണ നീതിയുള്ള ജീവിതം ലഭിക്കുന്നു. യേശുവിന്റെ പാപരഹിതജീവിതവും മരണവുംകൊണ്ടു നമുക്കു പാപക്ഷമ തരുവാനും ഒരിക്കലും പാപം ചെയ്യാത്തവരായി നമ്മെ കണക്കാക്കുവാനും ദൈവത്തിനു സാധിക്കുന്നു.

നമ്മുടെ മദ്ധ്യസ്ഥനായിത്തീരുവാനുള്ള യേശുവിന്റെ യോഗ്യത എന്താണ്?

### *2. കൃത്യസമയത്തു യേശു വന്നു*

സ്നാനസമയത്തു യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി.

***“യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽനിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നതു അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ***

***പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദവും ഉണ്ടായി." മത്തായി. 3:16,17.***

സ്നാനസമയം യേശു പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടുകഴിഞ്ഞശേഷം ശിഷ്യന്മാർ ഇപ്രകാരം പ്രസ്താവിച്ചു:

***"ഞങ്ങൾ മശീഹയെ എന്നുവെച്ചാൽ ക്രിസ്തുവെ കണ്ടെത്തിയിരിക്കുന്നു." യോഹന്നാൻ 1:41.***

എബ്രായ വാക്കായ മശീഹയും ഗ്രീക്കുവാക്കായ ക്രിസ്തുവും അർത്ഥമാക്കുന്നതു അഭിഷിക്തനായവൻ എന്നാകുന്നുവെന്നു ശിഷ്യന്മാർക്കു അറിയാമായിരുന്നു.

തിബെര്യൊസ് കൈസരുടെ പതിനഞ്ചാം ആണ്ടിലാണ് മശീഹ ആയി യേശു അഭിഷിക്തനായതെന്നു ഒരു ശിഷ്യനായ ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കൊസ് 3:1). അത് എ. ഡി. 27-ൽ ആയിരുന്നു.

എ. ഡി. 27-ൽത്തന്നെ അവൻ അഭിഷിക്തനാകുമെന്നു യേശു വരുന്നതിനു 500 വർഷം മുമ്പ് ദാനീയേൽ പ്രവാചകൻ പ്രവചിച്ചിരുന്നു.

"യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുന്നതു മുതൽ അഭിഷിക്തനായോരു പ്രഭുവരെ ഏഴു ആഴ്ച വട്ടവും അറുപത്തി രണ്ടു ആഴ്ചവട്ടവും" ദാനീയേൽ 9:25.

ഏഴു ആഴ്ചവട്ടവും അറുപത്തിരണ്ടു ആഴ്ചവട്ടവും കൂടെ ആകെ അറുപത്തി ഒൻപത് ആഴ്ചവട്ടം, അല്ലെങ്കിൽ 483 ദിവസം (69x7=483 ദിവസം). തിരുവെഴുത്തിൻ പ്രകാരം അക്ഷരീക പ്രവചനങ്ങൾക്കു ഒരു ദിവസം ഒരു വർഷമാണ് (യെഹെസ്ക്കേൽ 4:6; സംഖ്യാ. 14:34). അപ്രകാരം 483 ദിവസം 483 വർഷം ആകുന്നു. യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാനുള്ള ഒരു കല്പന പുറപ്പെടുമെന്നും അതിനുശേഷം കൃത്യമായി 483 വർഷം കഴിയുമ്പോൾ മശീഹ പ്രത്യക്ഷനാകുമെന്നും ദാനീയേൽ പ്രവചിച്ചു.

നിശ്ചയിക്കപ്പെട്ട കാലത്തുതന്നെ യേശു പ്രത്യക്ഷനായോ? യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിയുവാൻ അർത്ഥഹ്ശഷ്ടാ രാജാവ് ബി. സി. 457-ൽ കല്പന പുറപ്പെടുവിച്ചു (എസ്രാ. 7:7-26). അന്നുമുതൽ 483 വർഷം എ. ഡി. 27-ൽ അവസാനിച്ചു (ബി. സി. 457+എ. ഡി. 27= 484). 457-ൽ കല്പന പുറപ്പെടുവിക്കുകയും യേശു എ. ഡി. 27-ൽ അഭിഷിക്തനാവുകയും ചെയ്തു. ഈ രണ്ടു വർഷങ്ങളുടേയും ഭാഗങ്ങളിലായിരുന്നു അത്. അതുകൊണ്ട് കൃത്യമായ വർഷങ്ങൾ 483 തന്നെയാണ്.

"കാലം തികഞ്ഞു" (മർക്കൊസ് 1:15) എന്ന ദൂതുമായി നിശ്ചിത സമയമായ എ. ഡി. 27-ൽത്തന്നെ യേശു കടന്നുവന്നു. നസറായനായ യേശുതന്നെയാണ് ദൈവം മനുഷ്യനായി വന്ന വാഗ്ദത്ത മശീഹ എന്ന ബൈബിൾ പ്രവചനത്തിന്റെ കൃത്യമായ നിറവേറൽ അസന്ദിഗ്ദ്ധമായി വെളിവാകുന്നു.

**യേശു എത്രനാൾ വാഗ്ദത്തം ഉറപ്പിക്കും?**

"അവൻ ഒരു ആഴ്ചവട്ടത്തേക്കു പലരോടും നിയമത്തെ കഠിനമാക്കും" (നിയമത്തെ ഉറപ്പിക്കും) ദാനീയേൽ 9:27. ഒരു വർഷം ഒരു ദിവസമെന്ന തത്വം അനുസരിച്ച് ഈ ഒരു ആഴ്ചവട്ടം ഏഴു വർഷമാണ്. അപ്രകാരം എ. ഡി. 27 മുതൽ എ. ഡി. 34 വരെയുള്ള ഏഴു വർഷം, മുമ്പ് ആദമും ഹവ്വായും പാപം ചെയ്തു കഴിഞ്ഞപ്പോൾ അവരോടു ചെയ്ത നിയമത്തെ അല്ലെങ്കിൽ വാഗ്ദത്തത്തെ ഉറപ്പിക്കുന്നു (കഠിനമാക്കുന്നു). നമ്മുടെ പാപങ്ങൾക്കുവേണ്ടി ഒരാൾ മരിക്കുമെന്നും ആ മരണത്താൽ മനുഷ്യവർഗ്ഗത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുമെന്നും ദൈവം ഒരു നിയമം അല്ലെങ്കിൽ വാഗ്ദത്തം ചെയ്തിട്ടുണ്ടായിരുന്നു (ഉല്പത്തി 3:15).

**ഈ എഴുപതാമത്തെ ആഴ്ചവട്ടത്തിന്റെ മദ്ധ്യേ എന്താണു സംഭവിക്കേണ്ടിയിരുന്നത്?**

***"ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും" ദാനീ. 9:27.***

ആഴ്ചവട്ടത്തിന്റെ മദ്ധ്യമായ എ. ഡി. 31-ൽ യേശു ക്രൂശിക്കപ്പെട്ടു. ക്രിസ്തുവിന്റെ മരണസമയത്തു തന്നെ ദൈവം "മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിക്കളഞ്ഞു" മത്തായി. 27:51. "ദൈവത്തിന്റെ കുഞ്ഞാട്" ആയ യേശുവിനെ സൂചിപ്പിച്ചിരുന്ന യാഗമൃഗം അപ്പോൾ പുരോഹിതന്റെ കയ്യിൽ നിന്നു ചാടിപ്പോയി. ഇനി ഒരിക്കലും മനുഷ്യൻ മൃഗബലി അർപ്പിക്കേണ്ടതില്ലായെന്നുള്ളതിനു ദൈവം കൊടുത്ത അടയാളമായിരുന്നു അത്. പ്രവചനം അക്ഷരീകമായി നിറവേറ്റിക്കൊണ്ടും ഇനിമേൽ യാഗാർപ്പണം ആവശ്യമില്ലായെന്നു സ്ഥാപിച്ചുകൊണ്ടും യേശു "ഹനനയാഗവും ഭോജനയാഗവും നിറുത്തലാക്കി"ക്കളഞ്ഞു. ക്രിസ്തുവിന്റെ മരണശേഷം ജനം ദൈവസന്നിധിയിലേക്കു അടുക്കുന്നതു മൃഗബലിയുമായോ മാനുഷീക പുരോഹിതന്മാരിലൂടെയോ അല്ല; ദൈവകുഞ്ഞാടും നമ്മുടെ മഹാപുരോഹിതനുമായ മശീഹയിൽക്കൂടെ മാത്രമത്രേ.

## *3. പാപക്ഷമ ലഭിച്ചു എന്നതിന്റെ ഉറപ്പ്*

**യേശു മരിച്ചതു എന്തിനുവേണ്ടിയെന്നു ദാനീയേൽ പ്രവചനം പറയുന്നു?**

***"അറുപത്തിരണ്ടു ആഴ്ചവട്ടം കഴിഞ്ഞിട്ടു അഭിഷിക്തൻ ഛേദിക്കപ്പെടും; അവനു ആരും ഇല്ലെന്നുവരും" (അവനു ആരും ഇല്ലെന്നു വരും എന്നത് "അവനുവേണ്ടിയല്ല" എന്നുള്ളതാണ് ശരിയായ ഭാഷാന്തരം.) ദാനീയേൽ 9:26.***

ക്രൂശിൽ തന്റെ മരണസമയത്തു യേശു "ഛേദിക്കപ്പെട്ടു." അവൻ മരിച്ചതു "അവനുവേണ്ടി ആയിരുന്നില്ല." അവന്റെ പാപത്തിന്നു പ്രായശ്ചിത്തമായിട്ടല്ല, പിന്നെയോ മുഴുലോകത്തിന്റെയും പാപത്തിന്നു പ്രായശ്ചിത്തമായിട്ടായിരുന്നു.

**നമ്മുടെ എല്ലാ പാപങ്ങളും ദൈവം ക്ഷമിച്ചുതന്നു എന്നു നമുക്കെങ്ങനെ അറിയാം?**

***"ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നേ....... വെളിപ്പെട്ടു വന്നിരിക്കുന്നു.... ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു..... അവന്റെ കൃപയാൽ ക്രിസ്തുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുന്നു....." റോമർ 3:21-25.***

ഈ വാക്യങ്ങളിലെ പ്രധാന വസ്തുതകൾ: "എല്ലാവരും പാപം ചെയ്തു"; ദൈവകൃപയാൽ, വിശ്വസിക്കുന്നവർക്കു ക്രിസ്തുവിന്റെ രക്തം മൂലം പാപക്ഷമ ലഭിക്കുന്നു; നാം നീതികരിക്കപ്പെടുമ്പോൾ ദൈവം നമ്മിൽ നിന്നു കഴിഞ്ഞകാല പാപകുറ്റങ്ങളെല്ലാം മാറ്റിക്കളഞ്ഞ ശേഷം കുറ്റമില്ലാത്തവരെന്നു നമ്മെക്കുറിച്ചു പ്രഖ്യാപിക്കുന്നു. ക്രിസ്തുയേശുവിങ്കലെ വിശ്വാസത്താൽ ലഭ്യമാകുന്ന ദൈവനീതി മൂലം നാം നീതിയുള്ളവരെന്നു ദൈവം പ്രഖ്യാപിക്കുന്നു.

നല്ലവരാകുവാനും സ്വന്തകഴിവിൽ നിന്നുകൊണ്ടു ഉയർന്ന മാനദണ്ഡത്തിൽ വരുന്നതിനും പോരാടി തളർന്നവർക്കു ക്രിസ്തുവിന്റെ കൃപയുടെ സ്വീകാരത്തിൽ വിശ്രമം കണ്ടെത്താനാകുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്നു അവൻ വാഗ്ദത്തം ചെയ്യുന്നു (മത്തായി 11:28). കഴിഞ്ഞകാല പാപങ്ങളാൽ കളങ്കമേറ്റു ഭാരം വഹിക്കുന്നവരും സ്വയമായ അപര്യാപ്തതയും ലജ്ജയുംകൊണ്ടു വേദനപ്പെടുന്നവരുമായ നമ്മുടെ സമാധാനവും പരിപൂർണ്ണതയും ക്രിസ്തുവിൽ കണ്ടെത്താം.

## *4. ന്യായവിധി ആരംഭിക്കുന്നതിനുള്ള സമയം*

ഭാവിയെ സംബന്ധിക്കുന്ന ഒരു മഹാദൃശ്യം ഒരു ദൂതൻ ദാനീയേലിനു കൊടുത്തതായി 8-ാം അദ്ധ്യായത്തിൽ കാണുന്നു. 1) ഒരു ആട്ടുകൊറ്റൻ, 2) ഒരു കോലാട്ടുകൊറ്റൻ, 3) പിന്നീടു മുളച്ചുവന്ന അതിന്റെ കൊമ്പുകളിൽ ഒന്നിൽ നിന്നു ചെറുതായി ഉത്ഭവിച്ചു പിന്നെ ശക്തിയാർജ്ജിച്ച മറ്റൊരു കൊമ്പ് എന്നിവ അവിടെ കാണാം. (ദാനീയേൽ 8:3-9) ഇവ യഥാക്രമം 1) മേദ്യാ - പേർഷ്യ, 2) ഗ്രീസ്, 3) റോമാ എന്നിവയാണ് (ദാനീയേൽ 8:1-12, 20-26).

**ഈ പ്രവചനത്തിലെ നാലാം ഭാഗം എന്താണ്?**

***"......... നിരന്തര ഹോമയാഗത്തെയും ശൂന്യമാക്കുന്ന അതിക്രമത്തെയും കുറിച്ചു ദർശനത്തിൽ കണ്ടിരിക്കുന്നതു എത്രത്തോളം നിൽക്കും എന്നു ചോദിച്ചു. അതിനു അവൻ അവനോടു: രണ്ടായിരത്തി മുന്നൂറു സന്ധ്യയും ഉഷസ്സും തികയുവോളം തന്നേ; പിന്നെ വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും എന്നു പറഞ്ഞു" ദാനീയേൽ 8:13,14.***

അതിന്റെ വ്യാഖ്യാനം ദൂതൻ കൊടുക്കുന്നതിനു മുമ്പു തന്നെ ദാനീയേൽ ബോധരഹിതനായി വീണതിനാൽ 2300 സന്ധ്യയും ഉഷസ്സും എന്നതിന്റെ വിശദീകരണത്തോടെ 8-ാം അദ്ധ്യായം അവസാനിക്കുന്നു. പക്ഷെ പിന്നീട് ദൂതൻ വന്ന് അതു വിശദീകരിക്കുന്നു.

***"അതുകൊണ്ടു നീ കാര്യം ചിന്തിച്ചു ദർശനം ഗ്രഹിച്ചുകൊൾക. അതിക്രമത്തെ തടസ്ഥം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചനവും മുദ്രയിടുവാനും.... നിന്റെ ജനത്തിനും വിശുദ്ധ നഗരത്തിനും എഴുപതു ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു" ദാനീയേൽ 9:22-24.***

2300 ദിവസം എന്നത് 2300 വർഷം ആണ്, കാരണം ഒരു ദിവസം ഒരു വർഷം എന്നു കണക്കാക്കുവാൻ തിരുവെഴുത്തു ആവശ്യപ്പെട്ടിരിക്കുന്നു (യെഹെസ്ക്കേൽ 4:6). 2300 വർഷമെന്ന വലിയ പ്രവചന കാലഘട്ടത്തിന്റെ 70 ആഴ്ച അല്ലെങ്കിൽ 490 വർഷം അതിന്റെ ആദ്യഘട്ടമാണ്. പേർഷ്യാ സാമ്രാജ്യം "യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുവിച്ചു." ബി. സി. 457-ൽ ഇത് ആരംഭിക്കുന്നു. 2300-ൽനിന്ന് 490 വർഷം കുറയ്ക്കുമ്പോൾ അതിൽ 1810 വർഷം ബാക്കിയുണ്ട്. 490 വർഷം അവസാനിച്ച എ. ഡി. 34-നോടു 1810 കൂട്ടുമ്പോൾ എ. ഡി. 1844-ൽ എത്തുന്നു.

## *5. സ്വർഗ്ഗീയ വിശുദ്ധ മന്ദിരം ശുദ്ധീകരിക്കപ്പെടുന്നു- ഒരു ന്യായവിധി*

2300 വർഷം അവസാനിക്കുന്ന 1844-ൽ "വിശുദ്ധ മന്ദിരം യഥാസ്ഥാനപ്പെടും" എന്നു ദൂതൻ ദാനീയേലിനോടു പറഞ്ഞു (ദാനീയേൽ 8:14). അതിന്റെ അർത്ഥം എന്താണ്? എ. ഡി. 70-ൽ റോമാക്കാർ യെരൂശലേം ദൈവാലയം നശിപ്പിച്ചു കളഞ്ഞശേഷം ദൈവജനത്തിന് ഭൂമിയിൽ ഒരു ദൈവാലയം ഉണ്ടായിട്ടില്ല. അതുകൊണ്ട് 1844 -ൽ ശുദ്ധീകരിക്കപ്പെടും എന്നു പറയുന്ന വിശുദ്ധമന്ദിരം നിഴലായി ഭൂമിയിൽ ഉണ്ടായിരുന്നതിന്റെ പൊരുളായ സ്വർഗ്ഗീയ മന്ദിരമാണ്.

സ്വർഗ്ഗീയ വിശുദ്ധ മന്ദിരം ശുദ്ധീകരിക്കപ്പെടും എന്നതിന്റെ അർത്ഥം എന്താണ്? ഭൗമീക വിശുദ്ധ മന്ദിരം ശുദ്ധീകരിക്കപ്പെടുന്ന ദിവസത്തെ പുരാതന ഇസ്രായേൽ മഹാപാപപരിഹാര ദിവസം എന്നർത്ഥമുള്ള "യോംകിപ്പൂർ" അല്ലെങ്കിൽ "ഡേ ഓഫ് അറ്റോൺമെന്റ്" (Day of Atonement) എന്നു വിളിച്ചിരുന്നു. യഥാർത്ഥത്തിൽ അത് ഒരു ന്യായവിധി ദിവസമായിരുന്നു.

വിശുദ്ധ മന്ദിരത്തിൽ ക്രിസ്തുവിന്റെ ശുശ്രൂഷയ്ക്കു രണ്ടു ഭാഗങ്ങളുണ്ടെന്നു നാം 12-ാം പാഠത്തിൽ പഠിച്ചിരുന്നല്ലോ.

1) വിശുദ്ധമന്ദിരത്തിന്റെ ആദ്യഭാഗത്തു പുരോഹിതൻ ശുശ്രൂഷ ചെയ്തിരുന്ന ദിനംതോറുമുള്ള യാഗമാണ് ഒന്ന്. 2) രണ്ടാം ഭാഗമായ അതിവിശുദ്ധ സ്ഥലത്തു വർഷത്തിലൊരിക്കൽ മഹാപുരോഹിതൻ മാത്രം ശുശ്രൂഷ ചെയ്യുന്ന വാർഷിക യാഗമായിരുന്നു രണ്ടാമത്തേത് (ലേവ്യർ 16).

ഭൗമീക കൂടാരത്തിൽ ദിനംതോറും മനുഷ്യർ പാപങ്ങളെ ഏറ്റു പറഞ്ഞുകൊണ്ടു അർപ്പിക്കുന്ന യാഗമൃഗത്തിന്റെ രക്തം യാഗപീഠത്തിന്റെ മൂലകളിൽ തളിച്ചശേഷം വിശുദ്ധ സ്ഥലത്തേക്കു അതുകൊണ്ടു പോകുന്നു (ലേവ്യർ 4,6). അപ്രകാരം ഒരു പ്രതീകമായി ഏറ്റുപറയപ്പെടുന്ന പാപം ദിനം തോറും വിശുദ്ധമന്ദിരത്തിൽ കൊണ്ടുവന്നു അവിടെ കൂട്ടിവെക്കുന്നു.

പിന്നീട് ആ വർഷം മുഴുവൻ ഏറ്റുപറയപ്പെട്ട പാപത്തിൽ നിന്ന് മഹാപാപപരിഹാരദിനത്തിൽ വിശുദ്ധമന്ദിരം വർഷം തോറും ശുദ്ധീകരിക്കുന്നു (ലേവ്യർ 16). ഈ ശുദ്ധീകരണത്തിനായി മഹാപുരോഹിതൻ പ്രത്യേകം തിരഞ്ഞെടുത്ത ഒരു കോലാടിനെ യാഗമായി അർപ്പിക്കു

ന്നു. പിന്നെ അവൻ അതിന്റെ രക്തവുമായി അതിവിശുദ്ധ സ്ഥലത്തു കടന്നു, വരാനിരിക്കുന്ന വീണ്ടെടുപ്പുകാരനായ യേശുവിന്റെ രക്തം പാപത്തിന്റെ ശിക്ഷ വഹിക്കുമെന്നുള്ള വിശ്വാസത്തോടുകൂടെ അതിനെ നിയമപ്പെട്ടകത്തിന്റെ മുന്നിൽ തളിക്കുന്നു. പിന്നെ മഹാപുരോഹിതൻ ഒരു പ്രതീകമെന്നവണ്ണം ഏറ്റുപറഞ്ഞു കഴിഞ്ഞ പാപമെല്ലാം അവിടെനിന്നു വഹിച്ച് വിശുദ്ധമന്ദിരത്തിന്റെ പുറത്തു കൊണ്ടുവന്ന ശേഷം മറ്റൊരു ആട്ടിൻകുട്ടിയുടെ തലമേൽ വച്ച് അതിനെ മരുഭൂമിയിലേക്കു നടത്തുവാൻ വിടുകയും അതവിടെ ചത്തുപോവുകയും ചെയ്യുന്നു (ലേവ്യർ 16:20-22).

വർഷം തോറും പാപപരിഹാര ദിനത്തിൽ നടക്കുന്ന ഈ ശുശ്രൂഷ വിശുദ്ധമന്ദിരത്തെ പാപത്തിൽ നിന്നു ശുദ്ധീകരിക്കുന്നു. ജനങ്ങൾ ഈ ദിവസത്തെ ന്യായവിധിയുടെ ദിവസമെന്നു കണക്കാക്കിയിരുന്നു, കാരണം അന്നു തങ്ങളുടെ പാപങ്ങളെക്കുറിച്ചു അനുതപിച്ച് ഏറ്റുപറയാതെ ആരെങ്കിലും ഉണ്ടെങ്കിൽ അങ്ങനെയുള്ളവരെ അശുദ്ധരെന്നു എണ്ണി ദൈവജനത്തിൽ നിന്ന് "ഛേദിച്ചുകളയു"മായിരുന്നു (ലേവ്യർ 23:29).

സ്വർഗ്ഗീയമായതിന്റെ നിഴലായ ഭൗമീക വിശുദ്ധമന്ദിരത്തിൽ വർഷം തോറും മഹാപുരോഹിതൻ ചെയ്തിരുന്നത് യേശുവെന്ന നമ്മുടെ മഹാപുരോഹിതൻ ഒരിക്കലായി സ്വർഗ്ഗത്തിൽ ചെയ്യുന്നു (എബ്രായർ 9:6-12). തന്നെ രക്ഷിതാവായി സ്വീകരിച്ചു ഏറ്റുപറയുന്ന എല്ലാവരുടെയും പാപങ്ങൾ വിശുദ്ധമന്ദിരത്തിൽനിന്ന് ന്യായവിധി ദിവസത്തിൽ അവൻ മാറ്റുന്നു. നാം നമ്മുടെ പാപങ്ങൾ ഏറ്റുപഞ്ഞിട്ടുണ്ടെങ്കിൽ അവയെയും ക്രിസ്തു എന്നെന്നേയ്ക്കുമായി പുസ്തകത്തിൽനിന്ന് അന്നേ ദിവസം തുടച്ചു മാറ്റും (അപ്പൊ. പ്ര. 3:19). 1844-ൽ ക്രിസ്തു ആരംഭിച്ച ന്യായവിധിയുടെ ശുശ്രൂഷയാണിത്.

1844-ൽ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ ന്യായവിധിയുടെ നാഴിക വന്നപ്പോൾ ലോകമെങ്ങും ന്യായവിധിനാഴികയുടെ ദൂത് ഘോഷിച്ചു തുടങ്ങി (വെളിപ്പാട് 14:6,7). അതിനെക്കുറിച്ച് നമ്മൾ വേറൊരു പാഠത്തിൽ പഠിക്കും.

## *6. നിങ്ങളുടെ ജീവിതരേഖ ന്യായവിധിയിൽ നേരിടുമ്പോൾ*

യേശുവിന്റെ വീണ്ടും വരവിൽ ആരൊക്കെയാണ് വിശുദ്ധന്മാരായി കാണപ്പെടുന്നതെന്നു ഉറപ്പിക്കുന്നതിനു ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഓരോരുത്തരുടെയും ജീവിതരേഖകൾ 1844 മുതൽ ക്രിസ്തു തന്നെ ന്യായാധിപതിയായി പരിശോധിച്ചു തുടങ്ങിയിരിക്കുന്നു. ന്യായാധിപതി എന്ന നിലയിൽ നീതിമാന്മാരായിത്തീർന്നവരുടെയെല്ലാം പാപങ്ങൾ സ്വർഗ്ഗത്തിൽ സൂക്ഷിക്കുന്ന അവരുടെ ജീവിതരേഖയിൽ നിന്ന് യേശു തുടച്ചു നീക്കുന്നു (അപ്പൊ. പ്ര. 3:19).

നിങ്ങളുടെ പേർ ന്യായവിധിയിൽ എടുക്കുമ്പോൾ ആ ജീവിതരേഖയെ നേരിടുന്നതു എളുപ്പമാണ്. നിങ്ങളുടെ പകരക്കാരനായി ക്രിസ്തുവിനെ നിങ്ങൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ മാത്രം അതു എളുപ്പമായിരിക്കും. നീതിമാന്മാരുടെ ന്യായവിധി അവസാനിച്ചു കഴിയുമ്പോൾ അവർക്കു പ്രതിഫലം നൽകുന്നതിനു യേശു ഈ ഭൂമിയിലേക്കു മടങ്ങി വരും (വെളിപ്പാട്. 22:12, 14).

യേശു വരുന്നതിനു നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ? അതോ, അവനിൽ നിന്നു എന്തെങ്കിലും കാര്യം നിങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നുവോ? ഇപ്രകാരം വാഗ്ദത്തം ചെയ്തിരിക്കുന്ന ആ കർത്താവുമായി നിങ്ങൾക്കു തുറന്നതും സത്യസന്ധവുമായ ഒരു ബന്ധമുണ്ടോ?

***"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" 1 യോഹ 1:9.***

നമ്മുടെ പാപങ്ങളെ നേരിടുന്നതിനു സമ്മതിക്കുകയും ദൈവം നല്കുന്ന ക്ഷമ സ്വീകരിക്കുകയും അവന്റെ ശക്തിയുടെയും കൃപയുടെയും ആവശ്യം അംഗീകരിക്കുകയും ചെയ്യുന്നതാണ് ഏറ്റുപറയുക എന്നതിന്റെ ലഘുവായ അർത്ഥം.

ഫ്രഡറിക്ക് വില്യം ഒന്നാമൻ രാജാവ് പോട്ട്സ്ഡാം ജയിൽ സന്ദർശിച്ചപ്പോൾ അനേകം മാപ്പപേക്ഷകൾക്കു ചെവി കൊടുക്കേണ്ടി വന്നു. അവരുടെ ജയിൽ വാസത്തിനു ഉത്തരവാദികൾ മുൻവിധിക്കാരായ ന്യായാധിപന്മാരോ എന്തും ചെയ്‌വാൻ മടിയില്ലാത്ത വക്കീലന്മാരോ ഒക്കെയാണെന്നു അവരെല്ലാംതന്നെ സത്യം ചെയ്തു പറഞ്ഞു. കാരാഗൃഹമുറികളിലോരോന്നിലും നിന്ന് ഇപ്രകാരമുള്ള നിരപരാധിത്വത്തിന്റെ കഥകൾ തുടർന്നുകൊണ്ടിരുന്നു.

എന്നാൽ ഒരു മുറിയിലെ അന്തേവാസിക്കു ഒന്നും തന്നെ പറയുവാനുണ്ടായിരുന്നില്ല. ആശ്ചര്യത്തോടെ ഫ്രഡറിക്ക് ഇപ്രകാരം പറഞ്ഞു: "നീയും നിരപരാധി തന്നെയാണെന്നു ഞാൻ കരുതുന്നു."

അതിനുത്തരമായി ആ മനുഷ്യൻ ഇങ്ങനെ പറഞ്ഞു: "മഹാനായ രാജാവേ, ഞാൻ കുറ്റക്കാരനാണ്. ഇപ്പോൾ ഞാൻ നേരിടുന്നതെല്ലാം അർഹിക്കുന്നതുമാണ്."

രാജാവു കാവൽക്കാരുടെ നേരെ തിരിഞ്ഞു ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "വേഗം വന്ന് ഈ നെറികെട്ടവനെ ഇവിടെ നിന്നും ഇറക്കിക്കൊണ്ടു പോകൂ. അല്ലെങ്കിൽ ഇവിടെ കഴിയുന്ന ഈ നിരപരാധികളും നല്ലവരുമായ മനുഷ്യരെ ഇവൻ ചീത്തയാക്കും. അതിനു മുമ്പുതന്നെ ഇവനെ ഇറക്കി വിടുക."

ന്യായവിധിക്കു നാം എങ്ങനെ ഒരുങ്ങും? ക്രിസ്തുവിന്റെ വരവിനു നാം എപ്രകാരം തയ്യാറെടുക്കും? കേവലം സത്യാവസ്ഥ ഏററുപറയുന്നതിലൂടെ: എന്റെ പാപത്തിനു മരണശിക്ഷ തന്നെയാണ് ഞാൻ അർഹിക്കുന്നത്. പക്ഷെ വേറൊരാൾ അതു ഏറ്റെടുക്കുകയും എനിക്കു ആശ്ചര്യകരമായ മാപ്പു നല്കുകയും ചെയ്തു.

എന്തുതന്നെ സംഭവിച്ചിരുന്നാലും മുഖാമുഖം സത്യസന്ധമായും ഹൃദയഗംമമായി ആത്മാർത്ഥത നിറഞ്ഞതുമായ ഒരു ബന്ധം ക്രിസ്തുവിനോടുകൂടെ നിങ്ങൾക്കുണ്ടായിരിക്കുമെന്നുള്ള ഒരു പ്രതിജ്ഞ ഇപ്പോൾത്തന്നെ എടുക്കുക.

# കണ്ടെത്തുക

## ഉത്തരക്കടലാസ് 13

## കുറ്റബോധമുള്ള പാപിയിൽനിന്നും ക്ഷമ ലഭിച്ച വിശുദ്ധനിലേക്ക്

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക (പല പ്രസ്താവനകളും ശരിയാണ്)***

1. **ക്രൂശിന്മേലുള്ള ക്രിസ്തുവിന്റെ മരണം അവനെ**

_______ നീതിമാനായ ന്യായാധിപൻ ആക്കുന്നു.

_______ കൃപയോടെ നീതീകരിക്കുന്നവൻ ആക്കുന്നു.

_______ അനുതപിക്കാത്ത കുറ്റവാളിക്കു ക്ഷമ കൊടക്കുന്നവൻ ആക്കുന്നു.

_______ പാപപങ്കിലമായ നമ്മുടെ ജീവിതത്തിനുപകരം അവന്റെ നീതിയുള്ള ജീവിതം തരുന്നവൻ ആക്കുന്നു.

2. **എ. ഡി. 27-ൽ യേശു സ്നാനപ്പെട്ടപ്പോൾ അവൻ**

_______ ദൈവപുത്രനണെന്നു പ്രഖ്യാപിച്ചു.

_______ മശീഹ ആണെന്നു പ്രഖ്യാപിച്ചു.

_______ വളരെ നാളുകൾക്കുശേഷം വന്നവനാണെന്നു പ്രഖ്യാപിച്ചു.

_______ കൃത്യമായ സമയത്തു വന്നവനാണെന്നു പ്രഖ്യാപിച്ചു.

**$3^1/2$ വർഷങ്ങൾക്കുശേഷം എ.ഡി. 31-ൽ**

_______ ദൈവകുഞ്ഞാടെന്നവണ്ണം യേശു ക്രൂശിക്കപ്പെട്ടു.

_______ യേശുവിന്റെ മരണം ഇനിമേൽ മൃഗയാഗത്തിന്റെ ആവശ്യമില്ലായെന്നു സ്ഥാപിച്ചു.

3. നീതീകരണം എന്നതിന്റെ അർത്ഥം ക്രിസ്തുവിങ്കലുള്ള നമ്മുടെ വിശ്വാസത്താൽ

_______ നമ്മെ അവൻ പാപത്തിൽനിന്നു ശുദ്ധീകരിക്കുന്നു; നാം കുറ്റമില്ലാത്തവരാണെന്നു ദൈവം പ്രഖ്യാപിക്കുന്നു.

_______ തന്റെ രക്തത്താൽ യേശു നമ്മുടെ പാപം മൂടുന്നു, ദൈവം നമ്മെ നീതിമാന്മാരെന്നു പ്രഖ്യാപിക്കുന്നു.

4, 5. **1844-ൽ**

_______ ദൈവീക ന്യായവിധിയുടെ നാഴിക സ്വർഗ്ഗത്തിൽ ആരംഭിച്ചു.

_______ ന്യായവിധിയുടെ പ്രവർത്തനമായ സ്വർഗ്ഗീയ വിശുദ്ധമന്ദിര ശുദ്ധീകരണമെന്ന വേല ക്രിസ്തു ആരംഭിച്ചു.

6,7. **ചിന്തിക്കുക : *ക്രൂശിന്മേലുള്ള അവന്റെ മരണത്താലും നമ്മുടെ ന്യായാധിപനെന്ന അവന്റെ പ്രവർത്തനം കൊണ്ടും നമ്മുടെ പാപങ്ങൾ ക്ഷമിച്ചു തരുന്നതിനും പാപം നിറഞ്ഞ നമ്മുടെ ജീവിതരേഖ മായിച്ചുകളയുവാനും യേശുവിനു സാധിക്കുന്നു. ഇതിനു ഒരു നിബന്ധന മാത്രമേയുള്ളൂ: നമ്മുടെ പാപങ്ങൾക്കുള്ള ക്ഷമയ്ക്കായി നാം അപേക്ഷിക്കുകയും യേശുവിൽനിന്നു ഒരു പുതു ഹൃദയവും പുതിയ ആത്മാവും പ്രാപിക്കുകയും വേണം. നിങ്ങളുടെ വ്യവഹാരം ഇരിക്കുന്നതു നിങ്ങളുടെ സ്ഥാനത്തു മരിക്കുന്നതിനുവേണ്ടി അത്ര മാത്രം നിങ്ങളെ സ്നേഹിച്ച യേശുവിന്റെ കൈകളിലാണോ?***

# കണ്ടെത്തുക

## പഠനസഹായി 14

# ഉത്തരം ലഭിച്ച പ്രാർത്ഥനയുടെ രഹസ്യം

**ഒ**രിക്കൽ അനറ്റോലി ലെവിറ്റിൻ എന്ന ഒരു റഷ്യൻ എഴുത്തുകാരനും ചരിത്രകാരനുമായ മനുഷ്യൻ സൈബീരിയയിൽ അനേക വർഷങ്ങൾ തടവറയിൽ കഴിഞ്ഞു. തന്റെ ജീവിതത്തിൽ ദൈവത്തോടു കഴിച്ച ആവലാതിയൊക്കെ നിഷ്ഫലമായിട്ടാണ് തോന്നിയത്. എങ്കിലും ഒരു ആത്മീക മനുഷ്യനായിട്ടാണ് തിരിച്ചെത്തിയത്. ഏറ്റവും വലിയ അത്ഭുതം പ്രാർത്ഥനയാണ്, അദ്ദേഹം എഴുതി: "ഞാൻ മാനസീകമായി ദൈവത്തിലേക്ക് തിരിഞ്ഞുകഴിയുമ്പോൾ പെട്ടെന്ന് എവിടെ നിന്നോ ഒരു ശക്തി എന്നിലേക്കും എന്റെ ആത്മാവിലേക്കും എന്നിൽ മൊത്തമായും പകരും, അതെന്താണ്? ഈ നിസ്സാരനായ, വൃദ്ധനായ, ജീവിതത്തെക്കൊണ്ട് ക്ഷീണിതനായ എന്നെ പുതുക്കി, രക്ഷിച്ചു ഭൂമിയിൽ നിന്ന് ഉയർത്തുന്ന ശക്തി എവിടെ നിന്നാണ് ലഭിക്കുന്നത്? അത് എന്റെ പുറമേ നിന്നും വരുന്നു. അതിനെ എതിർക്കാൻ ഒരു ശക്തിയ്ക്കും സാധിക്കില്ല."

ഈ പാഠത്തിൽ, ദൈവവുമായി ഒരു നല്ല ബന്ധം ഉണ്ടാക്കുന്നതിനും നമ്മുടെ ക്രിസ്തീയ അനുഭവം ശക്തമാക്കുന്നതിനും പ്രാർത്ഥന എങ്ങനെ സഹായിക്കുന്നുവെന്ന് നാം പഠിക്കും.

### *1. ദൈവവുമായുള്ള സംഭാഷണം*

**നാം പ്രാർത്ഥിക്കുമ്പോൾ ദൈവം കേൾക്കുന്നു എന്ന് നമുക്ക് എങ്ങനെ തീർച്ചയാക്കാം?**

***"നിങ്ങൾ എന്നോട് അപേക്ഷിച്ചു എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ കണ്ടെത്തും." യിരെ. 29:12,13.***

നമ്മുടെ പ്രാർത്ഥന കേൾക്കുകയും, അതിനു മറുപടി നല്കുകയും ചെയ്യും എന്നതിന് യേശു എന്ത് ഉറപ്പാണ് നല്കിയത്?

***"യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും. യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നുവന് തുറക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു." ലൂക്കൊ 11:9.***

പ്രാർത്ഥന അങ്ങോട്ടും ഇങ്ങോട്ടുമുള്ള ഒരു സംഭാഷണമാണ്. അതാണ് യേശു വാഗ്ദാനം ചെയ്യുന്നത്.

***"ഞാൻ വാതിൽക്കൽ വന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" വെളി. 3:20.***

എങ്ങനെയാണ് ഒരു നല്ല അത്താഴത്തിൽ കർത്താവിനോടൊത്തിരുന്ന് ഒരു സംഭാഷണത്തിലായിരിക്കുന്നത്? ഒന്നാമത്, പ്രാർത്ഥനയിൽ നമ്മുടെ ഹൃദയത്തിൽ ഉള്ളത് മുഴുവൻ തന്നോട് പറയുക. രണ്ടാമത്, സസൂക്ഷ്മം ശ്രദ്ധിക്കുന്നതിലാണ്. നാം പ്രാർത്ഥനയിൽ ധ്യാനത്തിലായിരിക്കുമ്പോൾ, നേരിട്ട് ദൈവത്തിന് നമ്മോടു സംസാരിക്കാൻ സാധിക്കും. അതുപോലെ ധ്യാനനിരതരായി ദൈവവചനം വായിക്കുമ്പോൾ അതിന്റെ പേജുകളിൽക്കൂടെ ദൈവം നമ്മോടു സംസാരിക്കും. ഒരു ദൈവപൈതലിന് പ്രാർത്ഥന ഒരു ജീവിതാനുഭവമാക്കാൻ കഴിയും.

***"ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം" 1 തെസ. 5:16–18.***

നമുക്ക് എങ്ങനെ തുടരെ പ്രാർത്ഥിക്കാൻ കഴിയും? എപ്പോഴും നമ്മുടെ മുട്ടിന്മേൽ നിൽക്കണമോ അതോ എപ്പോഴും സ്തുതിച്ചുകൊണ്ടും ആവശ്യങ്ങൾ അറിയിച്ചുകൊണ്ടും ഇരിക്കണമോ? തീർച്ചയായിട്ടും അങ്ങനെയല്ല. ഏതു സമയത്തും എവിടെയും യേശുവിനോടു സംസാരിക്കുവാൻ നാം യേശുവിനോട് വളരെ അടുത്ത് ജീവിക്കണം.

"ജനക്കൂട്ടത്തിലും വ്യാപാര ഇടപാടിന്റെ മദ്ധ്യത്തിലും ദൈവത്തോട് നമ്മുടെ ആവലാതി അറിയിക്കയും ആലോചന കേൾക്കുകയും ചെയ്തേക്കാം. യേശു നമ്മുടെ ഹൃദയത്തിൽ വന്ന് എപ്പോഴും ഒരു ദിവ്യ അതിഥിയായിരിപ്പാൻ നാം ക്ഷണിക്കുകയും നമ്മുടെ ഹൃദയവാതിൽ തുറന്നിട്ടിരിക്കുകയും വേണം.

ഇപ്രകാരമുള്ള ഈടുറ്റ ബന്ധം കെട്ടിപ്പടുക്കുന്നതിന് നമ്മുടെ പ്രാർത്ഥനയിൽ ധ്യാനനിരതരാകുവാൻ അറിഞ്ഞിരിക്കണം.

***"എന്റെ ധ്യാനം അവന്നു പ്രസാദകരമായിരിക്കട്ടെ" സങ്കീ. 104:34.***

നമ്മുടെ പ്രാർത്ഥന, പ്രാർത്ഥനാവിഷയങ്ങളുടെ ഒരു പട്ടിക നിരത്തൽ ആയിരിക്കരുത്. കാത്തിരിക്കുക. ശ്രദ്ധിക്കുക. പ്രാർത്ഥനയോടുകൂടിയ ഒരു ചെറിയ ചിന്താധാര നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കാൻ മുഖാന്തരമാകും.

***"ദൈവത്തോട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും" യാക്കോ. 4:8.***

നാം യേശുവിനോട് അടുക്കുംതോറും, തന്റെ സാന്നിദ്ധ്യം കൂടുതൽ നമുക്ക് അനുഭവപ്പെടും. അതുകൊണ്ട് എപ്പോഴും നാം യേശുവിനോട് സംസാരദൂരത്തിൽ മാത്രം ആയിരിക്കുക, അതുപോലെ ശരിയായ വാക്കുകൾ ഉച്ച

രിക്കുന്നതിൽ അത്ര ബദ്ധപ്പെടേണ്ടതില്ല. തുറന്നും സത്യ സന്ധവുമായി സംസാരിക്കുക. എല്ലാറ്റിനേയുംകുറിച്ച് പറയുക. നിങ്ങളുടെ സഖിയായിരിക്കുന്നതിനുവേണ്ടി അവൻ മരണവേദനയിലൂടെപോലും കടന്നുപോയവനാണ്.

## *2. എങ്ങനെ പ്രാർത്ഥിക്കണം.*

നാം പ്രാർത്ഥനയിൽ ആയിരിക്കുമ്പോൾ, യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച മാതൃകാ പ്രാർത്ഥന പിന്തുടരേണ്ടതാണ്. "ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ:"

***"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ; ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ; ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ; ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽ നിന്നു ഞങ്ങളേ വിടുവിക്കേണമേ; രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ" മത്താ. 6:9-13.***

യേശുവിലൂടെ ലഭിച്ച പ്രാർത്ഥനയുടെ മാതൃക പ്രകാരം നാം സ്വർഗ്ഗീയ പിതാവായ ദൈവത്തിങ്കലേക്കു വരണം. തന്റെ ഹിതം സ്വർഗ്ഗത്തിൽ നിലനിൽക്കുന്നതുപോലെ നമ്മുടെ ഹൃദയത്തിലും നടപ്പാക്കാൻ പറയണം. നമ്മുടെ ഭൗമീക ആവശ്യങ്ങൾക്കുവേണ്ടി ദൈവത്തെ അന്വേഷിക്കുന്നു. പാപക്ഷമയ്ക്കും ക്ഷമിക്കുന്നതിനുമുള്ള മനോഭാവത്തിനുംവേണ്ടി നാം ദൈവത്തെ അന്വേഷിക്കുന്നു. പാപത്തെ ചെറുത്തുനിൽക്കുന്നതിനുള്ള ശക്തി ദൈവത്തിൽനിന്നും വരുന്നു എന്ന് നാം ഓർക്കണം. കർത്താവിന്റെ പ്രാർത്ഥന ഒരു പുകഴ്ചയോടെ ഉപസംഹരിക്കുന്നു.

മറ്റൊരു അവസരത്തിൽ യേശു; തന്റെ പേരിൽ പിതാവിനോടു പ്രാർത്ഥിക്കാൻ പറഞ്ഞു. യോഹ. 16:23. അത് യേശുവിന്റെ ശിഷ്യന്മാരുടെ പ്രാർത്ഥനയ്ക്ക് അനുസരണമായിട്ടായിരുന്നു. അതുകൊണ്ടാണ് ക്രിസ്ത്യാനികൾ സാധാരണയായി അവരുടെ പ്രാർത്ഥനയിൽ "യേശുവിന്റെ നാമത്തിൽ ആമേൻ" എന്നുപറയുന്നത്. "ആമേൻ" എന്നു പറയുന്നത് ഒരു എബ്രായ പദമാണ്. അതിന്റെ അർത്ഥം, "അപ്രകാരംതന്നെ ആയിരിക്കട്ടെ" എന്നാണ്.

എന്തിനുവേണ്ടി പ്രാർത്ഥിക്കണമെന്നും എങ്ങനെ ഒരു പ്രാർത്ഥന ക്രമപ്പെടുത്തണമെന്നും കർത്താവിന്റെ പ്രാർത്ഥന മാർഗ്ഗനിർദ്ദശം നല്കുന്നുണ്ടെങ്കിലും, ദൈവവുമായിട്ടുള്ള നമ്മുടെ ആശയവിനിമയം ഹൃദയത്തിന്റെ ഉത്തമമായ സ്വാഭാവിക ബന്ധമായി പ്രവർത്തിക്കുന്നു.

നമുക്ക് എല്ലാറ്റിനുംവേണ്ടി പ്രാർത്ഥിക്കാം. നമ്മുടെ പാപക്ഷമയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു (1 യോഹ. 1:9). വിശ്വാസത്തിന്റെ വളർച്ചയ്ക്കും (മത്താ. 9:24), ജീവിതത്തിന്റെ ആവശ്യങ്ങൾക്കും (മത്താ. 6:11), കഷ്ടതയിൽ നിന്നും രോഗത്തിൽനിന്നും സൗഖ്യത്തിനായും (യാക്കോ. 5:15), പരിശുദ്ധാത്മവർഷത്തിനായും (സെഖര്യ. 10:1) നാം പ്രാർത്ഥിക്കണം. നമ്മുടെ സകല ആവശ്യങ്ങളും സകല ഭാരങ്ങളും കർത്താവിന്റെമേൽ ഇട്ടുകൊള്ളുവാൻ താൻ ആഹ്വാനം ചെയ്യുന്നു. പ്രാർത്ഥിക്കുന്നതിനുവേണ്ടി ഒരു കാര്യവും ചെറുതല്ല.

***"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ" 1 പത്രൊ. 5:7.***

നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും അവൻ തൽപരനാണ്. നമ്മുടെ ദൈവം വിശ്വാത്തോടും സ്നേഹത്തോടുംകൂടെ നമ്മുടെ ഹൃദയത്തെ അവനിലേക്ക് പകരുമ്പോൾ തന്റെ ഹൃദയം ഊഷ്മളതയിൽ ആകുന്നു.

## *3. രഹസ്യ പ്രാർത്ഥന*

പലപ്പോഴും നമ്മുടെ അടുത്ത സ്നേഹിതരോടുതന്നെ പങ്കുവെയ്ക്കാൻ മടിക്കുന്ന പല കാര്യങ്ങളും ഉണ്ട്. രഹസ്യ പ്രാർത്ഥനയിലൂടെ അപ്രകാരമുള്ള ആവശ്യങ്ങളെ ദൈവ സന്നിധിയിൽ കൊണ്ടുചെല്ലുവാൻ ദൈവം ക്ഷണിക്കുന്നു. നമ്മുടെ രഹസ്യഭയപ്പാടുകൾ, മറഞ്ഞിരിക്കുന്ന ഹൃദയാഭിലാഷങ്ങൾ, ഉള്ളിൽ ഒതുങ്ങിക്കിടക്കുന്ന വെറുപ്പ് തുടങ്ങിയവ നമ്മെക്കാൾ കൂടുതൽ ദൈവത്തിന് അറിയാം. എന്നാൽ നമ്മെ അളവുകൂടാതെ സ്നേഹിക്കുന്ന, നമ്മെ വ്യക്തിപരമായി അറിയാവുന്ന ദൈവത്തിലേക്ക് നമ്മുടെ ഹൃദയങ്ങളെ തുറക്കേണ്ടതാണ്. നമ്മുടെ മുറിവുകളെ കർത്താവ് സ്പർശിച്ചുകഴിയുമ്പോൾ സൗഖ്യം പ്രാപിക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മഹാപുരോഹിതനായ യേശു നമ്മെ സഹായിക്കാൻ അടുത്ത് ഉണ്ടായിരിക്കും.

***"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യനായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിക്കാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിനു അടുത്തു ചെല്ലുക" എബ്രാ. 4:15,16.***

നിങ്ങൾക്ക് ജിജ്ഞാസ, ഉൽക്കണ്ഠ, അതുപോലെ കുറ്റബോധം ഇവ തോന്നാറുണ്ടോ? ഇവ ദൈവമുമ്പാകെ വയ്ക്കുക. അപ്പോൾ നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ് അവൻ സഹായിക്കും.

നമുക്ക് രഹസ്യപ്രാർത്ഥനയ്ക്ക് ഒരു പ്രത്യേക സ്ഥലം ആവശ്യമാണോ?

***"നീയോ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവിനോടു പ്രാർത്ഥിക്ക, രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു നിനക്കു പ്രതിഫലം തരും" മത്താ. 6:6.***

നാം നടക്കുമ്പോഴും ജോലിചെയ്യുമ്പോഴും ഒരു സാമൂഹികകാര്യത്തിൽ ഏർപ്പെട്ടിരിക്കുമ്പോഴും പ്രാർത്ഥിക്കു

ന്നതുകൂടാതെ ഓരോ ക്രിസ്ത്യാനിക്കും വേദപഠനത്തിനും പ്രാർത്ഥനയ്ക്കും സമയം വേർതിരിച്ചിരിക്കണം. ശ്രദ്ധ കേന്ദ്രീകരിക്കാൻ പറ്റിയ സമയത്തും നാം ഉണർന്നിരിക്കു മ്പോഴും ദൈവത്തോടൊത്ത് സമയം ചെലവിടാൻ ഒരുങ്ങി യിരിക്കുക.

## 4. പരസ്യ പ്രാർത്ഥന

മറ്റുള്ളവരോടൊത്ത് പ്രാർത്ഥിക്കാൻ സമയം കണ്ടെ ത്തുന്നതിൽ ഒരു പ്രത്യേക ബന്ധവും ശക്തിയും ദൈവ ത്തിൽനിന്നു പ്രാപിക്കുവാൻ മുഖാന്തരമാകുന്നു.

***"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവ രുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു" മത്താ.18:20.***

ഒരു കുടുംബം എന്ന അവസ്ഥയിൽ നമുക്ക് ചെയ്യാ വുന്ന ഏറ്റവും വലിയ കാര്യം, ഒന്നിച്ചുള്ള കുടുംബപ്രാർത്ഥ നയാണ്. നമ്മുടെ ആവശ്യങ്ങളെ നേരിട്ട് ദൈവത്തോട് അറിയിക്കാം എന്ന് നാം കുഞ്ഞുങ്ങളെ മനസ്സിലാക്കിക്കൊ ടുക്കണം. ജീവിതത്തിന്റെ പ്രാവർത്തിക വശങ്ങളിൽ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നതു കാണുമ്പോൾ അവർ ആശ്ചര്യപ്പെട്ടുപോകും. കുടുംബപ്രാർത്ഥന ഒരു സന്തോഷവും ആശ്വാസം പങ്കുവെയ്ക്കുന്നതുമായ സമയം ആയിരിക്കട്ടെ.

## 5. ഉത്തരം ലഭിക്കുന്ന പ്രാർത്ഥനയുടെ ഏഴ് രഹസ്യങ്ങൾ

മോശെ പ്രാർത്ഥിച്ചപ്പോൾ ചെങ്കടൽ വിഭജിക്കപ്പെട്ടു. ഏലിയാവ് പ്രാർത്ഥിച്ചപ്പോൾ സ്വർഗ്ഗത്തിൽനിന്ന് തീ ഇറ ങ്ങി. ദാനീയേൽ പ്രാർത്ഥിച്ചപ്പോൾ സിംഹസത്തിന്റെ വായ് അടഞ്ഞു. മറുപടി ലഭിച്ച പ്രാർത്ഥനയുടെ ഒരു പട്ടികതന്നെ വേദപുസ്തകം നിരത്തുന്നു. ദൈവത്തിന്റെ വലിയ ശക്തി ലഭിക്കുവാൻ പ്രാർത്ഥന അനിവാര്യമാണ്. യേശു വാഗ്ദാനം ചെയ്തു:

***"നിങ്ങൾ എന്റെ നാമത്തിൽ എന്നോട് അപേക്ഷി ക്കുന്നതൊക്കെയും ഞാൻ ചെയ്തുതരും" യോഹ. 14:14.***

എന്നാൽ ചില പ്രാർത്ഥനകൾ കേൾക്കുന്നില്ല. എന്തു കൊണ്ട്? നമ്മുടെ പ്രാർത്ഥന കൂടുതൽ ശക്തമായിരിക്കാൻ ഏഴു കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**1. യേശുവിനോടു ചേർന്നു ജീവിക്കുക.**

***"നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേ ക്ഷിപ്പിൻ; അതു നിങ്ങൾക്കു കിട്ടും" യോഹ. 15:7.***

നാം ദൈവത്തോട് നല്ല ബന്ധത്തിലായിരിക്കയും ദൈവത്തോടു ചേർന്ന് ജീവിക്കയും ചെയ്യുമ്പോൾ, നമുക്ക് അസാദ്ധ്യമായി പോയേക്കാമായിരുന്ന പല കാര്യങ്ങൾക്കും മറുപടി ലഭിക്കുന്നതായി കാണാൻ കഴിയും.

**2. ദൈവത്തിൽ തുടരെ ആശ്രയിക്കുക.**

***"നിങ്ങൾ വിശ്വസിച്ചുകൊണ്ട് പ്രാർത്ഥനയിൽ എന്തു യാചിച്ചാലും നിങ്ങൾക്കു ലഭിക്കും" മത്താ. 21:22.***

വിശ്വസിക്കുക എന്നു പറഞ്ഞാൽ, നമ്മുടെ സകല ആവശ്യങ്ങൾക്കും നാം വാസ്തവമായി ദൈവത്തിങ്ക ലേക്കു നോക്കുന്നു എന്നാണ്. നാം വിശ്വാസത്തിന്റെ കുറ വുകൊണ്ട് ദുഃഖിക്കുന്നു എങ്കിൽ, ഓർക്കണം, ഒരു മനു ഷ്യൻ നിരാശയിൽ പോയപ്പോൾ തനിക്കുവേണ്ടി യേശു അത്ഭുതം പ്രവർത്തിച്ചു.

***"കർത്താവേ, ഞാൻ വിശ്വസിക്കുന്നു; എന്റെ അവി ശ്വാസത്തിനു സഹായിക്കേണമേ എന്നു പറഞ്ഞു" മർക്കൊ.9:24.***

നിങ്ങൾക്കുള്ള വിശ്വാസത്തിൽ ശ്രദ്ധ ക്രേന്ദീകരിച്ച് ജീവിക്കുക; നിങ്ങൾക്ക് ഇല്ലാത്ത വിശ്വാസത്തെ ഓർത്ത് ദുഃഖിക്കേണ്ടതില്ല.

**3. ദൈവത്തിന് കീഴ്പെടുക**

***"അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേ ക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു" യോഹ.5:14.***

ഒരു കാര്യം നാം ഓർക്കണം. നമുക്കു ചിലകാര്യങ്ങൾ നൽകുന്നതിനേക്കാൾ പ്രാർത്ഥനയിലൂടെ ദൈവം നമ്മെ പഠിപ്പിക്കുവാനാഗ്രഹിക്കുന്നു. അതുകൊണ്ട് ചിലപ്പോൾ "ഇല്ല"എന്നായിരിക്കും മറുപടി. ചില അവസരങ്ങളിൽ ദൈവം നമ്മെ മറ്റു ദിശയിലേക്ക് നയിക്കയായിരിക്കും. പ്രാർത്ഥന നമ്മെ കൂടുതൽ ദൈവഹിതത്തോട് ബന്ധപ്പെ ടന്നിതിനുള്ള മാർഗ്ഗമാണ്. ദൈവത്തിന്റെ മറുപടിയോട് സഹകരിച്ച് അതിൽനിന്നും പഠിക്കുന്നവരായിരിക്കണം. ദൈവം ചെയ്യുന്നതു നോക്കിയാൽ തീർച്ചയായിട്ടും നമ്മുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടത്തിന് ഒത്തതായി രിക്കും.

***"എന്നാൽ ആത്മാവു വിശുദ്ധർക്കുവേണ്ടി ദൈവ ഹിതപ്രകാരം പക്ഷവാദം ചെയ്യുന്നതുകൊണ്ട് ആത്മാ വിന്റെ ചിന്ത ഇന്നതെന്നു ഹൃദയങ്ങളെ പരിശോധിക്കു ന്നവൻ അറിയുന്നു" റോമ.8:27.***

**4. ക്ഷമയോടുകൂടെ ദൈവസന്നിധിയിൽ കാത്തി രിക്കുക**

***"ഞാൻ യഹോവയ്ക്കായി കാത്തുകാത്തിരുന്നു; അവൻ എങ്കലേക്കു ചാഞ്ഞു എന്റെ നിലവിളി കേട്ടു" സങ്കീ. 40:1.***

ഇവിടെ ശ്രദ്ധേയമായ കാര്യം നിങ്ങളുടെ ശ്രദ്ധ ദൈവ ത്തിൽ കേന്ദ്രീകരിച്ചിരിക്കുക. ദൈവത്തിന്റെ പരിഹാര ത്തിനു വേണ്ടി കാത്തിരിക്കുക. നാം ഒരിക്കൽ ദൈവസ ഹായം അന്വേഷിക്കുന്നവരും പിന്നീട് ലോകത്തിന്റെ വഴി യിൽ തിരിഞ്ഞുപോകുന്നവരും ആകരുത്. ക്ഷമയോടു കൂടെ ദൈവത്തിനായി കാത്തിരിക്കുക. ഈ തത്വം നാം അത്യാവശ്യമായി അറിഞ്ഞിരിക്കണം.

**5.പാപത്തിൽനിന്ന് ഒഴിഞ്ഞിരിക്കണം**

***"ഞാൻ എന്റെ ഹൃദത്തിൽ അകൃത്യം കരുതിയി രുന്നുവെങ്കിൽ കർത്താവ് കേൾക്കയില്ലായിരുന്നു" സങ്കീ. 66:18.***

പാപം നമ്മുടെ ജീവിതത്തിൽ നിന്ന് ദൈവശക്തിയെ വിഛേദിക്കുന്നു. അത് നമ്മെ ദൈവത്തിൽനിന്ന് അകറ്റുന്നു (യെശ. 59:1,2). നാം ഒരു കൈകൊണ്ട് പാപത്തിൽ തൂങ്ങു

കയും, മറുകൈകൊണ്ട് മറ്റുള്ളവരോടൊത്ത് ദൈവീക ശക്തിപ്രാപിക്കാൻ ശ്രമിക്കുകയും ചെയ്താൽ നടക്കില്ല. വാസ്തവമായ അനുതാപവും ഏറ്റുപറച്ചിലും മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരം ആകുന്നുള്ളൂ. ദൈവം നമ്മുടെ ദുഷ്ചിന്തകളിൽ നിന്നും വാക്കുകളിൽനിന്നും പ്രവൃത്തികളിൽ നിന്നും സ്വതന്ത്രരാകാൻ അനുവദിക്കുന്നില്ലെങ്കിൽ നമ്മുടെ പ്രാർത്ഥന ഫലിക്കില്ല.

***"നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കകൊണ്ടു ഒന്നും ലഭിക്കുന്നില്ല" യാക്കോ. 4:3.***

സ്വാർത്ഥപരമായ പ്രാർത്ഥനയ്ക്ക് ദൈവം "അതേ" എന്നുപറയുവാൻ പോകുന്നില്ല. നിങ്ങളുടെ കാത് തന്റെ കല്പനയ്ക്കും, തന്റെ ഇഷ്ടത്തിനും, തുറന്നിരുന്നാൽ നിങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി ദൈവത്തിന്റെ കണ്ണുകൾ തുറക്കപ്പെടും.

***"ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചുകളഞ്ഞാൽ അവന്റെ പ്രാർത്ഥനതന്നെയു വെറുപ്പാകുന്നു" സദൃ. 28:9.***

**6. ദൈവത്തിന്റെ ആവശ്യം നമസ്സിലാക്കുക**

ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും ജീവിതത്തിൽ ആവശ്യമെന്ന് മനസ്സിലാക്കി ചോദിക്കുന്നവർക്ക് ദൈവം മറുപടി നല്കും.

***"നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തിവരും" മത്താ.5:6***

**7. മടുത്തുപോകാതെ പ്രാർത്ഥിക്കുക**

മടുത്തുപോകാതെ പ്രാർത്ഥിക്കുന്നതിന് ഉദാഹരണമായി, ഒരു ന്യായാധിപന്റെ അടുക്കൽ ഒരു വിധവ തന്റെ ആവശ്യവുമായി തുടരെ ചെല്ലുന്ന കഥ യേശു ഉദ്ധരിക്കുന്നു. അവസാനം മറുപടിയായി ന്യായാധിപൻ പറയുന്നു:

***"വിധവ എന്നെ അസഹ്യമാക്കുന്നതുകൊണ്ട് ഞാൻ അവളെ പ്രതിക്രിയ നടത്തി രക്ഷിക്കും; അല്ലെങ്കിൽ അവൾ ഒടുവിൽ വന്നു എന്നെ മുഖത്തടിക്കും എന്നുള്ളുകൊണ്ടു പറഞ്ഞു... ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ" ലൂക്കൊ. 18:5-7.***

നിങ്ങളുടെ സകല ആവശ്യങ്ങളും പ്രത്യാശയും ആഗ്രഹങ്ങളും ദൈവവുമായിട്ട് ചർച്ച ചെയ്യുക. പ്രത്യേക അനുഗ്രഹം ചോദിക്കുക. ആവശ്യത്തിൽ സഹായം ആവശ്യപ്പെടുക. തുടരെ അന്വേഷിക്കുക, ദൈവസന്നിധിയിൽ നിന്ന് മറുപടി ലഭിക്കുംവരെ തുടരുക.

## *6. പ്രാർത്ഥിക്കുന്നവരുടെ ആവശ്യങ്ങൾക്ക് മാലാഖമാർ ശുശ്രൂഷിക്കുന്നു*

കർത്താവിന്റെ ദൂതന്മാരുടെ ശുശ്രൂഷയിൽ പ്രാർത്ഥനയ്ക്ക് മറുപടി ലഭിച്ചതോർത്ത് സങ്കീർത്തനക്കാരൻ സന്തോഷിക്കുന്നു:

***"ഞാൻ യഹോവയോട് അപേക്ഷിച്ചു; അവൻ എനിക്ക് ഉത്തരമരുളി എന്റെ സകല ഭയങ്ങളിൽ നിന്നും എന്നെ വിടുവിച്ചു. അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല. ഈ എളിയവൻ നിലവിളിച്ചു; യഹോവ കേട്ടു; അവന്റെ സകല കഷ്ടങ്ങളിൽ നിന്നും അവനെ രക്ഷിച്ചു. യഹോവയുടെ ദൂതൻ അവന്റെ ഭക്തമാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു" സങ്കീ. 34:4-7.***

നാം പാർത്ഥിക്കുമ്പോൾ മറുപടിമായി ദൂതനെ അയയ്ക്കുന്നു (എബ്രാ. 1:14). ഓരോ ക്രിസ്ത്യാനിക്കും സംരക്ഷകനായി ഒരു ദൂതൻ ഉണ്ട്

***"ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു" മത്താ. 18:10,11.***

**നമ്മുടെ പ്രാർത്ഥനകൊണ്ട്:**

***"നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും" ഫിലി. 4:5-7.***

**7. ക്രിസ്തീയ ജീവിതശൈലി**

വേദപുസ്തകം ഒരു പ്രത്യേക ജീവിതശൈലി വിവരിക്കുന്നു, എഫെ. 4:22-24. ക്രിസ്ത്യാനികൾ "ചതിമോഹങ്ങളാൽ" ഉണ്ടായിട്ടുള്ള പഴയ ജീവിതരീതി ഉപേക്ഷിക്കണം. എന്നിട്ട് ദൈവ സാദൃശ്യത്തിലുള്ള പുതിയ ജീവിതശൈലി പ്രാപിക്കണം. പാഠം 6-ൽ പുതുജനനത്തിൽ നാം വീണ്ടും സൃഷ്ടിക്കപ്പെടുന്നുവെന്ന് പഠിച്ചുവല്ലോ. നാം ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനായിത്തീരുന്നു. ഈ പാഠവും തുടർന്ന് ആറു പാഠങ്ങളും ക്രിസ്ത്യാനികളുടെ ജീവിതശൈലി വെളിപ്പെടുത്തുകയും അത് ജീവിത്തിന്റെ സന്തോഷത്തിലേക്കുള്ള രഹസ്യം വെളിപ്പെടുത്തുന്നതും ആയിരിക്കും. അത് ശക്തമായ ഒരു ബന്ധം യേശുവുമായി കെട്ടിപ്പടുക്കുവാൻ സഹായിക്കുന്നതുമാണ്. അതുകൊണ്ട് നമ്മുടെ നോട്ടം കർത്താവിൽ ക്രമപ്പെടുത്തുക. അങ്ങനെ കർത്താവിന്റെ വെല്ലുവിളിക്കപ്പെടാൻ സാദ്ധ്യമല്ലാത്ത നിത്യസമാധാനത്തിന്റെ വിജയാഘോഷത്തിൽ ഭാഗഭാക്കാകുവാൻ കഴിയും.

# കണ്ടെത്തുക

## ഉത്തരക്കടലാസ് 14

## ഉത്തരം ലഭിച്ച പ്രാർത്ഥനയുടെ രഹസ്യം

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക***

1. **പ്രാർത്ഥന**

_______ ദൈവവുമായിട്ടുള്ള ഒരു സംഭാഷണമാണ്.

_______ നിങ്ങളുടെ ഹൃദയത്തിലുള്ള കാര്യങ്ങൾ ദൈവത്തോട് പറയുന്നതാണ്.

_______ ദൈവം ഉത്തരം പറയുന്നത് ശ്രദ്ധിക്കുന്നതാണ്.

_______ സഭയിലെ വിശുദ്ധമന്മാരുമായി സമ്പർക്കം പുലർത്തുന്നതാണ്.

_______ ദിവസവും അഞ്ച് പ്രവശ്യമുണ്ടാകുന്ന ആചാരാനുസൃതമായ ഒരനുഭവമാണ്

_______ ദൈവവുമായുള്ള നിരന്തരമായ സമ്പർക്കത്തിന്റെ അനുഭവമാണ്.

2. **നാം പ്രാർത്ഥിക്കേണ്ടത്**

_______ പാപക്ഷമയ്ക്കുവേണ്ടി

_______ നമ്മുടെ ഭൗമീകാവശ്യങ്ങൾക്കുവേണ്ടി

_______ ആത്മവർഷത്തിനുവേണ്ടി

_______ രോഗികൾ സൗഖ്യമാകുന്നതിന്

_______ വിശ്വാസ വർദ്ധനവിന്

_______ എല്ലാറ്റിനും വേണ്ടി

_______വൻകാര്യങ്ങൾക്കുവേണ്ടി

_______ ഏത് നിസ്സാരകാര്യത്തിനുവേണ്ടിയും

ഈ ഭാഗത്ത് ശരിയായ ഉത്തരത്തിന് T- യ്ക്കും തെറ്റായ ഉത്ത്തിരത്തിന് F- നും വൃത്തമിടുക.

3. T F നാളിതുവരെയുള്ള നമ്മുടെ എല്ലാ വിവരങ്ങളും ദൈവത്തിന് ആവശ്യമായതുകൊണ്ട് നാം പ്രാർത്ഥിക്കണം.

T F നമ്മുടെ മഹാപുരോഹിതനായ യേശുവിനു നമ്മോട് സഹതാപം ഉള്ളതിനാൽ പ്രാർത്ഥിക്കണം.

4. T F മറ്റുള്ളവരുമൊത്ത് പ്രാർത്ഥിക്കുമ്പോൾ ഒരു പ്രത്യേകരീതിയിൽ ദൈവശക്തി നേടാൻ സാധിക്കുന്നു.

T F പൊതുപ്രാർത്ഥന കുറഞ്ഞത് 30 മിനിട്ടെങ്കിലും വേണം.

5. T F വല്ലപ്പോഴും മാത്രമേ നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നുള്ളൂ.

T F ദൈവഹിതമനുസരിച്ച് കൂടുതൽ കൂടുതൽ അവനോട് അടുത്തുവരുവാൻ പ്രാർത്ഥന സഹായിക്കുന്നു.

T F പ്രാർത്ഥിക്കുകയും ദൈവം ഉത്തരമരുളുന്നതിന് ക്ഷമയോടെ കാത്തിരിക്കുകയും വേണം.

T F ദൈവത്തിൽ നിന്നു ഉത്തരം ലഭിക്കുന്നതുവരെ മടുത്തുപോകാതെ നാം പ്രാർത്ഥിക്കണം.

6 .T F നമ്മുടെ പ്രാർത്ഥനയ്ക്കു മറുപടിയായി മാലാഖമാർ ദൈവത്തോടൊത്തു പ്രവർത്തിക്കുന്നു.

***ഹൃദയംഗമമായ ചോദ്യം: പ്രാർത്ഥനയിൽക്കൂടെ ദിവ്യശക്തിയുമായി ചേരുവാൻ നിങ്ങളുടെ ജീവിതത്തെ സമർപ്പിക്കുന്നതിന് നിങ്ങൾ ആഗ്രഹിക്കുന്നുവോ?***

# കണ്ടെത്തുക

പഠനസഹായി **15**

## സന്തോഷത്തിന്റെ രഹസ്യം

**1943–**ൽ ജപ്പാൻ കൂലിപ്പട്ടാളക്കാർ, നൂറുകണക്കിന് അമേരിക്കൻ, യൂറോപ്യൻ ദേശീയ ശത്രുക്കളെ ചൈനയിലുള്ള ഷാന്റംഗ് പ്രദേശത്തെ തടവറയിൽ ആക്കി. അവർ മാസങ്ങളോളം കഷ്ടതയിലും ബുദ്ധിമുട്ടിലും തിരക്കിലും ഭയത്തിലും കഴിയേണ്ടിവന്നു. വ്യക്തിത്വശോഷണം, സ്വഭാവവ്യത്യാസം, ചെറിയ ചെറിയ പ്രശ്നങ്ങൾ ഒക്കെ അവിടെ ഉണ്ടായി.

എന്നാൽ ഇവരിൽനിന്ന് വിഭിന്നമായി ഒരാൾ കാണപ്പെട്ടതായി പറയുന്നു. അയാൾ എല്ലാവരാലും സ്നേഹിക്കപ്പെടുകയും അദ്ദേഹത്തെ എല്ലാവർക്കും ആവശ്യവും ആയിരുന്നു. സ്ക്കോട്ട്ലണ്ടിൽ നിന്നുള്ള എറിക് ലിഡൽ എന്ന ഒരു മിഷനറിയായിരുന്നു ആദ്ദേഹം.

ഒരു റഷ്യൻ വ്യഭിചാരിണി കാലങ്ങൾക്കുശേഷം ഇപ്രകാരം പറഞ്ഞു: തന്നോട് പ്രത്യുതപകാരം ഒന്നും ആവശ്യപ്പെടാതെ തന്നെ സഹായിച്ചത് ലിഡൽ മാത്രമായിരുന്നു. അവൾ ഒറ്റയ്ക്കു ക്യാമ്പിൽ ചെന്നപ്പോൾ അവൾക്ക് ആവശ്യമുള്ള ചില താമസസൗകര്യങ്ങൾ ഒക്കെ ലിഡൽ ചെയ്തുകൊടുത്തു. മറ്റൊരു താമസക്കാരൻ പറയുന്നത്, അദ്ദേഹം പരുപരുത്ത ക്രൂരസ്വഭാവം ഉള്ളവരോട് സൗമ്യമായും സന്തോഷത്തോടും പെരുമാറിയിരുന്നു എന്നാണ്.

ഒരിക്കൽ കോപസാന്ദ്രമായ ഒരു സമ്മേളനത്തിൽ, പ്രശ്നത്തിൽ ചെന്നുചാടുന്ന കൗമാരക്കാരെ നിലയ്ക്കു നിർത്താൻ ആവശ്യപ്പെടുകയുണ്ടായി. ലിഡൽ ഒരു പരിഹാരവുമായി വന്നു. ആദ്ദേഹം കായിക മത്സരങ്ങൾ, ക്രാഫ്റ്റ്, കുട്ടികൾക്കുള്ള ക്ലാസ്സുകൾ തുടങ്ങിയവ ക്രമീകരിക്കുകയും, വൈകുന്നേരം ഉള്ള സമയത്ത് അവരോടൊത്ത് ചിലവിടുകയും ചെയ്തു.

ലിഡൽ 1924 ഒളിമ്പിക്സിൽ പേരും പെരുമയും സമ്പാദിക്ക മാത്രമല്ല, 400 മീറ്റർ ഓട്ടത്തിൽ സ്വർണ്ണ മെഡലും കരസ്ഥമാക്കിയിരുന്നു. കൂടാതെ ആ തകർന്ന ക്യാമ്പിൽ ക്രിസ്തീയ ഓട്ടക്കളത്തിലെ ഒരു ജയാളിയായും കാണപ്പെട്ടു. ലോകത്തിലെ ഏറ്റവും വലിയ കുറ്റവാളികളുടെ പ്രശംസയ്ക്ക് താൻ പാത്രീഭവിച്ചു.

എന്താണ് തന്നെ ഇത്രയും പ്രത്യേകതയുള്ളവനാക്കിയത്? അതിന്റെ രഹസ്യം ഓരോ രാവിലെ 6 മണിക്കും കണ്ടെത്താൻ കഴിയും. ഉറങ്ങിക്കിടക്കുന്ന കൂട്ടുകാരുടെ ഇടയിലൂടെ ശബ്ദമുണ്ടാക്കാതെനടന്ന് മേശയ്ക്കരികിലെത്തി, ഒരു ചെറിയ വിളക്ക് കത്തിച്ച് തന്റെ കയ്യിലുള്ള വേദപുസ്തകവും നോട്ടുബുക്കും ഉപയോഗിക്കും. എറിക് ലിഡൽ ഓരോ ദിവസവും കൃപയും ശക്തിയും, ദൈവവചനത്തിൽ നിന്നും നേടിയിരുന്നു.

### *1. ഒരു ക്രിസ്തീയ ജീവിതശൈലിക്ക് വഴികാട്ടിയായ പുസ്തകം*

വേദപുസ്തകം ക്രിസ്ത്യാനിക്ക് വഴികാട്ടിയായി എഴുതിയ പുസ്തകമാണ്. അതിൽ മുഴുവനും ദൈനംദിന ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്നതുപോലെ വെല്ലുവിളികളെ നേരിട്ടിട്ടുള്ള അനുഭവ കഥകളാണ്. ഈ വേദപുസ്തക വ്യക്തികളുടെ സന്തോഷം, സന്താപം, അവരുടെ പ്രശ്നങ്ങൾ , അവസരങ്ങൾ ഒക്കെ നമ്മെ പക്വതയുള്ള ക്രിസ്ത്യാനികളാക്കിത്തീർക്കും. ഒരു ടോർച്ച് ലൈറ്റിനോട് ഉപമിച്ചുകൊണ്ട് സങ്കീർത്തനക്കാരൻ ഓരോ ദിവസവും ദൈവവചനത്തോടുള്ള നമ്മുടെ ആശ്രയത്തെ വിശദീകരിക്കുന്നു.

***"നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെയ്ക്കു പ്രകാശവും ആകുന്നു" സങ്കീ. 119:105.***

ഓരോ ദിവസവും നമുക്കു ലഭിക്കുന്ന പ്രകാശം നമ്മുടെ ജീവിതത്തിന് ആവശ്യമായ ആത്മിക വളർച്ചയ്ക്കും തത്വങ്ങൾക്കും പര്യാപ്തമാണ്. എല്ലാറ്റിനും ഉപരിയായി, ലോകത്തിന്റെ വെളിച്ചമായി യേശുവിനെ വേദപുസ്തകം വെളിപ്പെടുത്തുന്നു. ഈ യേശു ജീവിതത്തിൽ പ്രവേശിക്കുമ്പോൾ മാത്രമേ ജീവിതം അർത്ഥപൂർണ്ണമാകുകയുള്ളൂ.

### *2. രൂപാന്തരപ്പെടുത്തുന്ന സഖിത്വം*

ഒരു അടുത്ത സ്നേഹിതനിൽനിന്നുള്ള കത്തുപോലെ വേദപുസ്തകം വ്യക്തിപരമായി വാസ്തവം ആയിരിക്കണമെന്ന് യേശു ആഗ്രഹിക്കുന്നു.

***"ഞാൻ എന്റെ പിതാവിനോടു കേട്ടതെല്ലാം നിങ്ങളോടു അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു" യോഹ. 15:15.***

നമുക്കുവേണ്ടി എറ്റവും നല്ലത് ആയിരിക്കുവാൻ യേശു ആഗ്രഹിക്കുന്നു. തന്റെ വചനം നമ്മെ ദൈവത്തിന്റെ എറ്റവും അടുത്ത വലയത്തിൽ കൊണ്ടുവരുന്നു. അങ്ങനെ ആയിരിക്കുന്നവരോട് വ്യക്തിപരമായി പറയുന്നു:

***"നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന് ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു" യോഹ.16:33.***

ഈ സമാധാനം നാം അനുഭവിക്കുന്നതിന്, യേശുവുമായി ഒരു നല്ല ബന്ധം സ്ഥാപിക്കുന്നതിന് യേശു അയക്കുന്ന കത്തുകൾ നാം വായിക്കേണ്ടിയിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്നുള്ള കത്തിടപാടാണ് വേദപുസ്തകം. ഈ

കത്ത് തുറക്കാതെ വിടരുത്. രൂപാന്തരപ്പെടുത്തുന്ന ദൂത് ഈ പുസ്തകത്തിൽ ഉണ്ട്. ഇതാ ഒരു മാതൃകാപരമായ വേദപുസ്തക സാക്ഷ്യം: "എനിക്ക് സഹായം ആവശ്യമായിരുന്നു. അത് യേശുവിൽ കണ്ടെത്തി. എല്ലാ ആവശ്യങ്ങളും നിറവേറ്റപ്പെട്ടു. എന്റെ ആത്മാവിന്റെ ദാഹം ശമിച്ചു; വേദപുസ്തകം എനിക്ക് യേശുവിന്റെ വെളിപ്പാടാണ്. ഞാൻ യേശുവിൽ വിശ്വസിക്കുന്നു, കാരണം അവൻ എനിക്ക് ദിവ്യരക്ഷകൻ ആണ്. ഞാൻ വേദ പുസ്തകം വിശ്വസിക്കുന്നു, കാരണം അത് എനിക്ക് ദൈവീക ശബ്ദം ആണ്." (Ministry Of Healing P.461)

ഞാൻ വേദപുസ്തകം വിശ്വസിക്കുന്നു കാരണം അത് എനിക്ക് ദൈവിക ശബ്ദം ആണ്"

## *3. വേദപുസ്തകവും പത്തുകല്പനകളും അനുസരിച്ചു ജീവിക്കുവാനുള്ള മാർഗ്ഗരേഖകൾ*

ശരിയായിട്ടുള്ള ജീവിതത്തിന് പത്തുകല്പനയും വേദപുസ്തകവും എന്തുമാത്രം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്നു മനസ്സിലാക്കുന്നതിന് കല്പനയിലേക്കുള്ള ഒരു സംക്ഷിപ്തമായ നോട്ടം സഹായിക്കും. പത്തുകല്പനകളെ രണ്ടായി തരംതിരിക്കാം. ആദ്യത്തെ നാല് ദൈവവുമായിട്ടുള്ള നമ്മുടെ ബന്ധവും, അവസാനത്തെ ആറ് മറ്റു മനുഷ്യരോടുള്ള നമ്മുടെ ബന്ധവും സൂചിപ്പിക്കുന്നു. പുറപ്പാട് 20:3-17 വരെയുള്ള ഭാഗത്ത് ഇത് രേഖപ്പെടുത്തിയിരിക്കുന്നു.

**ആദ്യത്തെ രണ്ടു കല്പനകൾ ദൈവത്തോടുള്ള നമ്മുടെ ബന്ധത്തേയും, ദൈവാരാധനയേയും സൂചിപ്പിച്ചിരിക്കുന്നു.**

1. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്.

2. ഒരു വിഗ്രഹം ഉണ്ടാക്കരുത്... അവയെ നമസ്കരിക്കുകയോ, സേവിക്കുകയോ ചെയ്യരുത്.

**മൂന്നും നാലും കല്പനകൾ ദൈവത്തോടുള്ള നമ്മുടെ ബന്ധവും വിശുദ്ധദിവസത്തോടുള്ള ബന്ധവും കാണിക്കുന്നു.**

3. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്...

4. ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. എഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു...

അഞ്ചും ഏഴും കല്പനകൾ നമ്മുടെ കുടുംബത്തെ സംരക്ഷിക്കുന്നു.

5. അപ്പനേയും അമ്മയേയും ബഹുമാനിക്ക...

7. വ്യഭിചാരം ചെയ്യരുത്

**കല്പന 6,8,9,10 നമ്മെ സാമൂഹിക ബന്ധങ്ങളിൽ സംരക്ഷിക്കുന്നു**

6. കുല ചെയ്യരുത്.

8. മോഷ്ടിക്കരുത്.

9. കൂട്ടുകാരന്റെ നേരെ കള്ള സാക്ഷ്യം പറയരുത്.

10. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്.... യാതൊന്നിനേയും മോഹിക്കരുത്.

## *4. പത്തുകല്പനകളെക്കുറിച്ച് യേശു എന്തു പറഞ്ഞു?*

ഒരിക്കൽ യേശു ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ചെറുപ്പക്കാരൻ ഓടിവന്ന് ചോദിച്ചു: "ഗുരോ, നിത്യജീവനെ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം" മത്താ. 19:16. സമ്പത്തിന്റെ പ്രശ്നവുമായി മല്ലടിക്കുകയായിരുന്നു താൻ എന്ന് യേശു മനസ്സിലാക്കി അവനോട്, നിനക്കുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്കാനും കല്പന അനുസരിക്കാനും ഉപദേശിച്ചു (മത്താ. 19:17).

ചെറുപ്പക്കാരൻ യേശുവിന്റെ രോഗനിർണ്ണയത്തെ വഴിമാറ്റുവാൻ, എതു കല്പനയെക്കുറിച്ചാണ് എന്ന് ചോദിക്കുന്നു. യേശു പത്തുകല്പനയിലെ പലതിനേയും ഉദ്ധരിച്ചു. വാക്യം.18,19.

അവസാനം ധനികനായ ആ ചെറുപ്പാക്കാരൻ സങ്കടത്തോടുകൂടെ പൊയ്ക്കളഞ്ഞു. വാക്യം 20-22. അവന് പത്തു കല്പന ശരിയെന്നു സമ്മതിക്കാൻ കഴിഞ്ഞു. എന്നാൽ കൽപനയുടെ ആത്മീക വശത്തെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. തന്റെ സ്വാർത്ഥത വെടിയാതെ അതു ചെയ്യാൻ സാധിക്കുമായിരുന്നില്ല.

ദൈവവും മനുഷ്യരുമായിട്ട് ഒരു ആരോഗ്യകരമായ ബന്ധം കെട്ടിപ്പടുക്കുന്നതിനും അതിന്റെ അതിരുകൾ നിർണ്ണയിക്കുന്നതിനും വളരുന്നതിനും സാധിക്കും. അനുസരണമാണ് ശരിയായ സന്തോഷത്തിലേക്കുള്ള വഴിയെന്നു യേശു കാണിച്ചു.

***"ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും. എന്റെ സന്തോഷം നിങ്ങളിൽ ഇരിപ്പാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു" യോഹ.15:10,11.***

## *5. സന്തോഷ ജീവിതത്തിലേക്ക് വഴി കാട്ടി*

സന്തോഷത്തിനുവേണ്ടിയുള്ള ശലോമോൻ രാജാവിന്റെ അന്വേഷണത്തിന്റെ വിവരണമാണ് സഭാപ്രസംഗിയുടെ പുസ്തകം. ഈ ലോകത്തിന്റെ സമ്പത്തിൽ സന്തോഷം കണ്ടെത്താനുള്ള തന്റെ ഉദ്യമത്തെ നാം കാണുന്നു. ആഡംബര കൊട്ടാരങ്ങൾ, മുന്തിരിത്തോട്ടങ്ങൾ , ഉദ്യാനങ്ങൾ, മധുരഫല വൃക്ഷത്തോട്ടങ്ങൾ തുടങ്ങിയവയായിരുന്നു അത്. അനേക ദാസീദാസന്മാരെ താൻ സമ്പാദിച്ചു. ഒരു മനുഷ്യന് ആഗ്രഹിക്കാൻ കഴിയുന്ന എല്ലാവിധമായ ഭൗമീക കാര്യങ്ങളും താൻ നേടി. എന്നാൽ തനിക്ക് സന്തോഷം ലഭിച്ചില്ല. താൻ എഴുതി:

***"ഞാൻ എന്റെ കൈകളുടെ സകല പ്രവൃത്തിക***

***ളെയും ഞാൻ ചെയ്വാൻ ശ്രമിച്ച സകല പരിശ്രമങ്ങ ളെയും നോക്കി; എല്ലാം മായയും വൃഥാപ്രയത്നവും അത്രേ; സൂര്യന്റെ കീഴിൽ യാതൊരു ലാഭവും ഇല്ല എന്നു കണ്ടു" സഭാപ്രസംഗി 2:11.***

തുടർന്ന് ശലോമോൻ, സന്തോഷം കണ്ടെത്താമെന്ന പ്രത്യശയോടെ ഈ ലോകത്തിന്റെ മറ്റ് സുഖങ്ങളി ലേയ്ക്കു തിരിഞ്ഞ താൻ മദ്യത്തിലും സ്ത്രീജനങ്ങളിലും പാട്ടുകളിലും ആശ്രയിച്ചു, അവസാനം:

***"ഹാ മായ, മായ, സകലവും മായ അത്രേ എന്നു സഭാപ്രസംഗി പറയുന്നു" സഭാ.12:8.***

ശലോമോൻ ഒരിക്കൽ ദൈവം നല്ലവനാണെന്ന് രുചി ച്ചറിഞ്ഞതാണ്. തന്റെ നേരത്തേയുള്ള ദൈവത്തോട് അനുസരണമുള്ള ജീവിതവും, പിന്നീട് പാപത്തിന്റെ താല്ക്കാലിക മോഹത്തിലൂടെ സന്തോഷം കണ്ടെത്താ നുള്ള പോക്കിനെയും തുലനം ചെയ്ത് അവസാനം വിധി കല്പിക്കുന്നു.

***"എല്ലാറ്റിന്റെയും സാരം കേൾക്കുക, ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക; അതു ആകുന്നു സകല മനുഷ്യർക്കും വേണ്ടുന്നതു" സഭാ.പ്ര. 12:13.***

ഒരു കാട്ടാള ജീവിതത്തിലൂടെയുള്ള കുറുക്കുവഴി യിൽ സന്തോഷം കണ്ടെത്താമെന്ന് ശലോമോൻ ചിന്തിച്ചു. എന്നാൽ ജീവിതാന്ത്യത്തിൽ തന്റെ തെറ്റിനെ അംഗീക രിക്കുന്ന ഒരു മനുഷ്യനായിത്തീർന്നു. അതേ തെറ്റിൽ നിന്ന് മറ്റുള്ളവരെ രക്ഷിക്കാൻ താൻ എഴുതി:

***"ന്യായപ്രമാണം കാത്തുകൊള്ളുന്നവനോ ഭാഗ്യ വാൻ"സദൃ. 29:18.***

## *6. പത്തുകല്പനകൾ ഒഴിവാക്കാൻ പാടി ല്ലാത്ത പുതിയനിയമ മാർഗ്ഗദർശി*

പുതിയ നിയമത്തിൽ യാക്കോബ് സാക്ഷിക്കുന്നു:

***"ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസ രിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകല ത്തിനും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യ രുതെന്ന് കല്പിച്ചവൻ കുലചെയ്യരുതെന്നും കല്പിച്ചി രിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കുലചെ യ്യുന്നു എങ്കിൽ ന്യായപ്രമാണം ലംഘിക്കുന്നവനായി ത്തീർന്നു. സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരിക്കയും പ്രവർത്തിക്കയും ചെയ്വിൻ" യാക്കോ. 2:10-12.***

ബാപ്റ്റിസ്റ്റ് പ്രസംഗകനായിരുന്ന ചാൾസ് സ്പർജൻ ഒരിക്കൽ ഇപ്രകാരം പ്രഖ്യാപിച്ചു: "ദൈവകല്പന ദിവ്യ കല്പനയാണ് - വിശുദ്ധം, സ്വർഗ്ഗീയം, പൂർണ്ണവുമാണ്... കൂടുതലായിട്ട് ഒരു കല്പനയും ഇല്ല, കുറവായിട്ടും ഒരു കല്പനയും ഇല്ല, പക്ഷേ അത് ഒന്നിനോടും താരതമ്യം ചെയ്യാനാവാത്തവിധം അതിന്റെ പൂർണ്ണത സ്വർഗ്ഗീയമാ ണെന്നുള്ളതിന്റെ തെളിവാണ്."

മെഥഡിസ്റ്റ് സഭയുടെ സ്ഥാപകരിൽ ഒരാളായിരുന്ന ജോൺ വെസ്‌ലി ഈ കല്പനയുടെ നിലനിൽക്കുന്ന സ്വഭാവത്തെപ്പറ്റി : "പത്തുകല്പനയിൽ അടങ്ങിയിരി ക്കുന്ന സാന്മാർഗ്ഗിക നിയമം... യേശു നീക്കിക്കളഞ്ഞില്ല... എക്കാലത്തും ഈ കല്പനകളുടെ എല്ലാ ഭാഗവും സകല മനുഷ്യവർഗ്ഗത്തിന്റെമേലും നിലനില്ക്കും" Sermons, Vol.1. pp. 221,222. ബില്ലിഗ്രഹാം ലോകത്തിലെ എറ്റവും ബഹുമാന്യനായ ഇവാഞ്ചലിക്കൽ സുവിശേഷ കൻ, പത്തുകല്പനയെ അത്യധികം പുകഴ്ത്തുകയും, ക്രിസ്ത്യാനിക്കുവേണ്ടി അതിന്റെ പ്രാധാന്യതയെക്കുറിച്ച് ഒരു പുസ്കതം തന്നെ എഴുതുകയും ചെയ്തു.

## *7. അനുസരണത്തിനുള്ള ശക്തി*

സന്തോഷ ജീവിതത്തിലേക്കുള്ള മാറ്റമില്ലാത്തതും ഒഴിച്ചുകൂടാൻ പാടില്ലാത്തതും പരിപൂർണ്ണവുമായ ഒരു വഴികാട്ടിയാണ് വേദപുസ്കതവും പത്തുകല്പനകളും. എങ്കിലും പലരും ഇന്നും സംഘട്ടനത്തിലാണ്. ഒരു സ്ത്രീ ഇപ്രകാരം പറഞ്ഞു:

"പത്തുകല്പനകൾ ബന്ധിക്കുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. അനുസരണം സന്തോഷത്തിലേക്ക് നയി ക്കുന്നു. എന്റെ കഴിവനുസരിച്ച് അതനുസരിക്കാൻ ശ്രമി ച്ചു, പക്ഷേ സാധിക്കുന്നില്ല. ആർക്കും അത് സാദ്ധ്യവുമ ല്ലെന്നു ഞാൻ വിശ്വസിക്കാൻ തുടങ്ങി. ദൈവത്തിന്റെ പത്തുകല്പനയനുസരിച്ചു ജീവിക്കണം എന്നുള്ളതാണ് സാധാരണയായി മനുഷ്യന്റെ ആഗ്രഹം. എന്നാൽ ആ ഉദ്യമത്തിന് മറുപടി ഒരു ഇരുണ്ട ഹൃദയമുള്ള മനുഷ്യനു ലഭിക്കുന്നത് നിഷ്പ്രയോജനമായതാണ്. എനിക്ക് അനു സരിക്കാൻ പറ്റില്ല," എന്തുകൊണ്ട്?

***"ജഡത്തിന്റെ ചിന്ത ദൈവത്തോടു ശത്രുത്വം ആകുന്നു; അതു ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പെടുന്നില്ല, കീഴ്പെടുവാൻ കഴിയുന്നതുമല്ല" റോമ 8:7.***

പത്തുകല്പനയുടെ ഉദ്ദേശമെന്ത്?

***"അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തി കളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീക രിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്" റോമ.3:20***

കല്പനയുടെ ചുമതല, നാം പ്രത്യാശയില്ലാതെ നഷ്ടപ്പെട്ട പാപികളാണെന്നും ഒരു രക്ഷകന്റെ ആവശ്യ മുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയും മാത്രമാണ്.

***"അങ്ങനെ നാം വിശ്വസത്താൽ നീതീകരിക്കപ്പെ ടേണ്ടതിന്നും ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്ക ലേക്കു നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു" ഗലാ. 3:24.***

യേശുവാണ് മറുപടി. നമ്മുടെ നിസസ്സഹായാവസ്ഥ യിൽ യേശുവിന്റെ പാദത്തിൽ സമർപ്പിച്ചുകഴിയുമ്പോൾ, വിശ്വാസത്താൽ നമുക്ക് പാപക്ഷമലഭിക്കുകയും, തന്റെ കല്പന അനുസരിക്കാനുള്ള ശക്തി യേശുവിൽ നിന്ന് ലഭിക്കുകയും ചെയ്യും.

## *8. സ്നേഹത്തോടെയുള്ള പത്തുകല്പനാനുസരണം*

സ്നേഹത്തിന്റെ ഫലമാണ് അനുസരണം എന്ന് യേശു നമ്മോടു പറയുന്നു.

***"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" യോഹ.14:15.***

നാം ദൈവത്തെ സ്നേഹിക്കുന്നു എങ്കിൽ ആദ്യത്തെ നാലു കല്പനകളെ നാം അനുസരിക്കും. അത് ദൈവത്തോടുള്ള നമ്മുടെ ബന്ധമാണ്. നാം മനുഷ്യരെ സ്നേഹിക്കുന്നെങ്കിൽ അവസാനത്തെ ആറ് കല്പനകളെ അനുസരിക്കും. അത് അവരോടുള്ള നമ്മുടെ ബന്ധത്തെ കാണിക്കുന്നു.

പത്തുകല്പനയെ ചവിട്ടിക്കളയുന്ന ഒരാളണെങ്കിൽ:

***"പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നെ" 1 യോഹ.3:4.***

എന്നാൽ ദൈവത്തിനു സ്തോത്രം, ഏക ഉദ്ദേശത്തിനുവേണ്ടി ഈ ലോകത്തിൽ വന്ന് മരിച്ചു, ഉയിർത്തെഴുന്നേൽക്കുകയും ഇന്നും ജീവിക്കുന്നവനുമായ ഒരു രക്ഷകൻ നമുക്കുണ്ട്.

***"പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു. അവനിൽ പാപം ഇല്ല." വാക്യം.5***

നമ്മുടെ രക്ഷകൻ നമ്മോടു ക്ഷമിക്കുന്നു. നമ്മുടെ പാപാവസ്ഥയെ നമ്മിൽനിന്ന് നീക്കുന്നു (1 യോഹ. 1:9). തന്നെയുമല്ല സ്വാർത്ഥതയുടെയും പാപത്തിന്റെയും സ്ഥാനത്ത് നമ്മെ സ്നേഹിക്കുന്നു.

***"പ്രത്യശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ?" റോമ. 5:5.***

ദൈവത്തിന്റെ കല്പന അനുസരിക്കുവാൻ ജന്മനാലുള്ള ഒരു കഴിവ് നമ്മിൽ ഇല്ല. ദൈവസ്നേഹം നമ്മിലേക്ക് പകരുന്നു... ഹൃദയത്തിലേക്ക് പകരുന്നു. അതു മാത്രമാണ് നമ്മുടെ പ്രത്യാശ.

## *9. ദൈവത്തിന്റെ കൃപയും കൽപനയുടെ അനുസരണവും*

രക്ഷ ഒരു ദാനമാണ്. അത് നമുക്ക് സ്വയം സമ്പാദിക്കാൻ കഴിയില്ല, അതു വിശ്വാസത്താൽ മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. നമുക്ക് നീതികരണം ലഭിക്കുന്നു. അത് ദൈവത്തിന്റെ ദാനം ആണ്. അതു മുഴുവനായും ദൈവകൃപമൂലം ലഭിക്കുന്നതാണ്.

***"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു" എഫെ.2:8***

നമ്മുടെ സ്വന്തം പ്രവൃത്തികളെക്കൊണ്ട് എത്രശ്രമിച്ചാലും ദൈവകല്പന അനുസരിക്കാൻ സാദ്ധ്യമല്ല. രക്ഷ പ്രാപിക്കാൻ വേണ്ടി കല്പന അനുസരിക്കാനും കഴിയില്ല പക്ഷേ നാം വിശ്വസത്തോടുകൂടെ യേശുവിന്റെ അടുത്ത് നമ്മെ ഏല്പിച്ചു കഴിയുമ്പോൾ നാം രക്ഷിക്കപ്പെടുകയും അവന്റെ സ്നേഹം നമ്മുടെ ഹൃദയത്തെ നിറയ്ക്കുകയും ചെയ്യും. ഈ ദിവ്യകൃപയിലും അംഗീകാരത്തിലും നാം യേശുവിനെ പിൻതുടരുകയും അനുസരിക്കുകയും ചെയ്യുന്നു. അത് നമ്മുടെ ഹൃദയത്തിലുള്ള തന്റെ സ്നേഹത്തിന്റെ ശക്തിയാലും ആണ് (റോമ. 5:5).

അപ്പൊസ്തലനായ പൌലൊസ് നമ്മുടെ ഉദ്യമത്തിന്റെ ഫലമില്ലായ്മയും രക്ഷയ്ക്കുവേണ്ടി നാം ന്യായപ്രമാണത്തിന്റെ കീഴിൽ അല്ലെന്നും കാണിക്കുന്നു, എന്നാൽ "കൃപയിലാണ്."

***"എന്നാൽ എന്ത്? ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരു നാളും അരുത്" റോമ. 6:15.***

എന്തുകൊണ്ട്? കാരണം സ്നേഹത്താൽ പ്രചോദിതമായ ഒരു ഹൃദയത്തിന് സ്നേഹത്തിൽ അധിഷ്ഠിതമായ അനുസരണ ജീവിതമേ കാഴ്ചവെയ്ക്കാൻ കഴിയൂകയുള്ളൂ. (റോമ.13:10). യേശുവിനെ സ്നേഹിക്കുക എന്നാൽ യേശുവിനെ അനുസരിക്കുക എന്നാണ്.

***"എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു" യോഹ.14:21.***

എറിക് ലിഡൽ, വിശദീകരിക്കുന്നത് ഒരു വിശ്വാസിയുടെ എത്ര മോശമായ പരിതഃസ്ഥിതിയിലും ദൈവകരങ്ങളിൽ ഏൽപിക്കപ്പെട്ടു കഴിയുമ്പോൾ തങ്ങൾക്ക് സംതൃപ്തിയുള്ള അനുസരണ ജീവിതം കാഴ്ചവെയ്ക്കാൻ കഴിയും എന്നുള്ളതാണ്. ഉൽക്കണ്ഠയും ഭയവും നിറഞ്ഞ സാഹചര്യത്തിലും ലിഡൽ കൃപയുടെ ശക്തിപ്രഭാവത്തെ വിശദീകരിക്കുന്നവൻ ആയിരുന്നു. യേശുവിനോടു ഉണ്ടായിരുന്ന തന്റെ സ്നേഹബന്ധം, പരിശുദ്ധാത്മാവിനോടൊത്തു ശക്തീകരിച്ച് "ന്യായപ്രമാണത്തിന്റെ നീതീ നിവൃത്തിയാകേണ്ടതിന്" പ്രാപ്തനാക്കി (റോമ.8:1-4). മരിച്ചുയിർത്ത രക്ഷകനുമായിട്ടുള്ള സ്നേഹബന്ധത്തിന് അപ്രകാരം ചെയ്യാൻ സാധിക്കും.

ഈ രഹസ്യം താങ്കൾ കണ്ടത്തിയോ? യേശുവിന്റെ നിങ്ങളോടുള്ള സ്നേഹം നിങ്ങളുടെ പാപങ്ങൾക്കുവേണ്ടി തന്റെ ജീവനെ നൽകാൻ മുഖാന്തരമായിത്തീർന്നു. നിങ്ങളുടെ എല്ലാ ബന്ധങ്ങളും യേശുവിന്റെ സ്നേഹത്തിൽ ആയിരിപ്പാൻ യേശു നിങ്ങളെ ക്ഷണിക്കുന്നു. അങ്ങനെയെങ്കിൽ തന്റെ ഹിതം ചെയ്വാൻ നിങ്ങളുടെ ജീവിതങ്ങളെ യേശു ക്രമപ്പെടുത്തും (എബ്രാ. 13:21). എന്താണ് നിങ്ങളുടെ പ്രതികരണം?

# കണ്ടെത്തുക



## സന്തോഷത്തിന്റെ രഹസ്യം

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക***

1,2. **വേദപുസ്തകം**

______ നിങ്ങളെയും എന്നെയുംപോലെയുള്ള ആളുകളുടെ കഥ നിറഞ്ഞതാണ്.

______ ഒരു ഉറ്റ കൂട്ടുകാരനിൽ നിന്നുള്ള കത്തുപോലെയാണ്.

3. **പത്തുകല്പനകൾ**

______ വേദപുസ്തകം എന്തു പഠിപ്പിക്കുന്നു എന്ന് ചുരുക്കിപ്പറയുന്നു.

______ ശരിയായ ജീവിതത്തിനുള്ള അടിസ്ഥാനമാണ്.

ആദ്യത്തെ നാല് കല്പനകൾ വ്യക്തമാക്കുന്നത് നമ്മുടെ

______ ദൈവത്തോടുള്ള ബന്ധം ______ മറ്റുള്ളവരോടുള്ള ബന്ധം

4. **ധനികനായ യുവാവിനോട് യേശു ഉപദേശിച്ചത്**

______ കല്പനകൾ പഴയനിയമകാലത്തേക്ക് മാത്രമുള്ളവയാണ്.

______ കല്പനകൾ അനുസരിക്കുന്നതിന്

5. **യേശു പറയുന്നതനുസരിച്ച് കല്പനകൾ നൽകിയത്**

______ നമുക്ക് നിബന്ധനകൾ ഏർപ്പെടുത്തുന്നതിന്––സന്തുഷ്ടജീവിതത്തിനു സഹായിക്കാൻ.

6. **പുതിയനിയമമനുസരിച്ച് കല്പനകൾ**

______ പ്രാധാന്യമുള്ളതാണ് ______ കാലാനുസൃതമല്ല.

7.8. **കല്പനകളുടെ ഉദ്ദേശം**

______ പാപം ചൂണ്ടിക്കാണിക്കുന്നതിനും നമ്മുടെ സ്വന്തം ശക്തിയാൽ ഒരു ലക്ഷ്യത്തിലെത്തിച്ചേരുന്നതിനുമാണ്

______ പാപം ചൂണ്ടിക്കാണിക്കുന്നതിനും നമ്മെ പാപത്തിൽ നിന്നും രക്ഷിക്കുന്ന യേശുവിലേക്ക് നടത്തുന്നതിനും

9,10 **ഒരു വ്യക്തി രക്ഷ പ്രാപിക്കുന്നത്**

______ ക്രിസ്തുവിന്റെ കൃപയാൽ ______ കല്പനയുടെ അനുസരണത്താൽ

ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലുമുള്ള വിശ്വാസത്തിൽക്കൂടെ കൃപയാൽ രക്ഷിക്കപ്പെട്ട ഒരു വ്യക്തി

______ കല്പനാനുസരണത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

______ ക്രിസ്തുവിനെ സ്നേഹിക്കുകയും സ്വാഭാവികമായി കല്പന അനുസരിക്കുകയും ചെയ്യുന്നു.

**ഹൃയപൂർവ്വമായ ചോദ്യം : നിങ്ങളുടെ ഹൃദയത്തിൽ യേശു ദൈവകല്പനകൾ എഴുതണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?**

# കണ്ടെത്തുക

പഠനസഹായി 16

# സ്വർഗ്ഗീയ സ്വസ്ഥതയുടെ രഹസ്യം

**ചി**ല വർഷങ്ങൾക്കു മുമ്പ് കുറെപേർ പ്രവചിച്ചു. നമുക്ക് ഇതുകൊണ്ട് എന്തു ചെയ്യണമെന്ന് അറിയാൻ കഴിയാത്തത്ര അധികം വിശ്രമസമയം ഉണ്ടായിരിക്കും. അപ്രകാരം മുൻകൂട്ടി പറഞ്ഞതിന് കാരണങ്ങൾ ഉണ്ടായിരുന്നു. ലോക നഗരങ്ങളിൽ മാസങ്ങളോളമുള്ള ജോലികൾ കമ്പ്യൂട്ടറുകൾ ചില നിമിഷങ്ങൾകൊണ്ട് ചെയ്തുതീർക്കും. വൻ വാണിജ്യ കേന്ദ്രങ്ങളിലെ എത്ര ദുർഘടമായ വേലയും റോബോട്ടുകൾ ഏറ്റെടുക്കാൻ തുടങ്ങി.

എന്നാൽ കമ്പ്യൂട്ടറുകൾ കുതിച്ചുയരുകയും, തനിയെ പ്രവർത്തിക്കുന്ന സജ്ജീകരണങ്ങൾ ഒക്കെ കൂടുന്നു എങ്കിലും മനുഷ്യന് ശ്വാസം വിടാൻ സമയം ഇല്ലാത്ത സാഹചര്യം ആണ് ഇന്ന്. ഈ നാളുകളിൽ സമയം ഇല്ലാതെ മനുഷ്യൻ വിഷമിക്കുന്നു. കുടുംബത്തിൽ കാര്യങ്ങൾ ചെയ്യാൻ സമയം ഇല്ല. ഭാര്യാഭർത്താക്കന്മാർക്ക് തങ്ങളുടെ കുഞ്ഞുങ്ങളുമായി നല്ല രീതിയിൽ സമയം ചിലവഴിക്കാൻ പറ്റുന്നില്ല. അതുപോലെ പരസ്പരമുള്ള കാര്യങ്ങൾക്കും.

ഒരു ചെറിയ സമൂഹത്തിൽ നടന്ന ഒരു പഠനം തെളിയിക്കുന്നത് പിതാക്കന്മാർ തങ്ങളുടെ ചെറുപുത്രന്മാരോടൊത്ത് ഒരു ദിവസം ചിലവഴിക്കുന്നത് വെറും 37 സെക്കന്റു മാത്രമാണ്. കുടുംബങ്ങൾ സമയം ഇല്ലാതെയും ബന്ധപ്പെടാതെയും തുടർന്നുപോകുന്നു. എങ്ങനെ എപ്രകാരം സാവധാനത്തിലായാൽ ഇതിനൊക്കെ അല്പസമയം ലഭിക്കും ?

## *1. ഉൽക്കണ്ഠാകുലമായ ജീവിതത്തിന് പ്രതിവിധി*

ഉൽക്കണ്ഠയിൽ ആയിരിക്കുന്ന കുടുംബങ്ങളെക്കുറിച്ചും അവരുടെ പ്രശ്നങ്ങളെക്കുറിച്ചും യേശുവിന് അറിയാം...അതുപോലെ ആത്മീയ സ്വസ്ഥത നല്ല ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് യേശുവിനറിയാം.

***"അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻസൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽഎന്റെ നുകം ഏറ്റു കൊണ്ട് എന്നോട് പഠിപ്പിൻ;എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും" മത്താ. 11:28,29.*** ഇപ്രകാരമുള്ള സ്വസ്ഥത നാം രണ്ടു തരത്തിൽ അനുഭവിക്കാൻ വേദപുസ്തകം നമ്മോട് ആവശ്യപ്പെടുന്നു. അത് ഓരോ ദിവസവും, ആഴ്ചതോറും കർത്താവിലേക്ക് അടുത്തുവന്നാണ്.

## *2. ഓരോ ദിവസവും യേശുവിനോടുള്ള ബന്ധം*

യേശുവിന്റെ സാന്നിദ്ധ്യത്തിനു വേണ്ടി ജനം തുടരെ യേശുവിന്റെ അടുത്തു വന്നുകൊണ്ടിരുന്നു. തന്റെ ചുറ്റും കൂടിയവരോട് ശാന്തമായും, തൃപ്തികരമായും അവൻ ഓരോരുത്തരോടും ബന്ധപ്പെട്ടു. എങ്ങനെയാണ് അത്? ഓരോ ദിവസവും താൻ തന്റെ സ്വർഗ്ഗീയ പിതാവുമായി സമയം ചിലവിട്ടിരുന്നു. ദൈനംദിന ജീവിതത്തിലെ വെല്ലുവിളികളെ നേരിടാൻ ഉള്ള മാർഗ്ഗം തനിക്കു ലഭിച്ചത് പിതാവിനോടുള്ള തന്റെ ആശ്രയത്തിൽ നിന്നാണ്. (യോഹ. 6:57)

യേശു നയിച്ചതുപോലെ ഒരു നല്ല ജീവിതം നയിക്കണമെങ്കിൽ നാം എപ്പോഴും യേശുവിൽ ആശ്രയിക്കണം. യേശുവിന്റെ വചനവും, ആത്മാവും കൊണ്ട് നമ്മെ നിറയ്ക്കണം. നമ്മുടെ കുടുംബ ബന്ധങ്ങളെ ശിഥിലപ്പെടുത്തുകയും വ്യക്തിബന്ധങ്ങളെ തകർക്കുകയും ചെയ്യുന്ന ശക്തികളെ എതിർക്കണമെങ്കിൽ നാം ഏകാഗ്രമായി നല്ലൊരു സമയം യേശുവുമായി ചിലവഴിക്കണം. അവൻ നമ്മോടു പറയുന്നു:

***"എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും; കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വന്തമായി കായ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴികയില്ല... എന്നെ പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്‌വാൻ കഴികയില്ല" യോഹ. 15:4,5.***

ഓരോ ദിവസവും യേശുവുമായിട്ടുള്ള ഈടാർന്ന ബന്ധത്തിലൂടെ ലഭിക്കാവുന്ന ആത്മികമുഖാന്തരങ്ങളാണ് ഇന്ന് ക്രിസ്ത്യാനികൾക്ക് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ളത്. നമ്മുടെ യേശുവുമായിട്ടുള്ള ബന്ധത്തിൽ ഏറ്റവും കൂടുതൽ വിഷയീഭവിക്കുന്നത് കാൽവരിയിൽ നമുക്കുവേണ്ടി യേശു പൂർത്തീകരിച്ച വേലയാണ്. ശരിയായിട്ടുള്ള സ്വസ്ഥതയും സുരക്ഷിതത്വവും നിലനിൽക്കാൻ സാധിക്കുന്നത് "നിവൃത്തിയായി" (യോഹ. 19:30) എന്ന് യേശു നിലവിളിച്ചുകൊണ്ട് തന്റെ മരണസമയത്ത് നേടിയതുകൊണ്ടാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തന്റെ വീണ്ടെടുപ്പിൻവേല പൂർത്തീകരിച്ചു എന്നാണ്.

***"എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്തയാഗംകൊണ്ടും പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി" എബ്രാ. 9:26.***

യേശു മരിച്ചപ്പോൾ പാപത്തിനു പരിഹാരം വരുത്തി.

അതുകൊണ്ടാണ് പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച ഒരു വ്യക്തിക്ക് യേശുക്രിസ്തുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിൽ സ്വസ്ഥത ലഭിക്കുന്നത്. നാം അംഗീകരിക്കപ്പെട്ടു.

നമ്മുടെ ഭയാനകമായ ജീവിതചര്യകളുടെ പിന്നിൽ കുറ്റബോധം കിടക്കുന്നു. എന്നാൽ കാൽവരിയിൽ യേശു ആ കുറ്റബോധത്തിന് പരിഹാരം വരുത്തി. നിവൃത്തിയായി എന്നുള്ള യേശുവിന്റെ നിലവിളി "ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്ന വാഗ്ദത്തിന്റെ ഉറപ്പാക്കപ്പെട്ട അവസ്ഥയാണ് കാണിക്കുന്നത്. രക്ഷണ്യവേല യേശു കാൽവരിയിൽ പൂർത്തീകരിച്ച (തീത്തൊ 2:14) ശേഷം ശബ്ബത്തിൽ കല്ലറയിൽ സ്വസ്ഥമായിരുന്നു, തുടർന്ന് മരണത്തിന്റേയും, പാപത്തിന്റേയും മേൽ വിജയം വരിച്ചവനായി ഞായറാഴ്ച രാവിലെ ഉയിർത്തെഴുന്നേറ്റു. ഒരു ക്രിസ്ത്യാനിക്ക് യേശുവിന്റെ പൂർത്തീകരിക്കപ്പെട്ട വേലയിൽ ആശ്വസിക്കുന്നതുപോലെ ഉറപ്പ് വേറെ മറ്റൊന്നിലുമില്ല.

***"വിശ്വാസത്തിന്റെ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക...വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ" (എബ്രാ. 10:22, 23).***

വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനായതുകൊണ്ട് യേശു വാഗ്ദത്തം ചെയ്ത രക്ഷയുടെ സ്വസ്ഥതയിലേക്ക് (ആശ്വാസത്തിലേക്ക്) നമുക്ക് പ്രവേശിക്കാം. ഉറപ്പും സമാധാനവും ആശ്വസവും നാം അനുഭവിക്കുന്നത് നാം എന്തെങ്കിലും ചെയ്തതുകൊണ്ടല്ല, അത് യേശു കാൽവരിയിൽ പൂർത്തീകരിച്ചതുകൊണ്ടാണ്.

യേശുവിൽ നമ്മുക്ക് സ്വസ്ഥരായിരിക്കാം, കാരണം രക്ഷ ഉറപ്പാണ്. ആ ഉറപ്പ് യേശുവിനോടൊത്ത് സമയം ചിലവഴിക്കുന്നതിനും തന്റെ വചനം പഠിക്കുന്നതിനും പ്രാർത്ഥനയിലൂടെ സ്വർഗ്ഗീയമായ അനുഭവത്തിൽ ജീവിക്കുന്നതിനും ഇടയാക്കുന്നു. യേശുവുമായിട്ടുള്ള ഒരു നിരന്തരബന്ധം നമ്മുടെ ഉൽക്കണ്ഠാകുലമായ ജീവിതശൈലിയെ സമാധാനപരവും, ഉദ്ദേശശുദ്ധിയുള്ളതുമാക്കാൻ സാഹായിക്കുന്നു.

## 3. ആഴ്ചതോറും യേശുവുമായുള്ള ബന്ധം

യേശു ഈ ലോകത്തെ ആറു ദിവസംകൊണ്ട് സൃഷ്ടിച്ച ശേഷം (കൊലൊ.1:16,17) ശബ്ബത്തിന്റെ സ്വസ്ഥത നൽകി. ആഴ്ചതോറും യേശുവുമായി ബന്ധം പുലർത്താനുള്ള ഒരവസരമാണ് നമ്മുക്ക് ഒരുക്കിയിരിക്കുന്നത്.

***"താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം. ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്ത ശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും അന്ന് നിവൃത്തനായതുകൊണ്ട് ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ച് ശുദ്ധീകരിച്ചു." ഉല്പ. 1:31, 2:3.***

അവരുടെ സ്രഷ്ടാവായ യേശു ആദാമിനോടും ഹവ്വയോടും ചേർന്ന് സ്വസ്ഥമായിരുന്നു. താൻ അതിനെ അനുഗ്രഹിച്ച് "വിശുദ്ധ"മാക്കിത്തീർത്തു. ദൈവം ഒരു ഏഴുദിവസ ആഴ്ചവട്ടം സ്ഥാപിച്ചത് തന്റെ കാര്യത്തിനു വേണ്ടിയായിരുന്നില്ല. ആദാമിനും ഹവ്വയ്ക്കും ഇന്ന് നമുക്കും വേണ്ടിയായിരുന്നു. താൻ ഉണ്ടാക്കിയ ജനത്തിനു വേണ്ടി താൻ കരുതൽ ഉള്ളവനാകയാൽ, അവരുടെ ജീവിതകാലം മുഴുവൻ ഏഴാം ദിവസം ദൈവത്തിന്റെ സാന്നിദ്ധ്യം അവർക്കാവശ്യമാണ്. ദൈവം പറഞ്ഞിരിക്കുന്നതുപോലെ, ഓരോ ശബ്ബത്തും അവർക്ക് ശാരീരികവും ആത്മീകവുമായ ആശ്വാസത്തിനും സ്വസ്ഥതയ്ക്കും വേണ്ടിയുള്ളതാണ്. ലോകത്തിൽ പാപത്തിന്റെ പ്രവേശനം, ശബ്ബത്തിന്റെ സ്വസ്ഥത കൂടുതൽ ആവശ്യമാക്കിത്തീർത്തു.

ആദാമിനും ഹവ്വയ്ക്കും, "സ്വസ്ഥത" വാഗ്ദാനം ചെയ്ത അതേ രക്ഷകൻ ഏതാണ്ട് രണ്ടായിരം വർത്തിനു ശേഷം, സീനായി മലയിൽവെച്ച് മോശയ്ക്ക് നിയമം കൊടുത്തു (1 കൊരി. 10:1-4). ശബ്ബത്തിന്റെ സ്വസ്ഥത പത്തുകല്പനയുടെ ഹൃദയഭാഗത്തായിരിക്കാൻ യേശു തിരഞ്ഞെടുത്തു. നാലാം കല്പന ഇപ്രകാരം വായിക്കുന്നു:

***"ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേലയൊക്കെയും ചെയ്ക. ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും, നിന്റെ വേലക്കാരനും വേലക്കാരത്തിയും, നിന്റെ കന്നുകാലികളും നിന്റെ പടിവാതിൽക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുത്. ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ട് യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു പുറ. 20:8-11.***

"ആകാശവും ഭൂമിയും ഉണ്ടാക്കിയ ദൈവത്തെ "ഓർക്കുന്ന"തിനു വേണ്ടിയാണ് ദൈവം ശബ്ബത്തിനെ സ്ഥാപിച്ചത്. ശബ്ബത്ത് സ്വസ്ഥത ഓരോ ആഴ്ചയിലും അതിനെ അനുഗ്രഹിക്കയും വേർതിരിക്കയും ചെയ്ത ദൈവത്തോട് നമ്മെ ബന്ധിപ്പിക്കുന്നു.

യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ലഭിച്ച അവസരങ്ങൾ ഒക്കെയും തന്റെ പിതാവുമായി ഏകീഭവിക്കുന്നതിന് ഉപയോഗിച്ചിരുന്നു. ശബ്ബത്ത് ആരാധനയിലൂടെ ഈ കാര്യം സാധിച്ചിരുന്നതായി ലൂക്കൊസ് പറയുന്നു.

***"അവൻ വളർന്ന നസറെത്തിൽ വന്നു; ശബ്ബത്തിൽ തന്റെ പതിവുപോലെ പള്ളിയിൽ ചെന്ന് വായിപ്പാൻ എഴുന്നേറ്റുനിന്നു" ലൂക്കൊ. 4:16***

ദൈവവും മനുഷ്യനും ആയിരുന്ന യേശുവിന്, ശബ്ബത്തിൽ തന്റെ പിതാവിന്റെ സന്നിധിയിൽ ശബ്ബത്ത് സ്വസ്ഥത ആവശ്യമായിരുന്നുവെങ്കിൽ., മനുഷ്യരായ

നമുക്ക് ഇത് തീർച്ചയായും കൂടുതൽ ആവശ്യമാണ്. യഹൂദന്മാർ ശബ്ബത്തിന്മേൽ ഏൽപിച്ചിരുന്ന നിയന്ത്രണങ്ങൾ യേശു നീക്കിക്കളഞ്ഞപ്പോൾ (മത്താ 12:1-12) മനുഷ്യന് പ്രയോജനപ്പെടുന്നതിനാണ് ദൈവം അത് നല്കിയതെന്ന് യേശു ചൂണ്ടിക്കാണിച്ചു.

***"പിന്നെ അവൻ അവരോടു: മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല; ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്; അങ്ങനെ മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവു ആകുന്നു എന്നു പറഞ്ഞു." മർക്കൊ. 2:27, 28.***

യേശു മരണത്തിൽപോലും ശബ്ബത്തിന്റെ പ്രത്യേകതയെ എടുത്തുകാണിക്കുന്നു. യേശു വെള്ളിയാഴ്ച മരിച്ചു. "അന്നു ഒരുക്കദിവസം, ശബ്ബത്തും ആരംഭിച്ചു" (ലൂക്കൊ. 23:54). ആ സമയത്ത് താൻ പ്രഖ്യാപിച്ചു, "നിവൃത്തിയായി", അതായത് മനുഷ്യവർഗ്ഗത്തിനു വേണ്ടി ഈ ഭൂമിയിലേക്ക് വന്ന തന്റെ വേല പൂർത്തിയായ (യോഹ. 19:30; 4:34; 5:30) ശേഷം, ദൗത്യത്തിന്റെ പൂർത്തീകരണം ആഘോഷിക്കാൻ ശബ്ബത്തിൽ കല്ലറയിൽ സ്വസ്ഥമായിരുന്നു.

യേശു തന്റെ സൃഷ്ടിപ്പിൻ വേല ആറുദിവസം കൊണ്ട് പൂർത്തീകരിച്ച് ഏഴാംദിവസം സ്വസ്ഥമായിരുന്നതുപോലെ, താൻ കാൽവരിയിൽ യാഗമായി തന്റെ വീണ്ടെടുപ്പിന്റെ വേല ആറു ദിവസംകൊണ്ട് പൂർത്തീകരിച്ച് ഏഴാം ദിവസം സ്വസ്ഥമായിരുന്നു.

ഞായറാഴ്ച രാവിലെ കല്ലറയിൽ നിന്നും പുറത്തു വന്ന യേശു ജയാളിയായ രക്ഷകനായിരുന്നു (ലൂക്കൊ. 24:1-7). തന്റെ പുനരുത്ഥാനത്തിനു ശേഷവും ശബ്ബത്തിൽ ആരാധന തുടരണമെന്ന് ശിഷ്യന്മാരോടു പറഞ്ഞിരുന്നു. യെരൂശലേമിന്റെ നാശത്തെക്കുറിച്ച് സംസാരിച്ചു കൊണ്ട്, ഏതാണ്ട് നാൽപതു വർഷത്തിനു ശേഷം സംഭവിക്കുന്ന ആ കാര്യം ഉദ്ധരിച്ചുകൊണ്ട് യേശു പറഞ്ഞു:

***"എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശീതകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ" മത്താ. 24:20.***

നമ്മുടെ രക്ഷകൻ, തന്റെ ശിഷ്യന്മാരും അവരുടെ പിൻതുടർച്ചക്കാരും യേശു പഠിപ്പിച്ചത് പിൻതുടരണമെന്ന് ആഗ്രഹിച്ചിരുന്നു (യോഹ 15:15, 16). രക്ഷയുടെ സ്വസ്ഥതയും ശബ്ബത്തിന്റെ സ്വസ്ഥതയും അവർ അനുഭവിക്കണമെന്ന് യേശു ആഗ്രഹിച്ചിരുന്നു. അവർ അവനെ നിരാശപ്പെടുത്തിയില്ല. തന്റെ മരണത്തിനുശേഷം ശിഷ്യന്മാർ തുടർന്നും ശബ്ബത്ത് അനുസരിച്ചു. (ലൂക്കൊ. 23:54-56; അപ്പൊ. പ്ര. 13:14; 16:13; 17:2; 18:1-4)

തന്റെ പ്രിയനായ യോഹന്നാൻ ആഴ്ചതോറും യേശുവുമായിട്ടുള്ള ബന്ധം ശബ്ബത്തിൽ തുടർന്നു. തന്റെ പിന്നീടുള്ള ജീവിതത്തിൽ ഇപ്രകാരം എഴുതി: "കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി" (വെളി. 1:10). യേശുവിനെ സംബന്ധിച്ചിടത്തോളം കർത്തൃദിവസം ശബ്ബത്താണ്, കാരണം "മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു" (മത്താ. 12:8).

രണ്ടു വലിയ കാര്യങ്ങൾ യേശു നമുക്കുവേണ്ടി ചെയ്തത് നാം ശബ്ബത്തിൽ ആഘോഷിക്കുന്നു: അത് നമ്മെ സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും ആകുന്നു. ഈ ശബ്ബത്ത് അനുഭവം സ്വർഗ്ഗത്തിലും തുടരും.

***"ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനില്ക്കുന്നതു പോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും എന്നു യഹോവയുടെ അരുളപ്പാട്. പിന്നെ അമാവാസി തോറും ശബ്ബത്തു തോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്കരിപ്പാൻ വരും എന്നു യഹോവ അരുളിച്ചെയ്യുന്നു" യെശ. 66:22, 23.***

## 4. ശബ്ബത്ത് സ്വസ്ഥതയുടെ നേട്ടങ്ങൾ

മനുഷ്യർ തങ്ങളുടെ വിറപൂണ്ട ജീവിതത്തെ പരസ്പരം ചവിട്ടി മെതിക്കയാണ്. വ്യക്തികൾ പ്രതിസന്ധിയിലാണ്. കുടുംബങ്ങൾ നിരാശയിൽ കൂപ്പുകുത്തുന്നു. എന്നാൽ നല്ല ജീവിതം നയിക്കുന്നതിന് ശബ്ബത്തിനെ ദൈവം നല്കിയിരിക്കുന്നു. ശബ്ബത്ത് സ്വസ്ഥതയുടെ ചില പ്രത്യേക നേട്ടങ്ങൾ നമുക്ക് പരിശോധിക്കാം:

1. **സൃഷ്ടിപ്പിന്റെ സ്മാരകമാണ് ശബ്ബത്ത്, അതിനെ നാം ശുദ്ധീകരിക്കുമ്പോൾ ദൈവത്തിന് നാം ഒരു സ്മാരകം പണിയുകയാകുന്നു.** ദൈവത്തിന്റെ സൃഷ്ടിപ്പിൽ ലോകത്തിൽ നമ്മുടെ വേരു തേടുകയാണ് അതിന്റെ വിശുദ്ധ മണിക്കൂറുകളിൽ നാം ചെയ്യുന്നത്. എന്നാണ് നിങ്ങൾ ഒരു പാറയിലൂടെ ഒഴുകിവരുന്ന അരുവിയിൽ കുടുംബമായി ചിലവിടുകയോ, ഒരു വനത്തിൽ അതിന്റെ മനോഹാരിത പങ്കിടുകയോ ചെയ്തിട്ടുള്ളത്? ദൈവം നമുക്കു വേണ്ടി ചെയ്ത അത്ഭുതങ്ങളുടെ ഒരു അനുഭവം അവിടെ അനുഭവിക്കാൻ കഴിയും.

2. **മറ്റ് ക്രിസ്ത്യാനികളുമായി ആരാധാനയുടെയും, കൂട്ടായ്മയുടെയും സന്തോഷം അനുഭവിക്കാൻ സാധിക്കുന്നു.** നാം ഒന്നിച്ച് ദൈവത്തെ പുകഴ്ത്തുമ്പോൾ അതൊരു വലിയ നേട്ടമാണ്, സന്തോഷമാണ്. അത് നമ്മുടെ ആത്മിക ബാറ്ററി വീണ്ടും ശക്തീകരിക്കുന്ന അവസരമാണ്.

3. **നല്ല പ്രവൃത്തികൾ ചെയ്യുവാനുള്ള അവസരം ശബ്ബത്ത് നമുക്കു നൽകുന്നു.** സമയം ഇല്ലാതെയിരിക്കുമ്പോൾ, നിങ്ങളുടെ ഒരു അയൽവാസി സുഖമില്ലാതെയോ ഒരു ഭർത്താവിന്റെ മരണത്തിൽ ദുഃഖിതയായിരിക്കുന്ന സ്നേഹിതയ്ക്കുവേണ്ടി കാതോർക്കുവാൻ, സഹതപിക്കുവാൻ, ശ്രദ്ധ ചെലുത്തുവാൻ ആവശ്യം ഉണ്ടോ ? യേശു ഉപദേശിച്ചു: "ശബ്ബത്തിൽ നന്മ ചെയ്യുന്നതു വിഹിതം തന്നേ" (മത്താ. 12:12).

4. **കുടുംബ ബന്ധങ്ങൾ ശക്തീകരിക്കുന്നതിനുള്ള അവസരമാണ് ശബ്ബത്ത്.** ശബ്ബത്തിൽ ഒരു വേലയും ചെയ്യരുതെന്ന് യേശു പറഞ്ഞപ്പോൾ (പുറ. 20:10) വേലയെ ശരണം ആക്കിയിരിക്കുന്ന പിതാക്കന്മാർക്കും, ഉൽക്കണ്ഠാകുലരായ അമ്മമാർക്കും മറ്റൊരു നല്ല നിർദ്ദേശവും

തരുവാൻ യേശുവിന് ഇല്ലായിരുന്നു. കുടുംബങ്ങൾക്ക് തങ്ങളുടെ പ്രവൃത്തി നിർത്തിവെക്കുന്നതിനുള്ള ഒരു വലിയ അടയാളമാണ് ശബ്ബത്ത്. സമ്മർദ്ദങ്ങളെ പ്രാർത്ഥനയായിട്ടും, അദ്ധ്വാനത്തെ ഉല്ലാസമായിട്ടും തിരക്കിട്ടുള്ള കാര്യങ്ങളെ വളരെ ശാന്തമായിട്ടും കൈകാര്യം ചെയ്യുവാനുള്ള സമയമാണ് ശബ്ബത്ത്. ആത്മികശക്തി കൈവരിക്കുന്നതിനും, ദൈവവുമായി നല്ല ബന്ധം പുലർത്തുന്നതിനും കുടുംബത്തെ മുഴുവൻ ശബ്ബത്ത് സഹായിക്കുന്നു.

**5. ശബ്ബത്ത് വിശേഷവിധിയായി യേശു അടുത്തു വരുന്ന സമയമാണ്.** എല്ലാ ബന്ധങ്ങൾക്കും ഒരു നല്ല അവസരം ആവശ്യമാണ്. യേശുവുമായിട്ടുള്ള ബന്ധത്തിനും അത് ഒഴിവാക്കിയിട്ടില്ല. ആഴ്ചയിൽ ഒരു ദിവസം യേശുവിനുവേണ്ടി നീക്കി വെയ്ക്കുന്നത് യേശുവുമായിട്ടുള്ള ബന്ധം പുതുമയുള്ളതും, ആശ്ചര്യഭരിതവും ആക്കുന്നതാണ്. ശബ്ബത്ത് അധിക സമയം വേദപഠനത്തിനും, പ്രാർത്ഥനയ്ക്കും, ശാന്തസ്ഥലത്ത് ഏകാന്തമായിരിക്കുന്നതിനും യേശുവിനെ കേൾക്കുന്നതിനും ഉള്ള അവസരമാണ്. തന്റെ സാന്നിദ്ധ്യവാഗ്ദാനത്തോടെ യേശു "ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു" (ഉല്പ. 2:3 ). ശബ്ബത്തായി ആഴ്ചയുടെ ഏഴാം ദിനമായ ശനിയാഴ്ച ആചരിക്കുന്നത് എന്തുകൊണ്ട് പ്രധാനമാണെന്നു നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയും, കാരണം, നാമുമായി ഒരു പ്രത്യേക വിധത്തിൽ സമ്പർക്കം പുലർത്തുന്നതിന് സൃഷ്ടിപ്പിൽ ക്രിസ്തു തന്നെ മാറ്റി വെച്ച ദിവസമാണത്.

യേശു ശബ്ബത്തിനെ സൃഷ്ടിച്ചപ്പോൾ നമ്മുടെ തലമുറയെ തന്റെ മനസ്സിൽ കണ്ടിരുന്നു. നമ്മുടെ മാനസിക സംഘർഷം നിറഞ്ഞ സാഹചര്യങ്ങളിൽ യഥാർത്ഥത്തിൽ നമുക്കാവശ്യമാരിക്കുന്നത്: എല്ലാത്തിൽ നിന്നും വിരമിച്ച് ഒരു സമ്പൂർണ്ണ ദിനമാണ്. മറ്റു കാര്യങ്ങൾക്കു പകരം, ദൈവത്തെ ആരാധിക്കുന്നതിനും, സൃഷ്ടിപ്പുമായി വീണ്ടും സമ്പർക്കം പുലർത്തുന്നതിനും, ബന്ധങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിനുമായി ഒരു ദിവസം.

## *5. സ്വർഗ്ഗീയ സ്വസ്ഥതയുടെ ഒരു മുൻകുറി.*

ഓരോ ദിവസവും ആഴ്ചതോറും യേശുവുമായിട്ടുള്ള കൂട്ടായ്മയുടെ നേട്ടത്തെ ചുരുക്കമായി "സ്വസ്ഥത" എന്ന വാക്കിൽ ഉൾക്കൊള്ളിക്കാം. ശബ്ബത്ത് എന്ന വാക്ക് ഒരു എബ്രായ പദത്തിൽ നിന്നും വന്നതും. അതിന്റെ അർത്ഥം "സ്വസ്ഥത" എന്നുമാണ്. അതുകൊണ്ട് ഏഴാം ദിനത്തെ സ്വസ്ഥതയ്ക്കുള്ള ശബ്ബത്ത് എന്ന് വേദപുസ്തകം പറയുന്നതിൽ തെറ്റില്ല. (ലേവ്യ. 23:3)

***"ഏഴാം നാളിൽ ദൈവം തന്റെ സകല പ്രവൃത്തികളിൽ നിന്നും നിവൃത്തിയായി എന്നു ഏഴാം നാളിനെക്കുറിച്ചു ഒരിടത്തു പറഞ്ഞിരിക്കുന്നു. ...ആകയാൽ ദൈവത്തിന്റെ ജനനത്തിന് ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക" എബ്രാ. 4: 4-11.***

സ്വർഗ്ഗത്തിൽ നാം അനുഭവിക്കാൻ പോകുന്ന പരിപൂർണ്ണ സ്വസ്ഥതയുടെ ഒരു പ്രതിരൂപമാണ് ആഴ്ചതോറും നാം അനുഭവിക്കുന്ന "ശബ്ബത്ത് സ്വസ്ഥത." ഈ സ്വസ്ഥത ഒരു പ്രവൃത്തി ഇല്ലാത്തതല്ല, അത് സുരക്ഷിതത്വത്തിന്റേയും സമാധാനത്തിന്റേയും നന്മയുടേയും വാസ്തവമായ സന്തുഷ്ട ജീവിതത്തിന്റേയും മുഖാന്തരമാണ്. അനുഭവത്തിലൂടെ മാത്രമേ ഇപ്രകാരമുള്ള ആത്മീക സ്വസ്ഥതയെ അംഗീകരിക്കാൻ സാധിക്കുകയുള്ളൂ. ശബ്ബത്തിന്റെ സ്വസ്ഥതയും രക്ഷയുടെ സ്വസ്ഥതയും അനുഭവിച്ചവരുടെ സാക്ഷ്യങ്ങൾ ലോകവ്യാപകമാണ്. "ദിവസംതോറും, ആഴ്ചതോറും യേശുവുമായി ഈ സ്വസ്ഥതയുടെ ബന്ധത്തിൽ പ്രവേശിച്ചാൽ, ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം നിങ്ങൾ കണ്ടെത്തും."

ഈ സ്വസ്ഥതയുടെ ദാനത്തിനുവേണ്ടി യേശുവിന് നിങ്ങൾ നന്ദിപറയുമോ ? ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനും ദിനതോറുമുള്ള രക്ഷാസ്വസ്ഥതയുടെ വാഗ്ദത്തത്തിനുവേണ്ടിയും, അവനുമായി നിങ്ങളുടെ ബന്ധം ഉറപ്പിക്കുന്നതിന് ആഴ്ചതോറും ശബ്ബത്ത് സ്വസ്ഥതയുടെ വാഗ്ദത്തത്തിനായും നിങ്ങൾ അവനോടു നന്ദി പറയുമോ? ഒരിക്കലും നിങ്ങൾ അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ അവൻ വാഗ്ദാനം ചെയ്യുന്ന രക്ഷ നിങ്ങൾ സ്വീകരിക്കുമോ? ഓരോ ആഴ്ചയും അവന്റെ ശബ്ബത്ത് അനുസരിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് അവനോട് പറയുവാൻ നിങ്ങൾ ഇഷ്ടപ്പെടുമോ? അതേ, കർത്താവേ എന്നു പറയുവാൻ നിങ്ങൾക്ക് ഇഷ്ടമാണോ? ആ തീരുമാനം എന്തുകൊണ്ട് ഇപ്പോൾ എടുത്തുകൂടാ?

നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകും: ആരാണ് ഏഴാം ദിന ശബ്ബത്തിനെ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനമായ ഞായറാഴ്ചയിലേക്ക് മാറ്റിയതെന്ന്. എന്നാണ് ആ മാറ്റം ഉണ്ടായത്? ദൈവം ആ മാറ്റം അനുവദിച്ചോ? ഈ ചോദ്യങ്ങൾക്കു മറുപടി 21-ാം പാഠത്തിൽ നാം പഠിക്കും.

# കണ്ടെത്തുക

## ഉത്തരക്കടലാസ് 16

## സ്വർഗ്ഗീയ സ്വസ്ഥതയുടെ രഹസ്യം

***ശരിയായ ഉത്തരത്തിനു മുമ്പിൽ X എന്ന അടയാളമിടുക.***

1.2. ഓരോ ദിവസവും യേശുവിൽ ആശ്രയിക്കുന്നതിൽക്കൂടെ നമുക്ക് ഉൽക്കണ്ഠ നേരിടുവാൻ കഴിയും
_______ യേശു ദിവസവും തന്റെ പിതാവിൽ ആശ്രയിച്ചതിൽക്കൂടെ ഉൽക്കണ്ഠയെ നേരിട്ടു.

3. **ക്രിസ്തു ആദ്യമായി ശബ്ബത്ത് സ്ഥാപിച്ചത്.**

_______ സൃഷ്ടിപ്പു സമയത്തുതന്നെ നമ്മുടെ വിശ്രമത്തിനും അനുഗ്രഹത്തിനും പ്രയോജനത്തിനുമായി.

_______ സീനായി മലയിൽ വെച്ച് ദൈവം യിസ്രായേലിന് പത്ത് കല്പന കൊടുത്തപ്പോൾ

**പുതിയനിയമം അനുസരിച്ച്:**

_______ ഓരോ ആഴ്ചയിലും ശബ്ബത്തിലുള്ള നമ്മുടെ വിശ്രമം സ്രഷ്ടാവുമായി സമയം ചിലവിടുവാൻ സഹായിക്കുന്നു.

_______ ശബ്ബത്തിൽ ആരാധിക്കുന്നത് യേശുവിന്റെ പതിവായിരുന്നു.

_______ നമുക്കുവേണ്ടിയാണ് ശബ്ബത്ത് സ്ഥാപിക്കപ്പെട്ടതെന്ന് യേശു പഠിപ്പിച്ചു.

_______ തന്റെ മരണത്തിനുശേഷം യേശു ശബ്ബത്തുദിവസം കല്ലറയിൽ വിശ്രമിച്ചു.

_______ തന്റെ ഉയിർപ്പിനു ശേഷം ശിഷ്യന്മാർ ശബ്ബത്തിൽ സ്വസ്ഥമായിരിക്കുന്നതിന്റെ പ്രയോജനമനുഭവിക്കണമെന്ന് യേശു ആഗ്രഹിച്ചു.

_______ അപ്പൊസ്തലനായ യോഹന്നാൻ കർത്തൃദിവസത്തിൽ ആത്മവിവശനായി എന്നു പറയുന്നത് ഏഴാംദിന ശബ്ബത്തിൽ ആയിരുന്നു.

4. **ശബ്ബത്ത് അനുസരിക്കുന്നത് ഒരു അവസരമാണ്.**

_______ ശബ്ബത്തിന്റെ സ്രഷ്ടാവായ യേശുവുമായി സമയം ചിലവിടുന്നതിന്

_______ മറ്റുള്ളവരുമായി ആരാധനയുടേയും കൂട്ടായ്മയുടെയും സന്തോഷം അനുഭവിക്കുന്നതിന്

_______ആവശ്യത്തിലിരിക്കുന്ന ഒരു സ്നേഹിതനെ സന്ദർശിക്കുന്നതിന് അവസരം കണ്ടെത്തുവാൻ.

_______ ഒരുമിച്ച് സമയം ചെലവിടുന്നതിൽക്കൂടെ കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന്.

ഞങ്ങൾ നിങ്ങളിൽ തല്പരരാണ്. നിങ്ങൾ കരുതലോടെ മറുപടി പറയുകയാണെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം തരണമെന്ന് താൽപര്യപ്പെടുന്നു.

1. ഏഴാംദിന ശബ്ബത്ത് ശനിയാഴ്ചയാണെന്ന് നിങ്ങൾ ഇത് ആദ്യമായിട്ടാണോ കേട്ടത് ? _______
2. ഏഴാംദിവസം ശബ്ബത്തായി ആചരിക്കുന്ന ആരെയെങ്കിലും നിങ്ങൾക്കറിയാമോ ? _______
3. ശബ്ബത്ത് ആചരിക്കുന്ന ഒരു സഭയെ നിങ്ങൾ എപ്പോഴെങ്കിലും സന്ദർശിച്ചിട്ടുണ്ടോ ? _______
4. ശബ്ബത്ത് വിശുദ്ധമായി ആചരിച്ച് അതിന്റെ നന്മകൾ അനുഭവിക്കുന്നതിനെക്കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? _______

ഏഴാം ദിനമായ ശനിയാഴ്ചയാണ് ശബ്ബത്തെന്ന് വേദപുസ്തകം ഇത്രയും വ്യക്തമായി പഠിപ്പിക്കുമ്പോൾ ക്രിസ്ത്യാനികളധികവും ഞായറാഴ്ച ആചരിക്കുന്നതെന്തുകൊണ്ടാണെന്ന് നിങ്ങൾ ആശ്ചര്യപ്പെടുകയായിരിക്കും. ഇങ്ങനെ ഒരു ആചരണം എപ്പോൾ ? എങ്ങനെ ആരംഭിച്ചു ? കണ്ടെത്തുക എന്ന 21-ാം പാഠം ഉത്തരം നൽകും.

# കണ്ടെത്തുക



## പങ്കുവെയ്ക്കലിലൂടെയുള്ള വളർച്ചയുടെ രഹസ്യം

**മി**സ്റ്റർ കോമോറിയുടെ ഭവനത്തിൽ മറ്റ് അതിഥികളോടൊപ്പം ലാറിയും ചായസല്ക്കാരം ആസ്വദിച്ച് നർമ്മസംഭാഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അപ്പോൾ യാതൊരു മുന്നറിയിപ്പുമില്ലാതെ മറ്റുള്ള അതിഥികളെല്ലാവരും തങ്ങളുടെ ബൈബിളുകൾ പുറത്തെടുത്തു. എല്ലാവരും പ്രതീക്ഷയോടെ ലാറിയെ നോക്കി. "ഇപ്പോൾ ഞങ്ങൾക്കു വേദപഠനം നൽകാൻ അങ്ങേക്കു കഴിയുമോ?" മിസ്റ്റർ കോമോറി ചോദിച്ചു.

ലാറിയുടെ മുഖം മങ്ങി. ഇതു തമാശയ്ക്കുവേണ്ടിയുള്ള ഒരു ഒത്തുചേരലായിട്ടു മാത്രമേ ലാറി കരുതിയിരുന്നുള്ളൂ. ഇപ്പോൾ എന്തു പറയണമെന്നറിയാതെ അവൻ വിഷമിച്ചു.

ലാറി ജോലി ചെയ്തുകൊണ്ടിരുന്ന, ജപ്പാനിലെ ക്രിസ്തീയ ഇംഗ്ലീഷ് സ്ക്കൂളിൽ അനേകം ബൈബിൾ ക്ലാസ്സുകൾ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ അതൊക്കെ നന്നായി ഒരുങ്ങിയിട്ടായിരുന്നു. യാതൊരു തയ്യാറെടുപ്പും കൂടാതെ പെട്ടെന്നൊരു ബൈബിൾ ക്ലാസ്സ് എടുക്കുകയെന്നുള്ള തല്പം പ്രയാസമായി തോന്നി. ലാറി ചെറുപ്പം മുതൽ ബൈബിൾ കഥകൾ ധാരാളം കേട്ടിട്ടുണ്ട്. എന്നാലതൊന്നും തന്റെ വ്യക്തിജീവിതത്തെ അല്പം പോലും സ്പർശിച്ചിട്ടില്ല. ദൈവത്തിനിഷ്ടമില്ലാത്ത ഒരു ജീവിതമാണിതുവരേയും താൻ നയിച്ചുകൊണ്ടിരിക്കുന്നത്. താൻ ഇന്നുവരെയും ജീവിതത്തിൽ അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത ഒരു ദൈവസ്നേഹത്തെക്കുറിച്ചെങ്ങനെ മറ്റുള്ളവരോട് സംസാരിക്കും.?

പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ആളുകളുടെ മദ്ധ്യേ ചിന്താമഗ്നനായിരിക്കുമ്പോൾ ഒരു ബൈബിൾ വാക്യം പെട്ടെന്നോർമ്മയിൽ വന്നു (ലൂക്കൊസ് 12:12). നിങ്ങൾ സംസാരിക്കേണ്ടതെന്തന്ന് ദൈവം നിങ്ങളുടെ നാവിൽ തരും എന്നവൻ ഓർത്തു. മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് തനിക്കേറ്റവും സുപരിചിതമായ മുടിയനായ പുത്രന്റെ കഥ പറയുവാനാരംഭിച്ചു.

ദൈവത്തിൽ നിന്നോടിയകലുന്നവരെപ്പോലും ദൈവം എത്രയധികം സ്നേഹിക്കുന്നു എന്നു വിവരിച്ചപ്പോൾ, താൻ തന്റെ ഹൃദയാന്തർഭാഗത്തുനിന്നു സംസാരിക്കുന്നതായി ലാറിക്കനുഭവപ്പെട്ടു. തന്റെ സ്വന്തം വാക്കുകൾ തന്നോടുതന്നെ സംവാദിക്കുന്നു. ദൈവം തന്നെ എത്രയധികം സ്നേഹക്കുന്നു എന്നു ജീവിതത്തിലാദ്യമായി ലാറി അനുഭവിച്ചറിഞ്ഞു.

അന്നു രാത്രി ലാറി തന്റെ കിടക്കയ്ക്കരികെ മുട്ടുകുത്തി, തന്റെ ജീവിതത്തിൽ യാഥാർത്ഥ്യമായിത്തീർന്ന ദൈവത്തിന്റെ മുമ്പാകെ ആത്മസമർപ്പണം ചെയ്തു. ദൈവസ്നേഹം പങ്കുവെയ്ക്കുന്നതൊരു അതുല്യമായ അനുഭവമായിത്തീർന്നു. അതിന്റെ മാധുര്യം അവന്റെ ആത്മാവിൽ നിറഞ്ഞു നിന്നു.

### *1. പങ്കുവെയ്ക്കലിലൂടെ വളരാൻ യേശു നമ്മെ വെല്ലുവിളിക്കുന്നു.*

ശിഷ്യന്മാർ മൂന്നരവർഷക്കാലം യേശുവിനോടൊപ്പം ജീവിച്ചു. യേശുവിന്റെ വാക്കുകളും പ്രവൃത്തികളും ഒടുവിലവന്റെ മരണവും ഉയിർത്തെഴുന്നേല്പും അവർ ഉൾക്കൊണ്ടു. കർത്താവു തന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പായി അവരോടു പറഞ്ഞു:

***"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ <u>നിങ്ങൾ ശക്തി ലഭിച്ചിട്ടു</u>... ഭൂമിയുടെ അറ്റത്തോളവും <u>എന്റെ സാക്ഷികൾ ആകും.</u> (അപ്പൊ. പ്ര. 1:18)***

കർത്താവിന്റെ ശിഷ്യന്മാർ പെന്തെകൊസ്ത് നാളിൽ തങ്ങളുടെ ഹൃദയം സമർപ്പണം ചെയ്തപ്പോൾ, ഉയിർത്തെഴുന്നേറ്റ ക്രിസ്തു പരിശുദ്ധാത്മ ശക്തിയാൽ അവരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തി. അവർ യേശുവിന്റെ ശാരീരിക പുനരുത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും മാത്രമല്ല, തങ്ങളുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തിയ യേശുവിന്റെ ഉയിർപ്പിൻ ശക്തിക്കും, സാക്ഷികളായി.

ക്രിസ്ത്യാനികളെന്ന നിലയിൽ, ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തുവാനുള്ള കർത്താവിന്റെ ശക്തി നാം അനുഭവിച്ചറിഞ്ഞിരിക്കയാൽ, യേശുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തിക്കു നാമും സാക്ഷികളാകുന്നു.

***"കരുണസമ്പന്നനായ <u>ദൈവമോ</u> നമ്മെ സ്നേഹിച്ച മഹാ സ്നേഹം നിമിത്തം <u>അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും</u> - കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു - ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ <u>തന്റെ കൃപയുടെ അത്യന്ത ധനത്തെ വരും കാലങ്ങളിൽ കാണിക്കേണ്ടതിനു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു</u> സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു" എഫെ. 2:4-7.***

ഒരു മനുഷ്യന്റെ ജീവിതത്തിൽ എന്തു ചെയ്യുവാൻ അവനു കഴിയുമെന്നുള്ള നല്ല വാർത്ത എല്ലാവരേയും അറിയിക്കണമെന്നും, പ്രസ്തുത പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരോടുംകൂടെ എല്ലാനാളും താൻ ഉണ്ടായിരിക്കുമെന്നും, അവൻ പറഞ്ഞിരിക്കുന്നു. (മത്തായി 28:19, 20)

"വോയ്സ് ഓഫ് പ്രോഫസി" എന്ന റേഡിയോ പ്രഭാഷണ പരമ്പരയുടെ ഉപജ്ഞാതാവായ ശ്രീ. എച്ച്.എം.എസ്. റിച്ചാർഡ്സ് ഒരിക്കൽ സാക്ഷീകരിച്ചു: "ക്രിസ്തുവിന്റെ സുവിശേഷം ശ്രവിച്ച മനുഷ്യരുടെ ഹൃദയങ്ങളിലെ രൂപാന്തരം ഞാൻ കണ്ടിട്ടുണ്ട്. ദൈവത്തിന്റെ സഭ സുവിശേഷവുമായി കടന്നുചെല്ലുന്നതുവരെ ദൈവത്തെക്കുറിച്ചോ, യേശുവിനെക്കുറിച്ചോ, ഒരിക്കലും അറിഞ്ഞിട്ടില്ലാത്ത ദേശങ്ങളിലൂടെ ഞാൻ യാത്ര ചെയ്തിട്ടുണ്ട്. അവിടത്തെ ജനങ്ങൾ അശുദ്ധിയിൽ നിന്നും വിശുദ്ധിയിലേക്കും, രോഗത്തിൽ നിന്നും ആരോഗ്യത്തിലേക്കും പിശാചുക്കളെക്കുറിച്ചുള്ള നിരന്തരമായ ഭയത്തിൽ നിന്ന് ക്രിസ്തീയ ജീവിതത്തിന്റെ സന്തോഷത്തിലേക്കും രൂപാന്തരപ്പെട്ടതു ഞാൻ കണ്ടു. സ്ത്രീകളുടെ പദവി ഉയർന്നു. ജാതീയ അന്ധകാരത്തിൽ നിന്ന് യഥാർത്ഥ ക്രിസ്തീയ ഭവനങ്ങൾ രൂപപ്പെടുന്നതും ഞാൻ കണ്ടു. ഞാൻ സന്ദർശിച്ച എല്ലാ രാജ്യങ്ങളിലും ജീവിതങ്ങൾ രൂപാന്തരപ്പെട്ടിരിക്കുന്നതു കാണാൻ സാധിച്ചു. ക്രിസ്തുവിന്റെ സുവിശേഷം "രക്ഷയ്ക്കായുള്ള ദൈവശക്തിയാകുന്നു" (റോമ 1:16) എന്ന് എനിക്കറിയാം. സഭ സുവിശേഷം പ്രസംഗിക്കുമ്പോൾ മനുഷ്യഹൃദയങ്ങളിലും ഭവനങ്ങളിലും മാറ്റങ്ങൾ സംഭവിക്കുകയും ലോകം അതു ദർശിക്കുകയും ചെയ്യും."

ആരോഗ്യകരമായ ക്രിസ്തീയ വളർച്ചയ്ക്ക് സുവിശേഷം പങ്കിടൽ ഒരു അത്യാവശ്യ ഘടകമാകയാൽ, ബലഹീനരായ മനുഷ്യർക്ക് ദൈവം സുപ്രധാനമായ സുവിശേഷവേലയിൽ ഒരു പ്രധാന പങ്കു കൊടുത്തിരിക്കുന്നു. നമ്മുടെ വിശ്വാസം ആരോഗ്യകരമായി നിലനില്ക്കണമെങ്കിൽ നാം വിശ്വാസത്തേക്കുറിച്ചു സാക്ഷീകരിക്കണം. ലാറിയുടെ വിസ്മയാവഹമായ കണ്ടെത്തൽപോലെ, നാം വിശ്വാസം പങ്കുവെയ്ക്കുമ്പോൾ നമുക്കതു കൂടുതൽ അനുഭവവേദ്യമാകുകയും വളരുവാൻ നമ്മെ സഹായിക്കുകയും ചെയ്യും.

## *2. ജീവിത മാതൃകയിലൂടെ നമ്മൾ ക്രിസ്തുവിനെ പങ്കുവെക്കുന്നു.*

ദുഷിച്ച ഭവനാന്തരീക്ഷത്തിൽ വളർന്നുവന്ന ഒരു യൗവ്വനക്കാരൻ ഒരിക്കൽ പറഞ്ഞു: "എന്റെ മാതാപിതാക്കളിലൂടെ ദൈവത്തേക്കുറിച്ചു വളരെ തെറ്റായ ഒരു ദർശനമാണെനിക്കു ലഭിച്ചത്. എന്നെ സ്നേഹിക്കുന്ന ഒരു മാതൃകയുള്ള ആരെയും ഞാനിന്നുവരെ കണ്ടിട്ടില്ല." ദൈവത്തെക്കുറിച്ച് ഒരു നല്ല ധാരണ നല്കുവാൻ കഴിവുള്ള ആളുകളെ സമൂഹത്തനിന്നാവശ്യമുണ്ട്. ദൈവീക സ്വഭാവം പ്രദർശിപ്പിക്കുന്ന "യഥാർത്ഥ ജീവിതം" ഉള്ള ആളുകളെ അവർക്കുവേണം. നമ്മുടെ ജീവിത ശൈലിയാണ് ഏറ്റവും ശക്തമായ പ്രസംഗം. പത്രൊസ് പറയുന്നു:

***"<u>നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു... ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു</u> അവരുടെ ഇടയിൽ <u>നിങ്ങളുടെ നടപ്പു നന്നായിരിക്കേണം... ക്രിസ്തുവും... ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു."</u> 1 പത്രൊസ് 2:12, 21.***

ക്രിസ്തു കാൽവരി ക്രൂശിൽ കഷ്ടം അനുഭവിച്ചതിനാൽ, ത്യാഗപൂർണ്ണമായ സ്നേഹത്തിന്റെ ഒരു മാതൃക നമുക്കുണ്ട്. യേശുവിന്റെ ആ സ്നേഹം മറ്റുള്ളവരോടുള്ള സ്നേഹ പ്രവൃത്തികളായി പുനരവതരിക്കുമ്പോൾ യേശുവിന്റെ കരങ്ങളിലേക്ക് അവിശ്വാസികൾ ആകർഷിക്കപ്പെടും.

## *3. ചിന്താശൈലിയിലൂടെ നമ്മൾ ക്രിസ്തുവിനെ പങ്കുവെക്കുന്നു.*

വിശപ്പ്, അഹങ്കാരം, മുൻവിധി മുതലായവയാൽ മരുഭൂമിയിൽ പിശാച് യേശുവിനെ പരീക്ഷിച്ചപ്പോൾ, തിരുവചനം ഉദ്ധരിച്ചുകൊണ്ടാണ് യേശു അവനെ നേരിട്ടത്. (മത്തായി 4: 4,7,10). യേശു തന്റെ മനസ്സിൽ ദൈവവചനം നിറച്ച് ഒരുക്കമുള്ളവനായിരുന്നു. യുദ്ധം വിജയിക്കുന്നതും പരാജയപ്പെടുന്നതും മനസ്സിൽ തന്നെയാണ്.

"ഒരുവൻ തന്റെ മനസ്സിൽ ചിന്തിക്കുന്നതെങ്ങനെയോ, അങ്ങനെയാകുന്നു അവൻ" സദൃ 23:7.

വളരുന്ന ക്രിസ്ത്യാനികൾ സ്വർഗ്ഗീയമായതു ചിന്തിക്കുന്നു. തങ്ങൾ നേടേണ്ടതായ സൽസ്വഭാവങ്ങളേക്കുറിച്ചവർ ചിന്തിക്കുന്നു.

***"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ;... ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു... ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽക്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ... സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും. ഫിലി. 4: 4-9.***

നാം നമ്മുടെ മനസ്സിൽ എന്തു നിറയ്ക്കുന്നു എന്നത്

എല്ലാ വ്യത്യാസവും ഉണ്ടാക്കുന്നു. ഉള്ളിൽ ചവറു നിറച്ചാൽ ചവറുതന്നെ പുറത്തുവരും. ഉള്ളിൽ ദൈവത്തിന്റെ വചനം നിറച്ചാൽ ദൈവീകമായ ജീവിതം പുറത്തുവരും.

## *4. പുറമേ കാണപ്പെടുന്ന വിധത്തിലൂടെ നാം ക്രിസ്തുവിനെ പങ്കുവെയ്ക്കുന്നു.*

ക്രിസ്തുവിന്റെ പ്രതിനിധിയെന്ന നിലയിൽ ക്രിസ്ത്യാനി എല്ലാറ്റിലും മിതത്വം പാലിക്കും.

***"വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നല്ല നടപ്പു കണ്ടറിഞ്ഞു... ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും, സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻതന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശവെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചത്" 1 പത്രൊസ് 3: 1-5.***

## *5. പ്രവർത്തന ശൈലിയിലൂടെ നമ്മൾ ക്രിസ്തുവിനെ പങ്കുവെക്കുന്നു.*

ഗലേറിയസ് പേർഷ്യക്കാരെ തോല്പിച്ചപ്പോൾ ഒരു പട്ടാളക്കാരന് മുത്തുകൾ നിറഞ്ഞ തിളക്കമുള്ള ഒരു ബാഗ് കിട്ടിയ കഥ എഡ്വേർഡ് ഗിബ്ബൺ എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. ആ പട്ടാളക്കാരൻ തിളങ്ങുന്ന സഞ്ചി ഒരു നിധിപോലെ സൂക്ഷിച്ചു, എന്നാൽ അതിനുള്ളിലുണ്ടായിരുന്ന വിലയേറിയ മുത്തുകൾ ദൂരെക്കളഞ്ഞു.

***"വിലയേറിയ മുത്താകുന്ന യേശുവിനെ ദൂരെയെറിഞ്ഞിട്ട്, ലൗകീക സന്തോഷത്തിന്റെ താല്കാലികമായ ആകർഷണവലയത്തിൽ ഭ്രമിച്ചുപോകുന്ന മനുഷ്യരുടെ അവസ്ഥ, ആ പടയാളിയുടേതിനേക്കാൾ നിർഭാഗ്യകരമാണ്. നിത്യരക്ഷയാണ് നഷ്ടപ്പെടുന്നത്." 1 യോഹ. 2:15-17 വായിക്കുക.***

മദ്യത്തിന്റെ പരസ്യങ്ങളിൽ ആർത്തുല്ലസിക്കുന്ന സൗന്ദര്യമുള്ള യൗവ്വനക്കാരെയാണ് നാം കാണുന്നത്. എല്ലാം നഷ്ടപ്പെട്ട് മരണാസന്നനായി വിറച്ചു നടക്കുന്ന ഒരു രൂപത്തെ ഒരിക്കലും പരസ്യങ്ങളിൽ കാണാറില്ല.

നാം മറ്റുള്ളവരുമായി അടുക്കുമ്പോൾ നമ്മുടെ ക്രിസ്തീയ തത്വങ്ങൾ ബലികഴിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. (2 കൊരി 6:14) അക്രൈസ്തവരുമായി സൗഹൃദബന്ധം സ്ഥാപിച്ച്, നാം അവരെ ക്രിസ്തുവിലേക്കാനയിക്കണം എന്നു കർത്താവാഗ്രഹിക്കുന്നു. വിശ്വാസം പങ്കിടാനുള്ള എളുപ്പവഴികളാണ് വ്യക്തിബന്ധങ്ങൾ. എന്നാൽ സ്നേഹിതർ നിങ്ങളെ പഴയ പാപവഴികളിലേക്ക് വീണ്ടും വലിച്ചിഴക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. നാം നമ്മുടെ മനസ്സിൽ എന്തു നിറയ്ക്കുന്നു എന്നതിനേക്കുറിച്ച് എപ്പോഴും ശ്രദ്ധയുള്ളവരായിരിക്കണം.

***"ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിനു മുന്നിൽ വെക്കുകയില്ല." സങ്കീ. 101:3***

***<u>"നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലതുഭാഗത്തു എന്നും പ്രമോദങ്ങളും ഉണ്ട്." സങ്കീ 16:11</u>***

## *6. നാം ദാനം ചെയ്യുന്ന രീതിയിലൂടെ ക്രിസ്തുവിനെ പങ്കുവെക്കുന്നു.*

പരേതനായ പാസ്റ്റർ എച്ച്.എം.എസ്. റിച്ചാർഡ്സ് സ്നാനക്കുളത്തിൽ വെച്ച് ഒരു പുതിയ വിശ്വാസിയുടെ ഉടുപ്പിന്റെ പോക്കറ്റിൽ പേഴ്സ് ഇരിക്കുന്നതു കണ്ടു. പണവും പേഴ്സും മാറ്റിവെക്കാൻ മറന്നുപോയോ എന്ന ദ്ദേഹം സ്നാനാർത്ഥിയോടു ചോദിച്ചു. മറന്നതല്ല, എന്നോടൊപ്പം എന്റെ പണപ്പേഴ്സും സ്നാനപ്പെടണം എന്ന ദ്ദേഹം മറുപടി പറഞ്ഞു. ക്രിസ്ത്യാനിത്വത്തിന്റെ യഥാർത്ഥ അർത്ഥം ആ മനുഷ്യൻ ഗ്രഹിച്ചിരുന്നു - മറ്റുള്ളവരെ സഹായിക്കുവാൻ വേണ്ടി ദാനം ചെയ്യുക. ദാനം ചെയ്യുന്നതിലൂട ക്രിസ്ത്യാനികൾ വളരുന്നു. അതുകൊണ്ടു കർത്താവുതന്നെ പറഞ്ഞു: "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് ഉത്തമം" അപ്പൊ. പ്ര 20:35.

***ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി നാം കൊടുക്കുന്ന എല്ലാ ദാനത്തിനും ഒരു നിത്യമായ മൂല്യമുണ്ട്. മത്താ. 6:19-21 വായിക്കുക.***

"ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളതാകുന്നു (സങ്കീ. 24:1) അതിലുള്ള പൊന്നും വെള്ളിയുമെല്ലാം അവന്റേതാകുന്നു. (ഹഗ്ഗാ. 2:8). നമ്മെ സൃഷ്ടിച്ചതിനാലും, സ്വന്തം രക്തത്താൽ വിലെക്കു വാങ്ങിയതിനാലും നാം അവനുള്ളവരാകുന്നു (1 കൊരി. 6:19,20). ധനമുണ്ടാക്കുവാനുള്ള ശേഷി അവൻ നമുക്കു തരുന്നതിനാൽ നമുക്കുള്ളതെല്ലാം ദൈവത്തിന്റേതാകുന്നു. (ആവ. 8.18).

സുവിശേഷം മറ്റുള്ളവരെ അറിയിക്കാൻവേണ്ടി നമ്മുടെ ധനം പങ്കുവെക്കുവാൻ ക്രൂശിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മെ എത്രമാത്രം ക്ഷണിക്കുന്നു.

***"മനുഷ്യനു ദൈവത്തെ തോല്പിക്കാമോ ? എങ്കിലും നിങ്ങൾ എന്നെ തോല്പിക്കുന്നു...<u>ദശാംശത്തിലും വഴിപാടിലും തന്നേ</u>... എന്നെ തോല്പിക്കുന്നതുകൊണ്ട് നിങ്ങൾ ശാപഗ്രസ്ഥരാകുന്നു... നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ. <u>ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ</u>***

***<u>കിളിവാതിലുകളെ തുറന്നു,</u> സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ" മലാ. 3:8-10.***

വരുമാനത്തിന്റെ പത്തിലൊന്നാകുന്നു ദശാംശം. വായിക്കുക (ആവ. 14:22; ഉല്പ. 28:22; 1 കൊരി. 9:14; മത്താ. 24:14)

ദശാംശം കൊടുക്കുവാൻ യേശുവും പഠിപ്പിച്ചു. (മത്താ. 23:23)

കാണിക്കകൾ സ്വന്തം തീരുമാനപ്രകാരം കൊടുക്കാവുന്നതാണ്. (2 കൊരി. 9:5-7)

ദൈവത്തിൽ നിന്നു വാങ്ങുന്നതിനേക്കാൾ അപ്പുറം കൊടുക്കുവാൻ ആർക്കും കഴിയില്ല.

***"കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും" ലൂക്കൊസ് 6:38.***

എച്ച്.എം.എസ്. റിച്ചാർഡ്സ് ഒരിക്കൽ തന്റെ അനുഭവം വിവരിച്ചു: "ജീവിതകാലം മുഴുവൻ ചൂതാട്ടം നടത്തിയ ഒരു മനുഷ്യൻ ലോസ് ഏഞ്ചൽസിൽ എന്റെ മീറ്റിംഗുകളിൽ സംബന്ധിച്ചു. ആഡിറ്റോറിയത്തിന്റെ പുറകുവശത്തു ഞാൻ ആ മനുഷ്യനുമായി സംസാരിച്ചത് ഒരിക്കലും മറക്കില്ല. അയാൾ തന്റെ സമ്പാദ്യം മുഴുവനും എന്നെ ഏല്പിച്ചിട്ടു പറഞ്ഞു, "ഇതെന്റെ ആദ്യത്തെ ദശാംശം ആകുന്നു."

അയാൾ ഒരു രോഗിയായിരുന്നു. കഴിഞ്ഞ നാല്പതു വർഷം ചൂതാട്ടമല്ലാതെ മറ്റൊരു ജോലിയും അയാൾ ചെയ്തിരുന്നില്ല. ഞാൻ ചോദിച്ചു: "നിങ്ങൾ എങ്ങനെയാണു ജീവിക്കാൻ പോകുന്നത് ?"

"അയാൾ മറുപടി പറഞ്ഞു, 'അഞ്ചോ, ആറോ ഡോളറേ എന്റെ കയ്യിൽ ബാക്കിയുള്ളൂ. പക്ഷേ, ഈ പണം ദൈവത്തിന്റേതാണ്.'

"വീണ്ടും ഞാൻ ചോദിച്ചു, "നിങ്ങൾ ഇനി എന്തു ചെയ്യും ?"

"എനിക്കറിയില്ല" അയാൾ മറുപടി പറഞ്ഞു.

"എന്നാൽ എന്റെ ദശാംശം ദൈവമുമ്പാകെ സമർപ്പിക്കണമെന്നും, ദൈവം എന്നെ കരുതിക്കൊള്ളുമെന്നും എനിക്കറിയാം."

"ദൈവം അയാളെ സംരക്ഷിച്ചു. അയാളുടെ മാനസാന്തരം യഥാർത്ഥമായിരുന്നു. അയാൾ സന്തോഷപ്രദമായ ഒരു ക്രിസ്തീയ ജീവിതം നയിച്ചു. മരണദിവസം വരെയും ദൈവം അയാളെ സംരക്ഷിച്ചു".

വിശ്വസ്തരായ എല്ലാ വിശ്വാസികളെയും ധനികരാക്കാമെന്നു ദൈവം വാഗ്ദത്തം ചെയ്തിട്ടില്ല. എന്നാൽ നമ്മുടെ കർത്താവു നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റുമെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്.

കർത്താവു നമുക്കു സർവ്വസും തന്നു. നമ്മുടെ ഹൃദയങ്ങളെ സമ്പൂർണ്ണമായി അവന്റെ മുമ്പാകെ സമർപ്പണം ചെയ്യാം. നമ്മുടെ ജീവിത ശൈലിയിലൂടെയും ചിന്തയിലൂടെയും പ്രവൃത്തിയിലൂടെയും ദാനം ചെയ്യുന്നതിലൂടെയും നമുക്കു യേശുവിനെ പങ്കുവെയ്ക്കാം. ക്രിസ്തുവിനെ മറ്റുള്ളവരുമായി പങ്കുവെയ്ക്കുന്നതിലും, അവന്റെ അത്ഭുതകരമായ കൃപയിൽ വളരുന്നതിലും ഉള്ള സന്തോഷം എന്തുകൊണ്ട് നമുക്ക് കണ്ടെത്തിക്കൂടാ?

# കണ്ടെത്തുക



## പങ്കുവെയ്ക്കലിലൂടെയുള്ള വളർച്ചയുടെ രഹസ്യം.

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക.***

1. **ക്രിസ്തുവിലുള്ള അവരുടെ വിശ്വാസം പങ്കിടുന്നത്**

_______ പങ്കിടുന്ന എല്ലാ ക്രിസ്ത്യാനികളേയും വളരാൻ സഹായിക്കും.

_______ തിരഞ്ഞെടുക്കപ്പെട്ട കുറച്ചു ക്രിസ്ത്യാനികൾക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു.

2. **എപ്പോഴും ക്രിസ്തുവിനെ പങ്കുവെക്കാനുള്ള ഏറ്റവും ശക്തമായ മാർഗ്ഗം**

_______ നിങ്ങളോടു യോജിക്കാത്ത വ്യക്തിയുമായി വാദപ്രതിവാദം നടത്തുന്നതിലൂടെയാകുന്നു.

_______ നമ്മൾ ജീവിക്കുന്ന രീതിയിലൂടെയാകുന്നു.

3. **നമുക്ക് പരീക്ഷകളുടെ മേൽ ഏറ്റവും നന്നായി വിജയിക്കുവാൻ കഴിയുന്നത്.**

_______ നമ്മുടെ ഹൃദയങ്ങളിൽ ദൈവവചനം നിറയ്ക്കുന്നതിലൂടെയാകുന്നു.

_______ നമ്മുടെ ഹൃദയങ്ങളിൽ മനഃശാസ്ത്ര തത്വങ്ങൾ നിറയ്ക്കുന്നതിലൂടെയാകുന്നു.

4. **ഒരു ക്രിസ്ത്യാനിക്കു ക്രിസ്തുവിനെ പങ്കുവെക്കുവാൻ കഴിയുന്നത്**

_______ ഒരു നല്ല ക്രിസ്ത്യാനിക്കു യോജിക്കുന്ന രീതിയിൽ പ്രത്യേകം തയ്യാറാക്കിയ വസ്ത്രങ്ങൾ ധരിക്കുന്നതിലൂടെയാകുന്നു.

_______ യോഗ്യമായ, ലളിതമായ വസ്ത്രങ്ങൾ ധരിക്കുന്നതിലൂടെ ആകുന്നു.

5. **ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം കാണുന്നതും ചെയ്യുന്നതുമായ കാര്യങ്ങൾക്ക്**

_______ നമ്മുടെ ആത്മീയ ജീവിതത്തിന്മേൽ ഒരു സ്വാധീനമുണ്ട്.

_______ ക്രിസ്തുവുമായുള്ള നമ്മുടെ അനുഭവത്തിന്മേൽ യാതൊരു സ്വാധീനവുമില്ല.

6. **ഈ ഭൂമിയിൽ കർത്താവിന്റെ വേലയ്ക്കുവേണ്ടി നാം നമ്മുടെ ദശാംശവും കാണിക്കയും കൊടുക്കേണ്ടതാണ്, കാരണം**

_______ ഭൂമിയും അതിലുള്ളതൊക്കെയും ദൈവത്തിന്റേതാകുന്നു.

_______ നമ്മെ സൃഷ്ടിച്ച ദൈവം നമുക്കു സമ്പത്തുണ്ടാക്കുവാൻ കഴിവു തന്നു.

_______ ദശാംശവും കാണിക്കകളും കൊടുക്കുവാൻ ദൈവം നമ്മോടാജ്ഞാപിക്കുന്നു.

_______ നമ്മുടെ വരുമാനത്തിന്റെ പത്തിലൊന്ന് ദശാംശമായി കൊടുക്കുന്നതിനെ യേശു ശരിവെച്ചു.

_______ യേശുവിന്റെ രണ്ടാംവരവിനു വേണ്ടി ലോകത്തെ ഒരുക്കുവാൻ സുവിശേഷം പ്രസംഗിക്കുന്നവരെ സഹായിക്കുവാൻ ദൈവം തിരഞ്ഞെടുത്തിരിക്കുന്ന മാർഗ്ഗമാകുന്നു ദശാംശാർപ്പണം.

_______ കാണിക്കകൾ സമർപ്പിക്കുന്നതും സുവിശേഷ പ്രചാരണത്തെ സഹായിക്കുന്നു.

**ഹൃദയംഗമമായ ചോദ്യം : *നിങ്ങളുടെ ചിന്തകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ദർശനത്തിലൂടെയും സുവിശേഷവേലക്കുള്ള സാമ്പത്തിക സഹായത്തിലൂടെയും ക്രിസ്തുവിനെ പങ്കുവെക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ ?***

# കണ്ടെത്തുക



## ആരോഗ്യകരമായ ഒരു ജീവിതശൈലിയുടെ രഹസ്യം

**ആ**ധുനിക ഗവേഷകന്മാർ കഠിനാദ്ധ്വാനത്തിലൂടെ, ബൈബിൾ സ്ഥാപിച്ച ഒരു സത്യത്തെ തെളിയിച്ചിരിക്കുന്നു: വ്യത്യസ്ത ഘടകങ്ങളുടെ ഒരു സംയോജിത സമ്പൂർണ്ണതയാകുന്നു മനുഷ്യൻ. ഒരു മനുഷ്യനിലെ ശാരീരികവും മാനസികവും ആത്മീയവുമായ ഘടകങ്ങൾ വേർപ്പെടുത്താനാകാത്ത വിധം കൂടിപ്പിണഞ്ഞു കിടക്കുന്നു. മനസ്സിനെ ബാധിക്കുന്നതെല്ലാം ശരീരത്തേയും ബാധിക്കുന്നു. നമ്മുടെ ആത്മീയ അവസ്ഥ ശരീരത്തിന്റെ അവസ്ഥയേയും, തിരിച്ചും ബാധിക്കുന്നു. നാം പൂർണ്ണ വ്യക്തികളാകുന്നു.

സന്തോഷനിർഭരമായ ചിരി മനുഷ്യരുടെ രോഗ പ്രതിരോധ ശേഷിയെ ഗണ്യമായി വർദ്ധിപ്പിക്കുന്നതായി ഗവേഷകർ കണ്ടെത്തി. ദൈവവചനം പറയുന്നു:

***"സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു; തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു" സദൃ. വാ. 17:22.***

***"പ്രിയനേ, നിന്റെ ആത്മാവു ശുഭമായിരിക്കുന്നതു പോലെ നീ സകലത്തിലും ശുഭമായും സുഖമായും ഇരിക്കേണം എന്നു ഞാൻ പ്രാർത്ഥിക്കുന്നു" 3 യോഹ. 2.***

***"ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്വിൻ" 1 കൊരി. 10:31.***

ശാരീരികവും ആത്മീകവുമായ ഉദ്ധാരണമാണ് സുവിശേഷത്തിന്റെ ലക്ഷ്യം. നല്ല ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള എട്ടു തത്വങ്ങൾ ചുവടെ ചേർക്കുന്നു.

### *1. ശുദ്ധവായു*

നമ്മുടെ വീടുകൾക്കും ജോലി സ്ഥലങ്ങളിലെ കെട്ടിടങ്ങൾക്കും നല്ലപോലെ വായു സഞ്ചാരം ലഭിക്കുന്ന രീതിയിൽ ജനലുകൾ ഉണ്ടായിരിക്കണം. പകൽ ഉണർന്നിരിക്കുമ്പോഴും രാത്രി ഉറങ്ങുമ്പോഴും ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും ആവശ്യമുള്ളത്ര ഓക്സിജൻ (പ്രാണവായു) വിതരണം ചെയ്യാൻ ഇതു രക്തത്തെ സഹായിക്കും. പ്രഭാതത്തിൽ നടക്കാൻ പോകുന്നതും ദീർഘമായി ശ്വാസോച്ഛ്വാസം ചെയ്യുന്നതും ശരീരത്തിലെ പ്രാണവായുവിന്റെ അളവു വർദ്ധിപ്പിക്കും.

ശ്വസിക്കുന്ന വായു ശുദ്ധമായിരിക്കേണ്ടത് അത്യാവശ്യമാണ്. പുകയും ദുഷിച്ച വായുവും ഒഴിവാക്കണം. പുകവലി ഇന്നത്തെ ഏറ്റവും വലിയ ഒരു സംഹാര ആയുധമാണ്. പുകവലിക്ക് ശ്വാസകോശ ക്യാൻസറുമായും, ഹൃദ്രോഗങ്ങളുമായും മറ്റ് പലവിധ രോഗങ്ങളുമായും അഭേദ്യബന്ധമുണ്ടെന്ന് ശാസ്ത്ര ഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നു. സിഗററ്റിലെ നിക്കോട്ടിൻ എന്ന വിഷാംശം മനുഷ്യരെ അടിമകളാക്കുന്നതിനാൽ; പുകവലി ഉപേക്ഷിക്കാൻ വളരെ പ്രയാസമാകുന്നു. ഇന്നത്തെ നില തുടർന്നാൽ 2020 ആകുമ്പോൾ പുകവലി എന്ന വില്ലൻ ഒരു വർഷം 120 ലക്ഷം ആളുകളെ വീതം കൊന്നൊടുക്കും.

### *2. സൂര്യപ്രകാശം*

"സൂര്യപ്രകാശത്തിന്റെ പ്രയോജനങ്ങൾ പലതാകുന്നു":

1) "ദിനംതോറും രാവിലെയോ വൈകുന്നേരമോ 15 മുതൽ 30 മിനിറ്റുവരെ ശരീരത്തിൽ വെയിൽ കൊണ്ടാൽ, ശരീരം സ്വയമായി അതിനാവശ്യമായ വിറ്റാമിൻ ഡി ഉല്പാദിപ്പിച്ചുകൊള്ളും. വിറ്റാമിൻ ഡി ചർമ്മത്തിനാവശ്യമായ ഒരു ഹോർമോൺ ആകുന്നു. അസ്ഥികളുടെ വളർച്ചയ്ക്കും കേടുപാടുപോക്കലിനും അത്യാവശ്യമായ കാൽസ്യവും ഫോസ്ഫറസും ഉല്പാദിപ്പിക്കാൻ വിറ്റാമിൻ ഡി സഹായിക്കുന്നു."

2) "സൂര്യപ്രകാശം ബാക്ടീരിയകളെ നശിപ്പിക്കുന്നു".

3) "സസ്യങ്ങൾക്കു കാർബോ ഹൈഡ്രേറ്റുണ്ടാക്കാൻ സൂര്യപ്രകാശം വേണം. ഈ പ്രവർത്തനം നടന്നില്ലെങ്കിൽ മനുഷ്യരും മൃഗങ്ങളും പട്ടിണി കിടന്നു ചത്തു പോകും."

4) "രാത്രിയിലെ ജോലിയുമായി ഒരു വ്യക്തിക്കു

താദാത്മ്യപ്പെടാനും മഞ്ഞുകാലങ്ങളിലെ അന്ധകാരത്തിന്റെ ഫലമായുണ്ടാകുന്ന നിരാശാ ബോധത്തിൽ നിന്നു കരകയറാനും സൂര്യപ്രകാശം സഹായിക്കുന്നു.

**ഒരു മുന്നറിയിപ്പ് :** "സൂര്യപ്രകാശം അപകടകാരിയുമാകാം. ഒരുപാടു സമയം വെയിലുകൊണ്ടാൽ പൊള്ളലേൽക്കാനും, തൊലിപ്പുറത്തു ക്യാൻസറുണ്ടാകാനും, നേത്രരോഗങ്ങളുണ്ടാകാനും സാദ്ധ്യതയുണ്ട്.

### *3. വിശ്രമം.*

ശരീരത്തിന്റെ കേടുപാടുകൾ പോക്കുവാൻ വിശ്രമം ആവശ്യമാകുന്നു. കുടുംബപ്രാരാബ്ധങ്ങളുടെയും ജോലിയുടെയും പിരിമുറുക്കം ഒഴിവാക്കാൻ വിശ്രമത്തിനും വിനോദത്തിനും സമയം ആവശ്യമാണ്. ആവശ്യത്തിനു വിശ്രമം കിട്ടാത്ത ആളുകൾക്ക് പലപ്പോഴും ആകാംക്ഷയും, നിരാശയും, അസ്വസ്ഥതയും അനുഭവപ്പെടും. അതു തുടർന്നു പോയാൽ രോഗിയായിത്തീരും. നല്ല രാത്രിയുറക്കത്തിനുപകരം മറ്റൊന്നും തന്നെയില്ല.

നമ്മുടെ ആത്മീയബാറ്ററികൾ ദിനന്തോറും ചാർജ്ജ് ചെയ്യേണ്ടതു ശാരീരിക ആരോഗ്യത്തിനത്യാവശ്യമാണ്. ഒരു ക്രിസ്ത്യാനി ധ്യാനത്തിനും വേദപഠനത്തിനും പ്രാർത്ഥനയ്ക്കും ദിവസം തോറും ചിലവാക്കുന്ന സമയം അവന്റെ ശരീരത്തേയും ആത്മാവിനേയും ഒരുപോലെ സൗഖ്യമാക്കും. നമ്മുടെ അദ്ധ്വാനത്തിൽ നിന്നും ക്രമീകൃതമായ ഒരു ഇടവേള നമുക്കത്യാവശ്യമാകുന്നു- ആഴ്ചയിൽ ഒരു വിശ്രമ ദിവസം, അർദ്ധവാർഷികമോ, വാർഷികമോ ആയ അവധികൾ.

### *4. വ്യായാമം*

വ്യായാമം ആരോഗ്യത്തിന് ആത്യാവശ്യമാകുന്നു.

1) "രക്തസമ്മർദ്ദം ഒഴിവാക്കാൻ വ്യായാമം സഹായിക്കുന്നു."

2) "ശരീരത്തിന്റെ എല്ലാ ഭാഗത്തും കൂടുതൽ രക്തം എത്തിച്ചേരാനും, ബാഹ്യഭാഗങ്ങളിൽ ചൂട് നിലനിർത്താനും വ്യായാമം സഹായിക്കുന്നു."

3) "ശാരീരികവും വൈകാരികവുമായ പിരിമുറുക്കം ഒഴിവാക്കി ജീവിതത്തെ നന്നായി വീക്ഷിക്കാൻ സഹായിക്കുന്നു. നിരാശയ്ക്കും പിരിമുറുക്കത്തിനുമുള്ള ഏറ്റവും നല്ല മരുന്നാകുന്നു വ്യായാമം."

4) "തലച്ചോറിനും, നാഡീകോശങ്ങൾക്കും വൈദ്യുതോർജ്ജം കൊടുക്കുന്നു. രോഗപ്രതിരോധശേഷി ഉണർത്തി ആരോഗ്യം വർദ്ധിപ്പിക്കുന്നു. ശരിയായ വ്യായാമത്തിലൂടെ ശരീരശേഷി ക്രമീകരിച്ചു നിർത്തുമ്പോൾ ക്രിയാത്മകമായി, നന്നായി ചിന്തിക്കുവാൻ മനസ്സിനു കഴിയുന്നു."

5) "അമിതവണ്ണം വെക്കാതെ ശരീരവടിവു നിലനിർത്താൻ സഹായിക്കുന്നു".

6) "വ്യായാമം കൂടുതൽ ഉന്മേഷം പ്രദാനം ചെയ്യുന്നു. ശാരീരികവും വൈകാരികവുമായ തളർച്ച അങ്ങനെ ഒഴിവാകുന്നു."

7) "നിങ്ങൾ സുഖമായിരിക്കുന്നുവെന്ന തോന്നലുളവാക്കുകയും വേദന സഹിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു രാസവസ്തു ഉല്പാദിപ്പിക്കാൻ തലച്ചോറിനെ സഹായിക്കുന്നു."

വ്യായാമം ചെയ്യുന്ന ശീലം നിങ്ങൾക്കില്ലെങ്കിൽ ഇന്നു മുതൽ ആരംഭിക്കുക. ഡോക്ടറോടഭിപ്രായം ചോദിക്കുന്നതു നല്ലതാണ്. വ്യായാമത്തിന്റെ സമയം കുറേശ്ശേ വർദ്ധിപ്പിക്കുക. ഒരു മൈൽ ദൂരം 15 മിനിറ്റുകൊണ്ട് നടന്നെത്തുന്നതിനു തുല്യമായ വ്യായാമം ആഴ്ചയിൽ നാലു പ്രാവശ്യമെങ്കിലും ചെയ്യുകയെന്നുള്ളതായിരിക്കണം നിങ്ങളുടെ ലക്ഷ്യം.

### *5. വെള്ളം*

ശരീരത്തിലെ ഓരോ കോശത്തിനും വെള്ളം അത്യാവശ്യമാകുന്നു.

1) "ശരീരത്തിന്റെ ഭാരത്തിൽ 70 ശതമാനം വെള്ളമാകുന്നു".

2) "ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങളും ഭംഗിയായി നടക്കുന്നതിന് ഒരു ദിവസം മൂന്നു ലിറ്റർ വെള്ളം വേണം"

3) "ഒരു ശരാശരി മനുഷ്യന് 15 മുതൽ 40 ബില്യൻ വരെ കോശങ്ങൾ തലച്ചോറിലുണ്ടാവും. ഓരോ കോശത്തിന്റെയും 70 മുതൽ 85 ശതമാനം വരെ വെള്ളമാകുന്നു. നിരാശയും അസ്വസ്ഥതയുമില്ലാതെ മനസ്സ് ഉന്മേഷമായിരിക്കാൻ ആവശ്യത്തിനു വെള്ളം കുടിക്കണം."

4) "ദിവസം ഒരു തവണയെങ്കിലും തണുത്ത വെള്ളത്തിൽ കുളിക്കുന്നത് രക്തയോട്ടം വർദ്ധിപ്പിക്കാൻ സഹായിക്കും. അതിന്റെ ഫലമായി ശരീരത്തിനും മനസ്സിനും ഉന്മേഷം ലഭിക്കും. രോഗപ്രതിരോധശേഷിയെ തളർത്തുവാൻ പര്യാപ്തമായ അസ്വ

സ്ഥമായ ഞരമ്പുകളെ ശാന്തമാക്കാൻ തണുത്ത വെള്ളത്തിലുള്ള കുളി ഉപകരിക്കും. തൊലിപ്പുറത്തെ മാലിന്യങ്ങൾ നീക്കം ചെയ്യാനും ശരീര ഊഷ്മാവു കുറക്കാനും കുളി സഹായിക്കുന്നു."

### *6. ശരിയായ ഭക്ഷണം.*

ആദാമിനും ഹവ്വയ്ക്കും ദൈവം ആദ്യം കൊടുത്ത ഭക്ഷണം ധാന്യങ്ങളും പഴവർഗ്ഗങ്ങളും കായ്കളും ആയിരുന്നു (ഉല്പ. 1:29). പാപത്തിനു ശേഷം പച്ചക്കറികളുംകൂടെ ആഹാരമായി (ഉല്പ 3:18). ജലപ്രളയത്തിനു ശേഷം സ്രഷ്ടാവ് ശുദ്ധിയുള്ള മാംസവും കൂടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തി. (ഉല്പ. 7:2,3; 9:1–6)

മൃഗങ്ങളുടെ മാംസത്തിൽ പൂരിതകൊഴുപ്പും കൊളസ്ട്രോളും ഉണ്ട്. അതുകൊണ്ട് മാംസഭക്ഷണം ധാരാളം രോഗങ്ങൾക്കു വഴിവെക്കുന്നു. മാംസഭക്ഷണം ഒഴിവാക്കാൻ ബുദ്ധിമുട്ടുള്ളവരോട്, കൊഴുപ്പ് നീക്കിയ മാംസമോ മത്സ്യമോ മാത്രം വല്ലപ്പോഴും കഴിക്കാൻ ഡോക്ടർമാർ ഉപദേശിക്കുന്നത് അതുകൊണ്ടാണ്.

സസ്യാഹാരം മാത്രം കഴിക്കുന്നവർ മറ്റുള്ളവരേക്കാൾ ആരോഗ്യമുള്ളവരും ദീർഘായുസ്സുള്ളവരുമാകുന്നു. സസ്യാഹാരം മാത്രം കഴിക്കുന്നവർ ക്രമീകൃതാഹാരം തയ്യാറാക്കാൻ ശ്രദ്ധിക്കണം. പഴങ്ങളും കായ്കളും ധാന്യങ്ങളും പച്ചക്കറികളും എല്ലാം ചേർന്നതായിരിക്കണം ഭക്ഷണം. പച്ചയും മഞ്ഞയും നിറത്തിലുള്ള പച്ചക്കറികളും പഴങ്ങളും പ്രധാനമാണ്. ധാന്യങ്ങൾ മുഴുവനായി പൊടിച്ചെടുക്കുന്ന മാവും ചുവന്ന അരിയും ഉപയോഗിക്കുക.

മൃഗക്കൊഴുപ്പുകൾക്കുപകരം സസ്യക്കൊഴുപ്പുകൾ ഉപയോഗിക്കുക.

മാംസം ഭക്ഷിച്ചുകൊള്ളാൻ അനുവദിച്ചപ്പോഴും ഏതൊക്കെ ശുദ്ധമെന്നും അശുദ്ധമെന്നും ദൈവം വേർത്തിരിച്ചുകൊടുത്തു. (ഉല്പ. 7:2.3; ലേവ്യ. 11:47) വായിക്കുക. (ലേവ്യ 11; ആവ. 14) ശുദ്ധിയുള്ള മൃഗങ്ങളുടെ കുളമ്പു പിളർന്നിരിക്കുകയും അയവിറക്കുകയും ചെയ്യും. ചിറകും ചെതമ്പലുമുള്ള മത്സ്യങ്ങളാണു ശുദ്ധിയുള്ളവ.

പന്നിയുടെ മാംസം ഭക്ഷിക്കരുതെന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു. (ആവ. 14:8) ട്രിക്കിനാ വിരകൾ പന്നിമാംസത്തിലൂടെയാണു മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നത്.

### *7. ദോഷകരമായ എല്ലാ കാര്യങ്ങളും ഒഴിവാക്കുക.*

***മദ്യപാനത്തെക്കുറിച്ചു ബൈബിൾ പറയുന്നു: "വീഞ്ഞു പരിഹാസിയും മദ്യം കലഹക്കാരനും ആകുന്നു; അതിനാൽ ചാഞ്ചാടി നടക്കുന്ന ആരും ജ്ഞാനിയാകയില്ല" സദൃ. വാ. 20:1.***

***"കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല"1 കൊരി 6:10.***

**മദ്യം ശരീരത്തിനു ചെയ്യുന്ന ദോഷങ്ങൾ :**

1) "ശരീരത്തന്റെ രോഗപ്രതിരോധശേഷി കുറയ്ക്കുന്നു. രക്തത്തിലെ വെളുത്ത അണുക്കൾക്ക് രോഗാണുക്കളോടു പൊരുതാനുള്ള കഴിവു നഷ്ടപ്പെടുത്തുന്നു. തന്മൂലം ന്യുമോണിയ, ക്ഷയം, കരൾവീക്കം, ക്യാൻസർ മുതലായ പല അസുഖങ്ങളും വർദ്ധിക്കുവാനുള്ള സാദ്ധ്യത കൂടുന്നു."

2) "ദിവസം രണ്ടോ മൂന്നോ പ്രാവശ്യം മദ്യപിച്ചാൽ പോലും സ്ത്രീകളിൽ ഗർഭമലസാനും മാസം തികയാതെ പ്രസവിക്കാനുമുള്ള സാദ്ധ്യത വർദ്ധിക്കുന്നു. "

3) "ഹൃദ്രോഗ സാദ്ധ്യത വർദ്ധിപ്പിക്കുകയും, രക്തത്തിലെ പഞ്ചസാരയുടെ അളവു കുറയ്ക്കുകയും രക്തത്തിലെ കൊഴുപ്പും രക്തസമ്മർദ്ദവും വർദ്ധിപ്പിക്കുകയും ചെയ്യുന്നു."

4) "വയറിനുള്ളിൽ അസ്വസ്ഥതയുണ്ടാക്കുകയും രക്തസ്രാവമുണ്ടാക്കുകയും ചെയ്യും. തുടർച്ചയായി മദ്യപിക്കുന്നവർക്കു കരൾ സംബന്ധമായ എല്ലാ രോഗങ്ങളും പിടിപെടും."

വലിയൊരളവുവരെ ആത്മഹത്യകൾ, അപകടമരണങ്ങൾ, ഭവനഭേദനങ്ങൾ മുതലായവയെല്ലാം മദ്യപാനത്തിലൂടെ ഉളവാകുന്നു.

### *8. ദൈവശക്തിയിലുള്ള ആശ്രയം.*

ഭയമോ കുറ്റബോധമോ വേട്ടയാടുന്ന ഒരു മനുഷ്യന്, ആരോഗ്യ നിയമങ്ങൾ പാലിക്കുന്നതിന്റെ ശരിയായ പ്രയജനം ലഭിക്കുകയില്ല. ബൈബിൾ പറയുന്നു: ***"എൻ മനമേ, യഹോവയെ വാഴ്ത്തുക; അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്. അവൻ***

***നിന്റെ അകൃത്യം ഒക്കെയും മോചിക്കുന്നു; <u>നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു;</u> അവൻ <u>നിന്റെ ജീവനെ നാശത്തിൽ നിന്നും വീണ്ടെടുക്കുന്നു</u>" സങ്കീ. 103:2-4.***

അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് എന്ന സ്ഥാപനത്തിലെ ഗവേഷകനായ ഡേവിഡ് ലാർസൺ മതവും ആരോഗ്യവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു ബൃഹത്തായ ഗവേഷണം നടത്തി. ഗവേണഷഫലങ്ങൾ അദ്ദേഹത്തെപ്പോലും അത്ഭുതപ്പെടുത്തി. ആരാധനയ്ക്കു പോകുന്നവർക്ക് അല്ലാത്തവരേക്കാൾ ദീർഘായുസ്സുണ്ട്. രകതസമ്മർദ്ദവും ഹൃദ്രോഗങ്ങളും വിശ്വാസികളിൽ വളരെ കുറഞ്ഞിരിക്കുന്നു. അവർക്ക് പ്രത്യാശയുള്ളതുകൊണ്ട് കൂടുതൽ കാര്യക്ഷമമായി അവർ ജീവിക്കുന്നു. വിശ്വാസികൾ മദ്യപാനികളോ ജയിൽപ്പുള്ളികളോ ആകുന്നില്ല, അവരുടെ കുടുംബബന്ധങ്ങൾ സന്തുഷ്ടമായിരിക്കുന്നു.

ഏകദേശം 30 വർഷക്കാലം കാലിഫോർണിയായിലെ അമ്പതിനായിരത്തോളം സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെ പഠന വിധേയമാക്കി. സാധാരണക്കാരേക്കാൾ അഡ്വന്റിസ്റ്റ് പുരുഷന്മാർ 8.9 വർഷവും, അഡ്വന്റിസ്റ്റ് സ്ത്രീകൾ 7.5 വർഷവും കൂടുതൽ ജീവിക്കുന്നതായി കണ്ടെത്തി. ഹോളണ്ടിലും നോർവേയിലും പോളണ്ടിലും അഡ്വന്റിസ്റ്റുകാരെക്കുറിച്ചു നടത്തിയ പഠനങ്ങൾ ഇതേപോലുള്ള ഫലങ്ങൾ തന്നെ നല്കി.

ബൈബിൾ തത്വങ്ങൾ ജീവിതാനുഭവങ്ങളിൽ പകർത്തുന്നതിലൂടെ ക്രിസ്ത്യാനിത്വമാണ് ഇന്നു ലോകത്തുള്ളതിൽ വെച്ചേറ്റവും കാര്യക്ഷമവും പ്രായോഗികവുമായ മതമെന്ന് തെളിയുന്നു. അതു മനുഷ്യരെ രൂപാന്തരപ്പെടുത്തുന്നു. അവരുടെ ചിന്തയും പ്രവൃത്തികളും ഒരു പുതിയ ജീവിതശൈലി സൃഷ്ടിക്കുന്നു. (വായിക്കുക 1 യോഹ. 3:1-3).

നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുന്ന അവന്റെ വ്യാപാരശക്തിയാൽ എല്ലാ ദുസ്വഭാവങ്ങളിൽ നിന്നും നമ്മെ രക്ഷിക്കാമെന്ന് യേശു വാഗ്ദാനം ചെയ്യുന്നു (എഫെ. 3:20). മദ്യപാനവും മയക്കുമരുന്നുകളും മറ്റും സ്വന്തം ശക്തിയാൽ ഉപേക്ഷിക്കാൻ ശ്രമിക്കുന്നവർ പലപ്പോഴും പരാജയപ്പെടും. എന്നാൽ ദൈവത്തിലാശ്രയിക്കുന്നവർക്കു ദൈവം ശക്തി നല്കും. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു ". ഫിലി. 4:13

# കണ്ടെത്തുക

## ഉത്തരക്കടലാസ് 18

## ആരോഗ്യകരമായ ഒരു ജീവിതശൈലിയുടെ രഹസ്യം

***ഓരോ സെക്ഷനിലും ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക.***

0. ശരി/തെറ്റ് ശാരീരിക ആരോഗ്യവും ആത്മീയ ആരോഗ്യവും യോജിച്ചുപോകുന്നു.
   ശരി/തെറ്റ് ശാരീരകവും ആത്മീകവുമായ ഉദ്ധാരണമാണ് സുവിശേഷത്തിന്റെ ലക്ഷ്യം.
   ശരി/തെറ്റ് നമുക്കു നല്ല ആരോഗ്യമുണ്ടാകണമെന്നു ദൈവം ആഗ്രഹിക്കുന്നു.
1. ശരി/തെറ്റ് പുകവലി വായുവിനെ മലിനമാക്കുകയും ഇന്നത്തെ വലിയൊരു കൊലപാതകനായിരിക്കുകയും ചെയ്യുന്നു.
2. ശരി/തെറ്റ് ശരീരത്തിൽ വിറ്റാമിൻ സി ഉല്പാദിപ്പിക്കാൻ സൂര്യപ്രകാശം സഹായിക്കുന്നു.
3. ശരി/തെറ്റ് ശരീരത്തിനു സ്വയം കേടുപാടുകൾ പോക്കുവാൻ വിശ്രമം ആവശ്യമാണ്.
4. ശരി/തെറ്റ് 55 വയസ്സിൽ താഴെയുള്ളവർക്കു മാത്രമേ വ്യായാമം പ്രയോജനപ്പെടുകയുള്ളൂ.
5. ശരി/തെറ്റ് ശരീരത്തിന് ഒരു ദിവസം ഏകദേശം മൂന്നു ലിറ്റർ വെള്ളം ആവശ്യമാകുന്നു.
6. **സൃഷ്ടിപ്പിൽ ദൈവം മനുഷ്യർക്കു കൊടുത്ത ആഹാരം**

   _______ കായ്കളും ധാന്യങ്ങളും പഴങ്ങളും

   _______ മാംസവും പച്ചക്കറികളും

   **ശുദ്ധമായ മാംസവുംകൂടെ ആഹാരമായിട്ടനുവദിച്ചത്**

   _______ ആദാമും ഹവ്വയും പാപം ചെയ്തശേഷം.

   _______ ജലപ്രളയത്തിനുശേഷം

   **അശുദ്ധമായ മൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്നതു ദൈവം വിലക്കുന്നു**

   _______ കാരണം അവ ദോഷകരമാകുന്നു.

   _______ ഒരു പശ്ചാത്താപമെന്ന നിലയിൽ.
7. **മദ്യപാനം**

   _______ ശരീരത്തിനു ദോഷകരമാകുന്നു.

   _______ ബൈബിൾ പ്രോത്സാഹിപ്പിക്കുന്നു.
8. **ആരോഗ്യനിയമങ്ങൾ പാലിക്കുന്ന ആളുകൾ**

   _______ സാധാരണക്കാരേക്കാൾ ഏകദേശം എട്ടുവർഷം കൂടുതലായി ജീവിക്കുന്നു.

   _______ ആയുസ്സു വർദ്ധിക്കുന്നില്ല. എന്നാൽ ആരോഗ്യകരമായും സന്തോഷകരമായും ജീവിക്കുന്നു.

   **ക്രിസ്തുവിന്റെ താൽപര്യം**

   _______ അവന്റെ പുനരാഗമനത്തിൽ അവനെ എതിരേൽക്കുന്നതിൽ മാത്രം.

   _______ ഇന്നുള്ള നമ്മുടെ ജീവിതം മെച്ചമാക്കുന്നതിലും അവൻ വരുമ്പോൾ അവനായി ഒരുങ്ങിയിരിക്കുന്നതിലും.

**പ്രാർത്ഥനയ്ക്കുവേണ്ടിയുള്ള അപേക്ഷ:** ***മദ്യപാനത്തിൽ നിന്നോ, പുകവലിയിൽ നിന്നോ, ജീവിതത്തിലെ മറ്റേതെങ്കിലും പ്രശ്നങ്ങളിൽ നിന്നോ കരകയറുന്നതിന് നിങ്ങൾക്കു സഹായം ആവശ്യമെങ്കിൽ, ഞങ്ങളെ അറിയിക്കുക. യേശു നിങ്ങളുടെ അരികിലെത്തുവാനും നിങ്ങളെ സഹായിക്കുവാനും ഞങ്ങൾ പ്രാർത്ഥിക്കാം.***

# കണ്ടെത്തുക

## പഠനസഹായി 19

# ക്രിസ്തീയ ജീവിതത്തിലേക്കുള്ള പ്രവേശനം

**ആ**ഫ്രിക്കയിലെ നമ്മുടെ ബൈബിൾ സ്ക്കൂൾ പ്രതിനിധികളിലൊരാൾ എഴുതി അയച്ച രോമാഞ്ച ജനകമായ ഒരു അനുഭകഥ ഇതാ:

''ബൈബിൾ തപാൽ പള്ളിക്കൂടത്തിലെ വിദ്യാർത്ഥിയായിരുന്ന ഒരു ജയിൽപ്പുള്ളിയെ സന്ദർശിക്കാൻ അപേക്ഷിച്ചുകൊണ്ട് അഞ്ചു വർഷങ്ങൾക്കു മുമ്പ് എനിക്കൊരു കത്തു കിട്ടി. ഞാൻ ജയിലധികാരികളെ കണ്ടു വിവരം പറഞ്ഞു. അവർ അനുഭാവപൂർവ്വം അനുവാദം തന്നു. ബൈബിൾ പഠിക്കാനുള്ള അദ്ദേഹത്തിന്റെ വലിയ താൽപര്യം നിമിത്തം ഞാൻ തുടർച്ചയായി സന്ദർശിച്ചുകൊണ്ടിരുന്നു.

"ഏകദേശം ആറുമാസം കഴിഞ്ഞപ്പോൾ സ്നാനപ്പെട്ടു സഭയിൽ ചേരണമെന്നയാൾ അഭ്യർത്ഥിച്ചു. ജയിൽ വളപ്പിൽത്തന്നെ സ്നാന ശുശ്രൂഷ നടത്താനുള്ള സൗകര്യങ്ങൾ ചെയ്തുതരാമെന്ന് അധികാരികൾ സമ്മതിച്ചു. ഞാൻ നടത്തിയിട്ടുള്ളതിൽ വെച്ചേറ്റവും ഹൃദയസ്പർശിയായ ഒരു സ്നാന ശുശ്രൂഷയ്ക്കു സാക്ഷ്യം വഹിപ്പാൻ വാർഡൻമാരും മറ്റു ജയിൽപുള്ളികളുമെല്ലാം ചുറ്റും കൂടി.

"ശിക്ഷയുടെ കാലാവധി ഒരുപാടു ബാക്കിയുണ്ടെങ്കിലും, നമ്മുടെ സഹോദരന് ഏറെ വൈകാതെ മോചനം ലഭിച്ചു. അതിന്റെ കാരണം ഞാൻ അന്വേഷിച്ചപ്പോൾ, ജീവിതത്തിൽ ഇത്രയേറെ രൂപാന്തരം വന്ന ഒരു മനുഷ്യനെ ഇനിയും കുറ്റവാളിയായിക്കാണാൻ സാദ്ധ്യമല്ലെന്നായിരുന്നു എനിക്കു കിട്ടിയ മറുപടി. അയാൾ തന്റെ ഭവനത്തിൽ മടങ്ങിയെത്തി. ഇപ്പോൾ നമ്മുടെ ഒരു വലിയ സഭയ്ക്ക് അയാൾ നേതൃത്വം കൊടുക്കുന്നു".

### *1. സ്നാനത്തിന്റെ അർത്ഥം എന്താകുന്നു?*

**യേശു നിക്കോദേമോസിനോടു പറഞ്ഞു: "പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല... വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവ രാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല." യോഹ. 3:3, 5.**

ആത്മാവിനാൽ ജനിക്കുകയെന്നു പറഞ്ഞാൽ മനസ്സു രൂപാന്തരപ്പെട്ട് ഒരു പുതിയ ജീവിതത്തിലേക്കു പ്രവേശിക്കുക എന്നാണർത്ഥം. പഴയതിനെ മോടി പിടിപ്പിക്കുകയല്ല, ഒരു പുതിയ ജനനമാണത്. ആന്തരീക മാറ്റത്തിന്റെ പുറമേയുള്ള സാക്ഷീകരണമാണു വെള്ളത്താലുള്ള സ്നാനം.

### *2. ഞാൻ എന്തുകൊണ്ട് സ്നാനപ്പെടണം?*

നമ്മുടെ രക്ഷ ക്രിസ്തുവിന്റെ മൂന്നു വലിയ പ്രവൃത്തികളെ ആശ്രയിച്ചു നിലകൊള്ളുന്നു.

***"ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം <u>മരിച്ചു, അടക്കപ്പെട്ടു...</u> മൂന്നാം നാൾ <u>ഉയിർത്തെഴുന്നേറ്റു."</u> 1 കൊരി. 15:3,4.***

***"യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നേ" റോമ. 6: 3, 4.***

നമ്മൾ പാപസംബന്ധമായി ക്രിസ്തുവിനോടുകൂടെ മരിക്കുകയും, പഴയ പാപപങ്കിലമായ ജീവിതത്തെ ക്രിസ്തുവിനോടുകൂടെ കുഴിച്ചിടുകയും, ക്രിസ്തുവിൽ ഒരു പുതിയ ജീവിതത്തിലേക്കു ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നുവെന്നാകുന്നു സ്നാനത്തിന്റെ അർത്ഥം. ക്രിസ്തുവിന്റെ മരണവും ഉയിർപ്പും നമ്മുടെ മരണവും ഉയിർപ്പുമായി മാറുന്നു.

മുഴുകൽ സ്നാനത്തിനു മാത്രമേ സ്നാനത്തിന്റെ

യഥാർത്ഥ അർത്ഥം വിശദമാക്കാൻ കഴിയുകയുള്ളൂ. മരണം, അടക്കം, പുനർജനനം. ക്രിസ്തുവിനോടു കൂടെ മരിക്കുകയെന്നതിന്റെ യഥാർത്ഥ അർത്ഥം എന്താകുന്നു ?

***"നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിനു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു." റോമ. 6.6.***

***ആന്തരിക മാറ്റത്തിനുത്തരവാദി ആരാകുന്നു?***

***"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" ഗലാ. 2:20.***

സ്നാനത്തിലൂടെ ഞാൻ ക്രിസ്തുവിന്റെ ക്രൂശീകരണത്തോടേകീഭവിക്കുമ്പോൾ ഒരു വൻശക്തിയെ എന്റെ ജീവിതത്തിലേക്കു സ്വീകരിക്കുകയാണ്- "ക്രിസ്തു എന്നിൽ ജീവിക്കുന്നു." ക്രിസ്തുവിന്റെ ശക്തി നമ്മിൽ വ്യാപരിക്കുമ്പോൾ, അവന്റെ സൽസ്വഭാവങ്ങൾ ഓരോന്നായി നമ്മുടെ പഴയ സ്വഭാവങ്ങളെ പിഴുതെറിഞ്ഞിട്ട് തൽസ്ഥാനത്തു വാഴുന്നതായി നമുക്കു കാണാം.

***"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞു പോയി, ഇതാ, അതു പുതുതായിത്തീർന്നിരിക്കുന്നു" 2 കൊരി. 5:17.***

### *3. യേശു എന്തുകൊണ്ടു സ്നാനപ്പെട്ടു ?*

***"അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏല്ക്കുവാൻ ഗലീലയിൽ നിന്നു യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്നു...യേശു അവനോടു: ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു" മത്തായി 3:13, 15.***

യേശുവിൽ പാപം ഇല്ലായിരുന്നു. അവൻ സ്നാനം സ്വീകരിച്ചതിലൂടെ നമുക്കൊരു ഉത്തമ മാതൃക കാണിച്ചിരിക്കുന്നു.

***"പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കുവേണ്ടി പാപം ആക്കി." 2 കൊരി. 5:21.***

യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചതുകൊണ്ട്, തന്റെ നീതി നമുക്കു തരുവാൻ അവനു കഴിയും. പാപത്തിൽ നിന്നു വിശുദ്ധിയിലേക്കു രൂപാന്തരപ്പെട്ട മനുഷ്യർക്ക്, അവന്റെ കൃപയാൽ ക്രിസ്തുവിൽ നീതിപൂർണ്ണമായ ഒരു പുതിയ ജീവിതം നയിക്കാൻ സാധിക്കും.

### *4. ഞാൻ എന്തുകൊണ്ട് വെള്ളത്തിൽ മുങ്ങി സ്നാനപ്പെടണം?*

യേശു വെള്ളത്തിൽ മുങ്ങിയാണ് സ്നാനമേറ്റത്. "അവിടെ വളരെ വെള്ളം ഉണ്ടായിരുന്നു" (യോഹ.3:23). യേശു വെള്ളത്തിൽ ഇറങ്ങി; യോഹന്നാൻ അവനെ സ്നാനപ്പെടുത്തി. "യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നു കയറി" (മത്താ.3:16).

സ്നാനത്തിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കുന്നവർക്ക് സ്നാനത്തിന്റെ രീതിയെക്കുറിച്ച് സംശയം ഉണ്ടാകില്ല. "ബാപ്റ്റൈസ്" എന്ന ഇംഗ്ലീഷ് പദം "ബാപ്റ്റിസോ" എന്ന ഗ്രീക്കു പദത്തിൽ നിന്നുണ്ടായതാണ്. അതിന്റെ അർത്ഥം "മുക്കുക" വെള്ളത്തിൽ "ആഴ്ത്തുക" എന്നൊക്കെയാണ്.

മെഥഡിസ്റ്റ് സഭയുടെ സ്ഥാപകനായ ജോൺ വെസ്‌ലി ആളുകളെ വെള്ളത്തിൽ മുക്കിയാണു സ്നാപ്പെടുത്തിയത്. നവീകരണകർത്താവായ ജോൺ കാൽവിൻ എഴുതി; മുഴുകൽ സ്നാനമാണു പുരാതന സഭയിൽ നിലനിന്നതെന്നു വ്യക്തമാണ്. Institutes of the Christian Religion, Book 4 Chap. 15, Sec. 19.

ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ഡീൻ സ്റ്റാൻലി എഴുതി: "ആദ്യത്തെ പതിമൂന്നു നൂറ്റാണ്ടുകാലം, പുതിയ നിയമത്തിൽ നാം വായിക്കുന്ന തരത്തിലുള്ള സ്നാനശുശ്രൂഷയാണ് ലോകമെമ്പാടും നിലനിന്നത്. "ബാപ്റ്റൈസ" എന്ന വാക്കിന്റെ അർത്ഥമനുസരിച്ചുതന്നെ സ്നാനമേറ്റവരെ വെള്ളത്തിൽ ഇറക്കി,

മുക്കി, താഴ്ത്തി സ്നാനപ്പെടുത്തി" - Christian Institutions, P. 21.

യൂറോപ്പിലും, ഏഷ്യയിലും പതിന്നാലാം നൂറ്റാണ്ടിനു മുമ്പു പണിയപ്പെട്ട അനേകം പള്ളികളിൽ മുഴുകൽ സ്നാനത്തിനുള്ള സ്നാനക്കുളങ്ങൾ ഇന്നും കാണാം. ഇറ്റലിയിലെ "പിസാ" കത്തീഡ്രലിലും, റോമിലെ ഏറ്റവും വലിയ പള്ളിയായ സെന്റ് ജോൺസിലും സ്നാനക്കുളങ്ങൾ ഉണ്ട്.

പതിനഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റാവെന്നാ കൗൺസിലിൽവെച്ചാണ് കത്തോലിക്കാ സഭ വെള്ളം തളിച്ചുള്ള സ്നാനത്തെ മുങ്ങി സ്നാനത്തിനു തുല്യമായി അംഗീകരിച്ചത്. സഭാ ആചാരങ്ങളിൽ യേശുവും അപ്പൊസ്തലന്മാരുമായിരിക്കണം നമുക്കു മാതൃക.

നമ്മുടെ കുഞ്ഞുങ്ങളെ ബാല്യത്തിൽത്തന്നെ കർത്താവിനു സമർപ്പിക്കുന്നതു നല്ലതാണ്. എന്നാൽ സ്നാനത്തിനുമുമ്പായി രക്ഷാമാർഗ്ഗം നന്നായി പഠിച്ചിരിക്കണമെന്നു ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു (മത്താ. 28: 19,20). സ്നാനപ്പെടുന്ന വ്യക്തി സ്നാനത്തിനു മുമ്പ് ക്രിസ്തുവിൽ വിശ്വസിക്കണം (അപ്പൊ.പ്ര. 2:38). മാമോദീസാ ഏല്ക്കുന്ന ഒരു ശിശുവിന് യേശുവിനെക്കുറിച്ചു ഗ്രഹിക്കാനോ അവനിൽ വിശ്വസിക്കാനോ തക്ക വളർച്ചയില്ല.

## *5. സ്നാനപ്പെടേണ്ടത് എന്തുകൊണ്ട് പ്രധാനമായിരിക്കുന്നു ?*

യേശു പറഞ്ഞു: ***"വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല" (യോഹ. 3:5).***

ക്രൂശിൽ വെച്ചു മാനസാന്തരപ്പെട്ട കള്ളനുമാത്രം സ്നാനം കൂടാതെ സ്വർഗ്ഗത്തിൽ പോകാൻ കർത്താവനുവാദം കൊടുത്തു (ലൂക്കൊ. 23:42, 43). കർത്താവു മുന്നറിയിപ്പു കൊടുത്തു, വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ (അതുകൊണ്ടുതന്നെ സ്നാനം ഏല്ക്കാത്തവൻ) ശിക്ഷാവിധിയിൽ അകപ്പെടും. മർക്കൊ.16:16

യേശു കാൽവരിയിലെ മരണത്താൽ നമ്മോടുള്ള തന്റെ സ്നേഹം പരസ്യമായി പ്രകടിപ്പിച്ചു. നാമും ലജ്ജകൂടാതെ കർത്താവിന്റെ മുമ്പാകെയുള്ള നമ്മുടെ സമ്മർപ്പണം പരസ്യമായി സ്നാനശുശ്രൂഷയിലൂടെ സാക്ഷീകരിക്കണം. നിങ്ങൾ കർത്താവിൽ ഒരു പുതിയ ജീവിതം ആരംഭിച്ചുവോ? നിങ്ങൾ സ്നാനപ്പെട്ടുവോ ? ഇല്ലെങ്കിൽ ഏറെ വൈകാതെ സ്നാനപ്പെടാൻ ഒരുങ്ങുക.

## *6. സ്നാനം ആരംഭം മാത്രമാകുന്നു.*

ഒരു ശിശു ജനിക്കുമ്പോൾ എല്ലാവരും സന്തോഷിക്കുന്നു, ആഘോഷിക്കുന്നു. എന്നാൽ കുഞ്ഞിന്റെ വളർച്ചയ്ക്ക് ദിനംതോറും ഭക്ഷണവും കുളിയും സംരക്ഷണവും ആവശ്യമാണ്. സ്നാനത്തിനു ശേഷമുള്ള ക്രിസ്തീയ ജീവിതത്തിലും ഇതുപോലെതന്നെയാണ്. പൌലോസ് പ്രസ്താവിച്ചു: "ഞാൻ ദിവസേന മരിക്കുന്നു" (1 കൊരി. 15:31). ദിവസംതോറും സ്വാർത്ഥതയിൽ നിന്നു മുഖം തിരിച്ചു കർത്താവിങ്കലേക്കു നോക്കുമ്പോൾ നാം കൂടുതൽ കൂടുതൽ കർത്താവിനോടു അനുരൂപരായിത്തീരും.

## *7. സന്തോഷിക്കാനൊരു കാരണം*

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ മതിമറന്നാഹ്ലാദിക്കാനുള്ള ഒരവസരമാണു സ്നാനസമയം. "വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" മർക്കൊ. 16:16. നമ്മൾ സ്നാനമേല്ക്കുമ്പോൾ ഉയരത്തിലേക്കു നമ്മെ നയിക്കുന്ന നിത്യമായ സന്തോഷത്തിന്റെ ഒരു പാതയിലേക്കു നാം പ്രവേശിക്കുകയാണ്.

ക്രിസ്തുവിനോടു ചേർന്നിരുന്നതിനാൽ ഇപ്പോൾ അനുഭവിക്കുന്ന സന്തോഷത്തിന്റെ ഒരു ആഘോഷവും കൂടിയാകുന്നു സ്നാനം. സ്നാനമേല്ക്കുന്നവർക്ക് പരിശുദ്ധാത്മദാനം എന്ന വിലയേറിയ സമ്പത്തും അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു (അപ്പൊ. പ്ര. 2:38). പരിശുദ്ധാത്മാവിനോടൊപ്പം "ആത്മാവിന്റെ ഫലമായ "സ്നേഹം" കടന്നുവന്ന് ജീവിതത്തെ സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവകൊണ്ടു നിറയ്ക്കുന്നു" ഗലാ. 5:22,23.

പരിശുദ്ധാത്മാവിലൂടെ യേശു നമ്മിൽ വസിക്കുമ്പോൾ ഒരു അസാധാരണ ധൈര്യവും ശാന്തിയും നമ്മുടെ ഹൃദയത്തിൽ നിറയുന്നു. "നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവു താനും...സാക്ഷ്യം പറയുന്നു" (റോമ 8: 15, 16).

ക്രിസ്തുവിനോടു ചേർന്നുള്ള ജീവിതം പ്രശ്നരഹിതമാണെന്നാരും ചിന്തിക്കരുത്. സാത്താൻ സർവ്വശക്തിയുമുപയോഗിച്ച് എല്ലാവിധ കഷ്ടതകളും ശോധനകളുംകൊണ്ട് പുതിയ വിശ്വാസികളുടെ നേരെ ആഞ്ഞടിക്കും. എന്നാൽ ദൈവം അതെല്ലാം തന്റെ മക്കൾക്ക് നന്മയ്ക്കാക്കിത്തീർക്കുമെന്നു വാഗ്ദത്തമുണ്ട്. (റോമ. 8:28).

ഒരു യുവതി കർത്താവിനായി തന്റെ ജീവിതം സമർപ്പിച്ചു സ്നാനമേല്ക്കാൻ തീരുമാനിച്ചു. അവളുടെ ഭർത്താവു ക്ഷുഭിതനായി, വിവാഹമോചനം നടത്തുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ അവൾ തന്റെ തീരുമാനത്തിൽ ഉറച്ചു നിന്നുകൊണ്ട് ഭർത്താവിനോടു കൂടുതൽ സ്നേഹമായി ഇടപെടുവാനും ശുശ്രൂഷിക്കുവാനും തുടങ്ങി. കുറച്ചുനാൾ ഭർത്താവു വീട്ടിൽ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരുന്നു. എന്നാൽ അവളുടെ രൂപാന്തരപ്പെട്ട ജീവിതത്തിന്റെ മുമ്പാകെ അവൻ ഒടുവിൽ കീഴടങ്ങി. അയാളും തന്റെ ജീവിതം കർത്താവിനു സമർപ്പിച്ചു സ്നാനം സ്വീകരിച്ചു.

സ്വന്തക്കാരുടെയും ബന്ധുക്കളുടേയും ഇടയിൽ കർത്താവിനോടു ചേർന്നു നില്ക്കുന്നതിലൂടെ നാം അവന്റെ കരങ്ങളിലെ ശക്തമായ ആയുധങ്ങളായി മാറും. അവൻ കാൽവരിയിൽ യാഗമായതിലൂടെ നമുക്കു വേണ്ടി സമ്പൂർണ്ണമായി സമർപ്പിച്ചു. നാമും നമ്മുടെ സ്നേഹവും കൂറും പരസ്യമായി പ്രഖ്യാപിക്കുന്നതെത്ര നന്നായിരിക്കും? ഇതുവരെ നിങ്ങൾ കർത്താവിന്റെ മുമ്പാകെ സമർപ്പണം ചെയ്തിട്ടില്ലെങ്കിൽ ഇനിയെന്തിനു വൈകണം? ഇപ്പോൾത്തന്നെ അവന്റെ മുമ്പിൽ അടുത്തു ചെന്ന്, കർത്താവേ, നിന്റെ ആത്മാവിനാൽ നീ എന്നെ പുതുസൃഷ്ടിയാക്കേണമേ എന്നു പ്രാർത്ഥിക്കുക. അങ്ങനെ സ്നാനശുശ്രൂഷയ്ക്കായി ഒരുങ്ങാം.

# കണ്ടെത്തുക

## ഉത്തരക്കടലാസ് 19

## ക്രിസ്തീയ ജീവിതത്തിലേക്കുള്ള പ്രവേശനം

***ഓരോ സെക്ഷനിലേയും ശരിയായ ഉത്തരത്തിന്റെ ഇടതുവശത്ത് X എന്ന ചിഹ്നം ഇടുക.***

1. _______ ഒരു ആന്തരീക മാറ്റത്തിന്റെ പുറമേയുള്ള പ്രകാശനമാകുന്നു സ്നാനം.
_______ "ആത്മാവിനാലുള്ള ജനനം" എന്നത് മനസ്സിന്റെയും ഹൃദയത്തിന്റെയും ആന്തരീകമായ രൂപാന്തരമാകുന്നു.
_______ വെള്ളത്താലും ആത്മാവിനാലും ജനിക്കുകയെന്നത് സ്വർഗ്ഗരാജ്യപ്രവേശനത്തിനുള്ള ഒരു വ്യവസ്ഥയായിട്ടാകുന്നു യേശു കാണുന്നത്.

2. _______ സ്നാനപ്പെടുന്നതിലൂടെ, യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവ നമ്മുടെ പാപങ്ങൾക്കുവേണ്ടിയായിരുന്നു എന്ന വിശ്വാസം നമ്മൾ പ്രദർശിപ്പിക്കുകയാണ്.
_______ സ്നാനശുശ്രൂഷ മാനസാന്തരത്തിന്റെ പടികളെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നു.
_______ ഒരു മനുഷ്യന്റെ ഉള്ളിലുണ്ടായ മാറ്റത്തെ സ്നാനം പുറമേ പ്രതിനിധീകരിക്കുന്നു.
_______ സ്നാന സമയത്ത് വെള്ളത്തിനടിയിൽ കുഴിച്ചിടപ്പെടുന്നതിലൂടെ നമ്മൾ പാപസംബന്ധമായി ക്രിസ്തുവിനോടുകൂടെ മരിക്കുന്നതിനേയും നമ്മുടെ കഴിഞ്ഞകാല പാപജീവിതത്തെ ക്രിസ്തു കുഴിച്ചു മൂടുന്നതിനേയും സൂചിപ്പിക്കുന്നു.
_______ വെള്ളത്തിൽ നിന്നുയർന്നു വരുന്നത് ക്രിസ്തുവിൽ ഒരു പുതുജീവിതത്തിലേക്കുയർന്നു വരുന്നതിനെ സൂചിപ്പിക്കുന്നു.
_______ മരണത്തിന്റെയും അടക്കത്തിന്റെയും ഉയിർപ്പിന്റെയും ശരിയായ ഒരു ചിഹ്നമാകുന്നു തളിപ്പു സ്നാനം.
_______ യേശുവിനോടു കൈകോർത്തു പിടിച്ചുകൊണ്ട് ക്രിസ്തുവിൽ പുതിയതും മെച്ചമായതുമായ ഒരു ജീവിതം നയിക്കാനുള്ള നമ്മുടെ ആഗ്രഹം നാം സ്നാനത്തിലൂടെ പ്രകടിപ്പിക്കുന്നു.

3. യേശു സ്നാനമേറ്റത്
_______ നമുക്കൊരു നല്ല മാതൃകയായിട്ട് _______ തന്റെ പാപത്തിന്റെ പശ്ചാത്താപമായിട്ട്

4. യേശു സ്നാനമേറ്റത്
_______ വെള്ളത്തിൽ മുങ്ങി _______ വെള്ളം തളിച്ച്

ക്രിസ്തുവിനുശേഷം ആയിരത്തിലേറെ വർഷക്കാലം ക്രിസ്തീയ സഭ
_______ വെള്ളത്തിൽ മുക്കി സ്നാനപ്പെടുത്തി _______ വെള്ളം തളിച്ച് സ്നാനപ്പെടുത്തി

5. കർത്താവിന്റെ വാക്കുകളിൻപ്രകാരം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർക്ക്
_______ സ്നാനം നിർബ്ബന്ധമല്ല. _______ സ്നാനം നിർബ്ബന്ധമാകുന്നു.
അസുഖം വർദ്ധിച്ച് മരണക്കിടക്കയിൽ ആയിരിക്കുന്ന ഒരു മനുഷ്യൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു തന്റെ പാപങ്ങളെല്ലാം ഏറ്റുപറയുന്നു, എന്നാൽ സ്നാനപ്പെടാനുള്ള സാഹചര്യമില്ല
_______ അയാൾ രക്ഷിക്കപ്പെടും _______ അയാൾ നശിച്ചുപോകും

6. സ്നാനപ്പെടുന്നതിലൂടെ സൂചിപ്പിക്കുന്നത്
_______ യേശുവുമായി ഒരു ബന്ധം ആരംഭിച്ചു. _______ യേശുവുമായുള്ള നമ്മുടെ ബന്ധത്തിന്റെ പൂർണ്ണത.

7. നിങ്ങളുടെ പാഠത്തിലെ 7-ാം സെക്ഷൻ വീണ്ടും വായിക്കുക. എന്നിട്ട് നിങ്ങളുടെ ഹൃദയങ്ങളോടു ചോദിക്കുക. ക്രിസ്തുവിൽ വിശ്വസിക്കുവാനും സ്നാനപ്പെടുവാനും പരിശുദ്ധാത്മവർഷവും ആത്മാവിന്റെ ഫലങ്ങളും പ്രാപിപ്പാനും ദൈവത്തിന്റെ പൈതലായിത്തീരുവാനും ഒരു സന്തോഷപൂർണ്ണമായ ക്രിസ്തീയ ജീവിതം നയിക്കാനും ഷണ്ഡനെപ്പോലെതന്നെ നമുക്കോരോരുത്തർക്കും ദൈവം അവസരങ്ങൾ നല്കിയിരിക്കുന്നു.
ബൈബിൾ പറഞ്ഞിരിക്കുന്ന രീതിയിൽ നിങ്ങൾ സ്നാനപ്പെടുമോ? _______
യേശുവിന്റെ മാതൃക സ്വീകരിച്ച് സ്നാനപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? _______

# കണ്ടെത്തുക

പഠനസഹായി **20**

## കൂട്ടായ്മയിലൂടെയുള്ള വളർച്ചയുടെ രഹസ്യം

**1960**–ൽ ഹോളണ്ടുകാരനായ സഹോദരൻ ആൻഡ്രൂ കമ്മ്യൂണിസ്റ്റ് ഗാർഡുകളുടെ കണ്ണുവെട്ടിച്ച് ഒരു വണ്ടി നിറയെ ബൈബിൾ റുമാനിയയിലേക്ക് ഒളിച്ചു കടത്തി. അദ്ദേഹം ഒരു ഹോട്ടലിൽ മുറിയെടുത്ത് ബൈബിളുകൾ മുറിയിൽ ഒളിച്ചുവെച്ചു. താൻ ജീവൻ പണയപ്പെടുത്തി ഒളിച്ചു കടത്തിയിരിക്കുന്ന ബൈബിൾ ശരിയായി ഉപയോഗിക്കാൻ കഴിവുള്ള ഒരു ക്രിസ്തീയ സംഘടനയിലെ ആളുകളുടെ അടുത്തേക്ക് തന്നെ നയിക്കേണമേ എന്ന് ആൻഡ്രൂ ഉള്ളുരുകി പ്രാർത്ഥിച്ചു കൊണ്ടിരുന്നു.

ആ വാരാന്ത്യത്തിൽ ആൻഡ്രൂ ഹോട്ടലിലെ ക്ലെർക്കിന്റെ അടുത്തു ചെന്ന്, ഒരു ക്രിസ്തീയ പള്ളി എവിടെ കണ്ടെത്താനാകുമെന്നു ചോദിച്ചു.

ക്ലെർക്ക് ആശ്ചര്യത്തോടെ ആൻഡ്രൂവിനെ നോക്കിയിട്ടു പറഞ്ഞു, "അത്തരത്തിലുള്ളവ അധികമൊന്നും ഇവിടെയില്ലെന്നു നിങ്ങൾക്കറിയാമല്ലോ. കൂടാതെ നിങ്ങൾക്കു ഭാഷയും മനസ്സിലാവുകയില്ല."

"നിങ്ങൾക്കറിയാമോ?, ആൻഡ്രൂ മറുപടി പറഞ്ഞു: "ക്രിസ്ത്യാനികൾ" സംസാരിക്കുന്നതൊരുതരം അഖില ലോക ഭാഷയാണ്."

ഹോ, "അതെന്താണ്?"

അതാകുന്നു 'അഗാപേ'."

ക്ലെർക്ക് ഇതിനുമുമ്പൊരിക്കലും അതിനേക്കുറിച്ചു കേട്ടിരുന്നില്ല. എന്നാൽ ആൻഡ്രൂ പറഞ്ഞു: "ലോകത്തിലെ ഏറ്റവും മനോഹര ഭാഷയാകുന്നു അത്."

ആ പ്രദേശത്തു പല ക്രിസ്തീയ സമൂഹങ്ങളേയും കണ്ടെത്താൻ ആൻഡ്രൂവിനു കഴിഞ്ഞു. ഒരു സഭയുടെ പ്രസിഡന്റിനേയും സെക്രട്ടറിയേയും കണ്ടുമുട്ടാൻ സാധിച്ചു. യൂറോപ്പിലെ പല ഭാഷകളും രണ്ടുകൂട്ടർക്കും അറിയമായിരുന്നെങ്കിലും തമ്മിൽ സംസാരിക്കാൻ പൊതുവായിട്ടറിയാവുന്ന ഒരു ഭാഷയില്ലായിരുന്നു. അതുകൊണ്ട് മുഖത്തോടു മുഖം നോക്കിക്കൊണ്ടവർ കുറെനേരം മിണ്ടാതിരുന്നു. ആൻഡ്രൂ തന്റെ വിലയേറിയ നിധിയുമായി അനേകം ആപത്തുകൾ തരണം ചെയ്താണു വന്നിരിക്കുന്നത്. ഇവർ യഥാർത്ഥ ക്രിസ്തീയ സഹോദരന്മാരാണോ, ഗവൺമെന്റിന്റെ ഏജന്റുമാരാണോ എന്നു തിരിച്ചറിയാൻ ഒരു മാർഗ്ഗവുമില്ലാതെ അവൻ വിഷമിച്ചു.

ഒടുവിൽ ഓഫീസിലെ ഒരു മേശപ്പുറത്ത് ഒരു റുമാനിയൻ ബൈബിൾ അയാൾ കണ്ടു. ആൻഡ്രൂ തന്റെ പോക്കറ്റിൽ നിന്ന് ഒരു ഡച്ചു ബൈബിൾ പുറത്തെടുത്തു. അയാൾ 1 കൊരി. 16:20 എടുത്തിട്ട്, പുസ്തകത്തിന്റെ പേരിനു നേരെ ചൂണ്ടിക്കൊണ്ട് ബൈബിൾ ഉയർത്തിപ്പിടിച്ചു. അവർക്കു കാര്യം മനസ്സിലായി. അവരുടെ മുഖം പെട്ടെന്ന് പ്രകാശിച്ചു. അവർ തങ്ങളുടെ റുമാനിയൻ ബൈബിളിൽ നിന്ന് ആ വാക്യമെടുത്തു വായിച്ചു: "സകല സഹോദരന്മാരും നിങ്ങളെ വന്ദനം ചെയ്യുന്നു; വിശുദ്ധ ചുംബനത്താൽ അന്യോന്യം വന്ദനം ചെയ്‌വിൻ."

ആ പുരുഷന്മാർ ആഡ്രുവിനെ നോക്കി പുഞ്ചിരിച്ചു. പിന്നെ ഒരുവൻ തന്റെ ബൈബിളിൽ നിന്ന് സദൃ. 25:25 എടുത്തു. ആൻഡ്രൂ തന്റെ ബൈബിളിൽ ആ വാക്യം എടുത്തു വായിച്ചു: "ദാഹമുള്ളവനു തണ്ണീർ കിട്ടുന്നതും ദൂരദേശത്തു നിന്നു നല്ല വർത്തമാനം വരുന്നതും ഒരു പോലെ."

അവർ ബൈബിൾ വാക്യങ്ങളിലൂടെ അന്യോന്യം ആശയവിനിമയം നടത്തിക്കൊണ്ട് അരമണിക്കൂറോളം ചിലവഴിച്ചു. എല്ലാ ദേശീയ അതിർവരമ്പുകളെയും മറികടന്നുള്ള ആ കൂട്ടായ്മയിൽ അവർ അതിയായി സന്തോഷിക്കുകയും കണ്ണീർ വരുവോളം മതിമറന്നു ചിരിക്കുകയും ചെയ്തു.

താൻ തന്റെ സഹോദരന്മാരെ കണ്ടെത്തിയെന്ന് ആൻഡ്രൂവിന് മനസ്സിലായി. താൻ കടത്തിക്കൊണ്ടുവന്ന ബൈബിൾ ലോഡ് അവരെ കാണിച്ചപ്പോൾ അവർ സ്വയം മറന്ന് ആൻഡ്രൂവിനെ മാറി മാറി കെട്ടിപ്പുണർന്നു.

അന്നു വൈകുന്നേരം ഹോട്ടലിലെ ക്ലെർക്ക് ആൻഡ്രൂവിനെ സമീപിച്ചു പറഞ്ഞു: "ആ വാക്കു ഞാൻ നിഘണ്ടുവിൽ നോക്കി. "അഗാപേ" എന്ന പേരിൽ ഒരു ഭാഷയില്ല. അതു സ്നേഹം എന്ന വാക്കിന്റെ ഗ്രീക്കു പദമാണ്.

ആൻഡ്രൂ മറുപടി പറഞ്ഞു: "അതേ, അതു ശരിയാണ്. ഇന്നുച്ചയ്ക്കുശേഷം മുഴുവൻ സമയവും ഞാൻ ആ ഭാഷയിൽ സംസാരിക്കുകയായിരുന്നു."

മനോഹരമായ ആ ഭാഷ നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? ദൈവം തന്റെ വലിയ സ്നേഹവലയത്തിലേക്ക്

നമ്മെ എല്ലാവരേയും എപ്രകാരം ഒരുമിച്ചു കൊണ്ടുവരുന്നുവെന്ന് ഈ പാഠത്തിൽ നിങ്ങൾ പഠിക്കും.

## *1. കൂട്ടായ്മയ്ക്കുവേണ്ടി സൃഷ്ടിക്കപ്പെട്ട സഭ*

അടിസ്ഥാന മാനുഷിക ആവശ്യങ്ങളാകുന്ന പിന്തുണയും പരിപോഷണവും കൊടുക്കുവാനാണ് യേശു സഭ സ്ഥാപിച്ചത്. നമുക്കെല്ലാവർക്കും ആവശ്യങ്ങളുണ്ട്. ആ ആവശ്യങ്ങൾ നിറവേറ്റുകയെന്നുള്ളതാണ് സഭയുടെ ദൗത്യം. കൂട്ടായ്മ ആചരിക്കാനും അന്യോന്യം സഹായിക്കാനുമായി നാം ഒന്നിച്ചുകൂടുന്ന സ്ഥലമാണത്. അപ്പൊസ്തലനായ യോഹന്നാൻ എഴുതുന്നു:

***"ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്കു എഴുതുന്നു." 1 യോഹ 1:3, 4.***

ദൈവമക്കളെല്ലാവരും ഒരേ ഭാഷ സംസാരിക്കുന്നു, സ്നേഹത്തിന്റെ ഭാഷ. ക്രിസ്ത്യാനികൾ എല്ലാവരും ഒരു വലിയ കുടുംബത്തിലെ അംഗങ്ങളാകുന്നു.

ഒരേ വിശ്വാസതത്വങ്ങളാലും ദൈവത്തോടുള്ള സ്നേഹത്താലും അവനെ സേവിക്കാനും അവന്റെ കൃപ ലോകത്തിനു പങ്കുവെയ്ക്കാനുമുള്ള ആഗ്രഹത്താലും അപ്പൊസ്തലന്മാർ സ്ഥാപിച്ച സഭകളിലെ അംഗങ്ങൾ അന്യോന്യം ബന്ധിക്കപ്പെട്ടിരുന്നു. പീഡനത്തിനിരയായതും ബലഹീനവുമായിരുന്ന ആ ചെറു സമൂഹം ലോകത്തെ കീഴ്മേൽ മറിച്ചതിന്റെ ഒരു പ്രധാന കാരണം അവരുടെ കൂട്ടായ്മയുടെ ബന്ധമായിരുന്നു.

## *2. ക്രിസ്തു സ്ഥാപിച്ച സഭ*

യേശുവിനൊരു സഭയുണ്ടോ, അതോ മതപരമായ സംഘടന എന്ന ആശയം വെറുമൊരു മാനുഷീക കണ്ടുപിടിത്തമാണോ? യേശു ഉത്തരം തരുന്നു:

"ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" മത്താ. 16:18.

തന്റെ സഭയുടെ മൂലക്കല്ലു ക്രിസ്തുവാകുന്നു.

***"ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു" എഫെ. 2:20.***

സുവിശേഷ പ്രസംഗത്തിലൂടെ കർത്താവെന്തു നേടി?

***"കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു" അപ്പൊ. പ്ര. 2:47.***

സഭ സ്ഥാപിച്ചപ്പോൾ യേശു വാഗ്ദത്തം ചെയ്തു. "പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" മത്തായി 16:18. എല്ലാ പീഡനങ്ങളേയും അതിജീവിച്ച് ക്രിസ്തീയ സഭ ഇന്നും നിലനില്ക്കുന്നു. റോമൻ ചക്രവർത്തിമാർ മുതൽ കമ്മ്യൂണിസ്റ്റ് ഏകാധിപതികൾ വരെ സഭയുടെ ശത്രുക്കളായിരുന്നു. എന്നാൽ രക്തസാക്ഷികളുടെ രക്തം സഭയെ ശക്തിപ്പെടുത്തുക മാത്രമേ ചെയ്തുള്ളൂ. ഒരു ക്രിസ്ത്യാനിയെ തീച്ചൂളയിലോ സിംഹഗുഹയിലോ എറിയുമ്പോൾ, ആ സ്ഥാനത്ത് അനേകർ പകരക്കാരായി എഴുന്നേൽക്കുന്നു. നിരീശ്വരവാദികളും യുക്തിവാദികളും ക്രിസ്തീയ വിശ്വാസം നിരർത്ഥകമാണെന്ന് തെളിയിക്കാൻ ശ്രമിച്ചു. എന്നാൽ ശാസ്ത്രീയവും മതേതരവുമായ ഒരു ലോകത്ത് ക്രിസ്തീയ വിശ്വാസം എന്നത്തേക്കാളും അധികം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു.

ക്രിസ്തീയ സഭയെ റോമാസാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി അംഗീകരിച്ചു കഴിഞ്ഞപ്പോഴാണ് സഭയുടെ നിലനില്പിന്റെ ഏറ്റവും വലിയൊരു വെല്ലുവിളി നേരിട്ടത്. സഭ അതിവേഗം വളർന്നു വലുതായി. എന്നാൽ അതോടൊപ്പം ദുഷിക്കുകയും ചെയ്തു. അന്ധകാരയുഗത്തിൽ സഭ ആത്മീയമായി മരിച്ചതുപോലെ കാണപ്പെട്ടു. എന്നാൽ എല്ലാ കാലത്തും ധീരന്മാരും വിശ്വസ്തരുമായ ഒരു സമൂഹം വിശ്വാസികളെ, ചന്ദ്രനുദിക്കാത്ത രാത്രിയിൽ ശോഭിക്കുന്ന നക്ഷത്രങ്ങളെപ്പോലെ ദൈവം സൂക്ഷിച്ചു.

സഭയുമായുള്ള കർത്താവിന്റെ ബന്ധത്തെ പൗലൊസ് ഒരു ഭർത്താവു തന്റെ ഭാര്യയെ കാരുണ്യത്തോടെ സംരക്ഷിക്കുന്നതിനോടു താരതമ്യപ്പെടുത്തിയിരിക്കുന്നു (എഫെ. 5:23–25). സഭ ഒരു കുടുംബമാകുന്നു. ഓരോ അംഗവും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി യോജിച്ചു പ്രവർത്തിക്കുന്നു (എഫെ. 2:19). പൌലൊസ് വീണ്ടും സഭയെ ക്രിസ്തു തലയായിരിക്കുന്ന ഒരു ശരീരത്തോടുപമിക്കുന്നു. (കൊലൊ. 1:18).

***"നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റു" 1 കൊരി 12:13.***

ഉയിർത്തെഴുന്നേറ്റ ക്രിസ്തു സഭകളുടെ മദ്ധ്യേ നടക്കുന്നതായി വെളിപ്പാടു പുസ്തകത്തിൽ ചിത്രീകരിച്ചിരിക്കുന്നു. (വെളി. 1:20, 12, 13). ക്രിസ്തു തന്റെ ജനത്തെ ഒരിക്കലും മറന്നിട്ടല്ല, മറക്കുകയുമില്ല.

## *3. ഒരു ലക്ഷ്യത്തോടുകൂടിയ സഭ*

ഒരു ക്രിസ്ത്യാനിക്കു സഭാംഗത്വം അത്യാവശ്യമാകുന്നു. നമ്മുടെ വിശ്വാസം ജീവനുള്ളതായി നിലനില്ക്കാനും വളരാനും മറ്റുള്ളവരുടെ സഹായം നമുക്കാവശ്യമാകുന്നു.

വേറെ മൂന്നു പ്രധാനപ്പെട്ട ചുമതലകൾകൂടി സഭയ്ക്കുണ്ട്:

(1) സഭ സത്യത്തെ കാത്തു സൂക്ഷിക്കുന്നു.

ലോകത്തിന്റെ മുമ്പാകെ സഭ "സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി" (1 തിമൊ. 3:15) നിലകൊള്ളുന്നു.

(2) ദൈവത്തിന്റെ കൃപ പാപികൾക്കു വേണ്ടി എന്തു ചെയ്യുന്നുവെന്നതിന്റെ ഒരു ഉദാഹരണമാണ് സഭ. "അവന്റെ അത്ഭുതപ്രകാശത്തിലേക്ക്" (1 പത്രൊസ് 2:9) നമ്മെ വിളിച്ചവൻ വിശ്വാസികളുടെ ജീവിതത്തിൽ വരുത്തിയ മാറ്റം ലോകത്തിന്റെ മുമ്പാകെ വലിയൊരു സാക്ഷ്യം ആകുന്നു.

(3) അന്ധകാരപൂർണ്ണമായ ഒരു ലോകത്തിന്റെ മുമ്പാകെ അവന്റെ ജനം സാക്ഷികളാണ്. സ്വർഗ്ഗാരോഹണത്തിനു മുമ്പായി കർത്താവു വാഗ്ദത്തം ചെയ്തു:

***''എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും." അപ്പൊ. പ്ര. 1:8.***

## 4. ശക്തിക്കായി രൂപീകരിക്കപ്പെട്ടിരിക്കുന്നു

യേശുക്രിസ്തു സ്ഥാപിച്ച സഭ, ശക്തമായ ഒരു സംഘടനയായിരുന്നു. ആളുകളെ ഉൾക്കൊള്ളാനും പുറന്തള്ളാനും അതിനു കഴിയുമായിരുന്നു (മത്താ. 18: 15–18). ദൈവത്തിന്റെ സഭ നേതാക്കന്മാരെ തിരഞ്ഞെടുത്തിരുന്നു. സഭയ്ക്കു പ്രാദേശികമായ കൂടിവരവിനുള്ള സ്ഥലങ്ങളും ലോക ആസ്ഥാനവുമുണ്ടായിരുന്നു (അ.പ്ര. 8:14; 14:23; 15:2; 1 തിമൊ. 3:1–13). സ്നാനപ്പെട്ട വിശ്വാസികൾ രൂപീകരിക്കപ്പെട്ട ഒരു സമൂഹത്തോടാണു ചേർന്നത് (അപ്പൊ.പ്ര. 2:41, 47).

അന്യോന്യം ഉൽസാഹിപ്പിക്കാൻ വേണ്ടിയാണ് സഭ നിലനില്ക്കുന്നത്.

***"ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു"*** *എബ്രാ. 10:24, 25.*

ആരോഗ്യമുള്ള ഒരു സഭാകുടുംബത്തിൽ നിന്നു പ്രതീക്ഷിക്കുന്നതിതാണ്. ഒരാൾ ഒറ്റയ്ക്കായിരിക്കുമ്പോൾ ചെയ്യാൻ കഴിയുന്നതിനേക്കാൾ വളരെയേറെ ചെയ്യാം, ഒരു സമൂഹവുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ. ഉദാഹരണമായി സെവന്ത്-ഡേ അഡ്വന്റിസ്റ്റു സഭയെ നോക്കുക. നഗരഹൃദയങ്ങളിലെ ആരോഗ്യ വാഹനങ്ങൾ മുതൽ ദക്ഷിണ പസഫിക്കിലെ വിദൂരമായ ദ്വീപുകൾ വരെ പടർന്നു കിടക്കുന്നു വലിയൊരു ആരോഗ്യ പ്രവർത്തന ശൃംഖല നമുക്കുണ്ട്. ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയിൽ മുൻഗാമികളായ ലോമാലിൻഡാ യൂണിവേഴ്സിറ്റി മുതൽ ആഫ്രിക്കയുടെ ഉൾപ്രദേശങ്ങൾവരെ ചിതറിക്കിടക്കുന്ന ചെറിയ ചെറിയ സ്ക്കൂളുകൾ വരെയുള്ള നമ്മുടെ വിദ്യാലയങ്ങൾ ലക്ഷോപലക്ഷം വിദ്യാർത്ഥികളെ യേശുവിലൂടെയുള്ള ഒരു നല്ല ജീവിതത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു. "അഡ്രാ (ADRA)" യിലൂടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു. ഇരുന്നൂറിലേറെ രാജ്യങ്ങളിൽ അഡ്വന്റിസ്റ്റ് വിശ്വാസികളുടെ കൂട്ടായ്മകൾ രക്ഷയുടെ സന്ദേശം പങ്കുവെക്കുന്നു. സമർപ്പണ മനോഭാവത്തോടുകൂടിയ ഒരു സഭാ സംഘടനയിലൂടെ മാത്രമേ ലോകമാസകലമുള്ള ഒരു പ്രവർത്തനം കാഴ്ച വെക്കാൻ സാധിക്കുകയുള്ളൂ.

സഭയെ ബൈബിൾ ഒരു ശരീരത്തോടുപമിക്കുന്നു (1 കൊരി 12:21–28). ശരീരത്തിലെ എല്ലാ അവയവങ്ങളും വിഭിന്നമായിരിക്കുന്നു. എന്നാൽ അവയെല്ലാം സുപ്രധാനങ്ങളാണ്. എല്ലാം യോജിച്ചു പ്രവർത്തിക്കുകയും വേണം. സഭയാകുന്ന ശരീരത്തോട് അവയവങ്ങളാകുന്ന നാമെല്ലാവരും യോജിച്ചുനിന്നു പ്രവർത്തിക്കുമ്പോൾ ക്രിസ്ത്യാനികളെന്ന നിലയിൽ നാം ശക്തരായിരിക്കും.

## 5. ആരാധനയുടെ സന്തോഷം

എല്ലാ ഹൃദയങ്ങളുടേയും അന്തർഭാഗങ്ങളിൽ ദൈവത്തെ ആരാധിക്കാനുള്ള ഒരാഗ്രഹം അന്തർലീനമായിരിക്കുന്നു.

സങ്കീർത്തനക്കാരൻ പറയുന്നു: ***"യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു." സങ്കീ. 122.1.***

ആരാധനയിൽ സംഗീതത്തിന്റെ സ്ഥാനം എന്താകുന്നു ?

***"സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ; സംഗീതത്തോടെ അവന്റെ സന്നിധിയിൽ വരുവിൻ." സങ്കീ. 100:2.***

***ആരാധനയിൽ കാണിക്കകളുടെ പങ്കിനെക്കുറിച്ചു പറയുമ്പോൾ: "യഹോവയ്ക്കു അവന്റെ നാമത്തിനു തക്ക മഹത്വം കൊടുപ്പിൻ; തിരുമുൽക്കാഴ്ചയുമായി അവന്റെ പ്രാകാരങ്ങളിൽ ചെല്ലുവിൻ" സങ്കീ. 96:8,9.***

പരസ്യാരാധനയുടെ ഒരു പ്രധാന ഭാഗമാണ് പ്രാർത്ഥന: ***<u>“വരുവിൻ, നാം വണങ്ങി നമസ്ക്കരിക്ക; നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടുകുത്തുക” സങ്കീ. 95:6.</u>***

വേദപഠനവും പ്രസംഗവും പുതിയനിയമ ആരാധനയുടെ കേന്ദ്രമാണ്. അപ്പൊസ്തല പ്രവൃത്തികൾ രണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പത്രൊസിന്റെ പ്രസംഗം മുതൽ നവീകരണ കാലഘട്ടത്തിലും, ഇന്നും, എല്ലാ ആത്മീയ നവീകരണങ്ങളുടേയും അടിസ്ഥാനം വചനാധിഷ്ഠിതമായ പ്രസംഗങ്ങളായിരുന്നു. എന്തുകൊണ്ട്? **“ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി, ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും”** ആകുന്നു (എബ്രാ. 4:12).

## *6. സഭയിൽ ശരിയായിരിക്കുന്നതെന്താകുന്നു?*

കുറ്റവും കുറവും ഉള്ളവർ നിറഞ്ഞതാണ് സഭയെന്നു ചിലർ കുറ്റം പറയാറുണ്ട്. ഹെന്റി വാർഡ് ബീച്ചർ പറഞ്ഞതു ശരിയാണ്: “ശ്രേഷ്ഠന്മാരായ ക്രിസ്ത്യാനികളെ പ്രദർശിപ്പിക്കാനുള്ള ഒരു ഗാലറിയല്ല സഭ, പിന്നെയോ ബലഹീനരായ ആളുകളുടെ വിദ്യാഭ്യാസത്തിനുള്ള ഒരു വിദ്യാലയമാണ്.”

നമ്മിലാരും പൂർണ്ണതയുള്ളവരല്ലാത്തതുകൊണ്ട് സഭയും പൂർണ്ണതയുള്ളതല്ല. നല്ല ചെടികളുടെ ഇടയിൽ കളകളും വളരുമെന്ന് കർത്താവൊരു ഉപമയിലൂടെ ഓർമ്മിപ്പിച്ചു. (മത്താ: 13:24-30). പൗലൊസിന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ പുതിയനിയമ സഭയിൽ ധാരാളം പ്രശ്നങ്ങളുണ്ടായിരുന്നതായി മനസ്സിലാക്കാം. ഇന്നും സഭയിൽ ധാരാളം ഗൗരവമേറിയ പ്രശ്നങ്ങളുണ്ട്. സഹവിശ്വാസികൾ ബലഹീനരായാലും യേശുവിൽ നമ്മുടെ ദൃഷ്ടികളുറച്ചിരിക്കട്ടെ. സഭ യേശുവിന്റെ വകയാകുന്നു.

***<u>“ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ...</u> അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുന്നിറുത്തേണ്ടതിനും <u>തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു” </u>എഫേ. 5:25-27.***

സഭ യേശുവിന് വളരെ പ്രധാനപ്പെട്ടതായതിനാൽ അവൻ “തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു” കൊണ്ട് അവൻ മരിച്ചപ്പോൾ വ്യക്തിപരമായി നാമോരോരുത്തർക്കും, സമൂഹമായി സഭയ്ക്കും വേണ്ടിയായിരുന്നു മരിച്ചത്. അതുകൊണ്ട് സഭാംഗത്വം പ്രധാനമാകുന്നു. നിങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഒരു അംഗമാകുന്നുവോ?

7. ഒരു സഭ കണ്ടെത്തുന്നത്

ഈ ലോകത്തിൽ യേശുവിന്റെ സത്യവിശ്വാസങ്ങൾ എത്രയെണ്ണമുണ്ട് ?

***“...ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു”... എഫെ. 4:4-5.***

വിശ്വാസം ഒന്നേയുള്ളെങ്കിൽ അത് ഏതാണെന്നു നമുക്കെങ്ങനെ മനസ്സിലാക്കാം? യേശു പറയുന്നു: ***“അവന്റെ ഇഷ്ടം ചെയ്‌വാൻ ഇച്ഛിക്കുന്നവൻ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്നു അറിയും” യോഹ. 7:17. (യോഹ. 8:31,32 കാണുക)***

ദൈവയിഷ്ടം ചെയ്യുവാൻ നാം ഒരു തീരുമാനമെടുക്കുമ്പോൾ ഈ ഉപദേശം ദൈവത്തിൽ നിന്നുള്ളതോ, അതോ മനുഷ്യന്റെ പാരമ്പര്യങ്ങളിൽ നിന്നു മാത്രമുള്ളതോ എന്നു മനസ്സിലാക്കുവാൻ കർത്താവു നമ്മെ സഹായിക്കും. ദൈവത്തിന്റെ വചനത്തോടുള്ള സമ്പൂർണ്ണ വിധേയത്വവും, ബഹുമാനവുമാകുന്നു സഭയുടെ പ്രധാന അടയാളം. യഥാർത്ഥ കൂട്ടായ്മ ദൈവവചനത്തെ അടിസ്ഥാനമാക്കിയാണ് സ്ഥാപിക്കപ്പെടേണ്ടത്. ഒരിക്കലും വാക്ചാതുര്യമുള്ള ഒരു നേതാവിനെയോ, വലിയൊരു സ്ഥാപനത്തെയോ അടിസ്ഥാനമാക്കിയല്ല.

ബൈബിളിലൂടെ ദൈവം വെളിപ്പെടുത്തുന്ന വെളിച്ചത്തിൽ നടക്കുക, നിങ്ങൾക്കുവേണ്ടിയുള്ള അവന്റെ ഹിതം അവൻ വെളിപ്പെടുത്തിത്തരും. ദൈവം ബൈബിളിലൂടെ തന്റെ ഹിതം വെളിപ്പെടുത്തുമ്പോൾ, സത്യം സ്വീകരിക്കാൻ മനസ്സും ഹൃദയവും തുറക്കുന്നവനാണ് ഒരു വളരുന്ന ക്രിസ്ത്യാനി.

# കണ്ടെത്തുക

പഠനസഹായി **20**

## കൂട്ടായ്മയിലൂടെയുള്ള വളർച്ചയുടെ രഹസ്യം

***എല്ലാ ശരിയായ പ്രസ്താവനകളുടേയും ഇടതുവശത്ത് X എന്ന അടയാളമിടുക.***

1. ബൈബിൾ വെളിപ്പെടുത്തുന്ന ശക്തമായ അപ്പൊസ്തലിക സഭ ആളുകളെ ക്ഷണിച്ചത് ______.കൂട്ടായ്മയിലേക്കാണ്.

   ______ അന്യോന്യമുള്ള______കർത്താവുമായുള്ള______പരീശന്മാരുമായുള്ള

2. ക്രിസ്തീയ സഭ സ്ഥാപിച്ചത്

   ______പാറയാകുന്ന ക്രിസ്തു ______ യോഹന്നാൻ സ്നാപകൻ ______ അപ്പൊസ്തലനായ പത്രൊസ്.

   ബൈബിൾ സഭയെ താരതമ്യം ചെയ്യുന്നത് ______ ഒരു ഭർത്താവിന് ഭാര്യയോടുള്ള ബന്ധത്തോട് ______ ഒരു കുടുംബത്തോട് ______ ജീവനുള്ള ഒരു ശരീരത്തോട് ______ സ്വർണ്ണദീപസ്തംഭങ്ങളോട്.

3. ക്രിസ്തു സഭ സ്ഥാപിച്ചത്.

   ______ നമ്മുടെ വിശ്വാസം നിലനില്ക്കാനും വളരാനും മറ്റുള്ളവരുടെ പ്രോത്സാഹനം നമ്മെ സഹായിക്കുമെന്നും ഉള്ളതുകൊണ്ട്.

   ______ ലോകത്തിന്റെ മുമ്പാകെ ദൈവത്തിന്റെ സത്യത്തെ പിന്താങ്ങാൻ.

   ______ പാപികൾക്കുവേണ്ടി ദൈവത്തിന്റെ കൃപക്കെന്തു ചെയ്യാൻ കഴിയുമെന്നുള്ളതിന്റെ മാതൃകയായി നിൽക്കാൻ.

   ______ ആവശ്യത്തിലിരിക്കുന്ന മുഴുലോകത്തിനും സാക്ഷീകരിക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കാൻ.

4–6 ദൈവം സഭയെ വ്യക്തമായ ഒരു സംഘടനായായിട്ടു രൂപീകരിച്ചു.

   ______ അംഗങ്ങൾ അന്യോന്യം പ്രോത്സാഹിപ്പിക്കാൻ വേണ്ടി.

   ______ പാട്ടും പ്രാർത്ഥനയും വേദപഠനവുമുൾപ്പെടുന്ന ആരാധനയിൽ അംഗങ്ങൾ ഒന്നിച്ചു ചേരുവാൻ.

   ______ സഭ പൂർണ്ണതയുള്ളതായി കാണപ്പെടുവാൻ.

   ______ സഭയോടുള്ള തന്റെ അഗാധമായ സ്നേഹം നിമിത്തം.

7. യേശു സ്ഥാപിച്ചു

   ______ അനേകം സത്യ വിശ്വാസങ്ങൾ

   ______ ഏക സത്യ വിശ്വാസം.

   യഥാർത്ഥ വിശ്വാസത്തെ കണ്ടെത്തുവാൻ യേശു നല്കിയ മാർഗ്ഗം.

   ______ ദൈവഹിതം അനുഷ്ഠിക്കുന്നത്.

   ______ നമ്മുടെ മാതാപിതാക്കളുടെ മതം പിൻതുടരുന്നത്.

***ഹൃദയംഗമമായ ചോദ്യം: മറ്റു ക്രിസ്ത്യാനികളുമായി കൂട്ടായ്മയുടെ സന്തോഷം നിങ്ങൾ അനുഭവിക്കുന്നുവോ?***

*ശ്രദ്ധിക്കുക: ദൈവത്തിന്റെ സത്യസഭയെ എനിക്കെങ്ങനെ കണ്ടെത്താം എന്ന ചോദ്യത്തിന്റെ ഉത്തരം പാഠം 25-ൽ ഉണ്ട്.*

# കണ്ടെത്തുക

## പഠനസഹായി 21

# ഭൂരിപക്ഷത്തിനു തെറ്റുപറ്റുമോ ?

**ഇ**ന്നത്തെ തിരക്കു നിറഞ്ഞ ജീവിതത്തിനൊരു മറു മരുന്നാകുന്നു ശബ്ബത്ത് വിശ്രമം എന്ന് പാഠം 16-ൽ നാം കണ്ടെത്തുകയുണ്ടായി. ദൈവം നമ്മുടെ എല്ലാ ആവശ്യ ങ്ങളും അറിയുന്നതുകൊണ്ട്, നമ്മുടെ ശാരീരിക വിശ്രമ ത്തിനും ആത്മീയ ഉന്മേഷത്തിനുംവേണ്ടി അവൻ ഓരോ ഏഴാം ദിവസവും സ്ഥാപിച്ചു. ആറു ദിവസംകൊണ്ടു നമ്മുടെ ലോകത്തെ സൃഷ്ടിച്ച ശേഷം അവൻ ഏഴാം ദിവസം "വിശ്രമിച്ച്" , അതിനെ "അനുഗ്രഹിച്ചു ശുദ്ധീക രിച്ചു " (ഉല്പ. 2:1-3).

ദൈവം തന്റെ ജനത്തിനു പത്തു കല്പന കൊടു ത്തപ്പോൾ ശബ്ബത്ത് കല്പന അതിന്റെ കേന്ദ്രഭാഗത്തു സ്ഥാപിച്ചു (പുറ. 20:8-11). കല്പനയിലെ വിവരണപ്ര കാരം ദൈവത്തിന്റെ സൃഷ്ടിപ്പിൻശക്തിയുടെ സ്മാരക മാകുന്നു ശബ്ബത്ത്.

യേശു ഭൂമിയിലായിരുന്നപ്പോൾ ശബ്ബത്തനുഷ്ഠിച്ചു (ലൂക്കൊ. 4:16). ക്രിസ്ത്യാനികൾക്കനുഗ്രഹപ്രദമായ ദിവ സമാണതെന്നു സ്ഥാപിക്കുകയും ചെയ്തു (മർക്കൊ. 2:27,28). അപ്പൊലസ്തലന്മാരും ശബ്ബത്തനുഷ്ഠിച്ചു (അപ്പൊ.പ്ര. 13:14; 16:13; 17:2; 18:1 -4,11)

### *1. കുഴയ്ക്കുന്ന ഒരു ചോദ്യം*

ആരാധനാദിവസത്തിന്റെ വിഷയത്തിൽ അഖില ലോക ക്രിസ്ത്യാനികൾ രണ്ടായി നിലകൊള്ളുന്നു. യേശു വിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഓർമ്മയ്ക്കായി ഒരു വിഭാഗം ഞായറാഴ്ചയെ ആരാധനാദിവസമാക്കിയിരിക്കു ന്നു. മറ്റെ വിഭാഗം ബൈബിൾ പ്രമാണപ്രകാരം ഏഴാം ദിവസം ആരാധനയ്ക്കായി വേർതിരിക്കുന്നു.

ഏതു ദിവസം ശബ്ബത്തായി ആചരിക്കുന്നു എന്ന തിൽ എന്തെങ്കിലും പ്രത്യേകതയുണ്ടോ? എപ്പോഴും നാം ചോദിക്കണം, "ഞാൻ എന്തു ചെയ്യണമെന്നു യേശു ആഗ്രഹിക്കുന്നു?" ഒരു തീരുമാനത്തിലേക്കു വരും മുമ്പ് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കുത്തരം കണ്ടെ ത്തണം.

### *2. ദൈവം ദിവസത്തെ മാററിയോ ?*

ഏഴാം ദിനത്തിൽ നിന്നു ശബ്ബത്തിനെ ഒന്നാം ദിന ത്തിലേക്കു മാറ്റിയതായി ബൈബിളിൽ എവിടെയെങ്കിലും ദൈവം പ്രഖ്യാപിച്ചിട്ടുണ്ടോ?

ജീവിതത്തിന്റെ സുപ്രധാന മാർഗ്ഗരേഖയായി എല്ലാ ക്രിസ്ത്യാനികളും പത്തുകല്പനകളെ അംഗീകരിക്കുന്നു. മനുഷ്യവംശത്തിനു വേണ്ടി ദൈവം എഴുതികൊടുത്ത ഒരേയൊരു സന്ദേശം അതുമാത്രമാണ്. അവയുടെ പ്രാധാ ന്യത്തെക്കുറിച്ചു നമ്മെ ബോദ്ധ്യപ്പെടുത്താൻ ദൈവം സ്വന്തം കൈവിരലുകൾകൊണ്ട് രണ്ട് കല്പലകകളിൽ തന്റെ കല്പനകൾ എഴുതി (പുറ. 31:18)

**നാലാം കല്പനയിലൂടെ ദൈവം നമ്മോടു നിർദ്ദേ ശിക്കുന്നത്:**

***"ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. <u>ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു;</u> അന്നു...ഒരു വേലയും ചെയ്യരുത്. ആറു ദിവസംകൊണ്ട് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ട് <u>യഹോവ ശബ്ബത്ത് നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കു ന്നു. "</u> പുറ. 20:8-11.***

മനുഷ്യർ തന്റെ കല്പനകളെ യാതൊരു വിധ ത്തിലും വ്യത്യാസപ്പെടുത്തരുതെന്നു ദൈവം ശക്തമായ താക്കീതും കൊടുത്തിരുന്നു.

***"ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ <u>ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാ ണിക്കേണം.</u> ഞാൻ നിങ്ങളോടു കല്പിക്കുന്ന <u>വചന ത്തോടു കൂട്ടുകയോ</u> അതിൽ നിന്നു <u>കുറയ്ക്കുകയോ</u> ചെയ്യരുത്." ആവ. 4:2.***

തന്റെ കല്പനകളെ താൻ പോലും മാറ്റുകയില്ലെ ന്നാണു ദൈവം വാഗ്ദത്തം ചെയ്യുന്നത്.

***"ഞാൻ എന്റെ നിയമത്തെ ലംഘിക്കുകയോ എന്റെ അധരങ്ങളിൽ നിന്നു പുറപ്പെട്ടതിനു ഭേദം വരുത്തു കയോ ചെയ്കയില്ല" സങ്കീ. 89:34.***

ദൈവം ശബ്ബത്തിന്റെ വിശുദ്ധി ഏഴാം ദിനത്തിൽ നിന്ന് ഒന്നാം ദിനത്തിലേക്കു മാറ്റിയിട്ടില്ലെന്നു ബൈബിൾ വ്യക്തമാക്കുന്നു.

### *3. യേശു ശബ്ബത്തിനെ മാറ്റിയോ /*

പത്തുകല്പനകളിൽ യാതൊരു മാറ്റവും വരുത്തരു തെന്നാണ് യേശുവിന്റെ ആജ്ഞ.

***"ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാ രെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുത്;***

***നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകയില്ല." മത്താ. 5:17, 18.***

ശബ്ബത്തുതോറും പള്ളിയിൽ പോയി ആരാധിക്കുകയെന്നുള്ളത് യേശുവിന്റെ പതിവായിരുന്നു (ലൂക്കൊ. 4:16). തന്റെ ശിഷ്യന്മാർ എല്ലാക്കാലത്തും യഥാർത്ഥ ശബ്ബത്തനുഷ്ഠാനത്തിന്റെ സന്തോഷം അനുഭവിക്കണമെന്നും അവൻ ആഗ്രഹിച്ചു (മത്താ. 24:20). വിശ്രമത്തിനും സ്വസ്ഥതയ്ക്കും ദൈവവുമായി സമയം ചിലവഴിക്കുന്നതിനും നമുക്ക് ഇന്നും ശബ്ബത്ത് ആവശ്യമാണെന്നും യേശു പഠിപ്പിച്ചു.

## *4. അപ്പൊസ്തലന്മാർ ശബ്ബത്ത് മാറ്റിയോ?*

**ആദിമ സഭയുടെ ആദ്യത്തെ നേതാവായിരുന്ന യാക്കോബ് എഴുതി:**

***"ഒരുത്തൻ ന്യാപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചവൻ കുല ചെയ്യരുത് എന്നും കല്പിച്ചിരിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കുല ചെയ്യുന്നുവെങ്കിൽ ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു" യാക്കോ. 2:10,11.***

**ആദിമ സഭയിലെ ഒരു സുവിശേഷകനും വൈദ്യനുമായിരുന്ന ലൂക്കൊസ് എഴുതി:**

***"ശബ്ബത്തുനാളിൽ ഞങ്ങൾ ഗോപുരത്തിനു പുറത്തേക്കു പോയി അവിടെ പ്രാർത്ഥനാസ്ഥലം ഉണ്ടായിരിക്കും എന്നു ഞങ്ങൾ വിചാരിച്ചു പുഴവക്കത്തു ഇരുന്നു; അവിടെ കൂടിവന്ന സ്ത്രീകളോടു സംസാരിച്ചു" അപ്പൊ.പ്ര. 16:13.***

യേശുവിന്റെ ഉയിർത്തെഴുന്നേല്പിനും സ്വർഗ്ഗാരോഹണത്തിനും ശേഷം പതിന്നാലു വർഷങ്ങൾക്കപ്പുറം ക്രിസ്തുവിന്റെ ശിഷ്യന്മാർ ശബ്ബത്തനുഷ്ഠിച്ചതിനെക്കുറിച്ച് അപ്പൊസ്തല പ്രവൃത്തികളിൽ മാത്രം 84 പ്രാവശ്യം രേഖപ്പെടുത്തിയിരിക്കുന്നു. അന്ത്യോക്ക്യയിൽ രണ്ടും (അപ്പൊപ്ര. 13:14, 42, 44) ഫിലിപ്പിയിൽ ഒന്നും (അപ്പൊ. പ്ര. 16:13) തെസ്സലൊനീക്ക്യയിൽ മൂന്നും (അപ്പൊ.പ്ര. 17:2,3) കൊരിന്തിൽ 78-ഉം ശബ്ബത്തുകൾ (അപ്പൊ.പ്ര. 18:4, 11).

**യേശുവിന്റെ ശിഷ്യന്മാരിൽ ഏറ്റവും ഒടുവിൽ മരിച്ച യോഹന്നാൻ പത്മൊസ് ദ്വീപിലെ തന്റെ ശബ്ബത്തനുഭവത്തേക്കുറിച്ചെഴുതി, "കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി" വെളി. 1:10.**

***യേശുവിന്റെ ശിഷ്യന്മാരിൽ ഏറ്റവും ഒടുവിൽ മരിച്ച യോഹന്നാൻ പത്മൊസ് ദ്വീപിലെ തന്റെ ശബ്ബത്തനുഭവത്തെക്കുറിച്ചെഴുതി, "കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി" വെളി. 1:10.***

യേശുവിന്റെ വാക്കുകൾ പ്രകാരം കർത്തൃദിവസം ശബ്ബത്താണ്.

***"മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു" മത്താ. 12:8.***

ദൈവത്തിന്റെ വിശുദ്ധ ശബ്ബത്ത് ഏഴാം ദിവസത്തിൽ നിന്ന് ഒന്നാം ദിവസത്തിലേക്കു മാറ്റുവാൻ അപ്പൊസ്തലന്മാർ ഏതെങ്കിലും തരത്തിൽ ശ്രമിച്ചതായി ബൈബിളിൽ യാതൊരു തെളിവുമില്ല. ഒന്നാം ദിവസം എന്നു പുതിയ നിയമത്തിൽ എട്ടുപ്രാവശ്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ആ ദിവസങ്ങളിൽ എന്താണു സംഭവിച്ചതെന്നു നമുക്കു നോക്കാം.

1. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സ്ത്രീകൾ കല്ലറയ്ക്കൽ ചെന്നു. (മത്ത. 28:1).

2. "ശബ്ബത്തു കഴിഞ്ഞശേഷം" ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സ്ത്രീകൾ അവരുടെ സാമാന്യ വേലകൾ പുനരാരംഭിച്ചു. (മർക്കൊ. 16:1,2).

3. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ യേശു മഗ്ദലക്കാരത്തി മറിയയ്ക്കു പ്രത്യക്ഷനായി (മർക്കൊ. 16:9).

4. യേശുവിന്റെ അനുയായികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അവരുടെ സാമാന്യ വേലയ്ക്കു പോയി (ലൂക്കൊ. 24.1).

5). ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതിരാവിലെ മറിയ കല്ലറയ്ക്കൽ ചെന്നപ്പോൾ കല്ലറ ശൂന്യമായി കിടക്കുന്നതു കണ്ടു (യോഹ. 20:1).

6) "യെഹൂദന്മാരെ പേടിച്ച്" (ആരാധനയ്ക്കല്ല) ശിഷ്യന്മാർ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഒരുമിച്ചു കൂടിയിരുന്നു (യോഹ. 20:19).

7) സഭാംഗങ്ങൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും വരുമാനത്തിന്റെ കണക്കുകൾ പരിശോധിച്ചിട്ട് യെരൂശലേമിലെ സാധുക്കളുടെ സംരക്ഷണത്തിനു വേണ്ടി കുറച്ചു പണം മാറ്റി വെയ്ക്കാൻ പൗലൊസ് പ്രബോധിപ്പിക്കുന്നു. (1 കൊരി. 16:1,2). ആത്മീയമായ ഏതെങ്കിലും കൂടിവരവിനെക്കുറിച്ച് ആ ഭാഗത്തു പറയുന്നില്ല.

8) അപ്പൊ.പ്ര. 20:7,-ൽ ഒരു യാദൃച്ഛിക യാത്രയയപ്പു യോഗത്തിൽ പൗലൊസ് പ്രസംഗിച്ചതായി ലൂക്കൊസ് എഴുതിയിരിക്കുന്നു. പൗലൊസ് എല്ലാ ദിവസവും പ്രസം

ഗിക്കുകയും. അപ്പൊസ്തലന്മാർ എല്ലാ ദിവസവും അപ്പം നുറുക്കുകയും ചെയ്തിരുന്നു (അ.പ്ര. 2:46).

ഏഴാം ദിന ശബ്ബത്തനുഷ്ഠാനം നിർത്തിക്കളയാൻ അപ്പൊസ്തലന്മാർ ഉദ്ദേശിച്ചിരുന്നതായി ഈ വാക്യങ്ങളിലെങ്ങും യാതൊരു സൂചനയും ഇല്ല. അപ്പൊസ്തലന്മാരുടെ കാലശേഷമായിരുന്നു മാറ്റം സംഭവിച്ചത്. മാറ്റം എങ്ങനെയുണ്ടായി എന്നറിയുവാൻ നാം ചരിത്രത്തിലേക്കു തിരിയണം.

### *5. ഞായറാഴ്ച ആചാരം എവിടെ നിന്നു വന്നു?*

ക്രിസ്ത്യാനിത്വത്തിന്റെ യഥാർത്ഥ സത്യങ്ങളിൽ നിന്നു ചില ക്രിസ്ത്യാനികൾ വ്യതിചലിക്കുമെന്ന് ബൈബിൾ വ്യക്തമായ മുന്നറിയിപ്പു നല്കുന്നുണ്ട് (അപ്പൊ.പ്ര. 20:29-31). അതുതന്നെ സംഭവിച്ചു. രണ്ടാം നൂറ്റാണ്ടിൽ ഇറ്റലിയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ ഞായറാഴ്ച ആചാരം ഉത്ഭവിച്ചതായി ചരിത്ര രേഖകളുണ്ട്. അതിനുശേഷം ഏറെക്കാലം ഒരു വിഭാഗം ക്രിസ്ത്യാനികൾ രണ്ടു ദിവസങ്ങളും ആചരിക്കുകയും മറ്റുള്ളവർ ഏഴാം ദിന ശബ്ബത്ത് മാത്രം ആചരിക്കുകയും ചെയ്തുകൊണ്ടിരുന്നു.

എ.ഡി. 321, മാർച്ചു മാസം 7-ാം തീയ്യതി റോമൻ ചക്രവർത്തിയായിരുന്ന കോൺസ്റ്റന്റൈൻ, റോമാ സാമ്രാജ്യത്തിലെ കൃഷിക്കാരൊഴികെയുള്ള എല്ലാ ആളുകളും ഞായറാഴ്ച ദിവസം സ്വസ്ഥമായിരിക്കാൻ ഒരു ദേശീയ ഞായറാഴ്ച നിയമം പ്രഖ്യാപിച്ചു. അതും അതിനേത്തുടർന്നു കോൺസ്റ്റൻന്റൈൻ പ്രഖ്യാപിച്ച മറ്റ് അഞ്ച് നിയമങ്ങളും ചേർന്ന്, അന്നുമുതൽ ഇന്നുവരെയുള്ള എല്ലാ ഞായറാഴ്ചയാചാരനിയമങ്ങളുടേയും അടിത്തറ പാകി, നാലാം നൂറ്റാണ്ടിൽ ലവോദിക്യ സുന്നഹദോസിൽ വെച്ചാണ് സഭ ഞായറാഴ്ചയാചാരം ഔദ്യോഗികമായി അംഗീകരിച്ചത്.

അങ്ങനെ ഞായറാഴ്ച ആചാരം ഒരു മാനുഷിക നിയമമാണെന്ന് ചരിത്രം തെളിയിക്കുന്നു. ക്രിസ്തീയ യുഗത്തിൽ ഒരു ദുഷ്ട ശക്തി ദൈവകല്പനകൾ മാറ്റാൻ ശ്രമിക്കുമെന്ന് ദാനീയേൽ പ്രവാചകൻ പ്രവചിച്ചിരിക്കുന്നു. (ദാനീ 7:25).

### *6. ആരാണു മാറ്റം വരുത്തിയത് ?*

മാറ്റം വരുത്തിയതു ഞങ്ങളാണെന്നു റോമൻ കത്തോലിക്കാ സഭ അവകാശപ്പെടുന്നു. അവരുടെ ചോദ്യോത്തര പുസ്തകത്തിൽ (കാറ്റക്കിസം) എഴുതിയിരിക്കുന്നു :

"ചോ. ശബ്ബത്ത് ദിവസം ഏതാകുന്നു ?"

"ഉ: ശബ്ബത്ത് ദിവസം ശനിയാഴ്ചയാകുന്നു."

"ചോ: നമ്മൾ എന്തുകൊണ്ടാണ് ശനിയാഴ്ചക്കുപകരം ഞായറാഴ്ച ആചരിക്കുന്നത് ?"

"ഉ: ശനിയാഴ്ചയുടെ വിശുദ്ധിയെ കത്തോലിക്കാ സഭ ഞായറാചയിലേക്കു മാറ്റി സ്ഥാപിച്ചതുകൊണ്ടാണ് നമ്മൾ ശനിയാഴ്ചക്കുപകരം ഞായറാഴ്ച ആചരിക്കുന്നത്" Peter Geiermann, The Convert's Catechism of Catholic Doctrine (1957 edition), P. 50.

മാറ്റം വരുത്തിയതു സഭയുടെ മാനുഷിക നേതൃത്വമാണെന്ന് കത്തോലിക്കാ സഭ അഹങ്കാരത്തോടെ പ്രഖ്യാപിക്കുന്നു.

''വിശുദ്ധ ദിവസമായ ശബ്ബത്ത് ശനിയാഴ്ചയിൽനിന്നും ഞായറാഴ്ചയിലേക്കു മാറ്റിയത് തിരുവചനങ്ങളിലുള്ള ഏതെങ്കിലും മാർഗ്ഗദർശന പ്രകാരമല്ല; പിന്നെയോ, സഭയുടെ താൽപര്യപ്രകാരം സ്വന്തം അധികാരം ഉപയോഗിച്ചാണ്... വിശ്വാസാനുഷ്ഠാനങ്ങളുടെ സമ്പൂർണ്ണ അടിത്തറ തിരുവചനമായിരിക്കണമെന്നു ശഠിക്കുന്നവർ സാമാന്യ ബുദ്ധിക്കനുസരിച്ച് സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരാകുകയും ശനിയാഴ്ച ശബ്ബത്തായി ആചരിക്കയും ചെയ്യണം". Cardinal Maida, Archbishop of Detroit, Saint Catherine Catholic Church Sentinel, Algonac, Michigan, May 21, 1995.

### *7. ചില പ്രൊട്ടസ്റ്റന്റു സഭകൾ എന്തു പറയുന്നു?*

ഞായറാഴ്ച ആരാധനയ്ക്കു വേദപുസ്തകത്തിൽ യാതൊരധികാരവും നൽകിയിട്ടില്ലെന്ന് മിക്കവാറും എല്ലാ പ്രൊട്ടസ്റ്റന്റ് സഭകളുടേയും ഔദ്യോഗിക രേഖകൾ സമ്മതിക്കുന്നു.

**ലൂഥറൻ സഭയുടെ സ്ഥാപകനായ മാർട്ടിൻ ലൂഥർ എഴുതി:**

"ദൈവകല്പനകൾക്കു വിരുദ്ധമായി ശബ്ബത്തിനെ ഞായറാഴ്ചയിലേക്കു മാറ്റിയത് റോമൻ കത്തോലിക്കാ സഭയുടെ അഹങ്കാരത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്... പത്തു കല്പനകളിലൊന്നു മാറ്റാൻ കഴിഞ്ഞതുകൊണ്ട് സഭയുടെ ശക്തിയും അധികാരവും വളരെ വലുതാണെന്ന് അവൾ അവകാശപ്പെടുന്നു." Augsburg Confession, Article 28, Paragraph 9.

മെഥഡിസ്റ്റ് വേദപണ്ഡിതന്മാരായ ആമോസ് ബിന്നിയും ഡാനിയേൽ സ്റ്റീലും എഴുതി.

"ശിശുസ്നാനത്തിനനുകൂലമായ ആജ്ഞകളൊന്നും ഇല്ലെന്നുള്ളത് ശരിതന്നെ. ...ആഴ്ചവട്ടത്തിന്റ ഒന്നാം നാൾ വിശുദ്ധമായി സൂക്ഷിക്കുന്നതിനും അനുകൂലമായ ആജ്ഞകളില്ല" Theological Compend (New York: Methodist Book Concern, 1902) pp 180, 181.

മറ്റൊരു ചരിത്രകാരൻ എഴുതി:

''റോമാസഭ പൂർണ്ണമായും വിശ്വാസത്യാഗിയാ

യി...ദൈവവചനത്തിലെ ശബ്ബത്ത് മാറ്റിയിട്ട്, ഞായറാഴ്ചയെ ഒരു വിശുദ്ധ ദിവസമായി സ്ഥാപിച്ചതിലൂടെ അവർ നാലാം കല്പനയെ മാറ്റിയിരിക്കുന്നു." Dr. N. Summerbell, Histrorian of the Disciples of Christ or Christian Church-A True Histroy of the Christin and the Christian Church, pp. 417, 418.

### *8. യഥാർത്ഥ പ്രശ്നം എന്താകുന്നു.?*

പല ചോദ്യങ്ങൾ ഇന്നു നമ്മെ അഭിമുഖീകരിക്കുന്നു: ബൈബിളിന്റെ അധികാരം ഇല്ലാതിരുന്നിട്ടും എന്തുകൊണ്ട് ഭൂരിപക്ഷം ക്രിസ്ത്യാനികളും ഞായറാഴ്ച ആചരിക്കുന്നു? കൂടുതൽ പ്രധാനമായ ചോദ്യം, ഞാൻ ഏതു ദിവസം വിശുദ്ധമായി ആചരിക്കണം ? "ഏഴു ദിവസങ്ങളിൽ ഏതെങ്കിലും ഒന്ന് വിശുദ്ധമായി സൂക്ഷിക്കുന്നിടത്തോളം, ഏതു ദിവസമെന്നുള്ളത് വലിയ വ്യത്യാസമുണ്ടാക്കുമെന്നെനിക്ക് തോന്നുന്നില്ല", എന്നു പറയുന്ന ആളുകളെ ഞാൻ പിന്തുടരണമോ? അതോ നമ്മുടെ സ്രഷ്ടാവായ യേശു ലോകാരംഭത്തിൽ സ്ഥാപിച്ചതും, പത്തു കല്പനകളിൽ, "ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്താകുന്നു" എന്നു ചൂണ്ടിക്കാണിച്ചതുമായ ദിവസത്തെ വിശുദ്ധമായി കാണണമോ?

യേശുവിനോടുള്ള അനുസരണമാകുന്നു പ്രധാന വിഷയം. ഞാൻ ആരെ അനുസരിക്കും ? ശബ്ബത്താചരണത്തിന്റെ കാര്യത്തിൽ ഞാൻ ദൈവപുത്രനായ യേശുക്രിസ്തുവിനെ അനുസരിക്കുമോ, മാനുഷീക ആചാരങ്ങളെ സ്വീകരിക്കുമോ ?

ദൈവകല്പനകളെ മാറ്റുവാൻ ശ്രമിക്കുന്നവർക്കു പ്രവാചകനായ ദാനീയേൽ ന്യായവിധിയെക്കുറിച്ചുള്ള മുന്നറിയിപ്പു നൽകുന്നുണ്ട് (ദാനീ. 7:25). ദൈവത്തോടുള്ള കൂറിന്റേയും സ്നേഹത്തിന്റേയും അടയാളമായി ശബ്ബത്തനുഷ്ഠിക്കാൻ ദൈവം തന്റെ ജനത്തെ ക്ഷണിക്കുന്നു.

യേശു പറഞ്ഞു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹ. 14:15). തന്റെ കല്പനകൾ അനുസരിക്കാൻ തക്കവിധം തന്നെ സ്നേഹിക്കുന്നവരുടെ സന്തോഷം പൂർണ്ണമാകുമെന്ന് യേശു വാഗ്ദത്തം ചെയ്യുന്നു (യോഹ 15:9-11). രക്ഷിതാവിന്റെ സ്നേഹം അതിന്റെ പൂർണ്ണതയിൽത്തന്നെ നമ്മൾ അനുഭവിക്കണമെന്നാകുന്നു രക്ഷിതാവിന്റെ ആഗ്രഹം. സമ്പൂർണ്ണ അനുസരണത്തിനായി സമർപ്പിച്ച ഒരു ഹൃദയം ആ സ്നേഹത്തിന്റെ മുമ്പിൽ വാതിൽ മലർക്കെ തുറക്കുന്നു.

താൻ ക്രൂശിനെ അഭിമുഖീകരിക്കുകയും ലോകത്തിന്റെ പാപങ്ങൾ തന്റെ ജീവിതത്തെ ചതച്ചരയ്ക്കുന്നതായി അനുഭവപ്പെടുകയും ചെയ്തിട്ടും, ഗെത്ത്ശേമന തോട്ടത്തിൽ ക്രിസ്തു പിതാവിന്റെ ഇഷ്ടത്തിനു സമ്പൂർണ്ണമായി സമർപ്പണം ചെയ്തു. "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകേണമേ" എന്നു ദൈവത്തോടവൻ നിലവിളിച്ചപ്പോഴും ദൈവഹിതത്തിനു സ്വയം കീഴ്പെടുത്തിക്കൊണ്ടു കൂട്ടിച്ചേർത്തു, "എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ" (മർക്കൊ. 14:36).

സമ്പൂർണ്ണമായി സമർപ്പിച്ച ഒരു ജീവിതത്തിൽ നിന്നു ലഭിക്കുന്ന എല്ലാ അനുഗ്രഹങ്ങളും നമ്മൾ അനുഭവിക്കണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നു. ശബ്ബത്ത് വിശ്രമത്തിന്റെ സന്തോഷവും നമ്മൾ അനുഭവിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ജീവിതത്തിന്റെ എല്ലാ വിഭാഗങ്ങളിലും നാം അവനെ അനുസരിക്കുവാൻ അവനിൽ ആശ്രയിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. നിങ്ങൾ ദൈവവിളി സ്വീകരിച്ച് അവന്റെ കല്പനകളെല്ലാം പ്രമാണിക്കുമെങ്കിൽ, യേശുവിന്റെ സന്തോഷം നിങ്ങളിലിരിക്കുമെന്നും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുമെന്നുമുള്ള അവന്റെ വാഗ്ദത്തം നിങ്ങളുടെ ജീവിതത്തിൽ നിവൃത്തിയാകും (യോഹ. 15:11).

# കണ്ടെത്തുക



## ഭൂരിപക്ഷത്തിന് തെറ്റുപറ്റുമോ ?

***ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക.***

1,2 സീനായി പർവ്വതത്തിൽ ദൈവം പത്തു കല്പനകൾ കൊടുത്തപ്പോൾ ദൈവജനത്തിന് ആരാധനയ്ക്കും വിശ്രമത്തിനുമുള്ള ശബ്ബത്ത് ദിവസമായി കല്പിച്ചുകൊടുത്തത്:

_______ ആറാം  ദിവസം (വെള്ളിയാഴ്ച)

_______ ഏഴാം ദിവസം (ശനിയാഴ്ച)

_______ ഒന്നാം ദിവസം (ഞായറാഴ്ച)

ദൈവം തന്റെ കല്പനകളുടെ മാറ്റത്തേക്കുറിച്ച് പറയുന്നത്:

_______ വല്ലപ്പോഴും മാറും_______ഒരിക്കലും മാറുകയില്ല _______ സഭാനേതൃത്വം ആവശ്യപ്പെടുമ്പോൾ മാറും.

3. പത്തു കല്പനകളെക്കുറിച്ച് യേശു പറയുന്നത്

_______ ഒരു വള്ളിയോ പുള്ളിയോ പോലും മാറുകയില്ല

_______ സഭയുടെ കല്പനയാൽ മാറ്റാവുന്നതാകുന്നു.

4. പുതിയ നിയമത്തിൽ അപ്പൊസ്തലപ്രവൃത്തികളിൽ അവരുടെ ആരാധനയെക്കുറിച്ച് പറയുന്നത് :

_______ 84 പ്രവാശ്യം ശബ്ബത്തിൽ ആരാധിച്ചു

_______ 84 പ്രാവശ്യം ഞായറാഴ്ച ദിവസം ആരാധിച്ചു.

യേശു നമ്മോടു പറയുന്നത് കർത്താവിന്റെ ദിവസം

_______ ശബ്ബത്താകുന്നു

_______ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആകുന്നു.

5. ഏഴാം ദിവസത്തെ ആരാധന ഒന്നാം ദിവസത്തേക്കു മാറ്റിയത്

_______ എല്ലാ അപ്പൊസ്തലന്മാരും മരിച്ചശേഷം

_______ ഒരു അപ്പൊസ്തലനാകുന്നു.

***ശരിയായ പ്രസ്താവനയ്ക്കു നേരെ X എന്ന അടയാളം ഇടുക.***

6. _______ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമായ ഞായറാഴ്ച ക്രിസ്തുവിന്റെ ഉയിർപ്പിന്റെ ബഹുമാനാർത്ഥം ശബ്ബത്തായി അംഗീകരിക്കുന്നതിനു ബൈബിൾ പിന്തുണ നല്കുന്നില്ല.

7. _______ ഞായറാഴ്ച ദിവസം എല്ലാ കാലത്തും ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നെന്നും ആഴ്ചവട്ടത്തിന്റെ ഏഴാം ദിവസമായ ശനിയാഴ്ച എല്ലാകാലത്തും ശബ്ബത്തായിരുന്നു എന്നും ചരിത്രത്തെളിവുകളും ബൈബിളും വ്യക്തമാക്കുന്നു.

8. _______ റോമൻ കത്തോലിക്കാ സഭയുടെയും പ്രധാനപ്പെട്ട പ്രൊട്ടസ്റ്റന്റ് സഭകളുടേയും ഔദ്യോഗിക രേഖകൾ ഏഴാമത്തെ പ്രസ്താവന ശരിയാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

9. _______യഥാർത്ഥ പ്രശ്നം, ഞാൻ ആരെ അനുസരിക്കും, ക്രിസ്തുവിനെയോ, മാനുഷിക പഠിപ്പിക്കലുകളെയോ എന്നതാകുന്നു.

10. _______ യേശുവിനെ സ്നേഹിക്കുന്നവർ, യേശു അനുഷ്ഠിച്ച ശബ്ബത്തിനെ വിശുദ്ധമായി അനുഷ്ഠിക്കും.

***നിങ്ങളുടെ ആഗ്രഹത്തോടു നന്നായി യോജിക്കുന്ന പ്രസ്താവനകളുടെ ഇടതുഭാഗത്ത് X എന്ന അടയാളമിടുക.***

_______ എല്ലാവഴികളിലും കർത്താവിനെ അനുഗമിക്കാനും അവൻ പറയുന്നതുപോലെയെല്ലാം പ്രവർത്തിക്കാനും മതിയായത്ര ഞാൻ എന്റെ രക്ഷിതാവിനെ സ്നേഹിക്കുന്നു.

_______ അവനോടുള്ള എന്റെ സ്നേഹത്തിന്റേയും, അവന്റെ സംരക്ഷണത്തിൽ എന്റെ ജീവിതം സമ്പൂർണ്ണമായി സമർപ്പിക്കാനുള്ള എന്റെ ആഗ്രഹത്തിന്റെയും അടയാളമായി ഏഴാം ദിന ശബ്ബത്ത് അനുഷ്ഠാനം അരംഭിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

_______ ശബ്ബത്തനുസരിക്കുന്നതിന് എനിക്ക് പ്രയാസങ്ങളുണ്ടായേക്കാം, ദയവായി എനിക്കുവേണ്ടി പ്രാർത്ഥിക്കുക; എന്റെ പ്രാർത്ഥനാവിഷയം_______

# കണ്ടെത്തുക



## ദൈവം നീതിമാനോ ?

നഗരാന്തർഭാഗത്ത് ഭവനത്തിലെ മേശമേൽ വെച്ചു ഗൃഹപാഠം ചെയ്തുകൊണ്ടിരുന്ന ഒരു ബാലൻ അലസരായി നടക്കുന്ന ഒരുകൂട്ടം ആളുകളുടെ വെടിയുണ്ടയേറ്റു കൊല്ലപ്പെട്ടിരിക്കുന്നു. നഗരപ്രാന്തത്തിൽ ഒരു ചെറുപ്പക്കാരിയായ മാതാവ്, രോഗബാധിതമായ രക്തദാനം മുഖാന്തരം തന്റെ കുഞ്ഞിന് എയ്ഡ്സ് (AIDS) ബാധ ഉണ്ടായിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. ഈ വിധത്തിൽ ലോകത്ത് അത്യാഹിതങ്ങൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. ഇവയ്ക്കെല്ലാം ഉത്തരം ലഭിക്കുന്നതിനുവേണ്ടി നാം വാഞ്ഛയോടെ കാത്തിരിക്കുന്നു. അർത്ഥശൂന്യമായ കഷ്ടവും മരണവും നിറഞ്ഞ ഈ ലോകത്ത് ദൈവം എവിടെ? എന്നു ചോദിക്കുന്നു. "യഹോവയുടെ ദയ കൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു" സങ്കീ. 33:5 എന്നു സങ്കീർത്തനക്കാരൻ നമുക്ക് ഉറപ്പു നൽകുന്നു. എന്നാൽ അതു സത്യമാണെങ്കിൽ, എന്തുകൊണ്ട് കഷ്ടപ്പാടിനും ദുരന്തങ്ങൾക്കും ദൈവം ഒരു അറുതി വരുത്തുന്നില്ല? വെളിപ്പാട് 20-ാം അദ്ധ്യായം പാപത്തിനും കഷ്ടതയ്ക്കും ദൈവം എങ്ങനെ, എപ്പോൾ ഒരു അവസാനം വരുത്തുമെന്നു നമ്മെ കാണിക്കുന്നു.

### *1. ആയിരമാണ്ടുകൾ അനാവരണം ചെയ്യപ്പെടുന്നു.*

ക്രിസ്തുവിന്റെ രണ്ടാം വരവോടുകൂടി സമാരംഭിക്കുന്ന ആയിരമാണ്ടു വാഴ്ചയെ സംബന്ധിച്ചാണ് വെളിപ്പാടു 20-ാം അദ്ധ്യായം വിവരിക്കുന്നത്. ആയിരമാണ്ടു വാഴ്ചയോട് അനുബന്ധിച്ചുള്ള സംഭവങ്ങൾ പാപം ഈ ലോകത്തിൽ പ്രവേശിച്ചതുമുതൽ ക്രിസ്തുവും സാത്താനും തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന വൻ വിവാദത്തിന്റെ അന്തിമ നടപടികളാണ്. ക്രിസ്തുവിനോട് അസൂയ തോന്നിയ ലൂസിഫർ പാപത്തിൽ വീഴാത്ത ദൂതന്മാരുമായി പടപൊരുതി പുറം തള്ളപ്പെട്ടു നമ്മുടെ ഈ ലോകത്തിലേക്കു വന്നതു മുതലാണ് ഈ നാടകം തുടങ്ങിയത്. ഈ നാടകം ഭൂമിയിൽ ഏദെൻതോട്ടത്തിൽ തുടങ്ങി, പിന്നീട് യുഗങ്ങളിലൂടെ ക്രിസ്തുവിനെ ക്രൂശിക്കുന്നതിനു സാത്താൻ മനുഷ്യരെ പ്രേരിപ്പിക്കുന്ന അവസ്ഥയോളം എത്തി. (മൂന്നാമത്തെ പഠനസഹായി നിങ്ങൾക്കു പുനരാരാവർത്തനം ചെയ്യാവുന്നതാണ്). ആയിമാണ്ടു വാഴ്ചയുടെ അവസാനത്തിൽ പാപപങ്കിലമായ നമ്മുടെ ഈ ലോകത്തെ ശുദ്ധീകരിച്ച് ക്രിസ്തുവിന്റെ നിയന്ത്രണത്തിൽ സമർപ്പിക്കപ്പെടുമ്പോൾ ഈ നാടകം അതിന്റെ പരമകാഷ്ടയിലെത്തും. ആയിരമാണ്ടു വാഴ്ച രണ്ടു പുനരുത്ഥാനത്താൽ വേർതിരിക്കപ്പെട്ടിരിക്കുന്നുവെന്ന് വെളിപ്പാട് 20-ാം അദ്ധ്യായം നമ്മെ കാണിക്കുന്നു.

ആരെയാകുന്നു ആയിരമാണ്ടു വാഴ്ചയുടെ അവസാനത്തിൽ നടക്കുന്ന രണ്ടാമത്തെ പുനരുത്ഥാനത്തിൽ ദൈവം ഉയിർത്തെഴുന്നേല്പിക്കുന്നത്?

***"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിനു അധികാരം ഇല്ല; അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും" വെളി. 20:6***

യേശുവിനെ തങ്ങളുടെ രക്ഷിതാവായി സ്വീകരിച്ച ഏവനും "ഭാഗ്യവാനും വിശുദ്ധനുമായി" ഒന്നാമത്തെ പുനരുത്ഥാനത്തിൽ ഉയിർത്തെഴുന്നേല്ക്കും. നീതിമാന്മാർ ആയിരമാണ്ടു വാഴ്ചക്കാലത്ത് ക്രിസ്തുവിനോടുകൂടെ വാഴണമെന്നുണ്ടെങ്കിൽ ആയിരമാണ്ടു വാഴ്ചയുടെ ആരംഭത്തിൽത്തന്നെ അവർ ഉയിർത്തെഴുന്നേല്ക്കേണ്ടിയിരിക്കുന്നു.

ആയിരമാണ്ടു വാഴ്ചയുടെ അവസാനത്തിൽ നടക്കുന്ന രണ്ടാം പുനരുത്ഥാനത്തിൽ ആരാകുന്നു ഉയിർത്തെഴുന്നേല്ക്കപ്പെടുന്നത്?

***"മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല" വെളി. 20:5.***

"മരിച്ചവരിൽ ശേഷമുള്ളവർ" എന്നു പരാമർശിക്കുന്നത് മരിച്ചുപോയ ദുഷ്ടന്മാരെക്കുറിച്ചാണ്, എന്തുകൊണ്ടെന്നാൽ "ഭാഗ്യവാനും വിശുദ്ധനും" എന്നു വിശേഷിപ്പിക്കപ്പെടുന്ന നീതിമാന്മാർ ആയിരം ആണ്ടു വാഴ്ചയുടെ ആരംഭത്തിൽത്തന്നെ ഉയിർത്തെഴുന്നേല്ക്കുന്നു. അതുകൊണ്ട് ആയിരം ആണ്ടു വാഴ്ചയുടെ കാലഘട്ടം വ്യക്തമാക്കപ്പെടുന്നത്, രണ്ടു പുനരുത്ഥാനത്താലാണ്. അതായത് അതിന്റെ പ്രാരംഭത്തിൽ സംഭവിക്കുന്ന നീതിമാന്മാരുടെ പുനരുത്ഥാനത്തോടും അതിന്റെ അവസാനത്തിൽ സംഭവിക്കുന്ന ദുഷ്ടന്മാരുടെ പുനരുത്ഥാനത്തോടും കൂടെയാകുന്നു.

### *2. ക്രിസ്തുവിന്റെ വരവിൽ പുനരുത്ഥാനം ചെയ്യപ്പെടുന്നു.*

ഒന്നാമത്തെ പുനരുത്ഥാനം, അതായത് നീതിമാന്മാരുടെ പുനരുത്ഥാനം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലാണ് സംഭവിക്കുന്നത്.

***"കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" 1 തെസ്സ. 4:16, 17.***

ക്രിസ്തു വീണ്ടും ഈ ഭൂമിയിലേക്കു വരുമ്പോൾ ക്രിസ്തുവിൽ മരിച്ചവരെ അവൻ ഉയിർത്തെഴുന്നേല്പി ക്കുകയും ജീവിച്ചിരുന്ന നീതിമാന്മാരോടൊപ്പം സ്വർഗ്ഗത്തി ലേക്കു കൊണ്ടുപോകുകയും ചെയ്യുന്നു. ദുഷ്ടന്മാർ അപ്പോഴും പാപത്തിൽ മുറുകെപിടിച്ചു കിടക്കുന്നതു കൊണ്ട് അവർക്കു ദൈവസന്നിധിയിൽ നില്ക്കുവാൻ കഴി യുകയില്ല. എന്നുമാത്രമല്ല, അവർ ക്രിസ്തുവിന്റെ വര വിൽ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു (ലൂക്കൊ. 17:26-30). (ക്രിസ്തുവിന്റെ വരവിനോടനുബന്ധിച്ച് സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ചു പറയുന്ന 8-ാമത്തെ പഠനസഹായി നിങ്ങൾക്കു പുനരാവർത്തനം ചെയ്യാവു ന്നതാണ്.)

### *3. സാത്താൻ ആയിരമാണ്ടേക്ക് ഈ ഭൂമി യിൽ ചങ്ങലയിടപ്പെടുന്നു.*

ആയിരം ആണ്ടു വാഴ്ച സമാരംഭിക്കുമ്പോൾ നീതി മാന്മാർ സ്വർഗ്ഗത്തിൽ പോവുകയും ദുഷ്ടർമാർ മരിക്കു കയും ചെയ്യും. ആയിരം ആണ്ടു വാഴ്ചയുടെ കാലഘട്ട ത്തിൽ ഈ ലോകത്തിൽ എന്തു സംഭവിക്കും ?

***"അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കൈയിൽ പിടി ച്ചുകൊണ്ടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു. ആയിരം ആണ്ടു കഴിയു വോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ അവനെ അഗാ ധത്തിൽ തള്ളിയിട്ടു അടച്ചുപൂട്ടുകയും മീതെ മുദ്രയിടു കയും ചെയ്തു. അതിന്റെ ശേഷം അവനെ അല്പകാ ലത്തേക്കു അഴിച്ചുവിടേണ്ടതാകുന്നു" വെളി. 20:1-3.***

ക്രിസ്തുവിന്റെ വരവിങ്കൽ സാത്താൻ ബന്ധിക്കപ്പെ ടുകയും ആയിരമാണ്ടേക്കു ചങ്ങലയിടപ്പെടുകയും ചെയ്യും. സാത്താൻ തടവിലാക്കപ്പെടുന്നത് എവിടെയാകുന്നു? "അഗാധത്തിൽ" എന്ന പദത്തിന്റെ യവന ഭാഷയിലെ അർത്ഥം "ആഴമേറിയ" അഥവാ "അടിത്തട്ട് ഇല്ലാത്ത" എന്നാകുന്നു. ഉല്പ 1:2-ൽ പഴയനിയമത്തിന്റെ യവന ഭാഷാന്തരത്തിൽ "അഗാധം" എന്ന പദം ഉപയോഗിച്ചിരി ക്കുന്നത് സൃഷ്ടിക്കു മുമ്പുള്ള ഭൂമിയുടെ അവികസിത മായ അവസ്ഥയെ വിവരിക്കുന്നതിനാണ്. അതുകൊണ്ട് സാത്താനെ തടവിലാക്കുന്ന അഗാധം എന്നു പറയുന്നത് നമ്മുടെ ഭൂമി തന്നെയാണ്.

ഒരു വലിയ ചങ്ങലയാൽ ബന്ധിക്കപ്പെടുന്നതായി തിരുവചനം സാത്താനെ വിവരിക്കുന്നു. ഇത് അക്ഷ രാർത്ഥത്തിൽ ഒരു ചങ്ങലയാകുന്നുവോ? അല്ല. ഇത് ദൃഷ്ടാന്തപരമായ സാഹചര്യങ്ങളാകുന്ന ഒരു ചങ്ങലയാ ണ്. ആയിരമാണ്ടു വാഴ്ചക്കാലത്ത് ആളുകളെ തുടർന്ന് വഞ്ചിക്കുവാൻ സാത്താൻ വളരെ ഇഷ്ടപ്പെടുന്നു. എന്നാൽ പരീക്ഷിക്കുന്നതിനു നീതിമാന്മാരെ ആരേയും കാണുവാൻ സാത്താനു കഴിയുന്നില്ല. കാരണം നീതിമാ ന്മാർ എല്ലാവരും സ്വർഗ്ഗത്തിലാണ്. ഇതിനോടകം ദുഷ്ട ന്മാർ മരിച്ചു ഭൂമിയിലെ പൊടിയിൽ നിദ്ര കൊള്ളുന്നതു കൊണ്ട് നയിക്കുന്നതിന് അവരേയും സാത്താനു കാണു വാൻ കഴിയുകയില്ല. വഞ്ചിക്കുന്നതിനും പരീക്ഷിക്കുന്ന തിനും ആരേയും ലഭിക്കാത്തതുകൊണ്ട് താൻ നിമിത്തം ഉണ്ടായ എല്ലാ ഹൃദയവേദനകളേയും ദുരന്തങ്ങളേയും കുറിച്ച് ചിന്തിക്കുവാൻ നിർബ്ബന്ധിക്കപ്പെട്ട് നിർജനമായ ഈ ഭൂമിയിൽ സാത്താൻ ഉഴന്നു നടക്കും.

### *4. നീതിമാന്മാർ ദുഷ്ടന്മാരെ ന്യായം വിധി ക്കുന്നു.*

ആയിരമാണ്ടു വാഴ്ച ഒരു ന്യായവിധിയുടെ കാല ഘട്ടം കൂടിയാണ്. എന്നാൽ നാലു പ്രധാന ഘട്ടങ്ങൾ ഉൾക്കൊള്ളുന്നതാണ് ന്യായവിധി.

1. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനു മുമ്പുള്ള ന്യായവിധി.
2. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നീതിമാ ന്മാർക്കു ലഭിക്കുന്ന പ്രതിഫലം.
3. ആയിരമാണ്ടു വാഴ്ച സമയത്തു നടക്കുന്ന ദുഷ്ട ന്മാരുടെ ന്യായവിധി.
4. ആയിരമാണ്ടു വാഴ്ചയുടെ അവസാനത്തിൽ സാത്താനും ദുഷ്ടന്മാർക്കും ലഭിക്കുന്ന പ്രതിഫലം (ന്യായവിധിയുടെ ഒന്നാമത്തേയും രണ്ടാമത്തേയും ഘട്ട ത്തേയും പരിശോധനാ ന്യായവിധിയേയും നീതിമാ ന്മാർക്കു ലഭിക്കുന്ന പ്രതിഫലത്തേയും സംബന്ധിച്ചു പ്രതി പാദിക്കുന്ന 13-ാം പാഠം പുനരാവർത്തനം ചെയ്യുക).

ക്രിസ്തുവിന്റെ രണ്ടാം വരവിൽ പുനരുത്ഥാനം ചെയ്യുന്ന നീതിമാന്മാരും ജീവിച്ചിരിക്കുന്ന നീതിമാന്മാരും അവനോടുകൂടെ എടുക്കപ്പെടും എന്നു നാം കണ്ടു. ആയി രമാണ്ടു വാഴ്ചയുടെ സമയത്തു അവർ സ്വർഗ്ഗത്തിലെ ഭവനത്തിലാണ്. എന്തായിരിക്കും അവർ അവിടെ ചെയ്തു കൊണ്ടിരിക്കുന്നത്? "വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ...നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ?" 1 കൊരി 6:2,3.

***"ഞാൻ ന്യായാസനങ്ങളെ കണ്ടു, അവയിൽ ഇരിക്കുന്നവർക്കു ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും...ജീവിച്ചു ആയിര മാണ്ടു ക്രിസ്തുവിനോടു കൂടി വാണു" വെളി. 20:4.***

ആയിരമാണ്ടു വാഴ്ചക്കാലത്തു നീതിമാന്മാർ ദുഷ്ട മനുഷ്യരുടെയും പാപത്തിൽ വീണുപോയ ദൂതന്മാരു ടേയും അവരുടെ നേതാവായ സാത്താന്റെയും കാര്യങ്ങൾ പുനഃപരിശോധിക്കും. രക്തസാക്ഷികളേയും ജയിക്കുന്ന വരേയും സുവിശേഷത്തെ മുറുകെപ്പിടിച്ചതിന് തല ഛേദി ക്കപ്പെട്ടവരും ദുഷ്ടന്മാരെ ന്യായംവിധിക്കുന്നതു പരിശോ ധിക്കുക എന്നുപറയുന്നതു എത്ര അഭിമാനകരമായ കാര്യ മാണ്!

ദുഷ്ടന്മാരെ ദൈവം എങ്ങനെയാണു കൈകാര്യം ചെയ്യുന്നതെന്നു വിലയിരുത്തുന്നതിനുള്ള സന്ദർഭം വീണ്ടെടുക്കപ്പെട്ട മനുഷ്യർക്കു ദൈവം കൃപയോടുകൂടി നൽകിയിട്ടുണ്ട്. "എന്തുകൊണ്ട് എന്റെ ആന്റി ഇവിടെ ഇല്ല? അവർ എത്ര നല്ല ഒരു വ്യക്തിയായിട്ടാണു കാണ പ്പെട്ടത്." പുസ്തകങ്ങൾ പരിശോധിക്കുമ്പോൾ, "പുസ്ത കങ്ങളിൽ എഴുതിയിരിക്കുന്നതിനു ഒത്തവണ്ണം മരിച്ച

വർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി" (വാക്യം 12) യെന്നും മനുഷ്യവർഗ്ഗവുമായുള്ള എല്ലാ കാര്യങ്ങളിലും എത്ര ന്യായവും നീതിയുക്തവു മായിട്ടാണ് എല്ലാവരുമായും ദൈവം ഇടപെട്ടത് എന്നും നാം മനസ്സിലാക്കും. ദൈവത്തിനു കീഴ്പെടുന്നതിന് പരി ശുദ്ധാത്മാവ് എപ്രകാരമാണ് ഓരോ സന്ദർഭം നല്കിയ തെന്നും ഓരോ വാക്യത്തിലെയും നിഷ്പക്ഷത സുവ്യ ക്തമാകും.

### *5. ആയിരം ആണ്ടു കഴിയുമ്പോൾ സാത്താനെ തടവിൽ നിന്നു അഴിച്ചുവിടുന്നു.*

***"പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽ നിന്നു തന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു" വെളി. 21:2.***

ഈ അത്ഭുതകരമായ നഗരം ആയിരം ആണ്ടേക്കു നമ്മുടെ ഭവനമായിരുന്നു. ഇപ്പോൾ ഈ വിശുദ്ധ നഗരം ക്രിസ്തുവിനോടും അവന്റെ വീണ്ടെടുക്കപ്പെട്ടവരോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുന്നു.

ആയിരം ആണ്ടു വാഴ്ചയുടെ അവസാനത്തിൽ സാത്താൻ എന്താണു ചെയ്യുന്നത് ?

**"ആയിരം ആണ്ടു കഴിയുമ്പോഴൊ സാത്താനെ തട വിൽനിന്നു അഴിച്ചുവിടും. അവൻ ഭൂമിയുടെ നാലുദി ക്കിലുമുള്ള ജാതികളായി സംഖ്യയിൽ കടൽപ്പുറത്തെ മണൽപോലെയുള്ള ഗോഗ്, മാഗോഗ് എന്നിവരെ യുദ്ധ ത്തിനായി കൂട്ടിച്ചേർക്കേണ്ടതിനു വശീകരിപ്പാൻ പുറ പ്പെടും. അവർ ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാ രുടെ പാളയത്തെയും പ്രിയനഗരത്തേയും വളയും" വെളിപ്പാട് 20:7–9.** ദുഷ്ടന്മാർ ആയിരമാണ്ട് വാഴ്ചയുടെ അവസാനം (വാക്യം 5) നടക്കുന്ന രണ്ടാമത്തെ പുനരു ത്ഥാനത്തിൽ ഉയിർത്തെഴുന്നേല്ക്കും. വിശുദ്ധന്മാർ വിശുദ്ധ നഗരത്തിൽ ഭൂമിയിലേക്കു ഇറങ്ങിവരുമ്പോൾ ദുഷ്ടന്മാർ ഉയിർത്തെഴുന്നേല്ക്കുകയും, അതിന്റെ ശേഷം സാത്താനെ അല്പകാലത്തേക്ക് അഴിച്ചുവിടേണ്ടതുമാ കുന്നു (വാക്യം 3). വീണ്ടും അവൻ നീതിമാന്മാരെ ലക്ഷ്യ മാക്കി ദുഷ്ടന്മാരെ നയിക്കുന്നു. ഒരു നിമിഷം പോലും പാഴാക്കാതെ അവൻ വേഗത്തിൽ ദുഷ്ടന്മാരെ വിപുലമായ ഒരു സൈന്യമായി സംഘടിപ്പിക്കുന്നു. വിശുദ്ധനഗരത്തി നെതിരായി നീങ്ങുവാൻ സാത്താൻ ആജ്ഞ നൽകുന്നു. ദുഷ്ടന്മാർ പുതിയ യെരൂശലേമിനു ചുറ്റും നിലയുറപ്പി ച്ചുകഴിയുമ്പോൾ (വാക്യം 9) എന്നെന്നേയ്ക്കുമായി നഷ്ട പ്പെട്ടുപോയിരുന്ന ഭീകരതയുടെ ഒരു അപൂർണ്ണ ദർശനം ലഭിക്കുന്നു."

### *6. അന്ത്യന്യായവിധിയുടെ രംഗം*

ഇവിടെ, ആദ്യമായി സർവ്വ മാനവരാശിയും അഭിമു ഖമായി കാണുന്നു. നഗരത്തിനുള്ളിലുള്ള വീണ്ടെടുക്ക പ്പെട്ട ദൈവകുഞ്ഞുങ്ങളെ യേശു നയിക്കുമ്പോൾ നഗര ത്തിനു പുറത്തുള്ള ദുഷ്ടന്മാരുടെ വമ്പിച്ച കൂട്ടങ്ങളെ സാത്താൻ നയിക്കുന്നു. ഈ നിർണ്ണായക നിമിഷത്തിൽ, ദൈവം ന്യായവിധിയുടെ അന്തിമഘട്ടം നിർവ്വഹിക്കു കയും അങ്ങനെ ദുഷ്ടന്മാർക്കു സ്വർഗ്ഗീയ കോടതിയുടെ മുമ്പിൽ നിൽക്കേണ്ടിവരികയും ചെയ്യും.

"ഞാൻ വലിയൊരു വെള്ള സിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽ നിന്നും ഭൂമിയും ആകാശവും ഓടിപ്പോയി;... മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻമുമ്പിൽ നിൽക്കു ന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്ത കങ്ങളിൽ എഴുതിയിരുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടായി" വെളി. 20:11,12.

ദുഷ്ടന്മാർ നീതിയുടെ സിംഹാസനത്തിനുമുമ്പിൽ നിൽക്കുമ്പോൾ അവരുടെ മുഴു ജീവിതവും അവരുടെ മുമ്പാകെ തുറക്കപ്പെടുന്നു. സ്വർഗ്ഗത്തിലുള്ള പുസ്തക ങ്ങളിൽ കാണുംപ്രകാരം നീതിയുടെ ന്യായാധിപതിയായ യേശു വീണുപോയ സ്ത്രീപുരുഷന്മാരോടും ദൂതന്മാ രോടും എപ്രകാരമാണ് ഇടപെട്ടതെന്നതിനെ സംബന്ധി ക്കുന്ന കഥ ഔപചാരികമായി വെളിവാക്കപ്പെടുന്നു.

മുഴുപ്രപഞ്ചവും അതീവ താൽപര്യത്തോടെ ഇതു വീക്ഷിക്കുന്നു. ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ നിന്നുകൊണ്ട് യേശു അവന്റെ വീണ്ടെടുപ്പിൻ പദ്ധതി യുടെ ഒരു സമഗ്രമായ വീക്ഷണം ഓരോരുത്തർക്കും നല്കുന്നു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാ നത്രേ അവൻ വന്നതെന്നു അവൻ വെളിപ്പെടുത്തുന്നു. അവൻ നമ്മുടെ ലോകത്തിൽ മനുഷ്യജഡത്തിൽ വന്ന്, കഷ്ടതകളുടേയും പരിശോധനകളുടേയും മദ്ധ്യത്തിൽ പാപരഹിതമായ ഒരു ജീവിതം നയിച്ച് കാൽവരിയിൽ അന്ത്യമായ യാഗം അർപ്പിച്ച് നമ്മുടെ പുരോഹിതനായി ശുശ്രൂഷ ചെയ്യുകയും ചെയ്തു. അന്ത്യമായി ക്രിസ്തു ദുഃഖം നിറഞ്ഞവനായി മുമ്പോട്ടു വന്ന് നിരന്തരമായി അവന്റെ കൃപയെ നിഷേധിച്ചവരുടെ മേൽ ന്യായവിധി പ്രഖ്യാപിച്ചു കഴിയുമ്പോൾ ഈ അഖിലാണ്ഡത്തിലുള്ള ഓരോ ജീവിയും ദിവ്യ ന്യായവിധിയുടെ അന്ത്യ നടപ ടിയും ആവശ്യകതയും ന്യായവും അംഗീകരിക്കും.

"എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നിൽക്കേണ്ടി വരും. എന്നാണ എന്റെ മുൻപിൽ എല്ലാ മുഴങ്കാലും മടങ്ങും, എല്ലാ നാവും ദൈവത്തെ സ്തുതിക്കും എന്നു കർത്താവു അരുളിച്ചെയ്യുന്നു" (റോ മ. 14:10,11).

"അവൻ ദൈവരൂപത്തിൽ ഇരിക്കെ... തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു... മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റു പറകയും ചെയ്യേണ്ടി വരും" ഫിലി. 2:5–11.

പാപം ഉണ്ടായതുമുതൽ പിശാചു ദൈവത്തിന്റെ സ്വഭാവത്തെ അപകീർത്തിപ്പെടുത്തുകയും അവനെ അനീതി ചെയ്യുന്നവനായി പഴിചാരുകയും ചെയ്യുന്നു. എന്നാൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കപ്പെട്ടു. എല്ലാ ചിന്താക്കുഴപ്പവും പരിഹരിക്കപ്പെട്ടു. ഇപ്പോൾ പ്രപ ഞ്ചത്തിലെ സകല ജീവികളും ദൈവത്തിന്റെ കുഞ്ഞാ

ടാകുന്ന യേശു നമ്മുടെ സ്നേഹത്തിനും ആരാധനയ്ക്കും യോഗ്യനാണെന്നു അംഗീകരിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ സകല പദ്ധതിയും ഉദ്ദേശവും ഇപ്പോൾ സമ്പൂർണ്ണമായി വെളിപ്പെടുത്തുകയും അവന്റെ സ്വഭാവം ശരിയാണെന്നു സ്ഥാപിക്കപ്പെടുകയും ചെയ്യും.

രക്ഷിക്കപ്പെട്ടവർ മാത്രമല്ല, എന്നാൽ ദുഷ്ടദൂതന്മാരും സാത്താൻതന്നെയും തന്റെ വഴി തെറ്റായിരുന്നുവെന്നും ദൈവത്തിന്റെ വഴിയാണ് ന്യായവും സത്യവും എന്നും ഏറ്റുപറയും. ദുഷ്ടതയും സ്വാർത്ഥതയും അസന്തുഷ്ടിയിലേക്കും അസംതൃപ്തിയിലേക്കും മാത്രമേ നയിച്ചിട്ടുള്ളുവെന്നും ഇനിയും അതു തുടരുന്നതുകൊണ്ടു പ്രയോജനമില്ല എന്നും എല്ലാവരും കാണും.

## 7. പാപം അതിന്റെ അന്ത്യം വരിക്കുന്നു.

സാത്താനും വമ്പിച്ച ദുഷ്ട സമൂഹവും ദൈവത്തിന്റെ മാർഗ്ഗമാണ് ശരിയെന്നു അംഗീകരിക്കുമെങ്കിലും അവരുടെ ഹൃദയങ്ങൾക്കു മാറ്റം വരാതെ അവരുടെ സ്വഭാവങ്ങൾ ദുഷ്ടതയിൽ തുടരുന്നു. ന്യായവിധി പ്രഖ്യാപിക്കപ്പെട്ടതിനുശേഷം ആ ദുഷ്ടന്മാർ:

***"...ഭൂമിയിൽ പരക്കെ ചെന്നു വിശുദ്ധന്മാരുടെ പാളയത്തേയും പ്രിയനഗരത്തേയും വളയും; എന്നാൽ ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും...മരണത്തേയും പാതാളത്തേയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും" വെളി. 20:9-15.***

അന്ത്യ ന്യായവിധിയിൽ നിത്യനായ ദൈവത്തിന്റെ തീ പാപത്തേയും അതിൽ നിർബ്ബന്ധപൂർവ്വം കടിച്ചുതൂങ്ങുന്നവരെയും നശിപ്പിക്കും. സാത്താനും അതുപോലെ നഷ്ടപ്പെട്ട സർവ്വരും ഒരിക്കലും ഉണരാത്ത നിത്യമരണമാകുന്ന "രണ്ടാമത്തെ" മരണത്തിൽ നശിക്കുന്നു. അവരുടെ മത്സരത്തിന്റെ മാർഗ്ഗം ദുഷ്ടമാരെ യഥാർത്ഥ സന്തോഷത്തിനു അയോഗ്യരാക്കുകയും മാത്രമല്ല അവർ സാത്താനോടും അവന്റെ ദൂതന്മാരോടുമൊപ്പം നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. സ്വർഗ്ഗീയ അഗ്നി പാപത്തിന്റെ നാശനഷ്ടങ്ങളിൽനിന്നു ഭൂമിയെ പരിപൂർണ്ണമായി ശുദ്ധീകരിക്കുന്നു. പാപത്താൽ വീണ്ടും ഒരിക്കലും മലിനപ്പെടുകയില്ലാത്ത സംശുദ്ധമായ ഒരു പ്രപഞ്ചത്തെ ദൈവത്തിനു ലഭിക്കുന്നു. നന്മയും തിന്മയും, ക്രിസ്തുവും സാത്താനും തമ്മിലുള്ള ബൃഹത്തായ മത്സരം അന്തിമമായി പര്യവസാനിക്കുകയും ക്രിസ്തു ഭരിക്കുകയും ചെയ്യുന്നു. പാപമാകുന്ന പുരാതന നാടകത്തിന്മേൽ തിരശ്ശീല വീഴുകയും അനന്തമായ സാദ്ധ്യതകളുള്ള ഒരു നവയുഗത്തിന്റെ മഹത്വം ഉയരുകയും ചെയ്യും.

## 8. ഭൂമിയെ ശുദ്ധീകരിച്ചു പുതുതാക്കുന്നു.

അന്ത്യവും അതുപോലെ ശുദ്ധീകരിക്കുന്നതുമായ കൂട്ടനാശത്തിന്റെ ഭസ്മത്തിൽനിന്നും ദൈവം ഒരു നൂതന ലോകത്തെ സൃഷ്ടിക്കും.

***"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; ...പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു, ദൈവസന്നിധിയിൽനിന്നുതന്നേ, ഇറങ്ങുന്നതും ഞാൻ കണ്ടു... ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടെച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല; ഒന്നാമത്തേതു കഴിഞ്ഞുപോയി...ഞാൻ സകലവും പുതുതാക്കുന്നു എന്നു അരുളിച്ചെയ്തു" വെളി. 21:1-5.***

ആദ്യ മനോഹാരിതയിലേക്കു മടക്കിക്കൊണ്ടുവരുന്ന ഈ ഭൂമി യുഗായുഗങ്ങളായി വീണ്ടെടുക്കപ്പെട്ടവരുടെ ഭവനമായി മാറുന്നു. സ്വാർത്ഥതയിൽ നിന്നും രോഗങ്ങളിൽ നിന്നും കഷ്ടതയിൽ നിന്നും മോചിക്കപ്പെട്ട ഒരു മുഴുപ്രപഞ്ചത്തെ നമുക്ക് പര്യവേക്ഷണം നടത്തുന്നതിനും അത്ഭുതകരമായ ബന്ധം വളർത്തുന്നതിനും ലഭിക്കുന്നതിനുപുറമേ യേശുവിന്റെ പാദത്തിൽ ഇരുന്നു ശ്രദ്ധിക്കുന്നതിനും പഠിക്കുന്നതിനും സ്നേഹിക്കുന്നതിനും ഒരു നിത്യതയും നാം കാണും (9-ാമത്തെ പാഠം പുനരവലോകനം ചെയ്യുക).

ആ ദിവസത്തിൽ താങ്കൾ എവിടെ ആയിരിക്കുവാനാണ് ആലോചിക്കുന്നത്? എന്നെന്നേക്കുമായി രക്ഷിക്കപ്പെട്ട് നഗരത്തിനുള്ളിൽ ക്രിസ്തുവിനോടൊപ്പം ആയിരിക്കുവാൻ താങ്കൾ തീരുമാനിച്ചിട്ടുണ്ടോ? അതോ ക്രിസ്തുവില്ലാതെ എന്നെന്നേക്കുമായി നഷ്ടപ്പെട്ട് നഗരത്തിനു പുറത്തായിരിക്കുമോ?

നിങ്ങൾ നിങ്ങളുടെ ജീവിതത്തെ യേശുവിന്റെ കരങ്ങളിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ നഗരത്തിനുപുറത്ത് എന്നെന്നേക്കുമായി നഷ്ടപ്പെട്ടുവെന്ന് മനസ്സിലാക്കുന്നവരുടെ അവാച്യമായ ഭീകരത നിങ്ങൾക്കു ഒരിക്കലും അനുഭവിക്കേണ്ടിവരില്ല. നിങ്ങളുടെ ജീവിതം എന്തായിരുന്നിരുന്നാൽത്തന്നെയും, നിങ്ങൾ നിങ്ങളുടെ ജീവിതത്തെ ഇപ്പോൾ യേശുവിന്റെ കരങ്ങളിൽ സമർപ്പിക്കുകയാണെങ്കിൽ ക്രിസ്തുവിനോടും വീണ്ടെടുക്കപ്പെട്ടവരോടുമൊപ്പം നഗരത്തിനുള്ളിലായിരിക്കുവാൻ കഴിയും. അപ്രകാരം നിങ്ങൾ ചെയ്തിട്ടില്ലെങ്കിൽ ഇപ്പോൾ നിങ്ങളുടെ ഹൃദയത്തെ യേശുവിനു സമർപ്പിക്കുക. അവൻ തന്റെ സ്നേഹവും ക്ഷമയും കൊണ്ടു നിങ്ങളെ പൊതിയും. ഇതു നിങ്ങളുടെ സന്ദർഭമാണ്. ഇതു നിങ്ങളുടെ രക്ഷയുടെ ദിവസമാണ്.

# കണ്ടെത്തുക



## ദൈവം നീതിമാനോ?

*ശരിയായ ഉത്തരത്തിനു നേരെ X അടയാളമിടുക. (ഓരോ വാചകത്തിലും ഒരുത്തരമായിരിക്കും തെറ്റ്)*

1. **അനുഗ്രഹിക്കപ്പെട്ടവരും വിശുദ്ധന്മാരും നീതിമാന്മാരും ഉയിർത്തെഴുന്നേൽക്കുന്നത്**

   _______ ആയിരം ആണ്ടിന്റെ ആരംഭത്തിൽ _______ ആയിരമാണ്ടിന്റെ അവസാനത്തിൽ

   **ദുഷ്ടന്മാർ ഉയിർത്തെഴുന്നേൽക്കുന്നത്**

   _______ ആയിരമാണ്ടിന്റെ ആരംഭത്തിൽ _______ ആയിരമാണ്ടിന്റെ അവസാനത്തിൽ

2. **ആയിരമാണ്ട് ആരംഭിക്കുന്നത്**

   _______ യേശുവിന്റെ രണ്ടാം വരവിൽ _______ എ. ഡി. 2010-ൽ

   **ക്രിസ്തുവിന്റെ രണ്ടാം വരവിൽ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ**

   _______ ക്രിസ്തുവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും

   _______ ക്രിസ്തുവിന്റെ വരവിലെ ശോഭ കണ്ട് കൊല്ലപ്പെടും

   **ക്രിസ്തുവിന്റെ രണ്ടാം വരവിൽ "ക്രിസ്തുവിൽ മരിച്ചവർ"**

   _______ ഉയിർത്തെഴുന്നേറ്റ് ജീവിച്ചിരിക്കുന്ന വിശുദ്ധന്മാരോടൊപ്പം എടുക്കപ്പെടുന്നു.

   _______ കല്ലറയിൽത്തന്നെ കഴിയുന്നു

   _______ പാപരഹിതത്വവും അമർത്യതയും ധരിക്കുന്നു

   **ക്രിസ്തുവിന്റെ രണ്ടാം വരവിൽ ജീവിച്ചിരിക്കുന്ന ദുഷ്ടന്മാർ**

   _______ ശോഭയാൽ നശിപ്പിക്കപ്പെടുന്നു

   _______ ക്രിസ്തുവിനെ സ്വീകരിക്കുകയും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യുന്നു

3 **സാത്താന് പരീക്ഷിക്കുവാൻ ആയിരമാണ്ടു ആരുമില്ലാത്തതെന്തുകൊണ്ട്?**

   _______ ഈ ഭൂമിയിൽ അവൻ ബന്ധിക്കപ്പെട്ടിരിക്കും _______ നീതിമാന്മാർ സ്വർഗ്ഗത്തിൽ ആയിരിക്കും

   _______ ദുഷ്ടന്മാർ മരിച്ചിരിക്കും _______ ദുഷ്ടന്മാർ നരകാഗ്നിയിൽ ആയിരിക്കും

4. **ആയിരമാണ്ട് നീതിമാന്മാർ സ്വർഗ്ഗത്തിൽ എന്തു ചെയ്യുകയായിരിക്കും?**

   _______ ദുഷ്ടന്മാരെ വിധിക്കും _______ ആലയം പണിയും

5. **ആയിരമാണ്ട് കഴിഞ്ഞ് രണ്ടാം പുനരുത്ഥാനത്തിൽ ആരൊക്കെയായിരിക്കും ഉയിർത്തെഴുന്നേൽക്കുന്നത്**

   _______ മരിച്ച ദുഷ്ടന്മാർ _______ മരിച്ച നീതിമാന്മാർ

   **ആയിരമാണ്ടിന്റെ അവസാനത്തിൽ താഴെപ്പറയുന്നവ സ്വർഗ്ഗത്തിൽനിന്നിറങ്ങിവരും**

   _______ പുതിയ യെരൂശലേം _______ സാത്താൻ

   _______ രക്ഷിക്കപ്പെട്ടവർ _______ ക്രിസ്തു

6. **പുതിയ യെരൂശലേം ഇറങ്ങിവരികയും ജീവിച്ചിരിക്കുന്ന സകലരും അവിടെ സന്നിഹിതരാകുകയും ചെയ്യുമ്പോൾ സാത്താൻ തെറ്റിപ്പോയി എന്നും ദൈവമാണ് നീതിമാൻ എന്നും ആര് ഏറ്റു പറയും?**

   _______ രക്ഷിക്കപ്പെട്ടവർ _______ നഷ്ടപ്പെട്ടവർ

   _______ ദൂതന്മാർ _______ സാത്താൻ

   _______ മുകളിൽ പറയുന്ന നാലു കൂട്ടരിൽ ആരും തന്നെയില്ല

7,8 **ആയിരമാണ്ടിന്റെ അവസാനത്തിൽ രക്ഷിക്കപ്പെട്ടവർക്ക് എന്നെന്നേയ്ക്കും ജീവിക്കുന്നതിനുവേണ്ടി ക്രിസ്തു ഈ ഭൂമിയെ അഗ്നികൊണ്ടു ശുദ്ധീകരിച്ച് പുതുതാക്കുമ്പോൾ നിങ്ങൾ എവിടെ ആയിരിക്കുവാനാണ് ആഗ്രഹിക്കുന്നത്?**

   _______ ക്രിസ്തുവിനോടും രക്ഷിക്കപ്പെട്ടവരോടുമൊപ്പം എന്നെന്നേയ്ക്കും നഗരത്തിനുള്ളിൽ

   _______ നഷ്ടപ്പെട്ടു ക്രിസ്തുവിനെ കൂടാതെ എന്നെന്നേയ്ക്കുമായി നഗരത്തിനു പുറത്ത്

# കണ്ടെത്തുക



## നരകം എന്നാൽ എന്ത്? എവിടെ?

**ഒ**രു വിദ്യാർത്ഥി തന്റെ ക്ലാസ്സിലേക്ക് ചെന്നു വിവേചനാരഹിതമായി നിറയൊഴിയ്ക്കുകയും തന്മൂലം തന്റെ സഹപാഠികളിൽ നിരവധിപേർ കൊല്ലപ്പെടുകയും ചെയ്തു. ജോലിയിൽ നിന്നും പിരിച്ചുവിടപ്പെട്ട് അസന്തുഷ്ടനായ ഒരു മനുഷ്യൻ തന്റെ മുൻ തൊഴിൽ മേധാവിയ്ക്കെതിരെ നിറയൊഴിച്ചു. ഒരു മാതാവ് തന്റെ രണ്ടു കുഞ്ഞുങ്ങളെ ഒരു കാറിനുള്ളിലാക്കി ഒരു തടാകത്തിലേയ്ക്കു തള്ളിയിട്ടു മുക്കിക്കൊന്നു.

വംശീയലഹള നിമിത്തം രണ്ടു ഭൂഖണ്ഡങ്ങളിലെങ്കിലും ആയിരങ്ങൾ കൊലചെയ്യപ്പെട്ടു. ഇതിനു കാരണം നൂറ്റാണ്ടുകളായി നിലനിന്നു പോരുന്ന രണ്ടോ അതിലധികമോ വിഭാഗങ്ങൾ തമ്മിലുള്ള വംശീയ കുടിപ്പകയാണ്. പുരുഷന്മാരും സ്ത്രീകളും കുട്ടികളും ശിശുക്കൾപോലും നിറയൊഴിക്കപ്പെടുകയോ, ഛേദിക്കപ്പെടുകയോ, പ്രഹരിക്കപ്പെടുകയോ, ബലാൽസംഗത്തിനു ഇരയാകുകയോ ചെയ്യപ്പെട്ടിട്ടുണ്ട്.

കിരാതമായ ഈ കുറ്റവാസനയെ വധശിക്ഷ നല്കി ശിക്ഷിക്കുന്നതും മനുഷ്യനെ പച്ചയായി കൊല്ലുന്നതും നിരവധിപേർ അപലപിച്ചിട്ടുണ്ട്. വധശിക്ഷ മനുഷ്യത്വരഹിതവും പ്രാകൃതവുമായ ശിക്ഷാവിധിയാണെന്ന് ആരോപിച്ച് ചില വിഭാഗക്കാർ വിമർശിക്കുന്നുണ്ട്. ഈ കൊലപാതകർ വീണ്ടെടുക്കുവാൻ കഴിയുന്നതിലും അപ്പുറമാണോ എന്ന് അവർ ചോദിക്കുന്നു.

വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കുറ്റവാളികളെ കൈകാര്യം ചെയ്യുന്നതിനുള്ള ഏറ്റവും മനുഷ്യത്വപരമായ മാർഗ്ഗം ഏതാണ്? വൈദ്യുതി കസേരയോ? മാരകമായ ഔഷധം കുത്തിവെയ്ക്കുന്ന പക്ഷം അത് വേദനാരഹിതമായിരിക്കുമെന്ന് ചിലർ ചിന്തിക്കുന്നു. തൂക്കുമരമാണെങ്കിൽ ജീവൻ വേഗം പോകുമെന്നു മറ്റു ചിലർ പറയുന്നു.

എന്നാൽ വധശിക്ഷയെ സംബന്ധിച്ചുള്ള ആവേശകരമായ വിവാദത്തിൽ ആരും പരിഗണിക്കാത്ത ഒരു അഭിപ്രായമുണ്ട്. പച്ചയായി മറ്റുള്ളവരുടെ ജീവൻ ഒടുക്കിയിട്ടുള്ള കൊലപാതകരെ ശാരീരികമായി പീഡിപ്പിച്ചു കഷ്ടപ്പെടുത്തി കൊല്ലണമെന്ന് ആരും പറയുന്നില്ല. ഈ ഘാതകരെ സാവധാനം എരിച്ചുകൊല്ലണമെന്നും ആരും പറയുന്നില്ല.

എന്നാൽ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് മേൽ പ്രസ്താവിച്ചതിനേക്കാളും മോശമായി അവരോടു പെരുമാറുമെന്ന് പല ആത്മാർത്ഥതയുള്ള ക്രിസ്ത്യാനികളും സങ്കല്പിക്കുന്നു. ദുഷ്ടന്മാരെ, അവർ ചെയ്ത പാപങ്ങൾക്കു പകരമായി അവരെ ദണ്ഡിപ്പിക്കണമെന്ന് അവർ പറയുന്നു. അതിലുമുപരിയായി ദൈവം നല്കുന്ന വധശിക്ഷ ഒരിക്കലും അവസാനിക്കാത്ത ഒരു ദണ്ഡനമാണെന്നുമാണ് അവർ ചിത്രീകരിക്കുന്നത്.

ദുഷ്ടന്മാർക്ക് എന്താണ് സംഭവിക്കുന്നത്? അവരുടെ മേലുള്ള വിധി ദൈവത്തിന്റെ സ്നേഹവും നീതിയുമായി ഒത്തു വരുന്നത് എങ്ങനെയാണ്? നമുക്കു ബൈബിളിൽ നിന്നും ഉത്തരം കണ്ടെത്താം.

### *1. യേശുവിന്റെ അന്തിമ ദുസ്സഹദുഃഖം*

ദൈവം സ്ത്രീപുരുഷന്മാരുമായി കഴിഞ്ഞ 6000 വർഷമായി സംവാദിച്ചുകൊണ്ടിരിക്കുന്നു.

***"എന്നാണ, ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴിവിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളതെന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്" യെഹെ. 33:11.***

വീണുപോയ മനുഷ്യസമൂഹത്തെ എത്രത്തോളം ദൈവം രക്ഷിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് ക്രൂശ് വെളിപ്പെടുത്തുന്നു. "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതു എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ" എന്ന് ക്രൂശിൽ കിടന്ന് പ്രാർത്ഥിച്ചപ്പോൾ യേശു തന്റെ വേദനിക്കുന്ന ഹൃദയത്തെ തുറന്നുകാട്ടുകയായിരുന്നു. (ലൂക്കൊ. 23:34). അതിനുശേഷം അധികം വൈകാതെ യേശു തന്റെ പ്രാണനെ വിട്ടു. യേശു ഹൃദയം തകർന്നാണ് മരിച്ചതെന്ന് ചിലർ വിശ്വസിക്കുന്നു. (യോഹ. 19:30,34).

ദിവ്യസ്നേഹത്തിന്റെ ശക്തിയേറിയ ഈ പ്രകടനത്തിനു ശേഷവും അനേകരും യേശുവിങ്കലേക്കു തിരിയുന്നില്ല. പാപം ലോകത്തിൽ വാഴുന്നകാലമത്രയും മനുഷ്യന്റെ കഷ്ടത തുടർന്നുകൊണ്ടേയിരിക്കും. അതുകൊണ്ട് പാപം നശിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. എപ്രകാരമാണ് പാപത്തിന് ഒരു അറുതി വരുത്തുവാൻ ദൈവം ഉദ്ദേശിക്കുന്നത്?

***"കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും" 2 പത്രൊ. 3:10.***

ഈ തിന്മ നിറഞ്ഞ ലോകത്തെ ദൈവം ശുദ്ധീകരിക്കുകയും പാപത്തിന് ഒരു അറുതിവരുത്തുകയും ചെയ്യും. പാപത്തിൽത്തന്നെ തുടർന്നു ജീവിക്കുന്നവർ പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന അഗ്നിയാൽ നിത്യമായി നശിക്കും. യേശു തന്റെ ജീവൻ നല്കി രക്ഷിക്കുവാൻ ശ്രമിച്ചവർ അഗ്നിയാൽ ദഹിപ്പിക്കപ്പെട്ടു

കാണുന്നത് അവന് എത്ര ഹൃദയഭേദകമായ അനുഭവമായിരിക്കും.

## *2. നരകം എവിടെ എപ്പോൾ എരിയും?*

ചില പ്രബല ആശയങ്ങൾക്കു വിപരീതമായി, പാപികൾ മരിച്ചാലുടനെ എത്തുന്നു എന്നു വിചാരിക്കുന്ന, എന്നെന്നേയ്ക്കും എരിയുന്ന ഒരു നരകം ദൈവത്തിനില്ല. ഈ ഭൂമി ഒരു അഗ്നിപ്പൊയ്കയായി മാറുമ്പോഴാണ് നരകം ഉണ്ടാകുന്നത്. ആയിരമാണ്ട് വാഴ്ചയുടെ അവസാനം ദുഷ്ടന്മാരുടെമേലുള്ള വിധി പ്രഖ്യാപിക്കുവാൻ ദൈവം കാത്തിരിക്കുന്നു (വെളി. 20:9–15).

***"കർത്താവ് ഭക്തന്മാരെ പരീക്ഷയിൽനിന്നു വിടുവിപ്പാനും നീതികെട്ടവരെ, വിശേഷാൽ മലിനമോഹം കൊണ്ട് ജഡത്തെ അനുസരിച്ചു നടക്കുകയും കർത്തൃത്വത്തെ നിന്ദിക്കുകയും ചെയ്യുന്നവരെ തന്നേ, ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി കാപ്പാനും അറിയുന്നുവല്ലോ" 2 പത്രൊ. 2:9,10.***

ഈ ശുദ്ധീകരിക്കുന്ന അഗ്നികൊണ്ട് അവൻ ഈ ലോകത്തെ ശുദ്ധീകരിക്കുന്നു.

***"ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു" (2 പത്രൊ. 3:7).***

ഒരു മനുഷ്യനും തന്റെ ജീവിതത്തെ അഗ്നിപ്പൊയ്കയിൽ അവസാനിപ്പിക്കണമെന്നുള്ള പദ്ധതി ദൈവം ഒരിക്കലും ആലോചിച്ചില്ല. എന്നാൽ ജനം സാത്താനിൽനിന്ന് വിഛേദിക്കപ്പെടുവാൻ വിമുഖത കാട്ടുകയും പാപത്തിൽത്തന്നെ തുടർന്നു ജീവിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ, അന്ത്യത്തിൽ അവരുടെ തെറ്റായ തിരഞ്ഞെടുപ്പിന്റെ അനന്തരഫലം കൊയ്യുകയും ചെയ്യും.

***"പിന്നെ അവൻ ഇടത്തുള്ളവരോട്: ശപിക്കപ്പെട്ടവരേ, എന്നെവിട്ട് പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" മത്താ. 25:41.***

നരകം എപ്പോൾ എരിയുമെന്നാണ് യേശു പറയുന്നത്?

***"കള കൂട്ടി തീയിൽ ഇട്ട് ചുടുംപോലെ ലോകാവസാനത്തിൽ സംഭവിക്കും. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും; അവർ അവന്റെ രാജ്യത്തിൽ നിന്ന് എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും" മത്താ. 13:40–42.***

കളകളായ ദുഷ്ടപ്രവൃത്തിക്കാർ ലോകത്തിന്റെ അന്ത്യംവരെ എരിയപ്പെടുന്നില്ല. ഈ വിധി പ്രഖ്യാപിക്കുന്നതിനുമുമ്പ് ഓരോ മനുഷ്യനുമായുള്ള ഇടപാടിൽ ദൈവം നീതിമാനാണെന്ന് പ്രപഞ്ചം മുഴുവനും ബോധ്യപ്പെടണം. പഠനസഹായി 22-ൽ വിശദീകരിച്ചിരിക്കുന്നതുപോലെ ക്രിസ്തുവും സാത്താനും തമ്മിലുള്ള വിവാദത്തിൽ പാപത്തിന്റെ വഴിയാണ് ഉത്തമമെന്ന് ഈ പ്രപഞ്ചത്തിനുമുമ്പിൽ തെളിയിച്ചു കൊടുക്കുവാൻ സാത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കൂടുതൽ സംതൃപ്തമായ ഒരു ജീവിതത്തിന് അനുസരണത്തിന്റെ വഴിയാണ് ഉത്തമം എന്ന് യേശു തെളിയിക്കുന്നു.

ആയിരമാണ്ട് വാഴ്ചയുടെ അന്ത്യത്തിൽ സാത്താന്റെയും അവന്റെ ദൂതന്മാരുടേയും ദുഷ്ടന്മാരുടേയും മേൽ പ്രഖ്യാപിക്കപ്പെടുന്ന ന്യായവിധിയിലൂടെ ഇത് വളരെ വ്യക്തമാകും. ഈ വലിയ നാടകത്തിൽ ഓരോരുത്തരും വഹിച്ച പങ്ക് വെളിപ്പെടുത്തുന്ന രേഖാപുസ്തകങ്ങൾ തുറന്നതിനുശേഷം സാത്താന്റേയും മരണത്തിന്റേയും ശവക്കുഴിയേയും "ജീവപുസ്തകത്തിൽ പേർ എഴുതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും" (വെളി. 20:14,15). വെളി. 21:1–ാം വാക്യമനുസരിച്ച് ദൈവം അഗ്നിയാൽ ഭൂമിയെ ശുദ്ധീകരിച്ചശേഷം അവൻ "പുതിയ ആകാശവും പുതിയ ഭൂമിയും" സൃഷ്ടിക്കുന്നു.

## *3. നരകാഗ്നി എത്രനാൾ എരിയും?*

നിത്യദണ്ഡനത്തിനായി എന്നെന്നേക്കും എരിഞ്ഞുകൊണ്ടിരിക്കും എന്നുള്ള ഉപദേശം അനേകം വിശ്വാസികളും സ്വീകരിച്ചിരിക്കുന്നു. പാപത്തേയും പാപികളേയും ദൈവം എങ്ങനെ കൈകാര്യം ചെയ്യുമെന്നുള്ളതിന് ബൈബിൾ എന്തുപറയുന്നു എന്ന് നോക്കാം.

"കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ ....നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും" 2 തെസ്സ. 1:6–10.

"നിത്യനാശം" എന്നത് "നിത്യമായ ദണ്ഡനം" എന്നല്ല എന്ന് ദയവായി ശ്രദ്ധിക്കുക. ഇത് അർത്ഥമാക്കുന്നത് എന്നെന്നേക്കുമായുള്ള നാശമാണ് എന്നാണ്. ഇതിന്റെ ഫലം നിത്യമരണവും. ന്യായവിധി ദിവസത്തെക്കുറിച്ചും ഭക്തികെട്ട മനുഷ്യരുടെ നാശത്തെക്കുറിച്ചും പത്രൊസ് സംസാരിച്ചു. (2 പത്രൊ. 3:7).

"ദേഹിയേയും ദേഹത്തെയും" നരകത്തിൽ നശിപ്പിക്കുമെന്ന് യേശു പറഞ്ഞു (മത്താ. 10:28). യേശു തന്റെ ഗിരിപ്രഭാഷണത്തിൽ "ജീവങ്കലേക്കു നയിക്കുന്ന ഇടുക്കുവാതിലിനെക്കുറിച്ചും നാശത്തിലേക്കു പോകുന്ന വിശാല വഴിയേക്കുറിച്ചും സംസാരിച്ചു." മത്താ. 7:13,14. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം തന്റെ പുത്രനെ നൽകി" എന്ന് യോഹന്നാന്റെ സുവിശേഷത്തിൽ യേശു പറയുന്നു. (യോഹ. 3:16). യേശു രണ്ടു വിനാശങ്ങളെ താരതമ്യം ചെയ്യുന്നു: നിത്യജീവൻ അല്ലെങ്കിൽ നാശം – നിത്യാഗ്നി അല്ല. നരകത്തിന് തീർച്ചയായും ഒരു അന്ത്യം ഉണ്ട് എന്ന് നാം

മനസ്സിലാക്കണം; അത് ദുഷ്ടന്മാരുടെ മരണത്തിലും നാശത്തിലും കലാശിക്കുന്നു.

ദുഷ്ടന്മാർ നശിപ്പിക്കപ്പെടുമെന്ന് തിരുവചനം മുഴുവനും വ്യക്തമായി പ്രസ്താവിക്കുന്നു. "ദുഷ്ടന്മാരുടെ സന്തതിയോ ഛേദിക്കപ്പെടും" സങ്കീ. 37:28; "അവൻ നശിച്ചുപോകും" 2 പത്രൊ. 2:12; "അവർ പുകപോലെ ക്ഷയിച്ചുപോകും'' സങ്കീ. 37:20; ''ദുഷ്ടന്മാർ നിങ്ങളുടെ കാലിൻകീഴിൽ വെണ്ണീർ ആയിരിക്കും" മലാ. 4:1–3; "പാപത്തിന്റെ ശമ്പളം മരണമത്രേ," നരകാഗ്നിയിലല്ല നിത്യജീവൻ. "ദൈവത്തിന്റെ കൃപാവരമോ നിത്യജീവൻ തന്നെ" റോമ. 6:23.

നിത്യാഗ്നികൊണ്ടുള്ള ശിക്ഷയുടെ ഉദ്ദേശം നിത്യമായി പാപത്തെ സംരക്ഷിക്കാതെ ഈ പ്രപഞ്ചത്തെ പാപത്തിൽ നിന്നും മോചിപ്പിക്കുക എന്നുള്ളതാണ്. മത്സരിയായ യെരൂശലേമിനെ നോക്കി കണ്ണുനീർ വാർക്കുകയും തന്നെ മരണത്തിനേല്പിച്ചവർക്ക് ക്ഷമിച്ചുകൊടുക്കുകയും ചെയ്ത യേശു നശിക്കപ്പെടുവാൻ വിധിക്കപ്പെട്ടവർ നിത്യമായ വ്യഥയിൽ ആയിരിക്കുന്നതു കാണുക എന്നു പറയുന്നത് സങ്കല്പിക്കുന്നതു തന്നെ തികച്ചും പ്രയാസമാണ്.

നിശ്ചയമായും നരകത്തിന് ഒരവസാനം ഉണ്ട്. ആയിരമാണ്ടു വാഴ്ചയുടെ അവസാനം പാപത്തെ മുറുകെപ്പിടിച്ചു ജീവിതം തുടർന്നു വന്നവരെയും സാത്താനെയും അവന്റെ സൈന്യത്തെയും ആകാശത്തുനിന്ന് അഗ്നി വർഷിച്ച് ഉന്മൂലനാശം ചെയ്യുന്നു. എന്നാൽ "ആകാശത്തുനിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും" വെളി. 20:9.

ഈ തീ "കെടാത്തതാണ്" എന്ന് യേശു പറയുന്നു (മത്താ. 3:12). ഈ അഗ്നി അതിന്റെ വേല പൂർത്തിയാക്കുന്നതുവരെ ഒരു അഗ്നിശമന സേനയ്ക്കും അതിനെ കെടുത്തുവാൻ കഴിയുകയില്ല.

അഗ്നിയാലുള്ള ഈ ശുദ്ധീകരണത്തിനുശേഷം "അവൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു. മുമ്പിലെത്തവ ആരും ഓർക്കുകയില്ല; ആരുടേയും മനസ്സിൽ വരികയുമില്ല. കരച്ചിലും നിലവിളിയും ഇനി അതിൽ കേൾക്കയില്ല" യെശ 65:16–19.

അത് എന്തൊരു ദിവസമായിരിക്കും! ഹൃദയവ്യഥയ്ക്കുള്ള എല്ലാ കാരണങ്ങളും അപ്രത്യക്ഷമാകും. ഓരോ ഹൃദയത്തിൽ നിന്നും പാപത്തിന്റെ മുറിപ്പാടുകൾ തുടച്ചുമാറ്റപ്പെടും. നമ്മുടെ സന്തോഷം പൂർണ്ണമാകുകയും ചെയ്യും.

### *4. തിരുവചനത്തിലെ "എന്നെന്നേയ്ക്കും"*

''സാത്താനും അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയെക്കുറിച്ച്" മത്താ. 25:41 പ്രസ്താവിക്കുന്നു. "നിത്യം" എന്നുള്ള പദം നരകം എന്നെന്നേക്കും ഉണ്ടായിരിക്കും എന്ന് അർത്ഥമാക്കുന്നുവോ?

"നിത്യമായ അഗ്നികൊണ്ട് ശിക്ഷിക്കപ്പെടുന്നവരുടെ ഉദാഹരണമായി സൊദോമിന്റെയും ഗൊമോറയുടെയും അനുഭവത്തെ യൂദായുടെ ലേഖനം ഏഴാം വാക്യം പ്രസ്താവിച്ചിരിക്കുന്നു. സ്പഷ്ടമായി പറഞ്ഞാൽ ആ നഗരങ്ങൾ ഇന്നും എരിഞ്ഞുകൊണ്ടിരിക്കുന്നില്ല. എന്നാൽ അവിടെ നിത്യാഗ്നി എന്നുദ്ദേശിക്കുന്നത് അത് നിത്യനാശത്തിൽ കലാശിച്ചു എന്നുള്ളതാണ്.

2 പത്രൊ. 2:6–ൽ നാം ഒരിക്കൽക്കൂടി നിത്യാഗ്നിയെക്കുറിച്ച് വായിക്കുന്നു. സൊദോമിനെയും ഗൊമോറയെയും എരിച്ച് ചാമ്പലാക്കിയത് അഭക്തരായ ജനത്തിന് എന്തു സംഭവിക്കുവാൻ പോകുന്നു എന്നുള്ളതിന് ഒരു ദൃഷ്ടാന്തമായിരിക്കുവാൻ വേണ്ടിയാണ്. പട്ടണങ്ങളിലെ അഭക്തരായ ജനം ഇന്നും വ്യഥയിലായിരിക്കുന്നില്ല; അവർ പണ്ടേ എരിഞ്ഞ് ചാമ്പലായിപ്പോയി. എങ്കിലും അവരെ എരിച്ച അഗ്നി അതിന്റെ ഫലത്തിൽ നിത്യമാണ് – നിത്യമായ നാശം. നിത്യമെന്നു വെച്ചാൽ എന്നെന്നേക്കുമുള്ള ശിക്ഷ എന്നാണ്, ശിക്ഷിച്ചുകൊണ്ടിരിക്കുന്നു എന്നല്ല.

വെളിപ്പാട് അത്ര സുവ്യക്തമായ പ്രതീകങ്ങളുടെ ഭാഷ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടാണ് അതിലെ ചില വാക്യങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നത്. ഉദാഹരണമായി, നഷ്ടപ്പെട്ടവരെക്കുറിച്ച്, ''അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും" എന്ന് വെളി. 14:11 പ്രസ്താവിക്കുന്നു. അവസാനമില്ലാത്ത ഒരു ദണ്ഡനം എന്ന് ചിന്തിക്കുവാൻ ഇത് ഇടയാക്കുന്നു. എന്നാൽ വീണ്ടും ബൈബിൾ തന്നെ ബൈബിളിനെ വ്യഖ്യാനിക്കുവാൻ അനുവദിക്കുക.

കാതു കുത്തിത്തുളയ്ക്കപ്പെട്ട ദാസൻ "എന്നേയ്ക്കും ദാസനായിരിക്കേണം എന്ന് പുറപ്പാട് 21:6–ൽ വായിക്കുന്നു. ഇക്കാര്യത്തിൽ ''എന്നേക്കും'' എന്നതിന്റെ അർത്ഥം എത്രനാൾ ദാസൻ ജീവിച്ചിരിക്കുന്നുവോ അത്രയും നാൾ എന്നാണ്. മൂന്നു രാവും മൂന്നു പകലും മാത്രം കടലാനയുടെ വയറ്റിൽ ഇരുന്ന യോനാ (മത്താ. 12:40) സദാകാലത്തേയ്ക്കു എന്നെ അടച്ചിരുന്നു എന്നു പറയുന്നു. (യോനാ 2:6). മത്സ്യത്തിന്റെ വയറ്റിലായിരുന്ന ആ മൂന്നു ദിവസവും യോനായെ സംബന്ധിച്ചിടത്തോളം എന്നേയ്ക്കും ആയിരുന്നു എന്നുള്ളതിൽ സംശയമില്ല.

അതുകൊണ്ട് വേദപുസ്തകം പ്രതീകാത്മകമായും കവിതാത്മകമായും ഭാഷ ഉപയോഗിച്ചിരുന്നു എന്ന് നാം സൂക്ഷമമായി അറിഞ്ഞിരിക്കേണ്ടതാണ്. അഗ്നിപ്പൊയ്കയിൽ നിന്നും എന്നെന്നേക്കുമായി ഉയരുന്ന പുക ശാശ്വതമായ നാശത്തെ വ്യക്തമാക്കുവാൻ ഉപയോഗിക്കുന്നു. തീയും ഗന്ധകവും കത്തുന്ന പൊയ്ക "രണ്ടാമത്തെ മരണ"മാണെന്ന് വെളി. 21:8 വ്യക്തമായി പറയുന്നു. നരകത്തിന് ഒരവസാനമുണ്ട്. ദുഷ്ടന്മാർ എരിഞ്ഞുപോകുന്നു. അവർ നശിപ്പിക്കപ്പെടുന്നു.

### *5. ഒരു നരകത്തിന്റെ ആവശ്യം എന്തുകൊണ്ട്?*

ആദിയിൽ ദൈവം ഒരു സമ്പൂർണ്ണ ലോകത്തെയാണ്

സൃഷ്ടിച്ചത്. എന്നാൽ പാപം കടന്നുവരികയും കഷ്ട തയും നാശവും മരണവും വിതയ്ക്കുകയും ചെയ്തു. ഒരു സായാഹ്നത്തിൽ താങ്കൾ ഭവനത്തിൽ മടങ്ങിച്ചെല്ലുമ്പോൾ അത് കൊള്ളയടിച്ച് നശിപ്പിക്കപ്പെട്ടതായി കാണപ്പെടുക യാണെങ്കിൽ താങ്കൾ അത് എന്നേയ്ക്കുമായി ഉപേക്ഷി ക്കുമോ? നിശ്ചയമായും ചെയ്യുകയില്ല. അഴുക്കും ചപ്പുച വറുകളും കളഞ്ഞ്, വൃത്തിയാക്കി എടുക്കും. നന്നാക്കാ വുന്നതിലപ്പുറമായ വീട്ടുപകരണങ്ങൾ ഉപേക്ഷിക്കും. അതുതന്നെയാണ് ദൈവവും ചെയ്യുവാൻ പോകുന്നത്. അവൻ കേടുപാടുകൾ നീക്കി, പാപത്തിന്റെ മലിനതകൾ എന്നെന്നേയ്ക്കുമായി അകറ്റി ഇന്നത്തെ സ്ഥാനത്ത് ഒരു പുതിയ ഭൂമിയെ സൃഷ്ടിക്കും. അഗ്നിയാൽ ഈ ഭൂമിയെ ശുദ്ധീകരിക്കുന്നതിന്റെ ഉദ്ദേശം രക്ഷിക്കപ്പെട്ടവർക്കു ജീവിക്കുന്നതിന് ഒരു സമ്പൂർണ്ണമായ ലോകത്തിനുള്ള മാർഗ്ഗം ഒരുക്കുക എന്നതാണ്.

എന്നാൽ ഗുരുതരമായ മറ്റൊരു പ്രശ്നം ദൈവം അഭി മുഖീകരിക്കുന്നു. കാരണം പാപം ഭൗതിക ലോകത്തെ അപകടത്തിലാക്കുക മാത്രമല്ല, പിന്നെയോ അത് ജനത്തെ ബാധിക്കുകയും ചെയ്തു. പാപം നമുക്ക് അവനുമായും നമുക്ക് ഓരോരുത്തരുമായും ഉണ്ടായിരുന്ന ബന്ധത്തെ തകർത്തു. ബാലപീഡനം, ഭീകരപ്രവർത്തനം, അശ്ലീല സാഹിത്യം തുടങ്ങിയ മനുഷ്യനെ നശിപ്പിക്കുന്ന ആയിര ക്കണക്കിന് കാര്യങ്ങൾ. പാപം മനുഷ്യരെ നശിപ്പി ക്കുന്നതുകൊണ്ട് ദൈവം പാപത്തെ ഒരു നാളിൽ നശി പ്പിക്കും. പാപത്താൽ, ബാധിക്കപ്പെട്ട മനുഷ്യനെ നശിപ്പി ക്കാതെ എങ്ങനെ മാരകമായ പാപാണുക്കളെ നശിപ്പി ക്കുവാൻ കഴിയും എന്നുള്ളതാണ് ദൈവത്തിന്റെ പ്രതി സന്ധി. പാപാണുക്കളെ തന്റെ ശരീരത്തിൽ വഹിക്കുക എന്നതായിരുന്നു അവന്റെ പ്രതിവിധി; പാപമായ അർബ്ബുദം അവനെ ക്രൂശിൽവെച്ചു നശിപ്പിക്കുന്നതിന് അവൻ അനുവദിച്ചു. അതിന്റെ ഫലമായി:

***"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീ തിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1 യോഹ. 1:9)***

പാപമാകുന്ന പ്രശ്നത്തിന്റെ പരിഹാരം ദൈവം എല്ലാവർക്കും നൽകുന്നു. എന്നാൽ ചിലർ പാപമാകുന്ന രോഗത്തിൽ പറ്റിപിടിച്ചു നില്ക്കുവാൻ ആഗ്രഹിക്കുന്നു എന്നുള്ളതാണ് ദുഃഖകരമായ വസ്തുത. ദൈവത്തിന്റെ നിത്യജീവന്റെ വഴി തിരഞ്ഞെടുക്കുവാൻ അവൻ ആരെയും നിർബ്ബന്ധിക്കുന്നില്ല. അവന്റെ പരിഹാരം നിര സിക്കുന്നവർ അന്ത്യത്തിൽ നശിപ്പിക്കപ്പെടും. നരകത്തി നുള്ള യഥാർത്ഥ കാരണം:

***"ഞാൻ വിളിച്ചപ്പോൾ നിങ്ങൾ ഉത്തരം പറയാ തെയും ഞാൻ അരുളിച്ചെയ്തപ്പോൾ കേൾക്കാതെയും എനിക്കു അനിഷ്ഠമായുള്ളതു പ്രവർത്തിച്ചു എനിക്കു പ്രസാദമല്ലാത്തതു തിരഞ്ഞെടുത്തു." യെശ. 65:12.***

അവരുടെ സ്വന്ത തിരഞ്ഞെടുപ്പുകളാൽ യേശുവിൽ നിന്നും വിഛേദിക്കപ്പെടുന്നവർക്ക് നിത്യമരണമല്ലാതെ മറ്റൊരു ഉപാധിയില്ലെന്ന് അവർ കണ്ടെത്തുന്നു.

## *6. നഷ്ടപ്പെട്ടതിന്റെ വില എന്തായിരിക്കും?*

നരകാഗ്നി അനന്തമായ കഷ്ടതയ്ക്കു കാരണമാകു ന്നില്ല എന്ന് തിരുവചനം പഠിപ്പിക്കുന്നു എങ്കിലും നഷ്ട പ്പെട്ടുപോകുന്നതിന്റെ ഭീകരമായ അനുഭവത്തിന്റെ ഒരു ദൃശ്യം അതു തരുന്നു. ദുഷ്ടന്മാർക്ക് നിത്യജീവൻ നഷ്ട മാകുവാൻ പോകുന്നു. യുഗങ്ങളോളം അനുഭവിക്കുവാൻ കഴിയുമായിരുന്ന സമ്പൂർണ്ണവും സന്തുഷ്ടവും സ്നേഹ നിർഭരവുമായ ബന്ധവും ദൈവത്തോടുകൂടെയുള്ള നിത്യ ജീവനും തങ്ങളുടെ കരങ്ങളിലൂടെ നഷ്ടമാകുന്നത് എത്ര ഭയാനകമായിരിക്കും.

ക്രിസ്തു തന്നെ പിതാവിൽനിന്നും അകറ്റുന്ന ലോക ത്തിന്റെ പാപവുമായി കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ നിത്യമായി നഷ്ടപ്പെടുന്നതിന്റെ മനോവ്യഥ അവൻ അനു ഭവിക്കേണ്ടിവന്നു. ദുഷ്ടന്മാർ അവർക്കു മുമ്പിലുള്ള കറുത്ത ശൂന്യതയിലേക്കു നോക്കുമ്പോൾ കാണുന്നത് നിത്യമായ നാശം മാത്രമായിരിക്കും. രണ്ടാം പുനരുത്ഥാ നത്തിന്റെ പ്രത്യാശയില്ലാത്തവരായി അവർ മരിക്കണം. അതേ സമയം ക്രിസ്തു സ്നേഹവായ്പയോടെ സമീ പിച്ച ഓരോ സമയവും അവനെ തള്ളിമാറ്റിയത് എങ്ങ നെയെന്ന് അവർ കാണുകയും അവരുടെ മുഴങ്കാലിൽ നിന്ന് ദൈവത്തിന്റെ നീതിയേയും സ്നേഹത്തേയും അംഗീകരിക്കുകയും ചെയ്യും (ഫിലി. 2:10, 11).

വേദപുസ്തക എഴുത്തുകാർ നമ്മുടെ തിരഞ്ഞെടു പ്പിനും ക്രിസ്തുവിന്റെ അവകാശത്തിനും ഊന്നൽ നൽകുന്നുവെന്നതിൽ അത്ഭുതത്തിന് അവകാശമില്ല.

***"നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചത് വ്യർത്ഥ മായിത്തീരരുത് എന്ന് ഞങ്ങൾ സഹപ്രവൃത്തിക്കാ രായി നിങ്ങളെ പ്രബോധിപ്പിക്കുന്നു. പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരം അരുളി; രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു" 2 കൊരി 6:1,2.***

യേശുവിന്റെ അമൂല്യമായ ത്യാഗത്തെ വൃഥാവാക്കി, നഷ്ടപ്പെട്ടുപോകാൻ മതിയായ തിരഞ്ഞെടുപ്പ് നടത്തു ന്നതിനേക്കാൾ വലിയ ഒരു ദുരന്തത്തെക്കുറിച്ച് എനിക്ക് ചിന്തിക്കുവാൻ കഴിയുന്നില്ല. നമ്മെ നേരിടുന്ന ഇതരമാർഗ്ഗ ങ്ങൾ വളരെ വ്യക്തമാണ്: ദൈവസാന്നിദ്ധ്യമില്ലാത്ത ഒരു നിത്യത, അഥവാ നമ്മുടെ ഹൃദയവാഞ്ഛയെ തൃപ്തി പ്പെടുത്തുന്ന ക്രിസ്തുവുമായുള്ള ഒരു നിത്യമായ സൗഹൃ ദം. നിങ്ങൾ ഏതാണ് തിരഞ്ഞെടുക്കുന്നത്? നിങ്ങളുടെ ഭാഗധേയം എന്തുകൊണ്ട് ഇന്നുതന്നെ ക്രിസ്തുവിൽ കണ്ടെത്തിക്കൂടാ?

# കണ്ടെത്തുക



## നരകം എന്നാൽ എന്ത് ? എവിടെ ?

**ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക (ഓരോ ഉത്തരത്തിലും ഒരെണ്ണം തെറ്റായിരിക്കും)**

**1. യേശുവിനെ സ്വീകരിച്ച് രക്ഷിക്കപ്പെടുവാൻ 6000 വർഷം അവൻ പാപികളോട് അപേക്ഷിച്ചു.**

_______ വേദപുസ്തക പ്രവാചകന്മാരിൽക്കൂടെ

_______ കള്ള പ്രവാചനകനിൽക്കൂടെ

_______ ക്രൂശിൽ നിന്നും അവന്റെ ഹൃദയം തകർന്ന വിലാപത്തിൽക്കൂടെ

**അവൻ രക്ഷിക്കുവാൻ ആഗ്രഹിച്ച പാപികളെ നരകത്തിൽ നശിപ്പിക്കുന്നത്**

_______ ക്രിസ്തുവിനും പിതാവിനും അതൊരു ആഹ്ലാദമായിരിക്കും.

_______ ക്രിസ്തുവിന് ഹൃദയം തകരുന്ന സമയമായിരിക്കും.

**2. നരകം എവിടെയായിരിക്കും എരിയുന്നത് ?**

_______ ഈ ഭൂമിയിൽ അവസാനം ദൈവം അതിനെ ശുദ്ധീകരിക്കുമ്പോൾ

_______ ഭൂമിക്കടിയിലുള്ള സാത്താന്റെ ദണ്ഡന സ്ഥലത്ത്.

**ഇന്ന് നരകത്തിലെ ജനസംഖ്യ**

_______ തികച്ചും പൂജ്യമാണ് _______ ദശലക്ഷക്കണക്കിന്

**എപ്പോൾ ആയിരിക്കും നരകം എരിയുന്നത് ?**

_______ ആയിരമാണ്ടിന്റെ അവസാനത്തിൽ ദുഷ്ടന്മാരുടെ ന്യായവിധിക്കുശേഷം

_______ അത് ഇപ്പോൾ എരിഞ്ഞുകൊണ്ടിരിക്കുന്നു.

**3.4 ദുഷ്ടന്മാരുടെ ശിക്ഷ എന്താണ് ?**

_______ നിത്യനാശം

_______ ഒരിക്കലും അവസാനിക്കാത്ത നരകത്തിലുള്ള നിത്യമായ ശിക്ഷ

**നരകം എത്രനാൾ എരിഞ്ഞുകൊണ്ടിരിക്കും ?**

_______ നിത്യതയോളം

_______ സാത്താനും അവന്റെ ദൂതന്മാരും ദുഷ്ടന്മാരും എരിഞ്ഞു ചാമ്പലായിത്തീരുന്നതുവരെ

_______ ഈ ഭൂമി വിശുദ്ധൻമാർക്ക് ഭവനമാകുന്നതിന് പാപത്തിൽനിന്നും ശുദ്ധീകരിക്കപ്പെടുന്നതുവരെ

**5. ദൈവീക പദ്ധതിയിൽ ഒരു നരകത്തിന്റെ ഉദ്ദേശം**

_______ രക്ഷ തിരഞ്ഞെടുക്കുന്നവർക്ക് ഒരു സമ്പൂർണ്ണ നിത്യഭവനം ലഭ്യമാക്കുന്നതിന്

_______ ജനത്തെ ഭയപ്പെടുത്തി നല്ലവരാക്കുന്നതിന്.

_______ പാപം ജനത്തെ നശിപ്പിക്കുന്നതുകൊണ്ട് പാപത്തെ നശിപ്പിക്കുന്നതിന്

***6. ഹൃദയംഗമമായ ചോദ്യം : ദൈവത്തിന്റെ സമ്പൂർണ്ണലോകത്തെ സാത്താൻ നശിപ്പിച്ചു. ഈ ലോകത്തെ സാത്താനിൽനിന്നും കൈവശമാക്കുന്നതിനും തിന്മയിൽനിന്നും പാപത്തിൽനിന്നും ശുദ്ധീകരിക്കുന്നതിനും പാപത്തെയും മരണത്തെയും ഉന്മൂലനാശം വരുത്തുന്നതിനുമായി യേശു ക്രൂശിൽ മരിച്ചു. യേശു രക്ഷിക്കുവാൻ ആഗ്രഹിച്ചവർ നിത്യനാശം തിരഞ്ഞെടുക്കുന്നത് കാണുക എന്നത് ക്രിസ്തുവിന് എത്ര ഹൃദയഭേദകമായ അനുഭവമായിരിക്കും. രക്ഷിക്കപ്പെട്ട ജനത്തോടൊപ്പം ചേർന്ന് യേശുവിന്റെ ഹൃദയത്തിന് സന്തോഷം കൊണ്ടുവരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ ?***

# ഒരാൾ മരിച്ചാൽ പിന്നെ എന്ത്?

മരിക്കുക എന്നു പറഞ്ഞാൽ എന്താണ്? ഒരു കുട്ടി ചോദിച്ചാൽ നമുക്ക് പെട്ടെന്ന് മറുപടി ഇല്ലാതാകുന്നു പ്രത്യേകിച്ച് നാം സ്നേഹിക്കുന്ന നമ്മുടെ സ്നേഹഭാജനങ്ങളുടെ മരണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾത്തന്നെ നാം സങ്കോചമുള്ളവരാകുന്നു. എല്ലാവർക്കും എവിടെയും മരണം ഒരു പൊതു ശത്രുവാണ്.

മരണത്തെക്കുറിച്ചുള്ള ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങൾക്കു മറുപടി എന്താണ്? മരണത്തിനപ്പുറം ജീവിതം ഉണ്ടോ? നാം നമ്മുടെ മരിച്ചുപോയ സ്നേഹഭാജനങ്ങളെ വീണ്ടും കാണുമോ?

***1. ഭയമില്ലാതെ മരണത്തെ നേരിടുക***

നാം എല്ലാവരും ചില നിമിഷങ്ങളിൽ, ഒരു പക്ഷേ നമ്മുടെ ഉറ്റവരും മിത്രങ്ങളും നമ്മെവിട്ടു വേർപിരിയുമ്പോൾ ഒരു ശൂന്യത നമ്മിൽ അനുഭവപ്പെടുന്നു. അതായത് നമ്മുടെ ജീവിതാന്ത്യത്തെക്കുറിച്ച് ഒരു ശൂന്യത അനുഭവപ്പെടുന്നു. ഒരു എകാന്തത നമ്മിൽ അലതല്ലുന്നു.

ഇത്ര സുപ്രധാനവും വികാരനിർഭരവുമായ ഈ കാര്യത്തിൽ, അതായത് മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു എന്നുള്ള സത്യം എവിടെ നിന്നു മനസ്സിലാക്കാൻ കഴിയും? ഭാഗ്യവശാൽ യേശുവിന്റെ ഈ ഭൂമിയിലെ ദൗത്യത്തിന്റെ ഒരു ഭാഗം "ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിക്ക" (എബ്രാ. 2:15) എന്നതായിരുന്നു. കൂടാതെ വേദപുസ്തകത്തിൽ, യേശു ആശ്വാസ വചനങ്ങളും മരണത്തെക്കുറിച്ച് നമ്മുടെ ചോദ്യത്തിനു മറുപടിയും ഭാവിജീവിതവും വാഗ്ദാനം ചെയ്യുന്നു.

***2. എങ്ങനെ ദൈവം നമ്മെ നിർമ്മിച്ചു ?***

വേദപുസ്തകത്തിൽ നിന്ന് മരണത്തെക്കുറിച്ചുള്ള സത്യം മനസ്സിലാക്കാൻ, ആദിമുതൽ തന്നെ നമ്മുടെ സ്രഷ്ടാവ് എങ്ങനെ നമ്മെ മെനഞ്ഞു എന്നു കാണുക.

***"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു" ഉല്പ. 2:7.***

സൃഷ്ടിപ്പിൽ ദൈവം ആദാമിനെ "നിലത്തെപൊടികൊണ്ട് നിർമ്മിച്ചു." ശക്തമായ ഒരു തലച്ചോറും, സിരകളിൽക്കൂടെ ഒഴുകുവാൻ സജ്ജമായി രക്തവും അവനുണ്ടായിരുന്നു. അപ്പോൾ ദൈവം അവന്റെ "മൂക്കിൽ ജീവശ്വാസം ഊതി", മനുഷ്യൻ "ജീവനുള്ള ദേഹിയായിത്തീർന്നു."

മനസ്സിലാക്കണം, ആദാം ഒരു ആത്മാവിനെ സ്വീകരിച്ചു എന്നു വേദപുസ്തകം പറയുന്നില്ല. "മനുഷ്യൻ ഒരു ജീവനുള്ള ദേഹിയായിത്തീർന്നു" എന്നാണ് പറയുന്നത്. ദൈവം ആദാമിന് ജീവശ്വാസം ഊതിയപ്പോൾ, ജീവൻ ദൈവത്തിൽ നിന്നും ഒഴുകാൻ തുടങ്ങി. ശരീരവും ജീവശ്വാസവും കൂടിച്ചേർന്നപ്പോൾ ആദാം ഒരു ജീവനുള്ള വ്യക്തിയായിത്തീർന്നു. അതായത് ഒരു ജീവനുള്ള ദേഹിയായിത്തീർന്നു. നാം സമവാക്യത്തിൽ എഴുതിയാൽ : "നിലത്തെപൊടി" + "ജീവശ്വാസം" = "ഒരു ജീവനുള്ള ദേഹി." ജീവനില്ലാത്ത ശരീരം + ദൈവത്തിൽനിന്നുള്ള ശ്വാസം = ഒരു ജീവനുള്ള വ്യക്തി.

നമുക്ക് ഓരോരുത്തർക്കും ഒരു ശരീരവും ചിന്തിക്കാൻ കഴിയുന്ന ഒരു മനസ്സും ഉണ്ട്. ശ്വാസോച്ഛ്വാസം ചെയ്യുന്നിടത്തോളം നാം ഒരു ജീവനുള്ള വ്യക്തിയായിരിക്കും. ഒരു ജീവനുള്ള ദേഹിയായിരിക്കും.

***3. ഒരു വ്യക്തി മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു?***

മരണത്തിൽ, ഉല്പത്തി 2:7 -ൽ പറഞ്ഞിരിക്കുന്ന സൃഷ്ടിപ്പിന്റെ നേരെ എതിരായതു സംഭവിക്കുന്നു.

***"പൊടി പണ്ട് ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും" സഭാ. 12:7.***

വേദപുസ്തകത്തിൽ സാധരണയായി "ശ്വാസത്തിനും ആത്മാവിനും" ഉള്ള എബ്രായ പദം പരസ്പരം മാറിമാറിയാണ് പ്രയോഗിക്കുന്നത്. മനുഷ്യർ, മരിക്കുമ്പോൾ അവരുടെ ശരീരം "പൊടിയാകുന്നു. അതുപോലെ ജീവശ്വാസം അഥവാ ആത്മാവ് അതു നല്കിയ ദൈവത്തിലേക്ക് (അതിന്റെ ഉറവിടത്തിലേക്ക്) തിരികെ പോകുന്നു. എന്നാൽ ദേഹിക്ക് എന്തു പറ്റുന്നു?

***"സകല ദേഹികളും എനിക്കുള്ളവർ; ...പാപം ചെയ്യുന്ന ദേഹി മരിക്കും." യെഹെ. 18:3-4.***

ദേഹി മരിക്കുന്നു; അത് ഇപ്പോൾ അമർത്യമല്ല. അത് നശിക്കും.

സമവാക്യം ഉണ്ടാകുന്നത് ഉൽപത്തി 2:7ൽ നിന്നാണ്.

നമ്മെ ദൈവം നിർമ്മിച്ചപ്പോൾ ഉണ്ടായത്, മരണത്തിൽ തിരികെ സംഭവിക്കുന്നു. അതായത്:

*"നിലത്തെ പൊടി" -"ജീവശ്വാസം" = ഒരു മരിച്ച ദേഹി.*

*ശരീരം - ദൈവത്തിൽ നിന്നുള്ള ശ്വാസം = ഒരു മരിച്ച ആൾ*

മരണം, ജീവൻ നിന്നുപോകുന്ന അവസ്ഥയാണ്. ശരീരം ഭിന്നമായി പൊടിയാകുന്നു. ആത്മാവ് അഥവാ ജീവശ്വാസം തിരിച്ച് ദൈവത്തിലേക്കു പോകുന്നു. നാം ജീവിക്കുമ്പോൾ ജീവനുള്ള ദേഹിയാണ്. പക്ഷേ മരണത്തിൽ വെറും മൃതശരീരമാണ്. മരിച്ച ദേഹിയാണ്, മരിച്ച വ്യക്തിയാണ്. അതുകൊണ്ട് മരിച്ചവർ ബോധമുള്ളവരല്ല. ദൈവം നമുക്ക് നൽകിയ ജീവശ്വാസം തിരികെ എടുക്കുമ്പോൾ നമ്മുടെ ദേഹി മരിക്കുന്നു. എന്നാൽ നാം തുടർന്നു പഠിക്കുന്നതുപോലെ യേശുവിൽ നമുക്ക് പ്രത്യാശയുണ്ട്.

## 4. ഒരു മരിച്ച ആളിന് എത്ര അറിവുണ്ട് ?

മരണത്തിനു ശേഷം തലച്ചോറ് ശിഥിലമാകുന്നു. അതിന് അറിവോ, ഓർമ്മയോ, ഒന്നുംതന്നെയില്ല. എല്ലാ മാനുഷിക വികാരങ്ങളും മരണത്തോടെ ഇല്ലാതാകുന്നു.

***"അവരുടെ സ്നേഹവും ദ്വേഷവും അസൂയയും നശിച്ചുപോയി; സൂര്യനു കീഴെ നടക്കുന്ന യാതൊന്നിലും അവർക്കു ഇനി ഒരിക്കലും ഓഹരിയില്ല" സഭാ.9:6.***

മരിച്ചവർ ഓർമ്മയുള്ളവർ അല്ല; ആയതിനാൽ സംഭവിക്കുന്ന ഒന്നിലും അവർക്ക് പങ്ക് ഇല്ല. ജീവിക്കുന്നവരുമായി യാതൊരു കാരണവശാലും ഒരു ബന്ധവും ഇല്ല.

***"ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്നറിയുന്നു; മരിച്ചവരോ ഒന്നും അറിയുന്നില്ല; മേലാൽ അവർക്കു ഒരു പ്രതിഫലും ഇല്ല; അവരെ ഓർമ്മ വിട്ടുപോകുന്നുവല്ലോ" സഭാ. 9:5.***

മരണം, സ്വപ്നം ഇല്ലാത്ത ഉറക്കം പോലെയാണ്. തന്നെയുമല്ല, വേദപുസ്തകത്തിൽ 54 പ്രാവശ്യം മരണത്തെ ഉറക്കം എന്നു പറഞ്ഞിരിക്കുന്നു. മരണം ഉറക്കം പോലെയാണെന്ന് യേശു പഠിപ്പിച്ചു. അവൻ ശിഷ്യന്മാരോടു പറഞ്ഞു:

***"നമ്മുടെ സ്നേഹിതനായ ലാസർ നിദ്രകൊള്ളുന്നു; എങ്കിലും ഞാൻ അവനെ ഉണർത്തുവാൻ പോകുന്നു എന്നു അവരോടു പറഞ്ഞു." ശിഷ്യന്മാർ അവനോട്; കർത്താവേ, അവൻ നിദ്രകൊള്ളുന്നു എങ്കിൽ അവന് സൗഖ്യം വരും എന്നു പറഞ്ഞു. യേശുവോ അവന്റെ മരണത്തെക്കുറിച്ചു ആയിരുന്നു പറഞ്ഞതു; ഉറക്കം എന്ന നിദ്രയെക്കുറിച്ച് പറഞ്ഞു എന്നു അവർക്കു തോന്നിപ്പോയി. യോഹ. 11:11-14.***

യേശു സ്ഥലത്തു വരുന്നതിനു നാലു ദിവസം മുമ്പേ ലാസർ മരിച്ചുപോയിരുന്നു. എന്നാൽ അവൻ കല്ലറയ്ക്കൽ ചെന്നപ്പോൾ ഉറങ്ങിക്കിടക്കുന്ന ഒരു കൂട്ടുകാരനെ നാം വിളിച്ചുണർത്തുന്നതുപോലെ യേശുവിന് മരിച്ച ലാസരിനെ ഉയിർപ്പിക്കാൻ സാധിക്കും എന്ന് തെളിയിക്കാൻ കഴിഞ്ഞു.

യേശുവിന്റെ കരങ്ങളിൽ സ്വസ്ഥമായി ഉറങ്ങുകയാണ് മരിച്ചുപോയ നമ്മുടെ സ്നേഹഭാജനങ്ങൾ എന്നുള്ളത് എത്രയോ ആശ്വാസകരമാണ്? ഒരു പക്ഷേ ഒരിക്കൽ നാംതന്നെ കടന്നുപോയേക്കാവുന്ന ആ മരണക്കുഴിതന്നെ ശാന്തവും സമാധാനവുമായ ഒരു ഉറക്കം പോലെയാണ്.

## 5. മരണത്തിൽ ഉറങ്ങുന്നവരെ ദൈവം മറക്കുമോ?

***മരണമാകുന്ന ഉറക്കം കഥയുടെ അവസാനം അല്ല. കല്ലറയ്ക്കൽ യേശു ലാസരിന്റെ സഹോദരി മാർത്തയോടു പറഞ്ഞു: "ഞാൻതന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"യോഹ. 11:25***

"യേശുക്രിസ്തുവിൽ മരിക്കുന്നവർ കല്ലറയിൽ ഉറങ്ങുന്നു. പക്ഷേ അവർക്ക് ശോഭനമായ ഒരു ഭാവിയുണ്ട്. നമ്മുടെ തലയിലെ ഓരോ മുടിയും എണ്ണി അറിയുന്നവൻ, തന്റെ ഉള്ളങ്കൈയ്യിൽ നമ്മെ വഹിക്കുന്നവൻ നമ്മെ ഒരിക്കലും മറക്കുകയില്ല. നാം ഒരു പക്ഷേ മരിക്കയും, തിരികെ പൊടിയിലേക്കു ചേരുകയും ചെയ്തേക്കാം. എന്നാൽ വ്യക്തിപരമായി നമ്മെക്കുറിച്ചുള്ള കണക്ക് ഭംഗിയായി അവന്റെ മനസ്സിൽ സൂക്ഷിക്കുന്നു. യേശു വീണ്ടും വരുമ്പോൾ, അവൻ ലാസരിനെ ഉയിർപ്പിച്ചതുപോലെ നീതിമാന്മാരെ അവരുടെ ഉറക്കത്തിൽ നിന്ന് ഉണർത്തും."

***"സഹോദരന്മാരേ, നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ളവരെപ്പോലെ ദുഃഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുത് എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ" 1 തെസ്സ. 4:13,16-18.***

ഉയിർപ്പിൻ സുപ്രഭാതത്തിൽ, യേശുവിൽ മരിച്ചവർ ഉറക്കത്തിൽ കഴിഞ്ഞുപോയ സമയം ഓർക്കാതെ അവന്റെ മഹാശബ്ദത്തിൽ നിദ്രവിട്ട് ഉണരും. അവർ സ്വർഗ്ഗീയ കനാനിലേക്ക് പ്രയാണം ചെയ്യും. "ഇനി മരണം ഉണ്ടാക യില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാക യില്ല" വെളി. 21:4 ദൈവത്തെ സ്നേഹിക്കുന്നവർക്ക് മര ണത്തെ ഭയക്കേണ്ടതില്ല. "മരണത്തിന്റെ താക്കോൽ" യേശുവിന്റെ പക്കലുണ്ട്. നിത്യതയോളം ദൈവത്തോ ടൊത്തു വസിക്കാനുള്ള അവസരം തുറക്കുന്നു.

## *6. നാം ഇപ്പോൾ അമർത്യരാണോ?*

ദൈവം ആദാമിനേയും ഹവ്വയേയും സൃഷ്ടിച്ചപ്പോൾ അവരെ മരണത്തിന് അധീനരായിട്ടായിരുന്നു സൃഷ്ടിച്ച ത്. അതായത് ദൈവഹിതം അനുസരിച്ചാൽ അവർ ഒരി ക്കലും മരിക്കുകയില്ലായിരുന്നു. എന്നാൽ അവർ പാപം ചെയ്തപ്പോൾ ആ അവകാശം നഷ്ടപ്പെടുത്തി. അവർ മരണത്തിന് വിധിക്കപ്പെട്ടു. അവരുടെ പാപം മുഴുവൻ മനു ഷ്യവർഗ്ഗത്തെയും ബാധിച്ചു. എല്ലാവരും പാപം ചെയ്ത തുകൊണ്ട് നാം എല്ലാവരും മർത്യരും മരണത്തിന് അധീ നരും ആയിത്തീർന്നു (റോമ. 5:12). തന്നെയുമല്ല മരണ ത്തിനുശേഷം മനുഷ്യന്റെ ആത്മാവ് വീണ്ടും നില നിൽക്കുന്നു എന്നുള്ളതിന് വേദപുസ്തകത്തിൽ യാതൊരു തെളിവും ഇല്ല.

ബൈബിൾ, ഒരിക്കൽപോലും ആത്മാവിന്റെ അമർത്യ യെക്കുറിച്ച് പറയുന്നില്ല – അതായത് മരണത്തിന് അധീ നമല്ലെന്ന് പറയുന്നില്ല. "ദേഹി," "ആത്മാവ്," "ശ്വാസം" ഇവയ്ക്കുള്ള എബ്രായ, യവന വാക്കുകൾ 1700 പ്രാവശ്യം വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഒരി ക്കൽപോലും, മനുഷ്യാത്മാവ്, അഥവാ ദേഹി, പ്രാണൻ, ശ്വാസം ഇവൊയന്നും അമർത്യം എന്ന് പറഞ്ഞിട്ടില്ല. ഇപ്പോൾ ദൈവം മാത്രമാണ് അമർത്യൻ.

***"ദൈവം മാത്രം** അമർത്യതയുള്ളവൻ"1. തിമൊ 6:15,16*. മനുഷ്യൻ ഈ ജീവിതത്തിൽ മർത്യൻ ആണെ ന്ന്, വചനം വ്യക്തമാക്കുന്നു. എന്നാൽ കർത്താവു വരു മ്പോൾ നമ്മുടെ പ്രകൃതിക്കു മാറ്റം വരും.

***'ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം : നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹ ളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നിടയിൽ നാം എല്ലവാരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരി ച്ചവർ അക്ഷയരായി ഉയിർക്കയും നാം രൂപാന്തരപ്പെടു കുയും ചെയ്യും. ഈ ദ്രവത്വമുള്ളതു അദ്രവത്വത്തെയും ഈ മർത്യമായതു അമർത്യത്വത്തെയും ധരിക്കേണം." 1 കൊരി. 15:51–53.***

നാം മനുഷ്യർ ആയിരിക്കുമ്പോൾ അമർത്യരല്ല. എന്നാൽ കർത്താവു രണ്ടാമതു വരുമ്പോൾ നാം അമർത്യരാകും എന്നാണ് ക്രൈസ്തവ ഉറപ്പ്. യേശു കല്ലറ ഭേദിച്ച് പുറത്തുവന്നപ്പോൾ, ആ ഉറപ്പ് നമുക്ക് ഒന്നു കൂടി ദൃഢമായി.

"ഇപ്പോൾ മരണം നീക്കുകയും സുവിശേഷംകൊണ്ട് ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിന്റെ പ്രത്യ ക്ഷത" (2 തിമൊ. 1:10)

മനുഷ്യനുവേണ്ടിയുള്ള ദൈവീക പദ്ധതി വളരെ വ്യക്തമാണ്: പാപത്തോടു പറ്റിച്ചേരുകയും യേശുക്രിസ്തു വിനെ നിഷേധിക്കുകയും ചെയ്യുന്നവർക്ക് നിത്യമരണവും, യേശുവിനെ കർത്താവും രക്ഷിതാവുമായി അംഗീകരി ച്ചിട്ടുള്ളവർക്ക് യേശു വീണ്ടും വരുമ്പോൾ അമർത്യതയും ദാനമായി ലഭിക്കും.

## *7. സ്നേഹാഭാജനങ്ങളുടെ മരണത്തെ നേരി ടുന്നത്*

നമ്മുടെ ഒരു സ്നേഹഭാജനം മരിക്കുമ്പോഴാണ് സ്വാഭാവികമായും മരണത്തെക്കുറിച്ചുള്ള ഭയപ്പാട് നമ്മെ കൂടുതൽ അലട്ടുന്നത്. ഏകാന്തതയും, ഉണ്ടാകുന്ന നഷ്ടവും നമുക്ക് വിവരിക്കാവതല്ല. ഈ അവസരത്തിൽ ഏക ആശ്വാസം കർത്താവു വരുന്നതുമാത്രമാണ്. നമ്മുടെ സ്നേഹഭാജനം നിദ്രകൊള്ളുകയാണെന്നും, യേശുവിൽ വിശ്രമിക്കുന്ന സ്നേഹഭാജനം ജീവങ്കലേക്കു ഉയിർക്കും എന്ന പ്രത്യാശയും നൽകുന്നു.

ദൈവം ചില അത്ഭുതകരമായ കൂടിച്ചേരൽ പദ്ധതി ക്രമീകരിക്കുന്നു. കുഞ്ഞുങ്ങൾ തങ്ങളുടെ ആഹ്ലാദഭരി തരായ മാതാപിതാക്കളോടു ചേരും. ഭാര്യാഭർത്താക്ക ന്മാർ പരസ്പരം കരവലയങ്ങളിൽ അലിഞ്ഞുചേരും. ജീവിതത്തിന്റെ ക്രൂരമായ വേർപാട് എന്നെന്നേക്കുമായി നീക്കപ്പെടും. "മരണം നീങ്ങി ജയം വന്നിരിക്കുന്നു" 1കൊരി. 15:54.

ചിലർക്കു തങ്ങളുടെ സ്നേഹഭാജനങ്ങളെ പിരിയു ന്നതിനുള്ള ദുഃഖം അധികമാണ്. ആയതിനാൽ അവർ പലപ്പോഴും മറ്റു മാദ്ധ്യമങ്ങളിലൂടെ മരിച്ചുപോയവരോട് ബന്ധപ്പെടുവാൻ ശ്രമിക്കുന്നതായി നാം കാണുന്നു. മര ണത്തിന്റെ വേദന ഇപ്രകാരം നീക്കുവാൻ ശ്രമിക്കുന്ന വർക്കു ദൈവവചനം താക്കീത് നൽകുന്നു.

***"വെളിച്ചപ്പാടന്മാരോടു ചിലെക്കുകയും ജപിക്കു കയും ചെയ്യുന്നവരായ ലക്ഷണവാദികളോടും അരു ളപ്പാട് ചോദിപ്പിൻ എന്നു അവർ നിങ്ങളോടു പറയു ന്നുവെങ്കിൽ – ജനം തങ്ങളുടെ ദൈവത്തോടല്ലയോ ചോദിക്കേണ്ടത്? ജീവനുള്ളവർക്കുവേണ്ടി മരിച്ചവ രോടോ ചോദിക്കേണ്ടത്?" യെശ. 8:19***

എന്താണ് ഇതിനു കാരണം? വചനം പറയുന്നു: മരിച്ചവർ ബോധം ഉള്ളവർ അല്ല. യേശു നൽകിയ ആശ്വാസം മാത്രമാണ് സ്നേഹഭാജനങ്ങളുടെ വേർപാട് ഉളവാക്കിയ വേദനയ്ക്കു പരിഹാരം. ദുഃഖാർത്ഥരായിരിക്കുന്ന അവസരത്തിൽ യേശുവിനോടൊത്തു സമയം ചിലവഴിക്കുന്നതാണ് ആരോഗ്യകരം. യേശുവിന്റെ രണ്ടാം വരവിന്റെ ശബ്ദമായിരിക്കും മരിച്ചവരെ ഉണർത്തുന്ന അടുത്ത പ്രക്രിയ. അതു നാം ഓർക്കുക.

## *8. ഭയം കൂടാതെ മരണത്തെ നേരിടുക*

മരണം നമ്മുടെ മിക്കവാറും എല്ലാം അപഹരിക്കുന്നു. എന്നാൽ ഒന്ന്, യേശുവിനെ നമ്മിൽ നിന്ന് എടുത്തുകളയാൻ പറ്റില്ല. തന്നെയുമല്ല, യേശു സകലവും തിരികെ നൽകും. മരണം ഈ ലോകത്ത് എന്നും നിലനിൽക്കില്ല. സാത്താൻ, ദുഷ്ടൻ, മരണം, കല്ലറ ഇവയെല്ലാം "തീപ്പൊയ്കയിൽ തള്ളിയിടും" വെളി. 20:14 ഇതു രണ്ടാം മരണം.

മരണത്തെ ഭയംകൂടാതെ നേരിടാൻ നാലു കാര്യങ്ങൾ:

1. യേശുവിൽ പ്രത്യാശയുള്ള ആശ്രയജീവിതം നയിക്കുക.

2. പരിശുദ്ധാത്മ ശക്തിയിൽ യേശുവിന്റെ കല്പന അനുസരിച്ച് ജീവിക്കുക.

3. മരണം ഒരു ഉറക്കമാണെന്നും യേശു രണ്ടാമതുവരുമ്പോൾ, അവന്റെ ശബ്ദം മരിച്ചവരെ ഉണർത്തുമെന്നും ഉറച്ചിരിക്കുക.

4) നിത്യതയോളം യേശു വാഗ്ദാനം ചെയ്ത് സ്വർഗ്ഗീയ ഭവനത്തെക്കുറിച്ചുള്ള ഉറപ്പിൽ ആയിരിക്കുക. വേദപുസ്തക സത്യങ്ങൾ ഒരു വ്യക്തിയെ മരണഭയത്തിൽനിന്നും വിടുവിക്കുന്നു. കാരണം അത് മരണത്തിനു കീഴ്പ്പെടുത്താൻ കഴിയാത്ത യേശുവിനെ വെളിപ്പെടുത്തുന്നു. യേശു നമ്മുടെ ഉള്ളിൽ വന്നു കഴിയുമ്പോൾ നമ്മുടെ ഹൃദയത്തെ അവൻ സമാധാനംകൊണ്ട് നിറയ്ക്കുന്നു.

***"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൽക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത്" യോഹ. 14:27.***

നമ്മുടെ സ്നേഹഭാജനങ്ങളുടെ വേർപാടിൽ സമാധാനമായിരിക്കാൻ യേശു സഹായിക്കുന്നു. "യേശു മരണനിഴലിന്റെ താഴ്വരയിലൂടെ നടന്നു;" നാം കടന്നുപോകുന്ന ഇരുണ്ട രാത്രിയെക്കുറിച്ച് അവനറിയാം.

***"മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആകകൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു" (എബ്രാ. 2:14, 15).***

രോഗികളുടെ ബോധം കെടുത്തുന്ന മാർഗ്ഗം വികസിപ്പിച്ചെടുത്ത ഡോ. ജയിംസ് സിംപ്സൻ, തന്റെ മൂത്ത കുട്ടി മരിച്ചുപോയപ്പോൾ ഒരു വലിയ നഷ്ടബോധത്തിലായി. ഏതൊരു പിതാവിനെയുംപോലെ താൻ അതീവ ദുഃഖിതനായി. എന്നാൽ തന്റെ പ്രത്യാശയുടെ വഴി താൻ കണ്ടു. തന്റെ മകന്റെ കല്ലറയുടെ മുകളിൽ യേശുവിന്റെ ഉയിർപ്പിനെക്കുറിച്ചു താൻ പറഞ്ഞ വാക്കുകൾ ആലേഖനം ചെയ്തു: "എന്നിരുന്നാലും, ഞാൻ ജീവിക്കുന്നു."

അത്യാഹിതങ്ങൾ ചിലപ്പോൾ വ്യക്തിജീവിതങ്ങളെ തുടച്ചുനീക്കുന്നതായി തോന്നും. എന്നിരുന്നാലും, യേശു ജീവിക്കുന്നു. നമ്മുടെ ഹൃദയങ്ങൾ തകർന്നേക്കാം, എന്നിരുന്നാലും യേശു ജീവിക്കുന്നു.

യേശുവിൽ, മരണശേഷവും ജീവന്റെ പ്രത്യാശയുണ്ട്. അവൻ "പുനരുത്ഥാനവും ജീവനും" ആണ് യോഹ.11:25. അവൻ വാഗ്ദാനം ചെയ്യുന്നു: "ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കുന്നു" യോഹ. 14:19. യേശു മാത്രമാണ് മരണത്തിനു ശേഷം നമ്മുടെ ജീവനും പ്രത്യാശയും. യേശു വരുമ്പോൾ നമുക്ക് അമർത്യത നല്കും. പിന്നെ നാം ഒരിക്കലും മരണനിഴലിൽ ജീവിക്കില്ല. നമുക്ക് നിത്യജീവൻ ഉണ്ട്. ഇരുണ്ട നിമിഷങ്ങളിൽ നിലനിൽക്കാനുള്ള ഈ പ്രത്യാശ നിങ്ങൾ കണ്ടെത്തിയിട്ടുണ്ടോ? നിങ്ങൾ ഇതുവരേയും യേശുവിനെ നിങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചിട്ടില്ലെങ്കിൽ, ഇപ്പോൾ അതു ചെയ്യുമോ?"

# കണ്ടെത്തുക



## ഒരാൾ മരിച്ചാൽ പിന്നെ എന്ത് ?

**ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക**

**1,2 എന്താണ് ദേഹി ?**

_______ നിലത്തെ പൊടി + ജീവശ്വാസം

_______ ഒരു ജീവനുള്ള വ്യക്തി

_______ ഒരു മനുഷ്യന്റെ മരിക്കാത്ത ഭാഗം

**3. മരണത്തിൽ ദൈവത്തിങ്കലേക്കു പോകുന്ന ആത്മാവ് എന്താണ് ?**

_______ ജീവശ്വാസം

_______ ദേഹി

**മരണത്തിൽ മനുഷ്യന് എന്തു സംഭവിക്കുന്നു ?**

_______ അവന്റെ/അവളുടെ ജീവശ്വാസം ദൈവത്തിങ്കലേക്കു മടങ്ങുന്നു.

_______ അവന്റെ/അവളുടെ ശരീരം സ്വർഗ്ഗത്തിലേക്കു പോകുന്നു.

_______ അവന്റെ/അവളുടെ ശരീരം പൊടിയിലേക്കു ചേരുന്നു.

_______ അവൻ/അവൾ ബോധമില്ലാത്ത മരിച്ച വ്യക്തിയാകുന്നു.

**4. ഒരു വ്യക്തിയുടെ മരണത്തിലെ അവസ്ഥ എന്താണ്? ഒരു മരിച്ച വ്യക്തി :**

_______ ഒന്നും അറിയുന്നില്ല

_______ ദുഷ്ടജീവിതം നയിച്ച വ്യക്തിയാണെങ്കിൽ ദുഃഖിതനും ഏകനും ആകുന്നു.

_______ നീതിപൂർവ്വം ജീവിച്ച വ്യക്തിയാണെങ്കിൽ സന്തോഷമനുഭവിക്കുന്നു.

_______ സുഖനിദ്രയിലാണ്.

**5. ഓരോ ശരി ഉത്തരത്തിനും X അടയാളമിടുക.**

_______ വിശ്വസിക്കുന്ന എല്ലാവർക്കും യേശു പുനരുത്ഥാനവും ജീവനുമാകുന്നു.

_______ ജീവദാതാവായ യേശുവിന്റെ വിളി കേൾപ്പാൻ കല്ലറയിൽ ഉറങ്ങുന്നു.

_______ ക്രിസ്തുവിൽ നിദ്രകൊള്ളുന്നവർ അവൻ വരുമ്പോൾ ഉയിർപ്പിക്കപ്പെടും.

6 _______ ഈ ജിവിതത്തിൽ ഒരു മനുഷ്യന്റെ ആത്മാവ് അമർത്യമാണ്. മരണത്തിന് യോഗ്യമല്ല.

_______ ഈ ജീവിതത്തിൽ ഒരു മനുഷ്യന്റെ ആത്മാവ് മർത്യമാണ്. മരണത്തിന് യോഗ്യമാണ്.

_______ യേശു വരുമ്പോൾ രക്ഷിക്കപ്പെട്ടവർ ഉയിർക്കുകയും അമർത്യത പ്രാപിക്കുകയും ചെയ്യും.

7 _______ മരിച്ചുപോയ നമ്മുടെ പ്രിയപ്പെട്ടവരുമായി നമുക്ക് ബന്ധം പുലർത്താൻ കഴിയുമെന്ന് ഇന്ന് അവകാശപ്പെടുന്നവർ മുഖാന്തരം വഞ്ചിതരാകുന്നതിനെതിരെ ബൈബിൾ മുന്നറിയിപ്പ് തരുന്നു.

8 _______ യേശു വരുമ്പോൾ നാം ഉയിർത്തെഴുന്നേൽക്കുമെന്നുള്ള പ്രത്യാശയുള്ളതുകൊണ്ട് നമുക്ക് നിർഭയം മരണത്തെ നേരിടാം.

_______ മരണത്തിനു ശേഷമുള്ള നമ്മുടെ ജീവിതത്തിന്റെ ഏക പ്രത്യാശ യേശു മാത്രമാണ്.

***ഹൃദയംഗമമായ ചോദ്യം : യേശുവിനെ നിങ്ങൾ നിങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചിട്ടുണ്ടോ?***

# കണ്ടെത്തുക

പഠനസഹായി 25

# എനിക്കു ദൈവത്തിന്റെ സഭയെ കണ്ടെത്തുവാൻ ഇന്നു കഴിയുമോ ?

കാലാകാലങ്ങളിൽ വരുന്ന വ്യത്യസ്ത തലമുറകൾക്ക് ആവശ്യമായ പ്രത്യേക ദൂതുകളെ ദൈവം നൽകുന്നതായി നാം കാണുന്നു. പാപം അന്നത്തെ ലോകത്തെ നശിപ്പിച്ചുകഴിഞ്ഞപ്പോൾ ആദാമിനും ഹവ്വയ്ക്കും ദൈവം ഒരു ദൂതു നൽകി. ജലപ്രളയത്തിനുമുമ്പ് ഒരു ദൂത്, അശൂര്യരോ അല്ലെങ്കിൽ ബാബിലോന്യരോ ഭീഷണിപ്പെടുത്തിയപ്പോൾ യിസ്രായേലിന് ഒരു ദൂത്. തന്റെ തലമുറയിൽ ഒരു പ്രത്യേക ദൂതുമായി യേശു വന്നു. നമ്മുടെ കാലത്തേക്ക് ദൈവം ഒരു പ്രത്യേക ദൂതു കേൾപ്പിച്ചു. ആ ദൂത് വെളിപ്പാട് 12-ഉം 14-ഉം അദ്ധ്യായങ്ങളിൽ സംക്ഷിപ്തമായി നൽകിയിരിക്കുന്നു. ഈ പാഠവും അടുത്തതും അതിനെക്കുറിച്ചു പഠിപ്പിക്കുന്നു.

## *1. യേശു സ്ഥാപിച്ച സഭ*

യേശു സ്ഥാപിച്ച അപ്പൊസ്തലിക സഭയിൽ തന്റെ ജീവിതവും പഠിപ്പിക്കലും വിശ്വാസത്തിന്റെ ഐക്യവും അടുത്ത ബന്ധവും നിലനിന്നിരുന്നു. ഉയിർത്തെഴുന്നേറ്റവനായ യേശുവുമായി അപ്പൊസ്തലന്മാർ ഒരു ഈടാർന്ന ബന്ധം സ്ഥാപിച്ചിരുന്നു. വിവാഹബന്ധത്തോടാണ് അപ്പൊസ്തലനായ പൌലൊസ് അതിനെ ബന്ധപ്പെടുത്തുന്നത്.

***"ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരി. 11:2).***

പൌലോസ് പറയുന്നത് ക്രിസ്തീയ സഭ ഒരു പരിശുദ്ധ സ്ത്രീയും, യേശുവിന്റെ മണവാട്ടിയുമാണ് എന്നാണ്. യേശുവിന്റെ സഭയ്ക്ക് അനുയോജ്യമായ ഒരടയാളമാണ് ഇത്.

പഴയനിയമത്തിൽ ഇതേ സാദൃശ്യം തന്നെ യിസ്രായേലിനെക്കുറിച്ച് വിശദീകരിക്കുന്നു. അവർ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം ആയിരുന്നല്ലോ. ദൈവം യിസ്രായേലിനോട്: "വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും" (യിരെ 2:2), "ഞാനല്ലോ നിങ്ങളുടെ ഭർത്താവ്," എന്നും പറയുന്നു (യിരെ. 3:14). വെളിപ്പാടു പുസ്തകത്തിലും സഭയെ സ്ത്രീ എന്നു നാമകരണം ചെയ്യുന്നു.

"സ്വർഗ്ഗത്തിൽ വലിയൊരു അടയാളം കാണായി: സൂര്യനെ അണിഞ്ഞോരു സ്ത്രീ; അവളുടെ കാല്ക്കീഴ് ***ചന്ദ്രനും അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രംകൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു" വെളി. 12:1.***

1. സ്ത്രീ സൂര്യനെ അണിഞ്ഞിരിക്കുന്നു: ഇതു കാണിക്കുന്നത് സൂര്യനെപ്പോലെ ശോഭിക്കുന്ന സഭയെയാണ്. കാരണം സഭ കർത്താവിന്റെ മഹത്വമുള്ള സാന്നിദ്ധ്യത്തെ അണിഞ്ഞിരിക്കയാണ്. യേശു, ലോകത്തിന്റെ വെളിച്ചം (യോഹ 8:12) അവന്റെ ഭക്തന്മാരിലൂടെ തെളിയുകയാണ്. തിരിച്ച് അവർ ലോകത്തിന്റെ വെളിച്ചം ആകുന്നു (മത്താ. 5:14).

2. സ്ത്രീ; അവളുടെ കാല്ക്കീഴ് ചന്ദ്രൻ: പഴയനിയമകാലത്തെ ദൈവജനങ്ങളുടെ സുവിശേഷീകരണത്തെ സൂചിപ്പിക്കുന്ന യാഗങ്ങളും കർമ്മങ്ങളും ആണ് ചന്ദ്രൻ പ്രതിനിധീകരിക്കുന്നത്. യേശുക്രിസ്തുവിന്റെ ശുശ്രൂഷ അതിനെ കീഴ്പെടുത്തിയതാണ് "അവളുടെ കാൽക്കീഴ്" സൂചിപ്പിക്കുന്നത്.

3. സ്ത്രീക്ക് "അവളുടെ തലയിൽ പന്ത്രണ്ടു നക്ഷത്രങ്ങളുണ്ട്": നക്ഷത്രം പ്രതിനിധീകരിക്കുന്നത് 12 അപ്പൊസ്തലന്മാരെയാണ്. ഈ കാലം വരെ അവരുടെ ജീവിത്തിലെ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷീകരണത്തെയാണ് അത് കാണിക്കുന്നത്.

സ്ത്രീയുടെ, ഈ വിശദീകരണം കാണിക്കുന്നത് ദൈവജനത്തിന്റെ പഴയനിയമകാലത്തിൽ നിന്നും പുതിയനിയമത്തിലെ യേശു സ്ഥാപിച്ച ക്രിസ്തു സഭയെയാണ്. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ക്രിസ്തീയ സഭയുടെ സുവിശേഷ വെളിച്ചം നല്കുന്ന ശുശ്രൂഷയെ ചൂണ്ടിക്കാണിക്കുന്നു.

## *2. സാത്താന്റെ തോൽവിയുടെ നാടകം*

സ്ത്രീയുടെ പ്രവേശനം ഒരു വലിയ നാടകത്തിന്റെ വേദിയായി മാറുന്നു.

***“അവൾ ഗർഭിണിയായി നോവുകിട്ടി വേദനപ്പെട്ടു നിലവിളിച്ചു. സ്വർഗ്ഗത്തിൽ മറ്റൊരു അടയാളം കാണായി; ഏഴു തലയും പത്തു കൊമ്പും തലയിൽ ഏഴു രാജമുടിയുമായി തീ നിറമുള്ളോരു മഹാസർപ്പം. അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ മൂന്നി ലൊന്നിനെ വലിച്ചു കൂട്ടി ഭൂമിയിലേക്കു എറിഞ്ഞുകള ഞ്ഞു. പ്രസവിപ്പാറായ സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ മഹാസർപ്പം അവളുടെ മുമ്പിൽ നിന്നു. അവൾ സകല ജാതികളേയും ഇരിമ്പുകോൽകൊണ്ടു മേയ്പാനുള്ളോരു ആൺകുട്ടിയെ പ്രസവിച്ചു. കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാ സനത്തിലേക്കും പെട്ടെന്നു എടുക്കപ്പെട്ടു” വെളി. 12:2-5.***

മൂന്നു പ്രത്യേക വ്യക്തികൾ ഈ നാടകത്തിൽ പങ്കെ ടുക്കുന്നു.

***1. സ്ത്രീ,*** നേരത്തെ നാം മനസ്സിലാക്കിയ ദൈവ ത്തിന്റെ സഭ.

***2. ആൺകുട്ടി,*** സ്ത്രീയുടെ സന്തതി (യേശു). ദൈവ സിംഹാസനത്തിലേക്ക് എടുക്കപ്പെടുകയും ഒരിക്കൽ സക ലരേയും ഭരിക്കുകയും ചെയ്യുന്നവൻ. യേശുക്രിസ്തുമാ ത്രമാണ് അവൻ.

***3. മഹാസർപ്പം,*** സാത്താൻ അഥവാ പിശാച്.

***‘‘പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി; മീഖാ യേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോടും പടവെ ട്ടി; തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി ജയി ച്ചില്ലതാനും. സ്വർഗ്ഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂത ന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു.” വെളി. 12: 7-9.***

സാദൃശ്യങ്ങൾ മനസ്സിലായിക്കഴിയുമ്പോൾ നാടകം നമുക്ക് ശരിക്ക് മനസ്സിലാകും. സാത്താനും തന്റെ അനു യായികൾക്കും സ്വർഗ്ഗത്തിൽ തങ്ങളുടെ സ്ഥാനം നഷ്ട പ്പെട്ടുകഴിഞ്ഞപ്പോൾ അവർ ഭൂമിയിലേക്ക് തള്ളപ്പെട്ടു. യേശുക്രിസ്തു ആൺകുട്ടിയായി ഈ ഭൂമിയിൽ ജനിച്ചു കഴിഞ്ഞപ്പോൾ കൊല്ലുവാൻ പിശാചു ശ്രമിച്ചു. പിശാചു തോൽക്കുകയും യേശു സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടു കയും ചെയ്തു.

അതിനുശേഷം യേശു സ്ഥാപിച്ച സഭയെ നശിപ്പിക്കു വാൻ പിശാചു ശ്രമിച്ചു. യുദ്ധത്തിന്റെ അന്ത്യ പോരാട്ട ത്തിൽ അതായത് ക്രൂശീകരണത്തിൽ എത്തിയപ്പോൾ, സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം യോഹന്നാൻ കേൾക്കു ന്നു:

***“അപ്പോൾ ഞാൻ സ്വർഗ്ഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞുകേട്ടത്: ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു; നമ്മുടെ സഹോദ രന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ” വെളി. 12:10 (യോഹ. 12:31).***

ക്രൂശിന്മേൽ യേശുക്രിസ്തു സാത്താന്റെമേൽ നിർണ്ണായകമായ വിജയം വരിച്ചു. അതു മുതൽ രക്ഷാപ ദ്ധതിയുടെ സുനിശ്ചിതത്വവും പിശാചിന്റെ തന്ത്രങ്ങളെ എതിർത്തുനിൽക്കാനുള്ള ശക്തിയും അവൻ ഉറപ്പാക്കി ക്കൊടുത്തു. അതുപോലെ ദൈവരാജ്യത്തിന്റെ ഉറപ്പും രക്ഷകന്റെ അധികാരവുമുള്ള നമ്മുടെ രാജാവും മഹാ പുരോഹിതനും എന്നുള്ള തന്റെ അവസ്ഥയും ഉറപ്പാക്ക പ്പെട്ടു.

യേശുക്രിസ്തുവിന്റെ ജനനവും, ജീവിതവും, മര ണവും പാപത്തേയും മരണത്തേയും തോല്പിച്ച്, പിശാ ചിനെ എന്നെന്നേയ്ക്കുമായി കീഴ്പ്പെടുത്തി ക്രൂശിന്റെ മുഴുശക്തിയേയും വെളിപ്പെടുത്തി. “രക്ഷ എല്ലാവർക്കും” കൈ വന്നു എന്നു വിളിച്ചറിയിച്ചു.

***“ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരു മായുള്ളോരേ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം; പിശാച് തനിക്ക് അല്പ കാലമേയുള്ളൂ എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങളുടെ അടു ക്കൽ ഇറങ്ങി വന്നിരിക്കുന്നു” വെളി. 12:12.***

സ്വർഗ്ഗം മുഴുവനും യേശുവിന്റെ വിജയം ആഘോ ഷിച്ചു. സാത്താനു ഒരിക്കൽ സ്വർഗ്ഗത്തിൽ ഉണ്ടായിരുന്ന അവകാശത്തെ എന്നെന്നേക്കുമായി നശിപ്പിച്ചതുപോലെ തന്നെ ഈ ലോകത്തിലുള്ള തന്റെ അവകാശവും എന്നെ ന്നേക്കുമായി നശിപ്പിച്ചു.

## 3. ക്രിസ്തീയ സഭ സാത്താനുമായി പോരാട്ടത്തിൽ

യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുമ്പ് ക്രിസ്തീയ സഭ സ്ഥാപിച്ചു (സ്ത്രീ സാദൃശീകരിക്കുന്ന സഭ). കാൽവരിയിലെ തന്റെ മരണം സാത്താനെ തോല്പിക്കാനുള്ള ശക്തി സഭയ്ക്കു നൽകി.

***“അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവാ യിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും***

***ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല" വെളി. 12:11.***

യേശു ഇപ്പോൾ തന്റെ വിജയത്തിന്റെ ഫലമായ ശക്തിയെ സഭയ്ക്കു നൽകുന്നു. ക്രൂശിൽ താൻ വരിച്ച വിജയം തന്റെ സഭയിലൂടെ തുടർന്നും നടത്തുന്നു. ക്രൈസ്തവ ചരിത്രത്തിൽ മൂന്നു കാര്യങ്ങൾ സഭയുടെ കഴിഞ്ഞകാല വിജയത്തെ സൂചിപ്പിക്കുന്നു.

***1) കുഞ്ഞാടിന്റെ രക്തത്താൽ അവർ പിശാചിനെ തോല്പിച്ചു.*** യേശു സ്വർഗ്ഗത്തേക്കു എടുക്കപ്പെട്ടതിനാൽ അവന്റെ രക്തം തന്റെ പിൻഗാമികളുടെ ജീവിതത്തിൽ പ്രയോജനപ്പെടുത്താൻ അവനു കഴിഞ്ഞു. ചൊരിയപ്പെട്ട അവന്റെ രക്തത്താൽ, നമ്മുടെ പാപത്തിന്റെ രേഖകൾ നീക്കുവാൻ സാധിക്കുന്നു (1 യോഹ 1:7). തന്നെയുമല്ല, ആ ശക്തിയാൽ ആരോഗ്യകരമായ ഒരു ക്രിസ്തീയ ജീവിതം നയിക്കാനും സാധിക്കുന്നു.

***2) മരണത്തിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ വേണ്ടി അവരുടെ ജീവിതത്തെ സ്നേഹിക്കുന്നില്ല.*** കുഞ്ഞാടിന്റെ രക്തം, യേശുവിനുവേണ്ടി മരിക്കാൻ അവരെ ഒരുക്കുന്നു. അവർ മരണത്തിൽ നിന്ന് ഒഴിഞ്ഞിരിക്കണം എന്നു കരുതുന്നില്ല. ക്രിസ്തീയ രക്തസാക്ഷികൾ കഷ്ടമനുഭവിക്കുകയും മരിക്കയും ചെയ്യത്തക്കവിധം ദൈവം അധികമായി കഷ്ടം അനുഭവിച്ചു. റോമൻ കാലഘട്ടത്തിൽ സിംഹങ്ങളുടെ മുമ്പിൽ എറിയപ്പെട്ട ഒരു ക്രിസ്തീയ വീട്ടമ്മയുടെ കഥയുണ്ട്. കാരണം, അവർ രാജ്യത്തേക്കാൾ കൂടുതൽ ഭക്തിബന്ധം യേശുവിന് കൊടുത്തിരുന്നു. അവളുടെ ഇളയ മകൾ ഭയാനകമായ ആ അവസ്ഥയിൽ നിന്നും ഒഴിഞ്ഞിരിക്കാതെ അവളും അതു വരിക്കാൻ തീരുമാനിച്ചു. അവളുടെ അമ്മയെ സിംഹം ആക്രമിക്കുന്നതു കണ്ടപ്പോൾ അവൾ ആർത്തു വിളിച്ചു. ഞാനും ഒരു ക്രിസ്ത്യാനിയാണ്. റോമൻ പട്ടാളക്കാർ അവളെ സിംഹത്തിന്റെ മുമ്പിലേക്കു വലിച്ചെറിഞ്ഞു.

***3. അവരുടെ വചനത്തിന്റെ സാക്ഷ്യത്താൽ പിശാചിനെ അതിജീവിച്ചു.*** വാക്കുകൾകൊണ്ടു മാത്രമല്ല, വചനത്തിന്റെ സാക്ഷ്യവും അവരുടെ ജീവിക്കുന്ന സാക്ഷ്യങ്ങളും യേശുവിന്റെ ശക്തിയും അവരുടെ സുവിശേഷമായിരുന്നു. ക്രൈസ്തവ ചരിത്രത്തിന്റെ ഇരുളടഞ്ഞ ആദ്യകാലം മുതൽ - സഭാ പിതാക്കന്മാരുടെ കാലം വരെയുള്ള പിശാചിന്റെ ഏറ്റവും ഹീനമായ ക്രൂരതകളേയും അതിജീവിക്കാൻ അവരുടെ ശക്തമായ സാക്ഷ്യങ്ങൾക്ക് സാധിച്ചു. വെളി. 12:11 -ൽ വിജയികളായ അപ്പൊസ്തലന്മാരേയും രക്തസാക്ഷികളേയും നവീകരണകർത്താക്കളേയും അവരുടെ വിശ്വസ്തതയേയും ധൈര്യത്തേയും വിജയത്തേയുമാണ് കാണുന്നത്. യേശു ഭൂമിയിൽ ജീവിച്ചപ്പോൾ പിശാചിന് നശിപ്പിക്കാൻ കഴിയാഞ്ഞതുകൊണ്ട് തന്റെ സഭയിൽ ജീവിക്കുന്ന യേശുവിനെ നശിപ്പിക്കാനാണ് ശ്രമം:

***"തന്നെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു എന്നു മഹാസർപ്പം കണ്ടിട്ടു ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചു തുടങ്ങി. അപ്പോൾ സ്ത്രീക്കു മരുഭൂമിയിൽ തന്റെ സ്ഥലത്തേക്കു പറന്നുപോകേണ്ടതിനു വലിയ കഴുകിന്റെ രണ്ടു ചിറകു ലഭിച്ചു; അവിടെ അവളെ സർപ്പത്തോടു അകലെ ഒരു കാലവും ഇരുകാലവും അരക്കാലവും പോറ്റി രക്ഷിച്ചു. സർപ്പം സ്ത്രീയെ ഒഴുക്കിക്കളയേണ്ടതിനു അവളുടെ പിന്നാലെ തന്റെ വായിൽ നിന്നു നദിപോലെ വെള്ളം ചാടിച്ചു. എന്നാൽ ഭൂമി സ്ത്രീക്കു തുണ നിന്നു; മഹാസർപ്പം വായിൽനിന്നു ചാടിച്ച നദിയെ ഭൂമി വായ്തുറന്നു വിഴുങ്ങിക്കളഞ്ഞു" വെളി. 12:13-16.***

ക്രിസ്തീയ ചരിത്രത്തിന്റെ ഇരുളടഞ്ഞ കാലത്ത് സഭയെ ഒഴുക്കിക്കളയാൻ നദിപോലെ പീഡനം അഴിച്ചുവിട്ടു. മഹാസർപ്പം പിശാചിനെയാണ് മുഖ്യമായി സൂചിപ്പിക്കുന്നത്. അതുപോലെ മാനുഷീക സ്ഥാപനങ്ങളെയും ഉപയോഗിച്ച് ദൈവജനത്തെ ഉപദ്രവിച്ചു. യേശു ജനിച്ച ഉടനെ നശിപ്പിക്കാൻ ഹെരോദാരാജാവിനെ പിശാച് ഉപയോഗിച്ചു. അസൂയാലുക്കളായ മതവിരുദ്ധരെ യേശുവിന് എതിരായി നിർത്തി. അവസാനം ക്രൂശീകരണത്തിലേക്കു നയിച്ചു.

ക്രൂശിൽ പരാജയം നേരിട്ട പിശാച്, തന്റെ ക്രോധം യേശു സ്ഥാപിച്ച സഭയിലേക്കു കടത്തിവിട്ട് ക്രൂശീകരണത്തിനുശേഷമുള്ള കാലങ്ങളിൽ ആയിരക്കണക്കിന് ദൈവജനങ്ങളെ റോമൻ പ്രദർശനശാലയിലൂടെയും കാരാഗൃഹത്തിലടച്ചും നശിപ്പിച്ചു. അനേകം മതേതര ശക്തികൾ പീഡനത്തിനു മുൻകൈയ്യെടുത്തു ജനത്തെ കൊന്നൊടുക്കി. അപ്പൊസ്തലന്മാരുടെ മരണത്തിനു ശേഷം ദുരുപദേശങ്ങൾ സഭയിൽ നുഴഞ്ഞു കയറി. യേശുവും ശിഷ്യന്മാരും പഠിപ്പിച്ച സത്യത്തെ രണ്ട്, മൂന്ന്, നാല് നൂറ്റാണ്ടുകളിൽ വികലമാക്കി. സത്യത്തിനുവേണ്ടി നിന്ന പലരേയും പീഡിപ്പിച്ചു. ഏതാണ്ട് 50 ദശലക്ഷം ദൈവമക്കളെ കൊന്നൊടുക്കിയതായി സ്ഥിതിവിവരണ

ക്കണക്കു സൂചിപ്പിക്കുന്നു. വെളി 12:6 അനുസരിച്ച് വിശ്വാസത്യാഗികളായ നേതാക്കളിൽ നിന്നും സഭ പിൻവാങ്ങി. ഇത് 1260 ദിവസ പ്രവചനം അനുസരിച്ച് എ.ഡി. 538-1798 വരെയുള്ള കാലയളവിലായിരുന്നു.

## *4. ദൈവസഭ നമ്മുടെ കാലത്ത്*

ഇതു നമ്മെ നമ്മുടെ കാലഘട്ടത്തിലേക്കു കൊണ്ടു വരുന്നു - 1798 മുതൽ ക്രിസ്തുവിന്റെ സത്യസഭയിലേക്ക്. നാം പ്രതീക്ഷിച്ചതുപോലെതന്നെ മഹാസർപ്പം ഇപ്പോഴും ദൈവജനത്തോടു പോരാട്ടത്തിലാണ്. ഈ അദൃശ്യ പോരാട്ടം തുടരുകയും യേശുവിന്റെ വരവ് അടുക്കുന്തോറും കൂടുതൽ വഷളാവുകയും ചെയ്യുന്നു.

***"മഹാസർപ്പം സ്ത്രീയോടു കോപിച്ചു, ദൈവകല്പന പ്രമാണിക്കുന്നവരും യേശുവിന്റെ സാക്ഷ്യം ഉള്ളവരുമായി അവളുടെ സന്തതിയിൽ ശേഷിപ്പുള്ളവരോട് യുദ്ധം ചെയ്‌വാൻ പുറപ്പെട്ടു; അവൻ കടൽപുറത്തെ മണലിന്മേൽ നിന്നു" വെളി. 12:17.***

ഈ പ്രവചനം നമ്മുടെ കാലത്തെയാണ് സൂചിപ്പിക്കുന്നത്. സാത്താൻ യുദ്ധം ചെയ്യുന്നത് അവളുടെ സന്തതിയിൽ ശേഷിപ്പ് ഉള്ളവരോടാണ്. അതായത് ദൈവത്തിന്റെ ഇന്നത്തെ ജനം. അവരെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ ശ്രദ്ധിക്കൂ:

*1. **ഈ അന്ത്യകാല ജനം,*** യേശുവിന്റെ സാക്ഷ്യം ഉള്ളവരായിരിക്കും. അവർ സത്യമായ ദൈവവചനത്തോടു പറ്റി നിൽക്കുന്നവരായിരിക്കും. ശക്തമായ ക്രൈസ്തവ ജീവിതത്തിന്റെ സാക്ഷികളായിരിക്കും അവർ.

*2. **ഈ അന്ത്യകാല ജനം പ്രവചനത്തിന്റെ ജനമായിരിക്കും.*** യേശുവിന്റെ സാക്ഷ്യം ലഭിച്ചത് യോഹന്നാനെ വെളിപ്പാട് എഴുതാൻ ശക്തീകരിച്ചു (വെളി. 1:1-3). അന്ത്യകാലജനം ഈ ഭൂമിയിലെ ഒരു ദൂതുവഹിക്കുക മുഖേന അതേ സാക്ഷ്യം ലഭിക്കുന്നവരായിരിക്കും. അവരുടെ പ്രവചനരേഖകൾ ദൈവത്തിന്റെ ദൗത്യത്തെക്കുറിച്ചുള്ളതും അവരുടെ അന്ത്യലക്ഷ്യവും ആയിരിക്കും.

*3. **ഈ അന്ത്യകാലജനം ദൈവകല്പന പ്രമാണിക്കുന്നവരായിരിക്കും.*** അവർ പത്തു കല്പനയുടെ ഐക്യത്തെക്കുറിച്ച് പറയുന്നവർ മാത്രമല്ല, അനുസരിക്കുന്നവരും ആയിരിക്കും. അവർ യേശുവിന്റെ മാതൃക പിൻപറ്റുന്നവരായിരിക്കും (റോമർ 5:5; 13:8-10). പിശാച് അവരോട് യുദ്ധം ചെയ്യുന്നു. കാരണം അവർ യേശുവിന്റെ സാക്ഷ്യവും, അനുസരണയും ഉള്ളവർ ആണ്. യേശു പറഞ്ഞു:

***"നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" യോഹ. 14:15.***

ഈ അന്ത്യകാലജനം ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും സമസൃഷ്ടങ്ങളെ തന്നെപ്പോലെതന്നെയും സ്നേഹിക്കുന്നവരും ആയിരിക്കും. യേശു പറയുന്നതനുസരിച്ച് ദൈവസ്നേഹവും ജനത്തോടുള്ള സ്നേഹവും പത്തു കല്പനയിൽ അടങ്ങിയിരിക്കുന്നു. (മത്താ. 22:35-40).

നാലാമത്തെ കല്പന ശനിയാഴ്ച, ആഴ്ചയുടെ ഏഴാം ദിവസം ശബ്ബത്ത് ആയി ആചരിക്കാൻ പറയുന്നു. യേശുക്രിസ്തുവിനോടുള്ള സ്നേഹം പത്തുകല്പനയിൽ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ അന്ത്യകാല ജനം ശബ്ബത്ത് അനുസരിക്കുന്നവരായിരിക്കും. ദൈവത്തിന്റെ അന്ത്യകൃപാ ദൂതിന്റെ ഹൃദയഭാഗമാണ് ശബ്ബത്ത്, അത് വെളിപ്പാടിൽ നാം കാണുന്നു (വെളി. 12; 14:6-15). സ്വർഗ്ഗത്തിന്റെ സകല സ്രോതസ്സും ഈ ജനത്തിനുവേണ്ടി ഈ അദ്ധ്യായങ്ങളിൽ നൽകിയിരിക്കുന്നു. യേശുക്രിസ്തു, പരിശുദ്ധാത്മാവിലൂടെ ജനത്തിന് ആവശ്യമായ ശക്തിപകരുന്നു. അവർ കുഞ്ഞാടിന്റെ രക്തത്താൽ സകല പൈശാചിക ശക്തിയേയും അതിജീവിക്കും.

നിങ്ങൾക്ക് ഈ അന്ത്യകാലജനത്തിൽ, ദൈവകല്പനകൾ അനുസരിക്കുന്ന ജനത്തിൽ ഒരാളായിരിപ്പാൻ താൽപര്യം ഉണ്ടോ? ആ തീരുമാനം ഇപ്പോൾ എടുക്കില്ലേ?

# കണ്ടെത്തുക

ഉത്തരക്കടലാസ് 25

## എനിക്കു ദൈവത്തിന്റെ സഭയെ കണ്ടെത്തുവാൻ ഇന്നു കഴിയുമോ ?

**ഓരോ ഭാഗവും വായിച്ച് ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക (ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്).**

1. **വെളിപ്പാട് 12-ൽ സൂര്യനെ അണിഞ്ഞ സ്ത്രീ പ്രതിനിധീകരിക്കുന്നത്.**

_______ ക്രിസ്തീയ സഭ

_______ ഇസ്രായേലിലെ യെഹൂദാ സംസ്ഥാനം.

2. **സ്ത്രീ പ്രസവിച്ച ആൺകുട്ടി**

_______ യേശുക്രിസ്തു

_______ സാത്താൻ

**സ്ത്രീ പ്രസവിച്ച ഉടനെ കുട്ടിയെ തിന്നുകളവാൻ ശ്രമിച്ച മഹാസർപ്പം**

_______ സാത്താൻ

_______ മതനേതാക്കന്മാർ

**എന്നെങ്കിലും ഒരിക്കൽ സാത്താനെ നശിപ്പിക്കാൻ യേശു സാദ്ധ്യമാക്കിയത്**

_______ അവൻ ജനിച്ചപ്പോൾ

_______ അവൻ ക്രൂശിൽ മരിച്ചപ്പോൾ

3. **ക്രിസ്തീയ സഭയ്ക്ക് സാത്താനെ ജയിക്കുവാൻ കഴിഞ്ഞത്**

_______ ക്രിസ്തുവിന്റെ വിശുദ്ധീകരിക്കുന്ന രക്തത്തിൽക്കൂടെ

_______ അവരുടെ ജീവിതമാകുന്ന സാക്ഷ്യങ്ങളിൽക്കൂടെ

4. **ദൈവത്തിന്റെ സത്യസഭ ഭൂമിയുടെ ചരിത്രത്തിന്റെ അവാസാന നാളുകളിൽ**

_______ ശക്തമായ ക്രിസ്തീയ ജീവിതത്തിൽക്കൂടെ യേശുവിനെ സാക്ഷീകരിക്കുന്നു.

_______ പ്രവചന വരമുള്ള സഭയാണ്.

_______ ദൈവത്തിന്റെ നിയമത്തെ മാറ്റിയിട്ട് ഞായറാഴ്ച ആരാധിക്കുന്നു.

_______ യേശുവിനെ ധാരാളമായി സ്നേഹിക്കുന്നതുകൊണ്ട് ഏഴാം ദിന ശബ്ബത്ത് ഉൾപ്പെടെയുള്ള ദൈവത്തിന്റെ എല്ലാ കല്പനകളും അനുസരിക്കുന്നു.

# കണ്ടെത്തുക



## നമ്മുടെ കാലത്തേക്ക് ഒരു പ്രത്യേക ദൂത് ദൈവത്തിനുണ്ടോ?

രമൺ ഉമാശങ്കർ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് ജനിച്ചത്. അവന്റെ ചെറുപ്രായത്തിൽ ജ്യേഷ്ഠസഹോദരങ്ങൾ അവനോട്, അവൻ ഒരു ദൈവമാണെന്നും, ആ ദിവ്യത്വം മനസ്സിലാക്കാൻ അവൻ യോഗാഭ്യാസവും ധ്യാനവും അഭ്യസിക്കണമെന്നും പറഞ്ഞു. എന്നാൽ രമൺ ഒരു കൗമാര പ്രായക്കാരനെന്ന നിലയിൽ, ഹൈന്ദവക്ഷേത്രങ്ങളിൽ ആരാധിക്കുന്ന പല വിഗ്രഹങ്ങളിലൂടെയും വാസ്തവമായി ദൈവത്തെ കണ്ടെത്താമോ എന്ന സംശയം ഉണ്ടായി.

രമൺ വേദപുസ്തകവും യേശുവിന്റെ അവകാശവാദങ്ങളും പരിശോധിക്കാൻ തുടങ്ങി. അവൻ എപ്പോഴും യേശുവിന്റെ താഴ്മയെ ബഹുമാനിച്ചിരുന്നു. എന്നാൽ ഈ യേശു ദൈവപുത്രനാണെന്ന് അവൻ അവകാശപ്പെടുന്നു എന്നവൻ കേട്ടു. തന്നെയുമല്ല, അനേക വർഷത്തെ ധ്യാനത്തിനു നൽകാൻ കഴിയാത്ത സമാധാനം പല ക്രിസത്യാനികൾക്കും ലഭിക്കയും ചെയ്യുന്നു. എന്നിരുന്നാലും രമൺ തന്റെ ഹിന്ദുമതത്തിൽ സത്യം കണ്ടെത്താൻ നിശ്ചയിച്ചു.

ഈ സമയത്ത് ഒരിക്കൽ യേശുവിന്റെ ജീവചരിത്രത്തെക്കുറിച്ച് ഒരു ചലച്ചിത്രം കണ്ടു. ഒരു മനുഷ്യൻ എന്ന നിലയിൽ യേശു ഭയവും, കഷ്ടതയും അനുഭവിച്ചു എന്ന് അവന് ആദ്യമായി മനസ്സിലായി. അതിനു മുമ്പ്, ക്രൂശീകരണത്തിന്റെ വേദന അകറ്റാൻ യേശു തന്റെ ദിവ്യശക്തി ഉപയോഗിച്ചിരുന്നു എന്നാണ് അവൻ ചിന്തിച്ചിരുന്നത്. ഇപ്പോൾ കുരിശിനെ വിശദീകരിക്കാൻ അവനു സാധിച്ചില്ല. അവൻ ആശ്ചര്യപ്പെട്ടു. പാപികളായ മനുഷ്യർക്കു വേണ്ടി അപ്രകാരമുള്ള അനുഭവത്തിലൂടെ കടന്നുപോകാൻ യേശുവിന് എങ്ങനെ കഴിഞ്ഞു?

രമൺ തുടർന്ന് യേശുവിന്റെ മരണത്തെക്കുറിച്ചു ധ്യാനിച്ചപ്പോൾ ആ വലിയ സ്നേഹത്തെ ഓർത്തു അവൻ അത്ഭുതപരതന്ത്രനായി. പേരും പെരുമയും ഉള്ള തന്റെ ബ്രാഹ്മണജീവിതം അവസാനിപ്പിച്ച് യേശുരക്ഷകനുവേണ്ടി ജീവിക്കാൻ തീരുമാനിച്ചു.

### *1. ഏത് മതം ആണ് രക്ഷിക്കുന്നത്?*

രക്ഷയിലേക്ക് യേശുവാണ് വഴി – ഏകവഴി.

**"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല" അപ്പൊ. 4:12.**

വേദപുസ്തകം വ്യക്തമായി പറയുന്നു, നാം പാപത്തിൽ നഷ്ടപ്പെട്ടു; അതിന്റെ ഫലം മരണം (റോമർ 6:23). എല്ലാവരും പാപം ചെയ്തു (റോമർ 3:23) അതുകൊണ്ട് എല്ലാവരും മരിക്കണം. പാപത്തിന്റെ കുറ്റത്തിൽ നിന്ന് നമ്മെ വിടുവിക്കാൻ – യേശു മാത്രം.

***"പുത്രനെ നോക്കിക്കൊണ്ടു അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം; ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേല്പിക്കും." യോഹ. 6-40.***

ഒരു സത്യമേയുള്ളൂ.

***''കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും, എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ" എഫെ. 4:5.***

**2. അന്ത്യകാല ക്രിസ്ത്യാനികൾക്കായി ദൈവത്തിന് ഒരു പ്രത്യേക ദൂതുണ്ടോ?**

ഉണ്ട്. ഈ ത്രിവിധ ദൂത് വെളി. 14:6-16 വരെ രേഖപ്പെടുത്തിയിരിക്കുന്നു. മൂന്നു ദൂതന്മാരുടെ ഈ ദൂതിന്റെ പ്രഖ്യാപനം അതിന്റെ പാരമ്യത്തിൽ എത്തുന്നത് യേശുവിന്റെ രണ്ടാമത്തെ വരവോടുകൂടെയാണ് (വാക്യം 14-16).

***1) <u>ഒന്നാം ദൂതന്റെ ദൂത്:</u> "വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നതു ഞാൻ കണ്ടു; ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു. ദൈവത്തെ ഭയപ്പെട്ട് അവന് മഹത്വം കൊടുപ്പിൻ; അവന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നു; ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ നമസ്കരിപ്പിൻ എന്ന് അവൻ അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരുന്നു" വെളി. 14:6,7.***

ഈ മൂന്നു ദൂതുകളും മൂന്നു മാലാഖമാരുടെ സാദൃശ്യത്തിൽ തിരുവചനം നാടകീയമായി അവതരിപ്പിക്കുന്നു എങ്കിലും, ദൈവത്തിന്റെ ജനമാണ് വാസ്തവത്തിൽ ഈ

ദൂതിനെ ലോകത്തോട് അറിയിക്കുന്നത്. അവർ ഒരു പുതിയ സുവിശേഷം അറിയിക്കുകയല്ല; എന്നാൽ ''നിത്യസുവിശേഷം'' മുഴുലോകത്തിനും ''സകല ജാതിക്കും ഗോത്രത്തിനും ഭാഷയ്ക്കും വംശത്തിനും അറിയിക്കുന്നു.'' അതു തന്നെയാണ് യേശുവിന്റെ നിത്യസുവിശേഷവും, പഴയനിയമ കാലത്തെ ജനം വിശ്വാസത്താൽ സ്വീകരിച്ചിരുന്നതും (എബ്രാ. 3:16-19; 4:2; 11:1-40); അതേ ദൂതുതന്നെയാണ് യേശുതന്നെയും പ്രഖ്യാപിച്ചത്, അതേ ദൂതുതന്നയാണ് ശിഷ്യന്മാർ പ്രസംഗിച്ചത്. ക്രൈസ്തവചരിത്രത്തിന്റെ അങ്ങോളമിങ്ങോളം മുഴങ്ങിക്കേട്ടതും കേൾക്കുന്നതും അതുതന്നെയാണ്.

അന്ധകാരയുഗത്തിൽ ഏതാണ്ട് ആയിരത്തിൽപരം വർഷങ്ങൾ യേശുവിന്റെ ലളിതമായ രക്ഷിക്കുന്ന ദൂത് സഭയിൽ നിന്ന് ഏതാണ്ടു നീക്കപ്പെട്ടിരുന്നു. എന്നാൽ നവീകരണകാലത്ത് അതിനെ പുനർജീവിപ്പിച്ചു. ദൈവത്തിന്റെ ജനം അതു ലോകം മുഴുവൻ ഇന്നു പ്രസംഗിക്കുന്നു. ഒന്നാമത്തെ ദൂതൻ ആ ദൂതുതന്നെയാണ് പ്രസംഗിക്കുന്നത്. എന്നാൽ അത് ഒരു പുതിയ അവസ്ഥയിൽ യേശുവിന്റെ രണ്ടാം വരവിനു തൊട്ടുമുൻപിലുള്ള സകല ജനത്തിനുമാണ് അറിയിക്കുന്നത്.

ഈ ദൂത് അംഗീകരിക്കുന്നവർ, ദൈവത്തെ ഭയപ്പെട്ട് അവനു മഹത്വം കൊടുപ്പാൻ വിളിക്കപ്പെട്ടവരാണ്. അവന്റെ സ്വഭാവം അവരിൽ പ്രതിബിംബിച്ചിരിക്കും. അവർ ലോകത്തിന് ദൈവത്തിന്റെ സ്നേഹം വാക്കിനാൽ മാത്രമല്ല അവരുടെ ശക്തമായ ജീവിത സാക്ഷ്യങ്ങളിലൂടെയും കാണിക്കും. ദൈവത്തിന്റെ ആത്മാവിനാൽ നിറയപ്പെട്ടവരിലൂടെ എന്തു ചെയ്യാൻ കഴിയുമെന്നുള്ളതിന് അവർ ഒരു പുളകിതമായ വെളിപ്പാട് വാഗ്ദാനം ചെയ്യുന്നു.

എന്നാണ് ഈ ത്രിവിധ ദൂതുകൾ ലോകം മുഴുവനും പ്രസംഗിക്കപ്പെടുന്നത്? എന്നാണ് ദൈവത്തിന്റെ ന്യായവിധിയുടെ നാഴിക വന്നിരിക്കുന്നത്? പാഠം 13-ൽ യേശു തന്റെ വരവിനുമുമ്പുള്ള പരിശോധനാന്യായവിധി 1844-ൽ ആരംഭിച്ചു എന്ന് പഠിച്ചല്ലോ. അതേ വർഷം തന്നെ വെളിപ്പാട് 14-ൽ പറഞ്ഞിരിക്കുന്ന ദൂത് പ്രസംഗിപ്പാൻ ലോകത്തെ യേശു പ്രചോദിതരാക്കി.

ഈ ദൂത് ആകാശവും ഭൂമിയും സമുദ്രവും നീരുറവുകളും ഉണ്ടാക്കിയവനെ ആരാധിക്കുവാൻ ക്ഷണിക്കുന്നു (വെളി. 14:7). ശബ്ബത്ത് നാളിനെ വിശുദ്ധമായി കരുതേണ്ടതിന്റെ ആവശ്യത്തെ ദൈവം നമ്മെ ഓർമ്മപ്പെടുത്തുന്നു. കാരണം ആറുദിവസം കൊണ്ട് കർത്താവ് ആകാശവും ഭൂമിയും സൃഷ്ടിച്ചു (പുറ. 20:8-11). 1844-ൽ ചാൾസ് ഡാർവിൻ പരിണാമവാദസിദ്ധാന്തം അവതരിപ്പിച്ചപ്പോൾ സൃഷ്ടിതാവായിട്ട് ദൈവത്തെ ആരാധിക്കുവാൻ ജനങ്ങളെ തിരിച്ചുവിളിക്കുകയായിരുന്നു. പ്രത്യേകിച്ച് ഈ സമയത്താണ് ത്രിവിധ ദൂതുകൾ പ്രസംഗിക്കുന്നവർ ഏഴാം ദിന ശബ്ബത്ത് സൃഷ്ടിപ്പിൻ സ്മാരകമായി കണ്ടെത്തിയതും സൃഷ്ടിതാവിനെ ആദരിക്കുന്നതിനായി അത് അനുസരിക്കാൻ തുടങ്ങിയതും.

***2) <u>രണ്ടാം ദൂതന്റെ ദൂത്:</u> ''രണ്ടാമതു വേറൊരു ദൂതൻ പിൻചെന്നു: വീണുപോയി; തന്റെ ദുർനടപ്പിന്റെ ക്രോധമദ്യം സകലജാതികളെയും കുടിപ്പിച്ച മഹതിയാം ബാബിലോൺ വീണുപോയി എന്നു പറഞ്ഞു'' വെളി.14:8.***

മഹതിയാം ബാബിലോൺ വീണുപോയതായി രണ്ടാമത്തെ ദൂതൻ മുന്നറിയിപ്പു നൽകുന്നു. വെളിപ്പാട് 17 ബാബിലോണിനെ ചിത്രീകരിക്കുന്നു. വിശ്വാസ ത്യാഗം സംഭവിച്ച ക്രിസ്ത്യാനിത്വത്തെ അശുദ്ധയായ സ്ത്രീ (വാക്യം 5) യായിട്ടാണ് ചിത്രീകരിക്കുന്നത്. അവൾ വെളിപ്പാട് 12-ലെ വിശുദ്ധയായ സ്ത്രീ പ്രതിനിധീകരിക്കുന്ന സത്യസഭയ്ക്കു നേരെ എതിരാണ്. ബാബിലോൺ പ്രതിനീധീകരിക്കുന്ന സ്ത്രീ വീഴ്ച ഭവിച്ച സ്ത്രീയാണ്. അവളുടെ വേശ്യാവൃത്തിയുടെ ക്രോധ മദ്യം സകലജാതികളെയും കുടിപ്പിച്ചിരിക്കയാണ്. ദുരുപദേശമാകുന്ന മദ്യം, തെറ്റായ ഉപദേശം ഉൾക്കൊള്ളുന്ന ക്രിസ്ത്യാനിത്വത്തിൽ വ്യാപിച്ചു കിടക്കുകയാണ്. വിശ്വാസത്യാഗിയായ ക്രൈസ്തവ സഭയുടെ തെറ്റായ പഠിപ്പിക്കലുകളെ എതിർത്തുനില്ക്കാൻ രണ്ടാമത്തെ ദൂത് ആഹ്വാനം ചെയ്യുന്നു.

പല പ്രകാരത്തിൽ ഉള്ള ദുരുപദേശങ്ങൾ ഇടകലർന്ന വിശ്വാസത്യാഗിയായ ക്രിസ്ത്യാനിത്വത്തെയാണ് ബാബിലോൺ പ്രതിനീധികരിക്കുന്നത്. അവൾ വളരെ അപകടകാരിയാണ്. കാരണം അവൾ ദൈവത്തിന്റെ ഒരു വികൃതരൂപമാണ് ലോകത്തിനു വരച്ചുകാട്ടുന്നത്. ദൈവത്തെ പകവീട്ടുന്നവനായും ബുദ്ധിമുട്ടിക്കുന്നവനായും ആണ് വരച്ചുകാട്ടുന്നത്. ആരോഗ്യകരമായ ഒരു ക്രിസ്തീയ സഭയ്ക്ക് ദൈവം നീതിയുള്ളവനും കൃപയുള്ളവനും സത്യവാനും സ്നേഹവാനും ആയിട്ടുമാത്രമേ കണക്കാക്കാൻ പറ്റുകയുള്ളൂ. ബാബിലോണിൽ നിന്നു പുറത്തുവരാൻ ദൈവം തന്റെ ജനത്തെ വിളിക്കുന്നു (വെളി 18:4). വേദപുസ്തകപരമല്ലാത്ത പഠിപ്പിക്കൽ നീക്കി, യേശുവിന്റെ പഠിപ്പിക്കൽ അംഗീകരിക്കാൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

*3) <u>മൂന്നാം ദൂതന്റെ ദൂത്:</u>* ***"മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞതു: മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും; വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തേയും, അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ***

***പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല. ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം" വെളി. 14:9-12.***

മൂന്നാം ദൂതന്റെ ദൂത് ഈ ലോകത്തെ മുഴുവൻ രണ്ടു വിഭാഗങ്ങളായി തിരിക്കുന്നു. ഒരു ഭാഗത്ത് വീഴ്ച ഭവിച്ച ക്രിസ്ത്യാനികളും അതായത് മൃഗത്തേയും അതിന്റെ പ്രതിമയെയും ആരാധിക്കുന്നവർ, തങ്ങൾക്ക് അതിന്റെ അടയാളം നെറ്റിമേലോ, കൈമേലോ ലഭിക്കുന്നവർ. മറു ഭാഗത്ത് മൃഗത്തിന്റെ അധികാരത്തെ നിഷേധിച്ച് ദൈവ കല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാർ.

ഈ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക. മൃഗത്തിന്റെ മുദ്ര ലഭിക്കുന്നവർ മനുഷ്യ നിർമ്മിതങ്ങളായ ആശയങ്ങളിലും ആരാധനാക്രമങ്ങളിലും ഇഴുകിച്ചേർന്നുപോകുന്നവരായിരിക്കും. വിശുദ്ധന്മാർക്ക് അവരുടെ തിരിച്ചറിയാനുള്ള സ്വഭാവം, ക്ഷമയോടുകൂടെയുള്ള സഹനശക്തി, ദൈവത്തിന്റെ കല്പനയോടുള്ള അനുസരണം, യേശുവിനോട് വിശ്വസ്തരായി നിലനിൽക്കുക ഇവയാണ്. ഈ ത്രിവിധ ദൂത് ലോകത്തിൽ മുഴുവൻ എത്തിക്കഴിയുമ്പോൾ രക്ഷിക്കപ്പെട്ടവരുടെ കൊയ്ത്തിനായി യേശു വരും.

***"പിന്നെ ഞാൻ വെളുത്തോരു മേഘവും മേഘത്തിന്മേൽ മനുഷ്യപുത്രനു സദൃശ്യനായ ഒരുത്തൻ തലയിൽ പൊൻകിരീടവും കയ്യിൽ മൂർച്ചയുള്ള അരിവാളുമായി ഇരിക്കുന്നതും കണ്ടു. മറ്റൊരു ദൂതൻ ദൈവാലയത്തിൽ നിന്നു പുറപ്പെട്ടു, മേഘത്തിന്മേൽ ഇരിക്കുന്നവനോട്: കൊയ്ത്തിനു സമയം വന്നതുകൊണ്ട് നിന്റെ അരിവാൾ അയച്ചു കൊയ്ക; ഭൂമിയിലെ വിളവു വിളഞ്ഞുണങ്ങിയിരിക്കുന്നു എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. മേഘത്തിന്മേൽ ഇരിക്കുന്നവൻ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു."വെളി.14:14-16.***

## *3. ക്രിസ്തുവിന്റെ അന്ത്യകാല സഭ*

നിങ്ങൾ ഒരു ശക്തനായ, ഉത്തമനായ ക്രിസ്ത്യാനിയെ അഭിനന്ദിച്ചിട്ടുണ്ടോ? അവന്റെയോ, അവളുടേയോ ഭക്തിയിന്മേൽ ആശ്ചര്യപ്പെട്ടിട്ടുണ്ടോ? അവരെപ്പോലെ ക്ഷമയും, വിശ്വാസവും അപ്രകാരമുള്ള ആത്മീയ അനുഭവത്തിനു വേണ്ടി കാംക്ഷിച്ചിട്ടുണ്ടോ? അപ്രകാരമുള്ള അനുഭവങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാനാണ് വെളിപ്പാട് 14-ലെ ദൂതു നൽകിയിരിക്കുന്നത്.

നാം പാഠം 25-ൽ ചർച്ച ചെയ്തതുപോലെ വെളിപ്പാട് 12:17-ൽ അന്ത്യകാല സഭ യേശുവിന്റെ സാക്ഷ്യം ഉള്ളവരും ദൈവകല്പന അനുസരിക്കുന്നവരുമായിരിക്കുമെന്ന് തിരിച്ചറിഞ്ഞിരുന്നല്ലോ. വെളിപ്പാട് 14:12 വിശദീകരിക്കുന്ന ഇതേ വിഭാഗം ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാർ യേശുവിനോടൊത്ത് എന്നേക്കും നിലനിൽക്കും.

***അന്ത്യകാല ക്രിസ്ത്യാനികളുടെ സ്വഭാവങ്ങൾ ചുരുക്കത്തിൽ:***

***1. "അവർ യേശുവിന്റെ സാക്ഷ്യം ഉള്ളവർ" ആയിരിക്കും. പിശാച് അവരോടു കോപിക്കുമ്പോഴും അവർ യേശുവിനോടു വിശ്വസ്തരായിരിക്കും. അവരുടെ വിശ്വാസം അവരാൽ നിർമ്മിക്കപ്പെട്ടതല്ല, അത് കർത്താവിന്റെ ദാനമാണ് (എഫെ. 2:8).***

***2. "അവവർ യേശുവിങ്കലുള്ള വിശ്വാസം കാത്തുകൊള്ളുന്നവർ"* (വെളി 14:12).** യേശുവിന് ഉണ്ടായിരുന്ന വിശ്വാസം, അവൻ പഠിപ്പിച്ച വിശ്വാസം, അവൻ ജീവിച്ച വിശ്വാസം എന്നിവ ഇപ്പോൾ അവരുടെ ഹൃദയം നിറയ്ക്കുന്നു. അവർക്കു സത്യം ഉണ്ടായിരിക്കുക മാത്രമല്ല, അവർ സത്യം അനുസരിക്കുന്നവരായിരിക്കും, അവർക്ക് മതം വിശ്വാസത്താൽ വ്യാപരിക്കുന്ന അനുസരണമായിരിക്കും. വിശ്വാസം പ്രവൃത്തിയിൽ അധിഷ്ഠിതമായിരിക്കും. അവർക്കു മതം ജീവിതമായിരിക്കും. യേശുവിന്റെ ജീവിതമായിരിക്കും അവർ നയിക്കുന്നത്. വേദപുസ്തകം പഠിച്ചിരിക്കുന്നത് അവരുടെ ജീവിതത്തിന്റെ ഭാഗമായിരിക്കും.

***3. "അവർ ദൈവകല്പന അനുസരിക്കുന്നവർ"*** എല്ലാറ്റിലും ഉപരിയായി ദൈവഹിതം ചെയ്യുന്നവർ, ഓരോ ആജ്ഞയെയും അനുസരിക്കുന്നവർ. അനുസരണത്തിലൂടെ ദൈവത്തിലുള്ള അവരുടെ സ്നേഹവും, ജനങ്ങളോടുള്ള സ്നേഹവും ഉള്ളവരും നാലാം കല്പന അടക്കമുള്ള സകല കല്പനകളും അനുസരിക്കുന്നവരുമായിരിക്കും.

***4. "ലോകം മുഴുവൻ നിത്യസുവിശേഷം അറിയിക്കുന്നവർ" (വെളി. 14:6).*** യേശു നമുക്കുവേണ്ടി മരിച്ചു എന്ന് സുവിശേഷം പ്രഖ്യാപിക്കുന്നു. അവൻ നമ്മുടെ പാപത്തിനുവേണ്ടി മരിച്ചു കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. ആകയാൽ രക്ഷിക്കുന്ന ഒരു ബന്ധം അവനുമായി നമുക്ക് ഉണ്ടായിരിക്കും. മതപരമായ കുഴപ്പത്തിൽ നിന്നും തന്റെ കുഞ്ഞുങ്ങളെ വിളിച്ചു വേർതിരിക്കുന്നവരായിരിക്കും അന്ത്യ കാലസഭയുടെ ജനം.

***5. "ഒരു പ്രത്യേക ദൗത്യം അറിയിക്കാനുള്ള തിടുക്കത്തിൽ ജീവിക്കുന്നവർ."*** കൊയ്ത്തിന്റെ കാലം അടുത്തു. ഭൂമിയിലെ വിളവ് വിളഞ്ഞു (വെളി. 14:15). ദശലക്ഷങ്ങൾ ഇന്നും ക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞിട്ടില്ല.

***6. "ദൈവം നൽകിയ ദൗത്യത്തിൽ മുഴുകിയിരിക്കുന്നവർ."*** മഹതിയാം ബാബിലോൺ വീണുപോയി. മതത്തിന്റെ കുഴപ്പത്തിൽ ഇരിക്കുന്നവരെ അവൻ സ്നേഹത്തോടെ ക്ഷണിക്കുന്നു."അവളെ വിട്ടുപോരിക" വെളി. 18-4.

അവർ തങ്ങളുടെ അത്ഭുതാവഹമായ ബന്ധങ്ങൾ കർത്താവിനോടൊത്തും അവരുടെ സന്തോഷം മറ്റുള്ള വരുമായും പങ്കിടുകയും ചെയ്യുന്നു. ഇതും ഇതുപോലെ അനേക ലക്ഷം ജനങ്ങളെ ഈ അന്ത്യകാല ക്രിസ്തീയ അനുഭവത്തിലേക്കു നടത്തുകയും ചെയ്യുന്നു. അവരുടെ സന്തോഷം, അപ്പൊസ്തലനായ യോഹന്നാനോടു ചേർന്ന് നിങ്ങളെയും ക്ഷണിക്കുന്നു.

**"ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്കു എഴുതുന്നു" 1 യോഹ 1:3:4.**

തന്റെ ആത്മാവിലൂടെയും, സഭയിലൂടെയും യേശു നിങ്ങളെയും അവനുവേണ്ടി സകലവും സമർപ്പിക്കാൻ ആഹ്വാനം ചെയ്യുന്നു.

*"**വരിക എന്ന് ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും: വരിക എന്നു പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ: ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" വെളി. 22:17.***

## *4. രണ്ടു കൊയ്ത്തുകൾ*

ത്രിവിധ ദൂത് അതിന്റെ പാരമ്യത്തിൽ എത്തുന്നത് യേശു രണ്ടാമതു വന്ന് ഈ ലോകത്തിൽ നിന്നും രക്ഷിക്കപ്പെട്ടവരെ ശേഖരിക്കുമ്പോഴാണ് (വെളി. 14:14-16). കർത്താവ് അവരെ ശേഖരിച്ച്, താൻ അവർക്കുവേണ്ടി ഒരുക്കിയിട്ടുള്ള നിത്യഭവനത്തിലേക്ക് നയിക്കുന്നു (യോഹ. 14:1-3). അവൻ സർവ്വകാലത്തേയും പാപവും രോഗവും കഷ്ടതയും മരണവും എന്നേയ്ക്കുമായി തുടച്ചു നീക്കുന്നു. നിത്യത മുഴുവൻ ഉള്ള വിശുദ്ധന്മാരുടെ മഹത്വകരമായ ജീവിതം ആരംഭിക്കുന്നു (വെളി. 21:1-4). യേശുവിന്റെ വരവിൽ ദുഷ്ടന്മാരെയും കൊയ്ത്തു നടത്തും.

***"മറ്റൊരു ദൂതൻ സ്വർഗ്ഗത്തിലെ ആലയത്തിൽ നിന്നു പുറപ്പെട്ടു; അവൻ മൂർച്ചയുള്ളോരു കോങ്കത്തി പിടിച്ചിരുന്നു. തീയുടെമേൽ അധികാരമുള്ള വേറൊരു ദൂതൻ യാഗപീഠത്തിങ്കൽ നിന്നു പുറപ്പെട്ടു,... മൂർച്ചയുള്ള കോങ്കത്തി അയച്ചു മുന്തിരിവള്ളിയുടെ കുല അറുക്കുക എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. ദൂതൻ കോങ്കത്തി ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിലെ മുന്തിരിക്കുല അറുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ ഇട്ടു, ചക്കു നഗരത്തിനു പുറത്തുവെച്ചു മെതിച്ചു; ചക്കിൽ നിന്നു രക്തം കുതിരകളുടെ കടിവാളങ്ങളോളം പൊങ്ങി ഇരുനൂറു നാഴിക ദൂരത്തോളം ഒഴുകി" വെളി. 14:17-20.***

ഇതു അന്ത്യനാശത്തിന്റെ ഒരു ദുരന്തസമയമായിരിക്കും. രക്ഷയെ നിരസിച്ചവരെ യേശു നശിപ്പിക്കുന്നതു കൊണ്ട് അവന് അതു ദുഃഖപൂർണ്ണമായ ഒരു സംഭവമായിരിക്കും. നാം ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുന്നതിനുവേണ്ടി അവൻ ക്ഷമയോടെ കാത്തിരിക്കുന്നു. (2 പത്രൊ. 3:9).

യേശു വന്ന് ഭൂമിയിൽ കൊയ്ത്തു നടത്തുമ്പോൾ, ഏതു കൊയ്ത്തിൽ ആയിരിക്കും നിങ്ങൾ? എല്ലായുഗങ്ങളിൽ നിന്നും ഉള്ള രക്ഷിതഗണത്തിൽ നിങ്ങൾ ഉൾപ്പെടുമോ? വെളി. 14:13-16. അതോ ഭൂമിയിൽ നിന്നും കൊയ്തെടുക്കുന്ന കോപത്തിനിരയായവരുടെ കൂട്ടത്തിൽ ഉൾപ്പെടുമോ? (വാക്യം 12-20)

പ്രശ്നം ഭംഗിയായി അവതരിപ്പിച്ചു. ഒരു ഭാഗത്ത് യേശു തന്റെ ആണിപ്പഴുതേറ്റ നീട്ടപ്പെട്ട കരങ്ങളുമായി, ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ കൂടെ നിൽപാൻ ആഹ്വാനം ചെയ്യുന്നു. വാക്യം 12. എതിർ ഭാഗത്ത് വെറും ലോക മനുഷ്യർ ദൈവവചനവും ദൈവകല്പനയും അനുസരിക്കുന്നതിൽ പ്രാധാന്യം ഇല്ലെന്ന് ആഹ്വാനം ചെയ്യുന്നു.

പീലാത്തൊസിന്റെ ന്യായവിധി സമയത്ത് ഇതുപോലെ ഒരു അവസ്ഥ ഉണ്ടായി. ഒരു ഭാഗത്ത് ദൈവവും മനുഷ്യനുമായ യേശു നിൽക്കുന്നു. മറുഭാഗത്ത് ബറബ്ബാസ്. പീലാത്തൊസിന്റെ ആജ്ഞ ഇടകലർന്ന ജനസമൂഹത്തിലൂടെ മാറ്റൊലിക്കൊണ്ടു. നിങ്ങൾക്കു ഈ രണ്ടു പേരിൽ ആരെ വിട്ടുതരണം? അനേക ശബ്ദങ്ങൾ ഒന്നിച്ച് അലറി; ഞങ്ങൾക്കു ബറബ്ബാസിനെ വിട്ടുതരണം. ക്രിസ്തുവാകുന്ന യേശുവിനെ ഞാൻ എന്തു ചെയ്യണം എന്ന് പീലാത്തൊസ് ചോദിച്ചതിന്, ഒരേ ശബ്ദത്തിൽ അവർ പറഞ്ഞു. "അവനെ ക്രൂശിക്ക''. അങ്ങനെ നിർദ്ദോഷിയായ യേശു ക്രൂശിക്കപ്പെട്ടു. ബറബ്ബാസ് എന്ന കുറ്റവാളി വിടുവിക്കപ്പെട്ടു. (മത്തായി 27:20-26)

നിങ്ങൾ ഇന്ന് ആരെ സ്വീകരിക്കും ?

ബറബ്ബാസോ അതോ യേശുവോ? മനുഷ്യനിർമ്മിതങ്ങളായ പഠിപ്പിക്കലുകൾ, ദൈവകല്പനയ്ക്കും സുവിശേഷത്തിനും എതിരായത് നിങ്ങൾ തിരഞ്ഞെടുക്കുമോ? അതോ ദൈവകല്പന തിരഞ്ഞെടുത്ത് യേശുവിനോടു വിശ്വസ്തരായി തുടർന്നു ജീവിക്കുമോ? ഓർക്കണം. യേശു വാഗ്ദാനം ചെയ്തു, നിന്റെ എല്ലാ നീറുന്ന പ്രശ്നങ്ങൾക്കും പരിഹാരമായി ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ അയയ്ക്കും. നിന്റെ രോഗം, നിന്റെ ഏതു ഹൃദയവേദനയ്ക്കും, ഏത് ആവശ്യങ്ങൾക്കും അവൻ പരിഹാരകനാണ്. അവനെ സ്വീകരിക്കില്ലേ?

# കണ്ടെത്തുക

## ഉത്തരക്കടലാസ് 26

## നമ്മുടെ കാലത്തേക്ക് ഒരു പ്രത്യേക ദൂത് ദൈവത്തിനുണ്ടോ ?

**ശരിയായ ഉത്തരത്തിനു നേരെ X എന്ന അടയാളമിടുക (ഒന്നിൽക്കൂടുതൽ ശരിയായ ഉത്തരങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്).**

1. എത്ര സത്യവിശ്വാസങ്ങൾ ഈ ഭൂമിയിലുണ്ട് ?

_______ ഒന്ന് _______ മൂന്ന്

2,3 നമ്മുടെ കാലത്തേക്കാവശ്യമായ ഒരു ദൂത് ദൈവത്തിനുണ്ട്. അത് കാണപ്പെടുന്നത്

. _______ വെളി 14:6-16ൽ

_______ ബൈബിളിലെ നഷ്ടപ്പെട്ട പുസ്തകങ്ങളിൽ

ഈ ദൂത് അനുസരിച്ച് ഈ അന്ത്യനാളുകളിൽ ദൈവസഭ

_______ വെളിപ്പാട് 14-ൽ കാണുന്ന സുവിശേഷ ദൂത് ലോകത്തോടു വിളിച്ചറിയിക്കും.

_______ വിശ്വാസ ത്യാഗിയായ ഒരു സഭയുടെ തെറ്റായ ഉപദേശങ്ങളോടു എതിർത്തു നിൽക്കുവാൻ ദൈവജനത്തെ ആഹ്വാനം ചെയ്യും.

_______ യേശു തന്നെ പ്രസംഗിച്ച സുവിശേഷം പ്രസംഗിക്കുവാൻ ദൈവ ജനത്തെ ആഹ്വാനം ചെയ്യും

_______ സുവിശേഷ ദൗത്യം ഏല്പിക്കപ്പെട്ടിരിക്കുന്ന അഖിലലോകസഭയും ദൈവകല്പന പ്രമാണിക്കുന്നവരുമായിരിക്കും.

4. _______ യേശു വന്ന് ഭൂമിയിലെ കൊയ്ത്ത് നടത്തുന്നതിനുവേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുന്നവരായിരിക്കും.

***ഹൃദയംഗമമായ ചോദ്യം : ഈ അന്ത്യനാളുകളിലെ ദൈവജനത്തോടൊപ്പം ആയിരിക്കുവാൻ നിങ്ങൾ താൽപര്യപ്പെടുന്നുണ്ടോ?***

***എല്ലാ കാര്യങ്ങളിലും യേശുവിനെ പിന്തുടരുന്നതിനും "ശബ്ബത്ത് നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക" എന്ന നാലാം കല്പന അടക്കമുള്ള അവന്റെ പത്തു കല്പനകൾ അനുസരിക്കുന്നതിനും നിങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ?*** _______